കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 08, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 197 –നമ്പർ 10

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം
2025 ഒക്ടോബർ 08, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിങ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

II ശ്രദ്ധ ക്ഷണിക്കൽ

മെട്രോ റെയിൽ പദ്ധതി

- ശ്രീ. പി. വി. ശ്രീനിജിൻ ....

III സബ്മിഷൻ

(1) പുതുപ്പാടി പഞ്ചായത്തിലെ ഭൂപ്രശ്നം

- ശ്രീ. ലിന്റോ ജോസഫ് ....

(2) കോന്നി മലയോര മേഖലയിലെ പട്ടയ വിതരണം

- ശ്രീ. കെ. യു. ജനീഷ് കുമാർ ....

(3) ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. ലൈൻ പ്രവൃത്തി

- ശ്രീ. സി. എച്ച്. കുഞ്ഞമ്പു ....

(4) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

- ശ്രീ. പി. എസ്. സുപാൽ ....

(5) കനീസാകടവ്, മാർക്കറ്റ്, കോയിക്കൽ പടിക്കൽ എന്നീ പാലങ്ങളുടെ നിർമ്മാണം

- ശ്രീമതി യു. പ്രതിഭ ....

IV റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി V-ന്റെ ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-25 .... സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി XII-ന്റെ ഭക്ഷ്യ വസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ....

(3) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ....

V നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ ....

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ ....

(iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ....

(iv) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ....

അനുബന്ധം ....

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 08, ബുധൻ

വാല്യം 197} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 10

നിയമസഭ 2025 ഒക്ടോബർ മാസം 08-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... (.....ബഹളം.....) ചോദ്യം നമ്പർ (*241) (.....ബഹളം.....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷം കഴിഞ്ഞ രണ്ട് ദിവസങ്ങളായി സഭാനടപടികളുമായി നിസ്സഹകരിക്കുകയാണ്. ശബരിമലയിലെ ദ്വാരപാലക ശിൽപം കൊണ്ടുപോയി വിറ്റിരിക്കുകയാണ്. അതോടൊപ്പം ശബരിമലയിലെ കട്ടിളപ്പടിക്കൂടി കടത്തിയിരിക്കുകയാണെന്ന ഗുരുതരമായ ആരോപണമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കുകയും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കുകയും ചെയ്യുന്നതുവരെ സഭയുമായി നിസ്സഹകരിക്കാനാണ് പ്രതിപക്ഷം തീരുമാനിച്ചിരിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (.....ബഹളം.....) ശരിയായ രീതിയിൽ നോട്ടീസ് നൽകി സഭയിൽ ഒരു പ്രശ്നം ഉന്നയിക്കുന്നതിനുപകരം എന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷവും ഈ രീതി അവലംബിക്കുന്നത്; ശരിയായ രീതിയിൽ ഒരു ചർച്ചയെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാത്തതുകൊണ്ടല്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഒരു കാര്യം പറയട്ടെ, (.....ബഹളം.....) ഇന്നലെ ഗ്യാലറിയിൽ കുട്ടികളായിരുന്നു ഇരുന്നത്. അവർ കണ്ട് പഠിക്കേണ്ടത് ഇതാണോ; ഇതാണോ പാർലമെന്ററി പ്രൊസീഡിങ്സ്? ഗ്യാലറിയിൽ മുഴുവൻ

കുട്ടികളിരുന്നപ്പോൾ സ്പീക്കറുടെ മുഖം മറച്ചുള്ള പ്രതിപക്ഷത്തിന്റെ പ്രതിഷേധമാണ് അവർ കണ്ടത്. അത് ജനാധിപത്യത്തിനൊരിക്കലും ഭ്രഷണമല്ല. സ്പീക്കർക്കും റൈറ്റുണ്ട്. കുട്ടികൾ ഇതാണോ നാളെ പഠിക്കേണ്ടത്; നിങ്ങളിൽനിന്നാണോ ജനാധിപത്യവും പാർലമെന്ററി പ്രൊസീഡിങ്സും പഠിക്കേണ്ടത്? കേരളത്തിലെ സ്കൂളുകളിൽനിന്നും നിയമസഭ കാണാൻ കുട്ടികൾ വന്നപ്പോൾ സ്പീക്കറെ പ്രതിപക്ഷം ആക്ഷേപിക്കുന്നതും സ്പീക്കറുടെ മുഖം മറയ്ക്കുന്നതുമാണ് അവർ കണ്ടത്. ഇതാണോ പഠിക്കേണ്ടത്; ഇതാണോ ജനാധിപത്യം? (.....ബഹളം.....) നിങ്ങളെല്ലാം ഉത്തരവാദിത്വപ്പെട്ട ജനപ്രതിനിധികളാണ്. ഇതാണോ ജനാധിപത്യം? (.....ബഹളം.....) പ്ലീസ്.... പ്ലീസ്....

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിലും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കാത്തതിലും പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. ചോദ്യകർത്താക്കൾ (*241)-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേക്ക് കടന്നു.)

റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം

1(*242) ശ്രീ. എം. വിജിൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ബ്രിഡ്ജസ് വിഭാഗം, എൻ.എച്ച്. വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ എത്ര റെയിൽവെ ഓവർ ബ്രിഡ്ജുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ എത്ര റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി പുരോഗമിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ റെയിൽവെ ഭാഗത്തിന്റെ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കേണ്ട സ്ഥിതിയിലുള്ള റെയിൽവേ ഓവർ ബ്രിഡ്ജുകൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കേരള സർക്കാരിന്റെ ലെവൽ ക്രോസ്സില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി 99 റെയിൽവേ മേൽപാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചതിൽ 72 എണ്ണത്തിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നും നൽകിയിട്ടുണ്ട്. കൂടാതെ, 39 റെയിൽവേ മേൽപാലങ്ങൾ/അടിപ്പാതകൾ 100 ശതമാനം റെയിൽവേ ഫണ്ടിങ്ങിന് അനുമതി

ലഭ്യമാക്കിയിട്ടുള്ളതും ഇവയുടെ നിർമ്മാണച്ചുമതല 26-03-2025-ലെ സ.ഉ.(സാധാ)നം. 447/2025/PWD ഉത്തരവുപ്രകാരം കെ.ആർ.ഡി.സി.എൽ.-ന് നൽകിയിട്ടുള്ളതുമാണ്.

ഈ സർക്കാരിന്റെ കാലത്ത് ആർ.ബി.ഡി.സി.കെ. നിർവഹണ ചുമതലയുള്ള എട്ട് റെയിൽവേ മേൽപാലങ്ങളുടെയും ബ്രിഡ്ജസ് വിഭാഗത്തിന്റെ ചുമതലയിലുള്ള ഒരു മേൽപാലത്തിന്റെയും കെ.ആർ.ഡി.സി.എൽ.-ന് നിർവഹണ ചുമതലയുള്ള ഒരു റെയിൽവേ അടിപ്പാതയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) നിലവിൽ 24 റെയിൽവേ മേൽപാലങ്ങളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട് (ആർ.ബി.ഡി.സി.കെ.- 10, കെ.ആർ.ഡി.സി.എൽ.-13, PWD ദേശീയപാതാ വിഭാഗം-1). അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) കെ.ആർ.ഡി.സി.എൽ.-ന് നിർവഹണ ചുമതലയുള്ള എല്ലാ റെയിൽവേ മേൽപാലങ്ങളുടെയും റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗം ഉൾപ്പെടെ മുഴുവൻ നിർമ്മാണത്തിനുമുള്ള (Single Entity basis) അനുമതി കിട്ടിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. നിർവഹണ ഏജൻസിയായുള്ള റെയിൽവേ മേൽപാലങ്ങളിൽ ഒട്ടുമിക്ക പദ്ധതികളിലും റെയിൽവേ ലൈനിന് മുകളിലുള്ള പാലം റെയിൽവേയാണ് നിർമ്മിക്കുന്നത്. പ്രവൃത്തികൾ പുരോഗമിക്കുന്ന ചില സ്ഥലങ്ങളിൽ കാലതാമസം നേരിട്ടിട്ടുണ്ട്. റെയിൽവേയുമായി സഹകരിച്ച് ഇപ്പോൾ മിക്കവാറും സ്ഥലങ്ങളിലും വലിയ തടസ്സങ്ങളില്ലാതെ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി നിലവിൽ ഏറ്റെടുത്തിട്ടുള്ള ചില

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളിൽ റെയിൽവേ ഭാഗം ഉൾപ്പെടെയുള്ള മേൽപ്പാലം നിർമ്മാണം ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത് നടത്തുന്നുമുണ്ട്. അതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കേണ്ട റെയിൽവേ മേൽപാലങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ശ്രീ. എം. വിജിൻ: സർ, എസ്.ഐ.ടി. അന്വേഷണം പ്രഖ്യാപിച്ചിട്ടും നിരന്തരമായി നുണകൾ പ്രചരിപ്പിച്ച് ചോദ്യോത്തരവേളതന്നെ തടസ്സപ്പെടുത്തുന്ന ജനാധിപത്യവിരുദ്ധ സമീപനമാണ് പ്രതിപക്ഷം സഭയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സർക്കാർ 'ലെവൽക്രോസില്ലാത്ത കേരളം പദ്ധതി' മുഖേന മാതൃകാപരമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാനത്ത് റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി സർക്കാർ എല്ലാ നിലയിലുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. കിഫ്ബി, പൊതുമരാമത്ത് പദ്ധതികളിലുൾപ്പെടുത്തി 70 ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിന് ഇതുവരെ 2,403,42,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ-വേങ്ങര റെയിൽവേ ഓവർ ബ്രിഡ്ജിന് കിഫ്ബി വഴി 20,84,00,000/- രൂപയും തിരൂർ ആർ.ഒ.ബി. പൂർത്തീകരണത്തിനായി ബ്രിഡ്ജസ് വിഭാഗത്തിന് 3,95,00,000/- രൂപയും പൊന്നുണ്ടം ബൈപ്പാസ് ആർ.ഒ.ബി. പൂർത്തീകരണത്തിന് 33,00,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുവെ പരിശോധിച്ചാൽ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റെയിൽവേ അണ്ടർപാസുകളുടെ നിർമ്മാണം ദ്രുതഗതിയിൽ നടക്കുന്നുണ്ട്. കൂടാതെ, നിലമ്പൂർ യാർഡ് ഗേറ്റിലെ റെയിൽവേ അണ്ടർപാസ്സിന്റെ പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ. നിരവധി തവണ സഭയിൽ ഉന്നയിച്ചിരുന്ന കോഴിക്കോട് വെള്ളയിൽ റെയിൽവേ അണ്ടർപാസ്സിന്റെ പ്രവൃത്തി ടെൻഡറിങ് സ്റ്റേജിലാണ്. കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിൻ, തുടർച്ചയായി ഉന്നയിച്ചിരുന്ന പഴയങ്ങാടി അണ്ടർപാസ്സിന്റെ പ്രവൃത്തിക്ക് ഏഴുകോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന വിവരവും സഭയെ അറിയിക്കുകയാണ്. പ്രസ്തുത പ്രവൃത്തി റെയിൽവെയാണ് നിർവഹിക്കുന്നത്. നിലവിൽ പ്രവൃത്തിക്കാവശ്യമായ തുക സംസ്ഥാന സർക്കാർ റെയിൽവേയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ പ്രക്രിയ അതിവേഗം പുരോഗമിക്കുകയാണ്. അണ്ടർപ്പാസ് നിർമ്മാണപ്രവൃത്തി എത്രയുംവേഗം ആരംഭിക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ പി.ഡബ്ല്യു.ഡി. കൃത്യമായി പരിശോധിച്ച് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. എം. വിജിൻ: സർ, പഴയങ്ങാടി അണ്ടർപാസ് എന്ന ദീർഘകാല ആവശ്യം കല്ല്യാശ്ശേരി മണ്ഡലത്തിന് അനുവദിച്ചുനൽകിയ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി അണ്ടർപാസുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. എവിടെയൊക്കെയാണ് ഇത് പുതുതായി നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നിരവധി സ്ഥലങ്ങളിൽ അണ്ടർപാസുകൾ പുതുതായി നിർമ്മിക്കാൻ ഇടപെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ അണ്ടർപാസുകളുടെ നിർമ്മാണം റെക്കോർഡ് എണ്ണമായിട്ടാണ് വരുന്നത്. പ്രതിപക്ഷം ബാനർ പിടിച്ച് സഭ തടസ്സപ്പെടുത്താൻ ശ്രമിക്കുമ്പോൾ അതിനുമുകളിലൂടെ, ഒരു റെയിൽവേ ഓവർ ബ്രിഡ്ജ് പോലെ ചോദ്യം ചോദിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. അതുപോലെ, കേരളത്തെ ലെവൽക്രോസില്ലാത്ത കേരളമാക്കാൻ ശ്രമിക്കുമ്പോൾ തടസ്സം ആര് വരുത്തിയാലും അതിനെ തട്ടിമാറ്റിക്കൊണ്ട് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുക തന്നെ ചെയ്യും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK)-ന്റെ നേതൃത്വത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുന്നത് സംസ്ഥാനത്തിന്റെ പങ്കാളിത്തത്തോടുകൂടിയാണോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതിനുവേണ്ടി സംസ്ഥാന സർക്കാരും ഫണ്ട് ചെലവഴിക്കുന്നുണ്ട്. ഫണ്ടിന്റെ കാര്യങ്ങൾ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. നിലവിൽ ഒൻപത് ആർ.ഒ.ബി.-കളുടെയും ഒരു ആർ.യു.ബി.-യുടെയും പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് നിരവധി ആർ.ഒ.ബി.-കളുടെ നിർമ്മാണം പൂർത്തീകരിക്കാനായിട്ടുണ്ട്. അങ്ങനെ ദീർഘകാലമായി നാട് ആഗ്രഹിച്ച പദ്ധതികളാണ് നമുക്ക് യാഥാർഥ്യമാക്കാനായത്. പശ്ചാത്തല സൗകര്യ വികസനത്തിൽ നാടിന്റെ മുഖച്ഛായതന്നെ മാറ്റുന്ന പുരോഗതിയാണ് ആർ.ഒ.ബി.-കൾ കൈവരിച്ചിട്ടുള്ളത്. ഇതിലൂടെ സമയനഷ്ടം, ഇന്ധന നഷ്ടം എന്നിവ ഒഴിവാക്കാനും വേഗത്തിൽ എത്തിച്ചേരാനും സാധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട്

സംസ്ഥാന ഗവൺമെന്റ് നേരത്തെ ചെലവഴിച്ച ഫണ്ടിനെ സംബന്ധിച്ച് ഞാൻ ആവർത്തിക്കുന്നില്ല. ഇക്കാര്യത്തിൽ മാതൃകാപരമായിത്തന്നെ ഇടപെടാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, വനത്തിൽനിന്നും നാട്ടിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങുന്നത് പ്രതിരോധിക്കാൻ സർക്കാർ നല്ല രീതിയിലാണ് ഇടപെടൽ നടത്തുന്നത്. അതുപോലെ, പല്ലും നഖവും പോയാലും ആക്രമിക്കാൻ കെല്പില്ലാതെ പബ്ലിസിറ്റിക്കായി കോപ്രായങ്ങൾ കാണിക്കുന്ന ശല്യമൃഗങ്ങൾ സഭയ്ക്കുള്ളിൽ കയറിവരുന്നത് തടയണം. 'ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതി' എന്നത് കേരളത്തിന്റെ ഒരു മാതൃകയാണ്. കേരളത്തിന്റെ പശ്ചാത്തലവികസന മേഖലയിൽ റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഏത് തരത്തിലുള്ള മാറ്റമാണ് വരുത്തിയിട്ടുള്ളതെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: കാരിത്താസ്, മുളന്തുരുത്തി, തിരുർ എന്നിവ ഈ നിലയിലുള്ള മൂന്ന് ആർ.ഒ.ബി. പദ്ധതികളായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക തുക വകയിരുത്തിയാണ് ഈ മൂന്ന് പദ്ധതികളും പൂർത്തീകരിച്ചത്. തിരുർ നിയോജകമണ്ഡലത്തിലെ പൊന്മുണ്ടം ബൈപ്പാസ് ആർ.ഒ.ബി. യാഥാർഥ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 33 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അവിടെ പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. തിരുർ എം.എൽ.എ. ഇപ്പോൾ സമരത്തിലാണ്, അദ്ദേഹം സീറ്റിലുണ്ടായിരുന്നെങ്കിൽ ബഞ്ചിൽ കൈയടിച്ച് ഇതിനെ പിന്തുണയ്ക്കുമായിരുന്നു. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ., തുടർച്ചയായി ആവശ്യപ്പെടുന്ന പാവങ്ങാട് ആർ.ഒ.ബി. ടെൻഡറിങ് ഘട്ടത്തിലാണെന്നുള്ള സന്തോഷവിവരവും ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, നേരത്തെ പൂർത്തീകരിക്കാൻ കഴിയാതിരുന്ന റെയിൽവേ ഓവർബ്രിഡ്ജുകളുടെ പ്രവൃത്തികൾക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പാലക്കാട്-പൊന്നാനി റോഡിലുള്ള വാടാനക്കുറിശ്ശി റെയിൽവേ മേൽപാലം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മുടങ്ങിപ്പോയ പദ്ധതികൾ റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർച്ചയായി ചർച്ചകൾ നടത്തുകയും ചെയ്യുന്നുണ്ട്. വാടാനക്കുറിശ്ശി ഉൾപ്പെടെയുള്ള റെയിൽവേ മേൽപാലങ്ങളുടെ റിവ്യൂ നടത്തി വേഗത്തിൽത്തന്നെ പൂർത്തീകരിക്കാനുള്ള എല്ലാ ശ്രമവും സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സഭ നിരന്തരമായി സ്തംഭിപ്പിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിൽ ആഹ്ലാദ പ്രകടനങ്ങൾ നടത്തുന്നതോടൊപ്പം ചിരിച്ചുകളിച്ച് സമരത്തെ പ്രോത്സാഹിപ്പിക്കുകയുമാണ്. ശ്രീ. പി. എ. മുഹമ്മദ് റിയാസ്, പൊതുമരാമത്ത് വകുപ്പുമന്ത്രിയായപ്പോൾത്തന്നെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാനപാത സന്ദർശിക്കുകയും മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള കുപ്പിക്കഴുത്ത് റോഡ് നാലുവരി പാതയാക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കലിന് 25.57 കോടി രൂപ അനുവദിച്ച് 19(1) വിജ്ഞാപനം പുറപ്പെടുവിച്ചതിന് അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. കൂടാതെ, കുറ്റിപ്പുറം റോഡിലുള്ള അമല ആർ.ഒ.ബി.-ക്ക് സമാന്തരമായി മറ്റൊരു ആർ.ഒ.ബി. കൂടി നിർമ്മിക്കുന്നതിന് ഏഴുകോടി രൂപയും കിഫ്ബിയിൽ വകയിരുത്തിയിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രണ്ട് റെയിൽവേ ഓവർബ്രിഡ്ജുകളും വളരെ പ്രധാനപ്പെട്ടവയാണ്. അവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് സംസ്ഥാന സർക്കാർ അനുവദിക്കുകയും എത്രയുംവേഗം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്. അടുത്ത എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അത് യാഥാർഥ്യമാക്കാൻ സാധിക്കും. അക്കാര്യം എളുപ്പമാക്കുന്ന തരത്തിലുള്ള പണികൾ പ്രതിപക്ഷം ചെയ്തതരുന്നതിൽ ധാരാളം സന്തോഷമുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വെള്ളയിൽ അണ്ടർപാസും പാവങ്ങാട് ഓവർ ബ്രിഡ്ജും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പ്രത്യേക താല്പര്യത്തോടെ നടപ്പാക്കിയിരിക്കുകയാണ്. അതിനുപുറമെ, വെസ്റ്റേൺ ചുങ്കം-ഭട്ട് റോഡിലും റെയിൽവെ ഓവർബ്രിഡ്ജുണ്ട്. അങ്ങ് അടിയന്തരമായി ഇടപെട്ട് റെയിൽവേയുമായി ചർച്ച ചെയ്ത് ഇതുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിച്ചത് വളരെ ജനകീയമായൊരു പ്രശ്നമാണ്. ഇക്കാര്യത്തിൽ അദ്ദേഹം നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ശ്രദ്ധയിൽപ്പെടുത്തിയ ആർ.ഒ.ബി. വിഷയം ഉൾപ്പെടെ ചർച്ച ചെയ്ത് ഏതുരീതിയിൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, 'ലെവൽക്രോസ് ഇല്ലാത്ത കേരളം' പദ്ധതിയുമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനും പൊതുമരാമത്ത്

വകുപ്പുമന്ത്രിക്കും ഞാൻ ഈ അവസരത്തിൽ പ്രത്യേക അഭിവാദ്യങ്ങൾ അർപ്പിക്കുകയാണ്. കിഫ്ബി ധനസഹായത്തോടെ പുതുക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന നാല് ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിന് റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. അതിനാൽ നിർമ്മാണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഈ വിഷയം ചർച്ച ചെയ്ത് മുന്നോട്ടുപോകാവുന്നതാണ്. ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ സഭ തുടർച്ചയായി സ്തംഭിപ്പിക്കുന്ന പ്രതിപക്ഷ നിലപാട് തെറ്റാണ്. പ്രതിപക്ഷത്തിന്റെ ഇത്തരം തെറ്റായ നിലപാടുകൾ ജനങ്ങൾ കാണുന്നുണ്ട്. ഈ വിഷയത്തിൽ ഗൗരവത്തോടെ ഇടപെടാം. ഒരു ലെവൽ ക്രോസ് പോലെ വികസന ചർച്ചകൾ തടയുന്ന പ്രതിപക്ഷ നിലപാടിനെതിരെ ഒരു റെയിൽവേ ഓവർബ്രിഡ്ജ് പോലെ ഭരണകക്ഷിയെന്ന നിലയിൽ ഞങ്ങൾ ഇക്കാര്യങ്ങളെല്ലാം ജനങ്ങളിലേക്കെത്തിക്കാനും നടപ്പാക്കാനും ശ്രമിക്കും. അതിന് നിയമസഭാ സമ്മേളനത്തെ ഉപയോഗിക്കുകയെന്ന ഞങ്ങളുടെ ജനാധിപത്യ അവകാശത്തെ പ്രതിപക്ഷം ഏത് നിലയിൽ തടയാൻ ശ്രമിച്ചാലും ആ പ്രതിസന്ധികളെയെല്ലാം തട്ടിമാറ്റി ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് അറിയിക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കെല്ലാം എന്റെ അഭിവാദ്യങ്ങൾ. കുന്നത്തൂർ നിയോജകമണ്ഡലത്തിലെ മൈനാഗപ്പള്ളിയിൽ ഒരു ആർ.ഒ.ബി. നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി

ലഭ്യമാകുകയും അതുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെയും വീട്ടുടമകളുടെയും ഹിയറിങ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി എത്രയുംവേഗം നടപ്പാക്കാൻ കഴിയുമോ?

ബഹുമാനപ്പെട്ട സ്പീക്കറെ അഭിമുഖീകരിച്ചുതന്നെ ചോദ്യം ഉന്നയിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷെ പ്രതിപക്ഷാംഗങ്ങൾ നിരന്തരമായി സഭ ഇങ്ങനെ തടസ്സപ്പെടുത്തുന്നതുകൊണ്ട് അതിന് കഴിയുന്നില്ല. ഓരോ അംഗങ്ങളും ബഹു. സ്പീക്കറുടെ മുഖത്തുനോക്കി സംസാരിക്കണമെന്നതാണ് രീതി. എന്താണിത്; എത്ര ദിവസമായി; പ്രതിപക്ഷത്തിന്റെ ഇത്തരം സമരങ്ങൾ ഇനിയും നിർത്തിക്കൂടേ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ ഇടപെട്ട് പരിഹരിക്കാൻ ശ്രമിക്കാം. (.....ബഹളം.....) ഇന്നലെ ഞങ്ങൾക്കും ബഹു. സ്പീക്കറുടെ മുഖം കാണാൻ കഴിഞ്ഞിരുന്നില്ല; എന്നാൽ, ഇന്ന് അദ്ദേഹത്തിന്റെ മുഖം കാണാൻ സാധിക്കുന്നുണ്ട്. മൊത്തത്തിൽ സഭാനടപടികൾ തടസ്സപ്പെടുത്താൻ പ്രതിപക്ഷത്തിന് കഴിയുന്നില്ലെന്നാണ് അതിൽനിന്നും മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകും.

ശ്രീ. ജോബ് മൈക്കിൾ: സർ, പെരുന്തുരുത്തി-മണർക്കാട് ബൈപ്പാസിൽ നാലുകോടി രൂപയുടെ ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. അതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. അടിയന്തരമായി ഇതിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ദ്രുതഗതിയിൽ അതിനാവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകാം. അതുമായി ബന്ധപ്പെട്ട് ഏത് രീതിയിൽ ഇടപെടൽ നടത്തി വേഗത്തിലാക്കാമെന്നതും പരിശോധിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കുശാൽ നഗർ ആർ.ഒ.ബി.-യുടെ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. എത്രയുംവേഗം അതിന്റെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടെൻഡർ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ-നടക്കാവ് മേൽപാലം നാലര വർഷക്കാലമായി അടച്ചിട്ടിരിക്കുകയാണ്. പ്രസ്തുത മേൽപാലത്തിന്റെ റെയിൽവേയുടെ പ്രവൃത്തികൾ പൂർത്തിയാകാറായി. എന്നാൽ ആർ.ബി.ഡി.സി.കെ.-യാണ് കാലതാമസം വരുത്തുന്നത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരത്തെ ഇടപെട്ടിട്ടുള്ളതാണ്. അദ്ദേഹം ഒരിക്കൽകൂടി ഇടപെടൽ നടത്തി പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യത്തിൽ നിരവധി തവണ ഇടപെടൽ നടത്തുകയും റെയിൽവേയുമായുള്ള പ്രശ്നം പലതവണ ചർച്ച ചെയ്തിട്ടുമുണ്ട്. പ്രസ്തുത വിഷയവും ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി ഏതുരീതിയിൽ മുന്നോട്ടുപോകാമെന്നതുസംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ആർ.ഒ.ബി. നിർമ്മാണത്തോട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ നിലപാടെന്താണെന്നും നിലവിൽ ഏറ്റെടുത്ത് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്ന പദ്ധതികളും ഇനി ഏറ്റെടുക്കാനുള്ള പ്രവൃത്തികളും സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ,ലെവൽ ക്രോസിങ്ങുകളിൽ നമ്മുടെ ധാരാളം സമയമാണ് പാഴാകുന്നത്. ആലുവ നിയോജകമണ്ഡലം എം.എൽ.എ.-യും ഇപ്പോൾ സമരത്തിലാണ്; താങ്കൾ ഞാൻ പറയുന്നത് കേൾക്കുന്നുണ്ടെന്നാണ് കരുതുന്നത്. പുറയാറിൽ ഒരു ആർ.ഒ.ബി. വേണമെന്നത് ദീർഘകാലത്തെ ആവശ്യമായിരുന്നു. എന്നാൽ അന്ന് അത് നടപ്പാക്കാൻ സാധിച്ചില്ല. അതിന് ഫണ്ട് അനുവദിക്കാൻ 2016-ൽ പിണറായി വിജയൻ സർക്കാർ വരേണ്ടിവന്നു എന്നതാണ് യാഥാർഥ്യം. 2021-ൽ വീണ്ടും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് പ്രസ്തുത മേൽപാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. അങ്ങനെ ഇതുപോലെയുള്ള പല പദ്ധതികളും നമുക്ക് യാഥാർഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ ഇത്തരം കാര്യങ്ങളിൽ വളരെയേറെ ശ്രദ്ധ പുലർത്തുകയും ജനങ്ങൾക്കെന്താണ് ആവശ്യമെന്ന് മനസ്സിലാക്കി ഇടപെടുകയും ചെയ്യുന്നുണ്ട്. അനാവശ്യ വിവാദങ്ങളും ജനാധിപത്യ വിരുദ്ധ സമീപനങ്ങളും യാതൊരു തരത്തിലും കണക്കിലെടുക്കാതെ, ജനങ്ങൾ ഏല്പിച്ച ഉത്തരവാദിത്വം ഭംഗിയായി നിർവഹിച്ച്, ആരൊക്കെ അതിനെ തടുക്കാൻ ശ്രമിച്ചാലും അതിന് പുല്ലുവില കല്പിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. അതുകൊണ്ടാണ് ജനങ്ങൾ വീണ്ടും വീണ്ടും ഈ സർക്കാരിന് പിന്തുണ നൽകുന്നത്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇനിയൊരു തർക്കം ഉന്നയിക്കേണ്ടതില്ല. ഇനിയും നല്ല നിലയിൽ റെയിൽവേയുമായി ചർച്ച ചെയ്ത് ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുകൊണ്ടുപോകും.

വി-പാർക്ക് പദ്ധതി

2 (*243) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. മുകേഷ്:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മേൽപാലങ്ങളുടെ അടിവശം കേന്ദ്രീകരിച്ച് വി-പാർക്ക് പദ്ധതി ആരംഭിച്ചതിന്റെ പ്രധാന ഉദ്ദേശ്യം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലത്തിനടിയിൽ ഒരുക്കുന്ന പ്രധാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നഗര വികസനത്തിന് എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) കൊല്ലം ജില്ലയിലെ വി-പാർക്ക് കൂടാതെ സർക്കാർ അനുമതി നൽകിയ പുതിയ വി-പാർക്കുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) നിലവിൽ ഡി.പി.ആർ. തയ്യാറാക്കിയ വി-പാർക്ക് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) പൊതുമരാമത്ത്, വിനോദസഞ്ചാര വകുപ്പുകൾ ചേർന്ന് തയ്യാറാക്കിയ 'ഡിസൈൻ പോളിസി'-യുടെ ഭാഗമായാണ് 'വി-പാർക്ക്' പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പ് തുടക്കമിട്ടത്. സംസ്ഥാനത്തെ വിവിധ മേൽപാലങ്ങൾക്ക് താഴെയുള്ള ഭാഗം കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാര വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഈ പ്രദേശങ്ങളെ ചലനാത്മകവും വൈവിധ്യമാർന്നതുമായ പൊതുഇടങ്ങളാക്കി മാറ്റുക എന്നതാണ് 'വി-പാർക്ക്' പദ്ധതിയുടെ ലക്ഷ്യം.

പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ഈ സ്ഥലങ്ങൾ വികസിപ്പിച്ച്, വിവിധതരം വിനോദോപാധികൾ സ്ഥാപിച്ച് ഇവയെ ആകർഷകവും ഉപയുക്തവുമായ പൊതുഇടങ്ങളാക്കി മാറ്റാൻ പദ്ധതി ലക്ഷ്യമിടുന്നു. ഇതിലൂടെ നഗരസൗന്ദര്യവൽക്കരണം സാധ്യമാക്കാനും പൊതുഇടങ്ങളുടെ ലഭ്യത വർധിപ്പിക്കാനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ കുറയ്ക്കാനും സാധിക്കും. പൊതുഇടങ്ങളെ ആകർഷകമാക്കുക വഴി സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളെ വർധിപ്പിക്കാനും സാധിക്കും.

(ബി) 'വി-പാർക്ക്' പദ്ധതിയുടെ ഭാഗമായി പാലത്തിനടിയിൽ പൊതുജനങ്ങൾക്കായി വൈവിധ്യമാർന്ന സൗകര്യങ്ങളാണ് വിനോദസഞ്ചാര വകുപ്പ് ഒരുക്കുന്നത്. ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങളും സാധ്യതകളും ഭൂമി ലഭ്യതയും പരിഗണിച്ച് വ്യത്യസ്ത തരത്തിലുള്ള വിനോദോപാധികൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. പ്രധാനമായും

നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, വ്യായാമത്തിനുള്ള ഓപ്പൺ ജിം, ലൈറ്റിങ് സംവിധാനങ്ങൾ, പൂന്തോട്ടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വിവിധ മേഖലകളിൽ തയ്യാറാക്കാനാകുന്ന പദ്ധതി ഘടകങ്ങൾ ഇവയാണ്.

•നടപ്പാതകൾ (Walking Tracks)

•ഓപ്പൺ ജിം

•ഇരിപ്പിടങ്ങൾ (Seating arrangements)

•കളിസ്ഥലങ്ങൾ (Play areas for children)

•കലാപ്രകടനങ്ങൾക്കുള്ള വേദികൾ (Stages for artistic performances)

•പാർക്കിങ് സൗകര്യങ്ങൾ

•ബാസ്കറ്റ്ബോൾ കോർട്ട്

•ബാഡ്മിന്റൺ കോർട്ട്

•സ്കേറ്റിങ് പ്രതലം (Skating Rink)

•ചെസ്സ് കളിക്കാനുള്ള ബ്ലോക്കുകൾ (Chess Blocks)

•യോഗ/മെഡിറ്റേഷൻ ഏരിയ

•അർബൻ ഫർണിച്ചറുകൾ (Urban Furniture)

•ഫുഡ് കിയോസ്കുകൾ (Food Kiosks)

•മനോഹരമായ പൂന്തോട്ടങ്ങളും ലാൻഡ്സ്കേപ്പിങും
(Gardens and Landscaping)

(സി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന മേൽപാലങ്ങൾക്ക് താഴെയുള്ള സ്ഥലങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ വികസിപ്പിക്കാൻ ലക്ഷ്യമിടുന്ന 'വി-പാർക്ക്' പദ്ധതി നഗര വികസനത്തിന് പല വിധത്തിൽ സഹായകരമാവുന്നു. പൊതുഇടങ്ങൾ ആകർഷകമായി പരിപാലിക്കുകവഴി ആ പ്രദേശത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ കഴിയും.

•പൊതുഇടങ്ങളുടെ ലഭ്യത: നഗരങ്ങളിൽ പൊതുഇടങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നു. ആളുകൾക്ക് ഒത്തുചേരാനും വിനോദങ്ങളിൽ ഏർപ്പെടാനുമുള്ള പുതിയ ഇടങ്ങൾ ഇത് തുറന്നുനൽകുന്നു.

•നഗരസൗന്ദര്യവൽക്കരണം: നഗരങ്ങളുടെ സൗന്ദര്യം വർധിപ്പിക്കുകയും വൃത്തിയും വെടിപ്പുമുള്ള ഒരന്തരീക്ഷം ഒരുക്കുകയും ചെയ്യുന്നു. ഉപയോഗശൂന്യമായ പ്രദേശങ്ങളെ ആകർഷകമായ കേന്ദ്രങ്ങളാക്കി മാറ്റുന്നു.

•സാമൂഹിക ഇടപെടൽ: വിവിധതരം വിനോദോപാധികൾ ഒരുക്കുന്നതിലൂടെ സാമൂഹിക ഇടപെടലുകൾ വർധിപ്പിക്കാനും പ്രാദേശിക കൂട്ടായ്മകൾക്ക് അവസരം നൽകാനും സഹായിക്കുന്നു.

•സുരക്ഷ ഉറപ്പാക്കൽ: മെച്ചപ്പെട്ട ലൈറ്റിങ് സംവിധാനങ്ങളും പൊതുജനങ്ങളുടെ നിരന്തര സാന്നിധ്യവുംവഴി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ കുറയ്ക്കുന്നതിനും ഈ പ്രദേശങ്ങൾക്ക് കൂടുതൽ സുരക്ഷ നൽകുന്നതിനും സഹായകമാവുന്നു.

•തൊഴിൽ ലഭ്യത: പ്രാദേശിക തൊഴിൽ സാധ്യതകളെ വർധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വി-പാർക്ക് പദ്ധതിയിലൂടെ സാധിക്കും.

(ഡി) കൊല്ലം ജില്ലയിലെ വി-പാർക്ക് കൂടാതെ, താഴെപ്പറയുന്ന റെയിൽവേ മേൽപാലങ്ങൾക്ക് താഴെയുള്ള ഭാഗത്തെ സൗന്ദര്യവൽക്കരണ പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. മുളങ്കുന്നത്തുകാവ് റെയിൽവേ മേൽപാലം
2. അത്താണി റെയിൽവേ മേൽപാലം
3. ചെമ്പിശ്ശേരി റെയിൽവേ മേൽപാലം
4. മീൻചന്ത റെയിൽവേ മേൽപാലം, ബേപ്പൂർ, കോഴിക്കോട്

ഇതിനുപുറമെ, ധർമ്മടം നിയോജകമണ്ഡലത്തിലെ മുഴപ്പിലങ്ങാട് ആർ.ഒ.ബി.-ക്ക് താഴെ വി-പാർക്ക് വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) കേരളത്തിലുടനീളമുള്ള മേൽപാലങ്ങളുടെ അടിഭാഗം വിവിധ തരത്തിലുള്ള വിനോദോപാധികൾ സ്ഥാപിച്ച് മനോഹരമാക്കി ഉപയുക്തമാക്കുന്ന വി-പാർക്ക് പദ്ധതിയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 72 പാലങ്ങളുടെ ലിസ്റ്റ് പൊതുമരാമത്ത് വകുപ്പും ടൂറിസം വകുപ്പും തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിലുടനീളം കണ്ടെത്തിയ 72 സ്ഥലങ്ങളിൽനിന്ന് മുൻഗണനാ ക്രമത്തിൽ ചുവടെ ചേർത്തിരിക്കുന്ന 19 സ്ഥലങ്ങൾ ആദ്യഘട്ടത്തിൽ നടപ്പാക്കുന്നതിനായി ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. പേട്ട, റെയിൽവേ മേൽപാലം, ആനയറ, തിരുവനന്തപുരം

2. അമ്പൂരി-കുമ്പിച്ചാൽ ബ്രിഡ്ജ്, പാറശാല

3. നടയറ പാലം, വർക്കല, തിരുവനന്തപുരം

4. കുഞ്ഞിപ്പള്ളി റെയിൽവേ മേൽപാലം, വടകര, കോഴിക്കോട്

5. വെങ്ങാലി, എലത്തൂർ, കോഴിക്കോട്

6. വെങ്ങളം, കൊയിലാണ്ടി, കോഴിക്കോട്

7. അങ്ങാടിപ്പുറം, മലപ്പുറം

8. കൈനാട്ടി റോഡ്, റെയിൽവേ മേൽപാലം

9. കാരിത്താസ് ഫ്ലൈ ഓവർ, കോട്ടയം

10. കല്ലീട്ടുംകര റെയിൽവേ മേൽപാലം

11. താവം, കല്ല്യാശ്ശേരി, കണ്ണൂർ

12. ബേക്കൽ, റെയിൽവേ മേൽപാലം

13. ചെറുവത്തൂർ-പടന്ന റോഡ്, തൃക്കരിപ്പൂർ, കാസർഗോഡ്

14. കാഞ്ഞങ്ങാട്, കാസർഗോഡ്

15. നീലേശ്വരം, കാസർഗോഡ്

16. കോതാട്, വൈപ്പിൻ, കൊച്ചി

17. എറണാകുളം നോർത്ത് റെയിൽവേ മേൽപാലം

18. വിക്ടോറിയ കോളജ് റെയിൽവേ മേൽപ്പാലം

19. എ.കെ.ജി. ഫ്ലൈ ഓവർ, കോഴിക്കോട്

ഇതോടൊപ്പം, വി-പാർക്ക് പദ്ധതിക്കായി പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗവും RBDCK-യും വ്യത്യസ്ത ഏജൻസികൾക്ക് NOC-യും നൽകിയിട്ടുണ്ട്.

1. ഗുരുവായൂർ റെയിൽവേ മേൽപാത
2. ദേവദാർ റെയിൽവേ മേൽപാലം
3. മൂച്ചിക്കൽ റെയിൽവേ മേൽപാലം
4. പന്നിയങ്കര ROB

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, (....ബഹളം.....) വികസന കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ചോദ്യോത്തരവേള തന്നെ തടസ്സപ്പെടുത്തുന്ന രീതി ജനാധിപത്യ പ്രവർത്തനത്തിന് ഭൂഷണമല്ല. ഈ സർക്കാർ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളിൽ പലതും പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിന്റെ ഭാഗമായി ഇവിടെ സൂചിപ്പിച്ചു. അതിന് ബെഞ്ചിലടിച്ച് അഭിവാദ്യം ചെയ്യാൻ അവർക്ക് കഴിയാത്തതിനാൽ കൈയടിക്കാനുള്ള അവസരമെങ്കിലും അങ്ങ് നൽകണം. സമീപ കാലയളവിൽ കേരളത്തിൽ നടപ്പാക്കിയ ഏറ്റവും ശ്രദ്ധേയമായ വികസന പ്രവർത്തനങ്ങളിലൊന്നാണ് വി-പാർക്കുകൾ. ഈ വർഷം എത്ര വി-പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയും?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കഴിഞ്ഞ ദിവസം തലശ്ശേരി നിയോജകമണ്ഡലത്തിലെ വി-പാർക്കുമായി ബന്ധപ്പെട്ട ചർച്ച വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞതിൽ ഞാൻ പ്രതിപക്ഷത്തോട് നന്ദി പറയുകയാണ്.

അതുപറയുമ്പോൾ, ബഹു. സ്പീക്കറുടെ മുഖത്തെ സന്തോഷം എനിക്ക് കാണാൻ സാധിക്കുന്നുണ്ട്. ഇന്നലെയായിരുന്നെങ്കിൽ അത് കാണാൻ കഴിയില്ലായിരുന്നു. തലശ്ശേരിയിൽ മനോഹരമായ ഒരു വി-പാർക്ക് വരാൻപോകുകയാണ്. അതിന് മുൻകൈയെടുത്ത പി.ഡബ്യു.ഡി.-യോടും അങ്ങയോടും പ്രത്യേക നന്ദി ഞാൻ അറിയിക്കുന്നു. കേരളത്തിൽ സാധ്യമാകുന്ന എല്ലായിടത്തും വി-പാർക്കുകൾ സ്ഥാപിക്കാനുള്ള ഇടപെടൽ നടത്തും. ടി വിഷയത്തിൽ ഭരണ-പ്രതിപക്ഷ ഭേദമില്ല. ആരുപറഞ്ഞാലും അതിനോട് എല്ലാ നിലയിലും സഹകരിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എൻ.ഒ.സി. നൽകാൻ തയ്യാറാണെന്നും ഈ സഭയെ അറിയിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വി-പാർക്ക് പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന ജില്ലകളിലൊന്നാണ് കോഴിക്കോട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നാടുകൂടിയായ കോഴിക്കോട് ജില്ലയിലെ നഗരമധ്യത്തിൽതന്നെ നിരവധി മേൽപാലങ്ങൾക്ക് താഴെ വി-പാർക്ക് പദ്ധതി അതിമനോഹരവും ഫലപ്രദവുമായി നടപ്പാക്കാൻ കഴിയും. അതിനായി എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കൊല്ലം ജില്ലയിലെ ഇരവിപുരം മണ്ഡലത്തിൽ പൂർത്തീകരിച്ച വി-പാർക്കിൽ രാത്രി രണ്ട്-മൂന്നുമണിവരെ ആളുകൾ പാട്ടുപാടിയും ഷട്ടിൽ കളിച്ചും ആഹ്ലാദം പങ്കുവയ്ക്കുകയാണ്. അതുപോലെയുള്ള വി-പാർക്കുകൾ നമുക്ക് ഇനിയും ആരംഭിക്കാം. അതിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ശ്രീ. എം. മുകേഷ്: സർ, ആദ്യംതന്നെ കൊല്ലം ജില്ലയിലുള്ളവരുടെ നന്ദി അറിയിക്കുകയാണ്. ഇത്രയും ഗംഭീരവും വിപ്ലവകരവുമായ ചിന്തയും പ്രവർത്തനവും ഒരുമിച്ച

വി-പാർക്ക് നമ്മൾ പ്രതീക്ഷിച്ചിരുന്നില്ല. എന്റെ ചോദ്യം കൊല്ലം ജില്ലയിലെ വി-പാർക്കിന്റെ തുടർപരിപാലനം ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽപോലുള്ള ഏതെങ്കിലും സംവിധാനം ഇതിന്റെ തുടർ നടത്തിപ്പിനായി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, വി-പാർക്ക് വലിയ ടെൻഡായി മാറിയിരിക്കുകയാണ്. വി-പാർക്കിന്റെ മേൽനോട്ടത്തിനായി എം.എൽ.എ. ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിക്ക് ഇത്തരം കാര്യങ്ങളിൽ ഉചിതമായ തീരുമാനമെടുക്കാൻ സാധിക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, ഞങ്ങൾക്ക് അങ്ങയുടെ മുഖം കാണാൻ കഴിയുന്നില്ല, അതിനൊരു തീരുമാനമെടുക്കണം. എന്റെ മണ്ഡലത്തിലെ പത്തോളം പാലങ്ങളുടെ നിർമ്മാണമാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ ഞാൻ ബഹുമാന്യരായ മുഖ്യമന്ത്രിയെയും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയെയും പ്രത്യേകം അനുമോദിക്കുന്നു. ദേശീയപാത പദ്ധതി പൂർത്തീകരിക്കുമ്പോൾ പലയിടങ്ങളിലും ഓവർ ബ്രിഡ്ജ്, അണ്ടർ പാസ്സേജ് എന്നിവയുണ്ടാകും. പ്രത്യേകിച്ച് അരൂർ-തുറവൂർ മേഖലയിൽ മേൽപാലങ്ങൾക്കുതാഴെ സ്ഥലം ലഭ്യമാകാൻ സാധ്യതയുണ്ട്. ഈ മേഖലയെ കോർത്തിണക്കി വി-പാർക്ക് ടൂറിസം പദ്ധതി നടപ്പാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ നല്ല നിർദ്ദേശമാണിത്. ദേശീയപാതയിലെ മേൽപാലങ്ങളുടെ താഴെ ധാരാളം സ്ഥലമുണ്ട്. അവയെക്കുറിച്ച് പിന്നീട്

ചർച്ച ചെയ്ത് ഭാവിയിൽ ഉപയോഗിക്കാം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മേൽപാലങ്ങൾക്കാണ് നമ്മൾ ഇപ്പോൾ പരിഗണന നൽകിയിരിക്കുന്നത്. 23 വി-പാർക്കുകൾക്കുള്ള പദ്ധതിരേഖ ഇതിനകംതന്നെ തയ്യാറായെന്ന സന്തോഷവിവരം സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. (.....ബഹളം.....)

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഒരുപക്ഷേ പ്രതിപക്ഷത്തിന് ബാനർ ഉപയോഗിച്ച് സ്പീക്കറുടെ കാഴ്ച മറയ്ക്കാൻ കഴിയുമായിരിക്കും. എന്നാൽ, കേരളത്തിലെ ജനങ്ങളുടെ കണ്ണും മനസ്സും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കൂടെയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സഭയുടെ നടുത്തളത്തിൽ അനാവശ്യമായി പാർക്കിങ് നടത്തുന്ന പ്രതിപക്ഷത്തെപ്പോലെയാണ് കേരളത്തിലെ നിരത്തുകൾ. കേരളത്തിൽ അനാവശ്യമായ പാർക്കിങ്ങുകൾ പല സ്ഥലത്തുമുണ്ട്. നിലവിൽ കോലഞ്ചേരി ടൗണിൽത്തന്നെ പലപ്പോഴും റോഡുകളുടെ സൈഡിലാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. ഇത് ഒഴിവാക്കുന്നതിന് കേരളത്തിലെ കാടുപിടിച്ചുകിടക്കുന്ന ഗവൺമെന്റ് സ്ഥലങ്ങളിലോ മറ്റു സ്ഥലങ്ങളിലോ പാർക്കിങ് സംവിധാനമൊരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യം തീർച്ചയായും പരിശോധിക്കാം. വാഹന പാർക്കിങ് എന്നത് നഗരത്തിലെ ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കാൻ എന്ത് ചെയ്യാനാകുമെന്നത് സംബന്ധിച്ച് നമുക്ക് കൂട്ടായിത്തന്നെ ആലോചിക്കാം.

ശ്രീ. വി. ജോയി: സർ, അസത്യ പ്രചരണവും അപവാദ പ്രചരണവും നടത്തുന്ന ചില കുഴലൂത്തുകാർക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതി വയറ് നിറച്ചുകൊടുത്തിട്ടും അവർ പഠിക്കുന്നില്ല. ഈ വിഷയത്തിലും ഭാവിയിൽ അതുതന്നെയാണ് അവർക്ക്

വരാൻപോകുന്നത്. വർക്കല നടയറയിലെ അണ്ടർപാസേജിൽ വി-പാർക്ക് നടപ്പാക്കാൻ തീരുമാനിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. വർക്കലയിലെ അണ്ടർപാസേജ് ബ്യൂട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? (.....ബഹളം.....)

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇക്കാര്യത്തെക്കുറിച്ച് വളരെ കൃത്യമായ പരിശോധന നടത്താവുന്നതാണ്. ടൂറിസം മേഖലയിൽ ഡിസൈൻ പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരം കാര്യങ്ങളിൽ കൃത്യമായ ധാരണയോടെയാണ് വകുപ്പ് മുന്നോട്ടുപോകുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പ്രതിപക്ഷം ഉന്നയിക്കുന്ന കാര്യങ്ങൾക്ക് ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ എസ്.ഐ.ടി. അന്വേഷിക്കുന്നതിന് തീരുമാനമായിട്ടും ഇവർ ഇങ്ങനെ നിയമസഭ തടസ്സപ്പെടുത്തുന്നത് വളരെ വേദനിപ്പിക്കുന്ന കാര്യമാണ്. അതുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ നമുക്ക് സഭയിൽ അവതരിപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രതിപക്ഷത്തോട് പറയാനുള്ളത്, തൽക്കാലം സമരമൊക്കെ നടന്നോട്ടെ, അത് ജനാധിപത്യ ആവശ്യമാണ്, പക്ഷേ ഇത്തരത്തിൽ അന്വേഷണം പ്രഖ്യാപിച്ചിട്ടും നിയമസഭയിൽ നമുക്ക് ചർച്ച ചെയ്യാനുള്ള അവസരം തരാതിരിക്കുന്നത് വളരെ മോശമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണമാണ് നടക്കുന്നത്. അതിലൊന്ന് വാടാനാംകുറുശ്ശിയിലാണ്. അതിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. വല്ലപ്പുഴ ഫ്ലൈ ഓവറിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ആരംഭിക്കാൻ പോവുകയാണ്. കൊടുമുണ്ട ഫ്ലൈ ഓവറിന്റെ സ്ഥലമേറ്റെടുത്ത്

അതിന്റെ പ്രവർത്തനങ്ങൾ നടക്കാൻ പോവുകയാണ്. അതിനാവശ്യമായ തുക കൊടുത്തുകൊണ്ടിരിക്കുകയാണ്. വാടാനാംകുഴിയിലെ ഫൈ്ല ഓവറിന്റെ വർക്കുകൾ കുറച്ച് മന്ദഗതിയിലാണ് പോകുന്നത്. അത് വളരെ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ഈ മൂന്ന് ഫൈ്ല ഓവറുകൾക്കുതാഴെ ഭാവിയിൽ വി-പാർക്ക് നിർമ്മിക്കാനും വല്ലപ്പുഴ ടൗൺ നവീകരണം അടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിനും അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. ഇവിടെ രണ്ട് വിഷയങ്ങളാണ് പറഞ്ഞിട്ടുള്ളത്. പാലങ്ങളുടെ നിർമ്മാണം വേഗത്തിലാക്കാൻ സർക്കാർ പ്രത്യേക ഇടപെടൽ നടത്തുന്നുണ്ട്. ഈ സർക്കാർ 2021 മേയ് 20-ന് അധികാരത്തിൽ വരുമ്പോൾ 5 വർഷംകൊണ്ട് 100 പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടത്. അതായത്, 2026 ആകുമ്പോഴേക്കും 100 പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. അതിനായി ഓരോ നിയോജകമണ്ഡലത്തിലും ഒരു നോഡൽ ഓഫീസറെ നിശ്ചയിക്കുകയും അതിനെക്കുറിച്ച് പഠിക്കുകയും ചെയ്തിട്ടുണ്ട്. എണ്ണയിട്ട യന്ത്രംപോലെ സംവിധാനം ചലിച്ചതിന്റെ ഭാഗമായി 5 വർഷംകൊണ്ട് 100 പാലമെന്നുള്ളത് 4 വർഷംകൊണ്ട് യാഥാർഥ്യമാക്കാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇപ്പോൾ 149 പാലങ്ങളുടെ പ്രവൃത്തിയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം പൂർത്തീകരിച്ചത്. കൂടാതെ, 150-ാമത്തെ പാലം പാറശ്ശാലയിൽ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇക്കാര്യം വേഗത്തിലാക്കാനുള്ള എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഹകരിക്കണം. സഭയുടെ നടപടിക്രമങ്ങൾ വിദ്യാർഥികൾ ഗ്യാലറിയിലിരുന്ന് കാണുകയാണ്. അവർ ഇതെല്ലാം കാണുമ്പോൾ ഇതാണ് സഭയെന്ന് വിചാരിക്കും. അതിനാൽ അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരിക്കുകയും ഫ്ലോർ ഓർഡർ ആക്കുകയും വേണം. പ്രതിപക്ഷാംഗങ്ങൾ ഇരുന്നാൽ വാച്ച് ആൻഡ് വാർഡും സഭയിൽനിന്ന് പുറത്തുപോകും.

സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ

3 (*244) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) ഗ്ലോബൽ വിമൻ കോൺഫറൻസ് ഓൺ ജെൻഡർ ഇൻക്ലൂസീവ് ടൂറിസം ആൻഡ് റെസ്പോൺസിബിൾ ടൂറിസം എന്ന ആഗോള സമ്മേളനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നൂതന പദ്ധതികളാണ് ടൂറിസം മേഖലയിൽ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയിൽ സ്ത്രീ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) സംസ്ഥാനത്ത് വനിതാ യാത്രികരേയും ടൂറിസം മേഖലയിലെ വനിതാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ നെറ്റ്‌വർക്ക് രൂപപ്പെടുത്തുകയും അതുവഴി ഒറ്റയ്ക്കും കൂട്ടായും യാത്ര ചെയ്യുന്ന സ്ത്രീകളുടെ യാത്രകൾ സുരക്ഷിതപൂർണ്ണമാക്കുന്നതിനുമുള്ള പ്രത്യേക പ്രവർത്തനങ്ങളാണ് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്. കൂടുതൽ സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പദ്ധതിയിലൂടെ സുരക്ഷിതവും ശുചിത്വമുള്ള സ്ഥലങ്ങളും ലക്ഷ്യസ്ഥാനങ്ങളും ഉറപ്പാക്കുന്നു.

സ്ത്രീ സൗഹാർദ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി വനിതകൾക്കായി വിവിധ പരിശീലനങ്ങൾ സംഘടിപ്പിച്ചു. കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ, ഹോംസ്റ്റേകൾ, റെസ്റ്റോറന്റ് മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാനുള്ള പരിശീലനങ്ങൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നടന്നിട്ടുണ്ട്. ഒരു സ്ത്രീ സൗഹാർദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തുവരുന്നു.

പ്രസ്തുത പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ ജെൻഡർ ഇൻക്ലൂസീവ് ടൂറിസം & റെസ്പോൺസിബിൾ ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 എന്നീ തീയതികളിൽ മൂന്നാർ - മാങ്കുളത്തുവച്ച് നടന്നു.

ഐക്യരാഷ്ട്ര സംഘടനയുടെ, സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഘടക സംഘടനയായ യു.എൻ. വിമെൻ മുതൽ കേരളത്തിലെ ഗ്രാമപഞ്ചായത്ത് തലം വരെയുള്ള സ്ത്രീ സൗഹൃദ ടൂറിസം പ്രയോക്താക്കളെ ഒരേ വേദിയിൽ കൊണ്ടുവരാനായി എന്നത് ഈ കോൺഫറൻസിന്റെ എടുത്തുപറയേണ്ട ഒരു സവിശേഷതയാണ്.

പ്രധാന ടൂറിസം കേന്ദ്രങ്ങൾ എത്രത്തോളം സ്ത്രീ സൗഹാർദമാണെന്ന പഠനവും ഉത്തരവാദിത്ത ടൂറിസം മിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യ വർധനവിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും സുരക്ഷയ്ക്കുംവേണ്ടി ഡെസ്റ്റിനേഷൻ സുരക്ഷാ പഠനം നടത്തിയതിൽ കണ്ടെത്തിയ പ്രധാന പോരായ്മകൾ നികത്തുന്നതിനായി ഡെസ്റ്റിനേഷനുകളിൽ സുരക്ഷാ മാർഗരേഖ ഉൾപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുക, പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഫീഡിങ് സെന്ററുകൾ സ്ഥാപിക്കുക, ഡെസ്റ്റിനേഷനുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്യാമറകൾ സ്ഥാപിക്കുക, സ്ത്രീകൾ നടത്തുന്ന സംരംഭങ്ങൾക്ക് ഒറ്റത്തവണ ധനസഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയും നടത്തിവരുന്നു.

(ബി) ടൂറിസം മേഖലയിലെ ലോകത്തെ ആദ്യത്തേത് എന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഗ്ലോബൽ വിമെൻ കോൺഫറൻസ് ഓൺ ജെൻഡർ ടൂറിസം ആൻഡ് റെസ്പോൺസിബിൾ ടൂറിസം എന്ന ആഗോള സമ്മേളനം 2024 നവംബർ 30, ഡിസംബർ 1, 2 എന്നീ തീയതികളിൽ ഇടുക്കി ജില്ലയിലെ മൂന്നാറിന് സമീപത്തുള്ള മാങ്കുളത്തുവച്ച് നടന്നു.

കേരളത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാരത്തിന്റെ ഭാഗമായി നടന്നുവരുന്ന പ്രവർത്തനങ്ങളെ ആഗോള അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നതിനുള്ള വേദിയായിരുന്നു പ്രസ്തുത പരിപാടി. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ടൂറിസത്തിന്റെ ഭാഗമായ എക്സ്പീരിയൻസ് ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പരമ്പരാഗത തൊഴിലാളികൾ മുതൽ യു.എൻ. വിമെൻ ഹെഡ് വരെ ഈ സമ്മേളനത്തിന്റെ ഭാഗമായി.

കേരള ഡിക്ലറേഷൻ ഓൺ ജെൻഡർ ഇൻക്ലൂസീവ് ആൻഡ് വിമെൻ ഫ്രണ്ട്ലി ടൂറിസം എന്ന പ്രഖ്യാപനം ഈ സമ്മേളനത്തിലുണ്ടായി. ഇത് ലോകശ്രദ്ധ ആകർഷിച്ചു.

ആഗോള ടൂർ ഓപ്പറേറ്റർമാർ, അക്കാദമിക് പ്രമുഖർ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ചെറുതും വലുതുമായ ടൂറിസം സംരംഭകർ, ഇതര ടൂറിസം സംഘടനകൾ എന്നിങ്ങനെ സമൂഹത്തിന്റെ നാനാ തുറയിലുള്ളവർ ഈ പ്രഖ്യാപനത്തിൽ ഒപ്പുവച്ചു. കേരളത്തെ ജെൻഡർ ഇൻക്ലൂസീവ് ടൂറിസത്തിന്റെയും വിമെൻ ഫ്രണ്ട്ലി ടൂറിസത്തിന്റെയും കേന്ദ്രമാക്കിക്കൊണ്ട് ലോക ടൂറിസം കമ്പോളത്തിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യം ഈ സമ്മേളനത്തോടെ സാധ്യമായിട്ടുണ്ട്. കേരളത്തിന് ജെൻഡർ ഇൻക്ലൂസീവ് ആൻഡ് റെസ്പോൺസിബിൾ ടൂറിസം എന്ന പോളിസിയുണ്ടാവുക എന്നതാണ് ഈ സമ്മേളനം മുന്നോട്ടുവച്ച ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. പ്രസ്തുത പോളിസി ഉണ്ടാക്കുന്നതിനുള്ള ഏകദിന ശില്പശാല നടത്തുകയും ആയതിന്റെ കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ചുവടെ പറയുന്ന പ്രവർത്തനങ്ങൾ/അജണ്ടകൾ സമ്മേളനം മുന്നോട്ടുവയ്ക്കുകയുണ്ടായി.

വനിതാ ടൂറിസം സംരംഭങ്ങൾക്ക് പ്രവർത്തന ധനസഹായം നൽകുന്നത് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ടൂറിസം കേന്ദ്രങ്ങളെ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമായി പ്രഖ്യാപിക്കുക.

ടൂറിസം മേഖലയിലെ വർധിച്ച വനിതാ പങ്കാളിത്തം ഉറപ്പുവരുത്തുക.

അനുഭവവേദ്യ വിനോദസഞ്ചാരത്തിൽ വർധിതമാനമായ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക. വനിതകൾക്ക് ടൂറിസം മേഖലയിൽ ഡിജിറ്റൽ ഇന്നവേഷൻ നടപ്പാക്കുന്നതിനുള്ള പിന്തുണ സംവിധാനം ഉറപ്പുവരുത്തുക.

മേൽ പ്രവർത്തനങ്ങളും അജണ്ടകളും ടൂറിസം വകുപ്പും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയും ചേർന്ന് നടപ്പാക്കിവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ സ്ത്രീ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒട്ടേറെ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി ഈ ലക്ഷ്യം മുൻനിർത്തി നടപ്പാക്കിവരുന്നു.

കേരള റെസ്പോൺസിബിൾ ടൂറിസം സൊസൈറ്റിയുടെ ഭാഗമായി നടക്കുന്ന ബഹുഭ്രരിപക്ഷം പരിശീലനങ്ങളും വനിതകൾക്ക് ടൂറിസം മേഖലയിൽ സംരംഭകത്വ വികസനം സാധ്യമാക്കുന്നതിന് ഉപകാരപ്രദമായവയാണ്. പരിശീലനങ്ങൾക്കുശേഷം യൂണിറ്റുകൾ രൂപീകരിക്കുന്നതിനും അവയ്ക്കാവശ്യമായ പിന്തുണാ സംവിധാനം നൽകുന്നതിനും കേരള റെസ്പോൺസിബിൾ സൊസൈറ്റി പ്രത്യേക പരിഗണന നൽകുന്നു. വനിതകളുടെ സംരംഭങ്ങൾ

മാർക്കറ്റ് ചെയ്യുന്നതിനുവേണ്ടി വീഡിയോകളും ബോർഡുകളും നിർമ്മിക്കുകയും പ്രചാരണ പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷനുമായി ചേർന്ന് പലിശ സബ്സിഡിയോടെ വായ്പ നൽകുന്ന ഒരു ധനസഹായ പദ്ധതിക്ക് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി രൂപം നൽകിവരികയാണ്.

സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വനിതാ സംരംഭങ്ങൾക്ക് പുറമേ യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ ബ്ലോഗർമാരെയും വനിത ടൂർ ഓപ്പറേറ്റർമാരെയും ഫാം ടിപ്പുകളുടെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡിയും ടൂറിസം കേന്ദ്രങ്ങളുടെ ജെൻഡർ ഓഡിറ്റും നടന്നിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം തുടർന്നുവരികയാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, സുപ്രീംകോടതിയിലും ഹൈക്കോടതിയിലും കേസ് തോറ്റതുകൊണ്ട് അന്താരാഷ്ട്ര കോടതിയിൽ പോകുമെന്നുപറഞ്ഞ ഡോ. മാത്യു കുഴൽനാടൻ ഇപ്പോൾ സഭയിൽ വന്ന് സമരം ചെയ്യുകയാണ്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ നേതൃത്വത്തിലുള്ള അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടിട്ടും ആ കോടതിയെപ്പോലും വിശ്വാസമില്ലാതെ സഭയിൽവന്ന് ഈ നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. എന്റെ ചോദ്യം സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ ടൂറിസം രംഗത്തേക്ക് ആകർഷിപ്പിച്ച് സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിലും സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സ്ത്രീ സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന ഒരു പദ്ധതി വനിതാ വികസന കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കാൻ ആലോചിക്കുന്ന സന്തോഷ വിവരം ഈ സഭയെ അറിയിക്കുന്നു. ഇതിന്റെ ഭാഗമായി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലും ചർച്ച നടത്തിയിരുന്നു. പ്രസ്തുത പദ്ധതിക്ക് ഈ മാസം അംഗീകാരം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടൂറിസവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് പലിശയിളവ് നൽകുകവഴി കൂടുതൽ സ്ത്രീകളെ ടൂറിസം മേഖലയിലേക്ക് ആകർഷിക്കാൻ സാധിക്കും. നമ്മുടെ രാജ്യത്ത് ആദ്യമായിട്ടാണ് ഒരു സംസ്ഥാനം സ്ത്രീ സൗഹൃദ ടൂറിസത്തിന്റെ ഭാഗമായി സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുന്നത്. ആ സംസ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന കേരളമാണെന്ന് വളരെ സന്തോഷത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ സംരംഭകരെയും വിനോദസഞ്ചാരികളെയും വേഗത്തിൽ ബന്ധിപ്പിക്കുന്നതിന് സഹായിക്കുന്ന സ്ത്രീ സൗഹൃദ വിനോദസഞ്ചാര മൊബൈൽ ആപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആ പ്രവർത്തനം വിപുലീകരിക്കാൻ നടപടിയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും, ഇതിനെക്കുറിച്ചുള്ള പരിശോധന നടത്തിയിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ മേഖലയെ ഗുണകരമാകുന്ന നിലയിൽ മാറ്റാൻ സാധിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പ്രതിപക്ഷം ഈ ഗവൺമെന്റിനെതിരെ ഉയർത്തിക്കൊണ്ടുവന്ന അടിസ്ഥാനരഹിതമായ എല്ലാ ആരോപണങ്ങളും നീതിന്യായ കോടതികൾ ഒന്നൊന്നായി തള്ളിക്കളയുകയും അവസാനം പരമോന്നത കോടതിവരെ അത്തരം ആരോപണങ്ങൾ ചവറ്റുകുട്ടയിലിട്ട്, പിഴ ഈടാക്കേണ്ടി വരുമെന്ന് മുന്നറിയിപ്പും താക്കീതും നൽകുന്ന ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഒരു നോട്ടീസ് പോലും നൽകാതെ എല്ലാ ജനാധിപത്യ മര്യാദയും ലംഘിച്ചുകൊണ്ട്, പാർലമെന്ററി ജനാധിപത്യത്തിന്റെ എല്ലാ മൂല്യങ്ങളെയും തകർത്തുകൊണ്ടുള്ള അപഹാസ്യമായ സമരമാണ് പ്രതിപക്ഷം ഇവിടെ നടത്തുന്നത്. ഇത് അപലപനീയമാണ്. സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഒരു നയംതന്നെ ആവിഷ്കരിച്ച ബഹു. ടൂറിസം വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമാകുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതോടൊപ്പം ടൂറിസം ഹോസ്പിറ്റാലിറ്റിക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലനവുംകൂടി നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം പരിശീലനം നൽകുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആതിഥേയ മര്യാദയുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ആ നിലയിൽ, സഞ്ചാരികളെ എങ്ങനെ സ്വീകരിക്കണമെന്നും അവർക്ക് എങ്ങനെ മികച്ച സഞ്ചാര അനുഭവം പ്രദാനം ചെയ്യണമെന്നും ടൂറിസം പരിശീലനത്തിലൂടെ പകർന്നുനൽകാൻ സാധിക്കും. അക്കാര്യം ഗൗരവമായെടുത്തുകൊണ്ട് പരിശീലനത്തിന്റെ ചുവടുവയ്പുകളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

മി. സ്പീക്കർ: ശ്രീ. പ്രമോദ് നാരായൺ, not in the seat.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സ്ത്രീ സൗഹൃദ ടൂറിസത്തിന്റെ ഭാഗമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ഒട്ടേറെ പ്രവർത്തനങ്ങൾ ടൂറിസം മേഖലയിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ടൂറിസത്തിന്റെ മുഖച്ഛായ മാറ്റിക്കൊണ്ടും കേരളത്തിന്റെ തനത് പൈതൃകത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുമാണ് ഇത് നടപ്പാക്കുന്നത്. സ്ത്രീ സൗഹൃദ ടൂറിസത്തിന്റെ ഭാഗമായി Wander Womaniya പോലുള്ള പ്രസ്ഥാനങ്ങൾ ലോകത്തെമ്പാടുമുണ്ട്. അത്തരം പ്രസ്ഥാനങ്ങളുടെ ഭാഗമായി ഇവിടെ സ്ത്രീകളുടെ കമ്മ്യൂണിറ്റികൾ രൂപപ്പെടുത്താനുള്ള ശ്രമമുണ്ടാകുന്നതോടൊപ്പം സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിലെ കലാകാരന്മാരെയും കലാകാരികളെയും ഇതിന്റെ ഭാഗമാക്കിമാറ്റിക്കൊണ്ടുള്ള വനിതാ സാംസ്കാരിക പ്രവർത്തനങ്ങൾകൂടി ടൂറിസത്തിന്റെ ഭാഗമായി ക്ലബ് ചെയ്യാൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രണ്ട് പ്രധാന പ്രശ്നങ്ങളും പോസിറ്റീവായാണ് സർക്കാർ എടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പുമന്ത്രിയുമായി ഇതിനകം ഒരു തവണ ചർച്ച നടത്തുകയുണ്ടായി. അത്തരം ഗ്രൂപ്പുകളെ ടൂറിസം പ്രൊമോട്ട് ചെയ്യാനും യാത്രകളെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്ന രീതിയിൽ സർക്കാർ മാറ്റുന്നുണ്ട്. കോവിഡിനുശേഷം സ്ത്രീകളുടെ കൂട്ടായ യാത്ര വലിയ തോതിൽ സംസ്ഥാനത്ത് വർധിച്ചുവെന്നാണ് കാണാൻ സാധിക്കുന്നത്. ഇനിയും അത്തരത്തിലുള്ള പ്രോത്സാഹനം നൽകിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും. ഇന്ത്യയിൽ സ്ത്രീകൾക്ക് ഒറ്റയ്ക്കോ കൂട്ടായോ നിർഭയം യാത്ര ചെയ്യാൻ കഴിയുന്നൊരു സംസ്ഥാനം ഇടതുപക്ഷം ഭരിക്കുന്ന കേരളമാണെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. ക്രമസമാധാനം ഇവിടെ

ഭദ്രമാണെന്നതാണ് ഏറ്റവും വലിയ ഗുണം. കേരളം ഈ നിലയിൽ മുന്നോട്ടുപോകുമ്പോൾ സ്ത്രീകൾക്ക് യാത്ര ചെയ്യാനും സ്ത്രീ സഞ്ചാരികൾക്ക് എല്ലാ നിലയിലുമുള്ള പ്രോത്സാഹനം നൽകാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഈ സഭയെ അറിയിക്കാനാഗ്രഹിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീ സൗഹൃദ കോംപ്ലക്സുകൾ വരുമ്പോൾ അത് സ്ത്രീകൾക്ക് വലിയ തണലായി മാറും. കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജെൻഡർ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പക്ഷേ, അതിന്റെ എ.എസ്. കമ്മിറ്റി രണ്ടാമത് പരിശോധിക്കണം എന്നുപറഞ്ഞ് അയച്ചിരിക്കുകയാണ്. അത് പരിശോധിച്ച് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായിട്ടും അത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾ

4 (*245) ശ്രീ. പി. പി. സുമോദ്:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. വി. കെ പ്രശാന്ത്:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർഥികളുടെ പ്രായോഗിക പഠനത്തിനായി സയൻസ് ലാബുകൾ സജ്ജീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വിദ്യാർഥികളുടെ സാഹിത്യ കഴിവുകൾ വളർത്താൻ ബഡ്ഡിങ് റൈറ്റേഴ്സ് പ്രോഗ്രാം പോലുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടോയന്ന് വിശദമാക്കാമോ;

(സി) വിദ്യാർഥികളുടെ അടിസ്ഥാന വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിപുൺ ഭാരത് മിഷൻപോലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാർഥികളുടെ സംഖ്യാശാസ്ത്രത്തിലും സാക്ഷരതയിലും കഴിവുകൾ വർധിപ്പിക്കാൻ പ്രത്യേക പഠനപരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) കാലാവസ്ഥാ ബോധവൽക്കരണത്തിനായി മൺസൂൺ കൂട്ടികളും പരിപാടി സ്കൂൾ തലത്തിൽ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർഥികളുടെ പ്രായോഗിക പഠനത്തിനായി സയൻസ് ലാബുകൾ സജ്ജീകരിക്കുന്നതിനായി 'സയൻസ് ലാബ് നവീകരണം' പദ്ധതി നടപ്പിലാക്കിവരികയാണ്. 2025-26 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 20 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും സയൻസ് ലാബ് നവീകരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നുവരികയാണ്.

കൂടാതെ, സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ശാസ്ത്രവിഷയങ്ങളുടെ പ്രായോഗിക പഠനത്തിനായി സ്റ്റീം ഇക്കോസിസ്റ്റം, ശാസ്ത്രപാർക്കുകൾ എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ സാഹിത്യ കഴിവുകൾ വളർത്തുന്നതിന്റെ ഭാഗമായി 6 മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് തങ്ങളുടെ സർഗാത്മക കഴിവുകൾ ഉപയോഗപ്പെടുത്തി കഥ, കവിത, ലേഖനങ്ങൾ എന്നിവ രചിക്കുവാനുള്ള അവസരം നൽകുന്ന ബഡ്ഡിങ് റൈറ്റേഴ്സ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. അതോടൊപ്പം, കുട്ടികളുടെ സാഹിത്യസൃഷ്ടികൾ എഡിറ്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി പ്രിന്റ് ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും കുട്ടികൾക്കും നൽകുന്ന എഴുത്തുപച്ച പദ്ധതി, കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ഒറ്റപ്പെട്ടുപോയ സ്കൂൾ കുട്ടികളെ ചേർത്തുപിടിക്കാനും ഒറ്റപ്പെടലിനെ സാധ്യതകളാക്കി മാറ്റാനും നടപ്പിലാക്കിയ അക്ഷരവൃക്ഷം പദ്ധതി എന്നിവയും വിദ്യാർഥികളുടെ സാഹിത്യകഴിവുകൾ വളർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

കുട്ടികളുടെ സാഹിത്യ കഴിവുകൾ വളർത്തുന്നതിന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ (SIET) ആഭിമുഖ്യത്തിൽ 'അക്ഷരക്കൂട്ട്' പരിപാടി സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നായി 120 എഴുത്തുപ്രതിഭകൾ പങ്കെടുത്തു. എല്ലാ വർഷവും കുട്ടികൾക്കായി ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നു. കുട്ടികളുടെ മികച്ച രചനകൾ SCERT-യുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കും.

(സി) വിദ്യാർഥികളുടെ അടിസ്ഥാന ഭാഷാ-ഗണിത ശേഷികൾ മെച്ചപ്പെടുത്തുന്നതിനായി നിപുൺ ഭാരത് മിഷന്റെ ഭാഗമായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർണ്ണക്കൂടാരം (പ്രവർത്തനങ്ങളോട് കൂടിയ പ്രീ-പ്രൈമറി സ്കൂൾ)

പ്രീ-പ്രൈമറി സ്കൂളുകളിൽ സാങ്കേതികവിദ്യാ സൗകര്യങ്ങൾ

നിപുൺ ക്ലാസ് റൂം

ഹലോ ഇംഗ്ലീഷ്

സചിത്ര പുസ്തകം (പിക്ചർ ഡയറി)

സംയുക്ത ഡയറി

സർഗാത്മക ഡയറി

ഗണിതക്കിറ്റ്

ഗണിതവിജയം

ഗണിതപാർക്ക്

ഉല്ലാസ ഗണിതം

വായനാവസന്തം

വായനച്ചങ്ങാത്തം

കുഞ്ഞുവായന

ക്ലാസ് ലൈബ്രറി

ശാസ്ത്ര കൗതുകം

വായനക്കാർഡുകൾ

(ഡി) വിദ്യാർഥികളുടെ സംഖ്യാശാസ്ത്രത്തിലും സാക്ഷരതയിലുമുള്ള കഴിവുകൾ വർധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന വിവിധ പഠനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മലയാളത്തിളക്കം

ഹലോ ഇംഗ്ലീഷ്

സചിത്രപുസ്തകം (പിക്ചർ ഡയറി)

സംയുക്ത ഡയറി

സർഗാത്മക ഡയറി

ഗണിതക്കിറ്റ്

ഗണിതവിജയം

ഗണിതപാർക്ക്

ഉല്ലാസ ഗണിതം

വായനാവസന്തം

വായനച്ചങ്ങാത്തം

കുഞ്ഞുവായന

ക്ലാസ് ലൈബ്രറി

ശാസ്ത്ര കൗതുകം

വായനക്കാർഡുകൾ

മഞ്ചാടി

(ഇ) ഭ്രമിശാസ്ത്ര പഠനത്തിന്റെ ഭാഗമായി കാലാവസ്ഥ ബോധവൽക്കരണത്തിനായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 248 സ്കൂളുകളിൽ സ്കൂൾ വെതർ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മൺസൂണും കുട്ടികളും എന്ന പരിപാടിയും വെതർസ്റ്റേഷനുള്ള സ്കൂളുകളിൽനിന്നും തിരഞ്ഞെടുത്ത കുട്ടികളെയും ജ്യോഗ്രഫി അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന ശില്പശാലയും സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി വെതർ കോൺക്ലേവ് നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, (.....ബഹളം.....) പ്രതിപക്ഷം എന്ത് അക്രമമാണ് കാണിക്കുന്നത്? യു.ഡി.എഫ്. അംഗങ്ങൾ ഒരു മറയുമില്ലാതെ സഭയിൽ പ്രശ്നങ്ങളുണ്ടാക്കുകയാണ്. എന്റെ ചോദ്യം, പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സ്കീം ഇക്കോസിസ്റ്റം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അഞ്ച് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ശാസ്ത്രബോധം, ഗവേഷണ താൽപര്യം എന്നിവ വളർത്തുന്നതിനുള്ള പദ്ധതിയാണ് സ്കീം ഇക്കോസിസ്റ്റം. CUSAT (Cochin University of Science and Technology)-മായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, യു.ഡി.എഫ്. അംഗങ്ങൾ സഭയ്ക്കകത്ത് കാണിക്കുന്നത് ഗ്യാലറിയിലിരിക്കുന്ന കുട്ടികളുൾപ്പെടെ കാണുകയാണ്. ശാസ്ത്രപാർക്കുകൾ എവിടെയെല്ലാമാണ് സജ്ജീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? (.....ബഹളം....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ഹെഡ് സെറ്റ് വച്ച് സംസാരിക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, യു.പി., ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ ശാസ്ത്രപഠനം രസകരമാക്കുന്നതിനും ശാസ്ത്രപഠനത്തിൽ താൽപര്യം വർധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 791 സ്കൂളുകളിൽ ശാസ്ത്രപാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+. (.....ബഹളം....)

ശ്രീ. വി. കെ പ്രശാന്ത്: സർ, പ്രതിപക്ഷം കുട്ടികളുടെ മുമ്പിലാണ് ഈ അഭ്യാസം കാണിക്കുന്നത്. ഇത് കേരളമാകെ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിൽ ഞങ്ങൾക്കുള്ള വലിയ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കേരളത്തിലെ വിദ്യാർഥികളുടെ പ്രധാന വിഷയങ്ങൾപോലും ചർച്ച ചെയ്യാൻ ഇവിടെ അനുവദിക്കില്ലെന്ന് പറയുന്ന പ്രതിപക്ഷത്തിന്റെ കാടത്തം അവസാനിപ്പിക്കണമെന്നുകൂടി ഈ അവസരത്തിൽ ഞാൻ അഭ്യർഥിക്കുകയാണ്. വിവിധ പദ്ധതികളിലൂടെ വിദ്യാഭ്യാസ വകുപ്പ് നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇത് പരിപാലിക്കുന്നതിനും ഉപകരണങ്ങളുടെയും മറ്റും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സ്കൂൾ പി.ടി.എ.-കളെ സഹായിക്കുന്നതിനുമാവശ്യമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അക്കാര്യം വിശദമാക്കാമോ? (.....ബഹളം....)

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, 'എഴുത്തുപച്ച' പദ്ധതിയിലൂടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ വിദഗ്ധരുടെ സഹായത്തോടെ എഡിറ്റ് ചെയ്ത് പുസ്തകരൂപത്തിലാക്കി SCERT (The State Council of Educational Research and Training)-യുടെ അംഗീകാരത്തോടെ പ്രിന്റ് ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും സാഹിത്യ സൃഷ്ടികളുടെ രചയിതാക്കളായ കുട്ടികൾക്കും നൽകിവരുന്നു. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു നോട്ടീസുപോലും നൽകാതെ പ്രതിപക്ഷം ഇവിടെ കാണിക്കുന്ന പ്രാകൃത രീതികൾ കുട്ടികൾപോലും കാണുകയാണ്. വേറെ വിഷയങ്ങളൊന്നുമില്ലാത്തതുകൊണ്ട് കുറെ ദിവസങ്ങളായി സഭയിൽ നിരന്തരമായി കാണിക്കുന്ന തികച്ചും ജനാധിപത്യവിരുദ്ധമായ ഈ ആഭാസം ഈ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ട്. ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന ഒട്ടേറെ നൂതനമായ പ്രവർത്തനങ്ങൾ എല്ലാ ജനങ്ങളും അംഗീകരിക്കുന്ന അഭിനന്ദനാർഹമായ കാര്യമാണ്. കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും മയക്കുമരുന്ന് പോലെയുള്ളവ ഒഴിവാക്കുന്നതിനും കൗൺസിലിങ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിനാൽ കൗൺസിലിങ് കൂടുതൽ വ്യാപകമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, എന്റെ ഫോട്ടോയും ഇവിടെ പ്ലക്കാർഡുകളിൽ കാണുന്നുണ്ട്. യഥാർഥത്തിൽ നാഷണൽ ഹെറാൾഡ് കേസുമായി ബന്ധപ്പെട്ട ബെഡാ ചോറിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. പ്രൈമറി കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് "കുഞ്ഞുവായന". ഒന്ന്, രണ്ട് എന്നീ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ക്ലാസ്സുകളിലെ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പൊതുവിദ്യാഭ്യാസ രംഗം മികവുറ്റതാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും പൊതുവിദ്യാഭ്യാസ വകുപ്പും നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ജനാധിപത്യവിരുദ്ധമായ പ്രവർത്തനം ഗ്യാലറിയിലിരിക്കുന്ന കുട്ടികളും നാട്ടിലെമ്പാടുമുള്ള ജനങ്ങളും കാണുന്നുണ്ടെന്ന് മനസ്സിലാക്കേണ്ടതാണ്. പ്രൈമറി വിഭാഗത്തിലെ കുട്ടികളുടെ വായനാശീലം വളർത്തുന്നതിനും ക്ലാസ് ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടികളുടെ രചനകൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു എക്സിബിഷൻ ഇവിടെ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ വായനാശീലം വർധിപ്പിക്കുന്നതിന് പത്ത് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(.....ബഹളം....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയൂ, അങ്ങ് ഇതൊന്നും ശ്രദ്ധിക്കേണ്ട.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞു.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മി. സ്പീക്കർ: പ്രതിപക്ഷ ബഹളമെല്ലാം ഗ്യാലറിയിലിരിക്കുന്ന കുട്ടികൾ കാണുന്നുണ്ട്. (.....ബഹളം....) ജനാധിപത്യം ഇതല്ല. പ്രതിഷേധിക്കാം, പക്ഷേ രീതി ഇതല്ല. ബാനർ ഉയർത്തലും ആക്ഷേപ മുദ്രാവാക്യം വിളിക്കലുമല്ല ജനാധിപത്യം.

പൊതു വിദ്യാഭ്യാസരംഗത്തെ പുരോഗതി

5 (*246) ശ്രീ. കെ. ജെ. മാക്സി:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കുകളുടെ താരതമ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്താമോ;

(ബി) എസ്.എസ്.എൽ.സി.-ക്കുശേഷം വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനായി യോഗ്യത നേടുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനയുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ക്രാക്ക് ദ എൻട്രൻസ് പരിശീലന പരിപാടിയെക്കുറിച്ച് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി ക്ലാസുകളിലെ (ക്ലാസ് 1 മുതൽ 4 വരെ) കുട്ടികളുടെ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കും ആയതിന്റെ ഗ്രാഫും അനുബന്ധമായി ചേർക്കുന്നു+.

2016-17 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 ക്ലാസ് വരെ) കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർധിച്ചുവരുന്നതായി കാണാൻ കഴിയും.

2020-21-ൽ കോവിഡ് മഹാമാരി രാജ്യത്ത് പിടിമുറുക്കിയപ്പോൾ അതിനെ ഫലപ്രദമായി ചെറുത്തുതോൽപ്പിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിരുന്നു. കോവിഡ് മഹാമാരി കാലത്ത് വിദ്യാലയങ്ങൾ തുറക്കാൻ കഴിയാതെ വന്നപ്പോൾ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച് വിദ്യാഭ്യാസ മേഖലയെ സംരക്ഷിച്ചുനിർത്തുകയായിരുന്നു. തൽഫലമായി കേന്ദ്ര സിലബസിൽ പഠിച്ചുവന്നിരുന്ന അനേകം കുട്ടികൾ 2021-22 അധ്യയന വർഷം സംസ്ഥാന സിലബസിലേക്ക് വന്നത് കാരണമാണ് ടി വർഷം അത്രയും കുട്ടികളുടെ വർധനവുണ്ടായതെന്ന് ഗ്രാഫിൽനിന്നും വ്യക്തമാണ്.

കോവിഡ് കാലഘട്ടത്തിനുശേഷം കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറഞ്ഞുവരുന്നതായി കാണുന്നു. കോവിഡിനുമുമ്പും ശേഷവുമുള്ള വർഷങ്ങളിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലാസുകളിലെ (ക്ലാസ് 1 മുതൽ 4 വരെ) കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ കാര്യമായ വ്യത്യാസം കാണാൻ കഴിയില്ല.

കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറയുന്നതിന് പ്രധാനകാരണമായി കാണുന്നത് ജനനനിരക്കിലെ കുറവ് തന്നെയാണ്. ജനന നിരക്ക് 2006 മുതൽ 2020 വരെ പരിശോധിക്കുമ്പോൾ കുറഞ്ഞുവരുന്നതായി കാണാം. 2006-ൽ ജനനനിരക്ക് 16.63 ആയിരുന്നു. എന്നാൽ 2020-ൽ ഇത് 12.77 ആയി കുറയുന്നതായി കാണാൻ സാധിക്കും. ജനനനിരക്കിൽ വന്ന ഈ കുറവ് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിച്ചതായി കാണാൻ കഴിയും. ആയതിന്റെ 15 വർഷത്തെ കണക്കും ഗ്രാഫും അനുബന്ധമായി ചേർക്കുന്നു+.

പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി ക്ലാസുകളിൽ കഴിഞ്ഞ അധ്യയനവർഷം ഒന്നുമുതൽ മൂന്ന് വരെ ക്ലാസുകളിൽ പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ടുമുതൽ നാലുവരെ ക്ലാസുകളിലായി പഠിക്കുന്നത്. ഇത്തരത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്.

(ബി) ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്ലസ് വൺ കോഴ്സിന് ചേരുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവ് വന്നിട്ടുണ്ട്. എന്നാൽ ഓരോ വർഷവും കോഴ്സ് പൂർത്തീകരിക്കാതെ കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചുവരുന്നതായും കാണുന്നു. കുട്ടികൾ പത്താം ക്ലാസ് വിജയിച്ച് പ്ലസ് വൺ കോഴ്സിന് ചേരുകയും അതിനുശേഷം പത്താം ക്ലാസ് അടിസ്ഥാന യോഗ്യതയുള്ള മറ്റ് തൊഴിലധിഷ്ഠിത-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിലേക്ക് അഡ്മിഷൻ എടുക്കുന്നതായി കണ്ടുവരുന്നു. ഇത് പ്ലസ് വൺ കോഴ്സ് ചെയ്തുവരുന്ന കുറച്ചുകുട്ടികൾ കോഴ്സ് പൂർത്തീകരിക്കാതെ പോകുന്നതിന് ഒരു കാരണമാണ്. സ്ഥലംമാറ്റം, മറ്റ് കാരണങ്ങൾ എന്നിവമൂലം മാതാപിതാക്കളുടെ അഭ്യർഥന പ്രകാരവും കോഴ്സ് പൂർത്തികരിക്കുന്നതിനുമുമ്പ് ടി.സി. വാങ്ങിപ്പോകുന്നത് മറ്റൊരു കാരണമാണ്. ഇത്തരത്തിൽ വിടുതൽ വാങ്ങിയ കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാനത്തുടനീളം ഹയർസെക്കൻഡറി കോഴ്സുകളിൽ ചേരുന്ന കഴിഞ്ഞ പത്ത് വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ, ഓരോ വർഷവും വർധിച്ചിരിക്കുന്നതായാണ് കാണുന്നത്. മികച്ച പഠനനിലവാരം, ഓരോ പരീക്ഷയ്ക്കും ആവശ്യമുള്ള സിലബസ് യഥാസമയം പൂർത്തീകരിച്ച് പാദവാർഷിക പരീക്ഷകളിലും പൊതുപരീക്ഷകളിലും പങ്കെടുക്കുന്നതിനുവേണ്ടിയുള്ള ആത്മവിശ്വാസം കുട്ടികൾക്ക് പകരുന്ന രീതി അവലംബിച്ചിട്ടുള്ളതും കൂടാതെ മികവുറ്റ രീതിയിലുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, കാര്യക്ഷമമായ മൂല്യനിർണ്ണയം, ഹയർ സെക്കൻഡറി അധ്യാപകർക്ക് നൽകിവരുന്ന പരിശീലനം മുതലായവ കുട്ടികളുടെ കാര്യക്ഷമത വർധിപ്പിച്ചിട്ടുള്ളതും തന്മൂലം വിജയ സാധ്യത കൂടിയിട്ടുള്ളതുമായി കാണുന്നു. മുൻവർഷങ്ങളിലെ വിജയശതമാനം സൂചിപ്പിക്കുന്ന പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു+.

(ഡി) മെഡിക്കൽ, എഞ്ചിനീയറിങ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കായി വീഡിയോ ക്ലാസുകളും ഇന്ററാക്ടീവ് പോർട്ടലും ഉൾപ്പെടുന്ന ക്രാക് ദ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻട്രൻസ് പരിപാടി 2023-24 അധ്യയന വർഷം കൈറ്റ് നടപ്പിലാക്കി. കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ പരിശീലിക്കുന്നതോടൊപ്പം കുട്ടികൾക്ക് മോക് ടെസ്റ്റിൽ ഉൾപ്പെടെ പങ്കെടുക്കുന്നതിന് www.entrance.kite.kerala.gov.in എന്ന പോർട്ടലും വികസിപ്പിച്ചു. ചോദ്യാവലികൾ, അസൈൻമെന്റുകൾ, മോക് ടെസ്റ്റുകൾ എന്നിവ ചെയ്യുന്നതിനും സൗകര്യമുണ്ട്. ഇതിന്റെ തുടർച്ചയായി തൊട്ടടുത്ത അധ്യയന വർഷം (2024-25) മുതൽ കൈറ്റ് നടപ്പിലാക്കിയ പദ്ധതിയാണ് കീ ടു എൻട്രൻസ്. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞുള്ള എല്ലാ പ്രവേശന പരീക്ഷയിലും പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി. താൽപര്യവും കഴിവും ഉണ്ടായിട്ടും പിന്തുണ ലഭിക്കാത്തതുകൊണ്ടുമാത്രം പൊതുപ്രവേശന പരീക്ഷകളിൽ പിന്തള്ളപ്പെട്ടുപോകുന്ന കുട്ടികൾക്ക് പിന്തുണ നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. (.....ബഹളം....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇതെല്ലാം കുട്ടികൾ കാണുകയാണ്. (.....ബഹളം....)

ശ്രീ. വി. ശിവൻകുട്ടി: സർ, വാച്ച് ആൻഡ് വാർഡിനെ അടിക്കുകയാണ്. അവർക്ക് സംരക്ഷണം നൽകണം. (.....ബഹളം....) ശ്രീ. റോജി എം. ജോണിനെ സഭയിൽനിന്നും പുറത്താക്കണം. (.....ബഹളം....)

ശ്രീ. കെ. ജെ. മാക്സി: സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ പുരോഗതി വിലയിരുത്തുന്ന ചോദ്യമാണിത്. ഈ സമയത്ത് ഇത് അവതരിപ്പിക്കാൻ സമ്മതിക്കാതെ പ്രതിപക്ഷം നടത്തുന്നത് ആഭാസ സമരമാണ്. എന്റെ ചോദ്യം, വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കുന്നതിന്റെ ഭാഗമായി NCERT (The National Council of Educational Research and

Training) നടത്തുന്ന പ്രവർത്തനങ്ങളെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ? (.....ബഹളം....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... (.....ബഹളം.....) അംഗങ്ങൾ അവരവരുടെ സീറ്റുകളിൽപോയി ഇരിക്കണം. (.....ബഹളം....) ബഹുമാനപ്പെട്ട മിനിസ്റ്റർ, ഉത്തരം പറയൂ. (.....ബഹളം.....) പ്ലീസ്.... പ്ലീസ്.... (.....ബഹളം....) ചോദ്യോത്തരവേള നിർത്തിവയ്ക്കുന്നു. സഭ അല്പസമയം നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും രാവിലെ 9.50-ന് സഭ താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 09.50-ന് നിർത്തിവച്ച സഭ 10.06-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: അംഗങ്ങളെല്ലാവരും സീറ്റിലിരിക്കണം. പ്ലീസ്.... പ്ലീസ്...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സഭാനടപടികൾ സ്തംഭിപ്പിക്കുന്നത് (.....ബഹളം.....)

മി. സ്പീക്കർ: യെസ് അദ്ദേഹം പറയട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, സഭാനടപടികൾ സ്തംഭിപ്പിക്കുന്നത് സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടൊന്നുമല്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആറ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

തവണയാണ് അന്നത്തെ പ്രതിപക്ഷം ചോദ്യോത്തരവേള സ്തംഭിപ്പിച്ചത്. ഇത് ആദ്യമായിട്ടൊന്നുമല്ല. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... (....ബഹളം....) അങ്ങ് പറഞ്ഞോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷം സഭാനടപടികൾ സ്തംഭിപ്പിച്ച് സമരം ചെയ്യുമ്പോൾ എത്രയോ വർഷങ്ങൾക്കുശേഷം ഇപ്പോഴാണ് പ്രതിപക്ഷാംഗങ്ങളെ നേരിടാൻ വാച്ച് ആൻഡ് വാർഡിനെ ഇറക്കിയിരിക്കുന്നത്. എന്നിട്ടും ഞങ്ങൾ പ്രകോപനമുണ്ടാക്കിയില്ല. ഞങ്ങളുടെ വനിതാ അംഗങ്ങളെവരെ ഇവർ തള്ളിമാറ്റി. (....ബഹളം....) എന്നിട്ടും ഞങ്ങൾ പ്രകോപനമുണ്ടാക്കിയില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നാണ് പ്രകോപനമുണ്ടായത്.

മി. സ്പീക്കർ: നോ... നോ... അങ്ങനെ പറയരുത് (....ബഹളം....) പ്ലീസ് കൺക്ലൂഡ്. അങ്ങ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് പറയൂ. (....ബഹളം....)

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ അദ്ദേഹത്തോട് മാന്യമായാണ് പെരുമാറുന്നത്. പക്ഷേ ശ്രീ. മുഹമ്മദ് റിയാസ്, ശ്രീ. സജി ചെറിയാൻ എന്നീ മന്ത്രിമാരുടെ നേതൃത്വത്തിലാണ് ആദ്യം വെല്ലിൽ ഇറങ്ങി ഞങ്ങളെ കായികമായി നേരിട്ടത്. (....ബഹളം.....)

മി. സ്പീക്കർ: വെല്ലിൽ ഇറങ്ങിയിട്ടില്ല. (....ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങളാണോ തീരുമാനിക്കുന്നത്? കള്ളം പറയരുത്. (....ബഹളം.....) ആ കസേരയിലിരുന്ന് കള്ളം പറയരുത്. (....ബഹളം.....) ഞങ്ങൾ ഈ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്. (....ബഹളം....)

(പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനാണ് ഇന്ന് രാവിലെ ബഹുമാന്യനായ സ്പീക്കർ കക്ഷിനേതാക്കളുടെ യോഗം വിളിച്ചത്. എന്നാൽ അങ്ങ് വിളിച്ച യോഗം ബഹിഷ്കരിച്ചവരാണ് പ്രതിപക്ഷം. എന്താണ് പ്രതിപക്ഷത്തിന്റെ ഉദ്ദേശ്യമെന്നും നേരത്തെ തയ്യാറാക്കിയ തിരക്കഥ എന്താണെന്നുള്ളതിനും അതിനെക്കാൾ കൂടുതൽ തെളിവ് ആവശ്യമില്ല. ഇന്ന് പ്രതിപക്ഷനേതാവാണ് ശ്രീ. എ. പി. അനിൽ കുമാറിനെയും ശ്രീ. ടി. സിദ്ദിഖിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കാൻ പറഞ്ഞയച്ചത്. പ്രതിപക്ഷം എല്ലാ പ്രകോപനവും സൃഷ്ടിച്ചിട്ടും ഭരണപക്ഷം വളരെ ശാന്തമായി, ഒരു പ്രകോപനവുമില്ലാതെ ചോദ്യങ്ങൾ ചോദിക്കുകയും മന്ത്രിമാർ മറുപടി പറഞ്ഞുകൊണ്ടിരിക്കുകയുമായിരുന്നു. ഒരാൾപോലും സീറ്റിൽനിന്ന് അനങ്ങിയിരുന്നില്ല. അപ്പോഴാണ് പ്രതിപക്ഷനേതാവ് ശ്രീ. എ. പി. അനിൽ കുമാറിനെയും ശ്രീ. ടി. സിദ്ദിഖിനെയും മുഖ്യമന്ത്രിയെ ആക്രമിക്കാൻ അദ്ദേഹത്തിന്റെ മുന്നിലേക്ക് പറഞ്ഞയയ്ക്കുന്നത്. ഇത് കേട്ടുകേൾവിയുള്ളതാണോ; മുഖ്യമന്ത്രിയുടെ മുന്നിൽ വന്നുനിന്ന് അദ്ദേഹത്തെ ആക്രമിക്കുന്നതും അധിക്ഷേപിക്കുന്നതും ഈ സഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ക്രിയാത്മക പ്രതിപക്ഷമായിരിക്കുമെന്ന് പ്രതിപക്ഷനേതാവ് മുമ്പ് പറഞ്ഞു. എന്നാൽ ഇപ്പോൾ ആക്രമണാത്മക പ്രതിപക്ഷമായി മാറിയതാണ് നാം കണ്ടത്. മാത്രമല്ല, ശ്രീമതി ഉമ തോമസിനെപ്പോലെ, ഗുരുതര പരിക്കേറ്റ് ഇപ്പോഴും ചികിത്സയ്ക്ക് വിധേയയായിക്കൊണ്ടിരിക്കുന്ന ഒരാളെ മനുഷ്യകവചമായി ഉപയോഗിച്ചാണ് ഈ ആക്രമണപദ്ധതി ആവിഷ്കരിച്ചത്. രാഷ്ട്രീയലാഭത്തിനുവേണ്ടി എന്തും

ചെയ്യുന്ന പ്രതിപക്ഷത്തെയും പ്രതിപക്ഷനേതാവിനെയുമാണ് നാം ഈ സഭയിൽ കണ്ടത്. ഇത് സഭയുടെ ചരിത്രത്തിലെ തീരാക്കളങ്കമാണ്. ഇത് നമ്മൾ ആരും ഇതുവരെ കണ്ടിട്ടില്ല. ഒരു സ്ത്രീയെ, അതും ചികിത്സയ്ക്ക് വിധേയയായിക്കൊണ്ടിരിക്കുന്ന ബഹുമാന്യയായ ഒരു വനിതാ അംഗത്തെ, ഈ ആക്രമണത്തിന് മുന്നിൽ നിർത്തുന്നത് നീചമായ സമീപനമാണ്. അത് അങ്ങും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. പ്രതിപക്ഷത്തിന്റെ ഈ സമീപനം അപലപനീയമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):സർ, അങ്ങേയറ്റം സംയമനത്തോടെയാണ് ബഹു. സ്പീക്കർ ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. രണ്ടുദിവസമായി പ്രതിപക്ഷം സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയായിരുന്നു. രണ്ടുദിവസവും ഒരു തരത്തിലുള്ള പ്രകോപനവും ഭരണപക്ഷത്തുനിന്നുമുണ്ടായില്ല. മാത്രമല്ല, സഭ നടത്തിക്കൊണ്ടുപോകുന്നതിന് വലിയതോതിൽ സഹായകരമായ നിലപാടാണ് അങ്ങും സ്വീകരിച്ചത്. എന്നാൽ, അങ്ങയുടെ തുടർച്ചയായ അഭ്യർഥന സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറായില്ല. അതിലേറ്റവും വലിയ പ്രത്യേകതയെന്ന് പറയുന്നത്, അങ്ങയുടെ മുഖം ഞങ്ങളാരും കാണാതിരിക്കുന്നതിനായി അങ്ങയുടെ സീറ്റ് മറച്ചുപിടിച്ചത് പ്രതിപക്ഷം ബോധപൂർവം ചെയ്തൊരു കാര്യമാണ്; ബോധപൂർവം അങ്ങയെ സഭയുടെ മുന്നിൽനിന്ന് മറയ്ക്കുകയായിരുന്നു. കേരളത്തിൽ ഇതിനുമുമ്പ് ഈ രീതിയിൽ ഒരു സംഭവവും നടന്നിട്ടില്ല. നമ്മുടെ രാജ്യത്തെ പലയിടങ്ങളിലും വിവിധ പാർലമെന്ററി പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. രാജ്യത്ത് ഒരിടത്തും ബഹുമാനപ്പെട്ട സ്പീക്കറെ പൂർണ്ണമായും സഭയുടെ ദൃശ്യത്തിൽനിന്ന് മറച്ചുപിടിക്കുന്ന തരത്തിൽ ഒരു പ്രവർത്തനം ഏതെങ്കിലും പ്രതിപക്ഷം

നടത്തിയതായി ഇതുവരെ കണ്ടിട്ടില്ല. പലപ്പോഴും പലരൂപത്തിലുള്ള പ്രതിഷേധങ്ങൾ പ്രകടിപ്പിക്കപ്പെടാറുണ്ട്. പക്ഷേ അതിൽനിന്നെല്ലാം വേറിട്ട നടപടികൾ പ്രതിപക്ഷം സ്വീകരിച്ചപ്പോൾ അവരുമായി ചർച്ച ചെയ്ത് സമവായമുണ്ടാക്കാൻ കഴിയുമോയെന്ന നിലപാടാണ് അങ്ങ് കൈക്കൊണ്ടത്. അതിന്റെ ഭാഗമായിരിക്കാം ഇന്ന് രാവിലെ 8.30-ന് കക്ഷിനേതാക്കളുടെ യോഗം ചേരാൻ അങ്ങ് ഞങ്ങളെയെല്ലാം വിളിച്ചത്. ഭരണപക്ഷത്തുള്ള കക്ഷിനേതാക്കളെല്ലാം അങ്ങയുടെ അറിയിപ്പനുസരിച്ച് 8.30-ന് അവിടെ എത്തിച്ചേർന്നു. എന്നാൽ അവിടെ പ്രതിപക്ഷത്തെ കാണാതിരുന്നപ്പോൾ അങ്ങയുടെ ഓഫീസിൽനിന്ന് പ്രതിപക്ഷനേതാവിനെ ബന്ധപ്പെട്ടപ്പോഴാണ്, 'ഞങ്ങൾ പങ്കെടുക്കുന്നില്ല, ബഹിഷ്കരിക്കുന്നു' എന്ന് പറയുന്നത്. ഒരുതരത്തിലുള്ള സമവായത്തിനും പ്രതിപക്ഷം തയ്യാറല്ലെന്നതിന്റെ വ്യക്തമായ സന്ദേശമാണത്. അവരുടെ ആവശ്യം എന്താണെന്നുള്ളതാണ് ഇവിടെ പ്രധാനം. ഈ സഭയിൽ രണ്ടുദിവസമായി ഇത്തരത്തിൽ സഭാനടപടികളാകെ, ചോദ്യോത്തരവേളയടക്കം സ്തംഭിപ്പിച്ചുകൊണ്ടുള്ള പ്രതിഷേധം പ്രതിപക്ഷം ഉയർത്തുമ്പോൾ എന്താണ് അവരുടെ ആവശ്യം? പാർലമെന്ററി രീതിയനുസരിച്ച് ഏത് പ്രതിപക്ഷത്തിനും സഭയിൽ ആവശ്യങ്ങൾ ഉന്നയിക്കാം.

എന്താണ് നിങ്ങളുടെ ആവശ്യമെന്ന് അങ്ങ് പലവട്ടം ചോദിച്ചല്ലോ; ഇതുവരെ അവരത് ഉന്നയിക്കാൻ തയ്യാറായോ; അവർ ഉന്നയിക്കുന്ന ഏത് പ്രശ്നത്തിനും വിശദീകരണം നൽകാനും മറുപടി പറയാനും ഞങ്ങൾ തയ്യാറാണല്ലോ; എന്തിനാണ് അവർ ഭയപ്പെടുന്നത്? അവർ ഇവിടെ ഉയർത്തിയ ചില ബോർഡുകളിൽ 'സഭയിൽ ഭയം' എന്ന് എഴുതിയിരിക്കുന്നത് കാണാൻ കഴിഞ്ഞു. അത് സ്വയമേവ അവർക്കുള്ള ഭയമല്ലേ; ആ

ഭയത്തിന്റെ ഭാഗമായല്ലേ അവർ ഇവിടെ ഒരു പ്രശ്നവും ഉന്നയിക്കാതിരുന്നത്? ചോദ്യോത്തരവേള, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവയിലൂടെയെല്ലാം പ്രശ്നങ്ങൾ ഉന്നയിക്കാൻ മാർഗങ്ങളുണ്ട്. ഇതിനെല്ലാം പുറമെ പല ഘട്ടങ്ങളിലായി പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രത്യേക അവകാശം ഉപയോഗിച്ചുകൊണ്ട്, അങ്ങയുടെ അനുമതിയോടുകൂടി പല കാര്യങ്ങളും ഇവിടെ ഉന്നയിക്കാറുമുണ്ട്. അങ്ങനെയുള്ള ഏതെങ്കിലുമൊരു മാർഗം സ്വീകരിക്കാൻ ഇതുവരെ അവർ തയ്യാറായോ; അവർ എന്താണ് ചെയ്യുന്നത്? അവർ വസ്തുതകളെ ഭയപ്പെടുന്നു; അവർക്ക് വിഷമകരമായ രീതിയിൽ വസ്തുതകൾ ഉയർന്നുവരും; അത് ഭയപ്പെട്ടുകൊണ്ടാണ് സഭയിൽ ഒന്നും ഉന്നയിക്കാൻ തയ്യാറാകാതെ ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. അവർക്കതിന് അവരുടേതായ രീതികളുണ്ട്. ആ രീതികൾക്കനുസരിച്ച് അവരോട് ചേർന്നുനിൽക്കുന്ന മറ്റ് സംവിധാനങ്ങളുമുണ്ട്. അത്തരത്തിലുള്ള ഒരു പുകമറയും ഞങ്ങൾ ഭയപ്പെടുന്നില്ല. വസ്തുതകളെ വസ്തുതകളായി അവതരിപ്പിക്കാൻ ഞങ്ങൾ തയ്യാറാണ്. ശബരിമലയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ഒരു കാര്യമാണ് അവർ ഇവിടെ ഉന്നയിച്ചുകൊണ്ടിരിക്കുന്ന പ്രശ്നം. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിശോധന നടക്കാനിടയായിട്ടുണ്ട്. ഈ വിഷയത്തിൽ കൃത്യമായ പരിശോധനയും അന്വേഷണവും നടക്കണമെന്ന നിലപാടാണ് ദേവസ്വം ബോർഡും ദേവസ്വം വകുപ്പും ഞങ്ങളാകെയും ഹൈക്കോടതിയിൽ സ്വീകരിച്ചത്. ഞങ്ങൾ ഒരുകാലത്തും ഒരുതരത്തിലുമുള്ള കുറ്റവാളികളെ സംരക്ഷിക്കാൻ തയ്യാറായിട്ടില്ല. ആര് തെറ്റ് ചെയ്താലും തെറ്റ് ചെയ്തവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്ന രീതിയും ശീലവുമാണ് ഞങ്ങൾക്കുള്ളത്. അതുകൊണ്ടുതന്നെ

ഹൈക്കോടതിയിൽ കാര്യങ്ങൾ വന്നപ്പോൾ ഇതിന്റെ ഭാഗമായുള്ള അഭിപ്രായങ്ങൾ ഞങ്ങളും ദേവസ്വം ബോർഡും ദേവസ്വം വകുപ്പും രേഖപ്പെടുത്തുകയും ചെയ്തു. അതിന്റെ ഭാഗമായി ഹൈക്കോടതി നിശ്ചയിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തും. അപ്പോൾ എന്താണ് അവരുടെ ഡിമാന്റ്? ഇവരുടെ ഡിമാൻഡ് എന്താണെന്ന് ഇവിടെ പറയുന്നില്ല. പക്ഷെ, അന്വേഷണം നടത്തേണ്ടത് സി.ബി.ഐ. ആണെന്ന് അവർ ഉയർത്തിയ ഒരു ബോർഡിൽ എഴുതിയിരിക്കുന്നത് കണ്ടു. അതിന്റെ പിന്നിലുള്ള രാഷ്ട്രീയത്തിന്റെ ഭാഗമായി ഉയർന്ന മുദ്രാവാക്യമാണത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശമനുസരിച്ച് ലാ ആൻഡ് ഓർഡർ, ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ടീമാണ് അന്വേഷണം നടത്താൻ തയ്യാറായിട്ടുള്ളത്. ആ അന്വേഷണം കുറ്റമറ്റരീതിയിൽ നടക്കും, ഒരു കുറ്റവാളിയും രക്ഷപ്പെടാൻ പോകുന്നില്ല. അതാണ് ആ അന്വേഷണത്തിന്റെ യഥാർഥ സ്ഥിതിയെന്ന് നാം കാണണം. അതെല്ലാം വന്നപ്പോൾ ഒന്നും പറയാനില്ലാത്തതിനാലാണ് ഇങ്ങനെ ചില രീതികൾ അവർ സ്വീകരിക്കുന്നത്. ഇവിടെ നടന്ന കാര്യത്തെക്കുറിച്ച് ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സൂചിപ്പിച്ചു. ഞാൻ ഇവിടെ നടന്നതൊക്കെ കാണുകയായിരുന്നു. ഇതിനിടയിൽ ഞാൻ ബഹു. സ്പീക്കറുടെ റൂമിൽപോയിരുന്നു. അവിടെനിന്നും സഭയിലേക്ക് തിരികെ വന്നപ്പോൾ കാണുന്നത്, ഇവിടെ പലരും സൂചിപ്പിച്ചിട്ടുള്ള, സുപ്രീംകോടതിയിൽ പോയി വല്ലാതെ തിരിച്ചടി ഏൽക്കേണ്ടിവന്ന ഒരു ബഹുമാന്യ പ്രതിപക്ഷാംഗം അവിടെ നിൽക്കുന്നതാണ്. എന്താണ് അദ്ദേഹം അവിടെ നിൽക്കുന്നതെന്ന് ഞാൻ ആശ്ചര്യപ്പെട്ടു. അങ്ങോട്ട് കയറാനുള്ള രീതിയിലായിരുന്നു അദ്ദേഹം

അവിടെ നിന്നിരുന്നത്. ഞാൻ ഇവിടെ വന്നിരുന്ന് കുറച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം പതിയെ അവിടേക്ക് ചാടി കയറുന്ന നിലവന്നു. അതിനൊപ്പം രണ്ടുമൂന്ന് അംഗങ്ങൾ വന്ന് വാച്ച് ആൻഡ് വാർഡിനെ ആക്രമിക്കുന്ന സാഹര്യമുണ്ടായി. ഇതെല്ലാം ഞാൻ ഇവിടെയിരുന്ന് കാണുകയാണ്. വാച്ച് ആൻഡ് വാർഡായാലും മനുഷ്യനാണല്ലോ. മൂന്നുനാല് അംഗങ്ങൾ ചേർന്ന് പിടിച്ച് വലിക്കുമ്പോൾ അവരുടെമേൽ വലിയ പ്രഷർ വരികയാണ്. അപ്പോൾ ഒരാൾക്ക് വലിയ ക്ഷീണഭാവം അനുഭവപ്പെടുന്നതും ഞാൻ ഇവിടെയിരുന്ന് കാണുകയാണ്. എന്തിനാണ് ഇത്തരത്തിലുള്ള ഒരു കാര്യത്തിന് ഇറങ്ങിത്തിരിച്ചത്; എന്തിനാണ് നിശബ്ദ ജീവികളായ വാച്ച് ആൻഡ് വാർഡിനെ ആക്രമിക്കാൻ പുറപ്പെട്ടത്; എന്തിനാണ് അവരെ തള്ളിമാറ്റാൻ നോക്കിയത്? അവരുടെ കൂടെയുള്ള വനിതാ വാച്ച് ആൻഡ് വാർഡിനെ തള്ളുന്ന കാഴ്ച കണ്ടതാണല്ലോ. 'എട്ട് മുക്കാൽ അട്ടി വച്ചപോലെ" എന്ന് എന്റെ നാട്ടിലൊക്കെ സാധാരണയായി പറയാറുണ്ട്, അത്രയും ഉയരം മാത്രമുള്ള ഒരാളാണ് പോയി വലിയതോതിൽ ആക്രമിക്കാൻ പുറപ്പെടുന്നത്. സ്വന്തം ശരീരശേഷി അതിനൊന്നും കഴിയുന്നതല്ലെന്ന് കാണുന്ന എല്ലാവർക്കുമറിയാം. പക്ഷെ, നിയമസഭയുടെ പരിരക്ഷ വച്ചുകൊണ്ട് വനിതാ വാച്ച് ആൻഡ് വാർഡിനെയുൾപ്പെടെ ആക്രമിക്കാൻ തയ്യാറാവുകയാണ്. ഇതെല്ലാം അപമാനകരമല്ലേ? ഇത്തരം അവസരങ്ങളിൽ സാധാരണഗതിയിലുള്ള പാർലമെന്ററി നടപടിക്രമം എന്താണെന്ന് അറിയാത്തവരല്ല ഞങ്ങളാരും. സഭാനടപടികൾ ക്രമമായി നടന്നുപോകട്ടെ എന്ന ഉയർന്ന ജനാധിപത്യബോധവും പാർലമെന്ററി ജനാധിപത്യ രീതികളും സ്വീകരിക്കുന്നതുകൊണ്ടാണ് ആ നടപടിക്രമത്തിലേക്കൊന്നും ഞങ്ങളോ അങ്ങോ

1 സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./8253/2025/എഡിറ്റിങ്) പ്രകാരം സഭാ രേഖകളിൽ നിലനിർത്തി.

നീങ്ങാത്തത്. പക്ഷെ, അതൊരു ദൗർബല്യമായി കണ്ട് പ്രതിപക്ഷം എല്ലാ അവസരങ്ങളും ഉപയോഗിക്കുകയാണ്. ഇത് തീർത്തും അപലപനീയവും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയാത്തതുമാണ്. മറ്റ് കാര്യങ്ങളിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. ഇക്കാര്യത്തിൽ ഉചിതമായ നിലപാട് പ്രതിപക്ഷം കൂടിയുള്ളപ്പോൾ അങ്ങ് സഭ മുമ്പാകെ വ്യക്തമാക്കുമെന്നാണ് ഞാൻ കരുതുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കാര്യങ്ങൾ പരാമർശിച്ചു. ജനാധിപത്യത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും മാത്രമല്ല, സ്പീക്കർക്കും ചെയറിനും അവകാശങ്ങളുണ്ട്. സ്പീക്കർക്ക് അംഗങ്ങളെ കാണുക, അംഗങ്ങൾക്ക് തിരിച്ച് സ്പീക്കറെ കാണുക എന്നത് സ്പീക്കറുടെ അവകാശമാണ്. നിർഭാഗ്യവശാൽ കഴിഞ്ഞ രണ്ടുദിവസങ്ങളിലും സ്പീക്കറുടെ മുഖം പൂർണ്ണമായും മറച്ചുകൊണ്ടാണ് പ്രതിപക്ഷം പ്രതിഷേധം രേഖപ്പെടുത്തിയത്. സ്പീക്കർ പദവിയുടെ കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷന്റെ ഭാഗമായാണ് സഭാ സമ്മേളനം നടത്താൻ ശ്രമിച്ചത്. സഭാ സമ്മേളനം പൂർണ്ണമായും തടസ്സപ്പെടുത്താതിരിക്കുന്നതിനായി ഇന്ന് രാവിലെ 8.30-ന് കക്ഷിനേതാക്കളുടെ യോഗം വിളിച്ച് സമവായമുണ്ടാക്കാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ആരും പങ്കെടുത്തില്ല. സഭ നടത്തണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടാൽ നടത്തേണ്ട ഉത്തരവാദിത്വം ചെയറിനുണ്ട്. അതിന്റെ ഭാഗമായാണ് ഇന്ന് വാച്ച് ആൻഡ് വാർഡിനെ ഫ്ലോറിൽ നിയോഗിച്ചത്. സഭാ സമ്മേളനം നടത്തുന്നതിനുവേണ്ടി അവർ വളരെ ശാന്തരായി പ്രതിപക്ഷത്തോട് സഹകരിക്കുകയായിരുന്നു. പക്ഷെ ഒരു തരത്തിലും സഹകരിക്കാതെ മറ്റ് വിഷയങ്ങളിലേക്ക് പോകുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചത്. ഇത് ജനാധിപത്യത്തിന് ഭൂഷണമല്ല.

ഇന്നലെയും ഇന്നുമായി കേരളത്തിന്റെ പല ഭാഗത്തുനിന്നും നിരവധി വിദ്യാർഥികൾ സഭാ സമ്മേളനം കാണാൻ വന്നിരുന്നു. ധാരാളം നിയമങ്ങൾ നിർമ്മിക്കുന്ന, നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒന്നാണ് കേരള നിയമസഭയെന്നാണ് അവർ കരുതുന്നത്. നിലവിലും അങ്ങനെ തന്നെയാണ്. എന്നാൽ സ്പീക്കറുടെ മുഖം മറച്ചും സ്പീക്കർക്കെതിരെ മുദ്രാവാക്യങ്ങൾ വിളിച്ചും ആക്ഷേപിക്കുന്നതാണ് കഴിഞ്ഞ രണ്ടുദിവസങ്ങളിൽ നിർഭാഗ്യവശാൽ അവർ കണ്ടത്. ഇതല്ല കേരള നിയമസഭ, മഹാരഥന്മാർ ഇരുന്ന സഭയാണിത്. നിയമനിർമ്മാണത്തിന് പ്രത്യേക സമ്മേളനം ചേരുന്ന സഭയാണ് കേരള നിയമസഭ. കഴിഞ്ഞ രണ്ടുദിവസങ്ങളിലുണ്ടായ സംഭവങ്ങളെല്ലാം അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇന്നും നിർഭാഗ്യകരമായ സംഭവങ്ങൾ ഇവിടെ അരങ്ങേറി. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെല്ലാം സഭയുമായും ചെയറുമായും സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

10.22 am]

ll. ശ്രദ്ധക്ഷണിക്കൽ

മെട്രോ റെയിൽ പദ്ധതി

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പൊതുഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിച്ച് കേരളത്തിന് അഭിമാനകരമായി മാറിയ കൊച്ചി നഗരത്തിന്റെ ജീവനാഡിയായ കൊച്ചി മെട്രോ 2017 ജൂൺ 17-നാണ് പ്രവർത്തനം ആരംഭിക്കുന്നത്. കൊച്ചിയിലും പരിസര പ്രദേശങ്ങളിലും പുതിയ യാത്രാനുഭവമായി അത് മാറിയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ 8 വർഷംകൊണ്ട് സംസ്ഥാനത്ത് ഏറ്റവും സ്വീകാര്യതയുള്ള

പൊതുഗതാഗത സംവിധാനമായി മെട്രോ മാറിക്കഴിഞ്ഞു. സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ കൊച്ചി നഗരത്തിൽ മെട്രോ സാന്നിധ്യം ജനങ്ങൾക്ക് വലിയ അനുഗ്രഹമാണ്. രാജ്യത്തെ എട്ടാമത്തെ മെട്രോ ആയാണ് കൊച്ചി മെട്രോ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത്. 1999-ലെ ഇ. കെ. നായനാർ സർക്കാരാണ് കേരളത്തിന്റെ സ്വപ്ന പദ്ധതിയായ മെട്രോ എന്ന ആശയം മുന്നോട്ടുവച്ചത്. പൊതുമേഖലാ സ്ഥാപനമായ റൈറ്റ്സിനെ (RITES) സാധ്യതാ പഠന ചുമതല ഏൽപ്പിച്ചതുമുതലുള്ള പ്രയത്നങ്ങളാണ് ഇന്ന് കൊച്ചിയുടെ ആകാശത്ത് ചൂളമടിച്ച് മെട്രോ പായുന്നതിന് കാരണമായത്. എൽ.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യംകൊണ്ടാണ് കൃത്യമായ പരിശോധനകളിലൂടെയും ഇടപെടലുകളിലൂടെയും വേഗത്തിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. മെട്രോ വന്നതോടെ കൊച്ചിയിലുള്ള പൊതുഗതാഗത മാർഗം അസാധാരണമാംവിധം മാറിയിട്ടുണ്ട്. ആലുവ മുതൽ പേട്ട വരെ മാത്രമാണ് ആദ്യഘട്ടത്തിൽ ഇത് വിഭാവന ചെയ്തിരുന്നതെങ്കിലും ഒന്നാംഘട്ടം മെട്രോ ആലുവ മുതൽ തൃപ്പൂണിത്തുറവരെ ദീർഘിപ്പിക്കുവാൻ കഴിഞ്ഞത് എൽ.ഡി.എഫ്. സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലമാണ്. ഒന്നാംഘട്ടം വിജയകരമായി പൂർത്തീകരിച്ച മെട്രോ രണ്ടാംഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോ പാർക്കിന്റെ ഫേയ്സ്-I വരെയാണ് രണ്ടാംഘട്ടം വിഭാവന ചെയ്തിട്ടുള്ളത്. സമീപകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ജി.സി.ഡി.എ.-യും ഇൻഫോ പാർക്കും ചേർന്നൊരു എഗ്രിമെന്റ് ഒപ്പുവയ്ക്കുകയുണ്ടായി. ഇൻഫോ പാർക്കിന്റെ മൂന്നാംഘട്ടം എന്റെ

നിയോജകമണ്ഡലത്തിലെ കുന്നത്തുനാട്, കിഴക്കമ്പലം എന്നീ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതാണെന്ന് അതിൽ പറയുന്നുണ്ട്. നിലവിൽ ഏറ്റവും കൂടുതൽ ട്രാഫിക് അനുഭവപ്പെടുന്ന പ്രദേശങ്ങളിലൊന്നാണ് എറണാകുളം ജില്ലയുടെ ഭരണസിരാകേന്ദ്രമായ കാക്കനാട്. നിലവിൽ കാക്കനാടുവരെ വന്നിരിക്കുന്ന മെട്രോ, എന്റെ നിയോജകമണ്ഡലമായ കുന്നത്തുനാട്ടിലെ മനക്കക്കടവിലേക്ക് (ഏകദേശം മൂന്ന് കിലോമീറ്റർകൂടി) ദീർഘിപ്പിച്ചാൽ കിഴക്കിന്റെ കവാടമായ കോതമംഗലം, പെരുമ്പാവൂർ, കുന്നത്തുനാട്, ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന മറ്റു കിഴക്കൻ പ്രദേശങ്ങൾ എന്നിവയ്ക്കുകൂടി പ്രയോജനകരമാകും. തീർച്ചയായും, അത് മെട്രോയുടെ മൂന്നാംഘട്ട വികസനത്തിന് സഹായകരമാകും. മാത്രമല്ല, തിരുവനന്തപുരം-കോഴിക്കോട് മെട്രോകൂടി വരികയാണെങ്കിൽ കേരളത്തിൽ അടുത്ത അമ്പത് വർഷത്തേക്കുള്ള വികസനമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോ പാർക്ക് വഴി സ്മാർട്ട് സിറ്റിവരെ 11.2 കി.മീ. ദൈർഘ്യമുള്ള രണ്ടാംഘട്ട നിർമ്മാണം പുരോഗമിച്ചുവരികയാണ്. മറ്റുസ്ഥലങ്ങളിലേക്ക് മെട്രോ ദീർഘിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. തിരുവനന്തപുരം-കോഴിക്കോട് മെട്രോ റെയിൽ പദ്ധതിയുടെ നിർവഹണത്തിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതിക്കായി 2017-ലെ പുതുക്കിയ മെട്രോ നയത്തിനനുസൃതമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി കൊച്ചി മെട്രോ റെയിൽ സമർപ്പിച്ച സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ്

അനാലിസിസ് റിപ്പോർട്ട് എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. ഇവ അംഗീകരിച്ചശേഷം കേന്ദ്രാനുമതിയോടുകൂടി ഡി.പി.ആർ. അന്തിമമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. തിരുവനന്തപുരം മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ച വിവിധ അലൈൻമെന്റുകൾ പരിശോധിച്ച് ഏറ്റവും മെച്ചപ്പെട്ടതും കൂടുതൽ യാത്രക്കാർക്ക് പ്രയോജനപ്രദവുമായ തരത്തിൽ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, മൂന്നാംഘട്ട വികസനത്തിൽ ഇൻഫോ പാർക്കിന്റെ ലാൻഡ് പൂളിങ് നടക്കുന്ന പ്രദേശത്തുകൂടി ഇത് വ്യാപിപ്പിക്കുകയാണെങ്കിൽ അത് കൊച്ചി നഗരത്തിനും ജില്ലയുടെ കിഴക്കൻ മേഖലയ്ക്കും ഏറ്റവും അനുയോജ്യമായിരിക്കും. അതിനുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പിണറായി വിജയൻ: സർ, കൊച്ചി മെട്രോ വന്നതോടുകൂടി അതിന്റെ സൗകര്യങ്ങൾ എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. നിലവിൽ മെട്രോ ഇല്ലാത്ത സ്ഥലങ്ങളിലേക്കുകൂടി ഈ സൗകര്യം എത്തിക്കണമെന്ന് അതത് സ്ഥലത്തുള്ളവർ ആഗ്രഹിക്കുന്നത് സ്വഭാവികമാണ്. രണ്ടാംഘട്ടത്തിന്റെ കാര്യം ഞാൻ പറഞ്ഞു. ഇനിയുള്ള ഘട്ടം എങ്ങനെയാണെന്ന് ഭാവിയിൽ നമുക്ക് ആലോചിച്ച് തീരുമാനിക്കാം.

(നോട്ടീസ് നൽകിയ അംഗം ശ്രീമതി ഉമ തോമസ് സീറ്റിലില്ലാത്തതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

10.28 am]

III. സബ്മിഷൻ

(1) പുതുപ്പാടി പഞ്ചായത്തിലെ ഭൂപ്രശ്നം

ശ്രീ. ലിന്റോ ജോസഫ്: സർ, കേരളത്തിലെ ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളിലൊന്നാണ് തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുതുപ്പാടി പഞ്ചായത്തിലെ പുതുപ്പാടി, ഈങ്ങാപ്പുഴ വില്ലേജുകളിലെ ഭൂപ്രശ്നം. സർവെ നമ്പർ 1/1, 100/1 നിലമ്പൂർക്കാട്, ചെറുപ്ലാട് വനഭൂമി, കോടഞ്ചേരി വില്ലേജിലെ 15/1, ചിപ്പിലിത്തോട് പ്രദേശത്തെ 46 കുടുംബങ്ങളുൾപ്പെടെ രണ്ടായിരത്തി അഞ്ഞൂറോളം കുടുംബങ്ങളെ ബാധിക്കുന്ന ഒരു വിഷയമാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുപ്പാടിയിലെ ക്രയവിക്രയം തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ വളരെ കൃത്യമായി ഇടപെടുകയും ക്രയവിക്രയം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പട്ടയം നൽകുന്നതിന് ഒരു പ്രത്യേക സർവെ സംഘത്തെയും ബഹുമാനപ്പെട്ട മന്ത്രി ചുമതലപ്പെടുത്തിയിട്ടുണ്ട്. എങ്കിലും സമയബന്ധിതമായി ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. സർവെ നമ്പർ 100/1-ൽ ഉൾപ്പെട്ട 47-ഓളം ജന്മിമാരുടെ കൈവശമുണ്ടായിരുന്ന ഭൂമി സംബന്ധിച്ച നിയമക്കുരുക്കുകൾ പ്രധാന തടസ്സമായി നിൽക്കുകയാണ്. മാത്രമല്ല, കോടതി വ്യവഹാരങ്ങൾ പലതവണ നടന്നതിനാൽ വേഗത്തിൽ ഫയൽ തീർപ്പാക്കാനും കഴിഞ്ഞിട്ടില്ല. അതിന് ഉദ്യോഗസ്ഥർ വിസമ്മതിക്കുന്ന എന്നൊരു

ആക്ഷേവും ഇതിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുണ്ട്. നിലമ്പൂർക്കാട് പട്ടയം ഉടൻ വിതരണം ചെയ്യാൻ കഴിയുമെന്നാണ് മനസ്സിലാക്കുന്നത്. പയോണ, കുറുമുരികണ്ടി മേഖലയിൽ സർവെ നമ്പർ 1/1-ലെ 27 പേർക്കും 100/1-ലെ 30 പേർക്കും പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. ചെറുപ്പാട് വനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് പകരം ഭൂമി വിട്ടുനൽകിയിട്ടും പട്ടയമനുവദിക്കാൻ കഴിഞ്ഞിട്ടില്ല. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ പട്ടയം വിതരണം ചെയ്ത സർക്കാരാണിത്. പട്ടയം വിതരണം ചെയ്യുന്നതിന് ഈ സർക്കാർ നിരവധി നിയമനിർമ്മാണങ്ങളും നടത്തിയിട്ടുണ്ട്. ആയതിനാൽ പുതുപ്പാടി പഞ്ചായത്തിലെ ഈങ്ങാപ്പുഴ, പുതുപ്പാടി വില്ലേജുകളിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നിയമനിർമ്മാണമോ ആവശ്യമായ നടപടികളോ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താമരശ്ശേരി താലൂക്കിലെ പുതുപ്പാടി, ചെറുപ്പാട്, നിലമ്പൂർകാട് എന്നീ പ്രദേശങ്ങളിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ മാത്രം ഈ സർക്കാരിന്റെ കാലയളവിൽ ഏതാണ്ട് രണ്ടായിരത്തി എണ്ണൂറിലധികം പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പുതുപ്പാടി വില്ലേജിലെ പട്ടയപ്രശ്നങ്ങൾ നിലനിൽക്കുന്ന ഭൂമി പുതുപ്പാടി ദേശം സർവെ നം. 1/1, 100/1 എന്നിവയിലുൾപ്പെട്ടതാണെങ്കിലും ഭൂരിഭാഗം പേരും കൈവശം വച്ചുവരുന്നത് റീ-സർവെ നം. 1/1-ലെ ഭൂമിയാണ്. വില്ലേജ് രേഖകൾപ്രകാരം സർവെ നം. 1/1 എന്നത് 44

ജന്മികളുള്ള 7700 ഏക്കർ ഒട്ടളവുള്ള സ്വകാര്യ ഭൂമിയാണ്. 7700 ഏക്കർ ഭൂമിയിൽ ഏതാണ്ട് പകുതിയോളം ഭൂമി നിക്ഷിപ്ത വനഭൂമിയായി മാറിയിട്ടുണ്ട്. പുതുപ്പാടി വില്ലേജിൽ പ്ലാന്റേഷൻ ഭൂമി കൈവശം വച്ചിരുന്ന അമാൽഗമേറ്റഡ് മലബാർ എസ്റ്റേറ്റ് എന്ന കമ്പനിയുടെ പേരിലും മുരിക്കൻ കുടുംബത്തിന്റെ പേരിലും മിച്ചഭൂമി നടപടികളാരംഭിക്കുകയും ഏതാണ്ട് അറുന്നൂറേക്കറോളം ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുകയും ചെയ്തിരുന്നു. മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകിയിരുന്നെങ്കിലും പതിച്ചുകിട്ടിയ പലരും പ്രസ്തുത ഭൂമി നിശ്ചിത കാലാവധിക്കുമുമ്പ് കൈമാറുകയോ, ചിലർ അനധികൃതമായി കൈവശപ്പെടുത്തുകയോ ചെയ്തതുവഴിയും മറ്റും നിരവധി കൈമാറ്റങ്ങൾ വഴിയും നിലവിൽ ഭൂമി കൈവശം വച്ചുവരുന്നവർ ധാരാളമായി മാറിയിട്ടുണ്ട്.

പുതുപ്പാടി വില്ലേജിൽ അമാൽഗമേറ്റഡ് മലബാർ എസ്റ്റേറ്റ് എന്ന കമ്പനിയും മുരിക്കൻ കുടുംബവും മുമ്പ് കൈവശം വച്ചിരുന്നതും സെക്ഷൻ 81 പ്രകാരം ഇളവനുവദിച്ചതുമായ ഭൂമിയും പിന്നീട് വ്യാപകമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് 3/1990 ആയി മിച്ചഭൂമി നടപടികൾ ആരംഭിച്ചിരുന്നെങ്കിലും സ്ഥാപനത്തിനെതിരെയുള്ള മിച്ചഭൂമി നടപടികൾ തുടരേണ്ടതില്ലെന്നും പരാമർശിച്ചുകൊണ്ട് പ്രസ്തുത മിച്ചഭൂമി കേസിലെ എല്ലാ നടപടികളും അവസാനിപ്പിച്ചുകൊണ്ട് താമരശ്ശേരി താലൂക്ക് ലാൻഡ് ബോർഡിന്റെ 29-07-2018-ലെ നടപടിക്രമപ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ താമരശ്ശേരി താലൂക്ക് ലാൻഡ് ബോർഡിന്റെ ഈ ഉത്തരവിനെതിരെ സ്റ്റേറ്റ് ലാൻഡ് ബോർഡ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിവിഷൻ ഫയൽ ചെയ്യാനുദ്ദേശിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ

ആവശ്യപ്പെട്ട ചില വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലേക്ക് ഇതിനകം സമർപ്പിച്ചിട്ടുണ്ട്.

മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമി കാലാവധിക്കുമുമ്പോ ശേഷമോ കൈമാറി നിലവിലുള്ള കൈവശക്കാരിൽ എത്തിയതാണോ, മുമ്പ് എസ്റ്റേറ്റ് ഉടമകൾക്ക് സെക്ഷൻ 81 പ്രകാരം ഇളവനുവദിച്ച ഭൂമി കൈമാറി ലഭിച്ചതാണോ, മുമ്പത്തെ ജന്മിമാരിൽനിന്ന് 1964-ന് മുമ്പുതന്നെ രേഖാമൂലമോ വാക്കാലോ കൈമാറി വന്നതാണോ എന്നത് തിട്ടപ്പെടുത്തുന്നതിൽ പ്രായോഗിക പ്രയാസങ്ങളും തോട്ട ഭൂമിയാണെന്ന കാരണത്താൽ സീലിങ് പരിധിയിൽ ഇളവനുവദിച്ച ഭൂമി ഭവനനിർമ്മാണമുൾപ്പെടെയുള്ള പ്ലാന്റേഷനിതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കേസുകളിൽ പട്ടയം അനുവദിക്കുന്നതിനുള്ള നിയമപരമായ പ്രശ്നങ്ങളും കാരണമാണ് പുതുപ്പാടി വില്ലേജിലെ പട്ടയപ്രശ്നങ്ങളിൽ പരിഹാരത്തിന് കാലതാമസം വരുന്നത്.

പുതുപ്പാടിയിലെ പട്ടയപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സമഗ്രമായ വിവരശേഖരണത്തിനുവേണ്ടി താമരശ്ശേരി താലൂക്ക് ഓഫീസിലെയും കോഴിക്കോട് ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെയും കളക്ടറേറ്റിലെയും അംഗങ്ങളെ ഉൾപ്പെടുത്തി 14-02-2025 -ൽ ഒരു സ്പെഷ്യൽ ടീമിനെ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, 15-07-2025-ലെ സ.ഉ.(സാധാ) നം.1716/2025/RD പ്രകാരം റിട്ടയർ ചെയ്തവരുൾപ്പെടെ ഇക്കാര്യത്തിൽ നല്ല ധാരണയുള്ള സർവെയർമാരെയും മറ്റും ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ച് പട്ടയപ്രശ്നം വേഗത്തിൽ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

പുതുപ്പാടി വില്ലേജിലെ നിലമ്പൂർകാട് പ്രദേശത്തെ പട്ടയപ്രശ്നം ലാൻഡ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിൽ റീ-സർവെ 1/1-ൽപ്പെട്ട നിലമ്പൂർകാട് പ്രദേശത്തെ 82 കൈവശക്കാർക്ക് കൂടിയായ്മ ഉറപ്പുവരുത്തി പട്ടയം സ്വീകരിക്കാവുന്നതാണെന്ന സ്പഷ്ടീകരണം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽനിന്ന് നടപടികൾ ആരംഭിക്കുകയും 48 പട്ടയങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിൽ ചെറുപ്ലാട് നിവാസികൾ കൈവശം വച്ചിരിക്കുന്ന 02.62 ഹെക്ടർ ഭൂമിക്ക് പട്ടയം അനുവദിക്കുന്നത് ഫോറസ്റ്റ് ലാൻഡ് ഡൈവേർഷനുമായി ബന്ധപ്പെട്ടതായതിനാൽ ടി ഭൂമിക്ക് പട്ടയം അനുവദിക്കണമെങ്കിൽ വനം വകുപ്പിന് പകരം ഭൂമി നൽകേണ്ടതുണ്ട്. അതിലേക്കായി കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിലെ മുതുകാട് എന്ന സ്ഥലത്ത് ഭൂമി കണ്ടെത്തിയെങ്കിലും നിലവിൽ ആ ഭൂമി കൈമാറാൻ തടസ്സമുണ്ടെന്ന് വനം വകുപ്പ് അറിയിക്കുകയുണ്ടായി. കിഫ്ബി ഫണ്ടുപയോഗിച്ച് റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP)-ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ വിലയ്ക്കുവാങ്ങിയ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചെമ്പനോട വില്ലേജിൽ 1384.64 ആർ സ്വകാര്യ ഭൂമി ബഹുമാനപ്പെട്ട ഗവർണറുടെ പേരിലേക്ക് മാറ്റി പോക്കുവരവ് ചെയ്തിട്ടുള്ളതും ചെറുപ്ലാട് നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിനായി പകരം ഭൂമി വനം വകുപ്പിന് നൽകുന്നതിനായി മേൽ സൂചിപ്പിച്ച ആർ.കെ.ഡി.പി. -ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ വിലയ്ക്കുവാങ്ങിയ 1384.64 ആർ ഭൂമിയിൽനിന്ന് 2.62 ഹെക്ടർ ഭൂമി നൽകുന്ന കാര്യം പരിഗണിച്ചുവരികയാണ്.

ഈങ്ങാപ്പുഴ വില്ലേജിലെ ചെറുപ്ലാട് എന്ന സ്ഥലം പുതുപ്പാടി വില്ലേജിലെ സർവെ നം. 72/1-ൽ ഉൾപ്പെട്ട പുല്ലാഞ്ഞിമേട് പ്രദേശത്തെ 75 ഹെക്ടർ വനഭൂമിയായിരുന്നതും ആയത് 1977-ൽ വെസ്റ്റ് ചെയ്ത് 1978-ൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. ഈ വിഷയത്തിന്മേൽ താമരശ്ശേരി താലൂക്കിലെ ഈങ്ങാപ്പുഴ വില്ലേജിൽ മലപ്പുറം ദേശത്ത് റീസർവെ നം. 72/10-ൽ ഉൾപ്പെട്ട 86.8660 ഹെക്ടർ ഭൂമിയിൽനിന്നും 74 ഗുണഭോക്താക്കൾക്ക് ഒരു ഹെക്ടർ ഭൂമി വീതം 07-07-1978-ന് 1971-ലെ സ്വകാര്യവനഭൂമി (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) നിയമപ്രകാരം വെസ്റ്റഡ് ഫോറസ്റ്റ് സ്പെഷ്യൽ തഹസിൽദാർ പതിച്ചു നൽകുകയും പാറക്കെട്ടുകൾ നിറഞ്ഞതും ഉപയോഗയോഗ്യമല്ലാത്തതുമായ ശേഷിച്ച ഭൂമി പതിച്ചു നൽകാതെ മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ഇപ്രകാരം മാറ്റിവച്ച ഭൂമിയിൽ 1982 മുതൽ കൈയേറ്റങ്ങൾ നടത്തിയിട്ടുള്ളതും നിലവിലെ കൈവശക്കാരായ 45 പേർ 4 സെന്റ് മുതൽ 73 സെന്റ് വരെ കൈവശം വച്ചുവരുന്നതുമാണ്. ആയതിൽ വീടുവച്ച് താമസിക്കുന്നവരും താമസമില്ലാതെ കൈവശം മാത്രം അവകാശപ്പെടുന്നവരുമുണ്ട്. അവരിൽ പലരും സാമ്പത്തികമായി ധാരാളം പിന്നാക്കം നിൽക്കുന്നവരുമാണ്. 02-07-2021-ന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിഷയം ലാൻഡ് ഡൈവേർഷനുമായി ബന്ധപ്പെട്ടതായതിനാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി 1980-ലെ വന സംരക്ഷണ നിയമമനുസരിച്ച് പരിവേഷ് പോർട്ടൽ മുഖേന ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടെന്ന് വനം വകുപ്പ് അറിയിച്ചിരുന്നു.

എന്നാൽ 1971-ലെ സ്വകാര്യ വനഭൂമി (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമപ്രകാരം പതിവ് ആവശ്യത്തിനായി 1978-ൽതന്നെ കൈമാറ്റം ചെയ്യപ്പെട്ട (1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് തന്നെ) പ്രസ്തുത ഭൂമി സംബന്ധമായി, കേന്ദ്രാനുമതി തേടുകയും പകരം ഭൂമി വനവൽക്കരണത്തിനായി വിട്ടുകൊടുക്കുകയും ചെയ്യേണ്ടതുണ്ടെന്ന വനം വകുപ്പിന്റെ ആവശ്യം നിലനിൽക്കുന്നതല്ലെന്ന് കാണുന്നു. ആകയാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ശിപാർശ അടിയന്തരമായി പരിശോധിച്ചുവരികയാണ്. ആവശ്യമായ നടപടികൾ വേഗേന ചെയ്യുന്നതാണ്.

(2) കോന്നി മലയോര മേഖലയിലെ പട്ടയ വിതരണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി നിയോജകമണ്ഡലത്തിലെ സീതത്തോട്, ചിറ്റാർ, തണ്ണിത്തോട്, കലഞ്ഞൂർ, അരുവാപ്പുലം, മലയാലപ്പുഴ, കോന്നി പഞ്ചായത്തുകളിലായി ഏകദേശം ആറായിരത്തോളം കൈവശ കൃഷിക്കാർക്ക് പട്ടയം ലഭിക്കേണ്ടതായിട്ടുണ്ട്. നൂറ് വർഷങ്ങൾക്കുമുമ്പ് കുടിയേറിപാർത്ത കൃഷിക്കാരുടെ പട്ടയങ്ങളാണ് ലഭിക്കാനുള്ളത്. അന്ന് കുടിയേറി പാർത്തവരുടെ മൂന്നാം തലമുറയും നാലാം തലമുറയുമാണ് ഇന്ന് അവിടെ താമസിക്കുന്നത്. നൂറ് വർഷങ്ങൾക്കുമുമ്പ് വീടുവച്ച് കുടിയേറിപാർത്ത ഈ കർഷകർക്ക് പട്ടയം ലഭിക്കാൻ അങ്ങ് മന്ത്രിയായി ചുമതലയേറ്റശേഷം നിരവധി തവണ ഇടപെടുകയും യോഗങ്ങൾ വിളിച്ചു ചേർക്കുകയുമുണ്ടായിട്ടുണ്ട്. അങ്ങനെ ധാരാളം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; പ്രത്യേകിച്ച്, സർവെയുൾപ്പെടെയുള്ള നടപടികളെല്ലാം വേഗത്തിൽ

നടന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള നിരവധി ഭൂപ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിന് പട്ടയം വിതരണം ചെയ്ത ചരിത്രപരമായ കാലയളവാണിത്. അതിനാൽ എന്റെ നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നവും പരിഹരിക്കുന്നതിനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. കൂടാതെ, പ്രസ്തുത പട്ടയം ഈ സർക്കാരിന്റെ കാലത്തുതന്നെ ലഭ്യമാക്കാനാവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പട്ടയവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ റവന്യൂ വകുപ്പിനെ ഉൾപ്പെടുത്തിക്കൊണ്ടും അവിടത്തെ പ്രവർത്തനങ്ങൾക്ക് നേതൃപരമായ പങ്ക് വഹിച്ചുകൊണ്ടും വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ, ഏറ്റവും കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ നിലനിന്നിരുന്ന പത്തനംതിട്ട ജില്ലയിലെ രണ്ട് താലൂക്കുകളായിരുന്നു റാന്നിയും കോന്നിയും. ഈ പ്രദേശങ്ങളിൽ വനഭൂമിയുമായി ബന്ധപ്പെട്ടതും കേന്ദ്രഗവൺമെന്റിന്റെ അനുവാദം ലഭിക്കേണ്ടതുമായ പ്രശ്നങ്ങളിൽ കൃത്യതയോടും ശ്രദ്ധയോടുമുള്ള നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്.

കോന്നി നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലുള്ള കോന്നിത്താഴം, ചിറ്റാർ, സീതത്തോട്, അരുവാപ്പുലം, കലഞ്ഞൂർ, തണ്ണിത്തോട് എന്നീ വില്ലേജുകളിലാണ്

പ്രധാനമായും പട്ടയപ്രശ്നങ്ങൾ നിലനിൽക്കുന്നത്. കോന്നിത്താഴം വില്ലേജിൽ തണ്ണിത്തോട് പഞ്ചായത്തിൽ (10-ാം വാർഡ്) ഉൾപ്പെട്ട എലിമുള്ളുംപ്ലാക്കൽ പ്രദേശവും കോന്നി പഞ്ചായത്തിൽ (6-ാം വാർഡ്) ഉൾപ്പെട്ട ആവോലിക്കുഴി, ഞള്ളൂർ പ്രദേശങ്ങളുമാണ് ഫുഡ് പ്രൊഡക്ഷൻ ഏരിയയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഫുഡ് പ്രൊഡക്ഷൻ ഏരിയയ്ക്കുവേണ്ടി വനം വകുപ്പ് മുൻപ് റവന്യൂ വകുപ്പിന് നൽകിയ കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷൻ ഡിവിഷനിൽപ്പെട്ട ആവോലിക്കുഴി, എലിമുള്ളുംപ്ലാക്കൽ എന്നീ പ്രദേശങ്ങളിലെ 333.1659 ഹെക്ടർ സ്ഥലം 27-05-1977-ലെ ജി.ഒ.(എം.എസ്.) നം.156/77/AD പ്രകാരം ഡിസ്-റിസർവ് ചെയ്തിട്ടുള്ളതാണ്. ടി ഭൂമിയുടെ ബി.റ്റി.ആർ., സെറ്റിൽമെന്റ് രജിസ്റ്ററുകൾ എന്നിവ വില്ലേജിൽ ലഭ്യമല്ല. ഫുഡ് പ്രൊഡക്ഷൻ ഏരിയയ്ക്ക് പട്ടയം നൽകിയപ്പോൾ പിടിച്ചിട്ടുള്ള തണ്ടപ്പേർ രജിസ്റ്ററുകൾ വില്ലേജിൽ സൂക്ഷിച്ചിട്ടുള്ളതും ടിയാളുകൾ കരം ഒടുക്കിവരുന്നതുമാണ്. നിലവിൽ കോന്നിത്താഴം വില്ലേജിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാക്കി 9(2) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്തിട്ടുള്ളതും ഫുഡ് പ്രൊഡക്ഷൻ ഏരിയയിൽ ഉൾപ്പെട്ട കൈവശങ്ങളുടെ ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട പ്രീ-അപ്രൂവ്ഡ് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതുമാണ്.

ചിറ്റാർ വില്ലേജിൽ വില്ലേജ് ഏരിയ, ഫുഡ് പ്രൊഡക്ഷൻ ഏരിയ എന്നിങ്ങനെ രണ്ടായി വിഭജിച്ചാണ് ഭൂനികുതി സ്വീകരിച്ചുവരുന്നത്. ഫുഡ് പ്രൊഡക്ഷൻ ഏരിയയ്ക്ക് പട്ടയം നൽകിയ കൈവശക്കാർക്ക് വില്ലേജിൽ തണ്ടപ്പേര് പ്രത്യേകമായി സൂക്ഷിച്ചുവരുന്നു. ടി വില്ലേജിലെ വയ്യാറ്റുപുഴ, മൺപിലാവ്, നിലിപിലാവ്, മീൻകുഴി എന്നീ പ്രദേശങ്ങൾക്കുവേണ്ടി

തയ്യാറാക്കിയിട്ടുള്ള സെറ്റിൽമെന്റ് രജിസ്റ്ററിൽ 'ഫുഡ് പ്രൊഡക്ഷൻ ഏരിയ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഫുഡ് പ്രൊഡക്ഷൻ ഏരിയയിലുള്ള കൈവശക്കാരെ കൂടാതെ, വില്ലേജ് ഏരിയയിൽ ഉൾപ്പെട്ട തെക്കേക്കര, പാമ്പിനി, കൊടുമൂടി, കട്ടച്ചിറ, കുമരംകുന്ന് തുടങ്ങിയ പ്രദേശങ്ങളിലെ കൈവശക്കാരും പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങൾ വനാതിർത്തികൾ നിർണ്ണയിക്കുന്ന ജണ്ടയ്ക്ക് പുറത്തുള്ള ഭൂമിയാണെന്ന് പ്രാഥമികാന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. റാന്നി താലൂക്കിൽപ്പെട്ട വടശ്ശേരിക്കരയിൽനിന്ന് രൂപീകൃതമായ ചിറ്റാർ വില്ലേജിൽ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ. എന്നിവ ലഭ്യമല്ല. ചിറ്റാർ-സീതത്തോട് വില്ലേജുകളിലായി 4530 കൈവശക്കാരുടെ വിവരങ്ങൾ 'പരിവേഷ്' പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. ചിറ്റാർ വില്ലേജിൽ രണ്ടാംഘട്ടമായി ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയനടപടികൾ സ്വീകരിക്കാവുന്നതാണ്.

സീതത്തോട് വില്ലേജിലെ ഗുരുനാഥൻമണ്ണ്, കക്കാട്ടുവാലി, കോട്ടമൺപാറ, ആങ്ങമൂഴി, അള്ളുങ്കൽ, മുണ്ടൻപാറ, മൂന്നുകല്ല് എന്നീ പ്രദേശങ്ങളിലായി 2073.2842 ഹെക്ടർ ഭൂമി ഫുഡ് പ്രൊഡക്ഷൻ ഏരിയയിൽ ഉൾപ്പെട്ടുവരുന്നു. ആയതിന്റെ ബി.റ്റി.ആർ., സെറ്റിൽമെന്റ് രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ എന്നിവ വില്ലേജിൽ ലഭ്യമല്ല. ഡിജിറ്റൽ സർവെ പൂർത്തിയാകുന്നമുറയ്ക്ക് പട്ടയ നടപടികൾ സ്വീകരിക്കാവുന്നതാണ്. നിലവിൽ സീതത്തോട് വില്ലേജിൽ രണ്ടാംഘട്ടമായി ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അരുവാപ്പുലം വില്ലേജിൽ മുൻകാലങ്ങളിൽ നൽകിയവയെല്ലാം ഫുഡ് പ്രൊഡക്ഷൻ ഏരിയയിലെ പട്ടയങ്ങളാണ്. പ്രസ്തുത വില്ലേജിലെ വനാതിർത്തി പങ്കിടുന്ന കൊക്കാത്തോട് ഭാഗത്ത് റീ-സർവെ പൂർത്തീകരിച്ചിട്ടില്ലാത്തതും ആ ഭാഗത്തെ BTR, FMB സർവെ റെക്കോർഡുകൾ ലഭ്യമല്ലാത്തതുമാണ്. അരുവാപ്പുലം വില്ലേജിൽ രണ്ടാംഘട്ടമായി ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവെ പൂർത്തിയാകുന്നമുറയ്ക്ക് പട്ടയ നടപടികൾ സ്വീകരിക്കാവുന്നതാണ്.

കോന്നിത്താഴം വില്ലേജ് വിഭജിച്ചാണ് തണ്ണിത്തോട് വില്ലേജ് രൂപീകൃതമായത്. നിലവിൽ തണ്ണിത്തോട് വില്ലേജിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയായി 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വില്ലേജിലെ 417 കൈവശക്കാരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ വനഭൂമി പട്ടയത്തിനായി അപ്ലോഡ് ചെയ്തിട്ടുമുണ്ട്.

കോന്നി താലൂക്കിൽ പ്രധാനമായും രണ്ടുതരം പട്ടയപ്രശ്നങ്ങളാണ് നിലനിൽക്കുന്നത്.

ഗ്രോ മോർ ഫുഡിനുവേണ്ടി ഡിസ്-റിസർവ് ചെയ്ത മേഖലയിൽ പട്ടയം ലഭിക്കാത്തവരുടെ പ്രശ്നങ്ങൾ:- ഇതിൽ ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന സമയത്ത് 9(2) നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടുവരുന്ന കൈവശക്കാരുടെ അർഹത പരിഗണിച്ച് പട്ടയം നൽകാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

കുടിയേറ്റ കർഷകർ കൃഷി ചെയ്ത് ജീവിച്ച് വരുന്നതും എന്നാൽ ഡിസ്-റിസർവ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാത്തതും വനത്തിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതുമായ പ്രദേശങ്ങളിൽ ഭൂമി കൈവശം വച്ചുവരുന്നവരുടെ പട്ടയപ്രശ്നങ്ങൾ:- പ്രസ്തുത കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ കോന്നി, റാന്നി,

മല്ലപ്പള്ളി എന്നീ താലൂക്കുകളിൽനിന്ന് ആകെ 1970.04 ഹെക്ടർ വനഭൂമി പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിക്കായി പരിവേഷ് പോർട്ടൽ മുഖേന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ കോന്നി താലൂക്കിലെ ചിറ്റാർ, സീതത്തോട്, കോന്നിത്താഴം, അരുവാപ്പുലം, കലഞ്ഞൂർ, തണ്ണിത്തോട് എന്നീ വില്ലേജുകളിലായി ആകെ 5286 കൈവശങ്ങളും 1642.166 ഹെക്ടർ വിസ്തീർണ്ണവും ഉൾപ്പെട്ടുവരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ 1977-ന് മുമ്പുള്ള കൈയേറ്റമാണെന്നതിനുള്ള സർക്കാർ രേഖകൾ, റിമോട്ട് സെൻസിങ് മാപ്പ്, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം ഇതിലേക്കായുള്ള നടപടിക്രമം മാനദണ്ഡങ്ങൾ എന്നിവകൂടി നൽകണമെന്ന് കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് അറിയിച്ചിരുന്നു. ആയതുപ്രകാരം 1977-നുമുമ്പുള്ള കൈയേറ്റമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഭൂമി കൈയേറി കൈവശം വച്ചിരുന്ന ഭൂരിഭാഗം ആളുകളും വിദ്യാഭ്യാസം ചെയ്തിട്ടില്ലാത്തവരാണെന്ന് കണ്ടെത്തുകയും അവരുടെ പിൻതലമുറക്കാരുടെ ലഭ്യമായ സ്കൂൾ രേഖകൾ അടക്കമുള്ളവ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് 15-10-2024-ൽ ജില്ലാ കളക്ടർ കൈമാറുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 21-03-2025-ന് വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതിൽ കൂടിയ ഓൺലൈൻ യോഗത്തിൽ 1977-ന് മുമ്പുള്ള സെൻസസ് ഡാറ്റ കൂടി ലഭ്യമാക്കി പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരങ്ങൾ പരിശോധിച്ചതിൽ കേന്ദ്രാനുമതിക്ക് സമർപ്പിച്ച സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ യോഗ്യത തെളിയിക്കുന്നതിനുവേണ്ട മതിയായ രേഖകൾ

സെൻസസ് ഡാറ്റാ വെബ്സൈറ്റിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത ഡാറ്റ കണ്ടെത്താനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

കോന്നി നിയോജകമണ്ഡലത്തിൽ ഇപ്രകാരം താമസിക്കുന്ന കൈവശക്കാർ പൂർണ്ണമായും അർഹരും ഭൂമി ലഭ്യമാകേണ്ടവരുമാണ്. വനഭൂമിയുമായി ചേർന്നുകിടക്കുന്ന സ്ഥലങ്ങളായതുകൊണ്ട് നിയമപരമായി ചില സാങ്കേതിക പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ വിഷയം തുടർച്ചയായി പരിശോധിച്ച് ആവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുമെന്നും അങ്ങയെ അറിയിക്കുകയാണ്.

(3) ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. ലൈൻ പ്രവൃത്തി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. ലൈൻ പ്രവൃത്തിക്കുള്ള നഷ്ടപരിഹാരം നൽകണമെന്നതുസംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (യു.കെ.റ്റി.എൽ.) കമ്പനി നിർമ്മിക്കുന്ന 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈനിന്റെയും കരിന്തളം 400 കെ.വി. സബ്സ്റ്റേഷന്റെയും നിലവിലുള്ള മൈസൂർ-അരീക്കോട് 400 കെ.വി. അന്തർസംസ്ഥാന ലൈനുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർധിപ്പിക്കുന്നതിനും വടക്കൻ ജില്ലകളിലെ പ്രസരണശൃംഖല വികസനത്തിനും അതുവഴി അവിടെയുള്ള വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനുമുള്ള ഒരു ബൃഹത്തായ പദ്ധതിയാണിത്. ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. ലൈൻ നിർമ്മാണം പൂർത്തിയായാൽ സംസ്ഥാനത്തിന്റെ നിലവിലുള്ള വൈദ്യുതി ഇറക്കുമതിശേഷി വൻതോതിൽ വർധിക്കും.

എന്നാൽ ലൈൻ വലിക്കുന്നതിനും ടവർ സ്ഥാപിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക അപര്യാപ്തമായതുകൊണ്ട് വിവിധ സ്ഥലങ്ങളിൽ സമരങ്ങൾ പ്രത്യക്ഷപ്പെടുകയും ആക്ഷൻ കമ്മിറ്റികൾ രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആക്ഷൻ കമ്മിറ്റി ഭാരവാഹികളുമായും ബന്ധപ്പെട്ട എം.എൽ.എ.-മാരുമായും നിരവധി തവണ യോഗം ചേർന്ന് തീരുമാനങ്ങളെടുത്തെങ്കിലും നാളിതുവരെ അതൊന്നും നടപ്പിലാക്കിയിട്ടില്ല. കാസർഗോഡ് ജില്ലയിൽ 48 കിലോമീറ്റർ ദൂരം 100 ടവറുകളാണ് നിർമ്മിക്കുന്നത്. ആക്ഷൻ കമ്മിറ്റിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈൻ വലിക്കുന്ന 23 മീറ്റർ വീതിക്കും ഇരുവശങ്ങളിലുമായി ആകെ 23 മീറ്റർ ബഫർ സോണും ഉൾപ്പെടെ ഏറ്റെടുക്കുന്ന 46 മീറ്റർ വീതിയിൽ മുഴുവൻ സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായവിലയുടെ 60 ശതമാനം നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വീട് നഷ്ടപ്പെടുന്നവർക്കും 50 സെന്റിൽ താഴെമാത്രം ഭൂമിയുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകാനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മുറിച്ചുമാറ്റുന്ന വിളകൾക്കുള്ള നഷ്ടപരിഹാരം വർധിപ്പിക്കാനും റബ്ബറിനും മറ്റ് മരങ്ങൾക്കും നല്ല വില നൽകാനും തീരുമാനമെടുത്തിട്ടുണ്ട് എന്നാൽ ഇതൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർഥ്യം. ഉഡുപ്പി-കരിന്തളം 400 കെ.വി. ലൈൻ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ചില്ലെങ്കിൽ സമീപഭാവിയിൽ കാസർഗോഡ് ജില്ല ഇരുട്ടിലാകും. അതുകൊണ്ട് ടി പദ്ധതി പൂർത്തീകരിക്കാനാവശ്യമായ അടിയന്തര ഇടപെടൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേരള സംസ്ഥാനത്തെയും പ്രത്യേകിച്ച്, ഉത്തര കേരളത്തിലെ വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ഉഡുപ്പി- കാസർഗോഡ് , കാസർഗോഡ്-വയനാട് എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (CEA) അംഗീകാരം ലഭിച്ചിരുന്നു. കേന്ദ്ര ഊർജ മന്ത്രാലയം, താരിഫ് ബേസ്ഡ് കോംപറ്റിറ്റീവ് ബിഡ്ഡിങ് (TBCB) അടിസ്ഥാനത്തിൽ ഉഡുപ്പി-കരിന്തളം 400 കെ.വി. അന്തർ സംസ്ഥാന ട്രാൻസ്മിഷൻ ലൈൻ പദ്ധതിയുടെ നിർമ്മാണം M/s. സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് കമ്പനിക്കാണ് അനുവദിച്ചത്. പ്രസ്തുത കമ്പനി പദ്ധതി നിർവഹണത്തിനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിളാണ് M/s. Uduppi Kasargod Transmission Ltd (UKTL). നിർദിഷ്ട ഉഡുപ്പി-കരിന്തളം 400 കെ.വി. ലൈൻ കർണ്ണാടകയിലെ ഉഡുപ്പി ദക്ഷിണ കന്നട ജില്ലകളിലൂടെയും കേരളത്തിലെ കാസർഗോഡ് ജില്ലയിലൂടെയുമാണ് കടന്നുപോകുന്നത്. ഉഡുപ്പി-കാസർഗോഡ് 400 kV ലൈനിന്റെ തുടർച്ചയായാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റിഡ് (KSEBL) കാസർഗോഡ്-വയനാട് 400 KV ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നത്.

1. ഉഡുപ്പി - കാസർകോഡ് (കരിന്തളം) 400 KV ലൈൻ

പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല UKTL (Uduppi-Kasargod Transmission Company Ltd) കമ്പനിക്കാണ് (Tariff based competitive bidding) Central Electricity Authority നൽകിയിട്ടുള്ളത്. 400 കെ.വി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന വിഷയം വിവിധ തലങ്ങളിൽ ചർച്ച നടത്തിയതിന്റെ

അടിസ്ഥാനത്തിൽ നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, താഴെ വിവരിക്കും പ്രകാരമുള്ള നഷ്ടപരിഹാര പാക്കേജിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

1) Tower Standing Area Compensation:- ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ (Fair value) നാല് മടങ്ങിന്റെ 85% (അതായത് ന്യായവിലയുടെ 340%).

2) Right of way Compensation:- ലൈൻ കടന്നുപോകുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ (Fair value) രണ്ട് മടങ്ങിന്റെ 30% (അതായത് ന്യായവിലയുടെ 60%).

3) Tree cutting Compensation:- പദ്ധതിക്കായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് കാസർഗോഡ് ജില്ലാ കളക്ടർ നിശ്ചയിക്കും പ്രകാരമുള്ള വിലയാണ് കണക്കാക്കേണ്ടത്. കൂടാതെ ലൈൻ കടന്നുപോകുന്ന സ്ഥലം നിരപ്പ് ഭൂമിയാണെങ്കിൽ 46 മീറ്റർ വീതിയിൽ Tree cutting Compensation കണക്കാക്കണം. താഴ്ചയുള്ള പ്രദേശങ്ങളിൽ 30 മീറ്റർ വീതിയിൽ Tree cutting Compensation കണക്കാക്കേണ്ടതാണ്.

4) നിർദിഷ്ട ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ 400 കെ.വി. ലൈനിന്റെ നിർമ്മാണത്തോടനുബന്ധിച്ച് പ്രസ്തുത ലൈനിന് കീഴിലുള്ള വീടുകൾക്ക് പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടം ഉണ്ടാകുന്നപക്ഷം, പ്രസ്തുത നാശനഷ്ടങ്ങൾക്ക് പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് പ്രകാരം പരമാവധി ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകും.

5) ഭൂമിയുടെ ന്യായവില (Fair value) ഒരു സെന്റിന് 5000/- രൂപയേക്കാൾ കുറഞ്ഞ സ്ഥലങ്ങളിൽ ന്യായവില സെന്റിന് 5000/- രൂപയായി നിജപ്പെടുത്തി നഷ്ടപരിഹാരം കണക്കാക്കേണ്ടതാണ്.

2. വയനാട് - കാസർഗോഡ് 400 KV ലൈൻ

വയനാട് മുതൽ കാസർഗോഡ് വരെ 400 കെ.വി. ഡബിൾ സർക്യൂട്ട് ട്രാൻസ്മിഷൻ ലൈൻ നിർമ്മാണം ഉൾപ്പെടുന്ന നോർത്ത് ഗ്രീൻ എനർജി കോറിഡോർ (NGEC) പദ്ധതി M/s. L&T-ക്ക് ടേൺകീ അടിസ്ഥാനത്തിൽ കരാർ നൽകുകയും കെ.എസ്.ഇ.ബി.എൽ.-മായുള്ള കരാർ 31-02-2022-ൽ ഒപ്പുവയ്ക്കുകയും ചെയ്തിരുന്നു. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലായി 125 കിലോമീറ്റർ ദൈർഘ്യമുള്ള 400 കെ.വി. DC ലൈൻ നിർമ്മാണമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കരാറുകാർ യഥാസമയം ആരംഭിക്കുകയും ചുരുങ്ങിയ സമയത്തിനുള്ളിൽ 108 ടവറുകളുടെ ഫൗണ്ടേഷൻ സ്ഥാപിക്കുകയും ചെയ്തു.

എന്നാൽ, പദ്ധതിക്ക് നഷ്ടപരിഹാര പാക്കേജ് ഭൂവുടമകൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ തലങ്ങളിൽ നിരവധി യോഗങ്ങൾ വിളിച്ചുചേർത്തതിന്റെ അടിസ്ഥാനത്തിൽ പലകാര്യങ്ങളിലും സമവായത്തിലെത്താൻ കഴിഞ്ഞിരുന്നു. അതിന് കഴിയാത്ത വിഷയങ്ങൾ വീണ്ടും പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ വിവരിക്കുംപ്രകാരമുള്ള നഷ്ടപരിഹാര പാക്കേജ് അന്തിമമാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

1) ടവർ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ നഷ്ടപരിഹാരം:- ഭൂമിയുടെ ന്യായവിലയുടെ 4 മടങ്ങിന്റെ 85% (ന്യായവിലയുടെ 340%).

2) ലൈൻ കടന്നുപോകുന്നതിനുള്ള നഷ്ടപരിഹാരം:- ഭൂമിയുടെ ന്യായവിലയുടെ 60%.

3) നഷ്ടപരിഹാരം കണക്കാക്കുന്നതിനുള്ള കുറഞ്ഞ ന്യായവില:- ഏറ്റവും കുറഞ്ഞത് സെന്റിന് 7,000 രൂപ.

4) മരം മുറിക്കുന്നതിനുള്ള നഷ്ടപരിഹാരം:- അതത് ജില്ലാ കളക്ടർമാർ നിശ്ചയിക്കുന്ന നിരക്കുകൾ പ്രകാരം.

5) ലൈനിന് താഴെ വരുന്നതും തുടർന്ന് അതേപടി നിലനിൽക്കുന്നതുമായ വീടുകൾക്കുള്ള അധിക നഷ്ടപരിഹാരം:- 2,00,000/- രൂപയുടെ (രണ്ട് ലക്ഷം രൂപ മാത്രം) നഷ്ടപരിഹാരം.

പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിന് പ്രദേശത്തെ ജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണം ഉണ്ടാകേണ്ടതുണ്ട്. അല്ലെങ്കിൽ, ലൈൻ കടന്നുപോകുന്ന ജില്ലകളിലെ വൈദ്യുത ആവശ്യകത നിറവേറ്റാൻ കഴിയാതെ വരും.

(4) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിലെ പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് (ആർ.പി.എൽ.). ഈ ഓണക്കാലത്തടക്കം തൊഴിലാളികൾക്ക് ബോണസ് നൽകുന്നതിന് പ്രത്യേക സഹായം അനുവദിച്ചുകൊണ്ട് സഹായകരമായ നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ നിരവധി പ്രശ്നങ്ങൾ പലപ്പോഴായി സർക്കാരിന് മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി ദിനങ്ങൾ 15 എന്നത് 20 ആക്കാനുള്ള തീരുമാനമെടുത്തിരുന്നു. അത് 26 ദിവസമാക്കണമെന്നാണ് തൊഴിലാളി യൂണിയനുകൾ

ആവശ്യപ്പെടുന്നത്. അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിരുന്നു. അത് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. 700 കുടുംബങ്ങളിലായി 1400 സ്ഥിരം തൊഴിലാളികളാണ് ആർ. പി. എൽ.-ൽ ജോലി ചെയ്യുകൊണ്ടിരുന്നത്. സ്ഥിരം തൊഴിലാളികൾ പിരിഞ്ഞുപോയ സാഹചര്യത്തിൽ താൽക്കാലികമായി 274 തൊഴിലാളികളെ നിയമിച്ചിരുന്നു. എന്നാൽ, അവർ ഇപ്പോഴും താൽക്കാലിക തൊഴിലാളികളായിത്തന്നെ തുടരുകയാണ്. അവർക്ക് സ്ഥിരം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ആ സ്ഥാപനം മുന്നോട്ട് കൊണ്ടുപോകുന്നതിന് ഈ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം തൊഴിലാളി യൂണിയനുകളുമായുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി തത്വത്തിൽ സമ്മതിക്കുകയുണ്ടായി. അതിന്റെ ഉത്തരവ് ഇറങ്ങിയിട്ടില്ല. അതിനാൽ എത്രയുംവേഗം ആ തീരുമാനം നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ആർ.പി.എൽ.-ലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ ഏറ്റവും പഴക്കമുള്ളവയാണ്. അവിടെ ഒരു കുടുംബത്തിൽ നിരവധി അംഗങ്ങളാണുള്ളത്. അവർക്കെല്ലാം താമസിക്കാൻ കഴിയുന്ന സാഹചര്യം നിലവിൽ ലയങ്ങളിൽ ഇല്ല. ലയങ്ങൾ നവീകരിക്കുന്ന/നിർമ്മിക്കുന്ന പദ്ധതിയിൽ ആർ.പി.എൽ.-നെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് അവിടത്തെ ലയങ്ങൾ പുതുക്കുന്നതിനും പുതിയ ലയങ്ങൾ നിർമ്മിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ താൽക്കാലിക തൊഴിലാളികളായി പ്രവർത്തിക്കുന്ന ശ്രീലങ്കൻ അഭയാർഥികളുടെ ആശ്രിതരായ 248 പേരെ ആർ.പി.എൽ. നിർദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് സ്ഥിരപ്പെടുത്തുന്ന വിഷയം പരിശോധിച്ചിരുന്നു. പ്രസ്തുത സ്ഥാപനം വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പരിഗണിക്കാൻ മാറ്റിവച്ചിരിക്കുകയാണ്. പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന വിഷയം പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് സംക്ഷിപ്തമായി പറയാനുള്ളത്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(5) കനീസാകടവ്, മാർക്കറ്റ്, കോയിക്കൽ പടിക്കൽ എന്നീ പാലങ്ങളുടെ നിർമ്മാണം

ശ്രീമതി യു. പ്രതിഭ: സർ, 27-04-2018-ൽ 11.2 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കനീസാകടവ് പാലത്തിന്റെയും 8-02-2022-ൽ ഭരണാനുമതി ലഭിച്ച കോയിക്കൽ പടിക്കൽ പാലത്തിന്റെയും സ്ഥലമെടുപ്പ് നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്. ഭൂമിയേറ്റെടുത്ത് കഴിഞ്ഞപ്പോൾ നഷ്ടപരിഹാരത്തുക എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ചതിനാൽ അവിടെ പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. അതിനായി ചീഫ് എഞ്ചിനീയർ (ബ്രിഡ്ജ് വിഭാഗം)-ന് രണ്ട് പാലത്തിന്റെയും പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണ്. എത്രയുംവേഗം പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തികരിച്ചാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും. ടി വിഷയത്തിൽ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ഇടപെടൽക്കൂടി ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കായംകുളം നിയോജകമണ്ഡലത്തിലെ മൂന്ന് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. മാർക്കറ്റ് പാലത്തിന്റെ അപ്രോച്ച് റോഡിന് വീതി കൂട്ടുന്നതിനുള്ള സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് എൽ.എ. നടപടികൾ പുരോഗമിക്കുകയാണ്. പാലം നിർമ്മാണത്തിന് കോസ്റ്റൽ ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൽനിന്നും 05-03-2025-ന് എൻ.ഒ.സി. ലഭ്യമായതുപ്രകാരം പുതുക്കിയ ഡ്രോയിങ്ങ് തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നിലവിലുള്ള ഭരണാനുമതി തുകയിൽ നിജപ്പെടുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി പരിശോധിച്ചുവരികയാണ്. അതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. കനീസാകടവ്, കോയിക്കൽ പടിക്കൽ പാലങ്ങളുടെ നിർമ്മാണത്തിന് കോസ്റ്റൽ ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. 05-03-2025-ൽ ലഭ്യമാകുകയും പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയുമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് തയ്യാറാക്കിയ നഷ്ടപരിഹാരത്തുക പാലങ്ങളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുകയേക്കാൾ അധികമായതിനാലും റേറ്റ് റിവിഷൻമൂലവും പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. ആയതിനാൽ ചീഫ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം) സമർപ്പിച്ച എസ്റ്റിമേറ്റ് നിലവിൽ

ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. ബഹുമാന്യയായ അംഗം ഉന്നയിച്ച വിഷയം ഗൗരവത്തിലെടുത്ത് അത് വേഗത്തിലാക്കാനുള്ള ഇടപെടൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്നതാണ്.

(നോട്ടീസ് നൽകിയ സർവശ്രീ അനൂപ് ജേക്കബ്, എൽദോസ് പി. കുന്നപ്പിള്ളിൽ, യു. എ. ലത്തീഫ്, പി. സി. വിഷ്ണുനാഥ് എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ബാക്കിയുള്ള സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

11.00 am]

IV. റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി V-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി XII-ന്റെ ഭക്ഷ്യ വസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം

(ശ്രീമതി യു. പ്രതിഭ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണുവേണ്ടി സമിതി അംഗമായ ഞാൻ ഭക്ഷ്യ വസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ എന്ന വിഷയം സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

11.00 am]

V. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഈ ബില്ലുകൾ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാർ ഇവിടെയുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. നിയമനിർമ്മാണ സഭയിലേക്കാണ് ജനങ്ങൾ നമ്മളെ തിരഞ്ഞെടുത്ത് അയച്ചിരിക്കുന്നത്. ആ സഭയിൽ നിയമനിർമ്മാണവുമായി സഹകരിക്കുകയെന്നത് ജനങ്ങൾക്ക് നമ്മൾ നൽകിയ വാഗ്ദാനങ്ങളിൽ സുപ്രധാനമാണ്. പക്ഷേ ആ വാഗ്ദാനത്തെ പൂർണ്ണമായും മറന്നുകൊണ്ട് തുടർച്ചയായി നിയമനിർമ്മാണ പ്രക്രിയയിൽനിന്നും വിട്ടുനിൽക്കുന്ന പ്രതിപക്ഷത്തെയാണ് നമുക്ക് ഇവിടെ കാണാൻ സാധിക്കുന്നത്. ഇത് പാർലമെന്ററി ഡെമോക്രസിയോടുള്ള അവഹേളനവും വെല്ലുവിളിയുമാണെന്ന് പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. നമ്മുടെ നിയമസഭാ സാമാജികരെല്ലാം ഈ നിയമനിർമ്മാണ പ്രക്രിയയിൽ പങ്കെടുക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നതുകൊണ്ടാണ് ഇത് പറഞ്ഞത്. കേരളത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗം വരുന്ന ജനങ്ങളെയും മറ്റ് പ്രദേശങ്ങളിലെ ജനങ്ങളെയും ഗുരുതരമായി ബാധിക്കുന്ന വനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ഇന്ന് നിലനിൽക്കുന്നുണ്ട്. അതിന് പരിഹാരം കാണുന്നതിന് തടസ്സമായി നിൽക്കുന്നത് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ ചില വ്യവസ്ഥകളാണ്. ആ നിയമത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചും നിയമം കാലോചിതമായി പരിഷ്കരിക്കണമെന്നും കേരളത്തിലെ ജനങ്ങൾ പലതവണ പ്രക്ഷോഭസമരങ്ങളിലൂടെയും എം.എൽ.എ.-മാർ നിയമസഭയിലും ആവശ്യപ്പെടുകയും ഒന്നിലേറെ തവണ കേന്ദ്ര മന്ത്രിമാരെ നേരിൽക്കണ്ട് ഈ ആവശ്യം മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. ദൗർഭാഗ്യവശാൽ ഞങ്ങളുടെ പരിശ്രമങ്ങളെല്ലാം ദയനീയമായി പരാജയപ്പെട്ടുവെന്ന് ബോധ്യമായ പശ്ചാത്തലത്തിലാണ് ഇത്തരമൊരു നിയമനിർമ്മാണവുമായി സർക്കാർ മുന്നോട്ടുവന്നത്. 1972-ലെ വന്യജീവി (സംരക്ഷണം) നിയമം, കേന്ദ്ര നിയമമായതിനാൽ ആ നിയമത്തിന്റെ പരിമിതിയിൽനിന്നുകൊണ്ടാണ് ഇത്തരത്തിലുള്ള നിയമം ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചത്. ഈ ബില്ലുകളുടെ അവതരണഘട്ടത്തിൽ ലഭിച്ച പിന്തുണ ഇനിയുമുണ്ടാകുമെന്ന് ഞാൻ കരുതുന്നു.

അവശ്യഘട്ടങ്ങളിൽ ചില വന്യജീവികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിനും വന്യമൃഗങ്ങൾമൂലമുള്ള ആപത്ഘട്ടം വരുമ്പോൾ സംസ്ഥാന ഗവൺമെന്റുകൾക്ക് ഇക്കാര്യത്തിൽ ഇടപെടാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഉറച്ചുനിന്നുകൊണ്ടാണ് നിയമനിർമ്മാണവുമായി മുന്നോട്ടുവന്നത്. നിയമത്തിലെ നിബന്ധനകളിൽ ഇളവുകൾ വരുത്താനുള്ള അവകാശം അതതുകാലത്തെ സംസ്ഥാന ഗവൺമെന്റുകൾക്ക്

ഉണ്ടായിരിക്കണമെന്ന ഈ ബില്ലിന്റെ സ്പിരിറ്റിനോട് എല്ലാ സാമാജികരും യോജിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് 1961-ൽ പാസ്സാക്കിയ കേരള വന നിയമമാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളത്. ഈ നിയമപ്രകാരം ചന്ദനമരങ്ങൾ മുറിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വലിയ പ്രതിബന്ധങ്ങളാണുണ്ടായിട്ടുള്ളത്. അത്തരം പ്രതിബന്ധങ്ങൾ നീക്കി സ്വന്തം പുരയിടത്തിൽ സ്വമേധയാ വളരുകയോ വച്ചുപിടിപ്പിക്കുകയോ ചെയ്തിട്ടുള്ള ചന്ദനമരങ്ങൾ മുറിക്കാനും വിൽക്കാനുമുള്ള പൗരന്റെ അവകാശം സംരക്ഷിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 2025-ലെ കേരള വന (ഭേദഗതി) ബിൽ. ഈ രണ്ട് ബില്ലുകളും കേരളത്തിലെ കർഷക സമൂഹത്തിന് ആവേശം നൽകുമെന്നാണ് കരുതുന്നത്. കേരളത്തിലെ ജനങ്ങൾ ഈ ബിൽ പാസ്സാക്കുന്നതിന് കാതോർക്കുകയാണ്. അവരുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസരിച്ച് ഉയർന്ന് പ്രവർത്തിക്കാനും പ്രതിബദ്ധതയോടെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമുള്ള ഗവൺമെന്റിന്റെ എളിയ ശ്രമമാണ് ഈ ബില്ലിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ബില്ലുകളുടെയും ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്.

(2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. ടി. എ. റഹീം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നാം ഒരുപാട് തവണ മനുഷ്യ-വന്യമൃഗ സംഘർഷത്തെപ്പറ്റി ചർച്ച ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, വലിയ രീതിയിൽ ചർച്ചകളും പ്രക്ഷോഭങ്ങളും നടത്തിയിട്ടുള്ള വിഷയത്തിന്മേൽ എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയുമെന്ന ചിന്തയിൽനിന്നാണ് ഇത്തരമൊരു നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചത്. മലയോര മേഖലയിലെ ജനതയ്ക്കും സംസ്ഥാനത്തെ കർഷകർക്കും ആശ്വാസമാകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ ബിൽ ഇപ്പോൾ വന്നിട്ടുള്ളത്. ബില്ലിനെ സംബന്ധിച്ചിടത്തോളം, സംസ്ഥാന സർക്കാരിന്റെ അധികാരപരിധി വളരെ പരിമിതമാണെന്ന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജനങ്ങൾ നേരിടുന്ന വന്യമൃഗാക്രമണങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനും നിലവിലുള്ള കേന്ദ്രനിയമത്തിലെ അപ്രായോഗിക വ്യവസ്ഥകൾ ചൂണ്ടിക്കാട്ടി നിരവധി തവണ നേരിട്ടും അല്ലാതെയും കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ, കേന്ദ്രനിയമം കാലാനുസൃതമായി ഭേദഗതി ചെയ്യണമെന്ന് സംസ്ഥാന നിയമസഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

വനമേഖലയിൽനിന്നും വളരെ വിദൂരത്താണ് എന്റെ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്നത്. എന്നാൽ അവിടെപ്പോലും കാട്ടുപന്നികൾ വാഴ ഉൾപ്പെടെ മറ്റ് കൃഷികൾ നശിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. അതിനാൽ ഒരു കൃഷിയും സംരക്ഷിക്കാൻ സാധിക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും നിഷേധാത്മക നിലപാടുണ്ടാകുകയും നിയമം ഭേദഗതി ചെയ്യാൻ യാതൊരു കാരണവശാലും തയ്യാറാകില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ

അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. അക്രമകാരികളായ വന്യമൃഗങ്ങളെ ഉടനടി വെടിവച്ച് കൊല്ലാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡനുണ്ടെന്നാണ് ചിലർ പ്രചരിപ്പിക്കുന്നത്. പക്ഷേ നിയമത്തിലെ വ്യവസ്ഥകൾ പരിശോധിച്ചാൽ അങ്ങനെയൊരു അധികാരമില്ലെന്ന വസ്തുതയാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത്തരത്തിലുള്ള ഏതെങ്കിലുമൊരു മൃഗത്തെ വെടിവച്ചതായി അറിയുകയുമില്ല. "വേലി കെട്ടിയിട്ട് കാര്യമില്ല; കാരണം അതിനെ ആന പൊളിക്കുന്നു. ട്രഞ്ച് ഉണ്ടാക്കിയിട്ട് കാര്യമില്ല; കാരണം അതിൽ മണ്ണിട്ടിട്ട് ആന അപ്പുറം കടക്കുന്നു. മതിൽ കെട്ടിയാൽ ആന അത് തകർക്കുന്നു. വൈദ്യുതി ലൈനുകൾ സ്ഥാപിക്കുകയെന്നതാണ് ഇനിയുള്ള ഒറ്റകാര്യം" എന്നാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ വനം വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. വൈദ്യുതി ലൈനുകൾ സ്ഥാപിക്കുകയെന്നത് വലിയ അപകടകരമാണെന്ന് നമുക്കറിയാം. പക്ഷേ, കാട്ടുപന്നിപോലുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ ഇതൊന്നും പര്യാപ്തവുമല്ല. അവ കൃഷിയിടങ്ങളിൽക്കയറി വിളയാടുകയാണ്. ചീഫ് വൈൽഡ് ലൈഫ് വാർഡന് ജനവാസമേഖലകളിലും കൃഷിസ്ഥലങ്ങളിലും ഇറങ്ങുന്ന അക്രമകാരികളായ വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ അധികാരമുണ്ടെന്നാണ് ഇപ്പോഴും ചില ആളുകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. പഴയ വനം വകുപ്പുമന്ത്രിയും ഇക്കാര്യം പരസ്യമായി വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ ഉൾപ്പെടെ സൂക്ഷ്മമായി പരിശോധിച്ചാൽ ചീഫ് വൈൽഡ് ലൈഫ് വാർഡന് അങ്ങനെയൊരു അധികാരമില്ലെന്ന വസ്തുത മനസ്സിലാക്കാൻ സാധിക്കും. തെറ്റായ വാദം

ഉന്നയിക്കുന്നവർ നിയമത്തിന്റെ 11-ാം വകുപ്പിന്റെ ആദ്യ ഖണ്ഡിക വായിച്ചിരിക്കാൻ സാധ്യതയുണ്ട്. അതിന്റെ ബാക്കി ഭാഗം വായിക്കാത്തതുകൊണ്ടാണ് അവർ ഇത്തരത്തിൽ പ്രചരണം നടത്തുന്നതും സമരം നടത്തുന്നതും. ഏതായാലും ഇത്തരം വിഷയങ്ങൾ വന്നതുകൊണ്ടാണ് ഇതുപോലൊരു നിയമനിർമ്മാണവുമായി ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നിയമസഭയ്ക്ക് മുന്നിൽ വന്നത്. അപകടകാരികളായ വന്യമൃഗങ്ങളെ പിടിക്കൂടുകയോ മയക്കുവെടി വയ്ക്കുകയോ മറ്റ് സ്ഥലത്തേക്ക് മാറ്റുകയോ ചെയ്യണം, അവയെ തടവിൽ വയ്ക്കാനോ കൂട്ടിൽ അടയ്ക്കാനോ പാടില്ല, മറ്റ് സ്ഥലത്തേക്ക് മാറ്റുമ്പോൾ അതിന് യാതൊരു പരുക്കും പറ്റാതെ നോക്കണമെന്നാണ് ബില്ലിലെ പ്രൊവൈസോകളിലും വിശദീകരണത്തിലും പറഞ്ഞിട്ടുള്ളത്. കൂടാതെ, വ്യവസ്ഥകൾ വീണ്ടും കർശനമാക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവറും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ആനയെ നമ്മൾ പിടിച്ചാൽ, അതിനെ ലോറിയിൽ കയറ്റി ദൂരെസ്ഥലത്തേക്ക് കൊണ്ടുപോകണം. കാടിന് അതിർത്തിയില്ലാത്തതുകൊണ്ട് അവ പിന്നെയും ഈ പ്രദേശത്തേയ്ക്കുതന്നെ വരും. മാത്രമല്ല, സംസ്ഥാനത്തിന്റെ അതിർത്തിയും കാട്ടിനുള്ളിൽ പരിമിതമല്ല. അതുകാരണം അയൽസംസ്ഥാനങ്ങളുടെ അതിർത്തിയിലൊക്കെ വനമുള്ളതുകൊണ്ട് നമുക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ലെന്നുള്ളതും ഒരു വസ്തുതയാണ്. ആക്രമണകാരികളായ വന്യമൃഗങ്ങളെ ഉടനടി കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ടെങ്കിലും യു.ഡി.എഫ്.-ന്റെ കാലത്ത് അങ്ങനെയൊന്ന് കൊണ്ടുവന്നതായി മനസ്സിലാക്കാനും സാധിക്കുന്നില്ല. ഈ വിഷയങ്ങളൊക്കെ മനസ്സിലാക്കിയാണ് ഇങ്ങനെയൊരു നിയമം സഭയുടെ മുമ്പിൽ

കൊണ്ടുവന്നത്. ഈ നിയമം സംസ്ഥാന നിയമസഭ പാസ്സാക്കിയാലും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ടെങ്കിലും ഇക്കാര്യത്തിൽ നമ്മളൊരു ശ്രമം നടത്തുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ചിരുന്നു. ഈ ബില്ലിൽ പ്രധാനപ്പെട്ട മൂന്ന് വ്യവസ്ഥകളാണ് ഉൾപ്പെടുത്തിട്ടുള്ളത്. ഏത് സാഹചര്യത്തിലാണ് ഒരു വന്യമൃഗം മനുഷ്യന് അപകടകാരിയാകുന്നതെന്ന് ബില്ലിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര നിയമത്തിൽ ഒരു വ്യക്തതയും വരുത്തിയിട്ടില്ല.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, രൂക്ഷമായ മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന്, 1972-ൽ കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ് സർക്കാർ വളരെ കർക്കശമായ വ്യവസ്ഥകളോടുകൂടി കൊണ്ടുവന്ന 1972-ലെ വന്യജീവി (സംരക്ഷണം) നിയമം കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഉന്നയിച്ചുകൊണ്ട് ഞാൻ ഒരു ഉപക്ഷേപം നേരത്തെ ഇവിടെ അവതരിപ്പിച്ചിരുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തിന് അറുതിവരുത്താനുപകരിക്കത്തക്ക നിലയിലും ആക്രമണകാരികളായ വന്യമൃഗങ്ങൾ ജനവാസ മേഖലകളിലെത്തിയാൽ അവയെ വെടിവച്ച് കൊല്ലുന്നതിനും കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനും വേണ്ടി നടപടികൾ സുതാര്യമാക്കുകയും വേഗത്തിലാക്കുകയും ചെയ്യണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ച് വന്യജീവി (സംരക്ഷണം) നിയമം ഭേദഗതി ചെയ്യണമെന്ന് പലതവണ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാർ അത് നിഷ്കരുണം തള്ളിക്കളയുകയാണ് ചെയ്തത്. പ്രസ്തുത സാഹചര്യത്തിൽ ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇപ്രകാരം വന്യജീവി സംരക്ഷണ നിയമത്തിൽ

ജനോന്മുഖമായ ഒരു ഭേദഗതി കേരളത്തിൽ കൊണ്ടുവന്നിട്ടുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. എ. റഹീം: സർ, തീർച്ചയായും. ഈ നിയമസഭതന്നെ ഇതുസംബന്ധിച്ച ഉപക്ഷേപം ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ളതാണെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. ഇന്ന് പ്രതിപക്ഷം ഇവിടെയില്ല. അവർക്കൂടി ആവശ്യപ്പെടുന്നൊരു നിയമമാണ് ഇവിടെ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. പൊതുജനങ്ങൾ കൂടുന്ന ഒരു സ്ഥലത്തുവച്ച് ഏതെങ്കിലും വന്യമൃഗം ഒരാളെ ആക്രമിച്ച് പരിക്കേൽപ്പിച്ചാൽ ഉടൻതന്നെ അതിനെ വെടിവച്ച് കൊല്ലുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആക്ടിന്റെ പട്ടിക II-ൽ ഉൾപ്പെടുന്ന കാട്ടുപന്നികൾ, പുള്ളിമാനുകൾ തുടങ്ങിയ വന്യമൃഗങ്ങളുടെ എണ്ണം വർധിച്ചാൽ അവയുടെ ജനനനിയന്ത്രണം നടത്തൽ, മറ്റ് സ്ഥലങ്ങളിലേക്ക് നാടുകടത്തൽ എന്നിവയ്ക്കും ബില്ലിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. പട്ടിക II-ൽ ഉൾപ്പെടുന്ന ഏത് വന്യമൃഗത്തിന്റെയും എണ്ണം അനിയന്ത്രിതമായി വർധിച്ചുവെന്ന് കണ്ടാൽ അവയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥയും ബില്ലിലുണ്ട്. ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചാൽ ആ മൃഗത്തെ ആർക്കും ഏതുവിധത്തിലും കൊല്ലാനും അതിന്റെ ഇറച്ചി ഭക്ഷിക്കുന്നതിനും തടസ്സമില്ല. നാടൻ കുരങ്ങുകളെ പട്ടിക I-ൽ നിന്ന് പട്ടിക II-ലേക്ക് മാറ്റാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ

മാറ്റിയാൽ അവയെ വേണ്ടിവന്നാൽ ജനന നിയന്ത്രണത്തിന് വിധേയമാക്കാനോ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനോ സാധിക്കുന്നതാണ്. നിയമത്തിന്റെ പരിധിയിലല്ലെങ്കിലും കാട്ടുപന്നിയെ കൊന്നാൽ അതിൽ മണ്ണെണ്ണ ഒഴിക്കുന്നോ അല്ലെങ്കിൽ വെളിച്ചെണ്ണ ഒഴിക്കുന്നോ എന്നുനോക്കി അതിന്റെ പിന്നാലെ നടക്കേണ്ട എന്നൊരു ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെത്തന്നെ ജനങ്ങളുടെ മുന്നിൽ വച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ഒരു നയമാണ് അതിലൂടെ വ്യക്തമാക്കുന്നത്. ഈ നിയമം അവതരിപ്പിക്കാൻ ഇത്രയും കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് ചിലർ ചോദിക്കാറുണ്ട്. നമുക്ക് വേണ്ടത്ര അധികാരമില്ലെങ്കിലും ഒരു പരീക്ഷണമെന്ന നിലയ്ക്കാണ് ഈയൊരു ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. നേരത്തെ നിയമസഭ പാസ്സാക്കിയ ഉപക്ഷേപത്തിന്റെകൂടി അടിസ്ഥാനത്തിലാണ് ഈ നിയമനിർമ്മാണവുമായി സഭ മുന്നോട്ടുനീങ്ങുന്നത്. മറ്റൊരു കാര്യം, പല ഫോറസ്റ്റ് കേസുകളിലും പലപ്പോഴും ഒരു മരം മുറിച്ചാൽ വലിയ ശിക്ഷയാണ് നേരിടേണ്ടിവന്നിരുന്നത്. അതൊന്നും ഒത്തുതീർപ്പാക്കാൻ സാധിക്കാത്ത രീതിയിൽ വലിയ പ്രയാസം സൃഷ്ടിക്കുന്ന സാഹചര്യമുണ്ട്. സംസ്ഥാനത്തെ ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലുള്ള ചന്ദനമരം മുറിച്ച് വില്പന നടത്താൻ അധികാരമില്ലായിരുന്നു. നേരത്തെ തേക്കും ഈട്ടിയും മുറിക്കാൻ സാധിക്കില്ലായിരുന്നു. പിന്നീട് ചന്ദനമരങ്ങൾ മുറിക്കുന്നതിന് മാത്രമാണ് നിയന്ത്രണമുണ്ടായിരുന്നത്. ഇപ്പോൾ അതിനുമൊരു പ്രൊവിഷൻ കൊണ്ടുവന്നിരിക്കുകയാണ്. ഉണങ്ങിയതും അപകടകരവുമായ ചന്ദനമരങ്ങളും സ്വന്തം ആവശ്യത്തിന് വീട് വയ്ക്കുന്ന സ്ഥലത്തെ മരങ്ങളും മുറിക്കുന്നതിനാണ് ഇപ്പോൾ അനുമതി കൊടുക്കുന്നത്. അതിന് മൂന്ന് അംഗങ്ങളടങ്ങിയ ഒരു സമിതി പരിശോധിച്ച് ശിപാർശ ചെയ്താൽ മാത്രമെ അനുവാദം

നൽകാനാകൂ. ഇതുമായി ബന്ധപ്പെടുത്തി ഒരു കാര്യം പറയാനുള്ളത് നമ്മുടെ പൊതുആവശ്യങ്ങൾക്കുവേണ്ടി റോഡുകൾ നിർമ്മിക്കുന്ന അവസരത്തിൽ ആളുകൾ വിട്ടുതരുന്ന സ്ഥലത്തുള്ള/സർക്കാരിന്റെ സ്ഥലത്തുള്ള ചെറിയ മരങ്ങൾ മുറിക്കാൻപോലും വലിയ പ്രയാസങ്ങളും കാലതാമസവും ഉണ്ടാകാറുണ്ട്. അക്കാര്യത്തിലും എന്തെങ്കിലും വ്യവസ്ഥകൾ കൊണ്ടുവരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, വനം-വന്യജീവി സംരക്ഷണ വകുപ്പ് എന്നാണ് നമ്മുടെ വകുപ്പിന്റെ പേര്. പക്ഷേ നിരന്തരമായുള്ള മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി മനുഷ്യന്റെ ജീവൻതന്നെ നഷ്ടമാകുന്നൊരു സാഹചര്യമുണ്ട്. അതുകൊണ്ട് 'വനം-വന്യജീവി-മനുഷ്യ സംരക്ഷണ വകുപ്പ്' എന്ന് ഇതിന് പേര് മാറ്റണം എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. പി. ടി. എ. റഹീം: സർ, അതുസംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കുന്നതായിരിക്കും ഉചിതം. ഇത് വളരെ നല്ലൊരു ശിപാർശയാണ്. പൊതുആവശ്യങ്ങൾക്കായി റോഡുകൾ നിർമ്മിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട നടപടികളിൽ വലിയ കാലതാമസം നേരിടുകയാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ വളരെ പ്രധാനപ്പെട്ടതാണ്. സ്വകാര്യ ഭൂമിയിൽനിന്ന് ചന്ദനമരങ്ങൾ വനം വകുപ്പുമുഖേന മുറിച്ച് വിൽപന നടത്താൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. അപ്പോൾ മുറിച്ച് വിൽക്കുന്ന ചന്ദനമരത്തിന്റെ വില കർഷകനുതന്നെ ലഭ്യമാകും. ഇപ്പോൾ സ്വന്തം ഭൂമിയിൽനിന്ന് ചന്ദനമരം മോഷണം പോയാലും സ്ഥലമുടമയ്ക്കെതിരെയാണ് കേസ്സെടുക്കുന്നത്. എന്റെ

നിയോജകമണ്ഡലത്തിലെ ഒരു പള്ളിപ്പറമ്പിൽനിന്ന് ചന്ദനമരം മോഷണം പോയപ്പോൾ പള്ളിക്കമ്മിറ്റിയുടെ പേരിലാണ് കേസ് വന്നത്. ഇത്തരത്തിലുള്ള ധാരാളം വിഷയങ്ങളുണ്ട്. റവന്യു വകുപ്പ് പതിച്ചുനൽകിയ ഭൂമിയിലുള്ള, സർക്കാരിലേക്ക് റിസർവ് ചെയ്ത ചന്ദനമരം മുറിക്കാൻ ബില്ലിൽ അനുവാദം നൽകുന്നില്ല. കോടതിയിലെത്തുന്ന വനം കുറ്റകൃത്യങ്ങൾ രാജിയാക്കാനുള്ള വ്യവസ്ഥയും ബില്ലിലില്ല. കുറ്റങ്ങൾ പിഴയടച്ച് രാജിയാക്കുമ്പോൾ സർക്കാരിന് വരുമാനം വർധിക്കുകയും ജനങ്ങളുടെ ബുദ്ധിമുട്ട് കുറയുകയും ചെയ്യും. ഈ ബിൽ ശ്ലാഘനീയമാണെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2025-ലെ കേരള വന (ഭേദഗതി) ബില്ലും 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലുമാണ് ഇന്ന് അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭേദഗതികളിലൂടെ, വനമേഖലയിലെ ജനങ്ങൾ ദീർഘനാളായി ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങളാണ് ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. നിർഭാഗ്യവശാൽ, വനമേഖലയോട് ചേർന്ന മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ആ പ്രശ്നങ്ങൾ ചർച്ച ചെയ്യാതെ മാറിനിൽക്കുന്ന കാഴ്ചയാണ് **നാം** കാണുന്നത്. ഈ സമ്മേളന കാലയളവിൽ ഗവൺമെന്റ് നടത്തുന്ന പല നിയമനിർമ്മാണങ്ങളും ജനങ്ങളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതും അവർക്ക് സഹായകമാകുന്നവയുമാണ്. അത് തടസ്സപ്പെടുത്താനുള്ള വലിയ ശ്രമമാണ് കേരള നിയമസഭയിൽ നടന്നതെന്നത് നാം ഓർമ്മിക്കേണ്ടതാണ്. വനമേഖലയിലെ ജനങ്ങളും ജനപ്രതിനിധികളും എത്രയോ നാളുകളായി ആവശ്യപ്പെടുന്ന

പ്രശ്നങ്ങൾക്കുള്ള പരിഹാരം ഗവൺമെന്റ് മുന്നോട്ടുവയ്ക്കുമ്പോൾ ആ മേഖലയിലെ ബഹുമാന്യരായ അംഗങ്ങൾപോലും ഇന്നത്തെ ചർച്ചയിൽ പങ്കെടുക്കാതിരുന്നത്, അവർ ഈ വിഷയങ്ങളെ എത്രത്തോളം ഗൗരവത്തോടെ കാണുന്നുവെന്നതിന്റെ തെളിവാണ്.

ചന്ദനമരങ്ങൾ നടുന്നത് പ്രോത്സാഹിപ്പിക്കാനും ഈ നിയമനിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, സ്വകാര്യ ഭൂമിയിൽനിന്നും ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്താനും തീരുമാനിച്ചിട്ടുണ്ട്. അത് ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു വിഷയമാണ്. വനനിയമ ലംഘനവുമായി ബന്ധപ്പെട്ട കുറ്റങ്ങൾ കോടതിയുടെ അനുമതിയോടെ രാജിയാക്കുന്നതിനാവശ്യമായ ഭേദഗതിയും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, ഫോറസ്റ്റ് ഓഫീസറെ നിർവചിക്കുന്നതിനുള്ള ഇടപെടലും ഇവിടെ നടത്തുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ നിരവധി ആളുകൾ പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഫോറസ്റ്റ് ഓഫീസറെ നിർവചിക്കുന്നതിലൂടെ ചില ഉദ്യോഗസ്ഥർക്കുകൂടി ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ വിഷയങ്ങളിൽ ഇടപെടാനും മുന്നോട്ടുപോകാനും കഴിയുന്ന സാഹചര്യമുണ്ടാകും. വന്യമൃഗങ്ങളെ നേരിടാൻ 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 11(1)(a) പ്രകാരം കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആക്രമകാരിയായ കടുവയെ കൊല്ലണമെങ്കിൽ അത് നരഭോജി കടുവയാണെന്നുള്ള തെളിവ് വേണം. അതിനെ മയക്കുവെടി വയ്ക്കാൻ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ നടപടിക്രമങ്ങളും പാലിക്കണം. ഇങ്ങനെ ജനങ്ങൾക്ക് പ്രതികൂലമായ നിരവധി കാര്യങ്ങൾ ഈ നിയമത്തിലുള്ളതിനാൽ അവർ വലിയ പ്രയാസം നേരിടുകയാണ്. പലപ്പോഴും ഉദ്യോഗസ്ഥർക്ക് സന്ദർഭത്തിനനുസരിച്ച് ഇടപെടാൻ കഴിയാത്തതിനാൽ ജനങ്ങൾ

പ്രക്ഷോഭം നടത്തുന്ന സ്ഥിതി വരികയാണ്. ഇപ്പോൾ ഇത്തരം അക്രമങ്ങളുണ്ടാകുമ്പോൾ ടെലിവിഷൻ ലൈവായി അത് സംപ്രേക്ഷണം ചെയ്യുകയാണ്. അത്തരം സ്ഥലങ്ങളിൽ ജനങ്ങൾ സംഘടിക്കുകയും ജനപ്രതിനിധികളെ തടഞ്ഞുവയ്ക്കുകയും ചെയ്യുന്നു. നിയമങ്ങൾ പാലിച്ചുമാത്രമെ ഉദ്യോഗസ്ഥർക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഈ പ്രശ്നത്തിനും പ്രസ്തുത നിയമനിർമ്മാണ ഭേദഗതിയിലൂടെ പരിഹാരമുണ്ടാകും. ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയമസഭാ മണ്ഡലത്തിൽ വനമില്ല. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ഞങ്ങൾ വനമേഖലയിലെ പല സ്ഥലങ്ങളിലും സന്ദർശനം നടത്തിയിരുന്നു. അവിടത്തെ ജനങ്ങൾ ഞങ്ങളോട് പങ്കുവച്ച പ്രയാസങ്ങൾക്ക് ഈ ഭേദഗതിയിലൂടെ പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരം നിർണ്ണായക വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ നമ്മുടെ ജനപ്രതിനിധികൾ കാണിക്കുന്ന മര്യാദകേട് കാണാതിരിക്കാൻ കഴിയില്ല. നിയമസഭാ നടപടികൾ വീക്ഷിക്കുന്നതിനായി ഇന്ന് രാവിലെ നിരവധി സ്കൂൾ വിദ്യാർഥികളടക്കം നമ്മുടെ ഗ്യാലറിയിൽ വന്നിരുന്നു. പ്രതിപക്ഷാംഗങ്ങളുടെ നേതൃത്വത്തിൽ സഭാ നടപടികളാകമാനം അലങ്കോലമാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലും ആക്രമിക്കാൻ മുതിരുകയും ചെയ്യുന്ന കാഴ്ച ഇവിടെ നമ്മൾ കണ്ടതാണ്. നിയമസഭാ നടപടികൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ പ്രതിപക്ഷം സഹായിക്കുകയല്ലേ വേണ്ടത്? അതത് നിയോജകമണ്ഡലങ്ങളിലെ പ്രശ്നങ്ങൾ നിയമസഭയുടെ മുന്നിൽ കൊണ്ടുവരികയാണ് നിയമസഭാംഗങ്ങളുടെ ചുമതല. അതിന് സഹായിക്കുന്ന ചോദ്യോത്തരവേളപോലും അലങ്കോലപ്പെടുത്തുന്ന നിലയിലേക്കാണ് അവർ കാര്യങ്ങൾ കൊണ്ടുപോയത്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു

അന്വേഷണ സംഘത്തെ നിയോഗിക്കുകയും ആ അന്വേഷണ സംഘം കൃത്യമായി കാര്യങ്ങൾ പരിശോധിച്ച് കുറ്റക്കാരെ കണ്ടെത്താൻ പോകുകയുമാണ്. കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിൽ ആർക്കും തടസ്സമില്ലെന്ന് ഗവൺമെന്റ് ആവർത്തിച്ച് വ്യക്തമാക്കുമ്പോഴും ഈ വിഷയത്തെ രാഷ്ട്രീയമായി ജനങ്ങൾക്ക് മുന്നിൽ കൊണ്ടുവന്ന് വളച്ചൊടിച്ച് ഇല്ലാക്കഥകൾ മെനഞ്ഞ് ഗവൺമെന്റിനെ കുറ്റപ്പെടുത്താനുള്ള പരിശ്രമമാണ് നടത്തുന്നത്. ഇത് നാം കാണാതെ പോകരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട ബില്ലാണ്, ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ആയിക്കോട്ടെ. എല്ലാവരും അങ്ങനെയാണോ ഇടപെടുന്നത്? ശബരിമല ക്ഷേത്രം വനത്തിലാണ് സ്ഥിതി ചെയ്യുന്നത്, വനസംരക്ഷകനാണ് അയ്യപ്പൻ. സഭയിൽ ഇത്രയും കോലാഹലമുണ്ടാക്കുമ്പോൾ അക്കാര്യം ഇവിടെ പരാമർശിക്കേണ്ടതല്ലേ; ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമല്ലേ ഇവിടെ നടത്തുന്നത്? ദേവസ്വം ബോർഡിൽ കോൺഗ്രസിന്റെ ജനപ്രതിനിധികളുണ്ടായിരുന്ന കാലത്തുള്ള അഴിമതികളെ സംബന്ധിച്ച് നമുക്കെല്ലാമറിയാം. മുൻമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ സഹോദരനായ ശ്രീ. വി. എസ്. ജയകുമാറിനെ എല്ലാവർക്കുമറിയാവുന്നതാണ്. അദ്ദേഹത്തിന്റെ കാലത്ത് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് നടന്ന അഴിമതിയെ സംബന്ധിച്ചുമറിയാം. നിയമനങ്ങളുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അഴിമതികളെ സംബന്ധിച്ചും അറിവുള്ളതാണ്. ഈ അന്വേഷണ പരിധിയിൽ ഈ വിഷയവുംകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കഴിഞ്ഞ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ സമയത്ത്, കാട്ടുപന്നിയുടെ ആക്രമണം തടയാനായി സ്ഥാപിച്ച കെണിയിൽനിന്നുള്ള വൈദ്യുതി ഷോക്കേറ്റ് പത്താം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി മരിക്കാനിടയായി. അതിനെപ്പോലും രാഷ്ട്രീയപരമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ തിരിച്ചുവിട്ടു. വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഇത്തരമൊരു നിയമനിർമ്മാണം നടത്തുമ്പോൾ നിലമ്പൂരിലെ എം.എൽ.എ.-യെങ്കിലും ഇവിടെയുണ്ടാകേണ്ടതല്ലേ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ശ്രീ. വി. കെ. പ്രശാന്ത് വളരെ പ്രസക്തമായ നിലയിലാണ് ഈ ബില്ലിനെ ശബരിമലയുമായി ബന്ധപ്പെട്ട് കോർത്തിണക്കിയത്. വന സംരക്ഷണവും വന്യജീവി സംരക്ഷണവും നമ്മുടെ ഉത്തരവാദിത്വം തന്നെയാണ്. വന സംരക്ഷണത്തിന് ഏറ്റവും ഗുണകരമായ രീതിയിലുള്ള നിലപാടെടുക്കുന്നതിനാണ് ആഗോള അയ്യപ്പസംഗമം ഉൾപ്പെടെ നടത്തിയത്. സ്വാഭാവിക വനത്തിന്റെ ഏറ്റവും പ്രധാന കേന്ദ്ര ഭൂമിയാണ് അയ്യപ്പന്റെ ഭൂമി. അത്തരത്തിലുള്ള സ്വാഭാവിക വനങ്ങൾ നശിപ്പിക്കുന്ന നിലയിലേക്ക് തേക്ക് പ്ലാന്റേഷനും ഒരു ഘട്ടത്തിൽ മാഞ്ചിയം പ്ലാന്റേഷനും ഉൾപ്പെടെയുള്ള പല പ്ലാന്റേഷൻ നടപടികളും ബ്രിട്ടീഷ് കാലഘട്ടത്തിൽത്തന്നെ നടന്നിരുന്നു. അതെല്ലാം വനത്തെ നശിപ്പിക്കുന്ന നിലപാടുകളായിരുന്നു. കേന്ദ്ര വനം വകുപ്പിന്റെ നിർദ്ദേശപ്രകാരമാണ് അതിന് നേതൃത്വം നൽകിയത്. വനത്തെ സംരക്ഷിക്കാൻ ബാധ്യതപ്പെട്ട വകുപ്പുതന്നെ പല ഘട്ടങ്ങളിലായി സ്വാഭാവിക വനത്തെ നശിപ്പിക്കുകയാണുണ്ടായത്. അത് ആഗോളതാപനത്തിന് ഇടയാക്കുകയും പ്രകൃതിയെ

നശിപ്പിക്കുന്ന നിലയിലേക്ക് എത്തിച്ചേരുകയും ചെയ്യു. വന്യജീവികളുടെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്വമാണ്; അക്കാര്യത്തിൽ തർക്കമൊന്നുമില്ല. മനുഷ്യന്റെ സംരക്ഷണത്തിനുവേണ്ടിയാണല്ലോ മനുഷ്യന്റെ ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ലോകം ചിന്തിക്കുന്നതും അത്തരം നിലപാടുകളെടുക്കുന്നതും. അതുപോലെ, വന്യജീവികളുടെ സംരക്ഷണത്തിനുവേണ്ടി അവയുടെ എണ്ണത്തിലുണ്ടാകുന്ന പെരുപ്പം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. പ്രകൃതിദത്തമായ നിയമം നടപ്പാക്കപ്പെടണമെങ്കിൽ അത് അനിവാര്യമാണ്. ആ നിലയിൽ നാം അതിനെ കാണണം.

മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, പദപ്രയോഗത്തിൽ മാറ്റം വരുത്തണമെന്നുള്ളതാണ്. 'മനുഷ്യ-വന്യജീവി സംഘർഷം' എന്ന പദപ്രയോഗം ശരിയല്ല. മനുഷ്യൻ ഒരു സംഘർഷത്തിനും പോകുന്നില്ല. മനുഷ്യരും വന്യജീവികളും തമ്മിൽ യുദ്ധപ്രഖ്യാപനവും നടത്തിയിട്ടില്ല. നിരവധി മനുഷ്യർ വനത്തിനുള്ളിൽ താമസിക്കുന്നുണ്ട്. അവർ ആരെങ്കിലും സംഘർഷമോ യുദ്ധപ്രഖ്യാപനമോ നടത്തുന്നുണ്ടോ? അതുകൊണ്ട് വന്യജീവി ആക്രമണം നിയന്ത്രിക്കാൻ കഴിയണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ശ്രീ. കെ. ഡി. പ്രസേനന്റെ അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. വനവും മനുഷ്യനും വേണ്ട കാര്യങ്ങളാണ്. രണ്ടിനെയും സന്തുലിതമായി കൊണ്ടുപോകുക എന്നുള്ളതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. വന്യമൃഗങ്ങളെയും വനത്തെയും സംരക്ഷിക്കുകയെന്നുള്ളതാണ് എന്റെ വകുപ്പിന്റെ ഉത്തരവാദിത്വമെന്ന് ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി മുമ്പൊരിക്കൽ സൂചിപ്പിക്കുകയുണ്ടായി. ഇതോടൊപ്പം, മനുഷ്യരെയും സംരക്ഷിച്ചുകൊണ്ടുപോകാൻ നമുക്ക് സാധിക്കും. കേരളത്തിൽ മാത്രമല്ല,

ലോകത്തെ വിവിധ സ്ഥലങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. ജനപെരുപ്പമുണ്ടാകുന്നതിന്റെ ഭാഗമായി നമുക്ക് സ്ഥലം അധികമായി വേണ്ടിവരികയാണ്. കാടിനുള്ളിൽ ഭക്ഷണം ലഭിക്കാത്ത സാഹചര്യമുണ്ടാകുമ്പോഴാണ് പലപ്പോഴും വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നത്. ഇതെല്ലാം ഫലപ്രദമായി ചെറുക്കാനാണ് ഇത്തരം നിയമനിർമ്മാണങ്ങളിലൂടെ ഗവൺമെന്റ് ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ ഏകദേശം 273 പഞ്ചായത്തുകൾ ഹോട്ട്സ്പോട്ടുകളായി സർക്കാർ പരിഗണിച്ചിട്ടുണ്ട്. കൂടാതെ, 12 പ്രത്യേക പ്രദേശങ്ങളും ഇതിന്റെ ഭാഗമായി ഉൾപ്പെടുന്നുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ 1250 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമെല്ലാം ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ, ഒൻപത് ദ്രുതകർമ്മ സേനയുൾപ്പെടെ 28 സ്ഥിരം ദ്രുതകർമ്മ സേനകളും രൂപീകരിച്ചിട്ടുണ്ട്. 891 വാച്ചർമാരെ താൽക്കാലികമായി നിയമിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ശ്രമിക്കുകയാണ്. കിഫ്ബി ഫണ്ടുപയോഗിച്ച് ആയിരം സോളാർ ലൈറ്റുകളും ആറ് ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ആദിവാസി വിഭാഗത്തിൽനിന്നും ഏകദേശം 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പി.എസ്.സി. മുഖാന്തരം ഈ സർക്കാർ നിയമിച്ചിട്ടുണ്ട്. അത് വളരെ പ്രധാനപ്പെട്ടൊരു ചുവടുവയ്പാണ്. ഈ മേഖലയിലെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാനും വനത്തെക്കുറിച്ചുള്ള അവരുടെ അറിവ് പ്രയോജനപ്പെടുത്തി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുമാണ് ഗവൺമെന്റ് ഇതുവഴി ശ്രമിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ

ബഹുമാന്യരായ മുഖ്യമന്ത്രിയെയും വനം-വന്യജീവി വകുപ്പുമന്ത്രിയെയും ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളം, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി യോജിച്ച് അയൽ സംസ്ഥാന സഹകരണത്തിനുള്ള അന്തർസംസ്ഥാന ധാരണാപത്രം 2024-ൽ സർക്കാർ ഒപ്പുവയ്ക്കുകയുണ്ടായി. പ്രതിരോധത്തിന് ആധുനിക സാങ്കേതികവിദ്യകളടക്കം ഗവൺമെന്റ് പ്രയോജനപ്പെടുത്തുന്നുമുണ്ട്. ആധുനിക ANIDERS (Animal Intrusion Detection and Repellent System) അലാറം സിസ്റ്റം ഇതിന്റെ ഭാഗമാണ്. കൂടാതെ, പത്ത് മിഷനുകളും ഇതിന്റെ ഭാഗമായി രൂപീകരിച്ചു. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത് അഭിനന്ദനാർഹമാണ്.

ശ്രീ. ആന്റണി ജോൺ: സർ, വന്യമൃഗശല്യം ഏറ്റവും രൂക്ഷമായ ഒരു മണ്ഡലത്തിലെ ജനപ്രതിനിധിയാണ് ഞാൻ. എന്റെ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിൽ നേരിടുന്ന രൂക്ഷമായ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കഴിഞ്ഞ ഒമ്പത് വർഷങ്ങളിലായി വിവിധ സമ്മേളനങ്ങളിൽ ചോദ്യങ്ങളായും സബ്മിഷനുകളായുമൊക്കെ ഞാൻ ഏറ്റവും കൂടുതൽ ഉന്നയിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നിരന്തരമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും അതൊന്നും മുഖവിലയ്ക്കെടുക്കാത്ത ഒരു സാഹചര്യം വന്ന ഘട്ടത്തിലാണ് ഒരു സംസ്ഥാന ഗവൺമെന്റ് എന്ന പരിമിതിക്കകത്തുനിന്നുകൊണ്ട് കേരളവും ഈ വിഷയത്തിൽ എങ്ങനെ ഇടപെടാമെന്നുള്ളത് രാജ്യത്തിന് കാണിച്ചുകൊടുക്കുന്നത്. അത്തരമൊരു ശ്രദ്ധേയമായ ഇടപെടലാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. എന്റെ മണ്ഡലത്തിലെ കൂട്ടമ്പുഴ, പിണ്ടിമന, കീരംപാറ, കോട്ടപ്പടി, കവളങ്ങാട് ഉൾപ്പെടെയുള്ള അഞ്ച് പഞ്ചായത്തുകളിൽ ഇപ്പോഴും

രൂക്ഷമായ വന്യമൃഗശല്യം തുടരുകയാണ്. ഇതിനകം നിരവധി ജീവനുകൾ നഷ്ടപ്പെടുകയും ഒരുപാട് പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ, എന്റെ തൊട്ടടുത്ത മണ്ഡലങ്ങളായ മൂവാറ്റുപുഴ, പെരുമ്പാവൂർ, തൊടുപുഴ, ഇടുക്കി എന്നിവയുടെ കുറെ ഭാഗങ്ങൾ ഉൾപ്പെടെ മലയോര മേഖലയിൽ ജീവിക്കുന്ന മുപ്പത് ലക്ഷത്തിലേറെ വരുന്ന ജനങ്ങളുടെ വലിയൊരു ജീവിത പ്രശ്നമാണിത്. അതിൽ പരമാവധി ഇടപെടാൻ ഗവൺമെന്റ് നടത്തിയ ശ്രദ്ധേയമായ പരിശ്രമത്തെയും ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദ്യത്തിലേക്ക് വരൂ.

ശ്രീ. ആന്റണി ജോൺ: സർ, പലപ്പോഴും ഇത്തരം വിഷയങ്ങൾ ഉയർന്നുവരുമ്പോൾ ഇതിന് ആധാരമായ പ്രശ്നം 1972-ലെ വന്യജീവി (സംരക്ഷണ) നിയമമാണെന്നുള്ളത് പറയാൻ പലരും തയ്യാറാകുന്നില്ല. മാത്രമല്ല, പിന്നീട് ആ നിയമത്തിൽ നിരവധി തവണ ഭേദഗതികൾ കൊണ്ടുവന്നപ്പോൾ ആ ഭേദഗതികളൊന്നും ജനപക്ഷത്തുനിന്ന് ആയിരുന്നില്ലെന്നും അതെല്ലാം മൃഗങ്ങളുടെ പക്ഷത്തുനിന്നായിരുന്നുവെന്നുമുള്ളത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, അക്കാര്യമാണ് ഞാനും ഇവിടെ ശ്രദ്ധയിൽകൊണ്ടുവന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് കേരള ഗവൺമെന്റ് നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും അതുമായി ബന്ധപ്പെട്ട് ധാരാളം ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിനൊന്നും ശ്രദ്ധ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നുള്ളത്

വളരെ നിരാശാജനകമാണ്. വനത്തിന്റെ കാര്യത്തിൽ മാത്രമല്ല, നിരവധി കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അവഗണന നമ്മൾ നേരിടുകയാണ്. ഇതിനൊക്കെയുള്ള ഒരു പരിഹാരമെന്ന നിലയിൽ 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ കൊണ്ടുവന്ന ഈ ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ചില പ്രധാന നിയമനിർമ്മാണങ്ങൾ ലക്ഷ്യംവച്ച് വിളിച്ചുചേർത്ത ഒരു സമ്മേളനമാണിത്. ദൗർഭാഗ്യവശാൽ, പ്രധാനപ്പെട്ട നിയമനിർമ്മാണ വേളകളിൽ എല്ലാവരും ചർച്ച ചെയ്ത് പാസ്സാക്കേണ്ട പല നിയമങ്ങളും ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റിയിൽനിന്നും തിരിച്ചുവന്ന ബില്ലുകൾ മതിയായ ചർച്ചയില്ലാതെ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്കെടുക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണുണ്ടായത്. 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ ചർച്ച കൂടാതെയാണ് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചത്. അതുപോലെ 2025-ലെ കേരള പൊതു സേവനാവകാശ ബിൽ, 2025-ലെ കേരള സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, ഇപ്പോൾ ചർച്ച ചെയ്യുന്ന 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവയെല്ലാം ഇരുപക്ഷവും ഒരുമിച്ച് ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, പ്രായോഗികമായി ഈ

നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന വലിയൊരു ബുദ്ധിമുട്ടിനെ അഡ്രസ്സ് ചെയ്യാൻ സംസ്ഥാന സർക്കാരിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാനാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യാനുള്ള പരിശ്രമമാണ് ഇവിടെ നടത്തുന്നത്. ആ പരിശ്രമത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് നിൽക്കേണ്ടതാണ്. രണ്ടാമത്, നിയമപരമായി ധാരാളം സങ്കീർണ്ണതകളുള്ള ഒരു പ്രക്രിയയിലാണ് നമ്മൾ ഇപ്പോൾ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 1972-ൽ പാർലമെന്റ് ഈ നിയമം പാസ്സാക്കി കേന്ദ്ര നിയമമായി മാറിയപ്പോൾ വനവും വന്യജീവി സംരക്ഷണവും ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സ്റ്റേറ്റ് ലിസ്റ്റിലായിരുന്നു ഉണ്ടായിരുന്നത്. ഭരണഘടനയുടെ 252-ാം അനുച്ഛേദപ്രകാരമാണ് സ്റ്റേറ്റ് ലിസ്റ്റിലുള്ള വിഷയങ്ങൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് നിയമം നിർമ്മിക്കാനുള്ള അധികാരം നൽകുന്നത്. രണ്ടോ മൂന്നോ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടാൽ ആ സംസ്ഥാനങ്ങളെ ബാധിക്കുന്ന രൂപത്തിൽ സംസ്ഥാന ലിസ്റ്റിലുള്ള ഒരു വിഷയത്തെ സംബന്ധിച്ച് പാർലമെന്റ് നിയമം പാസ്സാക്കാമെന്ന് 252-ാം അനുച്ഛേദം പറയുന്നതനുസരിച്ചാണ് പാർലമെന്റ് ആ നിയമം പാസ്സാക്കിയത്. 1976-ലെ അടിയന്തരാവസ്ഥ കാലത്തെ 42-ാം ഭരണഘടനാ ഭേദഗതി പ്രകാരമാണ് സ്റ്റേറ്റ് ലിസ്റ്റിൽനിന്ന് ഇത് കൺകറന്റ് ലിസ്റ്റിലേക്ക് വരുന്നത്. ഇപ്പോൾ കൺകറന്റ് ലിസ്റ്റിലുള്ള വനം, വന്യജീവി സംരക്ഷണം എന്ന വിഷയം സ്റ്റേറ്റ് ലിസ്റ്റിലായിരുന്ന കാലത്ത് കേന്ദ്രം പാസ്സാക്കിയ ഒരു നിയമത്തെ സംബന്ധിച്ചാണ് നമ്മൾ ഇപ്പോൾ സംസ്ഥാനത്ത് ഒരു ഭേദഗതി കൊണ്ടുവരുന്നത്. സ്വാഭാവികമായും ഇപ്പോൾ കൺകറന്റ് ലിസ്റ്റിലായതുകൊണ്ട് സംസ്ഥാനത്തിന് ഒരു ഭേദഗതി നിയമം പാസ്സാക്കാമെന്ന

നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവരുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, legal complexity-യുള്ളതും അതേസമയം പ്രായോഗികമായി ഈ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്നതുമായ ഒരു പ്രശ്നത്തെ കേന്ദ്രത്തിനുമുമ്പിൽ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുമ്പോൾ കേരളം ഈ വിഷയത്തിൽ ഒറ്റക്കെട്ടാണ് എന്നൊരു സന്ദേശം നൽകാൻ കഴിയാതെ പോകുന്നത് ഏറ്റവും ദൗർഭാഗ്യകരമാണ്. കുറഞ്ഞപക്ഷം ഇന്നത്തെ ഈ നിയമനിർമ്മാണ ചർച്ചാവേളയിൽ പ്രതിപക്ഷവും പങ്കെടുക്കേണ്ടതായിരുന്നു. വനാതിർത്തി പങ്കിടുന്ന പല മണ്ഡലങ്ങളിലുമുള്ള അംഗങ്ങൾ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുണ്ട്. വനാതിർത്തി എന്നൊരു അതിർത്തി ഇപ്പോഴില്ല, വന്യജീവികളെല്ലാം നാട്ടിൻപുറങ്ങളിലേക്ക് വരിയാണ്. ഇക്കാര്യത്തിൽ ഒരുമിച്ചുനിന്നുകൊണ്ട് കേരളം ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി ഒരു യുദ്ധത്തിൽ ഏർപ്പെടുന്നു അല്ലെങ്കിൽ അവർക്കുവേണ്ടി ഒരു വിഷയം മുന്നോട്ടുവയ്ക്കുന്നുയെന്ന സന്ദേശം കേന്ദ്ര സർക്കാരിലെത്തിക്കാൻ കഴിയുന്ന ഒരു നിലപാട് പ്രതിപക്ഷം സ്വീകരിക്കാത്തത് അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയിയെന്നാണ് എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ളത്.

1972-ൽ ഈ നിയമം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കുന്ന സമയത്ത് സ്റ്റേറ്റ് ലിസ്റ്റിലായിരുന്ന വനവും വന്യജീവി സംരക്ഷണവും എന്ന വിഷയം 1976-ൽ കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റി. എന്നാൽ അതിനിടയിൽ 1973 ജൂൺ 1 മുതൽ കേരളത്തിൽ ഈ നിയമം പ്രാബല്യത്തിലുംവന്നു. ഒരുപക്ഷെ അന്നത്തെ സംസ്ഥാന നിയമസഭ ആവശ്യപ്പെട്ടതുകൊണ്ടായിരിക്കാം അങ്ങനെ വന്നത്. എനിക്ക് അതുസംബന്ധിച്ച് കൃത്യമായി അറിയില്ല. അന്നത്തെ സാഹചര്യത്തിൽ അത്തരത്തിലൊരു നിയമനിർമ്മാണത്തെ

ന്യായീകരിക്കാനുള്ള എല്ലാ കാരണങ്ങളും നമുക്കുണ്ടായിരുന്നു. വൻതോതിൽ വന്യജീവികളുടെയും പക്ഷികളുടെയും വംശനാശം സംഭവിച്ചുകൊണ്ടിരുന്ന ആ സാഹചര്യത്തിൽ അവയുടെ വംശം നിലനിർത്തുന്നതിനാവശ്യമായ സംരക്ഷണ വ്യവസ്ഥകൾ ഈ നാട്ടിൽ നിയമത്രൂപത്തിൽ കൊണ്ടുവരണമെന്ന താൽപര്യത്തിന് തീർച്ചയായും സാമൂഹ്യപ്രതിബദ്ധതയും ജൈവവൈവിധ്യത്തെ നിലനിർത്തണമെന്ന ഉദ്ദേശ്യവുമുണ്ടായിരുന്നു. പതിനൊന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ചാണ് 1972-ൽ ആ നിയമം കൊണ്ടുവന്നതും 1973-ൽ കേരളത്തിൽ നടപ്പാക്കുകയും ചെയ്തത്. 1976-ൽ അത് കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റി. ആ കാലഘട്ടത്തിൽ ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുന്നതിന് എല്ലാ ന്യായീകരണങ്ങളും ഉണ്ടായിരുന്നു എന്നാണ് എന്റെ വിശ്വാസം. എന്നാൽ പിന്നീട് സാഹചര്യങ്ങൾ മാറിവന്നു. വന്യജീവികളെ സംരക്ഷിക്കാൻവേണ്ടിയുള്ള കടുത്ത നടപടികൾ ഭരണകൂടങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ സ്വീകരിക്കുകയും കേന്ദ്രഗവൺമെന്റ് കൺകറന്റ് ലിസ്റ്റിലുൾപ്പെടുത്തി കേന്ദ്ര നിയമത്തിന്റെ ഭാഗമാക്കുകയും ചെയ്തതിനുശേഷം വനത്തിനുള്ളിലെ വന്യജീവികളുടെ എണ്ണം വലിയ തോതിൽ വർദ്ധിക്കുകയാണുണ്ടായത്. അതിന്റെ പ്രശ്നങ്ങളാണ് നാം ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. അന്നത്തെ സാഹചര്യങ്ങൾ മാറിയിരിക്കുകയാണ്. വനത്തിലെ വിഭവങ്ങളുടെയും കുടിവെള്ളത്തിന്റെയും ലഭ്യതക്കുറവും അല്ലെങ്കിൽ ചില പ്രത്യേക വന്യജീവികൾക്ക് നിർണ്ണയിക്കപ്പെടുന്ന അവരുടെ ആവാസകേന്ദ്രങ്ങൾക്ക് ഭ്രവിസ്തൃതിയില്ലാതെ വന്നതുകൊണ്ടുമാകാം വനത്തിനുള്ളിലെ ജീവികൾ നാട്ടിൻപുറങ്ങളിലേക്ക് എത്തുന്നത്.

ഇതുമൂലം മനുഷ്യജീവനുകൾ വലിയ തോതിൽ അപകടത്തിൽപ്പെടുന്ന സാഹചര്യം ഇവിടെ സംജാതമായിരിക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വിദേശ രാജ്യങ്ങളിൽ carrying capacity പരിശോധിച്ചുകൊണ്ട് മൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, മനുഷ്യജീവൻ അപകടത്തിൽപ്പെടുന്നു എന്നത് മാത്രമല്ല, നമ്മുടെ മലയോരമേഖലകളിൽ വന്യജീവികളുടെ സാന്നിധ്യംമൂലം കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യവും സംജാതമായിട്ടുണ്ട്. പലരും കൃഷി ഉപേക്ഷിച്ച് പോകുന്ന നിലപോലും ഉണ്ടായിട്ടുണ്ട്. വളരെ ഗൗരവമേറിയ ഒരു വിഷയമാണിത്. അതിനാൽ ആ വിഷയമടക്കം നമുക്ക് അഡ്രസ്സ് ചെയ്യാൻ കഴിയണ്ടേ?

ശ്രീ. മാത്യു ടി. തോമസ്: സർ, അതുകൊണ്ടാണ് 1972-ലെയും 1973-ലെയും സാഹചര്യങ്ങൾ മാറിയിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞത്. വന്യമൃഗങ്ങളുടെ ജനസംഖ്യാ നിയന്ത്രണത്തിനുവേണ്ടി മറ്റ് രാജ്യങ്ങൾ നടപ്പാക്കുന്ന തന്ത്രങ്ങൾ സ്വീകരിക്കുന്നതിനോടൊപ്പം നമ്മുടെ നാട്ടിലെ കൃഷി സംരക്ഷിക്കാനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. അതിൽ വേണ്ടരീതിയിൽ ഇടപെടൽ നടത്തേണ്ടതുണ്ട്. ഒരുപക്ഷെ നമ്മൾ ഇപ്പോൾ കൊണ്ടുവരുന്ന ഭേദഗതി സമ്പൂർണ്ണമായും അതിന് പര്യാപ്തമാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അക്രമാസക്തമായ ഒരു വന്യജീവി വന്നാൽ, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുവാദം വാങ്ങി അതിനെ വെടിവച്ച് കൊല്ലാമെന്ന് നിയമത്തിൽ ഇളവ്

നൽകുന്നുണ്ടെങ്കിൽപോലും പ്രായോഗികമായി ചിന്തിച്ചാൽ, ഒരു കടുവ മുന്നിൽ വന്നുനിൽക്കുമ്പോൾ അവിടെ നിൽക്ക്, ഞാൻ അനുവാദം വാങ്ങി വരട്ടെ എന്നുപറയാൻ കഴിയില്ലല്ലോ? അങ്ങനെയുള്ള പരിമിതിയുമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ നിയമത്തിൽ മാറ്റം ആവശ്യമാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, 'ഓർമ്മ ശരിയാണെങ്കിൽ' എന്ന വാക്ക് പ്രയോഗിക്കാൻ പാടില്ലെങ്കിലും ഉപയോഗിക്കുകയാണ്, മൻമോഹൻ സിങ് ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ജയറാം രമേശ് ഇക്കാര്യത്തിൽ കടുത്ത വ്യവസ്ഥകൾ കൊണ്ടുവന്നിരുന്നു. ആ കാലഘട്ടത്തിൽ അത്തരമൊരു വ്യവസ്ഥ കൊണ്ടുവരാൻ പാടില്ലായിരുന്നു. 1972-ലെ കാലഘട്ടമായിരുന്നില്ല, 2004 മുതൽ 2014 വരെയുള്ള കാലഘട്ടം. വന്യജീവികളുടെ ശല്യം നാട്ടിൻപുറങ്ങളിൽ അനുഭവപ്പെട്ട് തുടങ്ങിയതിനുശേഷവും വന്യജീവികളെ സംരക്ഷിക്കാനും മനുഷ്യജീവന് ആപത്തുണ്ടായാൽപോലും അവയെ നിലനിർത്താനുംവേണ്ടി നിയമഭേദഗതി കർക്കശമാക്കി കൊണ്ടുവന്നത് യാതൊരു വിധത്തിലും അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. അതെല്ലാം നടപ്പാക്കിക്കഴിഞ്ഞു. നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇതിനെ അഡ്രസ്സ് ചെയ്യാനുള്ള പരിശ്രമമാണ് വന്യജീവി സംരക്ഷണം (കേരള ഭേദഗതി) നിയമത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. 1976 മുതൽ ഈ വിഷയം കൺകറന്റ് ലിസ്റ്റിലായതിനാൽ സ്വാഭാവികമായും രാഷ്ട്രപതിയുടെ അംഗീകാരം വേണ്ടിവരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന് നമ്മൾ ഒറ്റക്കെട്ടായി നിൽക്കേണ്ടതല്ലേ? നിർണ്ണായകമായ ചർച്ച നടക്കുന്ന സമയത്ത് പ്രതിപക്ഷത്തിന്റെ അസാന്നിധ്യം ഈ നാടിന്റെ താൽപര്യത്തിനെതിരാണ്, ജനങ്ങളോടുള്ള വലിയ വെല്ലുവിളിയാണ് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രത്യേകിച്ചും വനാതിർത്തി

പങ്കിടുന്ന മേഖലകളിൽനിന്നും വരുന്ന എം.എൽ.എ.-മാർ ഈ സഭയിലിരുന്ന് ഈ നിയമത്തെ അനുകൂലിച്ചുകൊണ്ട് കൈപൊക്കി ബിൽ പാസ്സാക്കുന്ന സാഹചര്യം നഷ്ടപ്പെടുത്തിക്കളഞ്ഞു എന്നത് വലിയ സങ്കടകരമാണ്.

ഞാനൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് 'ഇന്ന് സമരമാണെന്ന്' കേട്ടിട്ടുണ്ട്. അന്ന് കെ.എസ്.യു., എസ്.എഫ്.ഐ. എന്നൊന്നും വിളിക്കാറില്ല. 5, 6 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ ഞാനൊരു പഠിപ്പിസ്റ്റായിരുന്നു. അടിയന്തരാവസ്ഥ കാലത്താണ് എനിക്ക് സംഘടനാപ്രവർത്തനത്തിൽ താൽപര്യം വന്നത്. സമരം ചെയ്യുമ്പോൾ മാറി നിൽക്കും, എന്തിനാണ് സമരമെന്ന് ഞങ്ങൾക്ക് അറിയില്ല. 'വിദ്യാർഥി ഐക്യം സിന്ദാബാദ്' എന്നായിരുന്നു അന്നത്തെ മുദ്രാവാക്യം. ഇവിടത്തെ പ്രതിപക്ഷത്തിന്റെ സമരവും അങ്ങനെയാണ്. ഇവിടെ നോട്ടീസുണ്ടോ; ഡിമാന്റുണ്ടോ; എന്തെങ്കിലും കാര്യത്തിനായുള്ള ആവശ്യമുണ്ടോ? ആവശ്യങ്ങൾ എന്താണെന്ന് കൃത്യമായി പറയട്ടെ, സി.ബി.ഐ. അന്വേഷിക്കണമെന്ന് ഇവിടെ ഒരു ബോർഡ് കാണിച്ചു. കേരളത്തിലെ പ്രതിപക്ഷത്തിന് ഹൈക്കോടതിയേക്കാൾ വിശ്വാസം ബി.ജെ.പി. നിയന്ത്രിക്കുന്ന സി.ബി.ഐ.-യെ ആണോ? ശത്രുവിന്റെ ശത്രു മിത്രമാണ്. ബി.ജെ.പി. എൽ.ഡി.എഫ്.-ന്റെ ശത്രുവാണെന്ന് സമ്മതിച്ചല്ലോ. യു.ഡി.എഫ്.-ന്റെ ശത്രു എൽ.ഡി.എഫ്., എൽ.ഡി.എഫ്.-ന്റെ ശത്രു ബി.ജെ.പി., അതുകൊണ്ട് ബി.ജെ.പി. നിയന്ത്രിക്കുന്ന സി.ബി.ഐ. ആണ് ഹൈക്കോടതിയേക്കാൾ ഞങ്ങൾക്ക് വിശ്വാസമെന്ന പ്രഖ്യാപനമാണ് ഈ ദിവസം പ്ലക്കാർഡ് പിടിച്ച് പ്രതിപക്ഷം നടത്തിയത്. ന്യായമായ രീതിയിൽ വ്യവസ്ഥാപിത മാർഗത്തിലൂടെ ആവശ്യങ്ങൾ ഉന്നയിക്കാതെ, ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ

അതിൽ പങ്കെടുക്കാതെ ജനങ്ങളെ വെല്ലുവിളിക്കുന്ന പ്രതിപക്ഷത്തോട് ജനങ്ങൾ ചോദിക്കട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ലിന്റോ ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ചരിത്രപരമായ നിയമ ഭേദഗതിക്കാണ് സംസ്ഥാന ഗവൺമെന്റും വകുപ്പും തയ്യാറായിരിക്കുന്നത്. അതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാരിന്റെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്ത് 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ സംസ്ഥാന ഗവൺമെന്റ് ഇവിടെ അവതരിപ്പിക്കുന്നത്. 1972-ൽ കൊണ്ടുവന്ന വന്യജീവി (സംരക്ഷണ) നിയമം ഒമ്പത് തവണ ഭേദഗതി ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഓരോ തവണയും ഭേദഗതി ചെയ്യുമ്പോൾ നിയമം കൂടുതൽ കർക്കശമാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇളവുകളൊന്നും ജനങ്ങൾക്ക് അനുകൂലമാകുന്ന സാഹചര്യത്തിലുമായിരുന്നില്ല. ഏറ്റവും അവസാനം 2022-ൽ കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതിയുടെ ഭാഗമായാണ് ഷെഡ്യൂളിനുതാഴെ ചേർത്തിരുന്ന നാടൻ കുരങ്ങ് ഷെഡ്യൂൾ I-ലേക്ക് മാറുന്ന സാഹചര്യംപോലുമുണ്ടായതെന്ന് നമുക്കറിയാം. ഈ സാഹചര്യങ്ങളെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഏറ്റവും അനിവാര്യമായ ഒരു നിയമനിർമ്മാണം നടത്താനാവശ്യമായ തീരുമാനമെടുത്തത്. പ്രത്യേകിച്ചും, കേരളത്തിലെ മലയോര മേഖലയിൽ താമസിക്കുന്ന കർഷകർക്ക് ഏറ്റവും

ആശ്വാസകരമായ ഒരു നിയമഭേദഗതിയാണ് സംസ്ഥാന ഗവൺമെന്റ് ഇവിടെ അവതരിപ്പിക്കുന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2024 ഫെബ്രുവരി 14-ന് നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. പക്ഷേ കേന്ദ്രം അതിന് യാതൊരു പരിഗണനയും നൽകിയില്ല. അതിനിടയിലാണ് നാട്ടിലിറങ്ങി ആക്രമണം കാണിക്കുന്ന, അല്ലെങ്കിൽ മനുഷ്യജീവന് അപകടകരമായി പ്രവർത്തിക്കുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലാനുള്ള ഉത്തരവിറക്കാനുള്ള ഓണറി വൈൽഡ് ലൈഫ് വാർഡന്റെ ചുമതല പഞ്ചായത്ത് പ്രസിഡന്റുമാർക്ക് നൽകിക്കൊണ്ട് ഇന്ത്യയിലാദ്യമായി ചരിത്രപരമായ ഒരു തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുത്തത്. കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരുവിധ സഹായവും ലഭ്യമാകുന്നില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് വന്യജീവി ആക്രമണത്തെ ഒരു സംസ്ഥാന ദുരന്തമായി കണ്ട് കൂടുതൽ നഷ്ടപരിഹാരവും ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി ക്രിയാത്മകമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുള്ളത്. എന്താണ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ പ്രധാന ആവശ്യം? രാജ്യത്തെ മുഴുവൻ വനങ്ങളെയും വന്യമൃഗങ്ങളെയും ഒറ്റ യൂണിറ്റായി പരിഗണിച്ചുകൊണ്ട് അതിന്റെ ഭാഗമായിട്ടുള്ള നിയമനിർമ്മാണങ്ങളും മറ്റ് കാര്യങ്ങളുമൊക്കെ ഇപ്പോൾ നടത്തുന്നത്. കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.5 ശതമാനവും വനമാണെന്ന് നമുക്കറിയാം. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 859 ആണ്. അതായത്, സംസ്ഥാനത്തെ അതിർത്തി പങ്കിടുന്ന വന മേഖലകളിലേക്ക് ആളുകൾ കൂടുതലായി തിങ്ങിപാർക്കുകയാണ്. 'ആഴ്ചയിൽ ഒരാൾ വീതം

കർണ്ണാടകയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നുവെന്ന് 2024-ലെ മലയാള മനോരമ പത്രത്തിൽ കർണ്ണാടക സ്റ്റേറ്റുമായി ബന്ധപ്പെട്ട് ഒരു വാർത്ത വന്നിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തിന്റെ പോപ്പുലേഷൻ ഡെൻസിറ്റി 326 persons per square kilometres ആണ്. അവിടത്തെ വനത്തിന്റെ ആകെ ഭ്രവിസ്തൃതി 20.11 ശതമാനമാണ്. കേരളത്തേക്കാൾ വലിയ സംസ്ഥാനമാണെങ്കിലും അവിടെ പോപ്പുലേഷൻ ഡെൻസിറ്റിയും വനത്തിന്റെ അളവും കുറവാണ്. പക്ഷെ നമ്മുടെ സംസ്ഥാനത്തിനും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കും ഒരേ നിയമമാണ് എന്നതാണ് ഒരു പ്രത്യേകത. കേരളത്തേക്കാൾ മൂന്നോ നാലോ ഇരട്ടി വലുപ്പമുള്ള, നമ്മുടെ തൊട്ടടുത്തുള്ള സംസ്ഥാനമാണ് തമിഴ്നാട്. 2011-ലെ സെൻസസ് പ്രകാരം തമിഴ്നാട്ടിലെ പോപ്പുലേഷൻ ഡെൻസിറ്റി 656 persons per square kilometres ആണ്. അവിടത്തെ ആകെ വനത്തിന്റെ ഭ്രവിസ്തൃതി 21 ശതമാനമാണ്. നമ്മുടെ രാജ്യത്തിന്റെ ആകെ പോപ്പുലേഷൻ ഡെൻസിറ്റി 382 persons per square kilometres ആണ്, വനത്തിന്റെ ആകെ ഭ്രവിസ്തൃതി 21.76 ശതമാനമാണ്. തൊട്ടടുത്തുള്ള സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് പോപ്പുലേഷൻ ഡെൻസിറ്റിയും വനമേഖലയും കൂടുതലാണ്. അതിനാൽ സ്വാഭാവികമായും വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷം വർധിക്കും. ഒരു രാജ്യം നിയമനിർമ്മാണമുണ്ടാക്കുമ്പോൾ സംസ്ഥാനത്തെ ജനങ്ങൾക്ക് ദോഷകരമായി ബാധിക്കാതെ, സ്റ്റേറ്റിനെ ഒരു യൂണിറ്റായി പ്രഖ്യാപിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തേണ്ടത് അനിവാര്യമാണ്. ഇക്കാര്യം അഭ്യർഥിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ഇപ്രകാരം ഒരു നിയമനിർമ്മാണം നടത്താനാവശ്യമായ തീരുമാനമെടുത്തിട്ടുള്ളത്. ആ

നിയമനിർമ്മാണത്തെ പാസ്സാക്കി കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. എ. രാജ: സർ, എന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ വന്യമൃഗാക്രമണങ്ങൾ നേരിടുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് വന്യമൃഗാക്രമണംമൂലം ഇന്നലെ രണ്ട് ജീവനുകളാണ് നഷ്ടപ്പെട്ടത്. അതിലൊരാൾ എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്ത മണ്ഡലത്തിലെ വേലുച്ചാമി ആയിരുന്നു. അദ്ദേഹം കർഷകനാണ്. ഇന്നലെ അദ്ദേഹം ജോലിക്ക് പോയിരുന്ന സമയത്താണ് ചക്കക്കൊമ്പൻ എന്ന് ഓമനപേരിട്ട് വിളിക്കുന്ന ആന ആക്രമിച്ച് കൊലപ്പെടുത്തിയത്. ഇത്തരത്തിൽ തുടർച്ചയായി വന്യമൃഗാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സാധാരണഗതിയിൽ വന്യമൃഗാക്രമണത്തിലൂടെ ഏതെങ്കിലും ഒരാൾ മരണപ്പെട്ടാൽ അതിലൂടെ രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതിനുവേണ്ടിയാണ് പ്രതിപക്ഷം ശ്രമിക്കാറുള്ളത്. 1972-ലെ കാലഹരണപ്പെട്ടൊരു നിയമത്തിന് ഭേദഗതികൊണ്ടുവരാൻ 2025-ലാണ് സംസ്ഥാന സർക്കാർ തീരുമാനമെടുക്കുന്നത്. അത്തരമൊരു തീരുമാനമെടുക്കുമ്പോൾ ഒറ്റക്കെട്ടായി നിന്ന് അതിൽ അഭിപ്രായം പറഞ്ഞ് നിയമം പാസ്സാക്കേണ്ട ആളുകൾ അവരുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. തുടർച്ചയായി വന്യമൃഗാക്രമണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് അതിനെ തടയിടാൻ കഴിയും. കഴിഞ്ഞ വർഷം എന്റെ നിയോജകമണ്ഡലത്തിൽ മാത്രം എ.ഐ. സംവിധാനം ഉപയോഗിച്ച് വന്യമൃഗാക്രമണം കുറയ്ക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയാണ് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും നൽകിയത്.

എന്റെ നാട്ടിൽ ആനക്കുളം എന്നുപറയുന്ന ഒരു സ്ഥലമുണ്ട്. വിദേശികളടക്കം സ്ഥലം കാണാനായി ഇവിടേക്ക് വരാറുണ്ട്. കഴിഞ്ഞ രണ്ടുമൂന്ന് മാസങ്ങൾക്കുമുമ്പ് ഹംഗേറിയൻ പ്രസിഡന്റ് ആനക്കുളത്തെ ആനകളെ കാണാനായി വന്നിരുന്നു. ഒരു ദിവസം അമ്പത് മുതൽ അറുപത് ആനകൾ വരെ വൈകുന്നേരങ്ങളിൽ ഇറങ്ങിവന്ന് അവിടെനിന്നും വെള്ളം കുടിച്ച് തിരിച്ചുപോകും. വെള്ളം കുടിക്കുന്നതിനുവേണ്ടി മാത്രമാണ് ആനകൾ ഇറങ്ങിവരുന്നത്. അതിനാൽ കാട്ടിനകത്ത് അവയ്ക്കാവശ്യമായ ഭക്ഷണം, വെള്ളം എന്നിവയെല്ലാം ഒരുക്കികൊടുത്താൽ ഒരു പരിധിവരെ ഇവ നാട്ടിലേക്ക് ഇറങ്ങുന്നത് തടയാൻ കഴിയും. അതുമാത്രമല്ല, തോട്ടം മേഖലകളിൽ നിരന്തരമായി പുലിയുടെയും കടുവയുടെയുമെല്ലാം സാന്നിധ്യം വർധിച്ചുകൊണ്ടിരിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പെർമിഷൻ വാങ്ങിക്കൊണ്ട് മാത്രമെ നമുക്കൊരു കൂടുപോലും സ്ഥാപിക്കാൻ കഴിയുകയുള്ളൂ. ആദ്യം വന്യമൃഗങ്ങളുടെ സാന്നിധ്യം കണ്ടെത്തി ക്യാമറ സ്ഥാപിക്കണം. ക്യാമറയിൽ ഇവയുടെ സാന്നിധ്യം ആ പ്രദേശങ്ങളിലുണ്ടെന്ന് കണ്ടെത്തിയാൽ മാത്രമെ പിന്നീട് ആ സ്ഥലങ്ങളിൽ കൂട് സ്ഥാപിച്ച് അതിനെ പിടികൂടി മറ്റുസ്ഥലത്തേക്ക് മാറ്റാൻ കഴിയുകയുള്ളൂ. ഇങ്ങനെയെല്ലാം വരുമ്പോൾ സ്വാഭാവികമായും വലിയ ബുദ്ധിമുട്ടുണ്ടാകും. ഈ വിഷയങ്ങളെല്ലാം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, വനമേഖലയുള്ള മണ്ഡലങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന വിഷയമാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത്. ആനകൾ നാട്ടിലേക്ക്

ഇറങ്ങാതിരിക്കാൻ വനം വകുപ്പ് കിടങ്ങുകൾ കുഴിക്കാറുണ്ട്. ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി സാമാന്യം നല്ലരീതിയിലാണ് വനം വകുപ്പ് അത് ചെയ്തിട്ടുള്ളത്. പക്ഷേ, ഒന്നോ രണ്ടോ മഴ പെയ്ത് കഴിയുമ്പോൾ വനത്തിൽനിന്ന് മണ്ണൊലിപ്പുണ്ടാകുന്നതിന്റെ ഭാഗമായി ട്രഞ്ചുകളെല്ലാം മൂടപ്പെട്ടുപോകുന്ന സാഹചര്യമുണ്ട്. മറ്റൊന്ന്, നമ്മൾ നിർമ്മിക്കുന്ന ഫെൻസിങ്ങുകളിൽ കുറച്ചുകാലം കഴിയുമ്പോൾ കാട്ടുവള്ളികൾ പടർന്നുപിടിച്ച് അതിന്റെ എർത്ത് സംവിധാനം പ്രയോജനകരമല്ലാതാകുന്നുണ്ട്. ഇവ രണ്ടും മെയിന്റനൻസ് ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും കാലാകാലങ്ങളിൽ ഒരു ഇടപെടലുണ്ടായാൽ മാത്രമെ വന്യമൃഗങ്ങളുടെ ശല്യം നാട്ടിൻപ്രദേശങ്ങളിലുണ്ടാകാതിരിക്കൂ. വനത്തിനകത്തുള്ള ആദിവാസികളുടെ സഹായത്തോടെ വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്ന സ്ഥലങ്ങളെ പോയിന്റ് ഔട്ട് ചെയ്ത് അവിടങ്ങളിൽ മാത്രം ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ നടത്തിയാൽ ഇന്നുണ്ടാകുന്ന വന്യമൃഗങ്ങളുടെ ആക്രമണം ഒരു പരിധിവരെ തടയാൻ കഴിയും. അതിനുള്ള നടപടികൾകൂടി ഇതിന്റെ ഭാഗമായി സ്വീകരിക്കുമോ?

ശ്രീമതി ശാന്തകുമാരി കെ.: സർ, സമഗ്രമായ Man-animal conflict-ന് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ, തച്ചമ്പാറ, കാഞ്ഞിരപ്പുഴ തുടങ്ങിയ പ്രദേശങ്ങളുൾപ്പെടെ ഹൈറേഞ്ചാണ്. അവിടെയെല്ലാം ആദിവാസി ജനവിഭാഗങ്ങളുൾപ്പെടെയുള്ളവർ താമസിക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട മനുഷ്യർ അധിവസിക്കുന്ന പ്രദേശങ്ങളെ സംരക്ഷിക്കണം. അവിടെ കടന്നുവരുന്ന

വന്യമൃഗങ്ങളുമായി ഏറ്റുമുട്ടി ആളുകൾ മരണപ്പെടുകയാണ്. ഇന്നലെ ഈ വിധം അട്ടപ്പാടിയിൽ ഒരാൾ മരണപ്പെട്ട സംഭവത്തിൽ നടുറോഡിൽ പരസ്യമായി ആളുകൾ പ്രതിഷേധിക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. പൊതുവെ നിയമത്തിലെ പരിമിതികൾ അല്ലെങ്കിൽ നിയമത്തിൽ ശാശ്വതമായ പരിഹാരം കണ്ടെത്താൻ സാധിക്കാത്തതിന്റെ വിഷയമാണിത്. അതോടൊപ്പം, ആദിവാസി ജനവിഭാഗങ്ങളുടെ ഭൂമി സംരക്ഷിക്കുന്നതിന് കൃത്യമായ ധാരണ നമുക്കുണ്ടാകേണ്ടതുണ്ട്. ആദിവാസി ജനവിഭാഗങ്ങളോട് വനം വകുപ്പ് നല്ലരീതിയിലുള്ള സമീപനം സ്വീകരിക്കാത്തതിന്റെ ഭാഗമായുണ്ടായ വിഷയത്തിൽ ഇടപെട്ടതിന്റെ പേരിൽ എന്റെ നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ.-ആയിരുന്ന കെ. വി. വിജയദാസിനെതിരെ കേസെടുത്ത സംഭവം വരെയുണ്ടായിട്ടുണ്ട്. അത് കഴിഞ്ഞ കാലമാണെങ്കിൽ ആയിക്കോട്ടെ. എന്റെ ചോദ്യം, ജനങ്ങളുമായി പ്രത്യേകിച്ചും ആദിവാസി ജനങ്ങളുമായി ഏറ്റവുമടുത്ത ബന്ധം സ്ഥാപിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുൾപ്പെടെയുള്ള സമഗ്രമായ വീക്ഷണം ഈ നിയമത്തിലുണ്ടാകുമോയെന്നാണ്?

ശ്രീ. പി. എസ്. സുപാൽ: സർ, കാട്ടുപന്നിയുടെ ഇറച്ചി വളരെ രുചികരമാണെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട ചെയറോ മന്ത്രിയോ അംഗങ്ങളോ അത് കഴിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കഴിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, അല്ല, ഞാൻ അത് സംബന്ധിച്ച് പറയുകയാണ്. കാട്ടുപന്നിയെ മണ്ണെണ്ണ ഒഴിച്ച് കത്തിച്ചുകളയുകയാണ് ചെയ്യുന്നത്. അതിന്റെ ആവശ്യമുണ്ടോ? അതിനെ വെളിച്ചെണ്ണയോ മണ്ണെണ്ണയോ ഒഴിച്ച് കത്തിക്കുന്നതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ഉദ്യോഗസ്ഥർ പോകേണ്ടതില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞത്. മന്ത്രിയാണെങ്കിലും സർക്കാരാണെങ്കിലും ചില ഉയർന്ന ഉദ്യോഗസ്ഥരാണെങ്കിലും ഇത്തരം വിഷയങ്ങളിൽ കർഷകർക്ക്/ജനങ്ങൾക്ക് അനുകൂലമായ സമീപനം സ്വീകരിക്കുമ്പോൾ, ചില ഉദ്യോഗസ്ഥർ ഇതിന്റെ പുറകെപോയി ഗവേഷണം നടത്തി പരാതികൾ കിട്ടിയില്ലെങ്കിൽ എവിടെനിന്നെങ്കിലും പരാതികൾ വാങ്ങി ആളുകളെ കൈയാമം വച്ച് അതിനുപുറകെ പോകുന്നൊരു സമീപനമാണ് സ്വീകരിക്കുന്നത്. അത് സർക്കാർ എടുക്കുന്ന പൊതുനിലപാടിന് വിരുദ്ധമായതല്ലേ; ഇത്തരം ആളുകളെ നിയന്ത്രിക്കേണ്ടതല്ലേ; അതുമാത്രമല്ല, പന്നിയിറച്ചി കരിച്ചുകളയുന്നതിനുപകരം ഭക്ഷ്യയോഗ്യമാണെന്ന് കണ്ടുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയല്ലേ ചെയ്യേണ്ടത്?

ശ്രീ. ലിന്റോ ജോസഫ്: ബഹുമാനപ്പെട്ട അംഗങ്ങൾ മലയോര മേഖലയിലെ ജനങ്ങളുടെ വികാരമാണ് ഇവിടെ സൂചിപ്പിച്ചത്. പ്രതിപക്ഷം സഭ ബഹിഷ്കരിക്കുമ്പോൾ ഭരണപക്ഷത്തുള്ള അംഗങ്ങൾ ജനങ്ങൾക്കുവേണ്ടി ക്രിയാത്മകമായി ഇടപെടുന്നതിന്റെ സൂചനയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ. സൂചിപ്പിച്ച കാര്യം ഈ നിയമത്തിന്റെ ഭാഗമായി വരുന്നുണ്ട്. വെർമിനായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ സ്വഭാവികമായും കാട്ടുപന്നിയുടെ ഇറച്ചി ഭക്ഷിക്കാൻ

കഴിയുന്നതാണെന്ന് നിയമനിർമ്മാണത്തിന്റെ ഭാഗമായി വരുന്നുണ്ട്. ശ്രീമതി ശാന്തകുമാരി കെ., ശ്രീ. ജി. സ്റ്റീഫൻ, ശ്രീ. എ. രാജ എന്നീ എം.എൽ.എ.-മാർ സൂചിപ്പിച്ചതുപോലെ, ആദിവാസി വിഭാഗങ്ങളെക്കൂടി വനത്തിന്റെ സംരക്ഷണം ഏൽപ്പിച്ച് അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് വനത്തിനുള്ളിൽ നടത്തേണ്ട പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകളുണ്ടാകേണ്ടത് ഏറ്റവും അനിവാര്യമായ കാര്യമാണ്. കാടിനുൾക്കൊള്ളാൻ കഴിയുന്നതിനെക്കാൾ മൃഗങ്ങൾ കാടിനകത്തുണ്ട് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. വയനാട് സംരക്ഷണ കേന്ദ്രത്തിൽ 84-ലധികം കടുവകളുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ആ ഭൂപ്രദേശത്ത് ഉൾക്കൊള്ളാൻ കഴിയുന്ന കടുവകളുടെ എണ്ണം 20 ആണെന്നാണ് പറയുന്നത്. സ്വഭാവികമായും ഉൾക്കൊള്ളാൻ കഴിയുന്നതിനേക്കാൾ കൂടുതൽ കടുവകൾ വനമേഖലയിലുണ്ടാകുമ്പോൾ അവയ്ക്ക് ഇരയും ഭക്ഷണവുമൊക്കെ ലഭ്യമാകാതെ വരികയും അവ നാട്ടിലേക്കിറങ്ങുന്ന സാഹചര്യവുമുണ്ടാകുകയും ചെയ്യും. അതിനാൽ നമ്മൾ വിദേശ മാതൃകകൾ സ്വീകരിക്കണം. കങ്കാരു ഓസ്ട്രേലിയയുടെ ദേശീയമൃഗമാണ്. പക്ഷേ ഓസ്ട്രേലിയയിൽ കങ്കാരു പെറ്റുപെരുകുന്ന ഘട്ടത്തിൽ അവയെ ഹണ്ടിങ് നടത്തുന്നതിന് നിശ്ചിതമായ ഇടവേളകൾ അനുവദിച്ച്, അതിന്റെ എണ്ണം കൃത്യമായി നിയന്ത്രിച്ച് പ്രകൃതിക്കും മനുഷ്യനും ദോഷകരമായി ബാധിക്കാത്ത നിലയിലേക്ക് ക്രമീകരിക്കുന്ന നിയമനിർമ്മാണങ്ങൾ വിദേശ രാജ്യങ്ങളിലുണ്ട്. അത്തരം മാതൃകകൾ നമ്മുടെ രാജ്യത്ത് സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട ലിന്റോ ജോസഫ് വന്യമൃഗാക്രമണത്തെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. രണ്ട് ദിവസം മുമ്പ് വളയം പഞ്ചായത്തിന്റെ മലയോര

മേഖലയിൽ 16 ആനകളാണ് നാട്ടിലേക്ക് ഇറങ്ങിവന്നത്. അത്രയും ആനകളിറങ്ങിയാൽ എത്രമാത്രം കൃഷി നശിക്കുമെന്നത് നമുക്ക് ഊഹിക്കാവുന്നതേയുള്ള. കുട്ടികളുൾപ്പടെ കൂട്ടുകുടുംബമായാണ് അവയിറങ്ങുന്നത്. അവ വലിയതോതിലുള്ള നാശനഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. അതോടൊപ്പം, വന്യമൃഗത്തിന്റെ കൂട്ടത്തിലാണ് കാട്ടുപന്നികളെ രേഖപ്പെടുത്തുന്നതെന്നാണ് മനസ്സിലാക്കുന്നത്. കാട്ടിലുള്ളതിനേക്കാൾ കാട്ടുപന്നികൾ ഇപ്പോൾ നാട്ടിലാണുള്ളത്. ആർക്കും കൃഷിചെയ്യാൻ കഴിയുന്നില്ല. പത്ത് വർഷമായ തെങ്ങിൻതൈകളെയും വാഴകളെയും പൂർണ്ണമായും നശിപ്പിക്കുകയാണ്. മറ്റ് കായ്കനികളായ ചേന, ചേമ്പ് തുടങ്ങിയവയും നശിപ്പിക്കും. അതിനാൽ കർഷകരായ മനുഷ്യർ എങ്ങനെ ജീവിക്കും? ഇവയെല്ലാം പൊതുവിഷയമാണെന്ന നിലയ്ക്ക് കൈകാര്യം ചെയ്യുന്നതിന് ബഹു. മന്ത്രി ഏറെ തൽപ്പരനാണ്. അതിന്റെ ഭാഗമായാണ് നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നത്. പണ്ടുകാലത്ത് നമ്മുടെ നാട്ടിലൊക്കെ നായാട്ടുമായി ബന്ധപ്പെട്ട് ഇവയെല്ലാം ഭക്ഷിക്കുമായിരുന്നു. എന്നാൽ ഇടക്കാലത്ത് ആ പ്രവണത ഇല്ലാതാകുകയും മൃഗങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്തു. കാട്ടുപന്നിയുടെ ഒരു പ്രസവത്തിൽ പത്തും പതിനഞ്ചും കുഞ്ഞുങ്ങളാണ് ജനിക്കുന്നത്. അപ്പോൾ അതിന്റെ എണ്ണം പെരുകുന്നത് ഊഹിക്കാവുന്നതേയുള്ള. എന്നാൽ മനുഷ്യരുടെ എണ്ണം വല്ലാതെ കുറയുന്നു. വിവാഹംതന്നെ വേണ്ടെന്നാണ് പുതിയ തലമുറ ആലോചിക്കുന്നത്. എന്നാൽ വന്യമൃഗത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ച് പന്നികളുടെ എണ്ണം വലിയതോതിലാണ് വർധിക്കുന്നത്. അതുപോലെ, ആനകളുടെ എണ്ണവും വർധിക്കുന്നുണ്ട്. അതുകൊണ്ട് പന്നിയിറച്ചി ഭക്ഷ്യയോഗ്യമാണെന്ന് തീരുമാനിക്കുന്നതായിരിക്കും നല്ലത്. അത്

നല്ലരീതിയിൽ പാകം ചെയ്യണം. കാരണം ഇവയുടെ നെയ്യിലൂടെ വലിയതോതിൽ വിരശല്യമുണ്ടാകാനുള്ള സാധ്യതയുണ്ട്. നല്ലരീതിയിൽ വേവിച്ച് കഴിഞ്ഞാൽ ഏറ്റവും നല്ല മാംസാഹാരമാക്കി ഇതിനെ മാറ്റിയെടുക്കാൻ കഴിയും. തിരുവമ്പാടി പോലെതന്നെ നാദാപുരം നിയോജകമണ്ഡലത്തിലും വനമൃഗാക്രമണം രൂക്ഷമാകുകയാണ്. ഈ വിഷയം ഗൗരവമായി പരിഗണിക്കേണ്ടതല്ലേ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി നിയോജകമണ്ഡലത്തിൽ ഇന്നലെ കുഞ്ഞുമോൻ എന്ന വാച്ചറെ കടുവ കൊലപ്പെടുത്തുകയുണ്ടായി. പന്നിയും ആനയുമെല്ലാം ഗേറ്റ് തുറന്ന് വീടുകൾക്കുള്ളിലേക്ക് കയറിച്ചെല്ലുന്ന ഒരവസ്ഥ നമ്മുടെ മലയോര മേഖലയിലെല്ലാമുണ്ട്. ആ ഘട്ടത്തിലാണ് ഇങ്ങനെയൊരു നിയമനിർമ്മാണത്തെ സംബന്ധിച്ച ചർച്ച നടന്നുക്കൊണ്ടിരിക്കുന്നത്. മലയോര മേഖലയെ സംബന്ധിച്ചിടത്തോളം ഇന്ന് ജനങ്ങളേറെ പ്രതീക്ഷിക്കുന്ന ഒരു ദിവസമാണ്. കേന്ദ്ര നിയമത്തിന്റെ ഭേദഗതിയായതുകൊണ്ട് ഈ ചർച്ചാവേളയിൽ പ്രതിപക്ഷവുംകൂടി പങ്കെടുത്തുകൊണ്ട് ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കേണ്ടതായിരുന്നു. ദൗർഭാഗ്യവശാൽ അവർ വിട്ടുനിൽക്കുകയാണ്. മലയോര മേഖലയിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ് പ്രതിപക്ഷം ഉയർത്തുന്നത്. വന്യമൃഗാക്രമണം തടയാൻ സോളാർ വേലി ഉൾപ്പെടെ ധാരാളം മാർഗങ്ങൾ സർക്കാർ സ്വീകരിച്ചുവരികയാണെന്ന് നമുക്കറിയാം. കൂടാതെ, വനത്തിനുള്ളിലേക്ക് വന്യമൃഗങ്ങൾക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതുൾപ്പെടെ നിരവധി പദ്ധതികൾ വനം വകുപ്പിന്റെ നേതൃത്വത്തിലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതത് സ്ഥലത്തെ

ജനങ്ങളുടെ പിന്തുണയോടെ ഇതെല്ലാം സംഘടിപ്പിക്കാതിരിക്കുന്നതിന്റെയൊരു പോരായ്മ മലയോര മേഖലയിലെല്ലാമുണ്ട്. സോളാർ വേലികളുടെ സംരക്ഷണ കാര്യത്തിലും വിത്തുകൾ വനപ്രദേശത്തിനുള്ളിലേക്ക് നിക്ഷേപിക്കുന്നതിലടക്കം വനമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രശ്നങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആ പ്രദേശത്തെ ജനങ്ങളുടെയും പിന്തുണ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി വനം വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിൽ സിംഹം ഒഴികെ ബാക്കി വന്യമൃഗങ്ങളെല്ലാം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എട്ട് പഞ്ചായത്തുകളാണ് എന്റെ മണ്ഡലത്തിലുള്ളത്. അതിൽ ആറ് പഞ്ചായത്തുകളിലും വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമാണ്. ഏറ്റവും കൂടുതൽ മനുഷ്യ ജീവൻ പൊലിഞ്ഞിട്ടുള്ളതും കാർഷികവിള നഷ്ടപ്പെട്ടിട്ടുള്ളതും വന്യമൃഗങ്ങളുടെ കടന്നാക്രമണത്തിന്റെ ഭാഗമാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതും അദ്ദേഹം പലതവണ അവിടെ വന്നിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട കെ. യു. ജനീഷ് കുമാർ സൂചിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട്, എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെയും ജനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു പ്രതിരോധ പ്രവർത്തനം നടത്തുന്നുണ്ട്. അതിന് സാമ്പത്തികപരമായും നിയമപരമായും അംഗീകാരം നൽകുന്ന രീതിയിൽ പ്രവർത്തനം നടത്തണം. 1972-ലെ കേന്ദ്ര നിയമവുമായി ബന്ധപ്പെട്ടാണ് സംസ്ഥാനത്ത് ഈ നിയമം കൊണ്ടുവരുന്നത്. സ്വാഭാവികമായും ഈ ബിൽ നിയമസഭ പാസ്സാക്കിയാൽ ഇതിന് കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുമോയെന്ന കാര്യത്തിലും

സംശയമുണ്ട്. ഈ ബിൽ ഏതുവിധേനയും പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ലിന്റോ ജോസഫ് ചർച്ച അവസാനിപ്പിക്കണം.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ചരിത്രപരമായ ഒരു നിയമനിർമ്മാണമാണ് വനം വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ കൊണ്ടുവരുന്നത്. വനമേഖലകളിൽ താമസിക്കുന്ന കർഷകർ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ ബില്ലിനെ നോക്കിക്കാണുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇത്രയും പ്രധാനപ്പെട്ടൊരു വിഷയം സഭയിൽ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷം സഭ ബഹിഷ്കരിക്കുന്നത് ശരിയായ നടപടിയല്ല. കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി സഭയിൽ അലങ്കോലമുണ്ടാക്കാൻവേണ്ടിയുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. 'ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുക' എന്നൊരു പ്രയോഗമുണ്ട്. ആ പ്രയോഗത്തിന് തത്തുല്യമായ നിലയിൽ എന്താണ് പ്രതിപക്ഷത്തിന് പറയാനുള്ളതെന്ന് ചോദിക്കുമ്പോൾ അത് പറയാതെ, ഈ സഭയെ അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്ന അവരുടെ നിലപാട് ദൗർഭാഗ്യകരമാണ്. കേരളത്തിലെ ജനങ്ങൾ ഏറ്റെടുക്കുന്ന, നിയമനിർമ്മാണം നടത്തുന്ന ഒരു സഭയായി കേരള നിയമസഭ മാറുകയാണ്. അതിന് നേതൃത്വം നൽകുന്ന സർക്കാരിനെയും പ്രത്യേകിച്ച് വനം വകുപ്പിനെയും ഈ അവസരത്തിൽ പ്രത്യേകം പ്രശംസിച്ചുകൊണ്ട് നിർത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെയേറെ ചർച്ച ചെയ്യപ്പെട്ടതും ഇടുക്കി ഉൾപ്പെടെയുള്ള മലയോര മേഖലകളിലെ ജനങ്ങളിൽനിന്നും ധാരാളം

അഭിനന്ദനം നേടാനായതുമായ ബില്ലാണിത്. ഈ ബില്ലിൽ ചില ആശങ്കകൾ രൂപപ്പെട്ടിട്ടുണ്ടെന്ന് വരുത്തിത്തീർത്ത് ഇതിലെ ഉദ്ദേശ്യശുദ്ധിയെപ്പോലും ഒരുപക്ഷേ മനസ്സിലാക്കാൻ സാധിക്കാത്തവിധം തെറ്റിദ്ധാരണാജനകമായി നടത്തിയിട്ടുള്ള സ്റ്റേറ്റുമെന്റുകളെല്ലാം നമ്മൾ കണ്ടതാണ്. 'വാച്ചർ' എന്നത് 'ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്' എന്ന് മാറ്റം വരുത്തുന്നുവെന്നാണ് ഈ ബിൽ പൈലറ്റ് ചെയ്യുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സംസാരിക്കുമ്പോഴും ചർച്ചയിലൂടെയുമെല്ലാം മനസ്സിലാക്കാൻ സാധിച്ചത്. അത് അറസ്റ്റ് ചെയ്യാനുള്ള അധികാരമല്ല; അതുസംബന്ധിച്ച് ബില്ലിൽ കൃത്യമായി സൂചിപ്പിക്കുന്നുമുണ്ട്. അതെല്ലാം അറിയാമായിരുന്നിട്ടും ഇതിന്റെ പേരിൽ ഒരു പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഇപ്പോൾ കേരളത്തിൽ പൊലീസ് കോൺസ്റ്റബിൾ എന്ന പേരിലൊരു തസ്തികയില്ല. പകരം ഈ തസ്തികയുടെ പേര് സിവിൽ പൊലീസ് ഓഫീസർ എന്നാണ്. ആ നിലയിൽ വർഷങ്ങളായി ജോലി ചെയ്യുന്ന നിരവധി തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് അംഗീകാരം നൽകുന്നതിനെ പോസിറ്റീവായി കാണുന്നതിനുപകരം അറസ്റ്റ് ചെയ്യാനുള്ള അധികാരം ഉദ്യോഗസ്ഥർക്ക് നൽകുന്നുവെന്ന രീതിയിൽ ജനങ്ങളിൽ ആശങ്ക പരത്തുംവിധം പ്രതിപക്ഷം സഭയ്ക്ക് പുറത്ത് നടത്തിയ ചർച്ചകൾ പൊതുസമൂഹം കണ്ടതാണ്. പക്ഷേ ഇന്ന് ഈ ബിൽ പാസ്സാകുന്നതോടുകൂടി അതിന് പര്യവസാനമാകുകയാണ്. കേരളത്തിൽ വന്യമൃഗങ്ങളിറങ്ങി ആരെയെങ്കിലും ഉപദ്രവിച്ച് മുറിവേൽപ്പിക്കുകയോ പരിക്കേൽപ്പിക്കുകയോ ചെയ്താൽ ആ മൃഗത്തെ വെടിവെയ്ക്കാനും കൊല്ലാനുമുള്ള അധികാരം നൽകുന്നതിനായി ജില്ലാ കളക്ടറെക്കൂടി ചുമതലപ്പെടുത്തിയിരിക്കുകയാണ്. സാധാരണക്കാർക്ക് പെട്ടെന്ന് ആക്ഷനെടുക്കാൻ കഴിയുന്ന

നിലയിലേക്ക് സർക്കാർ ചിന്തിച്ചതുകൊണ്ടാണ് അത്തരമൊരു തീരുമാനമെടുത്തത്. ഈ നല്ല ലക്ഷ്യങ്ങളെയെല്ലാം കണ്ടുകൊണ്ടും വനയോരമേഖലയിലും വനം-വന്യജീവി വിഷയങ്ങളുമായി ബന്ധപ്പെട്ടും നടക്കുന്ന ചർച്ചയുടെ ഭാഗമായി ഉരുത്തിരിഞ്ഞിട്ടുള്ള ആശങ്കകൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ച സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ ആശങ്കകൾ ദൂരീകരിക്കാൻ നടത്തിയ ശ്രമത്തെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വളരെയേറെ ശ്രദ്ധേയമായ അഭിപ്രായ പ്രകടനങ്ങളാണ് ഒരുപക്ഷത്തുനിന്നുകൊണ്ടുമാത്രം നമുക്ക് കേൾക്കാൻ കഴിഞ്ഞത്. 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേര ഭേദഗതി) ബിൽ എന്നിവയിലെ വ്യവസ്ഥകളെ ഗൗരവത്തോടുകൂടി ആഴത്തിൽ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകിയ എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഇത് കേന്ദ്ര നിയമവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് തീർച്ചയായും നമുക്ക് ചില കടമ്പകൾ കടക്കേണ്ടിവരും. ആ കടമ്പകൾ കടക്കാൻ ഈ സഭ ഒറ്റക്കെട്ടാണെന്ന സന്ദേശം നൽകാൻ കഴിയുന്നില്ലെന്ന ദൗർബല്യമാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ ആ ദൗർബല്യങ്ങളെയും മറികടന്ന് ജനങ്ങളുടെ ചേരിയിൽനിന്ന്, ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനുള്ള പ്രതിബദ്ധതയോടെ ഈ സർക്കാർ മുന്നോട്ടുപോകുക തന്നെ ചെയ്യും. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, മലയോര മേഖലയിലെ വേദനിക്കുന്ന കർഷകന്റെ വികാരങ്ങളെ ആളിക്കത്തിച്ച് മുതലെടുപ്പ് രാഷ്ട്രീയം നടത്തിയ പ്രതിപക്ഷം ദൗർഭാഗ്യവശാൽ അവിടെ

അവരോടൊപ്പവും ഇവിടെ ഇവരോടൊപ്പവും എന്നുള്ള ഇരട്ടത്താപ്പാണ് സ്വീകരിച്ചിരിക്കുന്നത്. ഈ ഇരട്ടത്താപ്പിനെ ആ മേഖലയിലെ എല്ലാ പ്രസ്ഥാനങ്ങളുടെ നേതാക്കളും പാവപ്പെട്ട കർഷകരും തിരിച്ചറിയണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ഇപ്പോൾ ഈ ബില്ലുകൾ കൊണ്ടുവന്ന ഘട്ടത്തിൽപ്പോലും തെറ്റിദ്ധാരണയുണ്ടാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. വന്യജീവി ആക്രമണങ്ങൾ നേരിട്ടവർക്ക് നഷ്ടപരിഹാരത്തിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നീക്കിവച്ച 72 കോടി രൂപയിൽ 1.72 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്ന് ഇന്നലെ ഒരു പ്രമുഖ ദിനപത്രത്തിൽ വാർത്ത വരികയുണ്ടായി. ഇത്രയേറെ തെറ്റിദ്ധാരണാജനകമായ ഒരു വാർത്ത എന്തിനാണ് അവർ കൊടുത്തതെന്ന് അറിയില്ല. അനുവദിച്ച തുക 72 കോടി രൂപതന്നെയാണ്. ചരിത്രത്തിലാദ്യമായാണ് ഇത്രയേറെ തുക വന്യജീവി ആക്രമണം നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നീക്കിവച്ചിട്ടുള്ളത്. അതിൽ 75 ശതമാനം തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. അത് നിയമസഭയിൽ പലപ്രാവശ്യം ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു നല്ല കാര്യം ചെയ്യുമ്പോൾ തെറ്റിദ്ധാരണ പരത്താൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് ഈ 'വാച്ചർ' ഇഷ്യൂവും. അത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ, ഈ നിയമനിർമ്മാണത്തിലൂടെ കേരളത്തിലെ മലയോര മേഖലയിലെ ജനങ്ങൾക്ക് പുതുജീവൻ നൽകുന്ന ആശ്വാസമാണുണ്ടാവുക. അതിനുവേണ്ടി സർക്കാർ നടത്തുന്ന ശ്രമത്തിന് എല്ലാവരുടെയും പിന്തുണയുണ്ടാകണം. ഈ ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം നേടുന്നതിന് ഒറ്റക്കെട്ടായ

പ്രവർത്തനമുണ്ടാകണമെന്ന് ഇവിടെ പ്രതിപക്ഷമില്ലെങ്കിലും ഈ സഭയിലൂടെ അവരോട് അഭ്യർഥിച്ചുകൊണ്ട് ഈ ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. എ. റഹീം, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

312. In section 2(C) Proposed to be substituted in the Principal Act by clause 2 for the word 'Watcher' the words 'Forest Beat Assistant' shall be substitued.

Shri C. C. Mukundhan : Sir, I move the following amendment :

125. In section 2(c) proposed to be substituted in the principal Act by clause 2, before the word "holding" the words "by virtue of" shall be inserted.

Shri P. Balachandran : Sir, I move the following amendment :

129. In section 2(c) proposed to be substituted in the principal Act by clause 2, for the word "under" the words "as per" shall be substituted.

Shri T. P. Ramakrishnan : Sir, I move the following amendment :

137. In section 2(c) proposed to be substituted in the principal Act by clause 2, the words and symbols "Watcher (Except for the purpose of arrest)" shall be deleted.

Shri P. Mammikkutty : Sir, I move the following amendment :

140. In section 2(c) proposed to be substituted in the principal Act by clause 2, for the words "purpose of arrest" the words "power under section 63" shall be substituted.

Shri P. V. Sreenijin : Sir, I move the following amendment :

141. In section 2(c) proposed to be substituted in the principal Act by clause 2, for the word "purpose of arrest" the words "power under section 63" shall be substituted.

Shri Sebastian Kulathunkal : Sir, I move the following amendment :

142. In section 2(c) proposed to be substituted in the principal Act by clause 2 after the word "arrest" the words "under this Act" shall be inserted.

Shri K. Ansalan : Sir, I move the following amendment :

143. In section 2(c) proposed to be substituted in the principal Act by clause 2 after the word "arrest" the words "under section 63" shall be inserted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. ചാണ്ടി ഉമ്മന്റെ 154-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

154. In section 2(c) proposed to be substituted in the principal Act by clause 2 for the word "rules" the word "rule" shall be substituted.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri P. S. Supal : Sir, I move the following amendments :

157. In section 47B(2) proposed to be amended in the principal Act by clause 3(a) before the word “Forest” the word “Kerala” shall be inserted.

174. In section 47B(2) proposed to be amended in the principal Act by clause 3(a) for the word “bonafide” the words “bona fide” shall be substituted.

195. In the proviso to section 47 B(2) proposed to be substituted in the principal Act by clause 3(b) for the words “sandal trees” the words “sandal wood trees” shall be substituted wherever it occurs.

Shri V. Joy :Sir, I move the following amendment :

161. In section 47B(2) proposed to be amended in the principal Act by clause 3(a), for the words and symbols, "subject to the provisions of this Act and the rules made thereunder, for any other bonafide use, irrespective of the age of the tree," the words and symbols "or for any other bonafide use, irrespective of the age of the tree, subject to the provision of this Act and the rules made thereunder" shall be substituted.

Shri E. K. Vijayan : Sir, I move the following amendment :

177. In section 47B(2) proposed to be amended in the principal Act by clause 3(a) for the word "irrespective" the word "regardless" shall be substituted.

Shri G. S. Jayalal : Sir, I move the following amendments :

185. In the proviso to section 47B(2) proposed to be substituted in the principal Act by clause 3(b) for the word "bonafide" the words "bona fide" shall be substituted.

208. In the proviso to section 47B(2) proposed to be substituted in the principal Act, by clause 3(b) after the word "Government" the words "of Kerala" shall be inserted.

Shri A. C. Moideen : Sir, I move the following amendment :

198. In the proviso to section 47B(2), proposed to be substituted in the principal Act by clause 3(b) for the words, "if any" the words "in assigned lands, that is" shall be substituted.

Shri. C. C. Mukundhan : Sir, I move the following amendment :

202. In the proviso to section 47B(2) proposed to be substituted in the principal Act, by clause 3(b) before the words "reserved by" the words "that were" shall be inserted.

Shri P. T. A. Rahim : Sir, I move the following amendment :

209. In the proviso to section 47B(2), proposed to be substituted in the principal Act, by clause 3(b), the words “the areas” shall be deleted.

Shri N. K. Akbar : Sir, I move the following amendment :

211. In the proviso to section 47B(2), proposed to be substituted in the principal Act, by clause 3(b), the words “the areas notified by the custodian” shall be deleted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 157, 174, 195 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 185, 208 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹിം അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Shri P. Nandakumar: Sir, I move the following amendment :

220. In section 47E proposed to be amended in the principal Act by clause 4(a) for the word "Department" the word "Officer" shall be substituted.

Shri. Xavier Chittalappilly : Sir, I move the following amendment :

227. Section 47E of the principal Act shall be recast as follows:
"47E Compensation to be paid by the Forest Officer. – Where any quantity of sandalwood is offered under section 47B or any quantity of sandalwood or sandalwood oil surrendered under section 47D, the authorised Forest Officer shall compensate thereof at the rates, as may be fixed by the Government from time to time."

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri V. K. Prasanth : Sir, I move the following amendment:

231. In section 53 proposed to be amended in the principal Act, by clause 5, for the words “Range forest Officer” the words “Assistant Wildlife warden”, shall be substituted.

Shri T. I. Madhusoodanan : Sir, I move the following amendment:

233. In section 53 proposed to be amended in the principal Act, by clause 5, for the words "Range forest Officer" the words "Deputy Range forest Officer", shall be substituted.

Shri Thottathil Ravindran : Sir, I move the following amendment:

235. Section 53 of the principal Act, shall be recast as follows;

"53. power to release property confiscated under section 52- any forest Officer of a rank not inferior to that of an Assistant Wildlife Warden, who or whose subordinate has confiscated any tools, boats, vehicles or cattle under the provisions of section 52, may release the same on the execution of a bond by the owner there of for the production of the property so released, as and when so required before the Magistrate having jurisdiction during the trial of the offence on account of which the confiscation has been made"

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri K. D. Prasenan : Sir, I move the following amendment:

237. In section 64, proposed to be amended in the principal Act, by clause 6, before the word "Range", the words, "Deputy" shall be inserted.

Shri M. Rajagopalan : Sir, I move the following amendment:

239. In section 64, proposed to be amended in the principal Act, by clause 6, for the words "Range Forest Officer", the words, "Assistant Wildlife Warden", shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

Shri K. P. Kunhammed Kutty Master : Sir, I move the following amendment:

242. In section 68(1) proposed to be substituted in the principal act by clause 7 for the words "an Assistant" the words "a Deputy" shall be substituted.

Shri K. U. Jenish Kumar : Sir, I move the following amendment:

244. In section 68(1) proposed to be substituted in the principal act by clause 7 for the words "an Assistant conservator of Forests" the words "a Divisional Forest Officer" shall be substituted.

Shri K. V. Sumesh : Sir, I move the following amendment:

255. In section 68(1)(a), proposed to be substituted in the principal Act by clause 7 for the word "compensation" the word "penalty" shall be substituted.

Shri V. Sasi : Sir, I move the following amendments:

257. In section 68(1)(a), proposed to be substituted in the principal Act by clause 7 the words "for the offence which may have been committed and" shall be deleted.

276. In section 68(1)(a) proposed to be substituted in the principal Act by clause 7 for the word "estimated" the word "determined" shall be substituted.

Shri Thottathil Ravindran : Sir, I move the following amendment:

261. In section 68(1)(a), proposed to be substituted in the principal Act by clause 7 for the words "seized as liable to confiscation" the word "confiscated" shall be substituted.

Shri Linto Joseph : Sir, I move the following amendment:

287. In section 68(1)(a) proposed to be substituted in the principal Act by clause 7, for the word "confiscate", the word "forfeit" shall be substituted.

Shri G. Stephen : Sir, I move the following amendment:

297. In section 68(1)(b) proposed to be substituted in the principal Act by clause 7 for the words "institution of the," the word "initiating" shall be substituted.

Smt. Daleema : Sir, I move the following amendment:

303. In the proviso to section 68(1)(b), proposed to be substituted in the principal Act by clause 7, for the words "it shall be deemed to be a previous commission of the same offence for the purpose of determining whether a second or subsequent offence has been committed and", shall be deleted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. ആര്യാടൻ ഷൗക്കത്തിന്റെ 241-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

241. In section 68(1) proposed to be substituted in the principal act by clause 7 for the word "officer" the word "Officer" shall be substituted.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 257, 276 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2025-ലെ കേരള വന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

342. In the explanation 1 (a) to section 11(1)(a) proposed to be inserted in the principal Act by clause 2 (1)(ii) after the words "residential area" the words "or agricultural area" shall be inserted.

Shri. C. C. Mukundhan: Sir, I move the following amendments:

151. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the word "severe" the word "any" shall be substituted.

163. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) the words "where people are usually gathered for various purposes" shall be deleted.

224. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the word "any" after the word "permit" the letter 'a' shall be substituted.

266. In the explanation 1(b) to section 11(1)(a) proposed to be inserted in the principal Act by clause 2(1)(ii) for the word "reside" the word "live" shall be substituted.

289. In section 11 (1) (c) proposed to be inserted in the principal Act by clause 2 (2) for the word “highly” the word “significantly” shall be substituted.

303. In section 11(1)(c) proposed to be inserted in the principal Act by clause 2(2) for the word “animals” the word “animal” shall be substituted.

Smt. Santhakumari K. : Sir, I move the following amendment:

160. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words “found in a public place where people are usually gathered for various purposes or in a residential area” the words “dangerous to human life” shall be substituted.

Shri. P. S. Supal : Sir, I move the following amendments:

170. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) the words “ for various purposes” shall be deleted.

176. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) after the word and symbol “area,” the words and symbol “or in a place outside forest area,” shall be inserted.

198. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) the word “a” before the word “Chief” shall be deleted.

238. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) after the word “translocated” the words “without further delay” shall be inserted.

252. In the explanation 1(a) to section 11(1)(a) proposed to be inserted in the principal Act by clause 2(1)(ii) for the words “a residential” the word “any” shall be substituted.

299. In section 11(1)(c) proposed to be inserted in the principal Act by clause 2(2), for the words “any suitable step” the words “necessary steps” shall be substituted.

Shri. Sebastian Kulathunkal : Sir, I move the following amendments:

175. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) after the word and symbol "area," the words and symbol "or in any land outside the forest or protected area," shall be inserted.

254. In the explanation 1(a) to section 11(1)(a) proposed to be inserted in the principal Act, by Clause 2(1)(ii) after the words "residential area" the words "or any lands" shall be inserted.

Shri P. P. Sumod : Sir, I move the following amendment:

200. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words "Chief Conservator of Forests" the words "Divisional Forest Officer" shall be substituted.

Shri Antony John : Sir, I move the following amendment:

206. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words "Chief Conservator of Forests" the words "Wildlife Warden" shall be substituted.

Shri K. U. Jenish Kumar : Sir, I move the following amendment:

220. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words "permit any person" the words "permit authorised person or persons" shall be substituted.

Smt. K. K. Shailaja Teacher : Sir, I move the following amendment:

222. In the third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) for the words " permit any person" the words "permit experienced person or persons" shall be substituted.

Shri C. H. Kunhambu : Sir, I move the following amendment:

239. The third proviso to section 11(1)(a) proposed to be inserted in the principal Act by clause 2(1)(i) shall be recast as follows;

"Provided also that where such a wild animal has attacked any person causing severe injuries, or such animal is dangerous to human life, the Chief Wildlife Warden may, upon a report from the District Collector or a Divisional Forest Officer, immediately, by order in writing and stating the reason therefor, permit authorised persons to kill, tranquilise, capture or translocate such animal or cause such animal to be killed, tranquilised, captured or translocated. "

Shri K. K. Ramachandran : Sir, I move the following amendment:

259. In the explanation 1 (a) to section 11(1)(a), proposed to be inserted in the principal Act, by clause 2(1)(ii), after the words "of the forest or protected area" the words "or posing severe threat of destruction to properties" shall be inserted.

Shri P. T. A. Rahim : Sir, I move the following amendment:

284. In section 11 (1) (c) proposed to be inserted in the principal Act by clause 2 (2) for the words "population of" the words "number of" shall be substituted.

Shri K. Premkumar : Sir, I move the following amendment:

301. In section 11(1)(c) proposed to be inserted in the principal Act by clause 2(2) for the words "suitable step" the words "mitigation measures" shall be substituted.

Shri P. Mammikutty : Sir, I move the following amendment:

309. In section 11(1)(c) proposed to be inserted in the principal Act by clause 2(2) before the words "without killing" the words "with or" shall be inserted.

Smt. U. Prathibha : Sir, I move the following amendment:

311. In section 11(1)(c) proposed to be inserted in the principal Act, by clause 2(2) for the words and symbol "without killing, by birth control" the words "with or without killing or by birth control" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 151, 163, 224, 266, 289, 303 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 170, 176, 198, 238, 252, 299 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 175, 254 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri M. M. Mani : Sir, I move the following amendment:

316. In section 62(2) proposed to be inserted in the principal Act, by Clause 3 for the words "the Government" the words "the State Government or Central Government" shall be substituted.

Shri P. S. Supal : Sir, I move the following amendment:

318. In section 62(2) proposed to be inserted in the principal Act by Clause 3 after the word "Warden," the words "there on" shall be inserted.

Shri Thottathil Ravindran : Sir, I move the following amendment:

323. In section 62(2) proposed to be inserted in the principal Act by clause 3 for the word "population" the word "number" shall be substituted.

Shri Antony John : Sir, I move the following amendment:

325. In section 62(2) proposed to be inserted in the principal Act by clause 3 the words "in the Gazette" shall be deleted.

Shri Sebastian Kulathunkal : Sir, I move the following amendment:

330. In section 62(2) proposed to be inserted in the principal Act by clause 3 for the words "six months" the words "one year" shall be substituted.

Shri H. Salam : Sir, I move the following amendment:

331. In section 62(2) proposed to be inserted in the principal Act by clause 3 after the word “time” the words “that may be extended to maximum two times” shall be inserted.

Shri T. I. Madhusoodanan : Sir, I move the following amendment:

338. In the proviso to section 62(2) proposed to be inserted in the principal Act by clause 3 for the word “successive” the word “consecutive” shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. എം. മണി അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri K. P. Kunhammed Kutti Master : Sir, I move the following amendment:

107. In the long title, before the words "to amend" the word "further" shall be inserted.

Shri Xavier Chittilappilly : Sir, I move the following amendment:

113. In the preamble before the words "to amend" the word "further" shall be inserted.

Shri Linto Joseph : Sir, I move the following amendment:

132. In clause 1 (1), for the word "Protection" the word and symbols "(Protection)" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഡോ. എൻ. ജയരാജിന്റെ 130-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

തത്വപ്രഖ്യാപനവാക്യം

130. In the enacting formula, for the word “Sixth” the word “sixth” shall be substituted.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി: (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(iv) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ

കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ഇപ്പോൾ സംസാരിക്കുന്നില്ല, ചർച്ചയ്ക്കുശേഷം സംസാരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ബില്ലുകളുടെയും ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങളാരും സഭയിൽ ഹാജരായിട്ടില്ല.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ബാലചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതിലെ ജനകീയ സഹകരണം വിപുലപ്പെടുത്തുന്നതിനും വേണ്ടിയുള്ള നിയമ

ഭേദഗതികളാണ് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് 76 വർഷം പൂർത്തിയാകുന്ന സന്ദർഭത്തിലാണ് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന് ഇത്തരത്തിലുള്ള ഭേദഗതി കൊണ്ടുവരുന്നത്. വിവിധ ജനവിഭാഗങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി എങ്ങനെ ബന്ധപ്പെടുത്താമെന്നും അതിലുള്ള നിയമപരമായ തടസ്സങ്ങൾ എങ്ങനെ ഒഴിവാക്കാമെന്നും അധികാര വികേന്ദ്രീകരണത്തിന്റെ കാലത്താണ് ആദ്യമായി ആലോചിക്കുന്നത്. പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലൂടെ അധികാരത്തിന്റെ പുനർവിന്യാസം സാധ്യമാക്കാനാണ് ഇടതുപക്ഷ സർക്കാരുകൾ ശ്രമിച്ചത്.

[അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. വി. ആർ. സുനിൽ കുമാർ]

കേരള മുനിസിപ്പാലിറ്റി ആക്ടിൽ വരുത്തുന്ന ഭേദഗതിയും പഞ്ചായത്ത് രാജ് ആക്ടിൽ വരുത്തുന്ന ഭേദഗതിയും നടപ്പിൽ വരുന്നതോടെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സീറ്റ് സംവരണം പുനർനിർണ്ണയിക്കാനും പൊതുസ്ഥലങ്ങളിലെ കൈയേറ്റങ്ങൾ തടയാനും മുനിസിപ്പാലിറ്റിക്കും പഞ്ചായത്തുകൾക്കും ലഭിക്കേണ്ട വരുമാനത്തിൽ വർധനവുണ്ടാക്കാനും പൊതുയിടങ്ങളിൽ ബോർഡുകളും കമാനങ്ങളുമെല്ലാം വയ്ക്കുന്നത് നിയമപരമായി എങ്ങനെ സാധൂകരിക്കണമെന്നുള്ളത് സംബന്ധിച്ചും ഒരു പൊതുസംവിധാനം രൂപപ്പെടുത്തുന്നതിനാണ് ഈ നിയമ ഭേദഗതി ലക്ഷ്യം വയ്ക്കുന്നത്. ഈ നിയമ ഭേദഗതികളുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ പ്രതിപക്ഷം ഇവിടെയില്ലെന്ന് നമുക്കറിയാം. പ്രതിപക്ഷമില്ലെന്ന് പറഞ്ഞാൽ പോരാ, വിറളി പിടിച്ച പ്രതിപക്ഷം ഇവിടെ ഇല്ലെന്ന് പറയണം. കാരണം, കഴിഞ്ഞ കുറച്ച്

മാസങ്ങളായി കേരളത്തിൽ വീശിയടിക്കുന്ന കാറ്റ് ഇടതുപക്ഷത്തിന് അനുകൂലമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ആഗോള അയ്യപ്പ സംഗമത്തിനുശേഷം ചില സംഭവവികാസങ്ങൾ കേരളത്തിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലുള്ള ഒരുതരം വിഭ്രാന്തിയാണ് ഇവിടെ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ആഗോള അയ്യപ്പ സംഗമത്തെ കേരളത്തിലെ സാമുദായിക നേതൃത്വങ്ങളെല്ലാം അംഗീകരിക്കുകയും പ്രത്യേകിച്ച് ഇടതുപക്ഷത്തോട് മമതയൊന്നും പുലർത്താതിരുന്ന പ്രസ്ഥാനങ്ങൾപോലും അഭിനന്ദിക്കുകയും ചെയ്ത സന്ദർഭത്തിൽ ഒരു സംഭവമുണ്ടായത് ആരും മറന്നിട്ടുണ്ടാകില്ല. അത് ഈ ജനകീയ സംവിധാനത്തെ പ്രതിരോധിക്കുന്നതിനുവേണ്ടി ബി.ജെ.പി.-യുടെ നേതൃത്വത്തിൽ ഒരു വിശ്വാസ സംഗമം നടത്തുകയുണ്ടായി. അത് അവരെ അബദ്ധത്തിലാണ് കൊണ്ടുചെന്നെത്തിച്ചത്. കാരണം അവിടെ ഒരു മഹാ മണ്ഡലേശ്വർ സ്വാമി പ്രസംഗിച്ചത് വാവരും അയ്യപ്പനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്. അതിന് ജാതി വിദ്വേഷത്തിന്റെ, മതപ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തിനെതിരെ കേസെടുത്തിട്ടുണ്ട്. 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന് പറഞ്ഞതുപോലെ, ബി.ജെ.പി.ക്കാർക്കും അടികിട്ടിയപ്പോൾ ജനകീയമായി ഒറ്റപ്പെടേണ്ട സ്ഥിതിയുണ്ടായി. കേരളത്തിന്റെ പുരാവൃത്തങ്ങളും നിരവധി കാലത്തെ ചരിത്രവും പരിശോധിച്ചാൽ എരുമേലിയിലെ പള്ളിയും അയ്യപ്പക്ഷേത്രവും തമ്മിലുള്ള ബന്ധവും വാവരും അയ്യപ്പനും തമ്മിലുള്ള ബന്ധവും വ്യക്തമാകും. ചരിത്രത്തെ തിരുത്തുന്നതിനുവേണ്ടി വാപുരനാണ് വാവരല്ലെന്ന് സ്ഥാപിക്കാനാണ് ആ സ്വാമി അവിടെ ശ്രമിച്ചത്. അവരും ഒറ്റപ്പെട്ടതോടെ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മൂന്നാംവട്ടവും വമ്പിച്ച ജനകീയ ഭൂരിപക്ഷത്തോടെ അധികാരത്തിൽ

വരുമെന്നുള്ളതുകൊണ്ടാണ് നിയമസഭയ്ക്കകത്ത് ഇത്തരത്തിലുള്ള പ്രശ്നങ്ങളുന്നയിക്കാതെ ഈ നാടകം അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഇനിയുള്ള ദിവസങ്ങളിൽ പ്രതിപക്ഷം സഭയോട് സഹകരിക്കുമെന്ന് വിശ്വസിക്കാൻ നമുക്കാകുന്നില്ല. പൊതുകേരളത്തിന്റെ പ്രശ്നങ്ങൾ ബില്ലായി ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ അവരുടെ അസാന്നിധ്യംകൊണ്ടാണ് ശ്രദ്ധിക്കപ്പെടേണ്ടതെന്ന് സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ കൂടുതൽ ജനകീയമായി അവർ ഒറ്റപ്പെടുമെന്നുള്ളത് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, അധികാര വികേന്ദ്രീകരണത്തോട് എന്നും മുഖം തിരിച്ച് നിന്നിട്ടുള്ള അനുഭവമാണ് യു.ഡി.എഫ്.-ന്റെയും പ്രത്യേകിച്ച് കോൺഗ്രസ്സിന്റെയും കാലത്തുണ്ടായിട്ടുള്ളത്. കേരളത്തിലെ അധികാര വികേന്ദ്രീകരണ ചരിത്രത്തിൽ ശ്രദ്ധേയമായ ജില്ലാ കൗൺസിലുകൾ രൂപീകരിച്ച കാര്യം നമുക്കറിയാവുന്നതാണ്. ജില്ലയെ മൊത്തം ഒരു ഭരണഘടകമായി എടുത്തുകൊണ്ട് ജില്ലാ കളക്ടർ സെക്രട്ടറിയും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി പ്രസിഡന്റുമായിട്ടുള്ള ശ്രദ്ധേയമായ കാൽവയ്പ്പായിരുന്നു അത്. ആ ജില്ലാ കൗൺസിലിനെ മുഴുവൻ തകർക്കുകയും നോക്കുകുത്തിയാക്കി മാറ്റുകയും ചെയ്തത് യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും ഭരണകാലത്തായിരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല, കേരളത്തിലെ സാമാന്യ ജനങ്ങൾ ചർച്ച ചെയ്ത കാര്യവുമാണ്. അധികാര വികേന്ദ്രീകരണവും യു.ഡി.എഫ്.-ഉം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നുള്ളത് നമുക്കറിയാം; അത് മോരും മുതിരയും പോലെയാണ്. അവർ തമ്മിലൊരു ബന്ധവുമില്ല. അധികാര

വികേന്ദ്രീകരണത്തെക്കുറിച്ചും അധികാരം ജനങ്ങൾക്ക് കൊടുക്കുന്നതിനെക്കുറിച്ചും ജനകീയ ഗവൺമെന്റുകളെക്കുറിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും യു.ഡി.എഫ്.-ന് പ്രബലമായ ധാരണകളൊന്നും ഭരണം കരഗതമായ സന്ദർഭത്തിൽ ഉണ്ടായിരുന്നില്ലെന്ന് അതുസംബന്ധിച്ച് പരിശോധിച്ചാൽ അറിയാനാകും. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഈ നിയമഭേദഗതികളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജോയി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു സുവർണ്ണ കാലഘട്ടമാണ് കഴിഞ്ഞുപോയതെന്ന് പറയാതിരിക്കാൻ സാധിക്കില്ല. അതിന്റെ ഭാഗമായി ഒട്ടേറെ മാറ്റങ്ങൾ ഈ മേഖലയിൽ വരുത്താൻ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മുനിസിപ്പാലിറ്റികളെയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് ഈ ഭേദഗതി ബില്ലുകൾ കൊണ്ടുവന്നിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സംവരണവുമായി ബന്ധപ്പെട്ട ചില മാറ്റങ്ങൾ, ചെയർപേഴ്സൺമാരുടെ അധികാരങ്ങൾ, സാമ്പത്തിക ചുമതലകൾ എന്നിവയെല്ലാം ഈ ബില്ലിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ, ആഭ്യന്തരം, വിജിലൻസ് എന്നീ വകുപ്പുകളുടെ മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഇതിന്റെ ഭാഗമായി മാറ്റം വരികയാണ്. കൊടിതോരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്

ചില പ്രശ്നങ്ങൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുക, കൊടിതോരണങ്ങൾ കെട്ടുക എന്നിവയ്ക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശക്തമായ ഇടപെടൽ വരുന്നുണ്ട്. പക്ഷെ, ജനാധിപത്യ സംസ്ഥാനത്ത് ജനങ്ങളെ പൊതുവായി കാര്യങ്ങൾ അറിയിക്കാൻ സാധിക്കണം. അത് ചിലപ്പോൾ സമ്മേളനങ്ങളിലൂടെയോ പൊതുയോഗങ്ങളിലൂടെയോ അറിയിക്കേണ്ടതായി വരും. ഈ അറിയിപ്പുകൾ നൽകുന്നതിന് ബോർഡുകൾ സ്ഥാപിക്കുകയെന്നത് അനിവാര്യമായ കാര്യമാണ്. ബോർഡുകളൊന്നും തന്നെ സ്ഥാപിക്കാൻ പാടില്ലെന്ന നിലപാട് എടുക്കുന്നതിനുപകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആളുകൾ ശ്രദ്ധിക്കുന്ന ഏരിയകൾ ഇത്തരം പ്രചരണങ്ങൾ നടത്തുന്നതിനായി നീക്കിവയ്ക്കാൻ സാധിക്കുമോയെന്ന് ആലോചിക്കേണ്ടതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെറിയൊരു ഫീസ് ഈടാക്കുന്നതിലും തെറ്റില്ല. ഇന്നത്തെ സാഹചര്യത്തിൽ യഥാർഥത്തിൽ ജനങ്ങളെ അറിയിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ അറിയിക്കുന്നതിന് ഇത്തരം പ്രചരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. സ്വാഭാവികമായും അതിന് പ്രത്യേക പരിരക്ഷ നൽകണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അക്കാര്യങ്ങൾ കൂടി ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജനപ്രതിനിധികൾ, പ്രത്യേകിച്ച് എം.എൽ.എ.-മാർ പ്രധാനമായും ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പണ്ടത്തേതുപോലെയല്ല. റോഡരികിൽ മികച്ച രീതിയിലുള്ള വെയിറ്റിങ് ഷെഡ്ഡുകൾ നിർമ്മിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടിയ

വെയിറ്റിങ് ഷെഡ്ഡുകളാണ് നിർമ്മിച്ചിരിക്കുന്നത്. WiFi, എഫ്.എം. റേഡിയോ എന്നീ സംവിധാനങ്ങളും അവിടെ ഒരുക്കിയിട്ടുണ്ട്. ബസ് കാത്തിരിക്കുന്ന സ്ഥലത്ത് ആളുകൾക്ക് സ്വാഭാവികമായും കുറച്ച് നേരം ചെലവഴിക്കേണ്ടിവരികയാണെങ്കിൽ മുഷിപ്പ് തോന്നാത്ത രീതിയിലുള്ള ഒട്ടേറെ സംവിധാനങ്ങൾ വെയിറ്റിങ് ഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചെയ്യുന്നുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിൽ വളരെ മനോഹരമായ വെയിറ്റിങ് ഷെഡ്ഡുകളാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ആ വെയിറ്റിങ് ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയായി മൂന്നാമത്തെ ദിവസം മുതൽ അവിടെയെല്ലാം പോസ്റ്ററുകൾ ഒട്ടിക്കുകയാണ്. ആ ഷെഡ് എങ്ങനെ വൃത്തികേടാക്കാമെന്നാണ് ചിലർ ചിന്തിക്കുന്നത്. അവിടെ ഒട്ടിക്കുന്ന ചില പോസ്റ്ററുകളുടെ വിവരങ്ങൾ എന്റെ കൈവശമുണ്ട്. ഇതൊരു പൊതു സഭയായതുകൊണ്ട് ഞാൻ അതൊന്നും ഇവിടെ പറയുന്നില്ല. ചില വൈദ്യന്മാർ ചികിത്സയുമായി ബന്ധപ്പെട്ടുള്ള പോസ്റ്ററുകളും അവിടെ ഒട്ടിക്കുന്നുണ്ട്. ഇതുപോലുള്ള ധാരാളം കാര്യങ്ങളാണ് വെയിറ്റിങ് ഷെഡ് വൃത്തികേടാക്കാനായി ചെയ്യുന്നത്. ഇക്കാര്യത്തിൽ യാതൊരു പരിരക്ഷയുമില്ല. വെയിറ്റിങ് ഷെഡ് നിർമ്മിക്കുന്നതിനായി രണ്ട് മുതൽ രണ്ടര ലക്ഷം രൂപ വരെയാണ് ചെലവാക്കുന്നത്. WiFi, ഫാൻ, ലൈറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുള്ളതിനാൽ അവയുടെ നിർമ്മാണച്ചെലവ് കൂടുന്നുവെന്നത് വസ്തുതയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു ബസ് സ്റ്റാൻഡിൽ ഒരു മുറിയിലേക്ക് മാറിയിരുന്ന് കുഞ്ഞിനെ മുലയൂട്ടുന്നതിനുള്ള സൗകര്യംവരെ ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ഇവയെല്ലാം നശിപ്പിക്കുന്ന പ്രവണത വ്യാപകമായിരിക്കുകയാണ്. ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും? ഏതുതരത്തിലുള്ള പോസ്റ്ററുകളും വെയിറ്റിങ് ഷെഡ്ഡുകളിൽ

ഒട്ടിക്കുകയാണ്. ഇതിനെ ഏതൊക്കെ വിധത്തിൽ നിയന്ത്രിക്കാൻ സാധിക്കുമെന്നതിനെപ്പറ്റി ആലോചിക്കേണ്ടതുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, സംസ്ഥാനത്ത് ഏറ്റവും സുതാര്യമായി പ്രവർത്തിക്കേണ്ട വകുപ്പാണ് തദ്ദേശസ്വയംഭരണ വകുപ്പ്. അതുകൊണ്ട് ചില കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നു. മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപക അഴിമതിയാണ് നടക്കുന്നതെന്ന് മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് പല ആക്ഷേപങ്ങളും നിത്യേന പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയുമാണ്. സുതാര്യമായി പ്രവർത്തിക്കേണ്ട പഞ്ചായത്തുകളെ ഉപയോഗപ്പെടുത്തി വലിയ രീതിയിലുള്ള അഴിമതി നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചില കേസുകളും എടുത്തിട്ടുണ്ട്. 46 കോടിയോളം രൂപ അഴിമതി നടത്തിയ ഒരു ജില്ലാപഞ്ചായത്ത് മെമ്പർ ഇപ്പോൾ ജയിലിലാണ്. ഇതുപോലുള്ള ധാരാളം അഴിമതിക്കേസുകൾ പുറത്ത് വന്നിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ വട്ടംകുളം പഞ്ചായത്തിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് വലിയ അഴിമതിയാണ് നടന്നത്. ഏറ്റവും സുതാര്യമായി പ്രവർത്തിക്കേണ്ടതും സാധാരണക്കാർക്ക് സഹായം ചെയ്യേണ്ടതുമായ ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അഴിമതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. ജോയി: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങളാണ് ചെയ്യുകൊണ്ടിരിക്കുന്നത്. ലോകത്തിന്റെയും ഇന്ത്യയുടെയും ശ്രദ്ധ പിടിച്ചുപറ്റുന്ന തരത്തിലാണ് അവയുടെ പ്രവർത്തനങ്ങൾ പോകുന്നതെന്നൊക്കെ പറയുമ്പോഴും ഇത്തരം ചില മോശപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന ജനപ്രതിനിധികളുമുണ്ട്. പ്രത്യേകിച്ച്, മലപ്പുറം ജില്ലാപഞ്ചായത്തിലെ ഒരു യു.ഡി.എഫ്. മെമ്പർ രണ്ടുമാസമായി ജയിലിൽ കിടക്കുകയാണ്. ഇന്ന് സഭയ്ക്കുള്ളിൽ കോലാഹലമുണ്ടാക്കിയവർ, അഴിമതിക്കെതിരെ മുദ്രാവാക്യം വിളിക്കുന്ന ആളുകൾ, ഛോർ ഛോർ എന്ന് വിളിക്കുന്ന ആളുകൾ ഇതൊക്കെ മനസ്സിലാക്കിയിട്ടാണോ ഇങ്ങനെ വിളിക്കുന്നത്? രണ്ട് മാസത്തിലധികമായി ആ ജില്ലാ പഞ്ചായത്ത് മെമ്പർ ജയിലിൽ കിടക്കുകയാണ്. യു.ഡി.എഫ്. ഭരിക്കുന്ന ചില മുനിസിപ്പാലിറ്റികളിൽ അത്രത്തോളം അഴിമതിയാണ് നടത്തിയിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അതിശക്തമായ നിലപാടുകൾ സ്വീകരിച്ചുവരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളം എല്ലാ കാര്യങ്ങളിലും വളരെ മുന്നിലാണ്; അത് പറയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ല. കർണ്ണാടകയിലെ റവന്യൂ വകുപ്പുമന്ത്രി കേരളത്തെക്കുറിച്ച് ഇക്കഴിഞ്ഞ ദിവസങ്ങളിൽ പറഞ്ഞത് 'നിങ്ങൾ കേരളത്തെ നോക്കൂ! കേരളത്തിലെ ആരോഗ്യരംഗം ഒന്നാമതാണ്, വിദ്യാഭ്യാസ മേഖലയിലും സമഗ്രവികസനത്തിലും കേരളം ഒന്നാമതാണ്' എന്നാണ്. കേരളത്തെ കണ്ടുപഠിക്കാൻ കർണ്ണാടകയിലെ ഒരു മന്ത്രി തന്റെ മുമ്പിലിരിക്കുന്നവരോട് ആഹ്വാനം ചെയ്യുകയാണ്. ആ നിലയിലേക്ക് കേരളം വളർന്നുകൊണ്ടിരിക്കുകയാണ്. കേരളം ഇന്ന്

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് സമീപഭാവിയിൽ ഇന്ത്യയിൽ ചെയ്യാൻ പോകുന്നത്. അപ്പോൾ കേരളമാണ് മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിൽ ഇക്കാര്യങ്ങൾ ചെയ്യുന്നതെന്ന് നമ്മൾ മനസ്സിലാക്കണം.

കേരളത്തിന് ഏറ്റവും വലിയ തലവേദനയുണ്ടാക്കിയ പ്രശ്നമാണ് മാലിന്യ നിർമ്മാർജനം. എന്നാൽ, മാലിന്യ നിർമ്മാർജനത്തിൽ കേരളത്തിലെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചരിത്രനേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സമീപകാലത്ത് കേന്ദ്ര സർക്കാർ 100 നഗരങ്ങളിൽ രേഖപ്പെടുത്തിയ ശുചിത്വ സർവെയിൽ ഈ കൊച്ചു കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം തുടങ്ങിയ എട്ട് കോർപ്പറേഷനുകൾക്ക് മാലിന്യ നിർമ്മാർജനത്തിൽ മുൻപന്തിയിലെത്താൻ സാധിച്ചു. അഭിമാനിക്കാൻ കഴിയുന്ന രീതിയിലേക്ക് 'ഡിജിറ്റൽ കേരളം' പദ്ധതിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ലേ? വെഞ്ഞാറമൂടിലെ പുല്ലമ്പാറയിൽ തുടങ്ങിവച്ച അതിന്റെ ജൈത്രയാത്ര ഇന്ന് അതിഗംഭീരമായി കേരളം മുഴുവൻ ഏറ്റെടുക്കുന്ന സാഹചര്യമാണുണ്ടായത്. കേരളം നടപ്പിലാക്കിയ ഈ ഡിജിറ്റൽ സർവെയുടെ ഭാഗമായാണ് ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തെ മാതൃകയാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇന്ന് ഇന്ത്യയിലാകെ നടക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി ഈ രംഗത്ത് പുതിയൊരു കാൽവയ്പിനാണ് ഈ ഭേദഗതി ബില്ലിലൂടെ ശ്രമിക്കുന്നത്.

രണ്ടുമൂന്ന് ദിവസമായി സഭ തടസ്സപ്പെടുത്തുന്നതിനുള്ള പരിശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. സാധാരണഗതിയിൽ ചോദ്യോത്തരവേള തടസ്സപ്പെടുത്താറില്ല. ചോദ്യോത്തരവേളയിൽ അംഗങ്ങൾ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളാണ് ഉന്നയിക്കുന്നത് . സ്വാഭാവികമായും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് ചോദ്യോത്തരവേളയെ ബാധിക്കാറില്ല. പക്ഷെ, ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് വന്നതിനുശേഷം ഏതുതരത്തിലാണ് സഭയെ അലങ്കോലപ്പെടുത്താൻ സാധിക്കുന്നതെന്നാണ് നോക്കുന്നത്. ആ രീതിയിൽ കീഴ്വഴക്കങ്ങളെല്ലാം ലംഘിക്കപ്പെടുകയാണ്. ചോദ്യോത്തരവേള മൂന്ന് ദിവസമായി നിരന്തരം സ്തംഭിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങൾ ഉന്നയിക്കുന്ന പ്രശ്നമെന്താണ്? ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. പി. രാജീവ്, ശ്രീ. എം. ബി. രാജേഷ്, ശ്രീ. കെ. എൻ. ബാലഗോപാൽ എന്നിവരും ഇന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും സ്പീക്കറും വളരെ കർക്കശമായി പ്രതികരിക്കുകയുണ്ടായി. ശബരിമലയുമായി ബന്ധപ്പെട്ട വിഷയം പ്രതിപക്ഷാംഗങ്ങൾക്ക് സഭയിൽ ഉന്നയിക്കുന്നതിന് ഗവൺമെന്റ് തടസ്സമാണോ? തടസ്സമല്ല. അവർക്ക് ആ വിഷയം ഉന്നയിക്കാം. അങ്ങനെയല്ലേ കഴിഞ്ഞ കാലങ്ങളിലൊക്കെ സീറോ അവറിൽ കാര്യങ്ങൾ ഉന്നയിച്ചിരുന്നത്. സീറോ അവറിൽ വിഷയം ഉന്നയിച്ചതിനുശേഷം ഗവൺമെന്റിന് പറയാനുള്ള മറുപടി കേൾക്കും. പക്ഷെ, അവർ അതിന് തയ്യാറാകുന്നില്ല; അപ്രകാരം തയ്യാറാകാത്തതെന്തുകൊണ്ടാണ്? ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകളും കൃത്യമായ മറുപടിയും സസൂക്ഷ്മം ഈ സഭയെ അറിയിക്കാൻ ഭരണപക്ഷത്തിന് കഴിയുമെന്ന പേടികൊണ്ടാണ് മന്ത്രിമാരെക്കൊണ്ട് സംസാരിപ്പിക്കില്ലെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് പ്രതിപക്ഷം ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. സ്വർണ്ണം

അടിച്ചുമാറ്റലും അത് ചെമ്പാണോ സ്വർണ്ണമാണോയെന്ന് പരിശോധിക്കലുമൊന്നും ഞങ്ങളുടെ പണിയല്ല, ഞങ്ങൾ അത്തരം കാര്യങ്ങളിലൊന്നും ഇടപെടാറുമില്ല. ശബരിമലയ്ക്കുവേണ്ടി മറ്റേതൊരു ഗവൺമെന്റിനേക്കാളും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത് ഈ സർക്കാരാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന ഈ കാലഘട്ടമാണ് ശബരിമലയുടെ സുവർണ്ണ കാലമെന്ന് യു.ഡി.എഫ്. മനസ്സിലാക്കണം; അവർക്കത് അറിയാവുന്നതുമാണ്. പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒൻപതര വർഷമായി. ഈ കാലഘട്ടത്തിനിടയിൽ ദേവസ്വം ബോർഡുകൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകിയ പണം സർവകാല റെക്കോർഡാണ്. ഈ ബജറ്റിൽ അനുവദിക്കുന്ന പണംകൂടി ഉൾപ്പെടുത്തിയാൽ 150 കോടിയിലധികം രൂപ ശബരിമലയ്ക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിനുമായി ഈ സർക്കാർ കൊടുത്തിട്ടുണ്ട്. ശബരിമലയ്ക്ക് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് 30 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 250.77 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 18 കോടി രൂപയും പത്മനാഭസ്വാമി ക്ഷേത്രത്തിന് 4 കോടിയോളം രൂപയും നൽകിയിട്ടുണ്ട്. അമ്പലങ്ങളിൽനിന്നും പണം വാങ്ങുന്നുവെന്ന ബി.ജെ.പി.-യുടെ പ്രചരണത്തിന് കോൺഗ്രസ് കൂട പിടിച്ചുകൊടുക്കുകയാണ്. അമ്പലങ്ങളിൽനിന്നോ ദേവസ്വങ്ങളിൽനിന്നോ ഒരു രൂപപോലും സ്വീകരിക്കാതെ കോടിക്കണക്കിന് രൂപ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ദേവസ്വത്തിന്റെ പ്രവർത്തനങ്ങൾക്കുമായി നൽകുന്ന ഗവൺമെന്റാണിത്. ഇതെല്ലാം ഞങ്ങൾ പറയും, അതുകൊണ്ടാണ് നിങ്ങൾ അസ്വസ്ഥത പ്രകടിപ്പിക്കുന്നത്. ശബരിമല വിഷയത്തെ

സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ എ. പി. അനിൽ കുമാർ, എൽദോസ് പി. കുന്നപ്പിള്ളിൽ, സി. ആർ. മഹേഷ് എന്നീ അംഗങ്ങൾ 17-09-2025-ന് ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ശബരിമല വികസനത്തിനായി നൽകിയ തുകയെ സംബന്ധിച്ച് ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി കൃത്യമായ കണക്കാണ് നിയമസഭാംഗങ്ങൾക്ക് നൽകിയത്. എന്നിട്ട് ആ മറുപടി വായിച്ചുനോക്കാൻ നിങ്ങൾ തയ്യാറായോ? 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ 30 കോടി രൂപ വീതവും 2024-25 സാമ്പത്തിക വർഷം നാളിതുവരെ 27.6 കോടി രൂപയും ഗവൺമെന്റ് നൽകിയെന്നാണ് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി മറുപടി നൽകിയത്. അപ്പോൾ എന്തായിരുന്നു ഇവിടത്തെ പ്രശ്നം? ശ്രീ. പി. ബാലചന്ദ്രൻ സൂചിപ്പിച്ചതുപോലെ, ആഗോള അയ്യപ്പസംഗമം നടത്തിയപ്പോൾ പ്രതിപക്ഷാംഗങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ പിന്തുണ നാനാഭാഗത്തുനിന്നും ലഭ്യമായപ്പോൾ അതിനെ എങ്ങനെയെങ്കിലും തകർക്കണമല്ലോ. ആഗോള അയ്യപ്പസംഗമത്തിന് മൂന്നുദിവസം മുമ്പാണ് ഉണ്ണിക്കൃഷ്ണൻ പോറ്റി രംഗപ്രവേശം ചെയ്യുന്നത്. അദ്ദേഹത്തെ ഉണ്ണി പോറ്റിയെന്ന് വളരെ വാത്സല്യത്തോടെ വിളിക്കുകയാണ്. 'വീണിതല്ലോ കിടക്കുന്നു ധരണിയിൽ.....' എന്ന് പറഞ്ഞതുപോലെ, ശ്രീ. അടൂർ പ്രകാശ് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് റേഷൻകടയ്ക്ക് പണം വാങ്ങിയതുമായി ബന്ധപ്പെട്ട് ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. ടി കേസ് വിജിലൻസ് കോടതി തള്ളിയതിനെതുടർന്ന് തന്നെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ നൽകിയെങ്കിലും ഹൈക്കോടതി അത്

നിരസിച്ചതിനെത്തുടർന്നാണ് സുപ്രീം കോടതിയെ സമീപിച്ചത്. അതിന്മേൽ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട സുപ്രീം കോടതി ഇരട്ട ജഡ്ജ്മെന്റ് പ്രഖ്യാപിച്ചു. ശ്രീ. അട്ടൂർ പ്രകാശിനെ കേസിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം തള്ളിക്കൊണ്ട് വിചാരണ നേരിടണമെന്നാണ് കോടതി വിധിച്ചത്. മന്ത്രിയായിരുന്ന സമയത്ത് വിജിലൻസ് കേസ് നേരിട്ട വ്യക്തിയാണ് ഇന്ന് യു.ഡി.എഫ്.-നെ നയിക്കുന്നത്. മറ്റൊന്ന്, കൂഴലിലൂടെ സഞ്ചരിക്കുന്ന, കൂഴലിലൂടെ നോക്കുന്ന ഒരു മാന്യനായ നിയമസഭാംഗത്തോട് 10 ലക്ഷം രൂപ പിഴ അടയ്ക്കേണ്ടിവരുമെന്ന് കോടതി പറഞ്ഞപ്പോൾ കൂഴൽ ഊരിപ്പോയി. അദ്ദേഹം ഇന്ന് ചില അഭ്യാസങ്ങൾ ഇവിടെ കാണിച്ചു. എങ്ങനെയാണ് പ്രതിപക്ഷത്തിന് ഉണ്ണി പോറ്റിയുമായി ബന്ധം? ശ്രീ. അട്ടൂർ പ്രകാശിന്റെ വായിൽനിന്നും എനിക്കറിയാമെന്ന് അറിഞ്ഞോ അറിയാതെയോ വീണുപോയി.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, എൽ.ഡി.എഫ്. സർക്കാർ ആഗോള അയ്യപ്പസംഗമം നടത്തി വിശ്വാസികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനെപ്പറ്റി ബഹുമാന്യനായ വി. ജോയി വളരെ സമർഥമായി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ശബരിമല എന്നത് കേരളത്തിലെ ഏറ്റവും വലിയ ആരാധനാലയമാണ്. ഇടതുപക്ഷ ഗവൺമെന്റ്/ദേവസ്വം ബോർഡ് ആഗോള അയ്യപ്പസംഗമം നടത്തി വിശ്വാസികളുടെ താൽപര്യം സംരക്ഷിക്കാൻ ശ്രമിക്കുന്നതിൽ പ്രകോപിതരായ പ്രതിപക്ഷം വസ്തുതാവിരുദ്ധവും ബഹു. കോടതിയുടെ പരിഗണനയിലുള്ളതുമായ വിഷയം ഉന്നയിച്ച് ഇവിടത്തെ ജനങ്ങളെയും വിശ്വാസികളെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന കാര്യം അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ചർച്ചയുടെ ഭാഗമായി ഒരു കാര്യം സൂചിപ്പിക്കുകയാണ്, ലെനിൻ, സോവിയറ്റ് യൂണിയന്റെ

ഭരണാധികാരിയായിരുന്ന ഘട്ടത്തിൽ അസുഖബാധിതയായി ആശുപത്രിയിൽ കിടന്ന ഒരു പെൺകുട്ടി അദ്ദേഹത്തെ കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. ആ കുട്ടിയെ കണ്ട് ലെനിൻ കുശലങ്ങൾ പറയുകയും അസുഖവിവരങ്ങളൊക്കെ അന്വേഷിക്കുകയും ചെയ്തു. ആശുപത്രിയിൽനിന്നും ഡിസ്ചാർജ് ചെയ്ത സമയത്ത് കുട്ടി സോവിയറ്റ് യൂണിയന്റെ മഹാനായ ഭരണാധികാരിയോട്, അങ്ങ് എനിക്കുവേണ്ടി പ്രാർഥിക്കുമോയെന്ന് ചോദിച്ചപ്പോൾ ലെനിൻ കുട്ടിക്കുവേണ്ടി കുട്ടിയുടെ മുന്നിൽനിന്ന് പ്രാർഥിച്ചു. സോവിയറ്റ് യൂണിയന്റെ ഭരണാധികാരിയും കമ്മ്യൂണിസ്റ്റുകാരനുമായ ലെനിൻ പ്രാർഥിക്കുന്നത് ശരിയാണോയെന്ന വലിയൊരു ചോദ്യം അന്ന് ശക്തമായി ഉയർന്നുവന്നപ്പോൾ ലെനിൻ അതിന് പറഞ്ഞൊരു മറുപടിയുണ്ട്, 'ഞാനൊരു ഭരണാധികാരിയാണ്, ആ നാട്ടിലെ ജനങ്ങൾ ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്ന നിഷ്കളങ്കമായ ആവശ്യം അവർക്കുവേണ്ടി ഭരണാധികാരി ചെയ്യുന്നതിൽ തെറ്റില്ല'. ആ കുട്ടിയുടെ ഭരണാധികാരിയെന്ന നിലയിലാണ് അതിന്റെ നിഷ്കളങ്കമായ ആവശ്യം നിറവേറ്റാൻ ഞാൻ ശ്രമിച്ചത്. എൽ.ഡി.എഫ്. സർക്കാർ/ദേവസ്വം ബോർഡ് ഭരണഘടനാപരമായ ചുമതല നിറവേറ്റുന്നതിനെ പ്രതിപക്ഷം ഇകഴ്ത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് ശരിയാണോ; അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ജോയി: സർ, കമ്മ്യൂണിസ്റ്റുകാരുടെ വിശ്വാസത്തെ സംബന്ധിച്ച് പൊതുവെ പ്രചാരണം നടത്താറുണ്ട്. കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം വിശ്വസിക്കുന്നവന് വിശ്വസിക്കാനും വിശ്വസിക്കാതിരിക്കുന്നവന് വിശ്വാസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വോട്ട് ചെയ്യുന്നതിൽ വലിയൊരു വിഭാഗവും വിശ്വാസികളാണ്. ആ

വിശ്വാസം സംരക്ഷിക്കപ്പെടേണ്ടതിന്റെ ബാധ്യത ഇന്ന് സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിനുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ലക്ഷോപലക്ഷം വരുന്ന അയ്യപ്പഭക്തരുടെ കാര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. കഴിഞ്ഞ ശബരിമല തീർഥാടന കാലത്ത് അൻപത് ലക്ഷത്തിലധികം വിശ്വാസികൾ ദർശനത്തിന് എത്തിച്ചേർന്നുവെന്നാണ് മനസ്സിലാക്കുന്നത്. അയ്യപ്പനെ ആർക്കെങ്കിലും സ്വയം പിടിച്ചുവയ്ക്കാൻ സാധിക്കുമോ; ഒരിക്കലും സാധിക്കില്ല. ജനങ്ങളുടെ വിശ്വാസത്തെ വ്രണപ്പെടുത്താനല്ല, ആ വിശ്വാസത്തെ മുറുകെ പിടിക്കാനാണ് ഗവൺമെന്റ് ശ്രമിക്കാറുള്ളത്. അതാണ് അക്കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ശബരിമലയുമായി ബന്ധപ്പെട്ട വിഷയം. ഈ വിഷയം സഭയിൽ ഗൗരവത്തോടെ ചർച്ച ചെയ്യാൻ സമ്മതിക്കാതെ മൂന്നാം ദിവസവും പ്രതിപക്ഷം ഒച്ചപ്പാടും ബഹളവും ഉണ്ടാക്കുകയും ബഹു. മുഖ്യമന്ത്രിയെപോലും അപമാനിക്കുന്ന തരത്തിലുള്ള വാക്കുകൾ പ്രയോഗിക്കുകയും ചെയ്തു. അത്തരത്തിൽ അസാധാരണമായ ഒരു സാഹചര്യമാണ് ഇവിടെയുണ്ടായിരിക്കുന്നത്. ബഹു. പ്രതിപക്ഷനേതാവ് സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്ന് പറഞ്ഞ് ഇറങ്ങിപ്പോയതിനുശേഷം അദ്ദേഹം നിയമസഭയുടെ ഗേറ്റിനുമുമ്പിൽവച്ച് പത്രപ്രവർത്തകരോട് നടത്തിയ ഒരു പ്രസ്താവനയുണ്ട്. യഥാർഥത്തിൽ മാനസികനില തെറ്റിയ ഒരാളിന്റെ സ്റ്റേറ്റ്മെന്റ് പോലെയായിരുന്നു ആ പ്രസ്താവന കേട്ടപ്പോൾ തോന്നിയത്. അധികാരത്തിനുവേണ്ടിയുള്ള ആർത്തിപൂണ്ട്, അതിന് ഏതുതരത്തിലുള്ള നീചപ്രവൃത്തിക്കും താൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുന്ന മട്ടിലായിരുന്നു ഇന്ന് അദ്ദേഹം

നിയമസഭയുടെ പുറത്ത് സംസാരിച്ചത്. ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെയും ദേവസ്വം ബോർഡിന്റെയും ക്ഷേത്ര ഭരണസമിതികളുടെയും ഉത്തരവാദിത്വമെന്താണെന്ന് വ്യവച്ഛേദിച്ച് മനസ്സിലാക്കുന്നവർ തന്നെയാണ് ഈ സമൂഹത്തിലുള്ളത്. ദേവസ്വം ബോർഡാണ് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നത്. ദേവസ്വം ബോർഡിനുകീഴിലുള്ള ആയിരക്കണക്കിന് ക്ഷേത്രങ്ങളിൽ ആ തീരുമാനങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക ഉദ്യോഗസ്ഥ സംഘമുണ്ട്. അവരെല്ലാമാണ് കാര്യങ്ങൾ ചെയ്യുന്നത്. അവിടെയൊന്നും ബഹു. ദേവസ്വം വകുപ്പുമന്ത്രിക്കോ ദേവസ്വം വകുപ്പിനോ യാതൊരു പങ്കുമില്ലെന്നത് പകൽപോലെ വ്യക്തമാണ്. സമനില തെറ്റിയ ഒരു ആളിന്റെ ആക്ഷേപം പോലെയായിരുന്നു ബഹു. പ്രതിപക്ഷനേതാവ് ഇന്ന് കാര്യങ്ങൾ ഉന്നയിച്ചത്. ശബരിമലയിലെ ദ്വാരപാലക ശില്പം അന്നത്തെ ദേവസ്വം വകുപ്പുമന്ത്രിയായ കടകംപള്ളി സുരേന്ദ്രൻ ഇടനിലക്കാരനായി നിന്ന് ഒരു കോടീശ്വരന് വിറ്റുവെന്നും ആ കോടീശ്വരൻ ആരാണെന്ന് കടകംപള്ളി സുരേന്ദ്രന് അറിയാമെന്നും അത് വ്യക്തമാക്കണമെന്നുമാണ് അദ്ദേഹം പറയുന്നത്. സംസ്ഥാനത്തെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിക്ക് നേതൃത്വം നൽകുന്ന ഒരു നേതാവ് എത്രമാത്രം അധഃപതിക്കാമെന്നതിന്റെ പ്രകടമായ ഉദാഹരണമായി നമുക്ക് ഇതിനെ ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുകയാണ്, അദ്ദേഹത്തിന് *********+ തന്റേടമുണ്ടെങ്കിൽ/അഭിമാനമുണ്ടെങ്കിൽ ശബരിമലയിലെ ദ്വാരപാലക ശില്പം ഏത് കോടീശ്വരനാണ് ഞാൻ വിറ്റതെന്ന് വ്യക്തമാക്കണം; അല്ലെങ്കിൽ ആർക്കാണ്

+ പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

ഇടനിലക്കാരനായി നിന്നതെന്ന് വ്യക്തമാക്കണം. അങ്ങനെ ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചില്ലെങ്കിൽ ഈ രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിച്ച് വനവാസത്തിന് പോകാൻ തയ്യാറാകണം. അതിന് അടുത്ത തിരഞ്ഞെടുപ്പുവരെ കാത്തുനിൽക്കേണ്ട കാര്യമില്ല. എന്തും പറയാമെന്ന രീതിയാണ് അദ്ദേഹം സ്വീകരിക്കുന്നത്. രാഷ്ട്രീയപരമായ താൽപര്യങ്ങൾ സംരക്ഷിക്കാൻ അദ്ദേഹം ബി.ജെ.പി.-യുമായി ചേരുകയാണ്. എന്റെ നിയോജകമണ്ഡലമായ കഴക്കൂട്ടത്ത് വരാൻപോകുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കച്ചകെട്ടിയിറങ്ങിയ ഒരു ബി.ജെ.പി. നേതാവുണ്ട്. ഈ ദ്വാരപാലക ശില്പത്തിന്റെ പ്രശ്നം വന്ന ദിവസം മുതൽ അദ്ദേഹം അദ്ദേഹത്തിന്റേതായ രീതിയിൽ കടകംപള്ളി സുരേന്ദ്രനാണ് ഇതിന് ഇടനിലക്കാരനായി നിന്നതെ**ന്നോ** അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി ഞാനാണെന്നോ സ്ഥാപിക്കാൻവേണ്ടി പരിശ്രമം നടത്തുന്നുണ്ടായിരുന്നു. അതൊന്നും അങ്ങനെ ഏൽക്കുന്നുണ്ടായിരുന്നില്ല. ഇവർ രണ്ടുപേരുംകൂടി ചേർന്ന് സമൂഹത്തിൽ പുകമറ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമമാണ് ഈ പ്രചാരണത്തിലൂടെ നടത്തുന്നത്.

1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലഘട്ടം മുതൽ 2016-ലെ പിണറായി വിജയൻ ഗവൺമെന്റിന്റെ കാലഘട്ടം വരെ പരിശോധിച്ചാൽ, 2016-ലെയും 2021-ലെയും ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റുകളാണ് കേരളത്തിലെ ആരാധനാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടിയുള്ള സഹായങ്ങൾ സംസ്ഥാന ഖജനാവിൽനിന്നും ചെയ്തിട്ടുള്ളത്. ക്ഷേത്രങ്ങളുടെ ഭണ്ഡാരങ്ങളിൽ വിശ്വാസികൾ അർപ്പിക്കുന്ന നയാപൈസ പോലും സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കുന്നില്ലെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. എന്നാൽ

സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപയാണ് സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത്. ക്ഷേത്രങ്ങളിൽ നടക്കുന്ന ഉത്സവാവശ്യങ്ങൾക്കും അതുപോലുള്ള മറ്റ് കാര്യങ്ങൾക്കും ഖജനാവിൽനിന്നും പണം ചെലവഴിക്കുന്നുണ്ടായിരുന്നു. ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റുകൾ സംസ്ഥാനത്തെ ആരാധനാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ഏതാണ്ട് അഞ്ഞൂറ് കോടിയോളം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. മറ്റൊരു ഗവൺമെന്റും ചെയ്യാത്തൊരു കാര്യമാണ് വിശ്വാസ സമൂഹത്തിനുവേണ്ടി ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റുകൾ ചെയ്തിട്ടുള്ളതെന്ന യാഥാർഥ്യം ഈ സമൂഹത്തിൽ നിറഞ്ഞ് നിൽക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഇടത്താവളത്തിന്റെ ഉദ്ഘാടനത്തിനായി തീയതി നിശ്ചയിച്ചിരിക്കുകയാണ്. പത്തുകോടി രൂപയാണ് സംസ്ഥാന സർക്കാർ ഇതിനുവേണ്ടി ചെലവഴിച്ചത്. കേരളത്തിലെ വിവിധ ക്ഷേത്രങ്ങളിൽ പത്ത് ഇടത്താവളങ്ങൾ നിർമ്മിക്കുകയെന്നത് ബഹു. മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയാണ്. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ കഴക്കൂട്ടം മഹാദേവക്ഷേത്രത്തിൽ 10 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഇടത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഇത്തരത്തിൽ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ഇടത്താവളങ്ങളടക്കം നമ്മുടെ സംസ്ഥാനത്തെ മറ്റ് അമ്പലങ്ങൾക്കും ആരാധനാലയങ്ങൾക്കും വെട്ടുകാട് പള്ളി (മാദ്ര ദെ ദേവൂസ് ദേവാലയം), ബീമാപള്ളിയിലെ മുസ്ലീം ദേവാലയം എന്നിവിടങ്ങളിലെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയെത്തുകയും സഹായം നൽകുകയും ചെയ്തിട്ടുണ്ട്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം ദയവായി ചുരുക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെയും ഇടതുപക്ഷത്തിന്റെയും നിലപാടും ഇതാണ്. കള്ളനെ കണ്ടുപിടിക്കുന്നതിന് വേണ്ടി ഗവൺമെന്റ് പരിശ്രമം നടത്തുമ്പോൾ, അതും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിയന്ത്രണത്തിന് വിധേയമായി അവർ നിയമിച്ച പൊലീസ് ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേകസംഘം ശബരിമലയിൽ നടന്ന തട്ടിപ്പ് സംബന്ധിച്ച് വിശദമായി പരിശോധന നടത്തുമ്പോൾ യഥാർഥ കുറ്റവാളികളെ സംരക്ഷിക്കാൻ വേണ്ടിയാണ് ഈ പുകമറ സൃഷ്ടിക്കാൻ പ്രതിപക്ഷം പരിശ്രമിക്കുന്നത്. ഇന്ന് അതിൽ ചിലരുടെ പേരുകൾ പുറത്ത് വന്നിട്ടുണ്ട്. യാഥാർഥ കുറ്റവാളികളായ കോൺഗ്രസിന്റെ അന്നത്തെ സംഘടനാ നേതാക്കളെല്ലാം ജയിലിലാകുന്ന ഘട്ടത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജോയി: സർ, കേരളത്തിന്റെ ബഹു. പ്രതിപക്ഷനേതാവിന് എന്തോ സംഭവിച്ചിരിക്കുന്നുവെന്ന രീതിയിലാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ആഗോള അയ്യപ്പ സംഗമം നടന്നതിനുശേഷം ശബരിമലയുടെ ഖ്യാതി വർധിപ്പിക്കുന്നതിനും കൂടുതൽ ആളുകൾ ശബരിമലയിലേക്ക് വരണമെന്നുമുള്ള തരത്തിലാണ് ദേവസ്വം ബോർഡ് എടുത്ത തീരുമാനങ്ങൾക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് എല്ലാവിധ സഹായങ്ങളും നൽകിയത്. ആഗോള അയ്യപ്പസംഗമം കഴിഞ്ഞതോടെ ഇടതുപക്ഷ ഗവൺമെന്റിന് അനുകൂലമായൊരു സ്ഥിതി നാട്ടിലുണ്ടായി. എന്നാൽ അതിനെ തകർക്കാൻ പറ്റാത്തൊരു സാഹചര്യം ഇന്ന്

യു.ഡി.എഫ്.-നുണ്ട്. നൂറ് സീറ്റുകളുമായി യു.ഡി.എഫ്. തിരിച്ചുവരുമെന്ന് ബഹു. പ്രതിപക്ഷനേതാവ് ഈ അടുത്ത കാലങ്ങളിൽ സ്വപ്നം കാണുകയും പിന്നീടത് പുറത്തുപറയുകയും ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ നടന്നില്ലെങ്കിൽ വനവാസത്തിന് പോകുമെന്നാണ് അദ്ദേഹം പറയുന്നത്. അതാണ് അദ്ദേഹത്തെ ഇന്ന് അലട്ടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് പത്രസമ്മേളനങ്ങൾ നടക്കുമ്പോൾ എന്താണ് പറയുന്നതെന്നറിയാതെ അദ്ദേഹം പ്രതികരിക്കുന്നത്. അതാണ് അങ്ങ് ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട കാര്യം. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് യു.ഡി.എഫ്.-നെയും കോൺഗ്രസ് നേതാക്കളെയും കുത്തിനോവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാലും അത് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കും. കാരണം, അവർ തമ്മിൽ ആഭ്യന്തര പ്രശ്നങ്ങളുണ്ട്. തിരുവനന്തപുരത്തുകാരനായ ഒരു മുൻമന്ത്രി ഞാൻ അദ്ദേഹത്തിന്റെ പേരൊന്നും പറയുന്നില്ല, അദ്ദേഹത്തിന്റെ ഒരു അനുജൻ അവിടെ നടത്തിയ അഴിമതിയെ സംബന്ധിച്ച് വിജിലൻസ് കണ്ടുപിടിച്ച കാര്യം നമുക്കറിയാം. ഞാൻ അദ്ദേഹത്തിന്റെ പേരൊന്നും പറയുന്നില്ല. അതിന്റെ പൂർണ്ണമായ വിവരങ്ങളിലേക്കും പോകുന്നില്ല. ശബരിമലയിൽനിന്ന് എന്തെങ്കിലും അടിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ, അത് അപ്പുറത്തിരിക്കുന്ന ആളുകളുടെ സഹായത്തോടുകൂടിയാണെന്ന് നിസ്സംശയം പറയാൻ സാധിക്കുന്ന സന്ദർഭമാണുള്ളത്. അതിൽ യാതൊരു സംശയവുമില്ല. അഴിമതി നടത്തിയതിനാൽ മുൻമന്ത്രിയുടെ അനുജന്റെ പെൻഷൻപോലും തടഞ്ഞുവച്ചിരിക്കുകയാണ്. 'എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്ന് തോന്നുമോ' എന്ന അർഥത്തിലാണ് പ്രതിപക്ഷം ഈ കോലാഹലങ്ങൾ മുഴുവനും നടത്തുന്നത്. ഞാൻ ഉണ്ണികൃഷ്ണൻ പോറ്റിയുടെ കാര്യം പറഞ്ഞല്ലോ. ഉണ്ണി പോറ്റിക്ക്

ഇവിടത്തെ നേതാക്കളുമായി മാത്രമല്ല ബന്ധമുള്ളത്, ഡൽഹിയിലും ബന്ധമുണ്ട്. ഈ കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിലൂടെ ഒരു ഫോട്ടോ കാണാനിടയായി. സഭയിൽ ചോദിച്ചാൽ കാണിക്കണമല്ലോയെന്ന് വിചാരിച്ച് ഞാൻ അതിന്റെ ഫോട്ടോ എന്റെ മൊബൈൽ ഫോണിൽ എടുത്തു വച്ചു. ഉണ്ണി പോറ്റിയുടെ സാന്നിധ്യത്തിൽ സോണിയാ ഗാന്ധിക്ക് ഉപഹാരം നൽകുന്ന ചിത്രമാണത്. അപ്പോൾ ബന്ധം എവിടം വരെയാണെന്നുള്ളത് അറിയാമല്ലോ. വരും നാളുകളിൽ വേണ്ടപ്പെട്ടവരെല്ലാം ഇതിനകത്ത് ഉൾപ്പെടുമെന്ന് കണ്ടപ്പോൾ, പൊതുജനങ്ങളുടെ മുമ്പിൽ പുകമറ സൃഷ്ടിക്കാനുള്ള വലിയൊരു പ്രചാരണമാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. ഇന്നത്തെ കാര്യത്തെ സംബന്ധിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിയും സ്പീക്കറും മന്ത്രിമാരുമെല്ലാം പറഞ്ഞു. പ്രതിപക്ഷം ഡയസ്സിൽ തള്ളിക്കയറാൻ ശ്രമിക്കുമ്പോൾ ഞങ്ങൾക്ക് ഇവിടെയിരുന്ന് നേരിട്ട് കാണാൻ സാധിച്ചൊരു രംഗമുണ്ടായിരുന്നു. എട്ടുപത്ത് പുരുഷ വാച്ച് ആൻഡ് വാർഡ് നിൽക്കുന്നതിനിടയിൽ ഒരേയൊരു വനിതാ വാച്ച് ആൻഡ് വാർഡാണുണ്ടായിരുന്നത്. XXXXXX+ തന്റേടമുള്ള അല്ലെങ്കിൽ ആരോഗ്യമുള്ള, പ്രതികരിക്കാൻശേഷിയുള്ള ഒരു നിയമസഭാംഗമാണ് അദ്ദേഹമെങ്കിൽ അവിടെ നിന്ന പുരുഷ വാച്ച് ആൻഡ് വാർഡിനെ തള്ളണമായിരുന്നു. എന്നാൽ, പുരുഷ വോളന്റിയർമാരുടെ മധ്യത്തിൽ നിന്ന വനിതാ വാച്ച് ആൻഡ് വാർഡിനെ പോയി തള്ളുകയാണ്. എങ്ങനെയിരിക്കുന്നു? ഇവിടത്തെ വിഷ്വൽസ് എടുത്ത് പരിശോധിച്ചാൽ അത് കാണാൻ സാധിക്കും. ആ വനിതാ വാച്ച് ആൻഡ് വാർഡിനെ തള്ളി അമർത്തുകയാണ്. എന്ത് മോശത്തരമാണ് കാണിക്കുന്നത്;

+ പിൻവലിച്ചു.

എന്താണതിന്റെ ഉദ്ദേശ്യം? പിന്നീട് അവിടെനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേരെ തിരിയുകയും വർത്തമാനം പറയുകയും ആക്രോശം നടത്തുകയുമാണ്. ഇവിടെ ആക്രോശവും വർത്തമാനവും നടത്തിയവർ ഇപ്പോൾ മുട്ടിലിഴയുകയാണ്. കേരളത്തിലെ ജനത എന്നുപറയുന്നത്, നിങ്ങൾക്ക് വിടുപണി ചെയ്യുന്നവരല്ലെന്ന് മനസ്സിലാക്കണം. അവർക്ക് കേരളത്തിന്റെ മുഖ്യമന്ത്രിയെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിമാരെയും നന്നായറിയാം. നിങ്ങളുടെ കാലത്തേതുപോലെ അഴിമതി അന്വേഷണം നേരിട്ടതിനുശേഷം എന്നെയൊന്ന് ഒഴിവാക്കിത്തരണേ എന്നുപറഞ്ഞ് ബഹുമാനപ്പെട്ട സുപ്രീംകോടതിവരെ പോയി യാചിക്കുന്നവരല്ല കേരളത്തിലെ മുഖ്യമന്ത്രിയും ഗവൺമെന്റും അതിലെ മന്ത്രിമാരും. അതിനാൽ നിങ്ങൾക്ക് ഞങ്ങളെ പേടിപ്പിക്കാൻ സാധിക്കില്ല. മുഖ്യമന്ത്രിയുടെ നേരെ വിരൽ ചൂണ്ടുന്നതും അസഭ്യം പറയുന്നതും വനിതാ വാച്ച് ആൻഡ് വാർഡിന്റെ മുന്നിലേക്ക് ഇടിച്ചുകയറുന്നതും തൊട്ടുമുമ്പിൽ എന്തെങ്കിലുമൊരു പ്രശ്നം വന്നാൽ അത് സ്വന്തം തലയിൽനിന്നും വേറൊരു ശ്രുപത്തിലേയ്ക്ക് മാറ്റാൻവേണ്ടി ആരോഗ്യപരമായി ബുദ്ധിമുട്ടനുഭവിക്കുന്ന വനിതാ സാമാജികയെക്കൊണ്ട് മുന്നിൽ നിർത്തുന്നതുമെല്ലാം ജനങ്ങൾ കാണുന്നുണ്ട്. ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ഈ ഭേദഗതി ബിൽ ഗുണകരമാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ...(മൈക്ക് ഓഫ്)..... മാധ്യമങ്ങളോട് വളരെ മോശമായി പറഞ്ഞതിന്റെ വൈകാരികമായ ഒരവസ്ഥ എന്നെ സംബന്ധിച്ചിടത്തോളമുണ്ട്. വിശദീകരണം പറഞ്ഞകൂട്ടത്തിൽ ഒരു അൺപാർലമെന്ററിയായ xxxxxx+ വാക്ക് ഞാൻ

+ പിൻവലിച്ചു.

ഉപയോഗിച്ചിരുന്നു. അത് ഉപയോഗിക്കാൻ പാടില്ലായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. അത് സഭാ രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒരുകാലത്ത് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും വഴിയില്ലാതിരുന്ന പഞ്ചായത്തുകളെ ഇന്ന് സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷിയിലേക്ക് ഉയർത്തുന്ന ബഹുമുഖമായ പ്രവർത്തനങ്ങളാണ് നമ്മുടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഗവൺമെന്റും ചെയ്തുകൊണ്ടിരിക്കുന്നത്. ധാരാളം പ്ലാൻ ഫണ്ട് കൊടുക്കുന്നുവെന്ന് മാത്രമല്ല, ജനങ്ങളെ പിഴിയാതെതന്നെ പഞ്ചായത്തുകളുടെ വരുമാനം വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ പരിണിതഫലം പഞ്ചായത്തുകളിൽ കാണാനും തുടങ്ങിയിട്ടുണ്ട്. ജനോപകാരപ്രദമായ എല്ലാ നടപടികളും ഒരു വിശേഷണം കൊടുക്കുകയാണെങ്കിൽ സൂര്യനുതാഴെയുള്ള എല്ലാ പ്രവൃത്തികളും ഇപ്പോൾ പഞ്ചായത്തുകളിലൂടെയും മുനിസിപ്പാലിറ്റികളിലൂടെയും കോർപ്പറേഷനുകളിലൂടെയും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്ലാൻ ഫണ്ട് കൊടുക്കുന്നതിനുപുറമെ, ഈ അടുത്തകാലത്തായി കെട്ടിട നികുതി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കിയതിന്റെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 58.16 കോടി രൂപയുടെ പുതിയ വരുമാനമുണ്ടായെന്ന് മാത്രമല്ല, ജനങ്ങൾക്ക് അഞ്ചുകോടി രൂപയുടെ ലാഭവുമുണ്ടായി. ജനങ്ങൾക്ക് ദോഷകരമല്ലാത്ത രീതിയിൽ വരുമാനം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

പഞ്ചായത്തിൽ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന്, ഓണാഘോഷത്തിന്റെ ഭാഗമായി, കുടുംബശ്രീക്കാരുടെ പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, മറ്റ് ഭക്ഷ്യോല്പന്നങ്ങൾ എന്നിവ വിതരണം ചെയ്തതിന്റെ പേരിൽ 30 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കാനുള്ള സൗകര്യം പഞ്ചായത്ത് ഏർപ്പെടുത്തിക്കൊടുക്കുകവഴി ലക്ഷക്കണക്കിന് കുടുംബശ്രീ സംരംഭകർക്കും മറ്റിതര ജനവിഭാഗങ്ങൾക്കും നേട്ടമുണ്ടാക്കാൻ സാധിച്ചു. മാത്രമല്ല, സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകൾ ജനസൗഹൃദമാക്കി പരിഷ്കരിച്ചതിലൂടെ പുതിയ സംരംഭകർക്ക് എളുപ്പത്തിൽ കടന്നുവരുന്നതിനുള്ള അവസരമൊരുക്കുകയുണ്ടായി. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യസംസ്ഥാനം കേരളമാണെന്നുള്ളത് നമുക്കൊക്കെ അഭിമാനിക്കാൻ വക നൽകുന്നതാണെന്നുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ ഒരിക്കലും നടപ്പാകില്ലെന്ന് കരുതിയ, ഏറെ ദുർഘടം പിടിച്ച ഒരു പദ്ധതിയായിരുന്നു 'മാലിന്യമുക്ത കേരളം'. ഒരു പരിധിവരെ നമുക്കത് വിജയിപ്പിക്കാൻ കഴിഞ്ഞുവെന്ന് പറയാം. തുടർപ്രക്രിയയിലൂടെ മാത്രമേ നമുക്കത് പൂർണ്ണമായും വിജയിപ്പിക്കാൻ സാധിക്കൂ. തീർച്ചയായും അക്കാര്യത്തിലും ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ നമ്മുടെ പഞ്ചായത്തുകൾക്ക് സാധിച്ചിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, 'മാലിന്യമുക്ത കേരളം' പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും ഉദാത്തമായ പ്രവർത്തനത്തിന്റെ മകുടോദാഹരണമാണെന്ന് നമുക്ക് പറയാൻ സാധിക്കും. അങ്ങയുടെ ശ്രദ്ധക്ഷണിക്കാൻ ഉദ്ദേശിക്കുന്ന ഒരു കാര്യം, ഇവിടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സെഗ്രിഗേഷനും റീസൈക്കിളിങ്ും നടത്തി അത് മറ്റൊരു പ്രോഡക്ടാക്കി മാറ്റി അതിന് ഇൻസെന്റീവ് കൊടുക്കുന്ന സ്ഥാപനങ്ങൾ ഇവിടെ

വരാൻപോകുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയും കേൾക്കുന്നുണ്ടാകുമെന്ന് ഞാൻ കരുതുന്നു. പാതയോരങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻവേണ്ടി വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. എന്നാൽ, പാതയോരങ്ങളുടെയും ഹൈവേയുടെയും ടാർ ചെയ്ത റോഡുകളുടെയും ഇരുവശത്തുമുള്ള വീടുകളുടെ മതിലിന് പുറത്തായി പുല്ല് വളരുന്നത് പൊതുജനങ്ങൾ ശ്രദ്ധിക്കാറേയില്ല. നല്ല ഗതാഗത സംവിധാനത്തിലൂടെ കടന്നുപോകുമ്പോൾ ഇത്തരം കാര്യങ്ങളിൽ പഞ്ചായത്തായാലും ഒരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അതിനാൽ സ്വന്തം വീടിന്റെ മുൻവശത്തുള്ള കാട്ടുചെടികളും പുല്ലുകളും സമയാസമയങ്ങളിൽ വെട്ടിനിരത്തി മനോഹരമാക്കാനുള്ള ഒരു രീതി ജനങ്ങൾക്കിടയിൽ വളർത്തിയെടുക്കണം. ഇത് മാലിന്യ സംസ്കരണത്തിന്റെ മറ്റൊരു രീതികൂടിയാണ്. ഞാൻ ഓസ്ട്രേലിയ സന്ദർശിച്ചപ്പോൾ സ്വന്തം വീടിന്റെ മുൻവശത്തുള്ള പുല്ലുകൾ അവരവർതന്നെ വെട്ടിമാറ്റുന്നത് കാണാൻ സാധിച്ചു. അവിടെ അത് നിർബന്ധമാണ്, അല്ലെങ്കിൽ പിഴ അടയ്ക്കണം. പൊതുജനങ്ങൾക്ക് ഇക്കാര്യത്തിൽ കൗൺസിലർ ഉൾപ്പെടെ നിർബന്ധപൂർവം നിർദ്ദേശം നൽകണം. നമ്മുടെ വീടിന് മുൻവശമുള്ള മാലിന്യങ്ങൾ, പുല്ലുകൾ എന്നിവയെല്ലാം കൃത്യമായി വൃത്തിയാക്കാനുള്ള ഒരു അവബോധം പൊതുസമൂഹത്തിന് നൽകാൻ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ശ്രമിച്ചുകൂടേ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 'മാലിന്യമുക്തം നവകേരളം' ലോകശ്രദ്ധ പിടിച്ചുപറ്റാൻ പോകുന്ന ഒരു ക്യാമ്പയിനാണ്. അതിൽ ഇക്കാര്യംകൂടി കൂട്ടിച്ചേർക്കാൻ സാധിക്കുമോയെന്ന് ആലോചിക്കേണ്ടതാണ്. കാരണം, രാഷ്ട്രീയ കേരളത്തിലെ മാലിന്യം നീക്കം ചെയ്യാനുള്ള ഒരു ആഹ്വാനം സർക്കാർ നടത്തിയാൽ, 90 ശതമാനം വരുന്ന ജനാധിപത്യ മതനിരപേക്ഷ

വിശ്വാസികളും സ്വയം ഹരിതകർമ്മ സേനാംഗങ്ങളായി മാറി രാഷ്ട്രീയ മാലിന്യമായി പരിണമിച്ചിട്ടുള്ള കേരള നിയമസഭയിലെ പ്രതിപക്ഷത്തിന് നേതൃത്വം നൽകുന്ന പ്രസ്ഥാനത്തെ തുത്തെറിയാൻ സാധ്യതയുണ്ട്. അതിന് എന്തെങ്കിലും വ്യവസ്ഥ തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. എ. പ്രഭാകരൻ: സർ, ആദ്യം പറഞ്ഞത് നമുക്കൊക്കെ അനുകരിക്കാവുന്ന കാര്യമാണ്. രണ്ടാമത്തെ കാര്യവുമായി ബന്ധപ്പെട്ട വസ്തുത ശരിക്കും ബോധ്യപ്പെടാത്തതുകൊണ്ടാണ് ശ്രീ. കെ. ഡി. പ്രസേനൻ അപ്രകാരം പറയുന്നത്. എന്തായാലും അടുത്ത ഭരണം പ്രതിപക്ഷത്തിന് ലഭിക്കാൻ പോകുന്നില്ലെന്ന ഒരു വിഭ്രാന്തി അവരുടെ തലയിൽ കയറിയിട്ടുണ്ട്. അതിനാൽ അവരുടെ ഊണും ഉറക്കവുമൊക്കെ നഷ്ടപ്പെട്ടിരിക്കുകയാണ്. വിശ്വാസത്തെ മുതലെടുത്തുകൊണ്ട് അധികാരത്തിൽ വരാനാണ് അവർ ശ്രമിക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലം മലമ്പുഴയാണ്. മൂന്ന് തവണ പ്രസ്തുത നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച യശ:ശരീരനായ ടി. ശിവദാസ മേനോൻ അദ്ദേഹം തന്റെ പ്രസംഗത്തിൽ "നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ഗുരുവായൂർ, കൊടുങ്ങല്ലൂർ, ശബരിമല എന്നിവിടങ്ങളിൽ വോട്ടുപെട്ടി സ്ഥാപിച്ച് പെട്ടിയുടെ ഒരു ഭാഗത്ത് കൈയും മറ്റൊരു ഭാഗത്ത് അരിവാൾ ചുറ്റിക നക്ഷത്രവും വച്ച് വോട്ടെടുപ്പ് നടത്താംഎന്നിട്ട് ആർക്കാണ് കൂടുതൽ വോട്ട് ലഭിക്കുന്നതെന്ന് നോക്കി കാര്യങ്ങൾ തീരുമാനിക്കാം" എന്ന് പറയുമായിരുന്നു. പ്രസ്തുത വേളയിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുക ഇടതുപക്ഷത്തിനായിരിക്കും എന്ന അദ്ദേഹത്തിന്റെ പ്രസംഗമാണ് പ്രതിപക്ഷത്തെ എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. സത്യത്തിൽ അവർക്ക് വട്ടിളകിയിരിക്കുകയാണ്. കൂടാതെ, ചില

മാധ്യമങ്ങൾ പ്രതിപക്ഷത്തെ വല്ലാത്ത രീതിയിൽ പിന്തുണയ്ക്കുകയുമാണ്. മാധ്യമങ്ങളുടെ പ്രചരണത്തിന്റെ മായാവലയത്തിൽ കുടുങ്ങി ജനങ്ങളാകെ വട്ടത്തിലാകുമെന്നാണ് പ്രതിപക്ഷം വിചാരിച്ചിരിക്കുന്നത്. എന്നാൽ മാധ്യമങ്ങൾ പ്രതിപക്ഷത്തെ സ്നേഹിച്ചുകൊണ്ട് തകർക്കുകയാണ് ചെയ്യുന്നത്. ഒരു പത്രത്തിന്റെ ഇന്നത്തെ തലക്കെട്ട് എന്താണ്? ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. കേരളത്തിന്റെ രാഷ്ട്രീയ സ്ഥിതി അപകടകരമായ രീതിയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നതെന്ന് പ്രതിപക്ഷം തിരിച്ചറിയണം. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടവർ, ക്രിയാത്മകമായ രീതിയിൽ ഇവിടെ ഉന്നയിക്കേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് വളരെ മോശമായ രീതിയിലുള്ള കാര്യങ്ങളാണ് അവർ പറയുന്നത്. ഞാൻ ആദ്യമായാണ് നിയമസഭാംഗമാകുന്നത്. നിയമസഭാ ഗ്യാലറിയിൽ കുട്ടികൾ ഇരിക്കുകയാണെന്നും ഇവിടെ നടന്ന കാര്യങ്ങൾ അവരുടെ മനസ്സിൽ മോശമായ ചിത്രമുണ്ടാക്കുമെന്നും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ശരിയാണെന്ന് എനിക്കും തോന്നിയിരുന്നു. ഇങ്ങനെയൊക്കെ ചെയ്യാൻ സാധിക്കുമോയെന്ന് എനിക്കടക്കം തോന്നിപ്പോയി. എന്തായാലും പത്ത് വർഷം പുറത്തിരുന്നു. ഇനിയും പുറത്തിരിക്കേണ്ടിവരും എന്ന തോന്നലിൽനിന്നുള്ള വിഭ്രാന്തിയും ഭ്രാന്തുമാണ് അവർ പ്രകടമാക്കിക്കൊണ്ടിരിക്കുന്നത്. അതുപോലെ, പഞ്ചായത്തുകളുടെ വരുമാനം വർധിപ്പിക്കാനുള്ള ഒരു മാർഗം നമുക്ക് അത്യാവശ്യമാണ്. ഏത് പരിപാടിയാണെങ്കിലും വിജയിപ്പിക്കാൻ രാജ്യത്ത് പ്രചാരണം അത്യന്താപേക്ഷിതമാണ്. സ്വാഭാവികമായും അതിന് ബോർഡുകളും പോസ്റ്ററുകളുമൊക്കെ സ്ഥാപിക്കേണ്ടിവരും. അപ്പോൾ ഒരു ടെസ്റ്റ് കേസ് എന്ന രീതിയിൽ, ഒരു ഗ്രാമപഞ്ചായത്തിൽ 100 സ്ഥലങ്ങൾ കണ്ടെത്തി അവിടെ ബോർഡുകൾ സ്ഥാപിക്കാൻ മുൻകൂട്ടി പഞ്ചായത്തിന്റെ

അനുമതി വാങ്ങുന്നതിന് നിശ്ചിത ഫീസ് ഈടാക്കണം. ഇത്തരത്തിൽ മുനിസിപ്പാലിറ്റിയിൽ മിനിമം 500 സ്ഥലങ്ങളും കോർപ്പറേഷനുകളിൽ 1000 സ്ഥലങ്ങളും കണ്ടെത്തണം. എല്ലാ കാര്യത്തിനും പ്രചാരണം അത്യന്താപേക്ഷിതമാണ്. പ്രചാരണം വേണ്ടെന്ന് ബഹുമാനപ്പെട്ട കോടതി തീരുമാനിച്ചാലും അത് നടക്കാത്ത രീതിയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. അതിന് നിയമപരമായ പരിരക്ഷ ഉണ്ടാക്കിയെടുക്കുകയും പല പ്രദേശത്തും അനാവശ്യമായി ബോർഡുകളും മറ്റും സ്ഥാപിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കാനുള്ള പ്രവർത്തനംകൂടി നടത്തിയാൽ നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പരസ്യബോർഡുകൾക്ക് ഫീസ് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാമെന്ന് പറയുന്നത് രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണ പരിപാടികൾക്കുകൂടി ബാധകമാക്കണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ. പ്രഭാകരൻ: സർ, അതും ആവശ്യമാണ്. രാഷ്ട്രീയ പാർട്ടികളുടെ പരിപാടികൾ വിജയിപ്പിക്കണമെങ്കിൽ പരസ്യം ആവശ്യമില്ലേ? അതുകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയ പാർട്ടികൾക്ക് ഫീസ് കുറയ്ക്കുമോയെന്ന് ഇവിടെ ആരോ ചോദിക്കുകയുണ്ടായി. അതിനൊക്കെ മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയാണ്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല, എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് ഗ്രാന്റ് ലഭിക്കുമോയെന്ന് അന്വേഷിച്ച് തിരുവനന്തപുരത്ത് മന്ത്രിമാരുടെയും ഡറയക്ടർമാരുടെയും ഓഫീസുകൾ കയറിയിറങ്ങുമായിരുന്നു. പക്ഷെ ഇന്ന് പഞ്ചായത്ത് പ്രസിഡന്റുമാർക്കോ ജീവനക്കാർക്കോ

അത്തരം ആവശ്യങ്ങൾക്കായി ഇവിടെ വരേണ്ടതില്ല. അതൊക്കെ സ്വന്തം സ്ഥലത്തിരുന്നുകൊണ്ടുതന്നെ കൈയിലെത്തുന്ന രീതിയിലുള്ള സൗകര്യം ഒരുക്കിക്കൊടുത്ത ബഹുമാനപ്പെട്ട മന്ത്രിയെയും സർക്കാരിനെയും അനുമോദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ 1(എ), 2(ബി) എന്നീ ഭേദഗതികൾ ഈ ബില്ലിന്റെ സമ്പൂഷ്ടമായ പ്രവർത്തനത്തിന് അനിവാര്യമാണെന്നാണ് ഞാൻ കരുതുന്നത്. പഞ്ചായത്ത് രാജ് നിയമത്തിൽ സുപ്രധാനമായ ഭേദഗതികൾ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പട്ടികജാതി-പട്ടികവർഗക്കാരുടെ ജനസംഖ്യ തുല്യമാകുന്ന അവസരത്തിൽ സ്ഥാനം സംവരണം ചെയ്യേണ്ടത് സംബന്ധിച്ച വ്യവസ്ഥകളാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇതിനായി നിയമത്തിൽ പുതിയ ഭേദഗതി മുന്നോട്ടുവച്ചിരിക്കുകയാണ്. വസ്തു നികുതി സംബന്ധിച്ചും അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള പുതിയ വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്ഷരാർഥത്തിൽ അധികാര വികേന്ദ്രീകരണ പ്രവർത്തനത്തിന് ഊർജം പകരുന്ന ഭേദഗതികളാണ് സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികൾ രാജ്യത്തിന്റെ അധികാര വികേന്ദ്രീകരണത്തിലെ സുപ്രധാന ഭേദഗതികളായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് 1994-ൽ ആദ്യത്തെ

കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽവന്നത്. ആ നിയമത്തിന് പല ഘട്ടങ്ങളിലും ഭേദഗതികൾ വന്നിട്ടുണ്ട്. ആ സുപ്രധാനമായ പല ഭേദഗതികളും കേരളത്തിൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളാണ് കൊണ്ടുവന്നിട്ടുള്ളത്. അധികാര വികേന്ദ്രീകരണ പ്രവർത്തനവും വികേന്ദ്രീകൃത ആസൂത്രണവും ഇന്ത്യാരാജ്യത്ത് ഏറ്റവും മാതൃകാപരമായി നടത്തുന്ന ഒരു സംസ്ഥാനമാണ് കേരളം. അതിന്റെ ഭാഗമായി സാധാരണ ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളിലും ഇടപെടുന്ന ഒരു സമിതിയായി കേരളത്തിലെ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാറിയിട്ടുണ്ടെന്നതാണ് പ്രത്യേകത. മാത്രമല്ല, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കളക്ടറേറ്റിന്റെയുമെല്ലാം ഭാഗമായിരുന്ന അധികാരങ്ങൾ താഴെത്തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ആ അധികാരം വിനിയോഗിക്കുന്നതിനുവേണ്ടി പദ്ധതി വിഹിതത്തിന്റെ 28 ശതമാനം മുതൽ 33 ശതമാനം വരെ ബജറ്റിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ നമുക്ക് കഴിയുകയും ചെയ്തിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തിന് ഇ.എം.എസ്. നൽകിയ നേതൃത്വം ഇന്നും നമുക്ക് സ്മരണീയമാണ്. 1997-ൽ ഒൻപതാം പഞ്ചവത്സര പദ്ധതി ആരംഭിക്കുമ്പോൾ അത് വികേന്ദ്രീകൃതാസൂത്രണത്തിനുവേണ്ടിയാണ് വിനിയോഗിച്ചത്. അതിന്റെ ചലനങ്ങളാണ് ഇന്ന് കേരളത്തിൽ കാണുന്നത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ 27-ഉം പൊതുവായ ചുമതലകൾ 14-ഉം മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ 19-ഉം നിർവഹിക്കുന്നതിനുള്ള അധികാരവും ആ അധികാരം വിനിയോഗിക്കുന്നതിനുള്ള പണവും നൽകുന്ന രീതിയാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഇതിന്റെ ഫലമായി കേരളത്തിൽ മൂന്ന്

ലക്ഷം കിലോമീറ്റർ റോഡുകളുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിൽ 270000 കിലോമീറ്റർ റോഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് മെയിന്റയിൻ ചെയ്യുന്നത്. ഇതിലൊരു പ്രത്യേകത ഒൻപതാം പഞ്ചവത്സര പദ്ധതിക്കുശേഷമാണ് 175000 കിലോമീറ്റർ റോഡ് നിർമ്മിക്കാൻ സാധിച്ചത് എന്നതാണ്. അതായത്, അധികാര വികേന്ദ്രീകരണ പ്രവർത്തനവും വികേന്ദ്രീകൃതാസൂത്രണവും ആരംഭിച്ചതിനുശേഷമാണ് കേരളത്തിൽ ഇത്രയുമധികം റോഡുകൾ പുതിയതായി നിർമ്മിക്കാൻ സാധിച്ചത്. ഇത് അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാന മുഖമായി കാണാൻ സാധിക്കുന്നുണ്ട്. ഗ്രാമസഭ എന്നത് ഭരണഘടനാപരമായ ഒരു സംവിധാനമാണ്. ഈ സംവിധാനത്തിലെ ഒരു യോഗത്തിനുപോലും കോറം തികയ്ക്കാൻ കഴിയുന്നില്ലെന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. ഒമ്പതാം പഞ്ചവത്സരപദ്ധതി ആരംഭിക്കുമ്പോൾ 750 മുതൽ 1500 വരെയുള്ള ആളുകളാണ് ഒരു ഗ്രാമസഭാ യോഗത്തിൽ പങ്കെടുത്തിരുന്നത്. എന്നാൽ ഇപ്പോൾ അതിൽ വലിയ കുറവുണ്ടായിട്ടുണ്ടെന്നതാണ് വസ്തുത. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ ഗൗരവമായി ഇടപെടണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും സർക്കാർ ആനുകൂല്യം വാങ്ങുന്നവരും ഗ്രാമസഭാ യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ ആവശ്യമുള്ളവർ മാത്രം പോകേണ്ട ഒരിടമായി ഗ്രാമസഭകൾ മാറുന്നുണ്ടോയെന്ന ചോദ്യവും നമുക്ക് മുന്നിലുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും ഭാഗമായി ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഈ ഘട്ടത്തിൽ പ്രത്യേകം നടപ്പാക്കേണ്ടതുണ്ട്. കേരളത്തിന്റെ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ

വലുതാണെന്ന കാര്യം എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട നേതാക്കളെല്ലാം സൂചിപ്പിച്ചിരുന്നു. 90,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇതിൽ കിഫ്ബി പ്രവർത്തനങ്ങളും മലയോര-തീരദേശ പാതകളുടെ പ്രവർത്തനങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഗ്രാമീണ മേഖലയുടെ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുപ്രധാന പങ്കാണ് വഹിക്കുന്നത്. അതിദരിദ്രരുള്ള ഒരു സംസ്ഥാനമായിരുന്നു കേരളം. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ സഹായത്തോടുകൂടി അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിച്ചതിന്റെ ഭാഗമായി 64006 പേരെ കണ്ടെത്തുകയും അവരെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കാനുള്ള ഒരു കഠിനപ്രയത്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഓരോ കുടുംബങ്ങൾക്കും ഭക്ഷണവും പാർപ്പിടവും ആരോഗ്യസൗകര്യവും ഉപജീവനവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. വീട് എന്ന സ്വപ്നം ഇന്നാട്ടിലെ സാധാരണക്കാർക്ക് അന്യമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് കേരളത്തിൽ ലൈഫ് ഭവന പദ്ധതി നടപ്പാക്കിത്തുടങ്ങിയത്. നിലവിൽ ഏകദേശം അഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തിലേറെ ആളുകൾക്ക് ഈ പദ്ധതിപ്രകാരം പണം നൽകുകയും അതിൽ നാലര ലക്ഷത്തിലേറെ

പേരുടെ ഭവനനിർമ്മാണം പൂർത്തിയാക്കുകയും ബാക്കിയുള്ളവയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. കേരളത്തിന്റെ അധികാര വികേന്ദ്രീകരണ പ്രവർത്തനത്തിലെ സുപ്രധാനമായൊരു കാര്യമാണ് കേരളം സ്മാർട്ടാകുക എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ സമീപനം. കെ-സ്മാർട്ട് പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ ജനങ്ങൾ കയറിയിറങ്ങേണ്ട സ്ഥിതിയില്ലാതായി. ഇന്ന് മുഴുവൻ സേവനങ്ങളും കെ-സ്മാർട്ട് വഴി ലഭ്യമാകുന്ന സാഹചര്യമാണുള്ളത്. വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് മിനിട്ടുകൾക്കകം ഇന്ന് നേടാനാകും. ലോകത്തെ ഏത് സ്ഥലത്തുനിന്നും വിവാഹം രജിസ്റ്റർ ചെയ്യാനും നികുതി അടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഈ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കുറച്ചുകാലമായി നമ്മൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം ഫയലിന്റെ പുറകെ പോകുകയെന്നതാണ്.

മി. സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ, കൺക്ലൂഡ് ചെയ്യണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ പ്രസംഗം ആരംഭിച്ചിട്ട് കുറച്ചുസമയമേ ആയിട്ടുള്ളൂ. ജനങ്ങൾ അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ നിരന്തരം കയറിയിറങ്ങുന്ന രീതിക്ക് പരിഹാരമുണ്ടാക്കാനും ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കാനും കഴിഞ്ഞിട്ടുണ്ട്. മാലിന്യ സംസ്കരണരംഗത്ത് കേരളം മികച്ച നേട്ടമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. മാലിന്യ സംസ്കരണ രംഗത്തെ മട്ടന്നൂർ മാതൃക ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. കൂടാതെ, പ്രത്യേക വിഭാഗത്തിലെ മിനിസ്റ്റീരിയൽ അവാർഡ് നേടാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ, ദേശീയ ശുചിത്വ

റാങ്കിങ്ങിൽ കേരളത്തിലെ 82 നഗരസഭകളും അതത് വിഭാഗങ്ങളിൽ ആദ്യത്തെ ആയിരം റാങ്കിനുള്ളിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദ്യമായി കേരളത്തിലെ ഇരുപത്തിമൂന്ന് നഗരങ്ങൾ ഗാർബേജ് ഫ്രീ സിറ്റി സ്റ്റാർ റേറ്റിങ് നേടുകയും വെളിയിട വിസർജ്യമുക്ത സംസ്ഥാനമായി കേരളം മാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ വികേന്ദ്രീകൃതാസൂത്രണം രാജ്യത്തിന് മാതൃകയായി മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞിട്ടുണ്ട്. മാലിന്യവിഷയത്തിൽ പതിറ്റാണ്ടുകളായി അഭിമുഖീകരിച്ചുകൊണ്ടിരുന്ന പ്രശ്നങ്ങൾക്കാണ് കേരള സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശക്തമായ നിലപാടുകളിലൂടെ പരിഹാരമുണ്ടായത്. 59 ഡമ്പ് സൈറ്റുകളിൽനിന്ന് 24 മാലിന്യക്കൂനകൾ നീക്കം ചെയ്തതിലൂടെ 56 ഏക്കർ 95 സെന്റ് ഭൂമിയാണ് സർക്കാർ വീണ്ടെടുത്തത്. ബ്രഹ്മപുരം ഉൾപ്പെടെയുള്ള 10 കേന്ദ്രങ്ങളുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ഗ്രാമീണമേഖലയിലെയും നഗരമേഖലയിലെയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ 98 ശതമാനം പ്രവർത്തനങ്ങളും നടപ്പാക്കാൻ കഴിഞ്ഞു. ഹരിതകർമ്മസേനയെ ശാസ്ത്രീയമായി വിന്യസിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പെടുത്ത നിലപാടുകളാണ് ഈ നേട്ടങ്ങളുണ്ടാക്കാനുള്ള സാഹചര്യമൊരുക്കിയത്. 2025 ജനുവരി മുതൽ ഏപ്രിൽ വരെ 91429.61 മെട്രിക് ടൺ അജൈവമാലിന്യമാണ് ശേഖരിച്ചിട്ടുള്ളത്. ഇത് ഹരിതകർമ്മസേനയുടെ പ്രവർത്തനം എത്രത്തോളം മാതൃകാപരമാണെന്ന് സൂചിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ, നിയമനിർമ്മാണവുമായി ബന്ധപ്പെട്ട പ്രസംഗങ്ങളിൽ ഒരു understanding ആവശ്യമാണ്. അക്കാര്യം സൂചിപ്പിച്ചെന്നേയുള്ളൂ. പ്രധാനപ്പെട്ട ബില്ലുകളുടെ ചർച്ച നടക്കുമ്പോൾ അംഗങ്ങളുടെ എണ്ണവും കുറവാണെന്ന കാര്യം ശ്രദ്ധിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, രണ്ട് മിനിട്ടിനുള്ളിൽ അവസാനിപ്പിക്കാം.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ഞാൻ ഇവിടെ പറയാൻ പോകുന്നത്. പാഴ്വസ്തുക്കൾ ശേഖരിക്കുന്ന ആളുകൾ ഇപ്പോൾ സമരത്തിലാണ്. കാരണം നിലവിലുള്ള മാലിന്യ സംസ്കരണ പ്രക്രിയയിൽ, മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ലക്ഷത്തോളം വരുന്ന സ്ക്രാപ്പ് മർച്ചെന്റ്സിനേയും കൂടി ഉൾപ്പെടുത്തണമെന്നതാണ് അവരുടെ ആവശ്യം. ഈ മേഖലയിൽ തൊഴിൽസുരക്ഷയുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മാത്രമല്ല, റീസൈക്ലിങ് വസ്തുക്കൾ ഹരിതകർമ്മ സേനയ്ക്ക് മാത്രമേ ശേഖരിക്കാൻ കഴിയുകയുള്ളൂവെന്ന ഉത്തരവ് നിലവിലുള്ളത് കാരണം പാഴ്വസ്തുക്കൾ ശേഖരിക്കുന്നവർക്ക് തൊഴിലെടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് അവരെക്കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തുകയും അവരുടെ ഉപജീവനം നിലയ്ക്കാത്ത രീതിയിലുള്ള സമീപനം സ്വീകരിക്കുകയും വേണം. അസംഘടിത മേഖലയിലുള്ള പാഴ്വസ്തുക്കൾ ശേഖരിക്കുന്ന വ്യാപാരികൾ അതിന്റെ ഫീഡർമാരെക്കൂടി ഉൾപ്പെടുത്തി മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഈ ബില്ലിന്റെ ചർച്ചയുടെ ഭാഗമായി പരിഹരിക്കപ്പെടേണ്ടതാണ്. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയുടെ കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് കേരളം കൈവരിച്ചിട്ടുള്ളത്. അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നേതൃത്വം നൽകുന്നത്. 83.45 ലക്ഷം കുടുംബങ്ങളെ സർവെ ചെയ്ത് 2188398 പേരെ പഠിതാക്കളാക്കാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനം മാതൃകാപരമായ മുന്നേറ്റമാണ് ഈ കാലയളവിൽ നടത്തിയിട്ടുള്ളത്. ഇതിന് ശക്തമായ നേതൃത്വമാണ് തദ്ദേശസ്വയംഭരണ വകുപ്പും സ്ഥാപനങ്ങളും നൽകിയതെന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. 'കേരള ചിക്കൻ' അടക്കമുള്ള പ്രവർത്തനങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് രാജ്യത്ത് ആദ്യമായി ക്ഷേമനിധി ഏർപ്പെടുത്തിയത് കേരളത്തിലാണ്. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് ഗ്രാമീണ മേഖലയിലും നഗരമേഖലയിലും നേതൃത്വം നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഈ നിലയിൽ ഏറ്റവും പ്രതിബദ്ധതയോടുകൂടിയാണ് കേരളത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ ഭേദഗതികൾ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുന്നതിലൂടെ ഇത് കുറച്ചുകൂടി ജനകീയമാക്കാൻ സാധിക്കും. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണസംവിധാനത്തിന്റെ പരമമായ ഉത്തരവാദിത്വം ജനങ്ങളോടാണുള്ളത്. ഈ തത്വം അക്ഷരാർഥത്തിൽ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുകയാണ് ചെയ്യുന്നത്. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ, സഭാനടപടികൾ തടസ്സപ്പെടുത്തി ഇതിനെയെല്ലാം വക്രീകരിക്കുന്ന നടപടിയാണ് പ്രതിപക്ഷം

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടിയന്തരപ്രമേയത്തിൽ അടിതെറ്റി വീണ പ്രതിപക്ഷം ജനങ്ങൾക്കുമുമ്പിൽ നാണംകെട്ടിരിക്കുകയാണ്. പ്രതിദിനം ഇളിഭ്യരായി മാറുന്ന പ്രതിപക്ഷത്തെയാണ് നമുക്ക് കാണാൻ കഴിയുന്നത്. കോടതികളിൽനിന്ന് തുടർച്ചയായി തിരിച്ചടി കിട്ടിയ ഇതുപോലൊരു പ്രതിപക്ഷം കേരള ചരിത്രത്തിലോ ഇന്ത്യാ ചരിത്രത്തിലോ ഉണ്ടായിട്ടില്ല. പിണറായി സർക്കാരിന്റെ നേട്ടങ്ങളെ ജനങ്ങളുടെ ഇടയിൽ എത്തിക്കുന്നതിനെ മന:പൂർവമായി തടയാനാണ് പ്രതിപക്ഷാംഗങ്ങൾ നിയമസഭാ നടപടികളെപ്പോലും തടസ്സപ്പെടുത്തുന്ന നിലപാട് സ്വീകരിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഒട്ടേറെ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് കേരള പഞ്ചായത്ത് രാജ് കേരള മുനിസിപ്പാലിറ്റി ആക്ടുകളിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്ന സമയത്ത് കുറെ കാര്യങ്ങളെക്കുറിച്ച് പരാമർശിച്ചിരുന്നു. വാർഡ് വിഭജനവും സംവരണവും നിശ്ചയിക്കുന്നത് ഒരു പ്രായോഗിക പ്രശ്നമായി സർക്കാരിനുമുന്നിൽ ഉയർന്നുവന്നിട്ടുണ്ട്. ഒരു തദ്ദേശസ്ഥാപന അതിർത്തിയിൽ ജനസംഖ്യാനുപാതികമായിട്ടാണല്ലോ സംവരണം നൽകുന്നത്. കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ജനസംഖ്യ തുല്യമായി വന്ന സാഹചര്യമുണ്ടായി. അപ്പോൾ എന്ത് ചെയ്യണമെന്നൊരു പ്രശ്നം വന്നു. അതിൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് ബില്ലിൽ ഒരു ഭേദഗതി ഉൾപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ ജനസംഖ്യ തുല്യമായി വന്നാൽ നറുക്കെടുപ്പിലൂടെ ആദ്യതവണ സംവരണം നിശ്ചയിക്കുകയും

പിന്നീട് ആവർത്തനം വരാതെ റൊട്ടേഷൻ അടിസ്ഥാനത്തിൽ സംവരണം മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുകയെന്നുള്ളതാണ് ഈ ഭേദഗതി കൊണ്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭാ ചെയർപേഴ്സൺമാരുടെയും സെക്രട്ടറിയുടെയും അധികാരങ്ങൾ വിപുലീകരിക്കുന്നതിനും വിജിലൻസ് & മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുമുള്ള ഭേദഗതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ പ്രസക്തമല്ലാത്തതിനാൽ അവിടുത്തെ ജീവനക്കാരെ താഴെതലങ്ങളിലേക്ക് പുനർവിന്യസിക്കണമെന്ന് 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 208-ാമത്തെ ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്. നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിച്ചുകൊണ്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 2022 മേയ് 25-ന് ഉത്തരവിറക്കിയിരുന്നു. പ്രസ്തുത ഉത്തരവിലെ ക്രമനമ്പർ 11 പ്രകാരം പെർഫോമൻസ് ഓഡിറ്റ് സംവിധാനം അവസാനിപ്പിക്കാൻ തീരുമാനിച്ചു. പിന്നീട് തദ്ദേശസ്വയംഭരണ വകുപ്പിൽ ഏകീകരണം വന്ന സമയത്ത് ഈ വിശേഷാൽ ചട്ടങ്ങളിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമായിട്ട് രൂപപ്പെടുത്തുകയും പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കുകയും ചെയ്തു. അങ്ങനെയുള്ള ജീവനക്കാരെ ആഭ്യന്തര വിജിലൻസ് സംവിധാനത്തിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും പുനർവിന്യസിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. പക്ഷേ ഈ വ്യവസ്ഥ ആക്ടിൽ വന്നിരുന്നില്ല; സർക്കാർ ഉത്തരവ് വഴിയാണ് അത് നടപ്പാക്കിയത്. ഇപ്പോൾ ആ വ്യവസ്ഥയാണ് ആക്ടിൽ കൊണ്ടുവരുന്നത്. കൂടാതെ, ഇതൊരു ചരിത്രപ്രാധാന്യമുള്ള നിയമ ഭേദഗതിയാണെന്ന സവിശേഷത കൂടിയുണ്ട്.

ഇന്ത്യയിൽ ആദ്യമായിട്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാനുള്ള ഭേദഗതി നാം കൊണ്ടുവരുന്നത്. അധികാര വികേന്ദ്രീകരണത്തിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ബഹുമാന്യരായ അംഗങ്ങളിൽ പലരും ഇക്കാര്യം അടിവരയിടുകയുണ്ടായി. മറ്റൊരു മാതൃകകൂടി രാജ്യത്തിന് കേരളം ഈ ഭേദഗതിയിലൂടെ സൃഷ്ടിക്കുകയാണ്. വികസന ക്ഷേമ പ്രവർത്തനങ്ങളെല്ലാം ഇനി മുതൽ ജനകീയമായ സോഷ്യൽ ഓഡിറ്റിന് വിധേയമാകുന്നുവെന്ന വസ്തുത വേണ്ടത്ര ഈ സഭയോ, മാധ്യമങ്ങളോ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ഗുണഭോക്താക്കൾക്ക് മാത്രമല്ല, ജനങ്ങൾക്കാകെ അതിന്റെ നിർവഹണത്തെ പരിശോധിക്കാനുള്ള അധികാരം വരികയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, സർക്കാർ ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കാനുള്ള പുതിയ നിർദ്ദേശം സ്വാഗതാർഹമാണ്. പക്ഷെ, നിർഭാഗ്യവശാൽ ഇന്നലെ എന്റെ നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ നിർദ്ദേശപ്രകാരം വികസന സദസ്സുകൾ നടത്തേണ്ട എന്ന് പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് തീരുമാനിക്കുകയുണ്ടായി. കേരളത്തിലെ ആയിരത്തോളം വരുന്ന പഞ്ചായത്തുകൾക്ക് സർക്കാരിന്റെ ഒരു ഫണ്ടും കൊടുക്കാൻ കഴിയുന്നില്ല, എൻ.ഒ.സി.-യും നൽകുന്നില്ല. ഒരു പ്രാദേശിക കക്ഷി ഭരിക്കുന്ന നാല് പഞ്ചായത്തുകളിലും ഓൺ ഫണ്ട് ഒരു വികസന പ്രവർത്തനത്തിനും ചെലവഴിക്കാതെ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ്. ടി വിഷയം ശരിയായ രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, സോഷ്യൽ ഓഡിറ്റിന്റെ നിർവഹണം വിലയിരുത്താനും പരിശോധിക്കാനുമുള്ള അധികാരം ജനങ്ങൾക്ക് നൽകുകയാണ്. ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള പ്രചാരണ സംവിധാനമായിട്ടല്ല സോഷ്യൽ ഓഡിറ്റിനെ കണക്കാക്കുന്നത്. മറിച്ച്, അധികാര വികേന്ദ്രീകരണത്തെയും ജനങ്ങളുടെ ജനാധിപത്യ അവകാശത്തെയും കൂടുതൽ ആഴമുള്ളതും വിപുലവുമാക്കി മാറ്റുകയാണ് ചെയ്യുന്നത്. ബഹുമാന്യനായ അംഗം ഉന്നയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൂറോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇപ്പോൾ വികസന സദസ്സ് നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചത്. അതിനർത്ഥം ആ നൂറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ കാര്യമായി ഒന്നുമില്ലെന്നതാണ്. പ്രതിപക്ഷം ഭരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ മലപ്പുറം ജില്ലയിലും മറ്റും വികസന സദസ്സ് നടത്താൻ മുന്നോട്ടുവരുന്നുണ്ട്. ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ ഒന്നുമില്ലാത്തവർ വികസന സദസ്സ് നടത്തിയിട്ടെന്തെങ്കിലും കാര്യമുണ്ടോ? അതുകൊണ്ടായിരിക്കാം അവർ മുന്നോട്ടുവരാത്തതെന്നാണ് ഞാൻ കരുതുന്നത്. വികസന ഫണ്ട് ചെലവഴിക്കാത്തത് ഗൗരവമായ വിഷയമാണ്. ഇക്കാര്യം പ്രത്യേകമായി പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ മറ്റൊരു പ്രശ്നം ഇവിടെ ഉന്നയിച്ചു. പ്രചാരണം നടത്താനുള്ള അവകാശത്തെ ഹൈക്കോടതി വിധിയുടെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് നിയമവിധേയമാക്കുന്നതിനുള്ള വ്യവസ്ഥ ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുണ്ട്. ഹൈക്കോടതി വിധിയെ സർക്കാർ മാനിക്കുന്നു. ആ വിധിയുടെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ബോർഡുകൾ, കൊടിതോരണങ്ങൾ എന്നിവ നിയമപരമായി മാത്രമേ സ്ഥാപിക്കാനാകൂവെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ആന്ധ്രാപ്രദേശിൽ നാരായണ എന്ന പാർട്ടി നേതാവ് ആന്ധ്രാ ഗവൺമെന്റിനെതിരായി നടത്തിയ കേസിൽ പൊതുയോഗം നടത്തേണ്ടതില്ലെന്ന് കോടതി തീർപ്പുകൽപ്പിക്കുകയുണ്ടായി. എന്നാൽ ടി വിഷയത്തിൽ രാഷ്ട്രീയ പാർട്ടികൾ പ്രകടനം നടത്തുന്നതും പൊതുയോഗം നടത്തുന്നതും ജനാധിപത്യ അവകാശമാണെന്ന് സുപ്രീംകോടതി അസന്നിഗ്ധമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്നിരുന്നു, പക്ഷെ അന്ന് ഉന്നയിക്കാൻ സാധിച്ചില്ല. ടി വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളാ ഗവൺമെന്റ് അത് ടേക്ക് അപ് ചെയ്യേണ്ട പ്രശ്നമാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ആന്ധ്രാപ്രദേശിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ നേതാവ് കോടതിയിൽപോയി അനുകൂല വിധി വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെയും കോടതിവിധിതന്നെ ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പ്രചാരണം നടത്തുന്നത് ജനാധിപത്യ അവകാശമാണല്ലോ; ആ ജനാധിപത്യ അവകാശത്തെ കോടതി വിധിക്ക് വിധേയമായി നിയമവിധേയമാക്കുകയെന്നതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അപ്പോൾ കമാനങ്ങൾ, ബോർഡുകൾ, ഹോർഡിങ്ങുകൾ, ബാനറുകൾ, ഡിജിറ്റൽ ബാനറുകൾ, കൊടികൾ, കൊടിതോരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കി, സെക്രട്ടറിയിൽനിന്ന് രേഖാമൂലമുള്ള അനുമതി വാങ്ങുന്നത് സംബന്ധിച്ച വ്യവസ്ഥയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരേസമയം ജനാധിപത്യ അവകാശങ്ങളെ ഉയർത്തിപ്പിടിക്കുകയും കോടതി വ്യവസ്ഥകളെ നാം ഉൾക്കൊള്ളുകയും

ചെയ്യുന്നു. മറ്റ് പ്രധാനപ്പെട്ട ഭേദഗതികൾ ലൈസൻസുമായി ബന്ധപ്പെട്ടവയാണ്. സംരംഭങ്ങൾ പല കാരണങ്ങൾകൊണ്ട് പലപ്പോഴും തടസ്സപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സംരംഭങ്ങൾ ഏകപക്ഷീയമായി തടസ്സപ്പെടുത്തുന്ന സ്ഥിതിയുണ്ടാവരുത്. മറ്റ് വകുപ്പുകളിൽനിന്നുമുള്ള വിദഗ്ധോപദേശം തേടേണ്ട സന്ദർഭത്തിൽ നിർബന്ധമായും അത് തേടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അദാലത്ത് നടത്തിയപ്പോൾ സെക്രട്ടറി വിദഗ്ധോപദേശം തേടാതെ സംരംഭങ്ങൾ തടസ്സപ്പെടുത്തുവെന്നും സ്റ്റോപ്പ് മെമ്മോ കൊടുക്കുന്ന പ്രവണത വ്യാപകമായിട്ടുണ്ടെന്നുമുള്ള ധാരാളം പരാതികൾ ലഭിക്കുകയുണ്ടായി. ഏതവസരത്തിലും വേണമെങ്കിൽ വിദഗ്ധോപദേശം തേടാവുന്നതാണ് ഉദാഹരണത്തിന്, മലിനീകരണ വിഷയങ്ങളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നാണ് വിദഗ്ധോപദേശം തേടേണ്ടത്. വിദഗ്ധോപദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെയുള്ള കാര്യങ്ങളാണ് ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. നേരത്തെ ഇതുസംബന്ധിച്ചൊക്കെ വിശദീകരിച്ചിട്ടുള്ളതുകൊണ്ട് ഞാൻ അത് വീണ്ടും ആവർത്തിക്കുന്നില്ല. ചർച്ചയിൽ പൊതുവെ ഈ ഭേദഗതികളെ എല്ലാവരും പിന്തുണയ്ക്കുകയും അനുകൂലിക്കുകയുമാണ് ചെയ്തത്. എന്നാൽ വളരെ ശ്രദ്ധേയമായ ചില നിർദേശങ്ങളും വന്നു. ഫീസ് ചുമത്തി ബോർഡുകൾ സ്ഥാപിക്കുന്നത് വരുമാനം വർധിപ്പിക്കാനുള്ള ഒരു മാർഗമായി കണ്ടുകൂടെയെന്ന് ബഹു. അംഗം ശ്രീ. എ. പ്രഭാകരൻ ചോദിക്കുകയുണ്ടായി. അത് എത്രത്തോളം ബോർഡുകൾ സ്ഥാപിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. നമ്മൾ ഇതിൽ പ്രധാനമായും ശ്രദ്ധിക്കേണ്ടത് ഈ പ്രവർത്തനം നിയമാനുസൃതമായിരിക്കണം, അതിന് നിയന്ത്രണവും

വ്യവസ്ഥയും ഉണ്ടായിരിക്കണമെന്നുള്ളതാണ്. അതിനുവേണ്ടി ഒരു ഫീസ് ചുമത്തുന്നു എന്നുള്ളതാണ് ഇതിൽ പ്രധാനമായും കാണേണ്ടത്. അതിനൊപ്പം ജനാധിപത്യപരമായ അവകാശം സംരക്ഷിക്കപ്പെടുകയും വേണം. കോങ്ങാട് അംഗം ശ്രീമതി ശാന്തകുമാരി കെ., വളരെ പ്രസക്തമായൊരു കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഓസ്ട്രേലിയ സന്ദർശിച്ച അനുഭവത്തിന്റെ അടിസ്ഥാനത്തിലാകും ഇത്തരമൊരു ആശയം മുന്നോട്ടുവച്ചിട്ടുണ്ടാകുക. വിദേശത്ത് പോകുമ്പോൾ നമുക്ക് ചില കാര്യങ്ങളൊക്കെ പഠിക്കാൻ സാധിക്കും. ചില കാര്യങ്ങളിൽ പ്രത്യേകിച്ച്, പൗരബോധത്തിന്റെ കാര്യത്തിൽ നമ്മൾ എത്രമാത്രം പിന്നിലാണെന്നും ഏതെല്ലാം കാര്യങ്ങളിൽ നാം കൂടുതൽ മുന്നോട്ടുവരണമെന്നുമുള്ള തിരിച്ചറിവുകൾക്ക് അത് സഹായകമാകും. റോഡിന്റെ ഇരുവശത്തുമുള്ള, വീടുകളുടെ മതിലിന് പുറത്തുള്ള പുല്ല് പഞ്ചായത്ത് വെട്ടിക്കൊടുക്കണമെന്നാണ് പലരും വിചാരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനം അത് ചെയ്യുകയും അതിനൊരു ഫീസ് ഈടാക്കുകയും ചെയ്യുന്ന രീതിയിൽ നടപ്പിലാക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഇതൊരു ആശയമെന്ന നിലയിൽ വളരെ പ്രസക്തമാണ്. അത്തരം കാര്യങ്ങളൊക്കെ ഭാവിയിൽ നമുക്ക് ആലോചിക്കേണ്ടതാണ്. ബഹുമാന്യരായ ചില അംഗങ്ങൾ മാലിന്യമുക്ത നവകേരളവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അക്കാര്യത്തിൽ കേരളത്തിന് അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് ഏറ്റവും വലിയ ഉദാഹരണം ബ്രഹ്മപുരം ആണ്. ബ്രഹ്മപുരം തീപിടിത്തമുണ്ടായ സമയത്ത്, ബഹു. അങ്ങേയ്ക്കും അറിയാവുന്നതായിരിക്കും, അന്ന് 12 ദിവസമാണ് തീ നിന്നുകത്തിയത്. പന്ത്രണ്ടാമത്തെ

ദിവസമാണ് തീ അണഞ്ഞ് പുക അടങ്ങിയത്. അതോടുകൂടി മാധ്യമങ്ങളും പ്രതിപക്ഷവും ഈ വിഷയം മറക്കുകയും അത് ഉപേക്ഷിക്കുകയും ചെയ്തു. പക്ഷെ സർക്കാർ അത് മറന്നില്ല. ഇപ്പോൾ ബ്രഹ്മപുരം തീപിടിത്തത്തിന് രണ്ടുവർഷം പിന്നിട്ടിരിക്കുകയാണ്. 'ബ്രഹ്മപുരം ഒരു പൂങ്കാവനമാക്കി മാറ്റുമെന്ന്' അന്ന് ഈ സഭയിൽ പ്രഖ്യാപിച്ചിരുന്നു. അതിന് വലിയ പരിഹാസവും ട്രോളും ഏറ്റുവാങ്ങേണ്ടിയും വന്നിരുന്നു. എന്നാൽ ഇന്ന് അക്ഷരാർത്ഥത്തിൽ ബ്രഹ്മപുരം ഒരു പൂങ്കാവനമായി മാറിയെന്ന് വളരെ അഭിമാനത്തോടെ പറയാനാകും. അസാധ്യമെന്നും അവിശ്വസനീയമെന്നും കരുതിയത് ഈ സർക്കാരിന് യാഥാർഥ്യമാക്കാൻ കഴിഞ്ഞു. 'ബ്രഹ്മപുരം പൂങ്കാവനമായപ്പോൾ' എന്ന വാർത്ത പൂക്കൾ വളർന്ന് നിൽക്കുന്നതിന്റെ ദൃശ്യങ്ങൾ സഹിതം കഴിഞ്ഞ ദിവസം ഒരു ടെലിവിഷൻ ചാനലിൽ കാണാനിടയായി. അപൂർവമായിട്ടാണല്ലോ അത്തരത്തിലുള്ള നല്ല വാർത്തകളൊക്കെ വരാറുള്ളത്. അത് കണ്ടപ്പോൾ അതിയായ സന്തോഷം തോന്നി. ബ്രഹ്മപുരം മാത്രമല്ല, കേരളത്തിലെ 20 ഡംപ് സൈറ്റുകൾ ഇല്ലാതായെന്ന് നേരത്തെ ഇവിടെ പറഞ്ഞു. നിലവിൽ ബാക്കിയുള്ള 35-ഓളം ഡംപ് സൈറ്റുകൾ ഇല്ലാതാക്കാനുള്ള ബയോ മൈനിങ് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത ഒന്നര വർഷത്തിനുള്ളിൽ ഇന്ത്യയിൽ ഡംപ് സൈറ്റുകൾ ഇല്ലാത്ത ആദ്യത്തെ സംസ്ഥാനമായി കേരളം മാറും. ഇങ്ങനെ, നിരവധി മേഖലകളിൽ 'ഇന്ത്യയിൽ ആദ്യമായി' എന്ന വിശേഷണവുമായി നിരവധി നേട്ടങ്ങൾ കേരളം ഇതിനകംതന്നെ കൈവരിച്ചിട്ടുണ്ട്. ഈ നവംബർ ഒന്നാം തീയതി കേരളത്തിന്റെ എഴുപതാം പിറന്നാൾ ആഘോഷിക്കുന്ന അവസരത്തിൽ അഭിമാനകരമായ ഒരു നേട്ടം കൂടി നമുക്ക് സ്വന്തമാകുകയാണ്. ഇന്ത്യയിൽ ആദ്യമായി, അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം

മാറുകയാണ്. ലോകത്ത് ചൈനയ്ക്കുശേഷം രണ്ടാമത് അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്ന പ്രദേശമായി കേരളം മാറാൻ പോകുകയാണ്. ഇന്ത്യയിൽ ആദ്യമായി കെ-സ്മാർട്ട് വഴി തദ്ദേശ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കി മാറ്റിയ സംസ്ഥാനവും കേരളമാണ്. കെ-സ്മാർട്ടിന്റെ പ്രത്യേകതയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇന്ന് ഞാൻ കണക്ക് പരിശോധിച്ചപ്പോൾ, 30 സെക്കൻഡിൽ താഴെ സമയംകൊണ്ട് 66862 ബിൽഡിങ് പെർമിറ്റുകളാണ് നൽകിയത്. വീഡിയോ ഇ-കെ.വൈ.സി.-യുടെ സഹായത്തോടെ വധുവിനും വരനും രണ്ട് പേരും ഒരു സ്ഥലത്തുതന്നെ വേണമെന്നില്ല രണ്ട് സ്ഥലത്താണെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന ഏക സംസ്ഥാനവും കേരളമാണ്. ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിൽ 57500-ലധികം വിവാഹങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്ന് തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൗരന്മാരുടെ വിരൽത്തുമ്പിലാണുള്ളത്. എല്ലാവരെയും അതിന് പ്രാപ്തരാക്കാനാണ് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ യജ്ഞം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയത്. അതിലൂടെ 21,87,000/- പേരെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരരാക്കി മാറ്റാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസമാണ് ഇന്ത്യയിലെ എല്ലാ പ്രധാന പത്രങ്ങളിലും 'കേരളത്തിൽ വിവാഹ രജിസ്ട്രേഷൻ വിപ്ലവം' എന്ന തലക്കെട്ടിൽ വീഡിയോ ഇ-കെ.വൈ.സി. വഴിയുള്ള വിവാഹ രജിസ്ട്രേഷനെക്കുറിച്ചുള്ള വാർത്ത വന്നത്. The Tribune, ഹിന്ദുസ്ഥാൻ ടൈംസ്, എക്കണോമിക് ടൈംസ്, ബിസിനസ് സ്റ്റാൻഡേർഡ്, സി ന്യൂസ് തുടങ്ങിയ മാധ്യമങ്ങളെല്ലാം പ്രാധാന്യത്തോടുകൂടിയാണ് ഈ വാർത്ത നൽകിയത്. ഇന്ത്യയിൽ ആദ്യമായി നഗരനയം ആവിഷ്കരിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചത് കേരളമാണ്. കേരളത്തിൽ നഗരനയം രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ

അവസാനഘട്ടത്തിൽ എത്തിനിൽക്കുകയാണ്. അതിന് ആദ്യമായി മുൻകൈയെടുത്ത സംസ്ഥാനം കേരളമാണെന്ന് സഭയെ അറിയിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. നവംബർ ആദ്യവാരത്തിൽ കേരളാ മാതൃകയിൽ 'നഗരനയ കോൺക്ലേവ്' സംഘടിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വികസന ഫണ്ട് ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നൽകിയത് 41,223/- കോടി രൂപയാണ്. 2021-22-ൽ 7,180/- കോടി രൂപയും 2022-23-ൽ 8,048/- കോടി രൂപയും 2023-24-ൽ 8,248/- കോടി രൂപയും 2024-25-ൽ 8,532/- കോടി രൂപയും 2025-26-ൽ 9,215/- കോടി രൂപയുമാണ് നൽകിയത്. വികസന ഫണ്ട് ഇനത്തിൽ ഈ അഞ്ചുവർഷം ശരാശരി 8,244/- കോടി രൂപ നൽകിയിട്ടുണ്ട്. റോഡ്, നോൺ-റോഡ് മെയിന്റനൻസ് ഗ്രാൻഡ് ഇനത്തിൽ 29,303.77 കോടി രൂപയും നൽകിയിട്ടുണ്ട്. അതിനുപുറമെ, അഞ്ച് വർഷംകൊണ്ട് ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 11,163.34 കോടി രൂപ നൽകിയിട്ടുണ്ട്. ആകെ, രണ്ട് ഇനങ്ങളിലുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷംകൊണ്ട് നൽകിയത് 70,526.77 കോടി രൂപയാണ്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ 87 ശതമാനത്തിലധികവും ചെലവഴിച്ചിട്ടുണ്ട്. തെറ്റായ പ്രചാരണവും പ്രതീതിയും സൃഷ്ടിക്കുന്നതുകൊണ്ടാണ് ഈ കണക്കുകൾ ഇവിടെ പറഞ്ഞത്. ബാക്കി കാര്യങ്ങളെല്ലാം മുമ്പ് പലതവണ പറഞ്ഞിട്ടുള്ളതാണ്. അത് ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ഗ്രാമസഭകളെ ശക്തിപ്പെടുത്തണമെന്നുള്ള നിർദേശം ശ്രീ. ജി. സ്റ്റീഫൻ ഉന്നയിച്ചത് വളരെ പ്രസക്തമാണ്. ഗ്രാമസഭകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള നടപടികൾ തീർച്ചയായിട്ടും സർക്കാർ ആലോചിക്കുന്നുണ്ട്. അത്തരം നടപടികളും

സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകും. ബസ് സ്റ്റാൻഡുകൾ മാലിന്യമുക്തമാക്കുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതുണ്ട്. യഥാർഥത്തിൽ ബസ് സ്റ്റാൻഡുകൾ വൃത്തികേടാക്കിയാൽ ഫൈൻ ചുമത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ഇപ്പോൾ അധികാരമുണ്ട്. ആ അധികാരം വിനിയോഗിക്കുന്നതിന് നിർദേശം നൽകാവുന്നതാണ്. ശ്രീ. വി. ജോയി ഉന്നയിച്ച പ്രശ്നത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളോട് നടപടി സ്വീകരിക്കാൻ നിർദേശിക്കാം. മലപ്പുറം ജില്ലയിലെ അഴിമതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മലപ്പുറം ജില്ലയിലെ ഒരു ജില്ലാ പഞ്ചായത്ത് അംഗം അഴിമതി കേസിൽപ്പെട്ട് ജയിലിലാണെന്ന കാര്യം ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. 'ചോർ ഹേ, ചോർ ഹേ' എന്ന് മുദ്രാവാക്യം വിളിക്കുന്നത് നമ്മളെല്ലാം കേട്ടതാണ്. യഥാർഥത്തിൽ ഒരു മുസ്ലിം ലീഗ് അംഗം മലപ്പുറം ജില്ലയിൽ അഴിമതി കേസിൽ പ്രതിയായി ഇപ്പോൾ സർക്കാർ ചെലവിൽ ചോറുണ്ടുകൊണ്ടിരിക്കുകയാണ്. സർക്കാരിന് അഴിമതിയോട് വിട്ടുവീഴ്ചയില്ല എന്നതിന്റെ ഉദാഹരണമാണ് ഇത് സൂചിപ്പിക്കുന്നത്. ഈ ആരോപണം വന്ന സമയത്ത് അവിടുത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ സ്ഥലം മാറ്റുകയും ചെയ്തിരുന്നു. അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കോട്ടയം മുനിസിപ്പാലിറ്റിയിലെ പ്രശ്നം സംബന്ധിച്ചും ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. അതിന്റെ അന്വേഷണവും നടന്നുകൊണ്ടിരിക്കുകയാണ്. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് തിരിമറി നടത്തുന്നതും ദുർവിനിയോഗം ചെയ്യുന്നതും വച്ചുപൊറുപ്പിക്കുന്ന സർക്കാരല്ലിത്, അത് ഉദ്യോഗസ്ഥരാണെങ്കിലും ജനപ്രതിനിധികളാണെങ്കിലും കർശന നടപടിയുണ്ടാകും.

അത്തരക്കാർക്ക് സർക്കാർ ചെലവിൽ ചോറുണ്ണാനുള്ള വിധിയുണ്ടാകുമെന്നാണ് ഇപ്പോൾ അനുഭവങ്ങൾ സൂചിപ്പിക്കുന്നത്.

നിർണ്ണായകമായ ബില്ലുകൾ ചർച്ച ചെയ്ത സഭാ സമ്മേളനമാണിതെന്ന് പലരും നേരത്തെ സൂചിപ്പിച്ചു. ഏക കിടപ്പാടം നിയമം, സേവനാവകാശ നിയമം, സോഷ്യൽ ഓഡിറ്റ് ആദ്യമായി ഇന്ത്യയിൽ കൊണ്ടുവരുന്ന മുനിസിപ്പൽ പഞ്ചായത്ത് നിയമ ഭേദഗതികൾ എന്നീ നിർണ്ണായകമായതും ചരിത്ര പ്രാധാന്യമുള്ളതുമായ ബില്ലുകളെല്ലാം ചർച്ച ചെയ്യുന്ന സമ്മേളനത്തിൽ ഏത് ചർച്ചയ്ക്കും തയ്യാറാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ആറ് ദിവസത്തിനുള്ളിൽ നാല് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാൻ തയ്യാറായ, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാൻ തയ്യാറായ ഒരു സർക്കാരിന്റെ മുമ്പിലാണ് ഒരു നോട്ടീസുപോലും നൽകാതെ നിരന്തരമായി സഭ സ്തംഭിപ്പിച്ചുകൊണ്ടിരിക്കുന്നത്. സഭാസമ്മേളനം സുഗമമായി നടത്തുന്നതിനായി അങ്ങ് പ്രതിപക്ഷത്തെ ചർച്ചയ്ക്ക് വിളിച്ചെങ്കിലും അതുപോലും ബഹിഷ്കരിച്ച സ്ഥിതിയാണുണ്ടായത്. സാധാരണ, ചർച്ചയിൽ പങ്കെടുത്ത് ചിലപ്പോൾ വിയോജിപ്പ് പ്രകടിപ്പിച്ച് പ്രതിപക്ഷം ഇറങ്ങി പോകുകയാണെങ്കിൽ മനസ്സിലാക്കാം. പക്ഷേ, ചർച്ചയ്ക്കേ വരുന്നില്ലെന്ന് പറഞ്ഞാൽ, പ്രതിപക്ഷത്തിന് ഇപ്പോൾ കോടതിയെയും നിയമസഭയെയും ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർക്കുന്ന ചർച്ചയെപ്പോലും ഭയമാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അങ്ങ് വിളിച്ചുചേർക്കുന്ന ചർച്ചയിൽ ഒന്നും പറയാനില്ലാത്തതുകൊണ്ടും അവിടെ ഒരുതരത്തിലും വഴക്കുണ്ടാക്കാൻ നിർവാഹമില്ലാത്തതുകൊണ്ടും ചർച്ചയ്ക്ക് വരുന്നില്ലെന്നതാണ് സ്ഥിതി. ഇക്കാര്യം വളരെ

നിർഭാഗ്യകരമാണെന്ന് അങ്ങ് ഇവിടെ ചൂണ്ടിക്കാണിക്കുകയും ഈ വികാരത്തോട് പൊതുവിൽ യോജിക്കുകയുമാണ്. പ്രതിപക്ഷത്തിന് അത്രയും ആത്മവിശ്വാസം ഉണ്ടായിരുന്നെങ്കിൽ ഈ വിഷയങ്ങളെല്ലാം സഭയിൽ ചർച്ച ചെയ്യാമായിരുന്നു. എന്നാൽ അതിൽനിന്നും അവർ ഒളിച്ചോടുകയാണ് ചെയ്തത്. നമ്മൾ നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നത്തെ അഭിസംബോധന ചെയ്യാനും അത് കൈകാര്യം ചെയ്യാനുമുള്ള നിയമനിർമ്മാണത്തിൽ ജനങ്ങളോട് തരിമ്പെങ്കിലും ഉത്തരവാദിത്വമുണ്ടായിരുന്നെങ്കിൽ പ്രതിപക്ഷം ഈ ചർച്ചയിൽ പങ്കെടുക്കുകയല്ലേ ചെയ്യേണ്ടിയിരുന്നതെന്ന് ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിക്കുകയുണ്ടായി. പ്രതിപക്ഷത്തിന്റെ മനോഭാവം തുറന്നുകാണിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഈ നിയമസഭാ സമ്മേളനത്തിന്റെ പ്രത്യേകത. കഴിഞ്ഞ 9 വർഷത്തിനിടയിൽ ഈ ഗവൺമെന്റിനെതിരായി പ്രതിപക്ഷം കൊണ്ടുവന്ന് പൊളിഞ്ഞുപോയ ആരോപണങ്ങൾ 38 എണ്ണമാണ്. പ്രതിപക്ഷവും പ്രതിപക്ഷനേതാക്കളും കൊടുത്ത 11 കേസുകളാണ് വിവിധ കോടതികൾ തള്ളി ചവറ്റുകുട്ടയിലെറിഞ്ഞത്. സമയക്കുറവുകൊണ്ടാണ് ഈ പട്ടിക മുഴുവനും ഞാൻ ഇവിടെ അവതരിപ്പിക്കാത്തത്. ഇതിന്റെ അർഥം, കഴിഞ്ഞ 9 വർഷമായി പ്രതിപക്ഷം നിരന്തരനിന്ന് ചെളിവാരിയെറിഞ്ഞ്, അവരിപ്പോൾ ചെളിയിൽ കുളിച്ചുനിൽക്കുന്നുവെന്നല്ലാതെ ഈ സർക്കാരിനെ ഒരുപോറൽ പോലും ഏൽപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഈ ആരോപണങ്ങളെല്ലാം കോടതിയിൽക്കൊണ്ടുപോയി തെറ്റാണെന്ന് അവർതന്നെ തെളിയിച്ചതിന് യഥാർഥത്തിൽ പ്രതിപക്ഷത്തോടാണ് സർക്കാർ നന്ദി രേഖപ്പെടുത്തുന്നത്. കോടതിയിൽ പോയില്ലെങ്കിൽ ഇവയെല്ലാം പുകമറയിൽ നിൽക്കുമായിരുന്നല്ലോ? ഇപ്പോൾ സഭയിൽ വന്നാലും കോടതിയിൽ

വന്നാലും പൊളിയും, അതുകൊണ്ട` കോടതിയിൽ പോകുന്നതും സഭയിൽ ചർച്ചയ്ക്കിരിക്കുന്നതും നിർത്തിയെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. കോടതിയിൽപ്പോയാലും നിയമസഭയിൽ ചർച്ചയ്ക്ക് വന്നാലും രക്ഷയില്ലെന്ന് അവർക്കറിയാം. അതുകൊണ്ട് ചർച്ചയില്ല, ഇനി സി.ബി.ഐ. അന്വേഷണം മതിയെന്നാണ് അവർ പറയുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് പറഞ്ഞത് വളരെ ശരിയാണ്. ഹൈക്കോടതിയിൽ വിശ്വാസമില്ലാത്തതുകൊണ്ടല്ലേ ഹൈക്കോടതി നിർദേശപ്രകാരമുള്ള SIT (Special Investigation Team) അന്വേഷണത്തെ അവർ എതിർക്കുന്നത്. അതേസമയം ശ്രീമതി സോണിയാ ഗാന്ധിയെയും ശ്രീ. രാഹുൽ ഗാന്ധിയെയും ചോദ്യം ചെയ്യുന്ന, മതിലുചാടിക്കടന്ന് ശ്രീ. പി. ചിദംബരത്തെ അറസ്റ്റ് ചെയ്ത് 105 ദിവസം ജയിലിൽ അടച്ച, കർണ്ണാടകയിലെ ഉപമുഖ്യമന്ത്രി ശ്രീ. ഡി. കെ. ശിവകുമാറിനെ നൂറ് ദിവസത്തിലധികം ജയിലിൽ അടച്ച സി.ബി.ഐ.-യിലാണ് കേരളത്തിലെ പ്രതിപക്ഷത്തിന് വിശ്വാസം. അവരുടെ ഈ വിശ്വാസം ബി.ജെ.പി.-യിലുള്ള വിശ്വാസമാണെന്ന് നാം കാണണം. കാരണം കേന്ദ്ര സർക്കാർ കൂട്ടിലിട്ട തത്തയാണ് സി.ബി.ഐ. അപ്പോൾ സി.ബി.ഐ.-യിൽ വിശ്വസിക്കുന്നുവെന്നുപറഞ്ഞാൽ അതിനർഥം ആത്യന്തികമായി കേരളത്തിലെ കോൺഗ്രസ് വിശ്വസിക്കുന്നത് ബി.ജെ.പി.-യിലാണെന്നതാണ്. അതിന് പഴയ ചില അനുഭവങ്ങളും നമ്മുടെ മുന്നിലുണ്ട്. വീണ്ടും ബി.ജെ.പി.-യുമായുള്ള ഒരു സഖ്യം/ധാരണ രൂപപ്പെടുത്താൻ ഈ അവസരത്തെ ഒരു സുവർണ്ണാവസരമാക്കി മാറ്റാൻ കഴിയുമോയെന്നാണ് പ്രതിപക്ഷം ആലോചിക്കുന്നത്. അതെല്ലാം ജനങ്ങൾ തിരിച്ചറിയുമെന്ന് പറഞ്ഞുകൊണ്ടും ഈ

ഭേദഗതി ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് സഭയോട് അഭ്യർഥിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. പി. ബാലചന്ദ്രൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

'ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.'

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. പ്രധാന ആക്ടിലെ വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികജാതിക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി വിഭാഗക്കാരുടെയും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)ന്റെ ക്ലിപ്തനിബന്ധനയിൽ "വരുന്നപക്ഷം" എന്നതിന് പകരം "വരുന്ന സന്ദർഭങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം (2) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംവരണം ഏതു വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നു വരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി അതത് സംഗതി പോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിയമിക്കേണ്ടതുമാണ്" എന്നതിന് പകരം "സംവരണം പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ എന്ന് നിശ്ചയിക്കുന്നതിന് ഒരു നറുക്കെടുപ്പ് നടത്തുകയും ഏതൊരവസരത്തിലും അതുപോലെ നിശ്ചയിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം (2) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നു വരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി," എന്നതിന് പകരം "ജനസംഖ്യാനുപാതികമായോ, നറുക്കെടുപ്പിലൂടെയോ" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

177. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആവർത്തനം ഒഴിവാക്കി" എന്നത് ഒഴിവാക്കുക.

181. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആയി നിശ്ചയിക്കേണ്ടതാണ്" എന്നതിന് പകരം "എന്ന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 177, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ)-ൽ "നടപ്പാക്കൽ" എന്നതിന് പകരം "നടപ്പാക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

193. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ)-ൽ "നഗര" എന്നതിന് പകരം "നഗരത്തിന്റെ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ)-ൽ "മുതലായ" എന്നതിന് പകരം "തുടങ്ങിയ" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ)-ൽ "നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്തിക്കുകയും" എന്നതിന് പകരം "നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ) താഴെപ്പറയും പ്രകാരം മാറ്റുക:

"നഗരസഭയ്ക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനും നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മാലിന്യ സംസ്കരണം മുതലായ കാര്യങ്ങൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും;"

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 15(3)(ഇഎ) താഴെപ്പറയും പ്രകാരം മാറ്റുക:

"നഗരസഭയ്ക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനും നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുകയും മാലിന്യ സംസ്കരണം മുതലായ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്യ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും;"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "1,00,000" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "1,00,100" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "1,90,000" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "2,25,000" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 50(4)-ൽ "2,00,000" എന്നതിന് പകരം "3,00,000" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

276. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)ൽ "നടത്തുന്നതോ" എന്നതിന് പകരം "നടത്തിക്കൊണ്ടിരിക്കുന്ന" എന്ന് ചേർക്കുക.

304. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "ഭരമേൽപ്പിച്ച" എന്നതിന് പകരം "ഭരണമേൽപ്പിച്ച" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

280. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "വർക്കുകളേയും" എന്നതിന് പകരം "പ്രവൃത്തികളേയും" എന്ന് ചേർക്കുക.

317. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ " അതിന് " എന്നതിന് പകരം "ആയതിന് " എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "വർക്കുകളേയും പദ്ധതികളേയും" എന്നതിന് പകരം "വർക്കുകളും പദ്ധതികളും" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

287. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "സംബന്ധിച്ചോ ഉള്ള" എന്നതിന് പകരം "സംബന്ധിച്ചുള്ള" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

289. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "രേഖകളും" എന്നതിന് ശേഷം "വിവരങ്ങളും" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 5 (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56 (5)-ൽ "വികസനപരവും, ജനക്ഷേമപരവുമായ ചുമതലകളെ ആ മുനിസിപ്പാലിറ്റിയെ ഭരമേൽപ്പിച്ച," എന്നതിന് പകരം "ഭരണപരവും വികസനക്ഷേമ പ്രവർത്തനങ്ങളുടെ ചുമതല ആ മുനിസിപ്പാലിറ്റിയെ ഭരണമേൽപ്പിച്ച," എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5 (i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56 (5)-ൽ "ജനക്ഷേമപരവുമായ" എന്നതിന് പകരം "ജനക്ഷേമകരവുമായ" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

305. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "നിയന്ത്രണപരവുമായ അധികാരങ്ങളും" എന്നതിന് പകരം " നിയന്ത്രണാധികാരങ്ങളും" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "കാര്യക്ഷമമായും" എന്നതിന് പകരം "കാര്യക്ഷമവും" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "കാര്യക്ഷമമായും" എന്നതിന് പകരം "കാര്യക്ഷമതയോടെയും" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

313. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(5)-ൽ "കാര്യക്ഷമമായും ഫലപ്രദമായും" എന്നതിന് പകരം "കാര്യക്ഷമവും ഫലപ്രദവുമായി" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

326. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(6)-ൽ "നടപ്പാക്കുന്ന" എന്നതിന് പകരം "നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതും" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

328. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 56(6)-ൽ "വികസന" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 56(6)-ൽ "നടത്തുന്നതിന്" എന്നതിന് പകരം "നടത്തിവരുന്നതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 276, 304 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 280, 317 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

347. ഖണ്ഡം 6(i)(എ) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 217(1)(ബി)(i)-ൽ "മൂന്ന് ലക്ഷം" എന്നതിന് പകരം "രണ്ട് ലക്ഷത്തി അമ്പതിനായിരം" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

353. ഖണ്ഡം 6(i)(ബി) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 217(1)(ബി)(ii) ൽ "മൂന്ന് ലക്ഷം" എന്നതിന് പകരം "അഞ്ച് ലക്ഷം" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം (6)(ii)(എ) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 217(1)(സി)(i)-ൽ "അഞ്ച് ലക്ഷം" എന്നതിന് പകരം "മൂന്നു ലക്ഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(1)-ൽ "യാതൊരാളും" എന്നതിന് പകരം "ഏതൊരാളും" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

373. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(1)-ൽ "കുളത്തിന്റെയോ" എന്നത് വരുന്നിടത്തെല്ലാം അതിന് ശേഷം "കനാലിന്റെയോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

387. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369 (1)-ൽ "ആബദ്ധവസ്തുക്കൾ" എന്നതിന് പകരം "തടസ്സം സൃഷ്ടിക്കുന്ന" എന്ന് ചേർക്കുക.

399. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ "തുറന്ന ചാലിനോ കിണറിനോ കുളത്തിനോ" എന്നതിന് പകരം "പൊതു-സ്വകാര്യ ജലാഗമന-നിഗമന മാർഗ്ഗങ്ങളിലോ " എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

394. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ "പൊതുസ്ഥലത്തോ പൊതുനിരത്തിലോ" എന്നതിന് പകരം "പൊതുഇടങ്ങളിൽ " എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

396. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369 (2)-ൽ "ഏതെങ്കിലും തുറന്ന ചാലിനോ കിണറിനോ കുളത്തിനോ" എന്നതിന് പകരം "പൊതു-സ്വകാര്യ ജലസ്രോതസ്സുകളിലോ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

403. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369 (2)-ൽ “ഡിജിറ്റൽ ബാനറുകളോ” എന്നതിന് പകരം “ഡിജിറ്റൽ ബോർഡുകളോ” എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

405. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369 (2)-ൽ “തോരണങ്ങളോ” എന്നതിന് ശേഷം “മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന വിധം” എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

407. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)-ൽ "തോരണങ്ങളോ" എന്നതിന് ശേഷം "ഒരു നിശ്ചിത ദിവസത്തേക്ക്" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

418. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369(2)ന്റെ ക്ലിപ്തനിബന്ധനയിൽ "വ്യവസ്ഥകൾക്ക്" എന്നതിന് പകരം "വ്യവസ്ഥകൾക്കും അനുബന്ധ വ്യവസ്ഥകൾക്കും" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

420. ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 369 (2)-ന്റെ ക്ലിപ്തനിബന്ധനയിൽ "വിധേയമായിട്ടായിരിക്കണം" എന്നതിന് പകരം "വിധേയമായി അതത് സംഗതിപോലെ ബന്ധപ്പെട്ട" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 387, 399 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

440. പ്രധാന ആക്ടിൽ വകുപ്പ് 447(2)-ൽ "30 ദിവസത്തിനുള്ളിൽ" എന്നതിന് പകരം "15 ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

442. പ്രധാന ആക്ടിൽ വകുപ്പ് 447(2)-ൽ "30 ദിവസത്തിനുള്ളിൽ" എന്നതിന് പകരം "45 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. പ്രധാന ആക്ടിലെ വകുപ്പ് 447 (2)-ൽ “ദിവസത്തിനുള്ളിൽ” എന്നതിന് പകരം “ദിവസത്തിനകം” എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 440-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം 10 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 448(4)-ൽ "നൽകുന്നതിന്" എന്നതിന് പകരം "നൽകാവുന്നതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iv) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. പ്രധാന ആക്ടിലെ വകുപ്പ് 7(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യേണ്ടുന്നതും" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7 (4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി-പട്ടികവർഗ്ഗവിഭാഗം" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7 (4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം “പട്ടികവർഗ്ഗ വിഭാഗക്കാരുടേയും ” എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(4)-ൽ "ആദ്യ തവണ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. പി. എസ്. സുപാലിന്റെ 164-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. പ്രധാന ആക്ടിലെ വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യുകയും" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. പ്രധാന ആക്ടിലെ വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യാവുന്നതും" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികജാതിക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി വിഭാഗക്കാരുടേയും" എന്ന് ചേർക്കുക.

202. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി വിഭാഗക്കാരുടേയും" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും" എന്നതിന് പകരം "പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെയും" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "വരുന്നപക്ഷം" എന്നതിന് പകരം "വരുന്ന സംഗതിയിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത് സംബന്ധിച്ച്" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8 (4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നിശ്ചയിക്കേണ്ടതുമാണ്" എന്നതിന് പകരം "നിശ്ചയിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. ജി. എസ്. ജയലാലിന്റെ 222-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

222. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 194, 202 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിലെ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 9(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത് " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "വികസനപരവും ജനക്ഷേമപരവുമായ ചുമതലകൾ" എന്നതിന് പകരം "വികസന-ജനക്ഷേമ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ" എന്നതിന് പകരം "വിനിയോഗിക്കുന്നുണ്ടോ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ" എന്നതിന് പകരം "പരിഹരിക്കാൻ ആയത് സംബന്ധിച്ച് യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

288. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 188(1 എ)-ൽ "അതിന്" എന്നതിന് പകരം "ആയതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

343. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220(എ)(1)-ൽ "ആബദ്ധവസ്തുക്കൾ" എന്നതിന് പകരം "സ്തൂപങ്ങൾ, സ്മാരകങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220 (എ) (2)-ൽ "ഡിജിറ്റൽ ബാനറുകളോ" എന്നതിന് പകരം "ഡിജിറ്റൽ ബോർഡുകൾ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220 (എ) (2)-ൽ "ഡിജിറ്റൽ ബാനറുകളോ" എന്നതിന് ശേഷം "സ്ഥാപിക്കുന്നതിന് നിർണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കിയും, കൊടികളോ കൊടിമരങ്ങളോ തോരണങ്ങളോ താത്ക്കാലികമായി സ്ഥാപിക്കുന്നതിന് അത് പോലെ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

356. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 220 (എ) (2)-ൽ "തോരണങ്ങളോ" എന്നതിന് ശേഷം "ഒരു നിശ്ചിത ദിവസത്തേക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 8(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233(എ)(2)-ൽ "സെക്രട്ടറി" എന്നതിന് പകരം "സെക്രട്ടറിക്ക്, ഉചിതമെന്ന് കരുതുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 8(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233(എ)(2)-ൽ "തേടേണ്ടതും" എന്നതിന് പകരം "സ്വീകരിക്കാവുന്നതും" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 8(ii) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 233(എ)(3)-ൽ "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച" എന്നതിന് പകരം "നടപടികൾ എടുത്തതിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

(ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒമ്പതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 09-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഒക്ടോബർ മാസം 9-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കശേഷം 2.09-ന് പിരിഞ്ഞു.)

* * * * * * *

അനുബന്ധം-I

(1) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*245)-ന്റെ ശ്രീ. പി. പി. സുമോദ്, എം.എൽ.എ.-യുടെ ഉപചോദ്യം (1)-ന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികളിൽ ശാസ്ത്രബോധം, ഗവേഷണ തൽപരത എന്നിവ വളർത്തുന്നതിനുള്ള പദ്ധതിയാണ് സ്റ്റീം ഇക്കോസിസ്റ്റം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി (കുസാറ്റ്)-മായി ചേർന്നാണ് പ്രോഗ്രാം നടപ്പിലാക്കുന്നത്. സ്റ്റെം എഡ്യൂക്കേഷൻ സാധ്യതയും പ്രായോഗികതയും ഉറപ്പാക്കി ശാസ്ത്ര സാങ്കേതികവിദ്യ, ഗണിതം, ആർട്സ്, എഞ്ചിനീയറിങ് മേഖലകളിലെ അത്യാധുനിക സംവിധാനങ്ങളെ പരിചയപ്പെടാനും പ്രയോഗിക്കാനുമുള്ള അവസരവും സ്റ്റീം ഇക്കോസിസ്റ്റം തുറന്നുകൊടുക്കുന്നു. വിദ്യാർഥികളുടെ സമഗ്രമായ വികാസം സാധ്യമാക്കുകയാണ് സ്റ്റീം ഇക്കോ സിസ്റ്റത്തിന്റെ ലക്ഷ്യം.

(2) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*245)-ന്റെ ശ്രീ. പി. പി. സുമോദ്, എം.എൽ.എ.-യുടെ ഉപചോദ്യം (2)-ന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

യു.പി., ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ ശാസ്ത്രപഠനം രസകരമാക്കുന്നതിനും ശാസ്ത്രപഠനത്തിൽ താൽപര്യം വർധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 791 സ്കൂളുകളിൽ ശാസ്ത്രപാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഒരോ ശാസ്ത്ര പാർക്കിലും എഴുപതിലധികം ഉപകരണങ്ങളും അവയുടെ പ്രവർത്തനങ്ങളുടെ ലഘുവിവരണവും സജ്ജീകരിച്ചിട്ടുണ്ട്. വിദഗ്ധരായ അധ്യാപകരുടെ സഹായത്തോടെയാണ് ശാസ്ത്രപാർക്കുകൾ

സജ്ജീകരിച്ചിട്ടുള്ളത്. ശാസ്ത്രപാർക്കുകൾ സജ്ജീകരിച്ചിട്ടുള്ള സ്കൂളുകളിലെ ശാസ്ത്ര അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ശാസ്ത്രപാർക്കുകൾ സജ്ജീകരിക്കുന്നത് സംബന്ധിച്ചും ഓരോ ഉപകരണത്തിന്റെ പേരും പ്രായോഗിക പഠനത്തിന് ഉപയോഗിക്കുന്ന രീതിയും മറ്റ് വിശദാംശങ്ങളും ഉൾപ്പെടുത്തി ഒരു കൈപ്പുസ്തകം തയ്യാറാക്കി പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

(3) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*245)-ന്റെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ.-യുടെ ഉപചോദ്യത്തിന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

നിരവധി സർഗാത്മക കഴിവുകളുള്ളവരാണ് നമ്മുടെ കുട്ടികൾ. എന്നാൽ ദൈനംദിന ക്ലാസ് റൂം പ്രവർത്തനങ്ങളിൽ അവരുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ വിരളമാണ്. ബഡ്ഡിങ് റൈറ്റേഴ്സ് എന്ന പരിപാടി ആറുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് തങ്ങളുടെ സർഗാത്മക കഴിവുകളായ കഥ, കവിത, ലേഖനങ്ങൾ എന്നിവ രചിക്കാനുള്ള അവസരം നൽകുന്നു.

(4) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*245)-ന്റെ ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.-യുടെ ഉപചോദ്യത്തിന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

എഴുത്തുപച്ച പദ്ധതി പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ വിദഗ്ധരുടെ സഹായത്തോടെ എഡിറ്റ് ചെയ്ത് പുസ്തകരൂപത്തിലാക്കി SCERT (The State Council of Educational Research and Training)-യുടെ അംഗീകാരത്തോടെ പ്രിന്റ് ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും സാഹിത്യ സൃഷ്ടികളുടെ രചയിതാക്കളായ കുട്ടികൾക്കും

നൽകിവരുന്നു. ഈ പുസ്തകങ്ങളിലെ കവർ പേജുകളിലെ മുഖചിത്രങ്ങൾ വരച്ചിട്ടുള്ളതും കുട്ടികൾതന്നെയാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നട, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിലായി എഴുപത്തിയാറ് പുസ്തകങ്ങളാണ് പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകിയിട്ടുള്ളത്.

അനുബന്ധം-II

രേഖാമൂലം നൽകിയ ഉത്തരങ്ങൾ
(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗത്തിന്റെ വിതരണം

5 (*241) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർഥികൾക്കുള്ള പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗം വിതരണം ചെയ്യാത്തതിനാൽ പഠന പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി നിരവധിയായ പദ്ധതികളാണ് വകുപ്പ് അതിന്റെ വിവിധ ഏജൻസികൾ വഴി നടപ്പിലാക്കിവരുന്നത്. പന്ത്രണ്ട് വർഷങ്ങൾക്കുശേഷം നമ്മൾ ഒന്ന് മുതൽ പത്താം ക്ലാസ് വരെയുള്ള ആകെ അഞ്ഞൂറ്റി തൊണ്ണൂറ്റി മൂന്ന് പാഠപുസ്തകങ്ങളാണ് പരിഷ്കരിച്ച്

പുറത്തിറക്കിയത്. ഒന്നും രണ്ടും ക്ലാസുകളിൽ പാഠപുസ്തകങ്ങൾക്ക് പുറമെ കുട്ടികൾക്ക് ചെയ്ത് പഠിക്കുന്നതിനായി പ്രവർത്തന പുസ്തകങ്ങളും തയ്യാറാക്കി വിതരണം ചെയ്തു. എഴുത്തും വായനയും അടിസ്ഥാന ഗണിതവുമെല്ലാം രണ്ടാം ക്ലാസ് കഴിയുമ്പോൾ തന്നെ ഉറപ്പിക്കുന്നതിനാണ് ഇത്തരത്തിൽ പുസ്തകങ്ങൾ നൽകിയത്.

ചരിത്രത്തിൽ ആദ്യമായി അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ കലാ വിദ്യാഭ്യാസത്തിന് 5 മേഖലകളിൽ പ്രാധാന്യം നൽകി. സിനിമ, നാടകം, നൃത്തം, സംഗീതം, ചിത്രരചന പാഠപുസ്തകങ്ങൾ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തു. ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഹെൽത്തി കിഡ്സ് എന്ന പാഠപുസ്തകവും അഞ്ചാം ക്ലാസ് മുതൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രത്യേകം പുസ്തകങ്ങളും തയ്യാറാക്കി. അഞ്ചാം ക്ലാസ് മുതൽ തൊഴിൽ വിദ്യാഭ്യാസത്തിനായും പ്രത്യേകം പുസ്തകങ്ങൾ പതിനൊന്ന് മേഖലകളിൽ തയ്യാറാക്കി വിതരണം ചെയ്തു.

നമ്മുടെ സംസ്ഥാനത്ത് ഒന്നു മുതൽ പത്താം ക്ലാസ് വരെ 2 ഭാഗങ്ങളിലായി അഞ്ച് കോടി തൊണ്ണൂറിയാറ് ലക്ഷം പുസ്തകങ്ങളാണ് അച്ചടിച്ച് വിതരണം ചെയ്യേണ്ടത്. വിവിധ വകുപ്പുകളുടെ ഏകോപനം കൃത്യമായി ആവശ്യമുള്ള ഒരു പ്രവർത്തനമാണിത്. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ അച്ചടിച്ച് കുടുംബശ്രീ വഴിയാണ് വിതരണം ചെയ്യുന്നത്. പേപ്പർ വാങ്ങുന്നതിന് സംസ്ഥാന അച്ചടി, സ്റ്റേഷനറി വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളും ആവശ്യമാണ്. ജില്ലാ ഹബ്ബുകളിൽ എത്തിക്കുന്ന പുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികൾ വഴിയാണ് വിതരണം

ചെയ്യുന്നത്. ഇവിടെ എവിടെയെങ്കിലും കാലതാമസം ഉണ്ടായാൽ പുസ്തക വിതരണത്തെ ബാധിക്കാൻ ഇടയുണ്ട്. എന്നാൽ സംസ്ഥാന ജില്ലാ തലങ്ങളിലെ ഏകോപനത്തോടു കൂടിയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സഹായിച്ചു. കഴിഞ്ഞ വർഷം ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിലും ഈ വർഷം രണ്ട്, നാല്, ആറ്, എട്ട്, പത്ത് ക്ലാസുകളിലും പുസ്തകങ്ങൾ പരിഷ്കരിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ മുന്നേയാണ് ഈ വർഷം പുസ്തകങ്ങൾ വിതരണം ചെയ്തത്. സംസ്ഥാന രൂപീകരണത്തിനുശേഷം ആദ്യമായാണ് ഒമ്പതാം ക്ലാസിലെ പരീക്ഷ കഴിയുന്നതിനുമുമ്പായി പത്താം ക്ലാസിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ നമ്മൾ വിതരണം ചെയ്തത്. ഈ വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗം പുസ്തകങ്ങൾ പഠിപ്പിക്കുന്നതിനായുള്ള സമയക്രമം എസ്.സി.ഇ.ആർ.ടി. സ്കീം ഓഫ് വർക്ക് ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ഒക്ടോബർ 15-നും ചിലത് നവംബർ മാസത്തിലുമാണ് പുസ്തകങ്ങൾ പഠിപ്പിച്ച് തുടങ്ങേണ്ടത്.

ഇത് ഒന്നും കാണാതെയാണ് ചില മാധ്യമങ്ങൾ തെറ്റിദ്ധാരണ പരത്തുന്നത്. ഇത് സംബന്ധിച്ച് സംസ്ഥാനത്തുള്ള നാൽപ്പതിലധികം അധ്യാപക സംഘടനകളോ വിദ്യാർഥി സംഘടനകളോ രക്ഷിതാക്കളോ കുട്ടികളോ ഇതുവരെ വിദ്യാഭ്യാസ വകുപ്പിന് പരാതികൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

(ബി) യഥാസമയം പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പാഠപുസ്തകങ്ങൾ എല്ലാംതന്നെ കഴിഞ്ഞ 4 വർഷവും കൃത്യസമയത്തുതന്നെയാണ് വിതരണം ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷവും ഈ വർഷവും പരിഷ്കരിച്ച പുസ്തകങ്ങളായിട്ടുകൂടി കൃത്യസമയത്തുതന്നെ പുസ്തകങ്ങൾ വിതരണം ചെയ്തു.

(സി) പാഠപുസ്തക വിതരണത്തിലെ കാലതാമസം കാരണം പഠിപ്പിച്ചു തീർക്കാൻ സമയം ലഭിക്കില്ലെന്ന അധ്യാപകരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഈ അധ്യയനവർഷം ഏറെ പുതുമകളോടെയാണ് മുന്നോട്ടുപോകുന്നത്. സ്കൂൾ പഠനസമയം ആകെ അരമണിക്കൂർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പുതിയ പുസ്തകങ്ങളും പുതിയ പരീക്ഷാ രീതികളും നിലവിൽവന്നു. പുതിയ പുസ്തകങ്ങളുടെ രണ്ടാം ഭാഗം ഒക്ടോബർ 15-നും നവംബർ മാസത്തിലുമാണ് പഠിപ്പിച്ച് തുടങ്ങേണ്ടത്. ഈ നിർദേശങ്ങളെല്ലാം എല്ലാ അധ്യാപകർക്കും നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ രംഗത്തെ പുരോഗതി

6 (*246) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കുകളുടെ താരതമ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്താമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 വരെ) കുട്ടികളുടെ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്.

കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കും അതിന്റെ ഗ്രാഫും അനുബന്ധമായി ചേർക്കുന്നു.+

2016-17 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 വരെ) കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർധിച്ചുവരുന്നതായി കാണാൻ കഴിയും.

2020-21-ൽ കോവിഡ് മഹാമാരി രാജ്യത്ത് പിടിമുറുക്കിയപ്പോൾ അതിനെ ഫലപ്രദമായി ചെറുത്തുതോൽപ്പിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിരുന്നു. കോവിഡ് മഹാമാരി കാലത്ത് വിദ്യാലയങ്ങൾ തുറക്കാൻ കഴിയാതെ വന്നപ്പോൾ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ച് വിദ്യാഭ്യാസ മേഖലയെ സംരക്ഷിച്ച് നിർത്തുകയായിരുന്നു. തൽഫലമായി കേന്ദ്ര സിലബസ്സിൽ പഠിച്ചുവന്നിരുന്ന അനേകം കുട്ടികൾ 2021-22 അധ്യയനവർഷം സംസ്ഥാന സിലബസ്സിലേക്ക് വന്നതുകാരണമാണ് ടി വർഷം അത്രയും കുട്ടികളുടെ വർധനവുണ്ടായതെന്ന് ഗ്രാഫിൽനിന്നും വ്യക്തമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് കാലഘട്ടത്തിനുശേഷം കുട്ടികളുടെ എണ്ണം നേരിയ തോതിൽ കുറഞ്ഞുവരുന്നതായി കാണുന്നു. കോവിഡിന് മുമ്പും ശേഷവുമുള്ള വർഷങ്ങളിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 വരെ) കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ കാര്യമായ വ്യത്യാസം കാണാൻ കഴിയില്ല.

കുട്ടികളുടെ എണ്ണം നേരിയ തോതിൽ കുറയുന്നതിന് പ്രധാന കാരണമായി കാണുന്നത് ജനന നിരക്കിലെ കുറവുതന്നെയാണ്. ജനന നിരക്ക് 2006 മുതൽ 2020 വരെ പരിശോധിക്കുമ്പോൾ കുറഞ്ഞുവരുന്നതായി കാണാം. 2006-ൽ ജനന നിരക്ക് 16.63 ആയിരുന്നു. എന്നാൽ 2020-ൽ ഇത് 12.77 എന്ന് കുറയുന്നതായി കാണാൻ സാധിക്കും. ജനന നിരക്കിൽ വന്ന ഈ കുറവ് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിച്ചതായി കാണാൻ കഴിയും. അതിന്റെ 15 വർഷത്തെ കണക്കും ഗ്രാഫും അനുബന്ധമായി ചേർക്കുന്നു.+

പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിൽ കഴിഞ്ഞ അധ്യയനവർഷം ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിൽ പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ടുമുതൽ നാലുവരെ ക്ലാസ്സുകളിലായി പഠിക്കുന്നത്. ഇത്തരത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി.-ക്കുശേഷം വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എങ്കിൽ വിശദമാക്കാമോ?

ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്ലസ് വൺ കോഴ്സിന് ചേരുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവ് വന്നിട്ടുണ്ട്. എന്നാൽ ഓരോ വർഷവും കോഴ്സ് പൂർത്തീകരിക്കാതെ കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചുവരുന്നതായും കാണുന്നു. പത്താം ക്ലാസ് വിജയിച്ച് പ്ലസ് വൺ കോഴ്സിന് ചേരുകയും അതിനുശേഷം പത്താം ക്ലാസ് അടിസ്ഥാനയോഗ്യതയുള്ള മറ്റ് തൊഴിലധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിലേക്ക് കുട്ടികൾ അഡ്മിഷൻ എടുക്കുന്നതായി കണ്ടുവരുന്നു. ഇത് പ്ലസ് വൺ കോഴ്സ് ചെയ്തുവരുന്ന കുറച്ചുകുട്ടികൾ കോഴ്സ് പൂർത്തീകരിക്കാതെ പോകുന്നതിനൊരു കാരണമാണ്. സ്ഥലംമാറ്റം, മറ്റുകാരണങ്ങൾ എന്നിവമൂലം മാതാപിതാക്കളുടെ അഭ്യർഥനപ്രകാരവും കോഴ്സ് പൂർത്തീകരിക്കുന്നതിനുമുമ്പ് ടി.സി. വാങ്ങിപ്പോകുന്നത് മറ്റൊരു കാരണമാണ്. ഇത്തരത്തിൽ വിടുതൽ വാങ്ങിയ കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനായി യോഗ്യത നേടുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്തുടനീളം ഹയർ സെക്കൻഡറി കോഴ്സുകളിൽ ചേരുന്ന കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ ഓരോ വർഷവും വർധിച്ചിരിക്കുന്നതായാണ് കാണുന്നത്. മികച്ച പഠനനിലവാരം, ഓരോ പരീക്ഷയ്ക്കുമുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സിലബസ്സ് യഥാസമയം പൂർത്തീകരിച്ച് പാദവാർഷിക പരീക്ഷകളിലും പൊതുപരീക്ഷകളിലും പങ്കെടുക്കുന്നതിനുവേണ്ടിയുള്ള ആത്മവിശ്വാസം കുട്ടികൾക്ക് പകരുന്ന രീതി അവലംബിച്ചിട്ടുള്ളതും കൂടാതെ മികവുറ്റ രീതിയിലുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, കാര്യക്ഷമമായ മൂല്യനിർണ്ണയം, ഹയർ സെക്കൻഡറി അധ്യാപകർക്ക് നൽകിവരുന്ന പരിശീലനം മുതലായവ കൂട്ടികളുടെ കാര്യക്ഷമത വർധിപ്പിച്ചിട്ടുള്ളതും തന്മൂലം വിജയസാധ്യത കൂടിയിട്ടുള്ളതുമായി കാണുന്നു. മുൻ വർഷങ്ങളിലെ വിജയശതമാനം സൂചിപ്പിക്കുന്ന പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.[+]

(ഡി) ക്രാക്ക് ദ എൻട്രൻസ് പരിശീലന പരിപാടിയെക്കുറിച്ച് വിശദമാക്കാമോ?

മെഡിക്കൽ, എഞ്ചിനീയറിങ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കായി വീഡിയോ ക്ലാസ്സുകളും ഇന്ററാക്ടീവ് പോർട്ടലും ഉൾപ്പെടുന്ന ക്രാക് ദ എൻട്രൻസ് പരിപാടി 2023-24 അധ്യയന വർഷം കൈറ്റ് നടപ്പിലാക്കി. കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ പരിശീലിക്കുന്നതോടൊപ്പം കുട്ടികൾക്ക് മോക് ടെസ്റ്റിൽ ഉൾപ്പെടെ പങ്കെടുക്കുന്നതിന് www.entrance.kite.kerala.gov.in എന്ന പോർട്ടലും വികസിപ്പിച്ചു. ചോദ്യാവലികൾ, അസൈൻമെന്റുകൾ, മോക് ടെസ്റ്റുകൾ എന്നിവ ചെയ്യുന്നതിനും സൗകര്യമുണ്ട്. ഇതിന്റെ തുടർച്ചയായി തൊട്ടടുത്ത അധ്യയന വർഷം (2024-25) മുതൽ കൈറ്റ് നടപ്പിലാക്കിയ പദ്ധതിയാണ് 'കീ ടു എൻട്രൻസ്'. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞുള്ള എല്ലാ പ്രവേശന പരീക്ഷയിലും പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി. താൽപര്യവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിവുമുണ്ടായിട്ടും പിന്തുണ ലഭിക്കാത്തതുകൊണ്ടുമാത്രം പൊതുപ്രവേശന പരീക്ഷകളിൽ പിന്തള്ളപ്പെട്ടുപോകുന്ന കുട്ടികൾക്ക് പിന്തുണ നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ആദിവാസി മേഖലയിലെ വിദ്യാർഥികൾക്ക് പ്രത്യേക പഠന സഹായം

7 (*247) ശ്രീ. ആര്യാടൻ ഷൗക്കത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ വിദ്യാർഥികൾക്ക് പ്രത്യേക പഠന സഹായം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NAS (National Achievement Survey) 2021 ഉൾപ്പെടെയുള്ള വിവിധ സർക്കാർ റിപ്പോർട്ടുകളും പഠനങ്ങളുംപ്രകാരം ഗോത്രവിദ്യാർഥികളും മറ്റ് സാമൂഹിക വിഭാഗങ്ങളിലെ വിദ്യാർഥികളും തമ്മിൽ അക്കാദമിക് പ്രകടനത്തിൽ വലിയ വ്യത്യാസമുണ്ട്.

- കൂടുതൽ സ്കൂൾ വിട്ടുപോകൽ
- കുറഞ്ഞ വിജയശതമാനം
- ഉന്നത വിദ്യാഭ്യാസത്തിലേയ്ക്കുള്ള താൽപര്യക്കുറവ് എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾ പ്രത്യക്ഷമാണ്.

അക്കാദമിക് പ്രകടനത്തെ ബാധിക്കുന്ന പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു:

- മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ
- പഠനമാധ്യമ വ്യത്യാസം

- പാഠ്യപദ്ധതിയും സിലബസും ഗോത്ര വിദ്യാർഥികളുടെ പശ്ചാത്തലവുമായി പൊരുത്തപ്പെടാത്തത്
- മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, കുട്ടികളുടെ പഠനത്തിൽ സ്വാഭാവിക തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഇത് മാതാപിതാക്കൾ പഠനപ്രക്രിയയിൽ ഇടപെടുന്നത് തടയുന്നു.
- അതുപോലെ PTA-കളും സ്കൂൾ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

<u>വെല്ലുവിളികൾ ചുവടെ ചേർക്കുന്നു</u>:

- പ്രാഥമിക പഠനകാലത്ത് ഭാഷാ തടസ്സങ്ങൾ
- പല ഗോത്ര പ്രദേശങ്ങളിലും മൗസമിക കുടിയേറ്റം
- കുട്ടികൾ മാതാപിതാക്കളോടൊപ്പം തോട്ടങ്ങളിലും തൊഴിലിടങ്ങളിലും ജോലി ചെയ്യേണ്ട അവസ്ഥ
- ഡിജിറ്റൽ ഉപകരണങ്ങളും നെറ്റ്‌വർക്ക് സൗകര്യങ്ങളുമില്ലായ്മ
- പ്രതീക്ഷിക്കാത്ത പ്രകൃതിദുരന്തങ്ങളും സാമൂഹിക വേർപാടുമൂലമുള്ള മാനസിക സമ്മർദം
- ആർഥിക പിന്നാക്കാവസ്ഥ – കുടുംബ വരുമാനം കൂട്ടാൻ കുട്ടികളെ ജോലിക്കയയ്ക്കുന്നത്.

(ബി) പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ സാമൂഹിക, സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി പ്രത്യേക ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ സാമൂഹിക, സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി പ്രത്യേക ഇടപെടൽ നടത്തിവരുന്നു. കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഉയർന്ന നില എല്ലാ കുട്ടികൾക്കും ലഭ്യമാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുട്ടികളെ അവരുടെ കഴിവിന്റെ പരമാവധി വികസിപ്പിച്ച് സമൂഹത്തിൽ യോജ്യമായ സ്ഥാനം നേടാൻ സഹായിക്കേണ്ടതാണ്. പ്രതീക്ഷിക്കാത്ത പ്രകൃതിദുരന്തങ്ങൾ (പ്രത്യേകിച്ച് ഗോത്ര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും) മൂലമുള്ള വിദ്യാർഥികളുടെ മാനസികസമ്മർദവും മുഖ്യധാരയിൽനിന്ന് വേർപെട്ട നിലയും അവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. പിന്നാക്ക സമൂഹങ്ങളിൽപ്പെട്ട സർക്കാർ സ്കൂൾ വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സമഗ്രമായ സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

<u>പരിപാടിയുടെ ലക്ഷ്യം ചുവടെ ചേർക്കുന്നു</u>:

- പ്രധാന പാഠ്യപുസ്തകത്തോടൊപ്പം പ്രാദേശിക സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുന്ന അനുബന്ധ പാഠ്യപുസ്തകം
- അധ്യാപകരും അധ്യാപകേതര ജീവനക്കാരും ഗോത്ര പശ്ചാത്തലം മനസ്സിലാക്കാൻ ശാസ്ത്രീയ പരിശീലനം
- ഹയർ സെക്കൻഡറി ക്ലാസ്സുകളിൽ പ്രത്യേക വിഷയങ്ങൾക്ക് പ്രത്യേക പിന്തുണ നൽകുക
- സ്കൂളിൽ സ്ഥിരം അധ്യാപകരുടെയും കൗൺസിലർമാരുടെയും നിയമനം.
- 8-ാം ക്ലാസ് മുതൽ തുടർച്ചയായി കരിയർ ഓറിയന്റേഷൻ പരിപാടികൾ

(സി) പ്രസ്തുത വിദ്യാർഥികൾക്ക് പഠനാവസരം ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിദ്യാർഥികൾക്ക് പഠനാവസരം ഉറപ്പുവരുത്തുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് 2025-26 വർഷത്തിൽ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ഗോത്ര മേഖലയിലെ കുട്ടികൾ പഠിക്കുന്ന 40 സ്കൂളുകളെ തിരഞ്ഞെടുത്ത് സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം (SEP) നടപ്പിലാക്കിവരുന്നു. 2025-26 വർഷത്തെ Special Enrichment Programme മുഖേന തിരഞ്ഞെടുത്ത സ്കൂളുകളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. Cumulative Record Preparation
2. Expert Classes
3. Camps
4. Skill Development Workshops
5. Exposure Trips
6. Improving Infrastructure Facilities
7. Parental Awareness Programme
8. Student Support System

ഗോത്ര പ്രദേശ സ്കൂളുകൾ-ജില്ലാനുസൃത പട്ടിക:

Sl. No.	District	Schools	No. of schools
1	Thiruvananthapuram	Tribal	2

2	Kollam	Tribal	1
3	Pathanamthitta	Tribal	2
4	Kottayam	Tribal	3
5	Idukki	Tribal	4
6	Ernakulam	Tribal	3
7	Thrissur	Tribal	2
8	Palakkad	Tribal	3
9	Malappuram	Tribal	2
10	Kozhikode	Tribal	1
11	Wayanad	Tribal	9
12	Kannur	Tribal	3
13	Kasaragod	Tribal	5
Total			40

മേൽപ്പറഞ്ഞ സ്കൂളുകൾക്ക് ഒന്നാംഘട്ട ഫണ്ടായി ഓരോ സ്കൂളിനും 4,56,500/-രൂപ (കൃമുലേറ്റീവ് റെക്കോർഡ് തയ്യാറാക്കൽ - 15,000/-രൂപ, എക്സ്പെർട്ട് ക്ലാസ്സുകൾ - 30,000/-രൂപ, ക്യാമ്പുകൾ - 46,000/- രൂപ, നൈപുണ്യ വികസന ശില്പശാല -46000/-രൂപ, പഠനയാത്ര -30,000/-രൂപ, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി - 9,000/-രൂപ, ഭൗതിക സാഹചര്യ വികസനം - 2,55,500/- രൂപ, വിദ്യാർഥി പിന്തുണ പരിപാടി - 25,000/-രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്.

27-08-2025-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ സംസ്ഥാന ആസൂത്രണ ബോർഡിൽവച്ച് പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാനതല മീറ്റിങ് കൂടി. എല്ലാ ജില്ലാ കളക്ടർമാരുടെയും യോഗം കൂടുവാനും 12-09-2025-ന് വയനാട് ജില്ലയിൽ ഒരു അവലോകന യോഗം കൂടുവാനും

തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 12-09-2025-ന് വയനാട് ജില്ലാതല യോഗം കൂടി തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

തൊഴിൽ മേഖലയിൽ നിർമ്മിത ബുദ്ധിയുടെ കടന്നുവരവ്

8 (*248) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് സംസ്ഥാനത്ത് തൊഴിൽ മേഖലയെ എങ്ങനെയാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ?

നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് കേരളത്തിലെ തൊഴിൽ മേഖലയെ കാര്യമായി മാറ്റിയെടുക്കും. ഇത് തൊഴിലവസരങ്ങളെ പൂർണ്ണമായും ഇല്ലാതാക്കുകയല്ല, മറിച്ച് തൊഴിൽരീതികളെ പരിവർത്തനം ചെയ്യുകയാണ് ചെയ്യുന്നത്. ആവർത്തന സ്വഭാവമുള്ളതും വിവരങ്ങൾ ശേഖരിക്കുന്നതുമായ ജോലികൾ AI കൂടുതൽ കാര്യക്ഷമമായി ചെയ്യും. ഇത് മനുഷ്യന് കൂടുതൽ സങ്കീർണ്ണവും സർഗാത്മകവുമായ ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരം നൽകും. കേരളത്തിലെ ശക്തമായ സേവനമേഖലയിൽ ഡാറ്റാ എൻട്രിപോലുള്ള ജോലികളിൽ കുറവുവരാൻ സാധ്യതയുണ്ട്. എന്നാൽ AI-യുമായി ചേർന്നുപ്രവർത്തിക്കാൻ കഴിവുള്ളവർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

AI മൂലം കേരളത്തിലെ തൊഴിൽ മേഖലയിലുണ്ടാകാനിടയുള്ള ചില മാറ്റങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഓട്ടോമേഷൻ മൂലമുണ്ടാകാനിടയുള്ള തൊഴിൽ പുനഃസംഘടന

പോസിറ്റീവ് ഇമ്പാക്ട്: ബാങ്കിങ്, ഇൻഷ്വറൻസ്, അഡ്മിനിസ്ട്രേഷൻ, ഡാറ്റാ പ്രോസസ്സിങ് തുടങ്ങിയ മേഖലകളിലെ ആവർത്തിച്ചുള്ളതും പതിവുള്ളതുമായ ജോലികൾ ഓട്ടോമേറ്റ് ചെയ്യാൻ കഴിയും. ഇത് കാര്യക്ഷമത വർധിപ്പിക്കുകയും മനുഷ്യസഹജമായ തെറ്റുകൾ ഒഴിവാക്കുകയും ചെയ്യും.

നെഗറ്റീവ് ഇമ്പാക്ട്: ഈ വിഭാഗത്തിലെ തൊഴിൽസാധ്യത കുറയാം, കൂടാതെ ചില ജോലികൾ പൂർണ്ണമായി ഓട്ടോമേറ്റ് ചെയ്യപ്പെട്ടേക്കാം.

2. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും

സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട റോളുകൾ (Technology-Related Roles): ഡാറ്റാ സയൻസ്, മെഷീൻ ലേണിങ്, AI മോഡൽ വികസനം, സൈബർ സുരക്ഷ എന്നിവയിൽ പുതിയ അവസരങ്ങളുണ്ടാകും.

മനുഷ്യ-പൂരക റോളുകൾ (Human-Complementary Roles): AI-യുടെ സഹായത്തോടെയുള്ള തീരുമാനമെടുക്കൽ (decision making), കൺസൾട്ടൻസി, പരിശീലനം, സൃഷ്ടിപരമായ തൊഴിലുകൾ (creative professions) തുടങ്ങിയ മനുഷ്യരും AI-യും ഒരുമിച്ച് പ്രവർത്തിക്കുന്ന ജോലികൾ വർധിക്കും.

3. പരമ്പരാഗത മേഖലകളുടെ പരിവർത്തനം

കൃഷി: AI അധിഷ്ഠിത പ്രവചന വിശകലനം, ഡ്രോൺ അധിഷ്ഠിത നിരീക്ഷണം, കൃത്യതയുള്ള കൃഷി എന്നിവ ഉൽപാദനക്ഷമത വർധിപ്പിക്കും.

ആരോഗ്യ സംരക്ഷണം: AI-ക്ക് രോഗനിർണ്ണയം മെച്ചപ്പെടുത്താനും വിദൂര മെഡിക്കൽ കൺസൾട്ടേഷനുകൾ പ്രാപ്തമാക്കാനും മെഡിക്കൽ റെക്കോർഡ് മാനേജ്മെന്റ് കാര്യക്ഷമമാക്കാനും കഴിയും.

നിർമ്മാണവും സേവനങ്ങളും: AI അധിഷ്ഠിത ഉൽപാദനം, ലോജിസ്റ്റിക്സ്, റീട്ടെയിൽ ഓട്ടോമേഷൻ എന്നിവ നിർമ്മാണ-സേവന മേഖലകളിൽ ശ്രദ്ധേയമായ മാറ്റം കൊണ്ടുവരും.

4. മിഡിൽ-സ്കിൽ ജോലികളും വർക്ക്ഫോഴ്സ് പരിവർത്തനവും (Middle-Skill Jobs and Workforce Transition)

AI-യുമായി ചേർന്ന് പ്രവൃത്തിക്കാൻ പല മിഡ്-ലെവൽ ജോലികൾക്കും പുതിയ വൈദഗ്ധ്യം ആവശ്യമായിവരും.

വിശകലന (Analytic), സാങ്കേതിക (Technical) അല്ലെങ്കിൽ AI-പൂരക കഴിവുകൾ (AI-Complementary Skills) ആവശ്യമുള്ള ജോലികളിലേക്ക് മാറാൻ തൊഴിലാളികളെ സഹായിക്കുന്നതിന് റീസ്കിൽ-അപ്സ്കിൽ (Reskill-Upskill) പ്രോഗ്രാമുകൾ സംഘടിപ്പിക്കേണ്ടിവരും.

5. സാമൂഹിക-സാമ്പത്തിക നിലയിലെ മാറ്റം

ഉയർന്ന വരുമാനം: AI-വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾക്ക് കൂടുതൽ വരുമാനം നേടുവാൻ കഴിയും.

വഴക്കമുള്ള (flexible) തൊഴിലവസരങ്ങൾ: വർക്ക് ഫ്രം ഹോം, ഗിഗ് ഇക്കണോമി, ഫ്രീലാൻസിങ് ഓപ്ഷനുകൾ എന്നിവ AI-അധിഷ്ഠിത പ്ലാറ്റ്ഫോമുകൾ മുഖേന വർധിക്കാനിടയുണ്ട്.

തൊഴിൽ മേഖല ആധുനിക ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിച്ച് മുന്നേറുമ്പോഴും പരമ്പരാഗത തൊഴിലുകൾക്ക് സംരക്ഷണം സർക്കാർ ഉറപ്പാക്കുന്നുണ്ട്.

(ബി) നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് പ്രത്യേകിച്ച് ഐ.ടി., ഐ.ടി. അധിഷ്ഠിത മേഖലകളിലടക്കം തൊഴിലവസരങ്ങൾ കുറയ്ക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് ഐ.ടി. മേഖലയിലെ ചില ജോലികൾക്ക് ഭീഷണിയുയർത്തുമെന്നത് ഒരു യാഥാർഥ്യമാണ്. ഓട്ടോമേഷനും AI-യും അടിസ്ഥാനപരമായ കോഡിങ്, ഡാറ്റാ വിശകലനം, കസ്റ്റമർ സപ്പോർട്ട് തുടങ്ങിയ ജോലികൾ ഏറ്റെടുക്കും. ഇത് പ്രവേശന തലത്തിലുള്ള (entry-level) ജോലികളെ ബാധിക്കാമെങ്കിലും ഇത് തൊഴിലവസരങ്ങളുടെ പുനഃസംഘടനയാണ് (re-organization) ഉണ്ടാക്കുന്നത്. ചില ജോലികൾ കുറയുമ്പോൾ പുതിയതും കൂടുതൽ വൈദഗ്ധ്യമാവശ്യമുള്ളതുമായ നിരവധി ജോലികളുണ്ടാകുന്നു. ഉദാഹരണത്തിന്:

AI എഞ്ചിനീയർമാർ, ഡാറ്റാ സയന്റിസ്റ്റുകൾ: AI സംവിധാനങ്ങൾ നിർമ്മിക്കാനും പരിപാലിക്കാനുംവേണ്ടിയുള്ള വിദഗ്ധർ.

പ്രോംപ്റ്റ് എഞ്ചിനീയർമാർ: AI മോഡലുകൾക്ക് കൃത്യമായ നിർദേശങ്ങൾ നൽകാൻ കഴിവുള്ളവർ.

AI എത്തിസിസ്റ്റുകൾ: AI-യുടെ ധാർമ്മിക ഉപയോഗം ഉറപ്പാക്കുന്നവർ.

സൈബർ സെക്യൂരിറ്റി വിദഗ്ധർ: AI സംവിധാനങ്ങൾക്ക് ശക്തമായ സുരക്ഷ ഉറപ്പാക്കുന്നവർ.

AI പരിശീലകരും വിശദീകരണക്ഷമത വിദഗ്ധരും (AI trainers & explainability experts)

മനുഷ്യ-AI സഹകരണ വിദഗ്ധർ (Human-AI collaboration specialists): ബിസിനസ്സ്, ആരോഗ്യ സംരക്ഷണം, ഭരണം എന്നിവയിൽ AI-അധിഷ്ഠിത തീരുമാനമെടുക്കൽ (AI-assisted decision making).

ഐ.ടി. മേഖലയിൽ അടിസ്ഥാന കോഡിങ്ങിൽനിന്ന് കൂടുതൽ നൂതനമായ പ്രശ്നപരിഹാരങ്ങളിലേക്കും സിസ്റ്റം രൂപകല്പനകളിലേക്കും ശ്രദ്ധ മാറിക്കൊണ്ടിരിക്കുകയാണ്.

കൃഷി, ഉൽപാദനം എന്നിങ്ങനെ AI വളരെ സാവധാനംമാത്രം ബാധിക്കാനിടയുള്ള മേഖലകളെ അപേക്ഷിച്ച് ഐ.ടി. മേഖലയെ ആയിരിക്കും AI ആദ്യം ലക്ഷ്യം വയ്ക്കുന്നത്. കാരണം:

ഐ.ടി. ജോലികൾ ഡിജിറ്റൽ സ്വഭാവമുള്ളതിനാൽ AI-ഓട്ടോമേഷൻ എളുപ്പമാണ്.

പല ഐ.ടി. കമ്പനികളും ചെലവ് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഓട്ടോമേഷൻ സ്വീകരിക്കാൻ സാധ്യതയുണ്ട്.

ആവർത്തന സ്വഭാവമുള്ളതും പതിവ് രീതിയിലുള്ളതുമായ നിയമാധിഷ്ഠിതമായ ജോലികൾ കൈകാര്യം ചെയ്യുന്നതിൽ AI വളരെ മികച്ചതാണ്. അതിനാൽ:

GitHub Copilot, ChatGPT പോലുള്ള കോഡിങ് അസിസ്റ്റന്റുമാർക്ക് ബോയിലർപ്ലേറ്റ് കോഡുകൾ (Boilerplate codes) സൃഷ്ടിക്കാനാകും. ഇതുമൂലം അനേകം എൻട്രി ലെവൽ പ്രോഗ്രാമർമാർക്ക് അവസരം കുറയാം. (ഒരു പ്രോഗ്രാമിന്റെയോ ആപ്ലിക്കേഷന്റെയോ ഒന്നിലധികം ഭാഗങ്ങളിൽ മാറ്റങ്ങളൊന്നുംതന്നെ വരുത്താതെ സാധാരണയായി

ഉപയോഗിക്കുന്നതും ആവർത്തിക്കുന്നതുമായ കോഡിന്റെ ഭാഗങ്ങളെയാണ് ബോയിലർപ്ലേറ്റ് കോഡ് എന്ന് പറയുന്നത്).

ടെസ്റ്റിങ്, ഡീബഗ്ഗിങ് തുടങ്ങിയ ജോലികൾ AI ഉപകരണങ്ങളുപയോഗിച്ച് ഓട്ടോമേറ്റ് ചെയ്യപ്പെടാനും അതുവഴി ഈ മേഖലയിലുള്ളവർക്ക് തൊഴിലവസരങ്ങൾ കുറയാനും സാധ്യതയുണ്ട്.

AI ചാറ്റ്ബോട്ടുകൾ, വോയ്സ് അസിസ്റ്റന്റുമാർ, OCR എന്നിവയ്ക്ക് BPO/IT- Enabled സേവനങ്ങൾ (ഡാറ്റാ എൻട്രി, ഉപഭോക്തൃ പിന്തുണ, ട്രാൻസ്ക്രിപ്ഷൻ) കൂടുതൽ വേഗത്തിലും ചെലവ് കുറച്ചും ചെയ്യാൻ കഴിയുമെന്നതിനാൽ ഈ രംഗത്ത് തൊഴിലവസരങ്ങൾ കുറയും.

കേരളത്തിലെ AI -പ്രഭാവ സാധ്യത

ഹ്രസ്വകാലാടിസ്ഥാനത്തിൽ (Short term effects): കേരളത്തിലെ BPO/ITES (കോൾ സെന്ററുകൾ, ബാക്ക്-ഓഫീസ് ജോലികൾ, തുടങ്ങിയവ) മേഖലയിൽ ഭൂരിഭാഗവും AI ഓട്ടോമേറ്റ് ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ ഈ രംഗങ്ങളിൽ തൊഴിൽ സാധ്യത കുറയും.

ദീർഘകാലാടിസ്ഥാനത്തിൽ (long-term effects): കേരളം AI-ഗവേഷണം, സ്റ്റാർട്ടപ്പുകൾ, ഇന്നൊവേഷൻ ഹബ്ബുകൾ, അപ്സ്കില്ലിങ് പ്രോഗ്രാമുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ ആഗോള തലത്തിൽ വൈദഗ്ധ്യമുള്ള AI പ്രൊഫഷണലുകൾക്കുള്ള ആവശ്യം വർധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഈ മേഖലയിലുള്ള തൊഴിൽ സാധ്യതകൾ കൃത്യമായി ഉപയോഗിക്കാൻ സാധിക്കും.

(സി) പുതിയ സാഹചര്യത്തിനനുസൃതമായി പുതിയ തൊഴിലവസരങ്ങൾ കണ്ടെത്താൻ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

ഈ പുതിയ സാഹചര്യത്തെ നേരിടാൻ, തൊഴിൽമേഖലയെ ഭാവിയിലേക്ക് സജ്ജമാക്കുന്നതിനുള്ള ഇടപെടലുകൾ അത്യാവശ്യമാണ്. ഇതിന് നൈപുണ്യ വികസനത്തിനും പുനർപരിശീലനത്തിനും (upskilling and reskilling) മുൻഗണന നൽകിക്കൊണ്ടുള്ളൊരു പരിഷ്കരണമാണ് ഈ രംഗത്ത് ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസവും പരിശീലനവും: വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരുടെ പാഠ്യപദ്ധതിയിൽ AI സാക്ഷരത, ഡാറ്റാ സയൻസ്, മെഷീൻ ലേണിങ് എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

നൈപുണ്യ വികസന പരിപാടികൾ: നിലവിലുള്ള തൊഴിലാളികൾക്ക് പുതിയ റോളുകളിലേക്ക് മാറാൻ സഹായിക്കുന്ന ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

സംരംഭകത്വ പ്രോത്സാഹനം: AI-യിലും മറ്റ് വളർന്നുവരുന്ന സാങ്കേതികവിദ്യകളിലുമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കും.

വ്യവസായ-വിദ്യാഭ്യാസ സഹകരണം: വ്യവസായങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമിടയിൽ ശക്തമായ പങ്കാളിത്തമുണ്ടാകണം. ഇത് വ്യവസായത്തിന്റെ ആവശ്യകതകൾക്കനുസരിച്ചുള്ള കഴിവുകളുള്ള ആളുകളെ സൃഷ്ടിക്കാൻ സഹായിക്കും.

നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് തൊഴിൽനഷ്ടത്തിനുള്ള കാരണമായി കാണാതെ കേരളത്തിൽ പുതിയ തൊഴിൽസാധ്യതകൾ സൃഷ്ടിക്കുന്നതിനുള്ള സുവർണ്ണാവസരമായാണ് തൊഴിലും നൈപുണ്യവും വകുപ്പ് സമീപിക്കുന്നത്.

സ്കൂൾതലം മുതൽ AI-യെക്കുറിച്ചുള്ള അടിസ്ഥാനപാഠങ്ങൾ ഉൾപ്പെടുത്തുവാനും പതിനായിരക്കണക്കിന് അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുവാനും സർക്കാർ നടപടിയെടുത്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തും കേരള ഡിജിറ്റൽ സർവകലാശാലയുടെ നേതൃത്വത്തിൽ ലോകോത്തര നിലവാരത്തിലുള്ള AI പഠന-ഗവേഷണ സൗകര്യങ്ങളൊരുക്കുന്നുണ്ട്. കേരള സ്റ്റാർട്ടപ് മിഷൻ വഴി AI അധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് വലിയ പ്രോത്സാഹനവും പ്രത്യേക ഫണ്ടുകളും നൽകുന്നത് ഉയർന്ന വൈദഗ്ധ്യമുള്ള പുതിയ തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കുന്നു.

കേരളത്തിന്റെ സാമ്പത്തിക-തൊഴിൽ മേഖലയിലൊരു കൃതിച്ചുചാട്ടം നടത്താനുള്ള അവസരമായാണ് സർക്കാർ കാണുന്നത്. ഭാവിയെ മുൻകൂട്ടികണ്ട്, മാനവവിഭവശേഷിയെ ശരിയായ ദിശയിൽ നയിച്ചുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

നിർമ്മിതബുദ്ധിയുടെ കടന്നുവരവ് സംസ്ഥാനത്തെ തൊഴിൽമേഖലയിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളെയുൾക്കൊണ്ട് പുതിയതായി സൃഷ്ടിക്കപ്പെടുന്ന പ്രത്യേക വൈദഗ്ധ്യമാവശ്യമായ ജോലികൾ സംബന്ധിച്ച് ഉദ്യോഗാർഥികളിൽ അവബോധം സൃഷ്ടിക്കുവാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ വൊക്കേഷണൽ ഗൈഡൻസ് വിഭാഗം ശ്രദ്ധ പുലർത്തുന്നുണ്ട്. പൊതു/സ്വകാര്യ മേഖലയിലെ ഇത്തരം തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർഥികളെ പ്രാപ്തരാക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള എംപ്ലോയബിലിറ്റി സെന്റർ മുഖേന വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ സംസ്ഥാനത്തിനകത്തും ദേശീയ-അന്തർദേശീയ തലങ്ങളിലും പുതിയ സാഹചര്യത്തിനനുസൃതമായി പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുള്ള ഇടപെടലുകൾ നടത്തിവരികയാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE).

കുടിയേറ്റ കർഷകർക്ക് പട്ടയം

9 (*249) ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. എം. മണി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1977-നുമുമ്പ് കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1977 ജനുവരി 1-നുമുമ്പ് വനഭൂമിയിൽ കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിന് 1993-ലെ ചട്ടങ്ങൾപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഇതിനകം കേന്ദ്രസർക്കാരിന്റെ അനുവാദം ലഭിക്കപ്പെട്ട ഭൂമിയിൽ JVR (Joint Verification Report) പ്രകാരമുള്ള ഉടമസ്ഥരെ കണ്ടെത്തി അർഹതപ്പെട്ട ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. നേരത്തെ കേന്ദ്രാനുമതി ലഭിച്ച ഇടുക്കി, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കൊല്ലം ജില്ലകളിലെ 28588.519 ഹെക്ടർ ഭൂമിയിലാണ് പട്ടയവിതരണം പുരോഗമിക്കുന്നത്.

ഇതിനകം JVR പൂർത്തീകരിച്ചതും സാങ്കേതിക കാരണങ്ങളാൽ അനുമതിക്കയച്ച് തിരിച്ചുവന്നതും അയയ്ക്കാൻ സാധിക്കാത്തതുമായ കേസ്സുകളിൽ കേന്ദ്രം പുതുതായി നിർദ്ദേശിച്ചതനുസരിച്ചുള്ള സർവെ നടപടികൾ പൂർത്തിയാക്കി പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇക്കാര്യത്തിൽ വയനാട്, തൃശ്ശൂർ ജില്ലകളിൽ ആദ്യഘട്ടം പൂർത്തീകരിക്കുകയും കൊല്ലം, പാലക്കാട് ജില്ലകളിൽ പ്രവർത്തനം വേഗത്തിൽ നടന്നുവരികയും ചെയ്യുന്നുണ്ട്.

ഇനിയും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത കേസ്സുകളിൽ JVR നടത്തി അപേക്ഷ സമർപ്പിക്കാൻ ദീർഘകാലമായി നാം ശ്രമിച്ചുവരികയാണ്. കേന്ദ്ര വനം മന്ത്രിയുമായി സംസ്ഥാന റവന്യൂ, വനം വകുപ്പുമന്ത്രിമാർ ചർച്ച നടത്തുകയും കേന്ദ്രം പുതിയ JVR-ന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് മലയോരമേഖലയിൽ നാളിതുവരെയും പട്ടയം ലഭിക്കാത്ത മുഴുവൻപേരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി സർക്കാർ സമഗ്രമായൊരു വിവരശേഖരണം 2024 മാർച്ച്, ജൂലൈ മാസങ്ങളിലായി വില്ലേജ് ഓഫീസ്സുകൾവഴി സംസ്ഥാന സർക്കാർ നടത്തുകയുണ്ടായി. ഈ വിവരശേഖരണത്തിന്റെ ഭാഗമായി റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന (JVR) നടത്തി, സർവെ സ്കെച്ച് തയ്യാറാക്കി, അർഹത പരിശോധിച്ച് പരിവേഷ് പോർട്ടൽമുഖേന കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കയക്കാനും തുടർന്ന് കേന്ദ്രാനുമതി നേടാനും ശേഷം പട്ടയം വിതരണം ചെയ്യാനുമാണ് സർക്കാരുദ്ദേശിക്കുന്നത്. ഈ നടപടിക്ക് നേതൃത്വം നൽകാൻ റവന്യൂ, വനം വകുപ്പുദ്യോഗസ്ഥരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്.

അർഹരായ മുഴുവൻപേർക്കും പതിവ് ചട്ടങ്ങൾപ്രകാരം യോഗ്യതയ്ക്കനുസരിച്ച് പട്ടയം നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ നടപടികളിലൂടെ 1977-നുമുമ്പ് കുടിയേറിയവരുടെ ഭൂമിക്ക് നിയമപരമായ രേഖയും സുരക്ഷയും ഉറപ്പാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

(ബി) വനഭൂമിയിൽനിന്നും ഹിൽമെൻ സെറ്റിൽമെന്റുകൾക്കായി കൈമാറിയ ഭൂമിയിൽ താമസക്കാരായ വിഭാഗങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഹിൽമെൻ സെറ്റിൽമെന്റ് വിഭാഗത്തിൽപ്പെട്ടവർക്ക് നൽകാനായി വനം വകുപ്പ് കൈമാറിയ ഭൂമിയിൽ താമസിച്ചുവരുന്ന പട്ടികവർഗക്കാരുൾപ്പെടെയുള്ള എല്ലാ കൈവശക്കാർക്കും പട്ടയം നൽകുന്നതിനായി G.O.(MS)2020/2020 എന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വനത്തിന്റെ ജണ്ടയ്ക്കുപുറത്ത് റവന്യൂ രേഖകളിൽ പുറമ്പോക്ക്/തരിശ് എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ താമസിച്ചുവരുന്നവർക്കാണ് ഇതുപ്രകാരം പട്ടയം നൽകാൻ തീരുമാനിച്ചത്. തുടർനടപടികളുടെ പുരോഗതി താഴെ ചേർക്കുന്നു.

പത്തനംതിട്ട

പത്തനംതിട്ട ജില്ലയിൽ ഹിൽമെൻ സെറ്റിൽമെന്റുകൾക്കായി കൈമാറിയ ഭൂമി റാന്നി താലൂക്കിലെ പഴവങ്ങാടി, കൊല്ലമുള, അത്തിക്കയം, പെരുനാട് വില്ലേജുകളുടെ പരിധിയിൽവരുന്നതും പ്രസ്തുത സ്ഥലങ്ങളിൽ വനഭൂമി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതിക്കായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

കോട്ടയം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലായി 1450 ഹെക്ടർ ഭൂമി, വില്ലേജ് റെക്കോർഡുകളിൽ ഭൂമിയുടെ തരം 'പുറമ്പോക്ക് ഫോറസ്റ്റ് പുരയിടം' എന്നും റിമാർക്സ് കോളത്തിൽ 'ഹിൽമെൻ സെറ്റിൽമെന്റ്' എന്നും രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത സ്ഥലത്ത് എണ്ണായിരത്തിലധികം കുടുംബങ്ങൾ താമസിച്ചുവരുന്നതുമാണ്.

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പട്ടയം അനുവദിക്കുന്നതിനായി 15-03-2024-ലെ 67/2024/ആർ.ഡി. നമ്പർ ഉത്തരവ് (അനുബന്ധം)[+] പ്രകാരം സ്പെഷ്യൽ ഓഫീസ് അനുവദിക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ 3000-ലധികം ഫീൽഡുകൾ പരിശോധിച്ച് സ്കെച്ച്, മഹസർ, ചെക്ക് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

04-11-2023-ലെ ജി.ഒ.(ആർ.റ്റി.)നം. 3966/2023/ആർ.ഡി. പ്രകാരം (അനുബന്ധം)[+], വനം വകുപ്പിന്റെ ജണ്ടയ്ക്കുപുറത്ത് സ്ഥിതിചെയ്യുന്നതും സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ. എന്നിവപ്രകാരം പുറമ്പോക്ക് പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് സർക്കാർ എന്നും വസ്തുവിന്റെ വിവരണം, റിമാർക്സ് എന്നീ കോളങ്ങളിൽ റിസർവ് വനം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത്തരം ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെതന്നെ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പ്രസ്തുത ഭൂമിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പതിവിനുള്ള യോഗ്യത, വിനിയോഗം, കൈവശങ്ങളുടെ പഴക്കം, സ്വഭാവം എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവെ സബ്ഡിവിഷൻ ചെയ്ത് ഭൂമിയുടെ തൽസ്ഥിതിപ്രകാരം റെക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ പ്രസ്തുത ഭൂമി റിസർവ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനമുണ്ടോയെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ പട്ടയ നടപടികളാരംഭിക്കാൻ സാധിക്കുകയുള്ളൂ.

03-02-2025-ലെ ജി.ഒ.(എം.എസ്) 30/2025/ആർ.ഡി. നമ്പർ ഉത്തരവ് (അനുബന്ധം)[+] പ്രകാരം സെറ്റിൽമെന്റ് പ്രദേശങ്ങൾ പ്രത്യേക റവന്യൂ വില്ലേജുകളായി രൂപീകരിക്കുന്നതിന് ജില്ലാ കളക്ടറെ അധികാരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. മുണ്ടക്കയം ഭൂമി പതിവ് കാര്യാലയത്തിൽ ലഭിച്ച പട്ടയ അപേക്ഷകളിൽ സ്ഥലപരിശോധന നടത്തിയതിലും അപേക്ഷകർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിലും ടി പ്രദേശത്തെ ചില കൈവശക്കാർ വനാവകാശ രേഖ ലഭ്യമായവരോ മുമ്പ് വനാവകാശ രേഖ ലഭിച്ചവരിൽനിന്നും ഭൂമി കൈമാറി ലഭിച്ചവരോ ആണെന്ന് സ്പെഷ്യൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ ഇപ്രകാരമുള്ള കേസ്സുകളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് 07-05-2025-ൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഷയം റവന്യൂ (എം) വകുപ്പിന്റെ M3/81/2025-REV നമ്പർ ഫയലിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഇടുക്കി

ഇടുക്കി ജില്ലയിൽ വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ഭൂമി പട്ടികജാതി പട്ടികവർഗക്കാരുൾപ്പെടെയുള്ള കൈവശക്കാർക്ക് 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1 എ-യിലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും പ്രസ്തുത ചട്ടങ്ങളിലെ 2 (ഇ) പ്രകാരം നിർവചിച്ചിട്ടുള്ള സർക്കാർ ഭൂമി എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി ചട്ടം 5, 6 എന്നിവയിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പതിച്ചുനൽകുന്നതിന് 02-06-2020-ലെ സ.ഉ.(സാധാ)നം.2020/2020 (അനുബന്ധം)+, പ്രസ്തുത ഉത്തരവുപ്രകാരമുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പുറപ്പെടുവിച്ച 4-11-2023-ലെ സ.ഉ.(സാധാ)നം.3966/2023 എന്നിവയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ കരിമണ്ണൂർ ഭൂമി പതിവ് സ്പെഷ്യൽ ഓഫീസ് മുഖേന ഇടുക്കി താലൂക്ക് ഓഫീസ് പരിധിയിലുള്ള ഇടുക്കി, കഞ്ഞിക്കുഴി എന്നീ വില്ലേജുകളിലെയും വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ള ഹിൽമെൻ സെറ്റിൽമെന്റുകളിലുൾപ്പെടെയുള്ള പ്രദേശങ്ങളിൽ പതിവ് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

നിലവിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WP(C) 1801/2010 നമ്പർ കേസ്സിലെ 10-01-2024-ലെ വിധിന്യായപ്രകാരം ജില്ലയിലെ 1964 ചട്ടങ്ങൾ പ്രകാരമുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈവശഭൂമിയുടെ പട്ടയവിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തുടർ ഉത്തരവുകൾക്കുവിധേയമായി പട്ടയവിതരണ നടപടികൾ തുടരുന്നതാണ്.

എറണാകുളം

എറണാകുളം ജില്ലയിൽ ഹിൽമെൻ സെറ്റിൽമെന്റ് പതിവിനായി വനഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടുകിട്ടിയിട്ടില്ലാത്തതാണ്. റവന്യൂ രേഖകൾപ്രകാരം ഹിൽമെൻ സെറ്റിൽമെന്റ് എന്ന് ചേർത്തിരുന്നതും മുമ്പ് വനഭൂമിയായിരുന്നതുമായ കുട്ടമ്പുഴ വില്ലേജ് കല്ലേലിമേട്, മണികണ്ഠൻചാൽ പ്രദേശത്ത് 01-01-1977-ന് മുമ്പ് കൈയേറി താമസിച്ച് കൃഷി ചെയ്തുവരുന്ന 259.0890 ഹെക്ടർ ഭൂമി മറ്റ് വിഭാഗങ്ങളിൽപ്പെട്ട അഞ്ഞൂറോളം കുടുംബങ്ങൾക്ക് 1993-ലെ കേരള വനഭൂമി കൈയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾപ്രകാരം പതിച്ചുനൽകുന്നതിനുള്ള സർവെ ജോലികൾ കോതമംഗലം സ്പെഷ്യൽ തഹസിൽദാർ ഭൂമി പതിവ് ഓഫീസിൽ നടന്നുവരുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അനുവദിച്ച പട്ടയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ കേരള ഭൂമി പതിവ് (01-01-1977-നുമുമ്പുള്ള വനഭൂമി കൃടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം 2081 പേർക്ക് വനഭൂമി പട്ടയം അനുവദിച്ചിട്ടുള്ളതാണ്.

കൊല്ലം, പത്തനംതിട്ട ജില്ലകളുടെ പരിധിയിൽ കുടിയേറ്റ കർഷകർക്ക് പട്ടയം അനുവദിച്ചിട്ടില്ലാത്തതാകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ കുടിയേറിയ കർഷകർക്ക് വിവിധ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം ആകെ 7964 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. 1993 മുൾ പ്രകാരം 13 പട്ടയങ്ങളാണ് എറണാകുളം ജില്ലയിൽനിന്നും നൽകിയിട്ടുള്ളത്.

(ഡി) പട്ടയം നഷ്ടപ്പെട്ടവർക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. പട്ടയ ഫയലുകളും പട്ടയരേഖകളും നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പുവരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മാർഗനിർദേശങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 26-05-2025-ലെ സ.ഉ.(കൈ)നം. 142/2025/റവ. (അനുബന്ധം)+ പുറപ്പെടുവിച്ചിട്ടുള്ളതും അതിന്റെയടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് നിയമ ഭേദഗതി

10 (*250) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ പരിഗണിച്ച് മിനിമം വേതനം ഏകീകരിക്കുന്നതിനും എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നിയമ ഭേദഗതികൾ വിശദമാക്കാമോ?

1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഷെഡ്യൂൾ എംപ്ലോയ്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിലെ 85 തൊഴിൽ മേഖലകളിലും സംസ്ഥാന സർക്കാർ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽമേഖലകൾ കേന്ദ്രീകരിച്ചും തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാരപരിധിയിൽ routine സ്ഥാപന പരിശോധനകളും സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം മുഖാന്തരമുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്. എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി അവരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മോണിറ്റർ ചെയ്യുന്നതിനുമായി 08-07-2015-ലെ GO(P) No.84/2015/LBR, S.R.O. No.458/2015 പ്രകാരം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വേതന കുടിശ്ശികയുള്ള തൊഴിലാളികൾക്ക് കുടിശ്ശിക വേഗത്തിൽ ലഭിക്കുന്നതിനായി ഏതൊക്കെ വിധത്തിലുള്ള നിയമ ഭേദഗതികളും പുതിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

വേതന കുടിശ്ശികയുള്ള തൊഴിലാളികൾക്ക് കുടിശ്ശിക ലഭ്യമാക്കുന്നതിനായി 1948-ലെ മിനിമം വേതന നിയമത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതന

നിയമപ്രകാരമുള്ള ക്ലെയിം അധികാരികളായി തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

മിനിമം വേതന കുടിശ്ശികയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2024 ജനുവരി മാസം മുതൽ നാളിതുവരെ മിനിമം വേതനം നൽകാത്തതുമായി ബന്ധപ്പെട്ട് 50412 പരിശോധനകൾ നടത്തുകയും 2691 പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിൽ നിയമ പരിരക്ഷ പരിമിതമായ അസംഘടിത മേഖലകളിലുൾപ്പെടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പുനൽകുന്നതിനുവേണ്ടി സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകളും മറ്റ് വകുപ്പുകളിൻകീഴിലായി 17 ക്ഷേമനിധി ബോർഡുകളും ഉൾപ്പെടെ 33 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. ടി ബോർഡുകളിൽനിന്ന് പെൻഷനുൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ കാലാകാലങ്ങളായി നൽകിവരുന്നു. സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിവിധ നിയമങ്ങളും നിയമനിർമ്മാണ സംവിധാനങ്ങളും നിലവിലുണ്ട്. തൊഴിൽ തർക്കങ്ങൾക്ക് കൃത്യമായ പരിഹാരം നൽകുന്നതിന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കൃത്യത ഉറപ്പുവരുത്തുന്നതിനും പരാതികൾ സമയബന്ധിതമായി ചർച്ചചെയ്ത്

പരിഹരിക്കുന്നതിനുംവേണ്ട നടപടി സ്വീകരിച്ചുവരുന്നു. ഇവ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലാളികൾക്ക് നിയമപരമായ നീതി ഉറപ്പാക്കാനും സഹായിക്കുന്നു. സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സഹജ പോലെയുള്ള കോൾ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ബാലവേല നിരോധിച്ചിട്ടുണ്ട്. ഇതുകൂടാതെ തൊഴിലിടങ്ങളിലെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനുമുള്ള സുരക്ഷാമാർഗങ്ങൾ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കിവരുന്നു.

(ഡി) എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് അവധി, വിശ്രമ സമയം, അവധി വേതനം എന്നിവ ഉറപ്പാക്കാൻ തൊഴിൽനിയമങ്ങളിൽ കൊണ്ടുവന്ന ഭേദഗതികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ വിവിധ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കായി അവധി, വിശ്രമസമയം, അവധി വേതനം തുടങ്ങിയ തൊഴിലവകാശങ്ങൾ ഏകീകൃതമായി ഉറപ്പാക്കുന്നതിനായി 1960-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1958-ലെ നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമം, 1948-ലെ മിനിമം വേതന നിയമം എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. 1958-ലെ നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമപ്രകാരം തൊഴിലാളികൾക്ക് ദേശീയ അവധി ദിനങ്ങളായി നാല് ദിവസവും ഉത്സവാവധിയായി ഒൻപത് എണ്ണവുമുൾപ്പെടെ ആകെ പതിമൂന്ന് അവധികൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ അവധി

ദിനങ്ങളിൽ ജോലിക്ക് ഹാജരാകുന്ന തൊഴിലാളിക്ക് ഇരട്ടി വേതനവും substitute holidays നൽകണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. തൊഴിലാളികൾക്ക് ലഭിക്കാനുള്ള അവധി സംബന്ധിച്ച് നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പുതിയ ഭേദഗതികളുടെ ആവശ്യം വന്നിട്ടില്ല. ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന പരിശോധനകളിൽ തൊഴിലാളികളുടെ അവധി ആനുകൂല്യങ്ങളുൾപ്പെടെ പരിശോധിക്കുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഇ) പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് വാർധക്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള 16 ക്ഷേമനിധി ബോർഡുകളിൽ ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ഒഴികെയുള്ള ബോർഡുകളിൽ പെൻഷൻ പദ്ധതി നിലവിലുണ്ട്. ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ടി സ്ഥാപനത്തിലെ തൊഴിലാളികൾ ബോർഡിൽ അംഗങ്ങളാകുകയും അവർക്ക് ബോർഡ് പദ്ധതിപ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

11 (*251) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാനസ്വഭാവമുള്ള തൊഴിലാളി ക്ഷേമബോർഡുകളെ സംയോജിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടന നടപ്പിലാക്കുന്നതിനുള്ള നടപടികൾ എസ്. ശ്രീനിവാസൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ക്ഷേമനിധി ബോർഡുകളുടെ എണ്ണം നിലവിലുള്ള 16-ൽ നിന്നും 11-ആയി കുറച്ചുകൊണ്ട് 29-06-2020-ലെ സ.ഉ.(കൈ)നം. 35/2020/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്.

സംയോജിപ്പിക്കുന്ന ബോർഡുകൾക്ക് നിയമനിർമ്മാണം നടത്തുന്നതിനായി കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ടി റിപ്പോർട്ട് ലേബർ കമ്മീഷണറേറ്റിലെ നിയമപരിഷ്കരണ സമിതി വിശദമായി പരിശോധിച്ച്, സംയോജിപ്പിക്കുന്ന ഇരു ബോർഡുകളുടെയും നിധിയും വിവിധ പദ്ധതികളും തികച്ചും വ്യത്യസ്തമായതിനാൽ ഇരു ബോർഡുകളെയും സംയോജിപ്പിച്ചുകൊണ്ട് നിധിയും ക്ഷേമപ്രവർത്തനങ്ങളും സ്വതന്ത്രമായി തുടരുന്നതാണ് അഭികാമ്യമെന്ന് ലേബർ കമ്മിഷണർ അഭിപ്രായപ്പെടുകയും തുടർന്ന് ടി വിഷയത്തിന്മേൽ പ്രത്യേക സെൽ രൂപീകരിച്ച് ക്ഷേമനിധി ബോർഡുകളുടെ സംയോജനം നടപ്പാക്കുന്നതിന്

നടപടി സ്വീകരിച്ച് സംയോജിത രേഖയുടെ കരട് സമർപ്പിക്കാനും ലേബർ കമ്മിഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.+

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിന് ആവിഷ്കരിച്ച ഡിജിറ്റൈസേഷൻ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. AIIS സോഫ്റ്റ്വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ ഇപ്പോൾ പ്രവർത്തനസജ്ജമാണ്. പ്രസ്തുത സോഫ്റ്റ്വെയറിന്റെ രണ്ടാംഘട്ടത്തിലാണ് ആനുകൂല്യ വിതരണം, പേയ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

അതോടൊപ്പം തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിലൊഴികെ മറ്റ് ബോർഡുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിലുണ്ട്. സേവന എന്ന ആധാർ അധിഷ്ഠിത സോഫ്റ്റ്വെയർ വഴിയാണ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന ക്ഷേമ പെൻഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിവരുന്നത്. അതിനാൽത്തന്നെ പെൻഷൻ നൽകുന്നതിലെ ഇരട്ടിപ്പ് തടയാൻ സാധിച്ചിട്ടുണ്ട്.

(സി) തൊഴിൽമേഖലകൾ മാറുന്നതിനനുസരിച്ച് അംഗത്വപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ, തൊഴിൽമേഖലകൾ മാറുന്നതനുസരിച്ച് തൊഴിലാളികളുടെ അപേക്ഷകളിന്മേൽ ബോർഡുകളിലെ അംഗത്വം റദ്ദുചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി രൂപകല്പന ചെയ്തതാണ് അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ. ടി സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ മേഖലകൾ മാറുന്നതനുസരിച്ച് ഒരു ബോർഡിലെ അംഗത്വം റദ്ദ് ചെയ്യുന്നതിനും മറ്റൊരു ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനും സാധിക്കുന്നതാണ്.

(ഡി) രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതികളിലൂടെ ലഭിക്കുന്ന ഗുണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽനിന്നും അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളുടെയും സേവനങ്ങളുടെയും വിവരങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം കാലതാമസം കൂടാതെ

ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ മേഖലാ ഓഫീസുകൾക്ക് നൽകുകയും കൃത്യമായ രേഖകളോടുകൂടിയ ആനുകൂല്യ അപേക്ഷകൾക്ക് യഥാസമയം തുക ബാങ്ക് അക്കൗണ്ട് മുഖാന്തരം (ഡി.ബി.ടി. മോഡൽ) വിതരണം ചെയ്തുവരുന്നു. അംഗങ്ങൾക്ക് അംശദായം, അംശദായ കുടിശ്ശിക അടയ്ക്കൽ, പദ്ധതിയെക്കുറിച്ച് അറിയിപ്പ് നൽകൽ എന്നിവയ്ക്കായി ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ അനുവദിക്കാറുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കെട്ടിട നിർമ്മാണ സെസ്സ് പിരിവ് ആരംഭിച്ചതിനുശേഷം മുമ്പ് പ്രതിമാസം ഏകദേശം 30 കോടി രൂപയായിരുന്ന സെസ്സ് കളക്ഷൻ നിലവിൽ ഏകദേശം 50 കോടി രൂപ ലഭിക്കുന്നുണ്ട്. ടി കളക്ഷനിൽ ഇനിയും വർധന വരുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ബോർഡുകളെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

ദേശീയപാത 66-ന്റെ നിർമ്മാണ പോരായ്മ പരിഹരിക്കാൻ നടപടി

12 (*252) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ദേശീയപാത 66-ന്റെ നിർമ്മാണം സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസൃതമായാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അത് ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടൽ വ്യക്തമാക്കാമോ;

(ബി) ദേശീയപാത 66-ന്റെ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) ദേശീയപാതകളുടെ രൂപകല്പനയും നിർമ്മാണവും ഗുണനിലവാരം ഉറപ്പുവരുത്തലും കേന്ദ്ര സർക്കാരിനുകീഴിലുള്ള ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്വമാണ്.

ദേശീയപാതയുടെ ഡിസൈനും നിർമ്മാണവും ഗുണനിലവാരം ഉറപ്പാക്കലും ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്വമാണെങ്കിലും സംസ്ഥാനം ഫണ്ട് ചെലവഴിക്കുന്നതിനാലും പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിശ്ചിത ഇടവേളകളിൽ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മന്ത്രിയെന്ന നിലയിൽ യോഗങ്ങൾ ചേരുകയും അതോടൊപ്പം പ്രവൃത്തിയിടങ്ങളിലെത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ ദേശീയപാത നിർമ്മാണവേളയിൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽക്കണ്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ നേരത്തെതന്നെ ദേശീയപാത അതോറിറ്റിയോട് നിർദേശിച്ചിരുന്നു. ഇത്തരത്തിൽ മണ്ണിടിച്ചിലുണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി പരിസ്ഥിതി സൗഹാർദ്ദമായ

പരിഹാരമാർഗങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി നടപ്പാക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു.

പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ മലപ്പുറത്ത് കൂരിയാട് നിർമ്മാണത്തിലിരിക്കുന്ന റോഡിന് തകർച്ച സംഭവിക്കുകയും മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ വിള്ളലുകളുണ്ടാകുകയും ചെയ്തു. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയത്തുതന്നെ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. 26-05-2025-ന് പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയും 30-05-2025-ന് ചീഫ് സെക്രട്ടറിയും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. 06-07-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രത്യേകമായ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തിരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു.

ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗങ്ങളുണ്ടാകുമെന്നും ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും സമിതി

റിപ്പോർട്ടുകൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിക്കുകയുണ്ടായി. കൺസഷണയർ, കൺസൾട്ടന്റ് എന്നിവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഭൂമി തരംമാറ്റത്തിലെ ക്രമക്കേടുകൾ തടയാൻ നടപടി

13 (*253) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റ അപേക്ഷകളിന്മേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭൂമി തരംമാറ്റ അപേക്ഷകളിന്മേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റവന്യൂ-കൃഷി വകുപ്പുദ്യോഗസ്ഥർ ഇതിലുൾപ്പെടുന്നതായി പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

റവന്യൂ വകുപ്പുദ്യോഗസ്ഥർക്കെതിരെ വിജിലൻസ് നടപടി ശിപാർശ ചെയ്ത കേസ്സുകളിൽ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൃഷി വകുപ്പുദ്യോഗസ്ഥർക്കെതിരെ വിജിലൻസ് നടപടി ശിപാർശ ചെയ്ത കേസ്സുകളുമുണ്ട്.

(സി) മുൻഗണന തെറ്റിച്ചും ചട്ടം ലംഘിച്ചും അപേക്ഷകൾ തീർപ്പാക്കുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഓൺലൈനായാണ് നിലവിൽ ഭൂമിതരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുവരുന്നത്. അപേക്ഷകൾ സമർപ്പിക്കപ്പെട്ട തീയതിയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം പാലിച്ചാണ് അപേക്ഷകൾ തീർപ്പാക്കുന്നത്. കൂടാതെ റവന്യൂ, വിജിലൻസ്, സെക്രട്ടേറിയറ്റ്, കളക്ടറേറ്റ് എന്നീ തലങ്ങളിലുള്ള ഇൻസ്പെക്ഷൻ വിഭാഗങ്ങൾ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ആലപ്പുഴ, തലശ്ശേരി, പൊന്നാനി നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി

14 (*254) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, തലശ്ശേരി, പൊന്നാനി എന്നീ നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പുരോഗതി വ്യക്തമാക്കാമോ?

ആലപ്പുഴ, തലശ്ശേരി, പൊന്നാനി എന്നീ നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.

തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി കിഫ്ബി ഫണ്ട് മുഖേന തലശ്ശേരി നഗരത്തിൽ നടപ്പിലാക്കിവരുന്ന എട്ട് പദ്ധതികളിൽ മൂന്ന് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ച് പദ്ധതികൾ പുരോഗമിച്ചുവരുന്നു. തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി

സംസ്ഥാന ഫണ്ട് മുഖേന തലശ്ശേരി നഗരത്തിൽ നടപ്പിലാക്കിവരുന്ന എട്ട് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് പദ്ധതികൾ പുരോഗമിച്ചുവരുന്നു.

ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കി വരുന്ന പന്ത്രണ്ട് പദ്ധതികളിൽ ഏഴ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ച് പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൊന്നാനിയിൽ നിള ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ബാക്ക് വാട്ടർ സംസ്കാരം എങ്ങനെ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ടൂറിസത്തിന്റെ ഏറ്റവും ആകർഷകമായ ഘടകമാണ് ബാക്ക് വാട്ടറുകൾ. കായലുകളും കനാലുകളും നിറഞ്ഞ ആലപ്പുഴയുടെ സൗന്ദര്യം ലോകപ്രശസ്തമായ ഒന്നാണ്. കേരള ടൂറിസത്തിന്റെ ഏറ്റവും പ്രധാന ഉൽപ്പന്നമായ ഹൗസ് ബോട്ടുകൾ ആലപ്പുഴ ബാക്ക് വാട്ടറിന്റെ പ്രധാന പ്രത്യേകതയാണ്. ഇതിന് കൂടുതൽ പ്രചാരം നൽകി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കനാൽ നവീകരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ആലപ്പുഴയിലെ ബാക്ക് വാട്ടർ വികസനമുൾപ്പെടെ ലക്ഷ്യമിട്ട് 93.17 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. 93.17 കോടിയുടെ പദ്ധതിക്ക്

കേന്ദ്രത്തിൽനിന്നും അനുമതി ലഭ്യമാക്കുവാനും സാധിച്ചു. പദ്ധതി നിലവിൽ പുരോഗമിച്ചുവരുന്നു.

ആലപ്പുഴയിലെ ബാക്ക് വാട്ടർ ടൂറിസം സംസ്കാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്ഥിരതയുള്ള പ്രവർത്തനങ്ങൾ, പ്രാദേശികരുടെ പങ്കാളിത്തം, പ്രദേശത്തിന്റെ സവിശേഷ പൈതൃകം എന്നിവ നിലനിർത്തി ഉത്തരവാദിത്വത്തോടെ നടത്തുന്ന വികസനം പ്രാദേശിക പരമ്പരാഗതങ്ങളെയും പരിസ്ഥിതിയെയും സംരക്ഷിക്കാനും സന്ദർശകരുടെ അനുഭവം മെച്ചപ്പെടുത്താനും സഹായിക്കുന്നു.

- മാലിന്യ സംസ്കരണ സംവിധാനങ്ങൾ, സ്ഥിരതയുള്ള ജലഗതാഗത മാർഗങ്ങൾ എന്നിവയിലൂടെ ബാക്ക് വാട്ടറുകളുടെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നു. മാലിന്യ സംസ്കരണത്തിന് പ്രത്യേക ഫണ്ട് അനുവദിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- പ്രാദേശിക കൈത്തൊഴിൽ വസ്തുക്കൾ, മത്സ്യബന്ധന രീതികൾ, ഭക്ഷണ വൈവിധ്യം എന്നിവ വിനോദസഞ്ചാരവുമായി ഏകീകരിക്കുന്നത് പൈതൃകം സംരക്ഷിക്കുന്നു. ഭക്ഷ്യമേളകളും കൈത്തൊഴിൽ ശില്പശാലകളും സംഘടിപ്പിക്കുന്നത് വിനോദസഞ്ചാരികളെ ആകർഷിക്കുകയും കലാകാരന്മാരെയും പാചക പരമ്പരാഗതങ്ങളെയും പിന്തുണയ്ക്കുകയും ചെയ്യും. റെസ്പോൺസിബിൾ ടൂറിസം മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

- ആലപ്പുഴയിലെ ബാക്ക് വാട്ടർ ടൂറിസം സംസ്കാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പുമുഖേന ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി മത്സരങ്ങൾ നടത്തിവരുന്നു. ഇത്തരം ആഘോഷങ്ങളിൽ വിനോദസഞ്ചാരികളെ പങ്കെടുപ്പിക്കുന്നതിലൂടെ സമൂഹാഭിമാനവും കാഴ്ചപ്പാടും വർധിപ്പിക്കുന്നു.

(സി) തലശ്ശേരിയിലെ കൊളോണിയൽ വാസ്തുവിദ്യയുടെ സംരക്ഷണത്തിനുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കൊളോണിയൽ വാസ്തുവിദ്യയുടെ സംരക്ഷണം മുന്നിൽക്കണ്ട് തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിലുൾപ്പെടുത്തി THP-സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച്-സ്ട്രീറ്റ് ഡെവലപ്മെന്റ് തലശ്ശേരി ഹെറിറ്റേജ് പദ്ധതി-ഗ്രണ്ടർട്ട് മ്യൂസിയം ഫേസ് 1, 2, 3 എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പൊന്നാനിയിലെ ഇസ്ലാമിക സാംസ്കാരിക പൈതൃകം എങ്ങനെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ?

പഠനവിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഈ മൂന്ന് പ്രദേശങ്ങളിലെ പദ്ധതികളുടെ നടത്തിപ്പിലെ പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്ഥലലഭ്യത, വിവിധ കേന്ദ്രസർക്കാർ ഏജൻസികളിൽനിന്നുള്ള NOC, ബന്ധപ്പെട്ട വ്യക്തികളെയും സ്ഥാപനങ്ങളെയും സഹകരിപ്പിക്കൽ, അത്തരം stake holders-ന്റെ അനുമതി തുടങ്ങിയ വിഷയങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വെല്ലുവിളി നേരിട്ടിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി നൂതന സാങ്കേതികവിദ്യ

15(*255) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കായി നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഐ.ടി. അധിഷ്ഠിത പഠനത്തിനായി സ്കൂൾ തലത്തിൽ പ്രത്യേക അധ്യാപകരെ നിയമിക്കാതെ നിലവിലുള്ള അധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. "ഇൻഫർമേഷൻ ടെക്നോളജി" 2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പ്രായോഗിക പരീക്ഷയുൾപ്പെടെ നടത്തുന്ന ഒരു വിഷയമാണ്. കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രധാന നൂതന സാങ്കേതികവിദ്യാ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോ വിദ്യാർഥിയിലും അന്തർലീനമായ സർഗശേഷികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഓരോ വിദ്യാർഥിയിലും അന്തർലീനമായ സാങ്കേതിക സവിശേഷതകളെ കണ്ടെത്തുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനും കൈറ്റിന്റെ നേതൃത്വത്തിൽ വിവരവിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവുമുള്ള കുട്ടികളുടെ ഒരു സംഘത്തെ ഹൈസ്കൂളുകളിൽ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് മാതൃകയിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബ് യൂണിറ്റുകൾ എന്ന പേരിൽ ആരംഭിക്കുകയും പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും 1.8 ലക്ഷം ഹൈസ്കൂൾ വിദ്യാർഥികൾ അംഗങ്ങളായി പ്രവർത്തിക്കുന്നുമുണ്ട്.

(സി) നിർമ്മിതബുദ്ധി വ്യാപകമാകുന്ന ഈ കാലത്ത് ഒരേ സമയം സാങ്കേതികശേഷികളും തൊഴിൽ നൈപുണ്യവും ആർജ്ജിക്കുന്നതിനുള്ള പാഠഭാഗങ്ങൾ പുതുക്കിയ ഐ.സി.ടി. പാഠ്യഭാഗത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിർമിതബുദ്ധി, റോബോട്ടിക്സ് ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനും അവയെക്കുറിച്ചുള്ള ധാരണയുണ്ടാക്കുന്നതിനുമായി ഏഴാം ക്ലാസ് മുതലുള്ള ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പ്രത്യേക പാഠഭാഗങ്ങൾ ഉൾപ്പെടുത്തുകയും അവ വിനിമയം ചെയ്യുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുന്നതിനും കൈറ്റ് പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഏഴാം ക്ലാസിൽ നിലവിലുള്ള എ.ഐ. മോഡൽ ഉപയോഗിച്ചുകൊണ്ട് കമ്പ്യൂട്ടർ വിഷൻ പാഠഭാഗങ്ങളും എട്ടാം ക്ലാസിൽ മെഷീൻ ലേണിങ്ങ്

പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഭാഗങ്ങളും ഒൻപതാം ക്ലാസിൽ ജനറേറ്റീവ് എ.ഐ. ഉപയോഗിക്കുന്നതിനും പത്താം ക്ലാസിൽ റോബോട്ടിക്സും അതിൽ എ.ഐ.-യുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും എ.വി.ജി.സി. (അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ്, കോമിക്സ്) സംവിധാനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പുതുക്കിയ ഐ.സി.ടി. പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്വതന്ത്ര സോഫ്റ്റ്വെയറുകൾ കൈറ്റിന്റെ ചുമതലയിൽ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഐ.സി.ടി. പഠനം പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2007 മുതൽ ആരംഭിക്കുകയും 2008 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് നടത്തുകയും ചെയ്തു. ഉബുണ്ടു അധിഷ്ഠിതമായി പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റിന്റെ നേതൃത്വത്തിൽ പ്രത്യേക ഓപ്പറേറ്റിങ് സിസ്റ്റം വികസിപ്പിക്കുകയും കാലാകാലങ്ങളിൽ അപ്ഗ്രേഡ് ചെയ്യുന്നുമുണ്ട്. ആധുനിക ഹാർഡ്വെയറുകൾക്ക് അനുയോജ്യമായ പുതിയ KITE GNU-Linux 22.04 വെർഷനാണ് നിലവിൽ സ്കൂളുകൾക്ക് സൗജന്യമായി ലഭ്യമാക്കിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്കൂളുകളിലും ഓഫീസുകളിലും കൈറ്റ് വികസിപ്പിച്ച സ്വതന്ത്ര സോഫ്റ്റ്വെയറാണ് ഉപയോഗിക്കേണ്ടതെന്ന പ്രത്യേക ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിലേക്ക് കൈറ്റ് നൽകിയ ലാപ്ടോപ്പുകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത ഓപ്പറേറ്റിങ് സിസ്റ്റം ഉപയോഗിച്ചതിലൂടെമാത്രം പൊതുഖജനാവിന് 3,000 കോടി രൂപ ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്.

(ഇ) സമകാലീന ലോകത്ത് ഏറ്റവുമധികം തൊഴിൽസാധ്യതയുള്ള ആനിമേഷൻ സാങ്കേതികവിദ്യ സ്കൂൾ ക്ലാസ്സുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സമകാലീന ലോകത്ത് തൊഴിൽ സാധ്യതയുള്ള അനിമേഷൻ സാങ്കേതികവിദ്യയുൾപ്പെടെ സ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനായി സാങ്കേതികവിദ്യയിൽ താൽപര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകുന്നതിന് ഓരോ വർഷവും 1.8 ലക്ഷം ഹൈസ്കൂൾ കുട്ടികൾ അംഗങ്ങളായ 'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയും എല്ലാ സ്കൂൾ കുട്ടികൾക്കും അനിമേഷൻ പരിചയപ്പെടുത്തുന്നതിനായി ആറ്, പത്ത് ക്ലാസ്സുകളിലെ ഐ.സി.ടി. പാഠപുസ്തകത്തിൽ പ്രത്യേക പാഠഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അനിമേഷനിൽ താൽപര്യമുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സ്കൂൾ, വിദ്യാഭ്യാസ ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ പ്രത്യേക ക്യാമ്പുകളും എല്ലാ കുട്ടികൾക്കുമായി സ്കൂൾ മുതൽ സംസ്ഥാനതലം വരെ ഐ.ടി. മേളയിൽ അനിമേഷൻ പ്രത്യേക മത്സരയിനമായും ഉൾപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലകളിലെ അപകടങ്ങൾ തടയാൻ നടപടി

16 (*256) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് വിദ്യാർഥികളും യുവാക്കളും മരണമടയുന്നത് വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ടൂറിസം വകുപ്പിന്റെയും ഡി.ടി.പി.സി.-കളുടെയും ചുമതലയിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ പരമാവധി സ്വീകരിക്കാറുണ്ട്. മറ്റ് വകുപ്പുകൾ നടത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ മതിയായ സുരക്ഷ ഉറപ്പാക്കണമെന്ന് നിർദേശിക്കാറുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച സൈനേജ് ബോർഡുകൾ, സുരക്ഷാവേലി, ടൂറിസം പൊലീസിന്റെ സേവനം, ലൈഫ് ഗാർഡുകളുടെ സേവനം, സി.സി.ടി.വി ക്യാമറ, സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നത്, സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ്.

പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പൊലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ പതിനാല് ജില്ലകളിലായി 180 ടൂറിസം പൊലീസിനെ നിയോഗിച്ചിട്ടുണ്ട്.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റുചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 182 ലൈഫ് ഗാർഡുകൾ

സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പുനൽകിവരുന്നു.

സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ എല്ലാംതന്നെ നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ്, പൊലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുതുതായി കണ്ടെത്തുന്ന അപകടസാധ്യതയുള്ള ഡെസ്റ്റിനേഷനുകളിൽ അപകട മുന്നറിയിപ്പുകൾ നൽകിയും മറ്റ് സുരക്ഷാ സംവിധാനങ്ങളേർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്രമാതീതമായി സഞ്ചാരബാഹുല്യം വർധിച്ചുവരുന്നതായി കാണുന്നു. അതിനാൽ ടൂറിസം വകുപ്പുമുഖേന ക്യാരിയിങ് കപ്പാസിറ്റി പഠനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അനിയന്ത്രിത ഉപയോഗം ഇത്തരം അപകടങ്ങൾക്ക് പ്രധാന കാരണങ്ങളിലൊന്നാണെന്ന് വിനോദസഞ്ചാര വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിലുണ്ടായ അപകടങ്ങളെക്കുറിച്ച് അത്തരത്തിൽ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല.

(ഡി) ഇത്തരം അപകടമരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് സമൂഹത്തിന് അവബോധം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ടൂറിസം ഡെസ്റ്റിനേഷനുകളുമായി ബന്ധപ്പെട്ട അപകടങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരം അപകടം ഒഴിവാക്കുന്നതിനാവശ്യമായ സുരക്ഷാ മുന്നറിയിപ്പുകൾ നൽകാറുണ്ട്. സഞ്ചാരികൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ശ്രദ്ധിക്കാറുണ്ട്.

അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാമാനദണ്ഡങ്ങൾ

17 (*257) ശ്രീ. എ. രാജ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ പ്രാബല്യത്തിലുള്ള മാർഗനിർദേശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാഹസിക ടൂറിസം വളരുന്നതോടൊപ്പം വിനോദസഞ്ചാര വകുപ്പിന്റെ പ്രധാന ലക്ഷ്യം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുകയെന്നതാണ്. സാഹസിക വിനോദസഞ്ചാര മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി" (KATPS)-യുടെ നേതൃത്വത്തിലൊരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 ഇനം സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് റെഗുലേഷൻസ് തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടെന്റ് ക്യാമ്പിങ് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കര, വ്യോമ, ജല മേഖലയിലെ സാഹസിക ടൂറിസം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള സമഗ്രമായ ഗൈഡ്ലൈൻസ് സംവിധാനം നിലവിൽവന്നിട്ടുള്ളതാണ്. സാഹസിക ടൂറിസത്തിനുള്ള മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഈ ഗൈഡ്ലൈൻസ് മാതൃകയാക്കി അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇതോടൊപ്പംത്തന്നെ വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കി. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസിന്റെ മാനദണ്ഡത്തിനനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പുദ്യോഗസ്ഥരും ഈ മേഖലയിലെ

വിദഗ്ധരുമടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ രണ്ടുവർഷത്തേക്ക് ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത്.

സംസ്ഥാനത്തെ ഫ്ലോട്ടിങ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവയുടെ സുരക്ഷിതത്വം പരിശോധിക്കുന്നതിനും ഓഡിറ്റിങ് നടത്തുന്നതിനുംവേണ്ടി സർക്കാർ KATPS-നുകീഴിൽ ടെക്നിക്കൽ പാനലിനെ രൂപീകരിച്ച് നൽകിയിട്ടുണ്ട്. ഈ ടെക്നിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരള സംസ്ഥാനത്ത് ഫ്ലോട്ടിങ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവയ്ക്കുള്ള റെഗുലേഷൻ തയ്യാറാക്കി അതിന്റെ രജിസ്ട്രേഷൻ നടന്നുവരുന്നു.

(ബി) അഡ്വഞ്ചർ ടൂറിസം മേഖലയിലെ ഗൈഡുമാർക്കും ടെയിനർമാർക്കും നൽകിയിട്ടുള്ള സർക്കാർ അംഗീകൃത പരിശീലന പരിപാടികൾ വിശദമാക്കാമോ?

കേരള ടൂറിസം വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും കിറ്റ്സും ചേർന്നുകൊണ്ട് കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ ടെയിൻഡ് ആയിട്ടുള്ള ഗൈഡുമാർക്കും അഡ്വഞ്ചർ ടൂർ ആക്ടിവിറ്റി ലീഡേഴ്സിനുമായി സാഹസിക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. അഡ്വഞ്ചർ ആക്ടിവിറ്റി ലീഡർമാർക്കായി ഏഴ് ദിവസത്തെ പരിശീലന പരിപാടികളാണ് സംഘടിപ്പിക്കുന്നത്. പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുവേണ്ടിയുള്ള ഫസ്റ്റ് എയ്ഡ്, സി.പി.ആർ. അടക്കമുള്ള ടെയിനിങ്ങുകളും ആക്ടിവിറ്റികൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി ഇന്ത്യയിലെത്തന്നെ വിദഗ്ധരായ സാഹസിക പ്രൊഫഷണലുകളെ ഉൾപ്പെടുത്തി അഡ്വഞ്ചർ

പാർക്കുകളിലെ ഫീൽഡ് ട്രെയിനിങ് അടക്കം ഏഴ് ദിവസത്തെ വിദഗ്ധ പരിശീലനമാണ് നൽകുന്നത്. പരിശീലനങ്ങൾക്കുശേഷം ഫസ്റ്റ് എയ്ഡ് സി.പി.ആർ.-ന്റെയും സാഹസിക ടൂറിസം ആക്ടിവിറ്റി ലീഡർ എന്ന സർട്ടിഫിക്കറ്റും നൽകിവരുന്നു. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ തിരഞ്ഞെടുക്കപ്പെട്ട ടെക്നിക്കൽ മെമ്പേഴ്സും കിറ്റ്സ് അധ്യാപകരും ലോകനിലവാരത്തിലുള്ള അഡ്വഞ്ചർ ടൂറിസം സ്റ്റാൻഡേർഡുകൾ അനുസരിച്ചുള്ള സിലബസ്സിലാണ് ഈ ട്രെയിനിങ്ങുകൾ നൽകിവരുന്നത്.

(സി) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നമ്മുടെ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് സാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ മേഖലയാണ്. പ്രധാനമായും ദൈർഘ്യമേറിയ തീരപ്രദേശവും 44 നദികളും കായലുകളും അണക്കെട്ടുകളും നീണ്ടുകിടക്കുന്ന സഹ്യപർവതനിരയും സാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ ഭൂപ്രകൃതിയാണ്. ഇതുകൊണ്ടുതന്നെ സംസ്ഥാനത്തെ എല്ലാ ജില്ലകളും വ്യത്യസ്തങ്ങളായ സാഹസിക ടൂറിസം ആക്ടിവിറ്റികൾക്ക് അനുയോജ്യമാണ്. ട്രക്കിങ്, ഹൈക്കിങ്, വാട്ടർ അഡ്വഞ്ചർ ആക്ടിവിറ്റീസ്, കയാക്കിങ്, ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിങ് ബ്രിഡ്ജ് തുടങ്ങിയ വ്യത്യസ്തങ്ങളായ അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ കേരളത്തിൽ നടക്കുന്നുണ്ട്.

(ഡി) നിലവിൽ വികസിപ്പിച്ചിട്ടുള്ള അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വിവരങ്ങൾ വിശദമാക്കാമോ?

കേരളത്തിൽ സാഹസിക ടൂറിസത്തിന്റെ ഹബ്ബ് എന്ന് പ്രധാനമായും അറിയപ്പെടുന്നത് ഇടുക്കി ജില്ലയിലെ വാഗമൺ ആണ്. വാഗമണ്ണിൽ പ്രധാനമായും വാഗമൺ അഡ്വഞ്ചർ പാർക്കും പാരാഗ്ലൈഡിങ് സെന്ററും ഉൾപ്പെടുത്തി കേരളത്തിൽ ആസൂത്രിതമായിട്ടുള്ള ആദ്യത്തെ സാഹസിക പാർക്കാണ്. കോഴിക്കോട് ജില്ലയിലെ പുലിക്കയത്തുള്ള അന്തർദേശീയ കയാക്കിങ് പരിശീലന കേന്ദ്രം ഇന്ത്യയിലെത്തന്നെ ഗവൺമെന്റിന്റെ കീഴിലുള്ള ആദ്യത്തെ വൈറ്റ് വാട്ടർ കയാക്കിങ് പരിശീലന കേന്ദ്രമാണ്. ഇവിടെയാണ് ഏഷ്യയിലെത്തന്നെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പായ "മലബാർ റിവർ ഫെസ്റ്റിവൽ" സംഘടിപ്പിക്കുന്നത്. വർക്കല ബീച്ച് കേരളത്തിലെ വാട്ടർ സ്പോർട്സിന്റെ ഹബ്ബായി മാറിയിരിക്കുകയാണ്. എല്ലാ വർഷവും "ഇന്റർനാഷണൽ സർഫിങ് ഫെസ്റ്റിവൽ" സംഘടിപ്പിക്കുന്നത് വർക്കലയിലാണ്. വർക്കലയിൽ പ്രധാനമായും 30-ഓളം സർഫിങ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാരാഗ്ലൈഡിങ്, ജെറ്റ് സ്കീ മുതലായവ അടക്കമുള്ള നൂതന വാട്ടർ സ്പോർട്സ് ആക്ടിവിറ്റികൾ നടത്തിവരുന്ന കേന്ദ്രമാണ്.

കോവളത്ത് പി.പി.പി. മോഡലിൽ ടൂറിസം ഡിപ്പാർട്ട്മെന്റ് പാരാസെയിലിങ്, സ്കൂബ ഡൈവിങ് അടക്കമുള്ള നൂതന വാട്ടർ ബേസ്ഡ് ആക്ടിവിറ്റികൾ നടത്തിവരുന്നു. കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ ഉത്തരവാദിത്വ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സർഫിങ് സ്കൂൾ പ്രവർത്തിക്കുന്നു. വയനാട് ജില്ലയിലെ മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിലാണ് യു.സി.ഐ. (Union Cycliste International) എന്ന വേൾഡ് സൈക്ലിങ് അസോസിയേഷൻ അംഗീകരിച്ച ഏക മൗണ്ടൻ ബൈക്ക് ട്രാക്ക് സ്ഥിതി

ചെയ്യുന്നത്. ഇവിടെയാണ് എം.ടി.ബി. കേരള എന്ന പേരിൽ ലോക സൈക്ലിങ് ചാമ്പ്യൻഷിപ്പ് എല്ലാ വർഷവും ടൂറിസം ഡിപ്പാർട്ട്മെന്റ് സംഘടിപ്പിക്കുന്നത്.

അതുപോലെ ഇടുക്കി ജില്ലയിലെ ചെറുതോണിയിലുള്ള ഹിൽവ്യൂ പാർക്ക്, തിരുവനന്തപുരം ജില്ലയിലെ ആക്കുളം അഡ്വഞ്ചർ പാർക്ക്, വയനാട് ജില്ലയിലെ കർലാട് തടാകത്തിലുള്ള അഡ്വഞ്ചർ പാർക്ക്, വയനാട് ജില്ലയിലെ കാരാപ്പുഴ അഡ്വഞ്ചർ പാർക്ക്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് അഡ്വഞ്ചർ പാർക്ക് എന്നിവ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളാണ്.

തീർഥാടക ടൂറിസം പദ്ധതി

18 (*258) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ?

തീർഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർഥാടന സഞ്ചാരികൾക്കായി അമിനിറ്റി സെന്ററുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. തീർഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് 'തത്വമസി' എന്ന പേരിലും നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട് ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് എട്ട് പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് പദ്ധതികൾ പുരോഗമിച്ചുവരുന്നു. കിഫ്ബി മുഖാന്തരം തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെടുത്തി പത്ത് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പതിനെട്ട് പദ്ധതികൾ പുരോഗമിച്ചുവരുന്നു. തീർഥാടക-പൈതൃക ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

സാംസ്കാരിക കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങളുൾപ്പെടുത്തിയാണ് പദ്ധതി വിഭാവന ചെയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കൂടാതെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 'ശ്രീപത്മനാഭ-ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട്' എന്ന പദ്ധതിക്കും 'ശബരിമല-എരുമേലി-പമ്പ-സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട്' എന്ന പദ്ധതിക്കും അനുമതി ലഭിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വദേശ് ദർശൻ സ്കീമിന്റെ ഉപപദ്ധതിയായ ചലഞ്ച് ബെയ്സ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

'തലശ്ശേരി-ദി സ്പിരിച്വൽ നെക്സസ്' എന്ന പദ്ധതിക്ക് 25 കോടി രൂപയുടെ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

കേന്ദ്ര സർക്കാരിന്റെ "സ്വദേശ് ദർശൻ സ്കീം"-ൽ ഉൾപ്പെടുത്തി ശ്രീപത്മനാഭ-ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട് എന്ന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്ന് 78.07 ലക്ഷം രൂപയുടെയും ശബരിമല-എരുമേലി-പമ്പ-സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട് എന്ന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്ന് 46.53 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സ്വദേശ് ദർശൻ സ്കീമിന്റെ ഉപപദ്ധതിയായ "ചലഞ്ച് ബെയ്സ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് സ്കീമിൽ" ഉൾപ്പെടുത്തി തലശ്ശേരി-ദി സ്പിരിച്വൽ നെക്സസ് എന്ന പദ്ധതിക്ക് 25 കോടി രൂപയുടെ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു.

(സി) കേന്ദ്ര സഹായത്തോടെ കൂടുതൽ തീർഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ "പ്രസാദ് സ്കീം"-ൽ ഉൾപ്പെടുത്തി തീർഥാടന ടൂറിസം പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിനായി താഴെ പറയുന്ന നാല് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

- സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ അണ്ടർ പ്രസാദ് സ്കീം-പദ്ധതി തുക 29.91 കോടി രൂപ

- ചേരമൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ- പദ്ധതി തുക 4.29 കോടി രൂപ
- ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എറണാകുളം ഡിസ്ട്രിക്ട് -പദ്ധതി തുക 7 കോടി രൂപ
- റീമാജിനിങ് ദി ടെമ്പിൾ ടൗൺ ഇരിങ്ങാലക്കുട ഫോർ എൻഹാൻസിങ് പിൽഗ്രിമേജ് ടൂറിസം- പദ്ധതി തുക 4.01 കോടി രൂപ

(ഡി) മലബാർ മേഖലയിലെ തീർഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മലബാർ മേഖലയിലെ തീർഥാടന കേന്ദ്രങ്ങളെയുൾപ്പെടുത്തി തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട് ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് എട്ട് പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് പദ്ധതികൾ പുരോഗമിച്ചുവരുന്നു. കിഫ്ബി മുഖാന്തരം തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെടുത്തി പത്ത് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പതിനെട്ട് പദ്ധതികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്വദേശ് ദർശൻ സ്കീമിന്റെ ഉപപദ്ധതിയായ ചലഞ്ച് ബെയ്സ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് സ്കീമിലുൾപ്പെടുത്തി തലശ്ശേരി-ദി സ്പിരിച്വൽ നെക്സസ് എന്ന പദ്ധതിക്ക് 25 കോടി രൂപയുടെ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നു.

തൊഴിൽ ലഭ്യമാക്കുന്നതിന് സർക്കാർ നടത്തുന്ന ഇടപെടൽ

19(*259) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വർധിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവെ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചെയ്യുന്നില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2025 സെപ്റ്റംബർ 31 വരെ ആകെ 2241507 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളുടെ കണക്കുമാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽരഹിതരാകണമെന്നുമില്ല.

(ബി) കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷന്റെ കീഴിലുള്ള NSSO പ്രസിദ്ധീകരിക്കുന്ന പീരിയോഡിക് ലേബർ ഫോഴ്സ് സർവെ (PLFS) പ്രകാരം യുവാക്കളിലെ (പ്രായപരിധി 15-നും 29-നും ഇടയിൽ) തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. PLFS സർവെയുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് വകുപ്പിൽ വിവരശേഖരണ പ്രക്രിയകളൊന്നുംതന്നെ നടത്തുന്നില്ല.

സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവെ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് ചെയ്യുന്നില്ല.

(സി) യുവാക്കൾക്കാവശ്യമായ തൊഴിൽ കണ്ടെത്താൻ സർക്കാർ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ?

യുവാക്കൾക്കാവശ്യമായ തൊഴിൽ കണ്ടെത്തുന്നതിനായി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പുമുഖേന സംസ്ഥാന സർക്കാർ എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കിൽസ്, ഭാഷാ പരിജ്ഞാനം എന്നിവ മെച്ചപ്പെടുത്തിയും സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിനുള്ള അവരുടെ കഴിവ് മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

എംപ്ലോയബിലിറ്റി സെന്റർ പദ്ധതി മുഖേന നാളിതുവരെ സംഘടിപ്പിച്ച 3586 ഡ്രൈവുകൾ/ജോബ്ഫെയറുകളിൽനിന്നും 60493 നിയമനങ്ങൾ സ്വകാര്യ മേഖലകളിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്ത് യുവാക്കൾക്കാവശ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ചുവടെ ചേർക്കുംപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

1) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടപ്പിലാക്കിവരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശക്തീകരണം പദ്ധതിയുടെ ഭാഗമായി പതിനാല് ജില്ലാ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേനയും യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള ഏഴ് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ മുഖേനയും പി.എസ്.സി./യു.പി.എസ്.സി./എസ്.എസ്.സി. തുടങ്ങിയ മത്സരപരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർഥികൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാന വ്യാപകമായി നിയുക്തി മെഗാജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിനുപുറമെ തൊഴിലന്വേഷകർക്ക് ശരിയായ തൊഴിൽ കണ്ടെത്തുന്നതിന് സ്കൂൾതലം മുതൽ തൊഴിൽ മാർഗനിർദേശ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

2) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുള്ള മോഡൽ കരിയർ സെന്റർ പദ്ധതിപ്രകാരം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർഥികൾക്ക് ലഭ്യമാക്കുന്നതിന് ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നു.

3) കേന്ദ്ര സർക്കാരിന്റെ മിഷൻ മോഡ് പ്രോജക്ട് ഫോർ ഇന്റർ ലിങ്കിങ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് എന്ന പദ്ധതിയുടെ ഭാഗമായും ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു.

യുവാക്കൾക്കാവശ്യമായ തൊഴിൽ കണ്ടെത്താൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖാന്തരം കെസ്റ്റു, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ, കൈവല്യ എന്നീ സ്വയംതൊഴിൽ സഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പുമുഖേന സമന്വയ എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

ബാങ്കിങ് റിക്രൂട്ട്മെന്റ് പരീക്ഷ/പി.എസ്.സി./യു.പി.എസ്.സി. തുടങ്ങിയ വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ സമന്വയ പദ്ധതിപ്രകാരം നൽകി, സർക്കാർ മേഖലയിലെ വിവിധ തൊഴിലുകൾക്ക് മേൽവിഭാഗത്തിൽപ്പെട്ട യുവാക്കളെ പ്രാപ്തരാക്കിവരുന്നു. തൊഴിലും നൈപുണ്യവും വകുപ്പിന്റെ ഇടപെടലുകൾക്കുപുറമെ മറ്റ് സർക്കാർ വകുപ്പുകളും യുവാക്കൾക്കാവശ്യമായ തൊഴിൽ കണ്ടെത്തുവാനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്.

സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ

20 (*260) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള ലിംഗപരമായ/തൊഴിൽപരമായ വിവേചനം ഉന്മൂലനം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാർ പോഷ് ആക്ട്-2013, ഈക്വൽ റെമ്യൂണറേഷൻ ആക്ട്-1976, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്-1961 എന്നിവ പാസ്സാക്കിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികപരമായ ചൂഷണങ്ങളും വിവേചനങ്ങളും തടയുന്നതിനായി പാസ്സാക്കിയ നിയമമാണ് പ്രിവെൻഷൻ ഓഫ് സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക് പ്ലെയ്സ് ആക്ട്-2013 (പോഷ് ആക്ട്). സ്ത്രീ, പുരുഷ തൊഴിലാളി ഭേദമന്യേ എല്ലാ തൊഴിലാളികൾക്കും തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ പാസ്സാക്കിയ നിയമമാണ് ഈക്വൽ റെമ്യൂണറേഷൻ ആക്ട്. സ്ത്രീ തൊഴിലാളികൾക്ക് പ്രസവകാലത്ത് വേതനത്തോടുകൂടിയ അവധി നൽകുന്നതിനും പ്രസവകാല തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനുമായി കേന്ദ്ര സർക്കാർ പാസ്സാക്കിയ നിയമമാണ് മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്. കൂടാതെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് അമെന്റ്മെന്റ് റൂൾസ്, 2007 പ്രകാരം സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി ചട്ടം 6 (ബി) (Precaution against sexual harassment in the establishment) കൂട്ടിച്ചേർത്തിട്ടുണ്ട്. Kerala Shops & Commercial Establishment Act, 2018 പ്രകാരം സ്ത്രീ തൊഴിലാളികളുടെ ജോലി സാധ്യത വർധിപ്പിക്കുന്നതിനായി നിയമം ഭേദഗതി ചെയ്തിട്ടുണ്ട്.

(ബി) സ്ത്രീ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

1961-ലെ ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസ്, 6D പ്രകാരം അമ്പതിലധികം ജീവനക്കാരുള്ള എല്ലാ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ക്രഷ് സൗകര്യം (ശിശുപരിപാലന സൗകര്യം) ഒരുക്കുന്നതിനുള്ള നിർദേശം കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. സ്ത്രീ, പുരുഷ തൊഴിലാളി ഭേദമന്യേ എല്ലാ തൊഴിലാളികൾക്കും തുല്യജോലിക്ക് തുല്യവേതനം നൽകുന്നുണ്ടോയെന്ന് സ്ഥാപനങ്ങളിൽ പരിശോധന നടത്തി ഉറപ്പുവരുത്തുകയും അത് പാലിക്കാത്ത സ്ഥാപനങ്ങൾക്ക് നിർദേശം നൽകുകയും ചെയ്യുന്നു. രാത്രി കാലങ്ങളിൽ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി ചുവടെ പറയുംപ്രകാരം നിർദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

- രാത്രികാലങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി രാത്രി ഒൻപത് മണിക്കും രാവിലെ ആറ് മണിക്കുമിടയിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പുകളായി മാത്രമെ നിയോഗിക്കാവൂ. അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് രണ്ടുപേർ സ്ത്രീ ജീവനക്കാരായിരിക്കണം.
- സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതവും പ്രത്യേകവുമായി വിശ്രമമുറികൾ തൊഴിലുടമ ലഭ്യമാക്കേണ്ടതാണ്.
- രാത്രികാലങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് താമസ സ്ഥലം മുതൽ ജോലിസ്ഥലം വരെയും തിരിച്ചും വാഹന സൗകര്യം തൊഴിലുടമ നൽകേണ്ടതാണ്.

(സി) ഗർഭിണികൾക്കും അമ്മമാർക്കും തൊഴിലിടങ്ങളിൽ സൗകര്യങ്ങളൊരുക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

1961-ലെ ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസിൽ 05-05-2022-ലെ സ.ഉ.(അച്ചടി)36/2022/തൊഴിൽ പ്രകാരം വന്ന ഭേദഗതിയിൽ ചട്ടം 6D പ്രകാരം അമ്പതോ അതിലധികമോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും തുടർച്ചയായി 12 മാസം തൊഴിലുടമ സൗജന്യമായി ക്രഷ് സൗകര്യം (ശിശുപരിപാലന സൗകര്യം) ഒരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തുതന്നെ അല്ലെങ്കിൽ 500 മീറ്റർ പരിധിക്കുള്ളിൽ ക്രഷ് സൗകര്യം ഒരുക്കേണ്ടതും കുട്ടികൾക്ക് സുരക്ഷിതവും ശുചിത്വപരവുമായ അന്തരീക്ഷം ഉറപ്പാക്കേണ്ടതും പരിശീലനം ലഭിച്ച ജീവനക്കാരെ കുട്ടികളുടെ പരിപാലനത്തിനായി നിയമിക്കേണ്ടതും തൊഴിലുടമയുടെ ഉത്തരവാദിത്വമാണ്. സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് തൊഴിൽ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) എല്ലാ സ്ഥാപനങ്ങളിലും ലൈംഗികാതിക്രമ പ്രതിരോധ സംവിധാനങ്ങൾ നിർബന്ധമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1961-ലെ ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6B പ്രകാരം, ടി നിയമം ബാധകമാകുന്ന എല്ലാ സ്ഥാപനങ്ങളിലും ആഭ്യന്തര പരാതി കമ്മിറ്റി (ICC) രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥപ്രകാരം തൊഴിലിടങ്ങളിൽ ആഭ്യന്തര പരാതി കമ്മിറ്റി രൂപീകരിക്കുകയും പരാതികൾ അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും സ്ത്രീ

തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടത് തൊഴിലുടമയുടെ ഉത്തരവാദിത്വമാണ്. തൊഴിൽ വകുപ്പുദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ ആഭ്യന്തര പരാതി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായി ഉറപ്പുവരുത്തുന്നുണ്ട്. പത്തിൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ പോഷ് ആക്ട് പ്രകാരമുള്ള ആഭ്യന്തര പരാതി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ടി നിയമം നടപ്പിലാക്കുന്നതിനും സംസ്ഥാനത്ത് വനിതാ-ശിശു വികസന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളിലെ ICC-കളുമായി ബന്ധപ്പെട്ട് പോഷ് പോർട്ടലിൽ വിവരങ്ങൾ ചേർക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി നടപടി സ്വീകരിക്കുന്നുണ്ട്.

(ഇ) തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുവാൻ തൊഴിൽ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ലെങ്കിലും സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് തൊഴിൽ വകുപ്പിന് സാധ്യമായിട്ടുണ്ട്.

സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം 'സഹജ' എന്ന പേരിൽ സജ്ജീകരിക്കുകയും ഇതിന്റെ

പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടന്നുവരികയും ചെയ്യുന്നുണ്ട്. 1800-4255-5215 എന്നതാണ് ടോൾ ഫ്രീ നമ്പർ. പ്രസ്തുത കോൾ സെന്റർ മുഖാന്തരം നാളിതുവരെ ലഭ്യമായ 233 പരാതികളിൽ 226 എണ്ണം തീർപ്പാക്കുകയും 7 എണ്ണം തീർപ്പാക്കൽ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഗർഭിണികളും അമ്മമാരുമായ തൊഴിലാളികൾക്ക് ശിശുപരിപാലനത്തിനായി ക്രഷ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പത്തിൽ കൂടുതലായി സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും ആഭ്യന്തര പരാതി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുവഴി സ്ത്രീ തൊഴിലാളികൾക്ക് നേരെയുള്ള ലൈംഗികാതിക്രമം തടയാൻ സാധിച്ചിട്ടുണ്ട്. എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി അവരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മോണിറ്റർ ചെയ്യുന്നതിനുമായി 08-07-2015-ലെ G.O.(P)No.84/2015/LBR, SRO No. 458/2015 പ്രകാരം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രാത്രികാലങ്ങളിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി ചുവടെ പറയുംപ്രകാരം നിർദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

- രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി രാത്രി ഒൻപത് മണിക്കും രാവിലെ ആറ് മണിക്കുമിടയിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പുകളായി മാത്രമേ നിയോഗിക്കാവൂ. അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് രണ്ടുപേർ സ്ത്രീ ജീവനക്കാരായിരിക്കണം.

- സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതവും പ്രത്യേകവുമായി വിശ്രമമുറികൾ തൊഴിലുടമ ലഭ്യമാക്കേണ്ടതാണ്.
- രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് താമസ സ്ഥലം മുതൽ ജോലിസ്ഥലം വരെയും തിരിച്ചും വാഹന സൗകര്യം തൊഴിലുടമ നൽകേണ്ടതാണ്.

റവന്യൂ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം

21(*261) ശ്രീ. എ. പ്രഭാകരൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ റവന്യൂ വകുപ്പിനുകീഴിലുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം 14 ജില്ലകളെ 14 ഇൻസ്റ്റൻസുകളിലായും ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, ലാൻഡ് ബോർഡ്, സർവെ ഡയറക്ടറേറ്റ് തുടങ്ങിയ ഓഫീസുകൾ ഇ-റവന്യൂ എന്ന ഇൻസ്റ്റൻസിലൂടെയും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലേയും ഓഫീസിൽ ടി സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ മാസവും യോഗം ചേരുകയും പുരോഗതി റിപ്പോർട്ട് അവലോകനം ചെയ്യുകയും ചെയ്തുവരുന്നു. വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണതോതിൽ ഉപയോഗിക്കുന്നതിനുവേണ്ട കർശന നിർദേശവും നൽകിയിട്ടുണ്ട്.

(ബി) റവന്യൂ കോൾ സെന്റർ, ഇൻഫർമേഷൻ ബ്യൂറോ, യൂ ട്യൂബ് ചാനൽ തുടങ്ങിയ സംവിധാനങ്ങൾ പൊതുജന പരാതികൾ പരിഹരിക്കുന്നതിൽ എത്രത്തോളം കാര്യക്ഷമമാണെന്ന് അറിയിക്കാമോ?

പൊതുജന പരാതികൾ പരിഹരിക്കുന്നതിൽ റവന്യൂ കോൾ സെന്റർ, ഇൻഫർമേഷൻ ബ്യൂറോ, യൂ ട്യൂബ് ചാനൽ തുടങ്ങിയ സംവിധാനങ്ങളുടെ കാര്യക്ഷമത സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

റവന്യൂ കാൾ സെന്റർ

തിരുവനന്തപുരം ജില്ലയിൽ പട്ടം ഐ.ടി. മിഷൻ ആസ്ഥാനമായി 2021 നവംബർ ഒന്നാം തീയതിയാണ് റവന്യൂ കാൾ സെൻറർ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചും സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പൊതുജനങ്ങളുടെ ഫോൺകോളുകൾ ലഭിക്കാറുള്ളതും അവർ അറിയിക്കുന്ന പരാതികൾക്കും സംശയങ്ങൾക്കും ഐ.എൽ.ഡി.എം. (Institute of Land and Disaster Management) ഫാക്കൽറ്റി, റവന്യൂ രേഖകൾ എന്നിവയുടെ കൂടി സഹായത്തോടെ ആധികാരികമായി പൊതുജനങ്ങൾക്ക് മറുപടികൾ നൽകിവരുന്നതുമാണ്.

കൂടാതെ ചില റവന്യൂ ഓഫീസുകളിൽ ദീർഘകാലമായി കുടുങ്ങിക്കിടക്കുന്ന പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട മേലധികാരികളെ വിളിച്ച് പരിഹാരം ആവശ്യമുള്ള വ്യക്തിയെക്കൂടി ഉൾപ്പെടുത്തി കോൺഫറൻസ് സംവിധാനത്തിലൂടെ കണക്ട് ചെയ്ത് അടിയന്തര നിയമാനുസൃത നടപടികൾ കോൾ സെന്റർ മുഖേന സ്വീകരിച്ചുവരുന്നു. മാത്രമല്ല പൊതുജനങ്ങളുടെ

പരിഹരിക്കപ്പെടാതെയുള്ള വിഷയങ്ങൾ കോൾ സെന്റർ മുഖേന രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട മേലധികാരികൾക്ക് അയച്ചുകൊടുത്ത് ടി പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം തേടാറുള്ളതുമാണ്.

റവന്യൂ ഇൻഫർമേഷൻ ബ്യൂറോ യൂട്യൂബ് ചാനൽ

റവന്യൂ വകുപ്പിലെ പദ്ധതികളും പരിപാടികളും വകുപ്പ് നടപ്പിലാക്കിവരുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള അറിയിപ്പുകളും ജനങ്ങൾക്കും ജീവനക്കാർക്കും ലഭ്യമാക്കുന്ന വിധത്തിൽ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്ന ജോലിയാണ് റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ചെയ്തുവരുന്നത്. റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ യൂട്യൂബ് ചാനൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ഓൺലൈൻ പ്ലാറ്റ്ഫോം ആണ്. അത് പൊതുജനങ്ങളുടെ സംശയദൂരീകരണത്തിനും പരാതി പരിഹാരത്തിനും വളരെ ഉപകാരപ്രദമായ രീതിയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) മൊബൈൽ ആപ്പ്, ഡിജിറ്റൽ റവന്യൂ കാർഡ്, ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം എന്നിവ സംസ്ഥാനമൊട്ടാകെ നടപ്പാക്കിയതിന്റെ പുരോഗതി വിശദമാക്കാമോ?

മൊബൈൽ ആപ്പ്, ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം, ഡിജിറ്റൽ റവന്യൂ കാർഡ് എന്നിവ സംസ്ഥാനമൊട്ടാകെ നടപ്പാക്കിയതിന്റെ/നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

മൊബൈൽ ആപ്പ്

ലാൻഡ് റവന്യൂ വകുപ്പിൽ റവന്യൂ ഇ-സർവീസസ് എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്. ലാൻഡ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നികുതികൾ, ഫീസുകൾ എന്നിവ ഓൺലൈനായി ഒടുക്കുന്നതിനും ഭൂവിവരങ്ങൾ, ഭൂരേഖകളുടെ നാളതീകരണം എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുമായി ഉപയോഗിക്കുന്ന റവന്യൂ ഇ-സർവീസസ് സിറ്റിസൺ പോർട്ടലിന്റെ മൊബൈൽ വേർഷനാണ് റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ. ടി ആപ്പിന്റെ പരിഷ്കരിച്ച പതിപ്പ് NIC തയ്യാറാക്കിയിട്ടുള്ളതും അതിന്റെ ബീറ്റാ വേർഷൻ User Acceptance Test-ന് ലഭ്യമാക്കിയിട്ടുള്ളതും അത് പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്.

ഓൺലൈൻ മ്യൂട്ടേഷൻ (സംയോജിത ഓൺലൈൻ പോക്കുവരവ്)

ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ, സർവെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനമൊട്ടാകെ ടി ഓൺലൈൻ മ്യൂട്ടേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

'ഡിജിറ്റൽ റവന്യൂ കാർഡ്' പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ റവന്യൂ, സർവെ വകുപ്പുകളിലെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് തത്വത്തിലുള്ള അനുമതി

സർക്കാർ നൽകുകയുണ്ടായി. അതിൻപ്രകാരം എംപാനൽഡ് ഏജൻസിയായ കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും അതിന്മേൽ ഡ്രാഫ്റ്റ് എഗ്രിമെന്റ് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

(ഡി) റവന്യൂ വകുപ്പിൽ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത സേവനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; 2026-ഓടെ എല്ലാ സേവനങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

റവന്യൂ വകുപ്പിൽ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത സേവനങ്ങൾ താഴെ വിവരിക്കുന്നവയാണ്.

1. തണ്ടപ്പേർ ആധാർ ലിങ്കിങ്

2. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

3. ലൊക്കേഷൻ മാപ്പ് ഓൺലൈൻ

4. FMB ഓൺലൈൻ

5. വില്ലേജ് വെബ്സൈറ്റ്

6. കേരള ബിൽഡിങ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

7. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ

8. ഭൂമി തരംമാറ്റം ഓൺലൈൻ

9. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ (Social Security Pension Module)

10. എൻഡോസൾഫാൻ വികൃതം ധനസഹായ പോർട്ടൽ

11. പ്രവാസി മിത്രം

12. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)

13. പരാതി പോർട്ടൽ

14. അലർട്ട് പോർട്ടൽ

15. VOMIS (Village Office Management Information System)

16. സർപ്രൈസ് ഇൻസ്പെക്ഷൻ മൊഡ്യൂൾ

17. ഓൺലൈൻ ട്രാൻസ്ഫർ-ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം (എച്ച്.ആർ.എം.എസ്.)

18. അസറ്റ് മാനേജ്മെന്റ് സിസ്റ്റം

19. Grievances and Innovations Module

20. വയൽ മൊഡ്യൂൾ

21. സിംഗിൾ സൈൻ-ഓൺ സിസ്റ്റം

22. ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം (LAMS)

23. വനഭൂമി വിവരശേഖരണം

24. സൂട്ട് മോണിറ്ററിങ് സിസ്റ്റം (https://suit.revenue.kerala.gov.in)

25. റവന്യൂ ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം (https://rims.kerala.gov.in)

26. Suveedhi (https://dmdsdrf.cdit.project.org)

27. ന്യൂ ജനറേഷൻ e-Pos Machine

28. ഇ-ഡിസ്ട്രിക്ട്

29. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ

30. ആർ.ആർ. ഓൺലൈൻ

31. സംയോജിത ഓൺലൈൻ പോക്കുവരവ്

32. റവന്യൂ ഇ-പേയ്മെന്റ്

33. ആർ.ആർ. ഡിജിറ്റൽ പേയ്മെന്റ്

34. റവന്യൂ വകുപ്പിൽ www.revenue.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന നൽകിവരുന്ന സേവനങ്ങൾ

35. Any Land Search

36. KBT Appeal

37. Business User Login using PAN

മേൽപ്പരാമർശിച്ചിട്ടുള്ള സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2026-ഓടെ എല്ലാ സേവനങ്ങളും ഡിജിറ്റൈസ് ചെയ്യുക എന്ന ലക്ഷ്യത്തോടെ ചുവടെപ്പറയുന്ന മൊഡ്യൂളുകൾ തയ്യാറാക്കിവരികയാണ്.

(a) പട്ടയം മൊഡ്യൂൾ

(b) ലീസ് മൊഡ്യൂൾ

(c) നിജസ്ഥിതി സർട്ടിഫിക്കറ്റ്

(d) സീലിങ് മൊഡ്യൂൾ

പട്ടയം മൊഡ്യൂൾ, ലീസ് മൊഡ്യൂൾ, നിജസ്ഥിതി സർട്ടിഫിക്കറ്റ്, സീലിങ് മൊഡ്യൂൾ എന്നിവ തയ്യാറാക്കുന്നതിന് NIC-ക്ക് നിർദേശം നൽകിയിട്ടുള്ളതും അതിന് NIC നൽകിയ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരികയുമാണ്. കൂടാതെ റെലിസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2.0 റവന്യൂ വകുപ്പിലെ ഭൂമികളുടെ ഡാറ്റ ലഭ്യമായിട്ടുള്ള www.revenue.kerala.gov.in (റെലിസ്)-ന്റെ പരിഷ്കരിച്ച പതിപ്പ് തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ NIC ലഭ്യമാക്കിയിട്ടുള്ളതും അതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. ഇപ്രകാരം 2026-ഓടുകൂടി റവന്യൂ വകുപ്പിന്റെ എല്ലാ സേവനങ്ങളും ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(e) ഡിജിറ്റൽ റവന്യൂ കാർഡ്: എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഭൂമിക്കും സ്മാർട്ടായ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ തിരിച്ചറിയൽ സംവിധാനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത് നടപ്പിലാക്കുന്നതിലേക്കായി നടപ്പുസാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവെ നമ്പർ, ബ്ലോക്ക് നമ്പർ, സബ്ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി. നൽകുകയും ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ.ഡി. ഉപയോഗപ്പെടുത്തി പത്ത് ഡിജിറ്റ് വരുന്ന വിധത്തിൽ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ അടങ്ങുന്നതും സ്കാൻ ചെയ്താൽ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിലുള്ള ഡൈനാമിക് QR കോഡ് കൂടി ഉൾപ്പെടുന്ന ഒരു ഡിജിറ്റൽ റവന്യൂ കാർഡ് തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(f) Revenue e Court: ലാൻഡ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങളുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതികൾ, മെയിന്റനൻസ് ട്രൈബ്യൂണലുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ, അപ്പലേറ്റ് അതോറിറ്റികൾ തുടങ്ങി

വിവിധങ്ങളായ റവന്യൂ കോടതികളുടെ സമ്പൂർണ്ണ ഓട്ടോമേഷൻ ലക്ഷ്യമിട്ടുള്ള പദ്ധതിയും നടപ്പിൽ വരുത്താനുദ്ദേശിക്കുന്നുണ്ട്.

തൊഴിൽ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ നിയമനിർമ്മാണം

22(*262) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. പി. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി നിലവിൽ എന്തൊക്കെ നിയമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി വിവിധ നിയമങ്ങളും നിയമനിർമ്മാണ സംവിധാനങ്ങളും നിലവിലുണ്ട്. ഇവ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലാളികൾക്ക് നിയമപരമായ നീതി ഉറപ്പാക്കാനും സഹായിക്കുന്നു. സംസ്ഥാന ലേബർ കമ്മിഷണറുടെ മേൽനോട്ടത്തിൽ മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മിഷണർമാർ, 14 ജില്ലാ ലേബർ ഓഫീസർമാർ (എൻഫോഴ്സ്മെന്റ്), 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവർ വിവിധ തൊഴിൽ മേഖലകളിൽ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് തൊഴിൽമേഖലയിലെ ചൂഷണം തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ താഴെപ്പറയുന്നവയാണ്.

മിനിമം വേജസ് ആക്ട് 1948, പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972, കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് 1961, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ്സ് (സ്റ്റാന്റിങ് ഓർഡർ) ആക്ട് 1946, ഈകുവൽ റെമ്യൂണറേഷൻ ആക്ട് 1976, ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ട് 1986, കോൺട്രാക്ട് ലേബർ (റെഗുലഷൻ & അബോളിഷൻ) ആക്ട് 1970, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് 1979, കേരള കാഷ്വൽ ടെമ്പററി ആൻഡ് ബദലി വർക്കേഴ്സ് (വേജസ്) ആക്ട് 1989, കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെന്റ് ഓഫ് ഫെയർ വേജസ് ആക്ട് 1971, കേരള പേയ്മെന്റ് ഓഫ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് 1972, കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് 1996, കേരള ബീഡി & സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ്) ആക്ട് 1966, കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് 1996, പ്ലാന്റേഷൻസ് ലേബർ ആക്ട് 1951, സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് 1976, ട്രേഡ് യൂണിയൻസ് ആക്ട് 1976, വർക്കിങ് ജേർണലിസ്റ്റ്സ് ആൻഡ് അദർ ന്യൂസ്

പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവീസ് & മിസലേനിയസ് പ്രൊവിഷൻസ്) ആക്ട് 1995, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് 1923.

(ബി) ഐ. ടി. മേഖലയിലുൾപ്പെടെ തൊഴിൽ സമയം കഴിഞ്ഞും അവധി ദിവസവുമടക്കം ജീവനക്കാരെക്കൊണ്ട് അധികജോലി ചെയ്യിപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി. സ്ഥാപനങ്ങളെല്ലാം ഇവർക്ക് ബാധകമായ തൊഴിൽനിയമങ്ങളുടെ പരിധിയിൽ വരുന്നുണ്ട്. ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഐ.ടി. മേഖലയുൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ സമയം കഴിഞ്ഞും അവധി ദിവസവുമടക്കം ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി വ്യാപക പരാതികൾ ലഭിച്ചിട്ടില്ല. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ലഭിച്ച ഇത്തരത്തിലുള്ള പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ഐ.ടി. മേഖലയിലും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും അധികസമയം ജോലി ചെയ്യുന്ന ജീവനക്കാർക്ക് പരാതികളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ ഓവർടൈം വേതനം ലഭിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടാൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും തൊഴിലുടമകൾക്കെതിരെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം കേസ് ഫയൽ ചെയ്യുകയും ചെയ്യാറുണ്ട്.

(സി) ഇത്തരത്തിലുള്ള തൊഴിൽ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ നിയമനിർമ്മാണം ആലോചനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ മേഖലകളിലെ തൊഴിൽ ചൂഷണങ്ങൾ തടയുന്നതിനായി നിലവിലുള്ള തൊഴിൽ നിയമങ്ങൾ പര്യാപ്തമാണ്. സംസ്ഥാനത്തെ വിവിധ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കായി അവധി, വിശ്രമസമയം തുടങ്ങിയ തൊഴിലവകാശങ്ങൾ ഏകീകൃതമായി ഉറപ്പാക്കുന്നതിനായി 1960-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1958-ലെ നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമം എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാരപരിധിയിൽ Routine സ്ഥാപന പരിശോധനകളും centralised inspection system മുഖാന്തരമുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്. തൊഴിൽ സമയം കഴിഞ്ഞും അവധി ദിവസമടക്കം ജോലി ചെയ്യിക്കുന്നുവെന്ന പരാതികൾ ലഭിക്കുന്ന മുറയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവെ

23(*263) ശ്രീ. വി. ജോയി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ ലാൻഡ് സർവെ സംവിധാനം ദേശീയ തലത്തിൽത്തന്നെ മാതൃകയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. കേരളം ഭൂപരിപാലന മേഖലയിൽ രാജ്യത്തിനുത്തന്നെ മാതൃകയാവുകയാണ്. പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ച് ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതി നടപ്പിലാക്കി. RTK (Real-Time Kinematic) സർവെ, GNSS (Global Navigation Satellite System), GIS (Geographic Information System) അടിസ്ഥാന പ്രക്രിയകൾ എന്നിവയുടെ സംയോജനത്തിലൂടെ ഭൂവിവരങ്ങളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുകയും ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) ആരംഭിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സുതാര്യമായ സേവനങ്ങൾ നൽകുന്നതിൽ റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ ഭൂസേവനങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് എന്റെ ഭൂമി സംയോജിത പോർട്ടൽ സജ്ജീകരിച്ചത്. വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം നിർണ്ണായകമായ പങ്കുവഹിച്ചു.

ഡിജിറ്റൽ ലാൻഡ് സർവെയിലൂടെ കേരളം നേടിയ പുരോഗതിയും വിപ്ലവകരമായ പരിഷ്കാരങ്ങളും രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും വിവിധ സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും ഡിജിറ്റൽ അറിവുകൾ പങ്കുവയ്ക്കുന്നതിനുമായി റവന്യൂ വകുപ്പും സർവെയും ഭൂരേഖയും വകുപ്പും സംയുക്തമായി ദേശീയ സർവെ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.

പ്രസ്തുത കോൺക്ലേവിൽ രാജ്യത്തെ 23 സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികളും കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരും ബഹുമാനപ്പെട്ട ഹിമാചൽ പ്രദേശ് റവന്യൂ വകുപ്പുമന്ത്രിയും മുതിർന്ന IAS ഉദ്യോഗസ്ഥരും വിഷയാവതരണത്തിനെത്തിയ സ്പീക്കർമാരും സംസ്ഥാനത്തെ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരും ഉൾപ്പെടെ അഞ്ഞൂറോളം പേർ പങ്കെടുത്തിരുന്നു.

RTK സർവെയുടെ പ്രായോഗിക സംവിധാനങ്ങൾ, GIS & GNSS അടിസ്ഥാന സർവെ പ്രക്രിയകൾ എന്നിവയെക്കുറിച്ചും ഡിജിറ്റൽ രേഖകളുടെ സൂക്ഷ്മ നിർവഹണവും അപ്ഡേറ്റ് പ്രക്രിയ, പോരായ്മകൾ കണ്ടെത്തൽ, സംശയനിവാരണവും ഫീഡ്ബാക്ക് എന്നിവയെക്കുറിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ ഉദ്യോഗസ്ഥർക്ക് മനസ്സിലാക്കുന്നതിന് ഇതിലൂടെ കഴിഞ്ഞു. കേരള സർവെ മോഡൽ നേരിട്ട് കാണാനും ഡിജിറ്റൽ സർവെയുടെ നേട്ടങ്ങൾ വിലയിരുത്തുന്നതിനും അവസരമുണ്ടാക്കി. സംസ്ഥാന ഡിജിറ്റൽ സർവെ സംവിധാനത്തിന്റെ മികച്ച മാർഗനിർദേശങ്ങളും നയങ്ങളും ദേശീയ തലത്തിൽ മറ്റുസ്ഥാപനങ്ങൾക്ക് പഠനവിധേയമായി. കേരളത്തിന്റെ ഡിജിറ്റൽ ലാൻഡ് സർവെ സംവിധാനം സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തേക്കുമുള്ള മാതൃകയായി. കോൺക്ലേവിലൂടെ അന്തർസംസ്ഥാന ഉദ്യോഗസ്ഥർക്ക് പരിശീലനവും അനുഭവങ്ങൾ പങ്കിടലും നടന്നു. ഇത് ഭാവിയിൽ കൂടുതൽ സമഗ്ര ഡിജിറ്റൽ സർവെ പദ്ധതികൾക്ക് വഴിതുറക്കും. നാഷണൽ സർവെ കോൺക്ലേവിലുണ്ടായ വലിയ പ്രാതിനിധ്യവും കോൺക്ലേവിന് ശേഷവും ഒരാഴ്ച മുതൽ ഒരു മാസകാലം വരെ നീണ്ടുനിൽക്കുന്ന ട്രെയിനിങ്ങിനായി കേരളത്തിലേക്ക് വിവിധ സംസ്ഥാനങ്ങളിൽനിന്നും ഉദ്യോഗസ്ഥർ വീണ്ടും എത്തിച്ചേരുന്നതും കേരളത്തിലെ ഡിജിറ്റൽ

സർവെ നടപടികൾക്കുള്ള അംഗീകാരമാണ്. ഭൂപരിഷ്കരണ നിയമത്തിലൂടെ ഭൂവിതരണത്തിൽ ഇന്ത്യക്ക് മാതൃകയായ കേരളം ഡിജിറ്റൽ സർവെയിലൂടെയും ഭൂഭരണത്തിന്റെ ആധുനികവൽക്കരണത്തിലൂടെയും വീണ്ടുമൊരു കേരള മോഡൽ സൃഷ്ടിക്കുകയാണ്.

ഡിജിറ്റൽ സർവെ വഴി സർവെ പൂർത്തീകരിച്ച വില്ലേജുകളിലുൾപ്പെട്ട വസ്തുക്കളുടെ പൂർണ്ണവിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ ഭൂരേഖ വിവരങ്ങളുടെ കൃത്യമായതും ഡിജിറ്റലായി നാളതീകരിച്ചതുമായ സ്കെച്ചോടുകൂടി എല്ലാ ഭൂമിയിടപാടുകളും സുതാര്യമായി നടക്കുന്നതാണ്. വിവിധ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഭൂമിയിടപാടുകളിൽ കാര്യക്ഷമതയും വേഗതയും ഇതുവഴി വർധിക്കുന്നു. ഈ ഓൺലൈൻ സേവനലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ആധുനിക സാങ്കേതികവിദ്യയുടെ പൂർണ്ണസംരക്ഷണവും ലഭിക്കുന്നതാണ്. വിവിധ സംസ്ഥാനങ്ങൾ ഈ നൂതന ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സർവെ വിവരങ്ങളെക്കുറിച്ച് അറിയുന്നതിനും പഠനം നടത്തുന്നതിനും തങ്ങളുടെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനും ഇതിനകം മുന്നോട്ടുവന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതിയിലൂടെ ഭൂവിവരങ്ങളുടെ കൃത്യതയും സുതാര്യതയും എത്രത്തോളം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരളം നടപ്പാക്കുന്ന ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതി സംസ്ഥാനത്തെ ഭൂവിവരങ്ങൾ ശാസ്ത്രീയമായും കൃത്യമായും രേഖപ്പെടുത്തുന്നതിനും RTK (Real-Time Kinematic)

സർവെ സംവിധാനങ്ങൾ, GNSS (Global Navigation Satellite System) അടിസ്ഥാനമാക്കി GIS (Geographic Information System) ഉപയോഗിച്ചാണ് സർവെ ചെയ്തത്.

RTK സാങ്കേതികവിദ്യയിലൂടെ ഭൂമിയുടെ വിസ്തൃതി, വസ്തുവിന്റെ അതിരുകൾ എന്നിവ കൃത്യമായി രേഖപ്പെടുത്താൻ കഴിയുന്നു. സാങ്കേതിക പരിശോധനകളിലൂടെ തത്സമയം തെറ്റുകൾ കണ്ടെത്തി പരിഹരിക്കാൻ കഴിയുന്നു. എല്ലാ ഭൂമി സംബന്ധ വിവരങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അപ്ലോഡ് ചെയ്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. കൂടാതെ വിവരങ്ങൾ പൊതുജനങ്ങൾക്കും സർക്കാർ ഓഫീസുകൾ, നിയമനിർവഹണ ഏജൻസികൾ എന്നിവയ്ക്കും സുതാര്യമായ രീതിയിൽ ലഭ്യമാകുന്നു.

ഡിജിറ്റൽ രേഖകൾ സുരക്ഷിതമായ ക്ലൗഡ്/സെൻട്രലൈസ് ചെയ്ത സിസ്റ്റത്തിൽ സൂക്ഷിക്കുന്നു. രേഖകളുടെ അപ്ഡേറ്റ്, ട്രാക്കിങ്, റിവിഷൻ എന്നിവ നടത്തപ്പെടുന്നു, ഇത് വസ്തുക്കളുടെ കൈമാറ്റത്തിലെ നിയമപരമായ കാര്യങ്ങൾക്ക് സഹായിക്കുന്നു. "എന്റെ ഭൂമി" ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതി (Ente Bhoomi Digital Land Survey Project) സംസ്ഥാനത്ത് നടപ്പിലാക്കിയതുവഴി ഭൂവിവരങ്ങളിൽ കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്നതിൽ വലിയൊരു മുന്നേറ്റമാണുണ്ടായിട്ടുള്ളത്. ഇത് ഭൂമി അളവ് സംബന്ധമായ പ്രശ്നങ്ങൾ കുറയ്ക്കാനും ഭൂമിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും സഹായിക്കുന്നു.

(സി) റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് വേഗതയേറിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഡിജിറ്റൽ സർവെക്കൊപ്പം

ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചത് സഹായകരമായിട്ടുണ്ടോ?

ഉണ്ട്. ഡിജിറ്റൽ സർവെയോടൊപ്പം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) സംസ്ഥാനത്ത് റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സേവനങ്ങളെ ഏകോപിപ്പിച്ച് ജനങ്ങൾക്ക് സുതാര്യവും കൃത്യവുമായ സേവനങ്ങൾ വളരെവേഗം ലഭ്യമാക്കുന്നതിന് സഹായകമായിട്ടുണ്ട്.

സർവെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സംയോജിപ്പിച്ചിട്ടുള്ളതിനാൽ തെറ്റുകൾ കുറയുന്നു. ILIMS വഴി വിവിധ വകുപ്പുകളുടെ ഡാറ്റായും സർവെ വിവരങ്ങളും ഒരേ പ്ലാറ്റ്ഫോമിലാണ് ലഭ്യമാകുന്നത്. ഇത് രജിസ്ട്രേഷൻ, സർവെ, റവന്യൂ വകുപ്പുകളിലുണ്ടാകുന്ന കാലതാമസം കുറയ്ക്കുന്നു. ആവശ്യമായ രേഖകൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാകുകയും അപ്ഡേറ്റ്, റിവിഷൻ, ട്രാക്കിങ് എന്നിവ ലളിതമാവുകയും ചെയ്യുന്നു.

ഭൂസ്വത്ത് ഇടപാടുകൾ, സർവെ, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ നേരിട്ട് ലഭ്യമാകുന്നു. ILIMS സിസ്റ്റം ഡിജിറ്റൽ സർവെ സംവിധാനവുമായി സംയോജിപ്പിച്ചതിലൂടെ കേരളത്തിൽ റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്ന ഒരു മാതൃകാ സംവിധാനം ഒരുക്കാൻ സാധിച്ചിട്ടുണ്ട്.

റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സംയോജിത പോർട്ടലായ എന്റെ ഭൂമി നിലവിൽവന്നതോടെ ഡിജിറ്റൽ സർവെ വില്ലേജുകളിൽ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ടെംപ്ലേറ്റ്

അധിഷ്ഠിത ഡോക്യുമെന്റ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്, ഓട്ടോമ്യൂട്ടേഷൻ എന്നീ നടപടികൾ സഹിതമാണ് എന്റെ ഭൂമി സംയോജിത പോർട്ടൽ ഒരുക്കിയിട്ടുള്ളത്.

രജിസ്ട്രേഷൻ വകുപ്പ്-ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്റ് രജിസ്ട്രേഷൻ (ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള രജിസ്ട്രേഷൻ ഉപയോക്താക്കൾക്ക് എളുപ്പത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി ഡീഡ് രജിസ്റ്റർ ചെയ്യാൻ സൗകര്യമൊരുക്കുന്നു.)

സർവെ വകുപ്പ് - പ്രീ മ്യൂട്ടേഷൻ സ്കെച്ച് (പ്രീ മ്യൂട്ടേഷൻ സ്കെച്ച് ഡിജിറ്റൽ മാപ്പുകൾ വഴി വസ്തു കൈമാറ്റത്തിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു, തർക്കങ്ങൾ ഒഴിവാക്കുന്നു.)

റവന്യൂ വകുപ്പ്-ഓട്ടോമ്യൂട്ടേഷൻ രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ (ഓട്ടോമ്യൂട്ടേഷൻ വഴി) പോക്കുവരവും തണ്ടപ്പേരും സ്വയം അനുവദിക്കപ്പെടുകയും ഡീഡ്, റവന്യൂ റെക്കോർഡ്, ഡിജിറ്റൽ മാപ്പ് എന്നിവ ലഭ്യമാകുകയും ഭൂമിയുടെ കരം അടയ്ക്കുന്നതിനും സാധിക്കുന്നു.) അതിനാൽതന്നെ മറ്റ് തടസ്സങ്ങളില്ലാത്ത (conditioned land transaction) ഭൂമി കൈമാറ്റമാണെങ്കിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്നതോടെ പോക്കുവരവ് ഉടനടി നടക്കുന്നതും അപേക്ഷകന് കരമടയ്ക്കുന്നതിന് സാധിക്കുന്നതുമാണ്.

സംസ്ഥാനത്ത് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും ലളിതവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത മുന്നിൽകണ്ട് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ഏറ്റവും സുതാര്യവും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകജാല സംവിധാനത്തിലൂടെ നൽകുന്നതിലേക്കായിട്ടാണ് എന്റെ ഭൂമി

സംയോജിത പോർട്ടൽ (Integrated Land Information Management System- ILIMS) തയ്യാറാക്കി പ്രവർത്തനമാരംഭിച്ചിട്ടുള്ളത്.

(ഡി) ഡിജിറ്റൽ റീ-സർവെയുടെ നിലവിലെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഡിജിറ്റൽ റീ-സർവെയുടെ നിലവിലെ മൂന്ന് ഘട്ടങ്ങളിലെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ്

24(*264) ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടൊപ്പം അനുബന്ധ പശ്ചാത്തല-ഗതാഗത വികസന പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് സാക്ഷാത്കരിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെ ഉണ്ടാകാവുന്ന വികസന മുന്നേറ്റവും വാഹന സാന്ദ്രതയും മുന്നിൽക്കണ്ടാണ് സംസ്ഥാന സർക്കാർ വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതിക്ക് രൂപംനൽകിയത്. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണം ദേശീയപാത അതോറിറ്റി ഏറ്റെടുക്കണമെന്ന് സംസ്ഥാനം നിർദേശിച്ചിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യം ആവശ്യപ്പെടുകയും അംഗീകാരം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയും നടത്തിയ റിവ്യൂ മീറ്റിങ്ങിൽ ഔട്ടർ റിങ് റോഡിന്റെ നിർമ്മാണച്ചെലവിന്റെ നൂറുശതമാനവും ഇതിലേക്കാവശ്യമായ സ്ഥലമേറ്റെടുക്കലിന്റെ അമ്പതുശതമാനവും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതും സംസ്ഥാന ഗവൺമെന്റ് ഭൂമിയേറ്റെടുക്കലിന്റെ അമ്പത് ശതമാനം തുക വഹിക്കേണ്ടതുമായ പദ്ധതിക്ക് 04-02-2019-ലെ സ.ഉ.(കൈ) നം. 181/2019/പൊമവ. പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന് ഔട്ടർ റിങ് റോഡ്, സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ, മാസ്റ്റർ ഡെവലപ്മെന്റ് പ്ലാൻ, ലാൻഡ് ബോണ്ട് എന്നീ നാല് ഭാഗങ്ങളുണ്ട്. ഇതിൽ ഔട്ടർ റിങ് റോഡ് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതാണ്. ബാക്കി ഭാഗങ്ങളുടെ നിർവഹണത്തിന് ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ടിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ഔട്ടർ റിങ് റോഡിന്റെ നിർമ്മാണം സാക്ഷാത്കരിക്കുന്നതിനായി ദേശീയപാത അതോറിറ്റി മുന്നോട്ടുവച്ച വ്യവസ്ഥകൾ സംസ്ഥാനം അംഗീകരിക്കുകയും ഭൂമിയേറ്റെടുക്കലിന്റെ അമ്പതുശതമാനം തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തുക എന്നിവ സംസ്ഥാനം വഹിക്കുന്നതിനും നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതിയിലെ സംസ്ഥാനവിഹിതം റോയൽറ്റി എന്നിവ വേണ്ടെന്നുവയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളുൾപ്പെട്ട ചതുർകക്ഷി കരാർ ഒപ്പുവയ്ക്കുന്നതിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC (Public Private Partnership Appraisal Committee)-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area-കളിൽ അപകട സാധ്യതയുണ്ടോയെന്നുകൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് NHAI-യോട് നിർദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04-09-2025-ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തി മൂന്നുമാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിച്ചു. സമിതി റിപ്പോർട്ട് വിലയിരുത്തിയശേഷം തുടർനടപടി തീരുമാനിക്കുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഏറ്റെടുക്കുന്ന ഭൂമിക്ക് നിയമപരമായ നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും NHAI അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തിരുവനന്തപുരത്തിന്റെ വികസനത്തിനും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഗുണകരമാകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവനന്തപുരത്തിന്റെയും സമീപ മേഖലകളുടെയും സമഗ്രവികസനം ലക്ഷ്യമിടുന്നതാണ് ഔട്ടർ റിങ് റോഡ് പദ്ധതി. ദേശീയപാത നിലവാരത്തിൽ നിർമ്മിക്കുന്ന ഔട്ടർ റിങ് റോഡ് വിഴിഞ്ഞത്തേക്കുള്ള സുഗമമായ ചരക്കുനീക്കത്തിന് സഹായകരമാകും.

റോഡ് കടന്നുപോകുന്ന മേഖലകളും സമീപ മേഖലകളും വികസിക്കും. പ്രാദേശിക തൊഴിലും തൊഴിൽ സംരംഭങ്ങളും വർധിക്കും. തുറമുഖ അനുബന്ധ ചെറുകിട വ്യവസായ പദ്ധതികളും ഈ മേഖലയിൽ സാധ്യമാകും. വിഴിഞ്ഞം തുറമുഖത്തേക്കുള്ള വാഹനങ്ങൾക്ക് തിരുവനന്തപുരം നഗരത്തിൽ പ്രവേശിക്കാതെത്തന്നെ ലക്ഷ്യത്തിലെത്താൻ സാധിക്കുമെന്നതിനാൽ പദ്ധതി പൂർത്തിയാക്കുന്നത് തിരുവനന്തപുരം നഗരത്തിലെ സുഗമമായ ഗതാഗതത്തിനും സഹായകരമാകും.

(സി) പ്രസ്തുത റോഡിന്റെ പ്രാരംഭ പ്രവൃത്തിയെന്ന നിലയിൽ പ്രാഥമിക പരിസ്ഥിതി ആഘാത പഠനം, അലൈൻമെന്റ് എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഔട്ടർ റിങ് റോഡിന്റെ വിഴിഞ്ഞം മുതൽ തേക്കട വരെയുള്ള ഭാഗത്തിന്റെ പരിസ്ഥിതി ആഘാത പഠനത്തിന് SEIAA (State Environmental Impact Assessment Authority)-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തേക്കട മുതൽ നാവായിക്കുളം വരെയുള്ള ഭാഗത്തിന്റെ പരിസ്ഥിതി ആഘാത പഠനത്തിന്റെ അംഗീകാരത്തിനുള്ള അപേക്ഷ SEIAA-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ?

നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC (Public Private Partnership Appraisal Committee)-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High

Cutting Area-കളിൽ അപകട സാധ്യതയുണ്ടോയെന്നുകൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് NHAI-യോട് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് വിലയിരുത്തിയശേഷം തുടർനടപടി തീരുമാനിക്കുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

പദ്ധതിക്ക് ഏകദേശം 8398.46 കോടി രൂപ ചെലവ് വരുമെന്ന് നിർവഹണ ഏജൻസിയായ ദേശീയപാത അതോറിറ്റി കണക്കാക്കിയിട്ടുണ്ട്.

നെറ്റ്‌വർക്ക് ഭൂസർവെയുടെ കൃത്യതയും കാര്യക്ഷമതയും

25 (*265) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപ്പാക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന കോർസ് (Continously Operating Reference Station Network) നെറ്റ്‌വർക്ക് ഭൂസർവെയുടെ കൃത്യതയും കാര്യക്ഷമതയും വർധിപ്പിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാനത്ത് സർവെ ഓഫ് ഇന്ത്യയുടെ സാങ്കേതിക സഹായത്താൽ സ്ഥാപിച്ചിട്ടുള്ള 25 കോർ സ്റ്റേഷനുകളെയും ടി കോർ സ്റ്റേഷൻ നിയന്ത്രിക്കുന്നതിന് തിരുവനന്തപുരം സർവെ ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള കോർസ് കൺട്രോൾ

സെന്ററിന്റെയും സഹായത്താലാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവെ പുരോഗമിക്കുന്നത്.

CORS നെറ്റ്വർക്ക് എന്നത് നിശ്ചിത സ്ഥാനങ്ങളിൽ സ്ഥിരമായി പ്രവർത്തിക്കുന്ന ഗ്ലോബൽ നാവിഗേഷൻ സാറ്റ്ലൈറ്റ് സിസ്റ്റം (GNSS) റിസീവറുകളുടെ ശൃംഖലയാണ്. ഈ സ്റ്റേഷനുകൾ 24X7 പ്രവർത്തിക്കുന്നതിനാൽ റിയൽ ടൈം ഡാറ്റാ ലഭ്യമാക്കാൻ സാധിക്കുന്നു. ഇതിലൂടെ സമയനഷ്ടം കൂടാതെ കാര്യക്ഷമമായ സർവെ നടത്താൻ കഴിയുന്നു. CORS നെറ്റ്വർക്കിൽനിന്നുള്ള ഡാറ്റാ GNSS ഉപകരണങ്ങൾ (RTK) ഉപയോഗിച്ച് ഏറെ കൃത്യമായി ഭൂമിയുടെ അതിർത്തികളുടെ ജിയോ കോർഡിനേറ്റ് റെക്കോർഡ് ചെയ്യുകയും ടി ജിയോ കോർഡിനേറ്റ് പോയിന്റുകൾ ബന്ധിപ്പിച്ച് GIS MAP തയ്യാറാക്കുകയും ചെയ്യുന്നു.

CORS നെറ്റ്വർക്ക് റിയൽ-ടൈം കൈനമാറ്റിക് (RTK) കറക്ഷനുകൾ നൽകുന്നതിനാൽ, പിഴവ് സെന്റിമീറ്റർ നിലവാരത്തിലേക്ക് കുറയ്ക്കുന്നു. ഭൂമിയുടെ അതിർത്തി രേഖകൾ, റോഡ്-റെയിൽ സർവെ, അടിസ്ഥാന സൗകര്യനിർമ്മാണം എന്നിവയിലാവശ്യമായ ഹൈ പ്രിസിഷൻ ഡാറ്റാ ലഭിക്കും. പരമ്പരാഗത സർവെയിൽ ഓരോ പോയിന്റിനും മാനുവൽ ബേസ് സ്റ്റേഷൻ സ്ഥാപിക്കണം. എന്നാൽ CORS അടിസ്ഥാനത്തിൽ നടക്കുന്ന ഡിജിറ്റൽ സർവെയിൽ സ്ഥിരമായ റഫറൻസ് സ്റ്റേഷനുകളിൽനിന്നുള്ള ഡാറ്റാ നേരിട്ട് റിസീവറിലേക്ക് ലഭിക്കുന്നതിനാൽ വേഗത്തിൽ സർവെ പൂർത്തിയാക്കാൻ കഴിയും. റെഡ്യൂലർ കാലിബ്രേഷൻ, നിരീക്ഷണം, ഡാറ്റാ ലോഗിങ് എന്നിവ കാരണം ഡാറ്റാ വിശ്വസനീയവുമാണ്. CORS നെറ്റ്വർക്ക് ഭൂസർവെയിൽ സെന്റിമീറ്റർ നിലവാരത്തിലുള്ള കൃത്യത, സമയംലാഭം, വ്യാപകമായ കവറേജ്, സ്ഥിരമായ റഫറൻസ് എന്നിവ നൽകുന്നതിലൂടെ സർവെ

സംവിധാനം ആധുനികവും കാര്യക്ഷമവും വിശ്വസനീയവുമാകുന്നു. ഒരേ നെറ്റ്‌വർക്ക് ഉപയോഗിക്കുന്നതുമൂലം കേരളത്തിലുടനീളം നടത്തുന്ന സർവെകളുടെ കൃത്യത, മാതൃക എന്നിവ സമാനമായിരിക്കുമെന്നതും CORS നെറ്റ്‌വർക്ക് സഹായത്താൽത്തന്നെ ഡിജിറ്റൽ സർവെ കഴിഞ്ഞ വില്ലേജുകളുടെ ഭൂമി സംബന്ധമായ ഇടപാടുകൾ, നാളതീകരണം എന്നിവ കാര്യക്ഷമമായി നടത്താൻ കഴിയുന്നതുമാണ്.

(ബി) ഡിജിറ്റൽ സർവെ പ്രക്രിയയിൽ ആർ.ടി.കെ. (റിയൽ ടൈം കൈനമാറ്റിക്) സർവെയർമാർ, ജി.എൻ.എസ്.എസ്. റിസീവറുകൾ (ഗ്ലോബൽ നാവിഗേഷൻ സാറ്റ്‌ലൈറ്റ് സിസ്റ്റം), ഉപഗ്രഹ ജി.ഐ.എസ്. (ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം) എന്നിവയുടെ പങ്ക് എന്താണെന്ന് വിശദമാക്കുമോ?

CORS നെറ്റ്‌വർക്കിൽനിന്നുള്ള ഡാറ്റാ GNSS ഉപകരണമായ റിയൽ ടൈം കൈനമാറ്റിക് (RTK) ഉപയോഗിച്ച് ഏറെ കൃത്യമായി ഭൂമിയുടെ അതിർത്തികളിലെ ജിയോ കോർഡിനേറ്റ് രേഖപ്പെടുത്തുകയും ടി ജിയോ കോർഡിനേറ്റ് പോയിന്റുകൾ ബന്ധിപ്പിച്ച് spatial data തയ്യാറാക്കുകയും ചെയ്യുന്നു. ഭൂമിയുടെ അതിർത്തികൾ നിർവചിക്കുന്നതിന് ഏറ്റവുമനുയോജ്യമായ രീതിയാണ് RTK സംവിധാനത്തിലൂടെ ഡിജിറ്റൽ സർവെയിൽ സാധ്യമാക്കിയിട്ടുള്ളത്.

ഡിജിറ്റൽ സർവെയുടെ ഭാഗമായി റിയൽ ടൈം കൈനമാറ്റിക്കിൽ നിന്നും ലഭിക്കുന്ന ജിയോ കോർഡിനേറ്റ് പോയിന്റുകൾ ബന്ധിപ്പിച്ച് തയ്യാറാക്കിയിട്ടുള്ള spatial data, attribute data എന്നിവ സംയോജിപ്പിച്ച് ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പുകൾ തയ്യാറാക്കുന്നു. ഈ GIS മാപ്പുകളിലൂടെ പ്ലോട്ടുകൾ, അതിർത്തികൾ, റോഡുകൾ,

ജലസ്രോതസ്സുകൾ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ കൃത്യമായി പ്രതിനിധീകരിക്കുന്നു. ഡിജിറ്റൽ സർവെയിൽ തയ്യാറാക്കിയിട്ടുള്ള GIS മാപ്പുകൾ ഡിജിറ്റൽ സർവെയുടെ ഓൺലൈൻ പ്ലാറ്റ്ഫോം ആയ "എന്റെ ഭൂമി" പോർട്ടൽ മുഖാന്തരം പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്നതിനും ഭൂമി സംബന്ധമായ പരാതികളുള്ള പക്ഷമായത് രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും "എന്റെ ഭൂമി" പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) റീ-സർവെ സംബന്ധിച്ച് ഉയർന്നുവരുന്ന അപ്പീൽ കേസ്സുകൾ യഥാസമയം തന്നെ കൈകാര്യം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റീ-സർവെ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും ഭൂരേഖ തഹസിൽദാർ മുഖേനയാണ് പരിഹരിച്ചുവരുന്നത്. കാലതാമസം നേരിടുന്ന എൽ.ആർ.എം. ഫയലുകൾ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർ ആവശ്യപ്പെടുന്നതിനനുസരിച്ച് ആവശ്യമായ ജീവനക്കാരെ സർവെയും ഭൂരേഖയും വകുപ്പിൽനിന്നും നിയോഗിച്ചുവരുന്നു.

ഈ നടപടികൾ റീ-സർവെ പ്രക്രിയയിലുയരുന്ന അപ്പീൽ കേസ്സുകൾ യഥാസമയം തന്നെ പരിഹരിക്കാൻ സഹായിക്കുന്നു.

വിദേശത്ത് വിദ്യാഭ്യാസം നേടിയവർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ

26 (*266) ശ്രീമതി കെ. കെ. രമ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേരള മൈഗ്രേഷൻ സർവെ 2023-ലെ കണക്കുപ്രകാരം സംസ്ഥാനത്തുനിന്നും രണ്ടരലക്ഷം വിദ്യാർഥികൾ വിദേശപഠനം നടത്തുന്നതായി വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ വിസാ നിയന്ത്രണങ്ങളുൾപ്പെടെയുള്ള കാരണങ്ങളാൽ വിദേശത്ത് ജോലി ലഭിക്കാതെ നിരവധി യുവജനങ്ങൾ സമീപഭാവിയിൽ കേരളത്തിലേക്ക് മടങ്ങിയെത്തുമെന്ന കാര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിദേശപഠനം നടത്തുന്ന വിദ്യാർഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാതെ വരുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് പ്രത്യേക പഠനം നടത്തുകയോ ഇതുസംബന്ധിച്ച് വിവരശേഖരണം നടത്തുകയോ ചെയ്തിട്ടില്ല.

(ബി) വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ വലിയ പ്രതിസന്ധികൾ നേരിടേണ്ടി വന്നേക്കാവുന്ന വിദേശ വിദ്യാഭ്യാസം നേടിയ യുവാക്കൾക്ക് സംസ്ഥാനത്ത് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇവരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദേശപഠനം നടത്തുന്ന വിദ്യാർഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാതെ വരുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് പ്രത്യേക പഠനം നടത്തുകയോ ഇതുസംബന്ധിച്ച് വിവരശേഖരണം നടത്തുകയോ ചെയ്തിട്ടില്ല. എന്നാൽ, വിദേശത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതും നാട്ടിലേക്ക് മടങ്ങി വന്നിട്ടുള്ളതുമായ പ്രവാസി മലയാളികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ്

(നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്) പ്രത്യേക പോർട്ടൽ (പ്രവാസി പോർട്ടൽ) തയ്യാറാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തൊഴിൽമേഖല സമീപഭാവിയിൽ നേരിട്ടേക്കാവുന്ന ഈ പ്രതിസന്ധി മുന്നിൽക്കണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പുമുഖേന ചുവടെ ചേർക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കെസ്റ്റു

2. മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് / ജോബ് ക്ലബ്ബ്

3. ശരണ്യ

4. നവജീവൻ

5. കൈവല്യ

ഇതിനുപുറമേ സംസ്ഥാനത്ത് നിലവിൽ ലഭ്യമായ സർക്കാർ/സ്വകാര്യ മേഖലകളിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർഥികൾക്ക് ലഭിക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചുവടെ പരാമർശിക്കുംവിധം നടപടികൾ സ്വീകരിച്ചുവരുന്നു.

1. സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശക്തീകരണം പദ്ധതി

2. എംപ്ലോയബിലിറ്റി സെന്റർ പദ്ധതി

3. സമന്വയ പദ്ധതി.

1. <u>സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശക്തീകരണം പദ്ധതി</u>

I) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശക്തീകരണം പദ്ധതിയുടെ ഭാഗമായി 14 ജില്ലാ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേനയും യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള ഏഴ് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ മുഖേനയും പി.എസ്.സി./ യു.പി.എസ്.സി./എസ്.എസ്.സി. തുടങ്ങിയ മത്സരപരീക്ഷക്കുള്ള പരിശീലന പരിപാടികൾ, സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർഥികൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാന വ്യാപകമായി നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

II) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുള്ള മോഡൽ കരിയർ സെന്റർ പദ്ധതിപ്രകാരം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർഥികൾക്ക് ലഭ്യമാക്കുന്നതിന് ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നു.

III) കേന്ദ്ര സർക്കാരിന്റെ മിഷൻ മോഡ് പ്രോജക്ട് ഫോർ ഇന്റർ ലിങ്കിങ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് എന്ന പദ്ധതിയുടെ ഭാഗമായും ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവരുന്നു.

2. <u>എംപ്ലോയബിലിറ്റി സെന്റർ പദ്ധതി</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പുമുഖേന സംസ്ഥാന സർക്കാർ എംപ്ലോയബിലിറ്റി സെന്റർ പദ്ധതി

ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കിൽസ്, ഭാഷാ പരിജ്ഞാനം എന്നിവ മെച്ചപ്പെടുത്തി സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിനുള്ള അവരുടെ കഴിവ് മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. എംപ്ലോയബിലിറ്റി സെന്റർ പദ്ധതി മുഖേന നാളിതുവരെ സംഘടിപ്പിച്ച 3586 ഡ്രൈവുകൾ/ജോബ്ഫെയറിൽനിന്നും 60493 നിയമനങ്ങൾ സ്വകാര്യ മേഖലകളിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

3. സമന്വയ പദ്ധതി

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകരെ വിവിധ തൊഴിലവസരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് ബാങ്കിങ് റിക്രൂട്ട്മെന്റ്/ പി.എസ്.സി./യു.പി.എസ്.സി. തുടങ്ങിയ വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

തൊഴിൽ വകുപ്പിന് പുറമെ മറ്റ് സർക്കാർ വകുപ്പുകളും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ

27 (*267) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ച അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ച അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ കേരളത്തിൽ സംഘടിപ്പിച്ചുവരുന്നു.

1. മലബാർ റിവർ ഫെസ്റ്റിവൽ (എം.ആർ.എഫ്.)

കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും (കെ.എ.ടി.പി.എസ്.) ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷനും (ഐ.കെ.സി.എ.) സംഘടിപ്പിക്കുന്ന ഒരു അന്താരാഷ്ട്ര കയാക്കിങ് മത്സരമാണ് മലബാർ റിവർ ഫെസ്റ്റിവൽ. ദക്ഷിണേന്ത്യയിൽ വൈറ്റ് വാട്ടർ കയാക്കിങ് കായികവിനോദത്തെ പ്രോത്സാഹിപ്പിക്കുകയും അന്താരാഷ്ട്ര ശ്രദ്ധനേടുകയും ചെയ്യുക എന്നതാണ് ഈ മത്സരം സംഘടിപ്പിക്കുന്നതിന്റെ പ്രധാന ലക്ഷ്യം.

കയാക്ക് സ്ലാലോം, ബോട്ടർ ക്രോസ്, ഡൗൺ റിവർ എന്നിവ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലും (കോഴിക്കോട്) സംഘടിപ്പിക്കുന്നു. വിദേശരാജ്യങ്ങളിൽനിന്നുള്ള നിരവധി കയാക്കർമാർ എല്ലാവർഷവും മലബാർ റിവർ ഫെസ്റ്റിവലിൽ പങ്കെടുക്കുന്നു. 2022, 2023, 2024, 2025 വർഷങ്ങളിൽ എം.ആർ.എഫ്. വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്. കയാക്ക് സ്ലാലോം, ബോട്ടർ ക്രോസ്, ഡൗൺ റിവർ മത്സരങ്ങൾ ഉൾപ്പെട്ട ഈ പരിപാടി ലോകമെമ്പാടുമുള്ള പങ്കാളികളെ ആകർഷിച്ചു. 16 അന്താരാഷ്ട്ര കയാക്കർമാർ

പങ്കാളികളായി. അറുപതിലധികം നാഷണൽ കയാക്കർമാരും ഇതിൽ പങ്കെടുത്തു. ദേശീയ, അന്തർദേശീയ സഞ്ചാരികളെ ആകർഷിക്കുവാൻ ഇതിലൂടെ സാധിക്കുന്നു.

2. ഇന്റർനാഷണൽ ടോപ് ലാൻഡിങ് പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ വാഗമൺ.

ഇടുക്കി ജില്ലയിലെ വാഗമണിലാണ് ഇന്റർനാഷണൽ പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ, വാഗമൺ ഇന്റർനാഷണൽ ആകൃറസി കപ്പ് സംഘടിപ്പിക്കുന്നത്. കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെഡറേഷൻ എയ്റോനോട്ടിക് ഇന്റർനാഷണൽ (FAI), എയ്റോ ക്ലബ് ഓഫ് ഇന്ത്യ (ACI) എന്നിവയുടെ സാങ്കേതിക പിന്തുണയോടെ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) ആണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. FAI വേൾഡ് എയർ സ്പോർട്സ് ഫെഡറേഷൻ എന്നും അറിയപ്പെടുന്നു. വാഗമൺ ഇന്റർനാഷണൽ ആകൃറസി കപ്പ് 2025 ലോകത്തിലെ ആദ്യത്തെ മികച്ച ലാൻഡിങ് മത്സരമായിരുന്നു. 5 ദിവസം നീണ്ടുനിൽക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ എയ്റോ സ്പോർട്സ് സാഹസിക ഉത്സവമാണിത്. ലോകമെമ്പാടുമുള്ള (ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ന്യൂസിലാൻഡ്, ഓസ്ട്രേലിയ, യു.എസ്., യു.കെ., നേപ്പാൾ, ബെൽജിയം, സ്പെയിൻ, സ്വിറ്റ്സർലൻഡ്, തുർക്കി, ബ്രസീൽ, ജോർജിയ, മലേഷ്യ, തായ്ലൻഡ്, ഭൂട്ടാൻ, പെറു, ചെക്ക് റിപ്പബ്ലിക്, നോർവേ, സ്വീഡൻ, കാനഡ, ഡെൻമാർക്ക് മുതലായവ) സാഹസികർ പങ്കെടുക്കുന്ന ഈ ഫെസ്റ്റിവലിൽ ആഭ്യന്തര മത്സരാർഥികളും (ഡൽഹി, ഹിമാചൽ പ്രദേശ്, മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട്, ഗോവ, സിക്കിം, ഉത്തരാഖണ്ഡ്, അരുണാചൽ പ്രദേശ്) പങ്കെടുത്തു. 2024-ലും 2025-ലും അന്താരാഷ്ട്ര പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

3. ഇന്റർനാഷണൽ സർഫിങ് ഫെസ്റ്റിവൽ വർക്കല

കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ, സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്.എഫ്.ഐ.), ഇന്റർനാഷണൽ സർഫിങ് അസോസിയേഷൻ (ഐ.എസ്.എ.) എന്നിവയുടെ സാങ്കേതിക പിന്തുണയോടെ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.ടി.പി.എസ്.) ആണ് മത്സരം സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ വർക്കലയിലെ ഇടവ, വെറ്റക്കട ബീച്ചുകളിലാണ് മത്സരങ്ങൾ നടക്കുന്നത്. ഇന്ത്യയിൽ സർഫിങ് കായികവിനോദത്തെ പ്രോത്സാഹിപ്പിക്കുകയും കേരളത്തെ ഇന്ത്യയിലെ ഒരു പ്രധാന സർഫ് ഡെസ്റ്റിനേഷനാക്കി മാറ്റുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. 2024-ലും 2025-ലും അന്താരാഷ്ട്ര സർഫിങ് ഫെസ്റ്റിവൽ വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

4. എം.ടി.ബി. കേരള മൗണ്ടൻ ടൈറെൻ ബൈക്കിങ് മത്സരം

കേരളത്തിലെ മൗണ്ടൻ ടൈറെൻ ബൈക്കിങ് പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാവർഷവും സംഘടിപ്പിക്കുന്ന ഒരു അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിങ് മത്സരമാണ് എം.ടി.ബി. കേരള. സൈക്ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ (സി.എഫ്.ഐ.), കേരള സൈക്ലിങ് അസോസിയേഷൻ (കെ.സി.എ.) എന്നിവയുടെ സാങ്കേതിക പിന്തുണയോടെ കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. 2018-ലും 2019-ലും എം.ടി.ബി. കേരള വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ മാനന്തവാടിയിൽ 2026

ജനുവരിയിൽ സംഘടിപ്പിക്കുന്ന അന്തർദേശീയ സൈക്ലിങ് ചാമ്പ്യൻഷിപ്പിൽ 25 രാജ്യങ്ങളെ പ്രതിനിധീകരിച്ചുള്ള മത്സരാർഥികൾ പങ്കെടുക്കുന്നതാണ്.

5. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്

കേരളത്തിലെ ജല സാഹസിക ടൂറിസത്തിന് പുതിയ ദിശാബോധം നൽകുന്നതിനായി ടൂറിസം വകുപ്പും കോഴിക്കോട് ഡി.ടി.പി.സി.-യും ചേർന്ന് സംഘടിപ്പിക്കുന്ന ഒരു ഉത്സവമാണ് ബേപ്പൂർ അന്താരാഷ്ട്ര ജലമേള. ഇത് കേരളത്തിന് പുതിയ ജലസാഹസികതകൾ പരിചയപ്പെടുത്തുന്നു. സെയിലിങ്, ഫ്ലൈ ബോർഡ്, ജെറ്റ് സ്കീ, സീ കയാക്ക്, സീ റാഫ്റ്റിങ്, കൈറ്റ് ഫെസ്റ്റിവൽ, പാരാമോട്ടോറിങ്, കൺട്രി ബോട്ട് റേസ്, ട്രഷർ ഹണ്ട്, ബാംബൂ റാഫ്റ്റിങ്, നെറ്റ് ത്രോയിങ്, ആംഗ്ലിങ് തുടങ്ങിയ പ്രാദേശിക പരിപാടികൾ ഈ ഉത്സവത്തിലുൾപ്പെടുന്നു. 2022, 2023, 2024 വർഷങ്ങളിൽ ബേപ്പൂർ അന്താരാഷ്ട്ര ജലമേള വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ചിട്ടുണ്ട്. സാഹസിക വാട്ടർ ആക്ടിവിറ്റീസിന്റെ മത്സരങ്ങളും നിരവധി നൂതന ജലസാഹസിക പ്രദർശനങ്ങളും സംഘടിപ്പിക്കുന്നു. എല്ലാതരത്തിലുമുള്ള ജലസാഹസിക ആക്ടിവിറ്റികൾക്കും കേരളം അനുയോജ്യമാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തുന്നതിന് ഇത്തരം ഇവന്റുകൾ സഹായിക്കുന്നു.

(ബി) അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ നടത്തുന്നതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ സംഘടിപ്പിക്കുന്നതുവഴി നിരവധി ഗുണങ്ങളാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഇത്തരം അന്തർദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ അതിന്റെ മാർക്കറ്റിങ് മറ്റുസംസ്ഥാനങ്ങളിലും രാജ്യത്തിനുപുറത്തും

നടത്തുന്നതുവഴി ഇത്തരം മത്സരങ്ങൾ കാണുന്നതിനായി നിരവധി വിദേശ ടൂറിസ്റ്റുകളും മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികളും കേരളത്തിലേക്ക് വരുന്നുണ്ട്. ടൂറിസം വഴിയുള്ള വരുമാനം വർധിക്കുന്നതിനും ഇത് സഹായിക്കും. ഇത്തരം സാഹസിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് നിരവധി വിദേശ താരങ്ങളും മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള താരങ്ങളും എത്തിച്ചേരുന്നു. ഈ മത്സരങ്ങളുടെ പ്രാക്ടീസിനായി താരങ്ങളെല്ലാം മാസങ്ങൾക്ക് മുന്നേതന്നെ ഇത്തരം പ്രദേശങ്ങളിൽ എത്തിച്ചേരുകയും അവിടെ താമസിച്ച് പരിശീലനം നടത്തുന്നതുവഴി ആ പ്രദേശങ്ങളിൽ നല്ല വരുമാനമാർഗങ്ങളുണ്ടാകുകയും ചെയ്യുന്നു. ഈ അന്തർദേശീയ മത്സരങ്ങളെല്ലാംതന്നെ ഒളിമ്പിക് ഇവന്റുകളാണ്. ഇത്തരം ഇവന്റുകൾ നമ്മുടെ സംസ്ഥാനത്ത് സംഘടിപ്പിക്കുമ്പോൾ പ്രാദേശികമായി കൂടുതലാളുകൾ ഇത്തരം സാഹസിക ഇവന്റുകൾ പരിശീലിക്കുകയും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും കേരളത്തെയും ഇന്ത്യയെയും പ്രതിനിധീകരിച്ച് വിവിധങ്ങളായ ഇവന്റുകളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യുന്നു.

(സി) കേരളത്തെ അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനായി നടത്തുന്ന പ്രചരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

കേരളത്തെ അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനായി അന്തർദേശീയ ഇവന്റുകൾ വലിയ സഹായമാണ് നൽകുന്നത്. എം.ടി.ബി. കേരള വേൾഡ് സൈക്ലിങ് അസോസിയേഷന്റെ സാങ്കേതിക സഹകരണത്തോടെയാണ് നടത്തുന്നത്. വേൾഡ് ഇവന്റ് കലണ്ടറിൽ എം.ടി.ബി. കേരള ഇടം പിടിച്ചിട്ടുണ്ട്.

അതുപോലെത്തന്നെ ISF (ഇന്റർനാഷണൽ സർഫിങ് ഫെഡറേഷൻ) അവരുടെ ഇവന്റ് കലണ്ടറിൽ വർക്കല ഇന്റർനാഷണൽ സർഫിങ് ഫെസ്റ്റിവലും ഉൾപ്പെടുത്തിയിട്ടുണ്ട്.

FAI ഫെഡറേഷൻ ഓഫ് ഇന്റർനാഷണൽ എയറോനോട്ടിക്കലി പാരാഗ് ലോക ഫെഡറേഷനാണ്. അവരുടെ ഇവന്റ് കലണ്ടറിൽ വാഗമൺ പാരാഗ് ഫെസ്റ്റിവൽ ഇടം പിടിച്ചിട്ടുണ്ട്.

ഇത്തരം ഇവന്റുകൾ കാണുന്നതിനും പങ്കെടുക്കുന്നതിനുമായി നിരവധി സാഹസിക ടൂറിസം പ്രേമികളാണ് കേരളത്തെപ്പറ്റി അറിയുകയും വന്നെത്തുകയും ചെയ്യുന്നത്. കൂടാതെ കേരള ടൂറിസം വിവിധ സംസ്ഥാനങ്ങളിലും ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ടൂറിസം ഫെസ്റ്റിവലുകളിലെല്ലാം കേരളത്തിന്റെ അഡ്വഞ്ചർ ടൂറിസം ഇവന്റുകളും സാധ്യതകളും മാർക്കറ്റ് ചെയ്യുന്നുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെയും സാഹസിക ടൂറിസത്തിന്റെയും വെബ്സൈറ്റുകൾ വഴിയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും സാഹസിക ടൂറിസത്തെ നന്നായി മാർക്കറ്റ് ചെയ്യുന്നുണ്ട്. ഇത് കേരള ടൂറിസത്തിന് വലിയ മുതൽക്കൂട്ടാണ്. ഇത് കാലാവസ്ഥയ്ക്കനുസരിച്ച് മത്സരങ്ങൾ നടത്തി തീർക്കുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിനെ സഹായിക്കുന്നുണ്ട്.

(ഡി) അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ നടത്തുന്നതിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ സാഹസിക മത്സരങ്ങൾ നടത്തുന്നതിനായി എല്ലാ വർഷവും അഡ്വഞ്ചർ ടൂറിസത്തിന്റെ ഇവന്റ് കലണ്ടർ വർഷം ആദ്യംതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. അതത് പ്രദേശത്തെ കാലാവസ്ഥകൾ മുൻകൂട്ടി വിശകലനം ചെയ്തിട്ടായിരിക്കും ടൂറിസം ഡിപ്പാർട്ട്മെന്റ്

ഇത്തരം ഇവന്റുകൾ ഓരോ വർഷവും പ്ലാൻ ചെയ്യുന്നത്. കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുസരിച്ചായിരിക്കും സാഹസിക ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നത്. ഓരോ ഇവന്റുകൾക്കും അതിന്റേതായ സീസൺ മുൻകൂട്ടി കണ്ടാണ് ഇവന്റ് കലണ്ടർ തയ്യാറാക്കുന്നത്. ഓരോ ഇവന്റുകളുടെയും ടെക്നിക്കൽ ടീമുകളുമായി കൂടിയാലോചനകളും മീറ്റിങ്ങുകളും നടത്തിയാണ് മത്സരക്രമങ്ങൾ തയ്യാറാക്കുന്നത്. ഇത് കാലാവസ്ഥയ്ക്കനുസരിച്ച് മത്സരങ്ങൾ നടത്തി തീർക്കുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിനെ സഹായിക്കുന്നുണ്ട്.

ഐ.ടി. പ്രൊഫഷണലുകളുടെ പുനരധിവാസം

28 (*268) ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ തൊഴിലാളികളുടെ അനിയന്ത്രിതമായ കൂട്ടപിരിച്ചുവിടൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഐ.ടി. മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ആകമാനമായി തൊഴിലാളികളെ അനിയന്ത്രിതമായ കൂട്ടപിരിച്ചുവിടൽ നടത്തുന്നത് സംബന്ധിച്ച് വ്യക്തികളോ തൊഴിലാളി യൂണിയനുകളോ പരാതി ഉന്നയിച്ചിട്ടില്ല.

എന്നാൽ ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ എറണാകുളം, തിരുവനന്തപുരം സെന്ററുകളിൽനിന്നും ജീവനക്കാരെ നിർബന്ധിച്ച് രാജി വയ്പ്പിക്കുന്നതിന് മാനേജ്മെന്റ് ശ്രമിക്കുന്നതായി പ്രതിധ്വനി എന്ന സംഘടനയുടെ കൺവീനർ ഒരു പരാതി സമർപ്പിച്ചിട്ടുണ്ട്.

(ബി) പിരിച്ചുവിടപ്പെടുന്ന ഓരോ ഐ.ടി. പ്രൊഫഷണലിനും നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പിരിച്ചുവിടപ്പെടുന്ന ഐ.ടി. ജീവനക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം റിട്രഞ്ച്മെന്റ് കോമ്പൻസേഷനായി ജില്ലാ ലേബർ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടി പൂർത്തീകരിക്കുന്നതുമാണ്. കൂടാതെ 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരം ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

(സി) പിരിച്ചുവിടപ്പെട്ട ഐ.ടി. പ്രൊഫഷണലുകളുടെ പുനരധിവാസത്തിന് തൊഴിൽ വകുപ്പിൽ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പിരിച്ചുവിടപ്പെട്ട ഐ.ടി. പ്രൊഫഷണലുകളുടെ പുനരധിവാസത്തിനായി തൊഴിൽ വകുപ്പ് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

വിനോദസഞ്ചാര മേഖലയുടെ വികസനം

29 (*269) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വിനോദസഞ്ചാര മേഖലയിൽ കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളുടെ എണ്ണം സർവകാല റെക്കോർഡിലെത്തി. കോവിഡിനുശേഷം 2022 മുതൽ ഓരോ വർഷവും സഞ്ചാരികളുടെ എണ്ണത്തിൽ റെക്കോർഡ് നേട്ടത്തിൽ എത്തുകയാണ്. ടൂറിസം വരുമാനത്തിന്റെ കാര്യത്തിലും 2024-ൽ കേരളം സർവകാല റെക്കോർഡിലെത്തി. ലോക ടൂറിസം ഭൂപടത്തിൽ കേരളം ചിരപ്രതിഷ്ഠ നേടി. സുസ്ഥിര ടൂറിസം വികസനത്തിൽ കേരളം ലോകമാതൃകയായി വിലയിരുത്തപ്പെടുകയുണ്ടായി. നിരവധി അന്തർദേശീയ-ദേശീയ പുരസ്കാരങ്ങൾ കേരളത്തെ തേടിയെത്തി. കേരളം ലോകത്ത് കണ്ടിരിക്കേണ്ട 53 ടൂറിസം കേന്ദ്രങ്ങളിലൊന്നായി ന്യൂയോർക്ക് ടൈംസും 50 ടൂറിസം കേന്ദ്രങ്ങളിലൊന്നായി ടൈം മാഗസിനും അടയാളപ്പെടുത്തി. കേരളത്തെ മികച്ച ഡെസ്റ്റിനേഷൻ വെഡ്ഡിങ് കേന്ദ്രമായും തിരഞ്ഞെടുക്കുകയുണ്ടായി. മാർക്കറ്റിങ് മേഖലയിലും കേരള ടൂറിസം അന്താരാഷ്ട്ര ശ്രദ്ധ നേടുകയുണ്ടായി. കേരളത്തെ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ലോകടൂറിസം മേഖലയിൽ അംഗീകാരം നേടിയെടുക്കുവാൻ 2016 മുതൽ സാധിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവമായ ഓണം ലോകടൂറിസം ഭൂപടത്തിൽ ഇടംനേടി. ഓണക്കാലത്ത് കേരളത്തിലേക്ക് അധികം വിദേശ സഞ്ചാരികളെത്തിയത് ടൂറിസത്തിന് വലിയ നേട്ടമാണ്.

(ബി) വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്തെ ലോകത്തിലെ നമ്പർ വൺ ഡെസ്റ്റിനേഷനാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്തെ ലോകത്തിലെ നമ്പർ വൺ ഡെസ്റ്റിനേഷനാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര രംഗത്ത് കാലഘട്ടത്തിനനുസൃതമായ പുതിയ മേഖലകൾ കണ്ടെത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനുകളുമായി കിടപിടിക്കുന്ന തരത്തിലേക്കുയർത്താൻ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഹെലി ടൂറിസം- കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയത്തിന് മന്ത്രിസഭാ യോഗം അനുമതി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽതന്നെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കെത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി.

ക്രൂയിസ് ടൂറിസം- സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിക്ക് രൂപം നൽകിവരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.

സീപ്ലെയിൻ പദ്ധതി- സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ആദ്യഘട്ടമെന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവന ചെയ്യുന്നത്.

ഡിസൈൻ പോളിസി- വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും സഞ്ചാരി സൗഹൃദമാക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്തുക്കൊണ്ട് നമുക്കുചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗനിർദേശക ചട്ടക്കൂടാണ് രൂപകല്പന നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി അനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം തുടരുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾത്തന്നെ നടപ്പിലാക്കിവരുന്നു.

ടൂറിസം നിക്ഷേപക സംഗമം- ടൂറിസം നിക്ഷേപക സംഗമം (TIM)-ന്റെ ആദ്യ പതിപ്പ് 2023 നവംബർ 16-ന് തിരുവനന്തപുരത്ത് വച്ചുനടന്നു. ടൂറിസം നിക്ഷേപക സംഗമം വഴി

ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവന ചെയ്യുവാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കുവാനും സാധ്യമാകുന്നതാണ്.

സിനി ടൂറിസം- കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിങ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കിരീടം പാലം ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതിയാരംഭിച്ചു.

കാരവൻ ടൂറിസം– കാരവൻ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 1,05,00,000/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും കാരവൻ പാർക്കുകൾ കമ്മിഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഡെസ്റ്റിനേഷൻ ചലഞ്ച്- ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. 2026-ഓടെ "ഒരു പഞ്ചായത്ത് - ഒരു ലക്ഷ്യസ്ഥാനം" എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം ഇതുവരെ 45 പദ്ധതികൾക്ക് അനുമതി നൽകി. അതിൽ

7 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തിൽ കൂടുതൽ LSGD-കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

മാസ്റ്റർ പ്ലാൻ- ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കോവളം, വർക്കല, കൊല്ലം, ആലപ്പുഴ, മലമ്പുഴ, കുമരകം, കോഴിക്കോട്, തലശ്ശേരിപോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

സ്റ്റാർട്ടപ് മിഷൻ- വിനോദസഞ്ചാര വകുപ്പും കേരള സ്റ്റാർട്ടപ് മിഷനും തമ്മിൽ നൂതനമായ വിവിധ പദ്ധതികളിൽ ചേർന്ന് പ്രവർത്തിക്കുന്നതിനായി MOU-ൽ ഏർപ്പെട്ടിട്ടുണ്ട്. നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾക്ക് രൂപം നൽകുകയാണ്.

ക്യാരിയിങ് കപ്പാസിറ്റി പഠനം - ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹകശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ പ്രതികൂല പ്രത്യാഘാതങ്ങളുണ്ടാക്കാതെ ഒരു ലക്ഷ്യസ്ഥാനത്തിനുൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു. 2 ഡെസ്റ്റിനേഷനുകളിൽ ക്യാരിയിങ് കപ്പാസിറ്റി പഠനം നടത്തുന്നതിന് KITTS-ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

മലബാർ ലിറ്റററി സർക്യൂട്ട് ഫേസ്-1- മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക

പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങളുൾപ്പെടുത്തിയാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഉത്തരവാദിത്ത ടൂറിസം- സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്. കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ഈ പദ്ധതി നടപ്പാക്കിവരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്റ്റീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ്‌വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശസഞ്ചാരികളേയും ആകർഷിക്കുന്നവയാണ്. 'സ്ത്രീ സൗഹാർദ ടൂറിസം' എന്ന പദ്ധതി കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു.എൻ. വിമണുമായി ചേർന്നാണ് നടപ്പാക്കുന്നത്. കേരളത്തിൽ നടന്നുവരുന്ന സ്ത്രീ സൗഹാർദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ലോകശ്രദ്ധയിലെത്തിക്കുന്നതിന് യു.എൻ. വിമണിന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ

റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തീയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ചുനടന്നു.

ബയോഡൈവേഴ്സിറ്റി സർക്യൂട്ട്- പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതി പുരോഗമിക്കുന്നു.

നൈറ്റ് ലൈഫ് ടൂറിസം- സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് പദ്ധതി നടപ്പിലാക്കി. കനകക്കുന്ന് കൊട്ടാരവളപ്പിലും നൈറ്റ് ലൈഫ് ടൂറിസം പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്.

വീ പാർക്ക് പദ്ധതി- പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദപ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്യും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദസൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവുസമയങ്ങൾ ചെലവഴിക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തിയുമാണ് പദ്ധതി വിഭാവന ചെയ്യുന്നത്. കൊല്ലം എസ്.എൻ. കോളേജ് റെയിൽവേ മേൽപ്പാലത്തിനുതാഴെയുള്ള ഭാഗത്തെ സൗന്ദര്യവൽക്കരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 'Ashtamudi Biodiversity and Eco-Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya Global Gateway to Malabar Cultural Crucible, എന്നീ പദ്ധതിയും കേന്ദ്ര സ്വദേശ് ദർശൻ 2.0 സ്കീം മുഖേന Enhancement of Tourist Experience at Malampuzha Garden & Leisure Park, Alappuzha A Global Water Wonderland എന്ന പദ്ധതിയും ഉപപദ്ധതിയായ Challenge Based Destination Development-ൽ ഉൾപ്പെടുത്തി 'വർക്കല ദക്ഷിൻ കാശി, 'തലശ്ശേരി സ്പിരിച്യൽനെക്സസ്' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൂടാതെ വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്തുടനീളം നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

സ്റ്റാർട്ടപ് ഹബ്ബ്, നെറ്റ് സീറോ ഡെസ്റ്റിനേഷൻ (വയനാട്), ഗ്രീൻ എനർജി ഡെസ്റ്റിനേഷൻ പ്രോത്സാഹിപ്പിക്കുക, മിയവാക്കി വനവൽക്കരണം, സിൽവർ ഇക്കോണമി ടൂറിസം, കൾട്ട് ടൂറിസം, അഡ്വഞ്ചർ അക്കാദമി തുടങ്ങിയവയാണ്.

സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന്

ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപംനൽകി നടപ്പാക്കിവരുന്നു.

പാരാഗ്ലൈഡിങ്, സർഫിങ്, മൗണ്ടൻ സൈക്ലിങ്, വൈറ്റ് വാട്ടർ കയാക്കിങ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് - സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ വിദേശസഞ്ചാരികൾ വരുംവർഷങ്ങളിൽ കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, ചാമ്പ്യൻസ് ബോട്ട് ലീഗ്, ക്രിസ്തുമസ്-പുതുവർഷത്തിന്റെ ഭാഗമായി ലൈറ്റിങ് ഫെസ്റ്റിവൽ തുടങ്ങിയ പരിപാടികളിലൂടെ പ്രകൃതിസൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന്റെ സംസ്കാരവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കെ.ടി.ഡി.സി. മുതലായവ വഴി നടത്തുന്ന ഭക്ഷ്യമേളകൾ ഇതിന് ഉദാഹരണമാണ്. ഹോംസ്റ്റേകൾക്കും സർവീസ്ഡ് വില്ലകൾക്കും

അംഗീകാരം നൽകുമ്പോൾത്തന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണമെന്ന് നിഷ്കർഷിക്കാറുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിമുറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഒരുക്കുന്നതിന് സ്വകാര്യ ഏജൻസികളെയുൾപ്പെടെ സഹകരിപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ടൂറിസം പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട എല്ലാ ഡെസ്റ്റിനേഷനുകളിലും ആവശ്യമായ ശുചിമുറി സൗകര്യങ്ങളേർപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. എല്ലാ പദ്ധതികളിലും ശുചിമുറി ഒരു പ്രധാന ഘടകമായി നിലനിർത്തിക്കൊണ്ടുള്ള രൂപരേഖയാണ് തയ്യാറാക്കുന്നത്. ഡെസ്റ്റിനേഷനുകളിൽ പദ്ധതി നിർവഹണം പൂർത്തീകരിച്ച് പരിപാലന ചുമതല നൽകുന്ന സമയത്ത് സ്വകാര്യ പങ്കാളിത്തം ആവശ്യാനുസരണം പരിഗണിക്കുന്നതാണ്.

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അധ്യാപകരുടെ യോഗ്യത

30 (*270) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അധ്യാപകർക്ക് നിർബന്ധമാക്കിയിട്ടുള്ള യോഗ്യതകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2010 ഓഗസ്റ്റ് 23-ന് എൻ.സി.റ്റി.ഇ. പുറത്തിറക്കിയ വിജ്ഞാപനത്തിൽ ഇതുസംബന്ധിച്ച് എന്താണ് നിർദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 23(1), എൻ.സി.റ്റി.ഇ.-യുടെ 23-08-2010-ലെ (F.No 61-03/20/2010/NCTE/(N&S), 29-07-2011-ലെ F.No 61-01/2011/NCTE/(N&S) എന്നിവ പ്രകാരം അധ്യാപകർക്കുവേണ്ട മിനിമം യോഗ്യതകൾ സംബന്ധിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.[+]

(സി) സംസ്ഥാനത്ത് നിലവിലുള്ള അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടേണ്ട അവസാന തീയതിയായി കേന്ദ്രം നിഷ്കർഷിച്ചിരിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ?

2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 23, ഉപവകുപ്പ് (1) പ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം യോഗ്യതകളില്ലാത്ത ഒരു അധ്യാപകൻ, പ്രാബല്യം വന്ന് അഞ്ച് വർഷത്തിനുള്ളിൽ അത്തരം മിനിമം യോഗ്യതകൾ നേടിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. തുടർന്ന് 09-08-2017-ലെ ചട്ടഭേദഗതിപ്രകാരം മിനിമം യോഗ്യത സമയപരിധി 31-05-2015 മുതൽ നാല് വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഡി) 2010-നുമുമ്പ് നിയമിതരായ അധ്യാപകരുടെ ജോലി സംരക്ഷിക്കാനായി അധ്യാപക സംഘടനകൾ ആവശ്യപ്പെട്ട നടപടി വിശദമാക്കാമോ?

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ ജോലി സംരക്ഷണത്തിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്ഥല പരിശോധനയ്ക്ക് വാഹന സൗകര്യം

1 (3227) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ തുടങ്ങിയവർക്ക് സ്ഥലപരിശോധനയ്ക്കായി വാഹന സൗകര്യമില്ലെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധികാരപരിധിക്ക് കീഴിൽ നാലിലധികം നിയമസഭാ മണ്ഡലങ്ങളും 400 കിലോമീറ്ററിലധികം റോഡ് പരിപാലന ചുമതലയുമുള്ളതിനാൽ വാഹന സൗകര്യമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് അനുവദിച്ചതുപോലെ വാടക അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ഫീൽഡ് ഓഫീസർമാർക്ക് സ്ഥലപരിശോധനയ്ക്കായും മറ്റ് അത്യാവശ്യ ഔദ്യോഗിക കാര്യങ്ങൾക്കായും 74 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 37 വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനായി അനുമതി നൽകിയിരുന്നു. ഈ സാമ്പത്തിക വർഷം 39 വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനുകൂടി അനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ വിവിധ സർക്കിൾ, ഡിവിഷൻ, സബ്ഡിവിഷൻ ഉൾപ്പെടെയുള്ള കാര്യാലയങ്ങളിലെ രജിസ്ട്രേഷൻ കാലാവധി 15 വർഷം

അധികരിച്ച ഔദ്യോഗിക വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഉത്തരവായിട്ടുണ്ട്.

തൃപ്പൂണിത്തുറ എസ്.എൻ. ജങ്ഷൻ–പൂത്തോട്ട റോഡ് വികസനം

2 (3228) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ എസ്.എൻ. ജങ്ഷൻ–പൂത്തോട്ട റോഡ് നാലുവരിയാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

എസ്.എൻ. ജങ്ഷൻ–പൂത്തോട്ട റോഡ് നാലുവരിപ്പാത വികസനത്തിന് 300 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിനായി 450 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. പദ്ധതിക്കാവശ്യമായ അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് പൊതുമരാമത്ത് വകുപ്പ് എറണാകുളം നിരത്ത് വിഭാഗം KRFB–ക്ക് പ്രസ്തുത പദ്ധതി കൈമാറിയിരുന്നു. തുടർന്ന് പൊന്നുംവില നടപടികളാരംഭിക്കുകയും 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 7.9836 ഹെക്ടർ ഭൂമിയേറ്റെടുക്കുന്നതിനായി കേരള ഗസറ്റിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബസ് ബേ, ജങ്ഷൻ വികസനം എന്നിവകൂടി ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.–പി.എം.യു., എറണാകുളം/തൃശ്ശൂർ കാര്യാലയത്തിൽനിന്നും അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ഈ പദ്ധതിക്കായി മുൻ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ സ്ഥലമേറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലമാണ് ഇപ്രകാരം ഏറ്റെടുക്കാൻ നിശ്ചയിച്ചതെന്ന് അറിയിക്കാമോ?

നിരത്ത് വിഭാഗം കൈമാറിയ അലൈൻമെന്റിൽ ചില സർവെ നമ്പറുകൾ ഉൾപ്പെടുത്തിയില്ല എന്നതിനാൽ വിട്ടുപോയിട്ടുള്ളതും ബസ് ബേയ്ക്ക് ആവശ്യമായി വരുന്നതുമായ 5.2164 ഹെക്ടർ ഭൂമി നിലവിലെ ഭൂമിയോടൊപ്പം കൂട്ടിച്ചേർക്കാനുണ്ട്. ഈ സർവെ നമ്പറുകളിൽ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തേണ്ട ആവശ്യകതയുള്ളതിനാൽ കേരള ഗസറ്റിൽ 4(1) വിജ്ഞാപനം (കൂട്ടിച്ചേർക്കൽ) പ്രസിദ്ധീകരിച്ചിരുന്നു. മേൽ പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, യൂണിറ്റ് 2, അങ്കമാലി കാര്യാലയത്തിൽനിന്ന് പുരോഗമിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നതിനും മറ്റും കിഫ്ബിയിൽനിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർവെയർമാരുടെ അഭാവം നിമിത്തം പ്രസ്തുത പദ്ധതിക്കായി സർവെ നടപടികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; കൂടുതൽ സർവെയർമാരെ നിയമിക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഇ) എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതിയാരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(സി-ഇ) പ്രസ്തുത പദ്ധതിക്കായി 450 കോടി രൂപയുടെ ഭൂമിയേറ്റെടുക്കലിനുള്ള സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, യൂണിറ്റ് 2, അങ്കമാലി കാര്യാലയത്തിൽനിന്നും പുരോഗമിക്കുന്നു.

സി.എം.ടി. യോഗം

3 (3229) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കോൺസ്റ്റിറ്റ്യൂൻസി മോണിറ്ററിങ് ടീം (സി.എം.ടി.) പ്രതിമാസം യോഗം ചേരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയും വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയും 01-01-2022-ലെ GO(Rt)No.08/2022/PWD. പ്രകാരം ഒരു ചീഫ് നോഡൽ ഓഫീസറും രണ്ട് സ്റ്റേറ്റ് നോഡൽ ഓഫീസർമാരും 140 നോഡൽ ഓഫീസർമാരുമുൾപ്പെട്ട സ്പെഷ്യൽ മോണിറ്ററിങ് ടീം രൂപീകരിച്ചു. ഈ ടീമിൽ ചീഫ് എഞ്ചിനീയർ തസ്തികയിലുള്ള ഒരു ചീഫ് നോഡൽ ഓഫീസറും ചീഫ് എഞ്ചിനീയർ തസ്തികയിലുള്ള രണ്ട് നോഡൽ ഓഫീസർമാരും (South & North Region) എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിങ് എഞ്ചിനീയർ തസ്തികയിലുള്ള 140 നോഡൽ ഓഫീസർമാരുമാണുള്ളത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാർ

ഗ്രൂപ്പുകളുണ്ടാക്കുകയും എല്ലാ മാസവും എം.എൽ.എ.-മാരുമായി പ്രവൃത്തികളെ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും പ്രവൃത്തി സംബന്ധിച്ച തടസ്സങ്ങൾ മാറ്റുന്നതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC (District Infrastructure Co-ordination Committee) മീറ്റിങ്ങിൽ പ്രവൃത്തികളുടെ അവലോകനം നടത്തുകയും കൃത്യമായ ഇടവേളകളിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രികൂടി പങ്കെടുത്തുകൊണ്ട് അവലോകനം നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) സി.എം.ടി. നോഡൽ ഓഫീസറുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിയോജകമണ്ഡലതല പി.ഡബ്ല്യു.ഡി. പ്രവർത്തനങ്ങളുടെ നിരീക്ഷണം, നിയോജകമണ്ഡലം തിരിച്ചുള്ള അവലോകന യോഗങ്ങളിൽ പങ്കെടുക്കുക, സംസ്ഥാനതല ഓഫീസുകളിൽനിന്നുള്ള ആവശ്യമായ പിന്തുണയെക്കുറിച്ചും പ്രവർത്തന പുരോഗതിയെക്കുറിച്ചും സംസ്ഥാനതല നോഡൽ ഓഫീസർമാർക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുക, സംസ്ഥാനതല ഓഫീസുകളുമായി ബന്ധപ്പെടുകയും എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക എന്നിവ സി.എം.ടി. നോഡൽ ഓഫീസറുടെ ചുമതലകളാണ്.

(സി) സി.എം.ടി. യോഗങ്ങളെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ; മണലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിട്ട്സ് ലഭ്യമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിട്ട്സ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഏതെല്ലാമാണ് ഇതുവരെ നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കാത്തവ ഏതെല്ലാമാണ്; അവ നടപ്പിലാക്കാത്തത് എന്തുക്കൊണ്ടാണ്; വിശദാംശം ലഭ്യമാക്കുമോ?

(ഡി&ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.+

ജില്ലാ തലത്തിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി

4 (3230) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള പുതിയ നിർമ്മിതികൾക്കായി ഡി.പി.ആർ., ഡിസൈൻ എന്നിവയ്ക്ക് വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുതിയ നിർമ്മിതികൾക്കായി ഡി.പി.ആർ. തയ്യാറാക്കുമ്പോൾ സ്ഥലം പരിശോധിച്ച് ആർക്കിടെക്ചറൽ ഡ്രോയിങ് തയ്യാറാക്കുകയും ആയത് തനത് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് ആർക്കിടെക്ചറൽ ഡ്രോയിങ് തയ്യാറാക്കുകയും ആയത് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവെ, മണ്ണ് പരിശോധന റിപ്പോർട്ടുകളടക്കം ഡിസൈൻ വിങ്ങിന് കൈമാറുകയും ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയബന്ധിതമായി ഡിസൈൻ ആർക്കിടെക്ചർ കെട്ടിടവിഭാഗങ്ങൾക്കുള്ള പ്രവർത്തനം സാധ്യമാക്കുന്നതിന് കെട്ടിടവിഭാഗത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ഡിവിഷൻ, സർക്കിൾ, ചീഫ് എഞ്ചിനീയർ തലങ്ങളിൽ സംയുക്ത മീറ്റിങ്ങുകൾ നടത്തി ഏകോപിപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഈ കാലതാമസം ഒഴിവാക്കുന്നതിനായി ഡിസൈൻ വിങ്ങിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജില്ലാതലത്തിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ഡിസൈൻ വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം ചീഫ് ഡിസൈൻ ഓഫീസിനുപുറമെ 14 ജില്ലകളിലെ പ്രവൃത്തികൾ ഡിസൈൻ ചെയ്യുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്കുവേണ്ടി തിരുവനന്തപുരത്തും എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾക്കുവേണ്ടി എറണാകുളത്തും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾക്കുവേണ്ടി കോഴിക്കോടും മേഖലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡിസൈൻ ഓഫീസുകൾ നിലവിലുണ്ട്. ഇവ വഴി കേരളത്തിന്റെ എല്ലാ ഭാഗത്തുമുള്ള ഡിസൈനുകൾ കാര്യക്ഷമമായിത്തന്നെ ചെയ്തുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ നൂതന സോഫ്റ്റ്വെയറുകളും ഹാർഡ്വെയറുകളും ലഭ്യമാക്കി ഡിസൈനിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി അവരുടെ സേവനം പ്രസ്തുത ഓഫീസുകളിൽ ഉറപ്പുവരുത്തി ഡിസൈൻ ഓഫീസുകളുടെ കാര്യക്ഷമത അഭിവൃദ്ധിപ്പെടുത്തി വരുന്നു.

(സി) നിലവിലെ കാലതാമസം ഒഴിവാക്കുന്നതിനായി എഞ്ചിനീയറിങ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹായം തേടുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ഡിസൈൻ തയ്യാറാക്കിയ വകുപ്പുദ്യോഗസ്ഥരോട് വിശദീകരണം തേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) പുതിയ നിർമ്മിതികൾക്കായി ഡിസൈൻ, ഡ്രോയിങ് എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിങ് മുഖേന തയ്യാറാക്കുവാനാണ് പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം നിഷ്കർഷിക്കുന്നത്. എന്നിരുന്നാലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആവശ്യകതാ റിപ്പോർട്ടിൻപ്രകാരവും പ്രവൃത്തിയുടെ അടിയന്തരനിർവഹണവും കണക്കിലെടുത്ത് എഞ്ചിനീയറിങ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹായം കൈക്കൊള്ളാറുണ്ട്.

പൊതുമരാമത്ത് വകുപ്പിലെ കരാറുകാർ

5 (3231) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ സിവിൽ, ഇലക്ട്രിക്കൽ, ബിൽഡിങ്സ്, റോഡ്സ് എന്നീ വിഭാഗങ്ങളിലായി എത്ര കരാറുകാരുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾക്ക് സിവിൽ വിഭാഗത്തിൽ ആകെ 14750 കരാറുകാരും ഇലക്ട്രിക്കൽ വിഭാഗത്തിൽ

583 കരാറുകാരുമാണുള്ളത്. അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ Road, Building എന്ന് പ്രത്യേകം ലൈസൻസ് വിഭാഗം നിലവിലില്ല.

(ബി) പ്രസ്തുത കരാറുകാരിൽ എത്ര വനിതകളുണ്ട്; വനിതകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ?

PWD Manual പ്രകാരമുള്ള ലൈസൻസ് അപേക്ഷയിൽ Gender Identification രേഖപ്പെടുത്തേണ്ടതില്ലാത്തതിനാൽ, PRICE 3.0 data base പ്രകാരം വനിതാ കരാറുകാരുടെ എണ്ണം സംബന്ധിച്ച കണക്കുകൾ പ്രത്യേകമായി ലഭ്യമല്ല.

(സി) പ്രസ്തുത കരാറുകാരിൽ എത്രപേർ പട്ടികജാതി/പട്ടികവർഗ/പിന്നാക്ക വിഭാഗത്തിൽനിന്ന് ഉണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

പ്രസ്തുത കരാറുകാരിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽ ആകെ 140 കരാറുകാരാണുള്ളത്. അതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

(ഡി) നിലവിൽ പൊതുമരാമത്ത് കരാർ പ്രവൃത്തിയിലേർപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും നിബന്ധനകളും സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പിൽ കോൺട്രാക്ടേഴ്സ് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള 9 സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) പൊതുമരാമത്ത് ജോലികളുടെ കരാർ ലൈസൻസ് ലഭിക്കുവാൻ പട്ടികജാതി/പട്ടികവർഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെങ്കിലും ഇളവുകളുണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

25-05-1992-ലെ സ.ഉ.(കൈ)നം.50/92/പൊ.മ.വ. പ്രകാരം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കരാറുകാർക്ക് ഇളവുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരമുള്ള ഇളവുകൾ 28-12-2020-ലെ സ.ഉ.(കൈ)നം.78/2020/പൊ.മ.വ. പ്രകാരം എസ്.സി/എസ്.ടി. തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള എസ്.സി./എസ്.ടി. LCCS-കൾക്ക് ബാധകമായിട്ടുണ്ട്.

25-05-1992-ലെ സ.ഉ.(കൈ)നം.50/1992/PWD പ്രകാരം Cash Deposit, Solvency, Registration Fees, Renewal Fees, Cost of Tender Form, EMD, Security Deposit എന്നിവയിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്.

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനം

6 (3232) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് ഇടുക്കി സ്പെഷ്യൽ ബിൽഡിങ് സെക്ഷൻ നമ്പർ 1 കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ നിര്യാതനായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മീരാൻ പി.ടി.-യുടെ മകൾ കുമാരി ബിസ്മി ടി.എം.-ന് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം എന്ന് നിയമനം നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

കുമാരി ബിസ്മി റ്റി.എം.-ന് പൊതുമരാമത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒരു വർഷമുണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനത്തിൽ നിജപ്പെടുത്തി ആശ്രിതനിയമനം നൽകുന്നതിന് 25-02-2020-ലെ സ.ഉ.(കൈ)നം. 74/2020/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഏത് ജില്ലയിലേക്കും ഏത് വകുപ്പിലേക്കും ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് പരിഗണിക്കുന്നതിന് അപേക്ഷക സമ്മതപത്രം സമർപ്പിച്ചതിനെതുടർന്ന് നടപടി സ്വീകരിക്കുന്നതിനായി പ്രൊഫോർമ പൊതുഭരണ സർവീസസ് (ഡി) വകുപ്പിലേക്ക് 23-02-2024-ലെ A2/212/2023/പൊ.മ.വ. പ്രകാരം കൈമാറി നൽകിയിരുന്നു. പ്രസ്തുത വകുപ്പിലെ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയുടെ ആശ്രിത നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റിൽ

കുമാരി ബിസ്മി ടി.എം. 12-12-2023 വാലിഡ് ആപ്ലിക്കേഷൻ തീയതിയായി നിലവിൽ 716-ാമത് ആയാണുള്ളത്. കൂടാതെ ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിത നിയമനം നൽകിയവരിൽ 100-ൽ അധികം (നൂറിലധികം) പേരുടെ റെഗുലറൈസേഷൻ ഇനിയും പൂർത്തിയാകാനുണ്ട്. വിവിധ വകുപ്പുകളിൽനിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് സീനിയോറിറ്റി ക്രമത്തിൽ മാത്രമേ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിൽനിന്നും നിയമനം നൽകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ

കുമാരി ബിസ്മി ടി.എം.-ന് ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനം ലഭിക്കാനെടുക്കുന്ന കാലപരിധി മുൻകൂട്ടി പറയുവാൻ സാധിക്കുന്നതല്ല.

പൊതുമരാമത്ത് വിഭാഗത്തിന്റെ അക്രഡിറ്റഡ് ഏജൻസികൾ

7 (3233) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏറ്റവും കൂടുതൽ പൊതുമരാമത്ത് ജോലികളേൽപ്പിച്ച് നൽകിയിട്ടുള്ള രണ്ട് അക്രെഡിറ്റഡ് ഏജൻസികൾ ഏതാണ്; എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നാളിതുവരെ പ്രസ്തുത ഏജൻസികൾക്ക് ഏൽപ്പിച്ച് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിൽ ടെൻഡർ നടപടിക്രമം ഒഴിവാക്കി നൽകിയിട്ടുള്ള പ്രവൃത്തികൾ എത്ര കോടി രൂപയുടേതാണെന്ന് വിശദമാക്കുമോ?

(എ&ബി)

കെട്ടിട വിഭാഗം

അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ഒരു പ്രവൃത്തി ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ദേശീയപാത വിഭാഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ സർക്കാരിന്റെ കാലം മുതൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ജോലികൾ ഏൽപ്പിച്ച അക്രെഡിറ്റഡ് ഏജൻസി ഊരാളുങ്കൽ ലേബർ സൊസൈറ്റിയാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

8 (3234) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ, അതിനായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

നിരത്തുകൾ

അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലനം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർക്കുന്നു.+

ദേശീയ പാത

CRIF പദ്ധതിയിലുൾപ്പെടുത്തി "Improvement to Kalladikkode -Pulappatta Sreekrishnapuram road from Km 0/000 to Km 15/169 Palakkad District" എന്ന പ്രവൃത്തി 31-08-2024-ൽ പൂർത്തീകരിച്ചു. ടി പ്രവൃത്തിയുടെ 1/900 കി.മീ. മുതൽ 15/169 വരെയുള്ള ഭാഗം ഒറ്റപ്പാലം മണ്ഡലത്തിലാണ്. പ്രസ്തുത പ്രവൃത്തിക്കായി 18 കോടി രൂപ അനുവദിച്ചിട്ടുള്ളതാകുന്നു.

ആർ.ബി.ഡി.സി.കെ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ. മുഖാന്തരം പൂർത്തീകരിച്ച പ്രവൃത്തികളൊന്നുംതന്നെയില്ല. ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും 78.05 കോടി രൂപ ലഭ്യമാക്കിയിട്ടുള്ളതാണ്.

ജി.ഒ.(ആർ.ടി.)നം.1324/2016/പി.ഡബ്ല്യു.ഡി. പ്രകാരം 27-09-2016-നാണ് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയത്. ടി പദ്ധതിക്കാവശ്യമായ ഭൂമി മുഴുവൻ 31-07-2025-ന് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിങ് എസ്റ്റിമേറ്റ് K.S.E.B.L.-ൽനിന്നും ലഭിച്ചാലുടനെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി കൂടി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ടി.പി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

RKI പദ്ധതിയിലുൾപ്പെടുത്തിയ (29-05-2020-ലെ G.O.(Rt)No. 235/2020/P&EA പ്രകാരം 364.14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച) ഒറ്റപ്പാലം മണ്ഡലത്തിലൂടെ കടന്നുപോകുന്ന മുണ്ടൂർ-ഇല റോഡ് പുനരുദ്ധാരണ പ്രവൃത്തി 27-01-2021-ൽ ആരംഭിച്ചു. നിലവിൽ 92 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

36.695 കി.മീ. നീളത്തിൽ GSB നിർമ്മാണവും 36.695 കി.മീ. നീളത്തിൽ WMM നിർമ്മാണവും 34.620 കി.മീ. നീളത്തിൽ ഡി.ബി.എം. നിർമ്മാണവും 35.711 കി.മീ. നീളത്തിൽ ബി.സി. നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

റോഡിന്റെ ഇരുവശങ്ങളിലുമായി 68.70 കി.മീ. നീളം വരുന്ന ഓടയുടെ നിർമ്മാണത്തിൽ 67.59 കി.മീ. ദൈർഘ്യത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയിലുൾപ്പെടുത്തിയിരുന്ന 108 കലുങ്കുകളുടെ (വീതി കൂട്ടൽ, പുനർനിർമ്മാണം) പൂർത്തിയാക്കിയിട്ടുണ്ട്.

2 ചെറുപാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇലപ്പുഴയുടെ കുറുകെ പുതിയ (Major Bridge) നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നു.

10.410 കി.മീ. നീളത്തിൽ യൂട്ടിലിറ്റി ഡക്ടിന്റെ നിർമ്മാണവും 16.31 കി.മീ. നീളത്തിൽ മീഡിയൻ ക്രാഷ് ബാരിയറിന്റെ നിർമ്മാണവും 36.54 കി.മീ. നീളത്തിൽ പേവർ ബ്ലോക്ക് നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു. 406.65 കോടി രൂപ പുതുക്കിയ കരാർ തുകയുള്ള പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ M/s. KMC Constructions-ന് നാളിതുവരെ 317,44,22,722/- രൂപ നൽകിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി. - പി.എം.യു.

1. ശ്രീകൃഷ്ണപുരം- മുറിയങ്കണ്ണി ചെത്തല്ലൂർ റോഡ് നവീകരണം (ചെയിനേജ് 0/000 മുതൽ 12/450) (ഘട്ടം-1 ചെയിനേജ് 0/000 മുതൽ 7/700 വരെ)- പ്രസ്തുത പ്രവൃത്തിക്ക് 20-08-2016-ലെ G.O.(Rt)No. 1192/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 29-11-2018-ലെ ഓർഡർ നമ്പർ PWD004-143-PA-01 പ്രകാരം 45.53 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 13-08-2024-ലെ PWD004-143/APR-1/2024/KIIFB ഉത്തരവുപ്രകാരം 31.60 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കി. 29-12-2021-ലെ എഗ്രിമെന്റ് നമ്പർ 09/PWD004-143/PD/PMU-KRFB/2021-22 പ്രകാരം M/s. PMR Construction Company എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

2. ശ്രീകൃഷ്ണപുരം- മുറിയങ്കണ്ണി ചെത്തല്ലൂർ റോഡ് നവീകരണം (ചെയിനേജ് 0/000 മുതൽ 12/450) (ഘട്ടം-2 ചെയിനേജ് 7/700 മുതൽ 12/450 വരെ)- പ്രസ്തുത പ്രവൃത്തിക്ക് 20-08-2016-ലെ G.O.(Rt)No.1192/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി.

13-08-2024-ലെ PWD004-143/APR-1/2024/KIIFB പ്രകാരം 23.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 29-12-2021-ലെ എഗ്രിമെന്റ് നമ്പർ 28/PWD004-143-07/PD/PMU-KRFB/2024-25 പ്രകാരം M/s. Malabar Tech എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 5 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

3. ഒറ്റപ്പാലം ചെറുപ്പളശ്ശേരി റോഡ് ചെയിനേജ് 0/000 മുതൽ 11/000 വരെയുള്ള റോഡ് പ്രവൃത്തിക്ക് 20-08-2016-ലെ G.O.(Rt)No.1192/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 12-02-2020-ലെ PWD004-01/APR-5/2020/KIIFB പ്രകാരം 54.32 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 17-10-2023-ലെ PWD004-01/PE-19-PAD/2023/KIIFB പ്രകാരം 62.43 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കി.

13-09-2024-ലെ എഗ്രിമെന്റ് നമ്പർ 18/PWD004-01-04/PD/PMU-KRFB/2024-25 പ്രകാരം M/s. ULCCS എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 16 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

4. കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡിന് 01-11-2016-ലെ G.O.(Rt)No.1502/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 07/02/2019-ലെ PWD006-25/APR-1/2019/ KIIFB ഉത്തരവുപ്രകാരം 53.89 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും 59.02 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

15-02-2021-ലെ എഗ്രിമെന്റ് നമ്പർ 31/PWD006-25/PD/PMU-KRFB/2020-21 പ്രകാരം M/s. മലബാർ ടെക്ക് എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ്

അനുവദിച്ച പ്രവൃത്തികൾ

9 (3235) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും പുരോഗതി വിവരവും ലഭ്യമാക്കാമോ?

നിരത്തുകൾ

അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർക്കുന്നു.+

ദേശീയപാത വിഭാഗം

കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻ കീഴിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. "General Kozhikkode Palakkad NH966 Construction of side drain between Km 116/500 to 119/500 General Civil work" എന്ന പ്രവൃത്തിക്ക് സംസ്ഥാന സർക്കാരിന്റെ നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ 30-08-2025-ന് അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തി ടെൻഡർ സ്റ്റേജിലാണ്.

2. CRIF പദ്ധതിയിലുൾപ്പെടുത്തി "Improvement to Kalladikkode Pulappatta Sreekrishnapuram road from Km 0/000 to Km 15/169 Palakkad District: എന്ന പ്രവൃത്തിക്ക് 18 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തി 31-08-2024-ൽ പൂർത്തീകരിച്ചു. ടി പ്രവൃത്തിയുടെ 0/000 കി. മി. മുതൽ 1/900 വരെയുള്ള ഭാഗം കോങ്ങാട് മണ്ഡലത്തിലാണ്.

3 "General Kozhikkode Palakkad NH966 Additional Presentive Measures to be Implemented for Reducing Accidents from Km 114/500 to 116/000 at Panayampadam Traffic Safety Work General Civil Work- എന്ന പ്രവൃത്തിക്ക് Rs.1,35,00,000/- ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡ്രെയിനേജ്, സംരക്ഷണഭിത്തി, കർബ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കെ.ആർ.എഫ്.ബി. - പി.എം.യു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലത്തിന് 31-10-2016-ലെ G.O.(Rt)No.1496/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 13-03-2024-ലെ PWD001-12/APR-5/2019/KIIFB ഉത്തരവുപ്രകാരം 5.96 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി. തുടർന്ന് 14-03-2025-ൽ PWD001-12/APR-1/2025/KIIFB പ്രകാരം 10.23 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 22-03-2025-ലെ PWD/KR/EST-TS/8562/2023-5-1-1 ഉത്തരവുപ്രകാരം 10.226 കോടി രൂപയ്ക്ക് ഈ കാര്യാലയത്തിൽനിന്ന് സാങ്കേതികാനുമതി നൽകി 25-03-2025-ൽ ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 09-04-2025, 23-04-2025, 02-07-2025 എന്നീ തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02-07-2025-ൽ നടന്ന റീ-ടെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ് പങ്കെടുക്കുകയും L1 Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above – 2018 DSoR) ക്വാട്ട് ചെയ്യുകയും ചെയ്തു. ആയത് 19-09-2025-ൽ നടന്ന 62-ാമത് Tender Approval Committee-ൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ക്വാട്ട് ചെയ്ത തുക വളരെ കൂടുതലായതിനാൽ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുവാൻ Tender Approval Committee നിർദേശിക്കുകയുണ്ടായി.

2) കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ പാലത്തിന് 31-10-2016-ലെ G.O.(Rt)No.1496/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 16-09-2019-ലെ PWD001-12/APR-5/2019/KIIFB ഉത്തരവുപ്രകാരം 11.7 കോടി രൂപയ്ക്ക്

കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി. എന്നാൽ കിഫ്ബി അംഗീകരിച്ച സാമ്പത്തികാനുമതിയിൽ ലാൻഡ് അക്വിസിഷനുള്ള തുകയില്ലാത്തതിനാൽ ലാൻഡ് അക്വിസിഷനുള്ള തുകയുൾപ്പെടുത്തി പുതുക്കിയ സാമ്പത്തികാനുമതിക്കായി 31-10-2023-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും 13-03-2024-ലെ PWD001-12/APR-1/2024/KIIFB ഉത്തരവുപ്രകാരം 16.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബി നിർദേശമനുസരിച്ച് പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭ്യമാക്കുകയും അതുപ്രകാരം അലൈൻമെന്റ് കല്ലുകൾ മാറ്റിസ്ഥാപിച്ച് ലാൻഡ് അക്വിസിഷൻ ഡ്രോയിങ് പാലക്കാട് കിഫ്ബി LA- സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 27-02-2025-ലെ സ.ഉ.(സാധാ)നം. 517/2025/RD പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പറളി-II വില്ലേജിൽ ഉൾപ്പെട്ട 38 ആർസ് ഭൂമിയേറ്റെടുക്കുന്നതിനുള്ള Revenue(B) Order ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നുവരുന്നു. എന്നാൽ പുതുക്കിയ സാമ്പത്തികാനുമതി റിപ്പോർട്ടിലെ നിർദേശപ്രകാരം സാങ്കേതികാനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

3) കോങ്ങാട് മണ്ഡലത്തിലെ പറളി പാലത്തിന് 06-07-2023-ലെ G.O.(Rt)No.917/2023/PWD പ്രകാരം 10 കോടി രൂപക്ക് പുതുക്കിയ തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി 04-07-2023-ൽ നൽകിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ പരിഗണനയിലാണ്.

4) കോങ്ങാട് മണ്ഡലത്തിലെ ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡിന് 01-11-2016-ലെ G.O.(Rt)No.1502/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 16-03-2018-ലെ APR-1/310/2018/KIIFB ഉത്തരവുപ്രകാരം 30.26 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി. 12-04-2023-ലെ PWD006-20/APR-1/2023/KIIFB ഉത്തരവുപ്രകാരം 37.52 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കി. 08-11-2022-ൽ ഉത്തരവ് നം. PWD/KR/WST-TS/13831/2022-5-1-1 പ്രകാരം 21.96 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി 24-11-2020-ൽ പ്രവൃത്തി ടെൻഡർ ചെയ്തു. എന്നാൽ കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാത്തതിനാൽ 09-06-2023-ൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. തുടർന്ന് 24-07-2023-ൽ 19.73 കോടി രൂപയ്ക്ക് M/s. ULCCS എന്ന കരാർ കമ്പനിക്ക് കരാർ നൽകി. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

5) കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡിന് 01-11-2016-ലെ G.O.(Rt)No.1502/2016/PWD ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. 07/02/2019-ലെ PWD006-25/APR-1/2019/KIIFB ഉത്തരവുപ്രകാരം 53.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 59.02 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമാക്കി. 15-02-2021-ലെ എഗ്രിമെന്റ് നമ്പർ 31/PWD006-25/PD/PMU-KRFB/2020-21 പ്രകാരം M/s. മലബാർ ടെക്ക് എന്ന കരാർ കമ്പനിയുമായി

കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

പ്രസ്തുത റോഡിൽ ചെയിനേജ് 2/200-ൽ ഇറിഗേഷൻ കനാലിന് കുറുകെയുള്ള വീതികുറഞ്ഞ പഴയ പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിലേക്കായി പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുള്ളതും അതിന്റെ എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും PRICE Software മുഖേന ലഭിക്കുകയും സൂഷ്മപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അതിന് കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ആകേണ്ടതുണ്ട്. എന്നാൽ കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡ് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ച സാഹചര്യത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് 18-09-2025-ൽ നടന്ന 193-ാമത് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയിൽ അംഗീകരിക്കുകയും ചെയ്തു. അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റും കനാൽ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റും ചേർത്ത് 70.23 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിക്കായി 29-09-2025-ൽ കിഫ്ബിയിൽ പരിശോധനയിലാണ്.

6) കോങ്ങാട് നിയോജകമണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലത്തിന് 10-7-2017-ലെ G.O.(Rt)No. 942/2017/PWD പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 12-11-2018-ൽ 10.734 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുള്ളതുമാണ്. ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം 03-06-2023-ലെ കത്ത് നമ്പർ CEDN-BDU/47/2023-ABE9-PWD പ്രകാരം സമർപ്പിച്ച പുതുക്കിയ ഡിസൈൻ അനുസരിച്ച്

തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ ഉൾപ്പടെയുള്ള 14.24 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിയേക്കാൾ കൂടുതലായതിനാൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി പരിശോധനയിലാണ്. റെയിൽവേ അടിപ്പാത പ്രായോഗികമല്ലെന്നും റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതാണ് ഉത്തമമെന്നും 02-04-2024-ലെ കത്ത് മുഖേന പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം അറിയിക്കുകയുണ്ടായി. മേൽ വിഷയത്തിൽ അന്തിമ തീരുമാനത്തിനായി 24-05-2024-ൽ കിഫ്ബി സി.ഇ.ഒ.-യ്ക്ക് കത്ത് നൽകിയതിനെത്തുടർന്ന് 08-08-2024-ൽ ബഹുമാനപ്പെട്ട കോങ്ങാട് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ കിഫ്ബിയിൽവച്ച് നടന്ന LAC, Review meeting-ൽ Single Lane Bridge നിർമ്മാണം ഡെപ്പോസിറ്റ് വർക്കായി PWD മുഖേന ക്രമീകരിക്കുന്നത് കിഫ്ബിയുടെ പരിഗണനയിലാണ്.

റോഡുകളുടെ ശോചനീയാവസ്ഥ

10 (3236) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ റോഡ് നിർമ്മാണത്തിനും പരിപാലനത്തിനുമായി വകയിരുത്തിയ ഫണ്ടുകൾ സാങ്കേതികാനുമതി വൈകുന്നതിനെത്തുടർന്ന് തടസ്സപ്പെടുന്നുവെന്ന ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സാങ്കേതികാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ഫണ്ട് കൈമാറുന്നതിന്

അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല. എന്നാൽ കോടതി വ്യവഹാരങ്ങൾക്ക് വിധേയമായും മറ്റ് യൂട്ടിലിറ്റി ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്കും മറ്റ് വകുപ്പുകളിൽനിന്നും അനുമതി/ hindrance free land, NOC എന്നിവ ലഭ്യമാകുന്ന മുറയ്ക്കും സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണം

11 (3237) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണത്തിന്റെ പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ഈ ഭാഗത്ത് സർവെ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും റവന്യൂ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന

നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ബൈപാസ് നിർമ്മാണത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കലിന്റെ തുടർനടപടികൾ മീനച്ചിൽ താലൂക്ക് സ്പെഷ്യൽ (LA) തഹസിൽദാറുടെ കാര്യാലയത്തിൽനിന്നും സ്വീകരിച്ചുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

12 (3238) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് പൊതുമരാമത്ത് വിഭാഗങ്ങളുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി)

നിരത്തുകൾ വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു.+

പാലങ്ങൾ വിഭാഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർക്കുന്നു.+

നിരത്ത് പരിപാലനം

അനുബന്ധമായി ചേർക്കുന്നു.+

ആർ.ബി.ഡി.സി.കെ.

ആർ.ബി.ഡി.സി.കെ. മുഖാന്തരം നടപ്പാക്കുന്ന പെരുമ്പാവൂർ ബൈപാസ് ഫേസ് II-ന്റെ ഒരു ഭാഗം കുന്നത്തുനാട് മണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട്. ഈ പദ്ധതിക്ക് (ഫേസ് I & ഫേസ് II) ആകെ 235.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പെരുമ്പാവൂർ ബൈപാസ് ഫേസ് II-ന്റെ ഡിസൈൻ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയിൽനിന്നും ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്കും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ടി പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.ആർ.എഫ്.ബി. - പി.എം.യു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

മനയ്ക്കടവ്-കിഴക്കമ്പലം അന്ന ജങ്ഷൻ മുതൽ നെല്ലാട് വരെയും പട്ടിമറ്റം തെക്കേക്കവല മുതൽ പത്താംമൈൽ വരെയും വരുന്ന റോഡ് നവീകരണം

എറണാകുളം ജില്ലയിലെ കുന്നത്തുനാട് മണ്ഡലത്തിൽ വരുന്ന മനയ്ക്കടവ് മുതൽ നെല്ലാട് വരെയും പട്ടിമറ്റം തെക്കേക്കവല മുതൽ പത്താംമൈൽ വരെയുമുള്ള 22.048

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിലോമീറ്റർ റോഡ് നവീകരണ പ്രവൃത്തികൾക്ക് 01-11-2016-ലെ G.O(Rt) No.1502/2016/PWD ഗവൺമെന്റ് ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും (3 സ്ട്രെച്ചുകളിലായി) കിഫ്ബിയിൽനിന്നും 32.63 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളതുമാണ്. BM&BC നിലവാരത്തിലുള്ള ടി പ്രവൃത്തി 16-4-2025-ൽ പൂർത്തീകരിച്ചു.

കിഫ്ബി 2022-23 മണ്ണൂർ-പോഞ്ഞാശ്ശേരി റോഡിന്റെ നവീകരണം- ch 0/000 മുതൽ 11/500 വരെ (ch 6/500 മുതൽ 9/000 വരെ-ഒഴികെ)

01-11-2016-ലെ G.O.(Rt) No.1502/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽനിന്നും 26.50 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയിൽ ഉൾപ്പെടുന്നത് കുന്നത്തുനാട് മണ്ഡലത്തിലെ 3 Km ഭാഗമാണ്. പ്രസ്തുത ചെയ്നേജിലെ മുഴുവൻ പ്രവൃത്തിയും 24-4-2025-ൽ പൂർത്തീകരിച്ചു.

ആലുവ മൂന്നാർ നാലുവരിപ്പാത നിർമ്മാണം:

10-07-2017-ലെ G.O.(Rt)No.942/2017/PWD പ്രകാരം ആലുവ-മൂന്നാർ റോഡിന് തത്വത്തിൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ കീഴിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് 653.06 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതാണ്. 23 മീറ്റർ വീതിയിൽ ബൗണ്ടറി കല്ലുകൾ സ്ഥാപിച്ചതിനുശേഷമുള്ള സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച് ചെറുകുന്നം, കോതമംഗലം ഭാഗങ്ങളിലെ കോടതി കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ആലുവ lSRO ഭൂമി സംബന്ധിച്ചും തീരുമാനമായിട്ടില്ല.

മൂവാറ്റുപുഴ - കാക്കനാട് നാലുവരിപ്പാത: (19.22 KM)

പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി 01-11-2016-ലെ G.O.(Rt)No.1502/2016/PWD പ്രകാരം 40 കോടി രൂപയുടെ ഭരണാനുമതി നൽകി വീട്ടൂർ ടിംബർ ഡിപ്പോ ഉൾപ്പെടുന്ന വനഭൂമിയിൽ ലെവൽസ് എടുക്കുന്നതിനായി സർവെ നടപടികൾ നടത്തുവാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 13-09-2021-ലും തുടർന്ന് 02-11-2021-ലും പിന്നീട് 01-02-2022-ലും കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽനിന്നും ടി പാതയുടെ അംഗീകരിച്ച അലൈൻമെന്റും പ്രോജക്ട് റിപ്പോർട്ടും 21-05-2022-ൽ ആവശ്യപ്പെടുകയും അത് 22-06-2022-ൽ നൽകുകയും ചെയ്തു. തുടർന്ന് 08-08-2022-ൽ അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽനിന്നും അനുവാദം ലഭ്യമായതിനെത്തുടർന്ന് 19-08-2022-ന് ഇൻവെസ്റ്റിഗേഷൻ വിഭാഗവുമായി സംയുക്ത പരിശോധന നടത്തി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. പദ്ധതിയുടെ DPR തയ്യാറാക്കുകയും ജനുവരി 2024-ൽ അത് അംഗീകാരത്തിനുവേണ്ടി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ പ്രവൃത്തിയുടെ ഫയൽ കിഫ്ബി അപ്രൈസൽ വിഭാഗത്തിൽ സൂക്ഷ്മ പരിശോധനയിലാണ്.

കോലഞ്ചേരി ബൈപാസ് (3.110 KM)

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 05-11-2022-ലെ G.O.(Rt) No.1069/2022/PWD പ്രകാരം 20 ജങ്ഷൻ നവീകരണത്തിനായി 200 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോലഞ്ചേരി ബൈപാസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 22-11-2023-ൽ

കുന്നത്തുനാട് MLA-യുടെ സാന്നിധ്യത്തിൽ PWD ഇൻവെസ്റ്റിഗേഷൻ വിഭാഗം ഉദ്യോഗസ്ഥരും PWD ഡിസൈൻ വിഭാഗം ഉദ്യോഗസ്ഥരും KRFB ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു അലൈൻമെന്റ് തീരുമാനിച്ചു. ഇതിന്റെ ടോപോഗ്രാഫിക്കൽ സർവെ എറണാകുളം ഇൻവെസ്റ്റിഗേഷൻ വിങ്ങിന്റെ കീഴിൽ പൂർത്തിയാക്കുകയും തുടർന്ന് 29-5-2025-ൽ PPU, ഡിസൈൻ വിഭാഗം 18.50m വീതിയിൽ alignment തയ്യാറാക്കി നൽകിയിട്ടുണ്ട്. നിലവിൽ അലൈൻമെന്റിന് കിഫ്ബിയുടെ concurrence-നുവേണ്ടി കത്ത് നൽകിയിരിക്കുകയാണ്.

തൊടുപുഴ മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

13 (3239) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ തൊടുപുഴ മണ്ഡലത്തിലെ ഏതെങ്കിലും റോഡ് നിർമ്മാണ പ്രവൃത്തികൾ നബാർഡ്, സെൻട്രൽ റോഡ് ഫണ്ട്, ശബരിമല പാക്കേജുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തൊടുപുഴ മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ റോഡ് നിർമ്മാണ പ്രവൃത്തികൾ നബാർഡ്, സെൻട്രൽ റോഡ് ഫണ്ട് പാക്കേജുകളിൽ ഉൾപ്പെട്ടിട്ടില്ല. ശബരിമല ഫെസ്റ്റിവലിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. General Works 2021-22-providing BC Overlay to various roads in Thodupuzha Town-Kanjiramattam Bypass, Kothaikunnu bypass, Ambalam bypass Km 0/350 to 0/960, Punalur- Muvattupuzha road

km 133/850 to 134/200, Approach road to Moopikadavu bridge, Thodupuzha Udumbanoor road km 0/000 to 1/450) General Civil Work, 20-10-2023.

(ബി) തൊടുപുഴ മണ്ഡലത്തിൽ 2021-നശേഷം ബജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; ഇതിൽ പൂർത്തീകരിച്ചത് ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

2021 മുതൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

1. B/W 2021-22 Improvements to Arappamattom Karimannoor road km 0/000 to 7/300 എന്ന പ്രവൃത്തിക്ക് 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

2. BW 2022-23 Providing BM & BC to Karikode Velliyamattom road Km 12/200 to 15/300 Pannimattom Poomala Methotty road എന്ന പ്രവൃത്തിക്ക് 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

3. Budget 2023-24 Karikode Anchiri Anakkayam Kanjar road Karikode Sankarappilly road Ch.0/000 to 4/250- എന്ന പ്രവൃത്തിക്ക് 493 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

4. Budget Work 2024-25 Overlay work-Improvements to Thodupuzha Piravam Road (Kolani-Marika Road) BC Overlay Work എന്ന പ്രവൃത്തിക്ക് 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗതിയിലാണ്.

(സി) റണ്ണിങ് കോൺട്രാക്ട് അടിസ്ഥാനത്തിൽ റോഡുകളുടെ പരിപാലനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ റോഡുകൾക്കാണ് ഇത് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ 2021 മുതൽ അനുവദിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ റണ്ണിങ് കോൺട്രാക്ട് അടിസ്ഥാനത്തിൽ റോഡുകളുടെ പരിപാലനത്തിന് 2021 മുതൽ നാളിതുവരെ തൊടുപുഴ മണ്ഡലത്തിൽ അനുവദിച്ച തുകയുടെയും റോഡുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളക്കം ചെയ്യുന്നു.

2022-23- 39 പ്രവൃത്തികൾക്കായി 1943.78 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

2023-24- 18 പ്രവൃത്തികൾക്കായി 1124.6 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

2024-25- 18 പ്രവൃത്തികൾക്കായി 810.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

2025-26- 11 പ്രവൃത്തികൾക്കായി 765.716 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ആകെ - 4644.596 ലക്ഷം രൂപ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കാറാത്തലയിലെ കൾവെർട്ട്

14 (3240) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെടുന്ന കാറാത്തലയിലെ കൾവെർട്ട് അപകടാവസ്ഥയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച പരിഹാര നടപടികൾ വിശദമാക്കാമോ?

നിലവിലുള്ള സ്ലാബ് കൾവെർട്ടിനുപകരം പുതിയ കൾവെർട്ട് നിർമ്മാണത്തിനായി 74.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പെരിങ്ങോട്ടുകര-അന്തിക്കാട്-കാഞ്ഞാണി റോഡ് നവീകരണം

15 (3241) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകര-അന്തിക്കാട്- കാഞ്ഞാണി റോഡ് വർഷങ്ങളായി തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ പെരിങ്ങോട്ടുകര മുതൽ കാഞ്ഞാണി വരെയുള്ള ഭാഗത്ത് അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ ഇട്ടശേഷം കേരള വാട്ടർ അതോറിറ്റി തന്നെ റോഡ് റെസ്റ്റോറേഷൻ പൂർത്തിയാക്കിയിരുന്നു. അതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ വലപ്പാടിന് കീഴിലുള്ള RC പ്രവൃത്തിയിൽ

ഉൾപ്പെടുത്തി റോഡ് പരിപാലിച്ചിരുന്നു. 2024 ഡിസംബർ മാസത്തിൽ KWA JJM പൈപ്പിടൽ പ്രവൃത്തികൾ ആരംഭിച്ചതിനെത്തുടർന്നാണ് തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ch.0/000 മുതൽ 1/500 വരെയുള്ള ഭാഗത്തും 1/500 മുതൽ 2/830 വരെയുള്ള ഭാഗത്തും കേടുപാടുകൾ സംഭവിച്ചത്. പൈപ്പിടൽ പ്രവൃത്തിക്കുശേഷം ഏറെ വൈകി 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമാണ് പൊതുമരാമത്ത് വകുപ്പിന് റെസ്റ്റോറേഷനായി റോഡ് കൈമാറി ലഭിച്ചത്. എന്നാൽ തുടർന്ന് പെയ്ത ശക്തമായ മഴയിൽ റോഡിന് കൂടുതൽ കേടുപാടുകൾ സംഭവിച്ചു.

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

0/000 മുതൽ 1/500 (പെരിങ്ങോട്ടുകര മൂന്നും കൂടിയ സെന്റർ മുതൽ നാലും കൂടിയ സെന്റർ) വരെയുള്ള ഭാഗത്ത് ബജറ്റ് പ്രവൃത്തി (General- Combined work B/W 2017-18 Improvements to Thriprayar-Kanjany- Chavakkad road from Km 0/000 to 1/500 by BM & BC work in Nattika LAC & Deposit work 2024-25 JJM Urgent restoration work to Thriprayar-Kanjany-Chavakkad road Ch.0/000 to 1/075 due to pipe laying of KWA & Deposit work 2023-24 Urgent restoration work to Thriprayar-Kanjany-Chavakkad road Ch.1/075 to 1/500 due to pipe laying of KWA) ഉടമ്പടി വയ്ക്കുകയും പൈപ്പിടൽ പ്രവൃത്തിക്കുശേഷം 03-04-2025-ൽ കരാറുകാരന് നിർമ്മാണസ്ഥലം കൈമാറുകയും ചെയ്തു. GSB, WMM ഇട്ട് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. Raising പ്രവൃത്തികൾ

പൂർത്തീകരിച്ച് ഒക്ടോബർ മാസത്തിൽതന്നെ BM ചെയ്യുന്നതിന് കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. 1/500 മുതൽ 2/830 (പെരിങ്ങോട്ടുകര നാലും കൂടിയ സെന്റർ മുതൽ തോന്ന്യകാവ് അമ്പലം) വരെയുള്ള ഭാഗത്ത് നിലവിൽ GSB, WMM ഇട്ട് റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ടാറിങ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. 1/500 മുതൽ 5/000 (പെരിങ്ങോട്ടുകര നാലും കൂടിയ വഴി മുതൽ അന്തിക്കാട്) വരെ നബാർഡ് പ്രവൃത്തി NABARD TRANCHE 25 ക്ലോസ് ആയതിനാൽ പ്ലാൻ ഫണ്ടിൽനിന്നും തുക ലഭിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ 2/830 മുതൽ 5/000 (തോന്ന്യകാവ് അമ്പലം മുതൽ അന്തിക്കാട്) വരെ KWA-യ്ക്ക് JJM പദ്ധതിയിൽ പൈപ്പുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പൈപ്പിടൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. Ch.2/830 മുതൽ 5/000 (തോന്ന്യകാവ് അമ്പലം മുതൽ അന്തിക്കാട്) വരെയുള്ള ഭാഗം RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി 36 mm പോട്ട് ഹോൾ ഫില്ലിങ് പ്രവൃത്തി മഴ മാറിയാൽ ഉടൻതന്നെ പൂർത്തീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാമെന്ന് കരുതുന്നു. 5/000 മുതൽ 7/000 (അന്തിക്കാട് മുതൽ കാഞ്ഞാണി) വരെയുള്ള ഭാഗത്ത് റോഡ് BM&BC പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. അത് നിലവിൽ ഗതാഗതയോഗ്യമാണ്.

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

0/000 മുതൽ 1/500 (പെരിങ്ങോട്ടുകര മൂന്നും കൂടിയ സെന്റർ മുതൽ നാലും കൂടിയ സെന്റർ) വരെയുള്ള ഭാഗത്ത് ബജറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 02-01-2026-

ലാണ്. അതിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തോടൊപ്പം അവിടെ ആവശ്യമായ സ്ഥലങ്ങളിൽ കാന, കൾവെർട്ട് എന്നിവയുടെ നിർമ്മാണം നടത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ?

ഉണ്ട്. 0/000 മുതൽ 1/500 (പെരിങ്ങോട്ടുകര മൂന്നും കൂടിയ സെന്റർ മുതൽ നാലും കൂടിയ സെന്റർ) വരെയുള്ള ഭാഗത്ത് (നിലവിൽ വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ) 1000 മീറ്റർ കാന നിർമ്മാണവും പെരിങ്ങോട്ടുകര, ദേവസ്ഥാനം എന്നിവിടങ്ങളിൽ കൾവെർട്ടും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത്

കെട്ടിടവിഭാഗം മുഖേനയുള്ള പ്രവൃത്തികൾ

16 (3242) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെട്ടിട വിഭാഗം മുഖേന നിർമ്മാണത്തിലുള്ള പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയുടെയും അവ പൂർത്തീകരിക്കാനെടുക്കുന്ന സമയത്തിന്റെയും വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പിന് കീഴിലെ വിവിധ പ്രവൃത്തികൾ (മെയിന്റനൻസ്)

17 (3243) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മണ്ഡലത്തിൽ പൊതുമരാമത്ത് മെയിന്റനൻസ് വിഭാഗം മുഖേന നടത്തിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി[+] ചേർത്തിരിക്കുന്നു.

(ബി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ?

അനുബന്ധത്തിൽ ക്രമ നം. 5, 6 ആയി ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ഇവയിൽ

1. സിറ്റി (1) ക്ലസ്റ്ററിൽ ഉൾപ്പെടുന്ന 5 റോഡുകളിൽ 4 എണ്ണം നിരത്ത് വിഭാഗത്തിന് ബി.എം.&ബി.സി. പ്രവൃത്തികൾക്കായി വിട്ടുനൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ നിലവിൽ നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽവരുന്ന പൂന്തുറ-സെന്റ് തോമസ് ചർച്ച് റോഡിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(1.075 കിലോമീറ്റർ) ഓട വൃത്തിയാക്കുകയും കേടുപാടുകൾ സംഭവിച്ച ഓടയുടെ വശങ്ങളിലെ ഭിത്തികൾ പുനർനിർമ്മിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അനുകൂല കാലാവസ്ഥയിൽ പ്രസ്തുത റോഡിൽ ടാറിങ് പ്രവൃത്തിയും പൂർത്തീകരിക്കുന്നതാണ്.

2. സിറ്റി 2(1) ക്ലസ്റ്ററിൽ ഉൾപ്പെടുന്ന 6 റോഡുകളിൽ 2 എണ്ണം മാത്രമാണ് തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ വരുന്നത്. അതിൽ ഫോറസ്റ്റ് ഓഫീസ് ബേക്കറി ജങ്ഷൻ റോഡിൽ (0.45 കിലോമീറ്റർ) ഓട വൃത്തിയാക്കുകയും ടാറിങ് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു റോഡായ ഡ്രെയിനേജ് ഒബ്സർവേറ്ററി റോഡിൽ (0.47 കിലോമീറ്റർ) ഓട വൃത്തിയാക്കുകയും 03-10-2025-ന് ടാറിങ് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിലവിൽ ഭരണാനുമതി ലഭിക്കുവാനുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെയില്ല.

പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമി വിവിധ ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് നടപടി

18 (3244) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമി അന്യാധീനപ്പെട്ട് കിടക്കുന്നതായും കൈയേറ്റങ്ങൾ നടക്കുന്നതായുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം ഭൂമി നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത വിഭാഗത്തിൽനിന്നുള്ളവരുടെ പഞ്ചായത്തുകളുടെ വിവിധങ്ങളായ പദ്ധതികൾക്ക് അനുവദിക്കുവാൻ ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(സി) എം.എൽ.എ.-മാർ, എം.പി.-മാർ എന്നിവരുടെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് വിവിധ ക്ഷേമപദ്ധതികൾ, ടൂറിസം വികസന പദ്ധതികൾ ഇവ ആരംഭിക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇത്തരത്തിൽ ഏതെല്ലാം മണ്ഡലങ്ങളിൽ ഭൂമി വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഓപ്പൺ ജിം പോലുള്ള ജനങ്ങളുടെ ആരോഗ്യത്തിനും ഉല്ലാസത്തിനുംവേണ്ടിയുള്ള പദ്ധതികൾക്കും വയോജന പാർക്കുകൾ സ്ഥാപിക്കുന്നതിനും പ്രസ്തുത ഭൂമി വിട്ടുനൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഏറനാട് മണ്ഡലത്തിലെ കീഴുപറമ്പ് പഞ്ചായത്തിൽ വയോജന പാർക്ക് സ്ഥാപിക്കുന്നതിന് പ്രസ്തുത ഭൂമി നിബന്ധനകൾക്ക് വിധേയമായി വിട്ടുനൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ ജി3/217/2023/പി.ഡബ്ല്യു.ഡി. നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ

പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം, ചീഫ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ആവശ്യത്തിന് അനുമതി നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

കുണ്ടന്നൂർ ജങ്ഷൻ വികസന പദ്ധതി

19 (3245) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കുണ്ടന്നൂർ ജങ്ഷൻ വികസന പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും; അതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കുണ്ടന്നൂർ ജങ്ഷൻ വികസന പദ്ധതിക്കായി 26-04-2022-ലെ G.O.(MS)No.13/2022/PWD പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി 10.53 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും 10.53 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും; പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിച്ച് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ടി പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി, എറണാകുളം മുഖേന നടന്നുവരികയാണ്. അതിന്റെ ഭാഗമായി 11(1) വിജ്ഞാപനം 08-01-2025-ൽ പുറപ്പെടുവിച്ചിട്ടുള്ളതും നിലവിൽ എൽ.എ. സബ്ഡിവിഷൻ സർവെ വർക്കുകൾ നടന്നുവരികയുമാണ്. ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാനാകും.

ഇ-ടെൻഡർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

20 (3246) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ടെൻഡറുകൾ ഇ-ടെൻഡർ സംവിധാനത്തിലേക്ക് മാറിയതിലൂടെ എന്തൊക്കെ ഗുണങ്ങളാണ് സർക്കാരിനും പൊതുജനങ്ങൾക്കും ലഭ്യമായിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ ടെൻഡറുകൾ ഇ-ടെൻഡർ സംവിധാനത്തിലേക്ക് മാറിയതിലൂടെ ലഭ്യമായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ടെൻഡർ നടപടികളുടെ വേഗത വർധിച്ചു.

- ഇ-ടെൻഡർ പ്രക്രിയ കൂടുതൽ സുതാര്യമായ ടെൻഡർ പ്രക്രിയയായി മാറി.

- മാന്വൽ ടെൻഡറിലുണ്ടായിരുന്ന മാന്വൽ ഡാറ്റാ എൻട്രി തുടങ്ങിയവയുള്ള ചെലവുകളും സമയനഷ്ടവും കുറയ്ക്കുവാൻ സാധിച്ചു.

- ഇ-ടെൻഡർ വഴി രാജ്യത്താകമാനമുള്ള അംഗീകൃത കരാറുകാർക്ക് പങ്കെടുക്കുവാൻ കൂടുതൽ അവസരം ലഭ്യമാകുകയും അതുവഴി കരാറുകാരുടെ പ്രാദേശിക കൂട്ടുകെട്ടുകൾമൂലം സർക്കാരിനുണ്ടാകുമായിരുന്ന വലിയ നഷ്ടം കുറയ്ക്കുവാനും സാധിച്ചു.

- മത്സരസ്വഭാവമുള്ള കൂടുതൽ ബിഡ്ഡുകൾ ലഭിക്കുന്നതിനാൽ സർക്കാരിന് ലാഭകരമായ നിരക്ക് ലഭിക്കുകയും അതുവഴി പൊതുപണം ലാഭിക്കുവാനും സാധിക്കുന്നു.

(ബി) ഇ-ടെൻഡർ ഓപ്പൺ ചെയ്യുന്നതിനും അതിനുശേഷമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഇ-ടെൻഡർ സൈറ്റിൽ നിശ്ചിതസമയത്തിൽ നിയുക്ത ഉദ്യോഗസ്ഥരുടെ ഡിജിറ്റൽ കീ ഉപയോഗിച്ച് ടെൻഡർ ഓപ്പൺ ചെയ്യുകയും തുടർന്ന് ബിഡ് ഡോക്യുമെന്റിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ പരിശോധിച്ച് ആവശ്യപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ സമർപ്പിച്ചിട്ടുള്ളപക്ഷം 5 കോടി രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികളുടെ നിരക്കുകൾ പരിശോധിക്കുകയും ചെയ്യുന്നു. തുടർന്ന് യോഗ്യത നേടിയ കരാറുകാരുടെ വിവരങ്ങൾ പ്രൈസ് സോഫ്റ്റ്വെയറിൽ നൽകുകയും അതിലൂടെ അംഗീകാരം നേടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ ഉടമ്പടി ചെയ്യുന്നതിന് Letter of Acceptance നൽകുകയും ചെയ്യുന്നു.

5 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ ടെൻഡർ പ്രമാണങ്ങൾ പ്രീ-ക്വാളിഫിക്കേഷൻ അംഗീകാരത്തിനുവേണ്ടി ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയിൽ അംഗീകാരം ലഭിക്കുന്ന കരാറുകാരെ സാങ്കേതിക വിലയിരുത്തൽ പൂർത്തിയാക്കി രേഖപ്പെടുത്തിയിട്ടുള്ള നിരക്കുകൾ പരിശോധിക്കുകയും തുടർന്ന് യോഗ്യത നേടിയ കരാറുകാരുടെ വിവരങ്ങൾ പ്രൈസ് സോഫ്റ്റുവെയറിൽ നൽകുകയും അതിലൂടെ അംഗീകാരം നേടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് കരാർ ഉടമ്പടി ചെയ്യുന്നതിന് Letter of Acceptance നൽകുകയും തുടർന്ന് കരാർ ഉടമ്പടിവച്ച് സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

(സി) ഇ-ടെൻഡർ പ്രകാരം ക്ലോസിങ് തീയതിക്കുശേഷം ഓപ്പൺ തീയതിയിൽ ടെൻഡർ ലഭിച്ചത് ആർക്കാണെന്ന് അറിയുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ?

5 കോടി രൂപയിൽ കുറവുള്ള പ്രവൃത്തികൾക്ക് tender open ചെയ്തശേഷം ടെൻഡർ ലഭിച്ചത് ആർക്കാണെന്ന് അറിയാൻ സാധിക്കും. എന്നാൽ പ്രീ-ക്വാളിഫിക്കേഷൻ ആവശ്യമായ പ്രവൃത്തികൾക്ക് (5 കോടി രൂപയിൽ കൂടുതൽ) bid documents സാങ്കേതിക മൂല്യനിർണ്ണയം നടത്തി financial bid open ചെയ്തശേഷം ടെൻഡർ ലഭിച്ചത് ആർക്കാണെന്ന് അറിയാൻ സാധിക്കും.

(ഡി) നടപടിക്രമങ്ങൾ ലഘൂകരിക്കാനും പരാതിരഹിതമാക്കാനും പര്യാപ്തമായ ഇ-ടെൻഡർ നടപടികൾ പ്രകാരം ഓപ്പൺ തീയതിക്കുശേഷവും ടെൻഡർ ലഭിച്ചത്

ആർക്കാണെന്നറിയാൻ കാത്തിരിക്കേണ്ടിവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) അത്തരം പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോഹിനൂർ പുത്തൂർ പള്ളിക്കൽ കുമ്മിണിപ്പറമ്പ് തറയിത്തൽ എയർപോർട്ട് റോഡിന്റെ നവീകരണം

21 (3247) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കോഹിനൂർ പുത്തൂർ പള്ളിക്കൽ കുമ്മിണിപ്പറമ്പ് തറയിത്തൽ എയർപോർട്ട് റോഡ് നവീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോഹിനൂർ-പുത്തൂർ പള്ളിക്കൽ കുമ്മിണിപ്പറമ്പ് തറയിത്തൽ എയർപോർട്ട് റോഡ് നിലവിൽ ഗതാഗതയോഗ്യമാണ്. അതിനാൽ പുതിയ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

തൊടുപുഴ റിവർവ്യൂ റോഡ്

22 (3248) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ റിവർവ്യൂ (വെങ്ങല്ലൂർ-പാപ്പൂട്ടി ഹാൾ) റോഡിന്റെ പ്രവേശന കവാടത്തെ ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഈ റോഡ് വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത മുഴുവൻ ഭൂമിയും റോഡ് വികസനത്തിനായി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) റിവർവ്യൂ റോഡിന്റെ മുഴുവൻ നിർമ്മാണ പ്രവൃത്തിയും അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) തൊടുപുഴ റിവർവ്യൂ (വെങ്ങല്ലൂർ-പാപ്പൂട്ടി ഹാൾ) റോഡിന്റെ പ്രവേശന കവാടത്തെ ഭൂമി ഏറ്റെടുക്കുന്നതിന് 7,87,20,261/- (ഏഴ് കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി അറുപത്തിയൊന്ന്) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിലേക്കായി പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ, തൊടുപുഴ 1.18 ആർ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 53,98,977/- രൂപ കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അവ പരിശോധിച്ച് പുതുക്കിയ proposal സമർപ്പിക്കാൻ സ്പെഷ്യൽ തഹസിൽദാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ proposal ലഭ്യമായിട്ടില്ല. ഈ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുമ്പളങ്ങി-പെരുമ്പടപ്പ് റോഡ് വികസനം

23 (3249) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭാപ്രദേശത്തെ കുമ്പളങ്ങി-പെരുമ്പടപ്പ് റോഡ് വികസിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും; പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടി വരുമോയെന്നും; എങ്കിൽ എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിക്ക് ₹8,42,79,590/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡിന്റെ Widening-നായി സർവെ നടത്തി Boundary stone സ്ഥാപിക്കുന്നതിലേക്ക് "General–Kumbalanghi Perumpadappu road-Budget Work-2016-17-Widening of Kumbalanghi Perumpadappu road Ch.0/000 to 1/800-Preparation of Alignment for road widening and Boundary stone laying (Part TS)- General Civil Work-1" എന്ന പേരിൽ പ്രവൃത്തികൾ ഏർപ്പെടുത്തുകയും ശ്രീ. അഷറഫ് കെ. എ. എന്ന കരാറുകാരൻ പ്രവൃത്തി കരാർ ഏറ്റെടുക്കുകയും ഈ റോഡിന്റെ 25m വീതിയിൽ Total station സർവെ നടത്തി Boundary stone-ന്റെ നിർമ്മാണം വരെ നടത്തുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ സർവെ നമ്പറുകൾ ഉൾപ്പെടുത്തിയിട്ടുള്ള പുതുക്കിയ അർത്ഥനാപത്രം എറണാകുളം നിരത്തു വിഭാഗം

എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാകളക്ടർക്ക് തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. പള്ളത്തുത്തി വില്ലേജിൽ 118.5252 Are ഭൂമിയും ഇടക്കൊച്ചി വില്ലേജിൽ 120.7393 Are ഭൂമിയും ഉൾപ്പടെ ആകെ 239.2645 Are ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാനും എന്നത്തേക്ക് പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാമെന്നും കുമ്പളങ്ങി-പെരുമ്പടപ്പ് റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ ആരംഭിക്കാമെന്നും പ്രതീക്ഷിക്കുന്നു.

കഴനി-പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തി

24 (3250) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃത്താല നിയോജകമണ്ഡലത്തിൽ 2025-26 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തൃത്താല നിയോജകമണ്ഡലത്തിൽ 2025-26 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കിഫ്ബിയിൽനിന്നും 2022-ൽ പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിന് കൈമാറിക്കിട്ടിയ ടി റോഡിന്റെ 0/700 മുതൽ 4/000 വരെയുള്ള നവീകരണ പ്രവൃത്തികൾക്കായി 2024-2025 ബജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയതിൻപ്രകാരം

പ്രവൃത്തിയുടെ ടെൻഡർ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കിലോമീറ്റർ 4/000 മുതൽ 8/720 വരെയുള്ള ഭാഗത്തെ KWA-JJM പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത ചെയിനേജിലെ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് ജില്ലയിലെ റോഡുകൾ

25 (3251) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ഒൻപത് വർഷം പുതിയ റോഡുകൾ പണിയുന്നതിന് അനുവദിച്ച തുകയുടെ കണക്ക് റോഡും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പൂർത്തിയായതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതും പ്രവൃത്തി തീരെ ആരംഭിക്കാത്തതുമായ റോഡുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒൻപത് വർഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് അനുവദിച്ച തുക മണ്ഡലവും റോഡും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) അറ്റകുറ്റപ്പണികൾക്ക് ഫണ്ട് ലഭിക്കാത്തതുകൊണ്ട് ഏതൊക്കെ റോഡുകളാണ് കാസർഗോഡ് ജില്ലയിൽ ശോചനീയാവസ്ഥയിലുള്ളതെന്ന് മണ്ഡലവും റോഡും തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) റോഡുകൾ റണ്ണിങ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി പരമാവധി പരിപാലിച്ചുവരുന്നു.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്ന മലയോര ഹൈവേയിൽ ഉൾപ്പെട്ട കോളിച്ചാൽ-ചെറുപുഴ റോഡിൽ വനഭൂമിയിലൂടെ കടന്നുപോകുന്ന ഭാഗത്തെ ch.7/080 മുതൽ 9/030 വരെ അറ്റകുറ്റപ്പണികൾക്കായി 40 ലക്ഷം രൂപയും കാസർഗോഡ് മണ്ഡലത്തിൽ ഉൾപ്പെട്ട കല്ലടുക്ക ചേർക്കള റോഡ് പ്രവൃത്തിയുടെ അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപയും ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

ഇരട്ട തുരങ്കപാതയുടെ നിർമ്മാണം സംബന്ധിച്ച റിപ്പോർട്ട്

26 (3252) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി ഇരട്ട തുരങ്കപാതയുടെ നിർമ്മാണം സംബന്ധിച്ച് 2024 മേയ് 25-ന് സംസ്ഥാനതല വിദഗ്ധസമിതി പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തുരങ്കപാത സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റിയിൽ കൈവരിച്ച നേട്ടങ്ങൾ

27 (3253) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം റോഡ് കണക്ടിവിറ്റിയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പശ്ചാത്തല വികസനത്തിന്റെ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ തടസ്സമില്ലാത്ത റോഡ് ശൃംഖല സാധ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ഏറെക്കാലത്തെ സ്വപ്നമായ ദേശീയപാതാ വികസനം സാധ്യമാക്കാനാകുന്നത് റോഡ് കണക്ടിവിറ്റിയിലെ പ്രധാന നേട്ടമാണ്. മലയോര ഹൈവേ, തീരദേശ ഹൈവേ പദ്ധതികൾ കേരളത്തിന്റെ മാത്രം പ്രത്യേകതയായി വിലയിരുത്തുവാൻ പോകുന്ന പദ്ധതികളാണ്. ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിൽ 9 ROB-കളും 1 RUB-യും പ്രവൃത്തി പൂർത്തീകരിച്ചു. കിഫ്ബി, RKS പദ്ധതികളിൽ ഉൾപ്പെടുത്തി ഡിസൈൻസ് റോഡുകൾ സാധ്യമായി. പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ പ്രധാന ജില്ലാപാതകളും സംസ്ഥാനപാതകളും ഉൾപ്പെടെ 29573.16 കിലോമീറ്റർ റോഡുകൾ നിലവിലുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുത്ത്, കൂടുതൽ കാലം ഈടുനിൽക്കുന്നതരം ഉപരിതല നിർമ്മിതിയായ ബി.എം.&ബി.സി. ആണ് അവലംബിച്ചുവരുന്നത്. ഏകദേശം 17749.11 കിലോമീറ്റർ റോഡുകൾ ഇത്തരത്തിൽ ബി.എം.&ബി.സി. നിലവാരത്തിൽ

അഭിവൃദ്ധിപ്പെടുത്തുകയും നവീകരിക്കുകയുമായി ചെയ്തിട്ടുണ്ട്. ഏകദേശം 60 ശതമാനം റോഡുകളാണ് ഇത്തരത്തിൽ ഉന്നത നിലവാരത്തിൽ നവീകരിച്ചത്. മാത്രമല്ല site condition അനുസരിച്ച് ആധുനിക സാങ്കേതികവിദ്യകളായ cold in place technology, Geo cell, Geo fiber, FDR technology എന്നിവയും ഉപയോഗിച്ചുവരുന്നു. കൂടാതെ വിവിധ ബൈപാസ്സുകളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ടൂറിസം, വ്യവസായം എന്നിവയുടെ വളർച്ചയ്ക്ക് റോഡ് വികസനത്തിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

വാണിജ്യ-വ്യവസായ കേന്ദ്രങ്ങൾ തമ്മിലുള്ള connectivity റോഡുകൾ എല്ലാംതന്നെ ഗതാഗതയോഗ്യമാണ്. പ്രധാന ടൂറിസ്റ്റ്, വ്യവസായ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് സഞ്ചാരയോഗ്യമാക്കി നിലനിർത്തിവരുന്നു.

(സി) കൂടുതൽ ഗ്രാമീണ പാതകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിന് നടപടികളുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിലെ സാഹചര്യം അനുസരിച്ച് ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി

28 (3254) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സംസ്ഥാന ഗതാഗത പദ്ധതിയിലുൾപ്പെടുത്തി 36 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി നിലവിൽ 95 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. പുതിയ കാന നിർമ്മാണം, പഴയ കാനയുടെ പുനരുദ്ധാരണം, ഫുട്പാത്ത് പ്രവൃത്തികൾ, ഹാൻഡ് റെയിൽസ് പ്രവൃത്തികൾ, ബസ് ഷെൽട്ടർ സ്ഥാപിക്കൽ മുതലായ സിവിൽ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ തുടങ്ങിയ ഇലക്ട്രിക്കൽ പ്രവൃത്തികളാണ് ഇനി പ്രധാനമായും പൂർത്തീകരിക്കാനുള്ളത്. കൂടാതെ മഴമൂലം മാറ്റിവച്ചിരുന്ന റോഡ് മാർക്കിങ്, സ്റ്റഡ് ഫിക്സിങ് എന്നീ പ്രവൃത്തികൾ പൂർത്തീകരണത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. മഴമൂലം മാറ്റിവച്ചിരുന്ന 8 പാലങ്ങൾക്ക് മുകളിലെ ബി.സി. പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

(സി) ഈ പദ്ധതിയിലൂടെ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷനും പരിപാലനവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ

യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷനും പരിപാലനവും സംബന്ധിച്ച് നടത്തിയ യോഗത്തിൽ വിവിധ പഞ്ചായത്തുകൾ കൂടുതലായി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ Foundation പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ലൈറ്റ് പോസ്റ്റിലേക്കുള്ള ഇലക്ട്രിക് കണക്ഷൻ എടുക്കുന്നതിനായി KSEBL-ലേക്ക് അപേക്ഷ നൽകുന്നതിനും സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനവും പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനും Timer ഉപയോഗിച്ച് automatic ആയി പ്രവർത്തിക്കുന്ന തരത്തിൽ ലൈറ്റ് പോസ്റ്റ് സ്ഥാപിക്കുന്നതിനും യോഗം തീരുമാനിച്ചിരുന്നു. അതിനുള്ള നടപടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം നടത്തുവാൻ സാധിക്കും. നിലവിൽ ലൈറ്റ് പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ പ്രവൃത്തി 2025 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

റോഡുകളുടെ ശോച്യാവസ്ഥ

29 (3355) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയായശേഷം 6 മാസത്തിനുള്ളിൽ റോഡുകൾ തകർന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കരാറുകാരനും എതിരെ ക്രിമിനൽ വകുപ്പുകൾ ചേർത്ത് കേസ്സെടുക്കുമെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

02-09-2022-ലെ G2/428/2019/PWD പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ 7500 കേസ്സുകൾ നിലവിലുണ്ടെന്ന് വിജിലൻസ് കോടതിയിൽ അറിയിച്ചിട്ടുണ്ടോയെന്നും ഇത്തരം കേസ്സുകളിൽ മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) റോഡുകളുടെ ശോച്യാവസ്ഥ മൂലമുള്ള മരണങ്ങൾ മനുഷ്യനിർമ്മിതമാണെന്ന് കോടതികൾ നിരവധി തവണ പരാമർശം നടത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അപകടം കാരണം മരണമോ അംഗവൈകല്യം അടക്കമുള്ള പരിക്കുകളോ പറ്റുന്നവരുടെ ആശ്രിതർക്ക് പൊതുമരാമത്ത് വകുപ്പ് നിലവിൽ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണം

30 (3256) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് പ്രവൃത്തിക്കായി 60 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാംഘട്ടമായി പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയ്ക്ക് 7.27 കോടി രൂപയുടെ സാമ്പത്തികാനുമതിയും 9.37 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പുളിക്കൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ ആനപ്പെട്ടി പാലം, ബാനം കൾവെർട്ട് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടമായി റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതിക്കുവേണ്ടി പുതിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും പാലങ്ങളുടെ പണികൾ പൂർത്തിയാക്കുന്നമുറയ്ക്ക് സാമ്പത്തികാനുമതിക്കായി പരിഗണിക്കുന്നതാണെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. അതിനാൽ നിലവിൽ പുരോഗമിക്കുന്ന പാലം പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത റോഡ് പ്രവൃത്തിയുടെ കുലോം മുതൽ വെള്ളരിക്കുണ്ട് വരെയുള്ള ഭാഗത്തിന്റെ DPR തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

തൊടുപുഴ നെയ്യശ്ശേരി-തോക്കുമ്പൻസാഡിൽ റോഡ്

31 (3257) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിലെ നെയ്യശ്ശേരി-തോക്കുമ്പൻസാഡിൽ റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

തൊടുപുഴ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന 29.196 കിലോമീറ്റർ നീളമുള്ള ഈ റോഡ് നവീകരണ പ്രോജക്ടിൽ കരിമണ്ണൂർ-തൊമ്മൻകുത്ത് റോഡ് (9.746 കിലോമീറ്റർ) തൊമ്മൻകുത്ത്-നാരങ്ങാനം-മുണ്ടൻമുടി റോഡ് (4.192 കിലോമീറ്റർ), വണ്ണപ്പുറം-പട്ടയക്കുടി റോഡ് (15.320 കിലോമീറ്റർ) എന്നീ 3 റോഡുകളാണ് ഉൾപ്പെട്ടുവരുന്നത്. നിലവിൽ 53.5 ശതമാനം നിർമ്മാണ പുരോഗതി കൈവരിച്ച പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.

റോഡ് പ്രവൃത്തിയിൽ 27.596 Km Sub Grade, 27.396 Km GSB, 25.776 Km WMM , 23.518 km DBM, 4.105 Km BC (out of 29.196 Km) പൂർത്തീകരിച്ചു.

കലുങ്കുകൾ - 52 nos. പൂർത്തീകരിച്ചു.

4.857 Km drain (out of 4.864 Km) പൂർത്തീകരിച്ചു.

Retaining Wall-969 m പൂർത്തീകരിച്ചു.

3 മൈനർ ബ്രിഡ്ജുകൾ (out of 4 nos.) പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ 30-12-2025 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കരിമണ്ണൂർ - തൊമ്മൻകുത്ത് റോഡിൽ കിലോമീറ്റർ 6/800-ൽ നിലവിലുള്ള 5.0 മീറ്റർ വീതിയുള്ള തൊമ്മൻകുത്ത് പാലം 9 മീറ്റർ വീതിയിൽ പുനർനിർമ്മിക്കുന്നതിനാണ് DPR-ൽ വിഭാവന ചെയ്തിരിക്കുന്നത്. നിലവിലുള്ള നിരപ്പിൽനിന്നും ഉയർത്തി പാലം നിർമ്മിക്കുന്നതിനാൽ ഇരുവശങ്ങളിലും സമീപന പാതയ്ക്കായി സംരക്ഷണഭിത്തിയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഈ ഭാഗത്ത് റോഡ് വനഭൂമിയിലൂടെ കടന്നുപോകുന്നതിനാൽ നിലവിലുള്ള വീതി വർധിപ്പിച്ച് പാലം നിർമ്മിക്കുന്നതിനും താൽക്കാലിക പാത ക്രമീകരിക്കുന്നതിനും അനുമതി നൽകണമെന്ന് അഭ്യർഥിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷയിന്മേൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും 06-02-2025-ൽ In Principal Approval (Stage-1) ലഭ്യമായിട്ടുണ്ട്. Stage-2 അനുമതി ലഭിക്കുന്നതിനായി 1,21,295/- രൂപ (NPV) Net Present Value അടച്ചിട്ടുള്ളതിനാൽ ടി അനുമതി ലഭിച്ചുകഴിഞ്ഞാൽ 4 മാസം കൊണ്ട് പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മലയോര ഹൈവേയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ

32 (3258) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂരിലെ മുണ്ടേരി വഴി മേപ്പാടിയിലേക്ക് പാത നിർമ്മിക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

കിഫ്ബി, കെ.ആർ.എഫ്.ബി., വനം വകുപ്പ് ഉദ്യോഗസ്ഥർ 15-07-2021-ൽ സംയുക്ത പരിശോധന നടത്തി മുണ്ടേരി-അരണപ്പുഴ വഴി മേപ്പാടിയിലേക്കുള്ള റോഡ് സാധ്യമായതല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) മലയോര ഹൈവേ ആയ പൂക്കോട്ടുംപാടം മുണ്ടേരി റോഡിന്റെ മൂന്നാംഘട്ടമായ കാറ്റാടിക്കടവ് മുതൽ ചാത്തമുണ്ട വരെയുള്ള റീച്ച് നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

പൂക്കോട്ടുംപാടം-തമ്പുരാട്ടിക്കല്ല്-മുണ്ടേരി സീഡ് ഫാം റോഡ് ഉൾപ്പെടുന്ന മലയോര ഹൈവേ പദ്ധതിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD പ്രകാരം 3,500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. 29-6-2018-ൽ പൂക്കോട്ടുംപാടം-തമ്പുരാട്ടിക്കല്ല്-മുണ്ടേരി സീഡ് ഫാം റോഡിന് 115.38 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഈ റോഡിലെ റീച്ച് ഒന്നായ പൂക്കോട്ടുംപാടം മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള പ്രവൃത്തിയും റീച്ച് 2 ആയ ചാത്തമുണ്ട മുതൽ മുണ്ടേരി സീഡ് ഫാം വരെയുള്ള പ്രവൃത്തിയും പൂർത്തീകരിച്ചുകഴിഞ്ഞു. മൂന്നാം റീച്ചായ കാറ്റാടിക്കടവ് പാലം മുതൽ ചാത്തമുണ്ട വരെയുള്ള റീച്ച് 15-06-2024-ലെ സ.ഉ.(കൈ)നം.26/2024/PWD പ്രകാരം മലയോര ഹൈവേ അലൈൻമെന്റിൽനിന്നും ഒഴിവാക്കി. പ്രസ്തുത റോഡ് 10 മീറ്റർ വീതിയിൽ

പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി കിഫ്ബി ടി.ആർ.സി. ആരംഭിച്ചിരുന്നു. നിലവിൽ നൽകിയിട്ടുള്ള സാമ്പത്തികാനുമതി അപര്യാപ്തമായതിനാൽ അധിക സാമ്പത്തികാനുമതി നൽകേണ്ടതുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തിയിൽ കാറ്റാടിക്കടവ് പാലവും എടക്കര പാലുണ്ട റോഡും ഉൾപ്പെടുത്തി, 12 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണം

33 (3359) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് കേന്ദ്ര അനുമതി ലഭ്യമായിട്ടുണ്ടോയെന്നും റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാരം എന്നുമുതൽ നൽകാനാകുമെന്നും വിശദമാക്കാമോ?

(എ&ബി) നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ വിശദമായ പദ്ധതിരേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC (Public Private Partnership Appraisal Committee)-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area-കളിൽ അപകട സാധ്യതയുണ്ടോയെന്ന് കൂടി പരിശോധിച്ച് പദ്ധതിരേഖ

പുനരവലോകനം ചെയ്യണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് NHAI-യോട് നിർദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04-09-2025-ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. പദ്ധതിക്ക് അന്തിമ അനുമതി ലഭ്യമായശേഷം ഏറ്റെടുക്കുന്ന ഭൂമിക്ക് നിലവിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിയമങ്ങളായ NH Act, 1956, RFCTLARR Act, 2013 എന്നിവ പ്രകാരം നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ തുക്കെക്കുത്ത് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

34 (3260) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വണ്ടൂർ നിയോജക മണ്ഡലവുമായി ബന്ധിപ്പിക്കുന്ന തുക്കെക്കുത്ത് പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ തുക്കെക്കുത്ത് പാലത്തിന്റെ അപ്രോച്ച് റോഡ് പുനരുദ്ധാരണത്തിനായി 207.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ

18-07-2025-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ താൽക്കാലികമായി മാറ്റിവച്ചു.

കോട്ടയ്ക്കൽ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

35 (3261) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ കണ്ണംകുളം-കണ്ണംകടവ് റോഡ്, വളാഞ്ചേരി നഗരസഭയിലെ കഞ്ഞിപ്പുര-കാടാമ്പുഴ റോഡ് എന്നിവയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; അതിന്മേൽ ചീഫ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർതലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കണ്ണംകുളം-കണ്ണംകടവ് റോഡിന്റെ നവീകരണത്തിനായി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ബജറ്റ് പ്രൊവിഷനില്ലാത്തതിനാൽ ഭരണാനുമതിക്കായി പരിഗണിച്ചിട്ടില്ല. കഞ്ഞിപ്പുര-കാടാമ്പുഴ റോഡിന്റെ നവീകരണത്തിനായി നബാർഡ് ട്രാഞ്ചെ XXVIII ഫണ്ടിൽ ഉൾപ്പെടുത്തി 6 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചിരുന്നില്ല.

(സി) ജില്ലാ ആസ്ഥാനമായ മലപ്പുറത്തേക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ പ്രദേശവാസികളും യാത്രക്കാരും ആശ്രയിക്കുന്ന പ്രസ്തുത റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് അവ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ നടന്നുവരുന്നു.

വൈറ്റില-കണിയാമ്പുഴ-ഏരൂർ-ഇരുമ്പനം റോഡ് വികസനം

36 (3262) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറ്റില-കണിയാമ്പുഴ-ഏരൂർ-ഇരുമ്പനം റോഡ് വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; അതിനായി ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഏരൂർ കണിയാമ്പുഴ റോഡിന്റെ വികസനത്തിന് 1,000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട സർവെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവെ നമ്പറുകളും കല്ലുകളുടെ അളവുകളും നമ്പറുകളും അടങ്ങിയ sketch, autocad file എന്നിവ വൈറ്റില സ്പെഷ്യൽ തഹസിൽദാർ എൻ.എച്ച്. നം.3 കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോട്ടയ്ക്കൽ മണ്ഡലത്തിലെ മരാമത്ത് പണികൾ

37 (3263) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടയ്ക്കൽ-ഇന്ത്യന്നൂർ റോഡിൽ പണിക്കർകുണ്ട് പ്രദേശത്ത് സൽക്കാര സൂപ്പർമാർക്കറ്റിന് സമീപമുള്ള വളവിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ് ഐ.ഡി: പി.ഡബ്ല്യു.ഡി./ആർ.ബി./ഇ.എസ്.ടി./9679/2025-5-1-1) വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

കോട്ടയ്ക്കൽ -ഇന്ത്യന്നൂർ റോഡിൽ പണിക്കർകുണ്ട് പ്രദേശത്ത് സൽക്കാര മാർക്കറ്റിന് സമീപമുള്ള വളവിലെ വെള്ളക്കെട്ട് പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി 36.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിഗണനയിലാണ്.

(ബി) തിരൂർ-മലപ്പുറം ദേശീയപാതയിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ പൊന്മള ഭാഗത്ത് (71-ബി/എൻ.കെ.എം. 21/320 to 21/470) സംരക്ഷണ ഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ്.ഐ.ഡി: പി.ഡബ്ല്യു.ഡി./ആർ.ബി./ഇ.എസ്.ടി./16293/2025-5-1-1) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 19.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കോട്ടയ്ക്കൽ മാനവേദൻ രാജാ റോഡിന്റെ (കോവിലകം റോഡ്) സൈഡ് കോൺക്രീറ്റ് ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

തുടർച്ചയായ ഇറക്കത്തോടെയുള്ള കോട്ടയ്ക്കൽ കൂട്ടപ്പാടി (കോവിലകം) റോഡിന്റെ ഇരുവശവും ഈ മൺസൂണിലെ മഴയിൽ ഷോൾഡറിലെ മണ്ണ് ഒലിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഷോൾഡർ കോൺക്രീറ്റ് ചെയ്യുന്നതിനും റോഡിനോട് ചേർന്നുവരുന്ന പഞ്ചായത്ത് റോഡുകളിൽനിന്നും ശക്തമായി കുത്തിയൊലിച്ചുവരുന്ന വെള്ളം റോഡിലൂടെ പരന്ന് ഒഴുകി നിലവിലുള്ള റോഡ് ഉപരിതലം തകരാറിലാകാതിരിക്കാനും കിലോമീറ്റർ 0/550-നും കിലോമീറ്റർ 0/830-നും ഇടയിൽ

അത്യാവശ്യമായ ഡ്രെയിനേജ് നിർമ്മിക്കുന്നതിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് പരിശോധനയിലാണ്.

തങ്കളം–കാക്കനാട് നാലുവരിപ്പാത നിർമ്മാണം

38 (3264) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

കാക്കനാട് - തങ്കളം നാലുവരിപ്പാത ചെയിനേജ് 0/000 (മനയ്ക്കടവ്) മുതൽ 27/324 (തങ്കളം) വരെയുള്ള റോഡ് കുന്നത്തുനാട് (17 കിലോമീറ്റർ), മൂവാറ്റുപുഴ (1.74 കിലോമീറ്റർ), പെരുമ്പാവൂർ (1.26 കിലോമീറ്റർ), കോതമംഗലം (7.324 കിലോമീറ്റർ) എന്നീ 4 മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്നുണ്ട്. പ്രസ്തുത നാലുവരിപ്പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 30 കോടി (മുപ്പതുകോടി) രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കുകയും തുടർന്ന് ഈ ഭരണാനുമതി പുതുക്കി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 27.324 കിലോമീറ്റർ നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം (കിലോമീറ്റർ 20/000 മുതൽ 27/324) വരെയുള്ള ഭാഗത്തിന്റെ 255 കോടി രൂപയുടെ പദ്ധതിരേഖ റോഡ്സ് വിഭാഗത്തിൽനിന്നും തയ്യാറാക്കിയത് കിഫ്ബിയിൽ സമർപ്പിച്ചതിനെത്തുടർന്ന് അത് വ്യക്തത വരുത്തി സമർപ്പിക്കുവാനും ഭാഗികമായി സമർപ്പിക്കാതെ 0/000 മുതൽ 27/324 വരെ ഒന്നിച്ചു സമർപ്പിക്കുവാനും കിഫ്ബിയിൽനിന്നും നിർദേശം നൽകി. പ്രസ്തുത പദ്ധതിയുടെ 0/000 മുതൽ 20/000 വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റും പ്രൊഫൈലും

പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്നും തയ്യാറാക്കിയിരുന്നെങ്കിലും പ്രസ്തുത പ്രൊഫൈൽ പ്രകാരം IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റായ 8 ശതമാനം പല സ്ഥലങ്ങളിലും അധികരിക്കുന്നതായി കണ്ടെത്തിയിരുന്നു. അതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലെന്നും ഫീസിബിളല്ലെന്നും ഡിസൈൻ വിഭാഗത്തിൽനിന്നും വ്യക്തമാക്കുകയും പാരിസ്ഥിതിക പഠനത്തിന് ശിപാർശ ചെയ്യുകയും ചെയ്തു. കിഫ്ബിയിൽ നിന്നുള്ള സൈറ്റ് വിസിറ്റ് റിപ്പോർട്ട് പ്രകാരം കാക്കനാട് മനയ്ക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെ. 0/000 മുതൽ 27/324 വരെ) ഉള്ള അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഫീസിബിൾ അല്ലെന്ന് കിഫ്ബി സി.ഇ.ഒ. അറിയിക്കുകയും മറ്റ് അലൈൻമെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനായി നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തുടർനടപടികൾ വേഗത്തിലാക്കി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ കിഫ്ബിയിൽനിന്നും ലഭ്യമായ പുതിയ ഡ്രാഫ്റ്റ് അലൈൻമെന്റിന്റെ സാധ്യതാപരിശോധന പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയിലാണ്.

പുത്തൂർ–ചെനക്കൽ ബൈപാസ് റോഡ് (മൂന്നാം ഘട്ടം) നിർമ്മാണം

39 (3265) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടയ്ക്കൽ പുത്തൂർ ബൈപാസ് തേർഡ് റീച്ച് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ സർവെ നടത്തി ഐ.ആർ.സി. മാനദണ്ഡപ്രകാരം ഗ്രേഡ് കറക്ഷൻ നടത്തി പുതിയ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ്, സാമ്പത്തിക ബാധ്യതകൾ എന്നിവ കണക്കാക്കിക്കൊണ്ടിരിക്കുകയാണ്. വിശദമായ റിപ്പോർട്ട് സഹിതം പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതാണ്.

ആലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ

40 (3266) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെയായി ആലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.ബി.സി./എം.എസ്.എസ്. നിലവാരത്തിലേക്ക്

ഉയർത്തിയിട്ടുണ്ടെന്ന് റോഡിന്റെ പേര്, നവീകരിച്ച ഭാഗത്തിന്റെ നീളം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ; പ്രസ്തുത മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.ബി.സി./ എം.എസ്.എസ്. നിലവാരത്തിലേക്ക് ഉയരാൻ ബാക്കിയുണ്ടെന്നും റോഡിന്റെ പേര്, നീളം എന്നിവ സഹിതം അറിയിക്കാമോ?

1) Budget work 2019-20 Retaring Alappuzha Madhura road upto Muhamma, നീളം 10.5 km, തുക 1000 ലക്ഷം.

2) NABARD RIDF-XXIV-Improvements to SL Puram road ch. 5/500 to 9/800 and connectivity roads between NH and Alappuzha Madhura road, നീളം 8.14 km, 733 ലക്ഷം.

3) Improvements AS Canal East road from 0/000 to 2/000 in Alappuzha LAC- നീളം 2 km, തുക 500 ലക്ഷം.

4) ആലപ്പുഴ മണ്ഡലത്തിലെ പഴയ NH-66-ന്റെ ഭാഗമായ 8 Km റോഡ് കൊമ്മാടി മുതൽ കളർകോട് വരെ (Ch: 408/000 to Ch: 416/000) ഈ റോഡ് പൂർണ്ണമായും BM/BC നിലവാരത്തിലാണ്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ട AS കനാൽ വെസ്റ്റ് റോഡ് ഒഴികെ മറ്റ് എല്ലാ റോഡുകളും BM&BC നിലവാരത്തിലാണ്. നിലവിൽ ഈ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കായി KRFB-ക്ക് കൈമാറി നൽകിയിരിക്കുകയാണ്.

(ബി) നിലവിൽ മണ്ഡലത്തിലെ ഏതു റോഡുകൾ നവീകരിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുണ്ടെന്നും ഈ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

AS കനാൽ വെസ്റ്റ് ബാങ്ക് റോഡിന്റെ പ്രവൃത്തി നിലവിൽ ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തി 30-11-2025-നുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2021 വർഷം മുതൽ ഇതുവരെയായി ആലപ്പുഴ മണ്ഡലത്തിൽ ബി.സി. ഓവർലേ നടത്തിയിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ, റോഡിന്റെ നീളം, അടങ്കൽ തുക എന്നിവ സഹിതം വിശദമാക്കുമോ?

1) SLTF Providing BC overlay to Bernad Junction -Nethaji road (0/000-2/000), നീളം 2 km, തുക 55 ലക്ഷം.

2) FDR-2019-20 Providing BC overlay to Alappuzha- Arthunkal road from 6/800 to 8/800 in Alappuzha LAC, നീളം 2 km, തുക 75 ലക്ഷം.

3) SLTF 2020-21- Providing BC Overlay to Alappuzha Arthunkal road from ch. 2/160 to 4/000, നീളം 1.840 Km, തുക 70 ലക്ഷം.

4) GENERAL- FDR 2024-25 Providing bit BC overlay to Wadai Canal North road from Ch:1/00 to 2/210, നീളം 1.210 km, തുക 45 ലക്ഷം.

5) Providing BC over lay to Thathampally Road from Ch: 0/300 to 0/730 Km നീളം 430, തുക 22 ലക്ഷം.

വയനാട് തുരങ്കപാതയുടെ നിർമ്മാണം

41 (3267) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജനതയുടെ ഏറെക്കാലത്തെ ആഗ്രഹമായ തുരങ്കപാതയുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമിയുടെ 90 ശതമാനവും സർക്കാർ ഏറ്റെടുത്ത് കൊങ്കൺ റെയിൽവേ കോർപ്പറേഷന് കൈമാറുകയും തുടർന്ന് തുരങ്ക നിർമ്മാണ പ്രവൃത്തി M/s. Dilip Buildcon Limited-ന് നൽകുകയും ചെയ്തിട്ടുണ്ട്. തുരങ്കപാതാ പ്രവൃത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തുരങ്കപാതയുടെ നിർമ്മാണം ഏറ്റവും സുരക്ഷിതമായി പൂർത്തീകരിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യ ഇതിനായി ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിഭിന്നമായ ഭൂമിശാസ്ത്ര സവിശേഷതകൾക്കുതകുന്ന New Austrian Tunneling Method (NATM) അഥവാ Sequential Excavation Method (SEM) ടെക്നോളജിയാണ് തുരങ്ക നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. NATM ടെക്നോളജി ഭൂതലഭ്രംശം

ലഘൂകരിക്കുന്നതിനാൽ ഇതിന്റെ പാരിസ്ഥിതികാഘാതം മറ്റ് ടെക്നോളജികളെ അപേക്ഷിച്ച് കുറവാണ്. ലോകത്തെമ്പാടും ഉപയോഗിക്കുന്ന NATM ടെക്നോളജി തുരങ്ക നിർമ്മാണത്തിന് വളരെയധികം കാര്യക്ഷമമാണ്.

(സി) നിർദിഷ്ട തുരങ്കപാതയുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

State Environment Impact Assessment Authority (SEIAA)-യുടെ കീഴിലുള്ള State Expert Appraisal Committee (SEAC)-യും Ministry of Environment and Climate Change (MoEFCC)-യുടെ കീഴിലുള്ള Expert Appraisal Committee (EAC)-യും തുരങ്കപാതയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ വിശദമായി വിലയിരുത്തിയിട്ടുണ്ട്. ചർച്ചകൾക്കും വിശകലനങ്ങൾക്കുമൊടുവിൽ തുരങ്കപാത നിർമ്മാണത്തിൽ പാലിക്കേണ്ട 88 പ്രത്യേക നിബന്ധനകളോടുകൂടി MoEFCC ഈ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയിട്ടുണ്ട്.

(ഡി) വയനാട് തുരങ്കപാതയുടെ പൂർത്തീകരണത്തോടെ മലബാറിലെ വിനോദസഞ്ചാര മേഖലയിലുണ്ടാകുന്ന കുതിച്ചുചാട്ടം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കൃഷി, ടൂറിസം എന്നീ മേഖലകൾക്ക് ഉത്തേജനമേകുന്നതാണ് ഈ പദ്ധതി. മലബാർ മേഖലയിൽ കൂടുതൽ നിക്ഷേപത്തിനും വ്യവസായത്തിനും വഴിയൊരുക്കുന്നതിനോടൊപ്പം ഈ പദ്ധതി പ്രത്യക്ഷമായും പരോക്ഷമായും ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകും. വയനാടിൽനിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ, പഴം, പച്ചക്കറി എന്നിവയുടെ

കയറ്റമതിക്ക് ഈ തുരങ്കപാത വഴിയുള്ള ചരക്ക് നീക്കം ഉണർവേകും. എല്ലാ കാലാവസ്ഥയിലും വിനോദസഞ്ചാരികളുടെ സുരക്ഷിതയാത്ര ഉറപ്പുനൽകുന്ന ഈ തുരങ്കപാത വിനോദസഞ്ചാര മേഖലയ്ക്കും വാണിജ്യ മേഖലയ്ക്കും ഉത്തേജനമേകും.

റോഡുകളുടെ ആയുർദൈർഘ്യം വർധിപ്പിക്കുന്നതിന് നടപടി

42 (3268) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ തകരുന്നതിന്റെ ഒരു കാരണം നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലിലെ അസിഡിറ്റിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (KHRI) കേരള സർവകലാശാലയിലെ കാര്യവട്ടം ജിയോളജി വകുപ്പും സഹകരിച്ച് നടത്തിയ ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ (HMA) ഈർപ്പ സംവേദനക്ഷമതാ പഠനത്തിൽ, റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലിലെ അസിഡിറ്റി റോഡുകൾ മഴക്കാലത്ത് തകരുന്നതിനുള്ള ഒരു കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠന ഗവേഷണങ്ങൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI), കേരള സർവകലാശാലയിലെ ജിയോളജി വകുപ്പ്, കാര്യവട്ടം എന്നിവയുടെ സഹകരണത്തോടെ ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ

(HMA) ഈർപ്പം സംവേദനക്ഷമത സംബന്ധിച്ചൊരു ഗവേഷണ പഠനം നടത്തി. സംസ്ഥാനത്തെ പ്രധാന ക്വാറികളിൽനിന്നുള്ള അഗ്രിഗേറ്റുകളുടെ പെട്രോളജിക്കൽ വിശകലനം നടത്തുകയും അവയുടെ ഈർപ്പ സംവേദനക്ഷമതയും സ്ട്രിപ്പിങ് സാധ്യതയും ലബോറട്ടറി അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്യുകയാണ് പഠനത്തിന്റെ ലക്ഷ്യം.

ഗവേഷണത്തിന്റെ ഒന്നാംഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ക്വാറികളിൽനിന്ന് സാമ്പിളുകൾ ശേഖരിക്കുകയും പഠിക്കുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നുള്ള ക്വാറികളിൽനിന്നുമാണ് സാമ്പിളുകൾ ശേഖരിച്ചത്. ഈ ഗവേഷണ പദ്ധതിയുടെ ഒന്നാംഘട്ടം ഒക്ടോബർ 2023-ൽ പൂർത്തിയായിട്ടുണ്ട്. ഗവേഷണത്തിന്റെ രണ്ടാംഘട്ടം കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അന്തിമ അവലോകനം നടത്തിവരുന്നു.

(സി) റോഡുകൾ അപ്രകാരം തകരുന്നതിന് പരിഹാരമാർഗം കണ്ടെത്തിയിട്ടുണ്ടോ?

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (KHRI) കേരള സർവകലാശാലയിലെ കാര്യവട്ടം ജിയോളജി വകുപ്പും സംയുക്തമായി നടത്തിയ ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ (HMA) ഈർപ്പ സംവേദനക്ഷമതാ പഠനം അനുസരിച്ച്, മെറ്റലിന്റെ അസിഡിക് സ്വഭാവത്തെ നിർവീര്യമാക്കാനും ബിറ്റുമിനുമായുള്ള ബന്ധം ശക്തിപ്പെടുത്താനും 2 ശതമാനം ഹൈഡ്രേറ്റഡ് ലൈം (ചുണ്ണാമ്പ്)-ഉം അല്ലെങ്കിൽ 3 ശതമാനം സിമന്റും ചേർക്കുന്നത് ഈർപ്പത്തിനെതിരായ പ്രതിരോധം മെച്ചപ്പെടുത്താനും സഹായിക്കും. ബിറ്റുമിനസ് മിശ്രിതങ്ങളുടെ

ഈർപ്പസംവേദനക്ഷമത അളക്കുന്ന ടെൻസൈൽ സ്ട്രെങ്ത് റേഷ്യോ (TSR) ടെസ്റ്റ് കേരളത്തിലെ എല്ലാ HMA നിർമ്മാണ പദ്ധതികൾക്കും നടപ്പിലാക്കാവുന്നതാണ്. TSR ടെസ്റ്റിന്റെ (Tensile Strength Ratio Test) ഫലങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും ഹൈഡ്രേറ്റഡ് ലൈം (hydrated lime) അല്ലെങ്കിൽ സിമന്റ് എന്നിവ ചേർക്കേണ്ടതിന്റെ ആവശ്യം തീരുമാനിക്കുക.

(ഡി) എങ്കിൽ അത് പ്രായോഗികമായി നടപ്പിൽവരുത്തി റോഡുകളുടെ ആയുർദൈർഘ്യം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ (HMA) ഈർപ്പസംവേദനക്ഷമത കേരളത്തിലെ HMA അഗ്രിഗേറ്റ് സ്രോതസ്സുകളിലെയും (ക്വാറികൾ) പെട്രോളജിയെയും ഈർപ്പസംവേദനക്ഷമതയെയും കുറിച്ചുള്ള സമഗ്രമായ ഒരു പഠനം എന്ന വിഷയത്തിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI) ഒരു ഗവേഷണ പഠനം നടത്തി. ഈ പഠനത്തിന്റെ ഒന്നാംഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് ഒരു ഗവേഷണ പ്രചാരണ ശില്പശാല (Research Dissemination Workshop) സംഘടിപ്പിക്കുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പിലെ (PWD) ക്വാളിറ്റി എഞ്ചിനീയർമാർക്കായി AASHTO T283 മാനദണ്ഡപ്രകാരമുള്ള TSR ടെസ്റ്റിങ്ങിനെക്കുറിച്ച് നേരിട്ടുള്ള പരിശീലനം നൽകുന്ന മാസ്റ്റേഴ്സ് പരിശീലന പരിപാടി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി.

പഠനത്തിൽനിന്നുള്ള ശിപാർശകൾ ഉൾപ്പെടുത്തി ഫീൽഡ് ട്രയൽ എന്ന നിലയിൽ ഒരു പൈലറ്റ് റോഡ് പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. പൈലറ്റ് പദ്ധതി

നടപ്പിലാക്കുന്നതിനായി, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ടെൻഡർ വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനും അനുയോജ്യമായ മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ള നിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയർ നിരത്തുകളുടെ പരിശോധനയിലാണ്.

സംസ്ഥാനത്തെ റോഡുകൾ മഴയിൽ തകരുന്ന അവസ്ഥ

43 (3369) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ മഴ പെയ്താൽ തകരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ പൊതുമരാമത്ത് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിലവിൽ നിർമ്മിക്കുന്ന റോഡുകളിൽ ഭൂരിഭാഗവും കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുക്കുന്ന തരത്തിലുള്ള ബി.എം. & ബി.സി. റോഡുകളാണ്. ഇവ വളരെനാൾ ഈടുനിൽക്കുകയും maintenance cost കുറവുള്ള തരം ഉപരിതല നിർമ്മാണവുമാണ്. കേരള റോഡ് ഫണ്ട് ബോർഡ് സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച റോഡുകളിൽ മഴ പെയ്താൽ തകരാതിരിക്കാൻവേണ്ടി റോഡുകളിൽ വെള്ളക്കെട്ട് ഉണ്ടാകാതെ ഇരുവശവും പുതിയ ഓടകൾ നിർമ്മിച്ചും നിലവിലെ ഓടകൾ പരിപാലിച്ചും വരുന്നുണ്ട്.

കിഫ്ബിയുടെ ധനസഹായത്താൽ നിർമ്മിക്കുന്ന റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ MORTH, IRC Guide Lines, PWD Quality Manual, PWD Lab Manual, KIIFB

Guidelines എന്നിവയിൽ പ്രതിപാദിക്കുന്ന രീതിയിൽ ഡിസൈൻ ചെയ്താണ് റോഡുകൾ നിർമ്മിക്കുന്നത്. മഴവെള്ളം റോഡിന്റെ ഉപരിതലത്തിൽനിന്ന് പെട്ടെന്ന് ഒഴുകിപോകുന്നതിന് Camber (Cross-Slope) നൽകാറുണ്ട്, Cross– Slope-കൾ വഴി ഒഴുകിവരുന്ന മഴവെള്ളം Foot Path-നോട് ചേർന്ന് Gratings വഴി Side drain-ലേക്ക് ഒഴുക്കിവിടാറുണ്ട്. ഇപ്രകാരം ചെയ്യുന്നതിനാൽ വെള്ളക്കെട്ട് ഉണ്ടാകുന്നില്ല. ഇത് പാതകളുടെ ആയുസ്സ് വർധിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻകീഴിലുള്ള പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഭ്രമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ, കാൽനടയാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്പാത്തുകൾ, മറ്റ് സുരക്ഷാ മുൻകരുതലുകൾ എന്നിവയും ഉൾപ്പെടുത്തി ബി.എം.&ബി.സി. പോലുള്ള നവീനരീതികൾ ഉപയോഗിച്ച് ശാസ്ത്രീയരീതിയിലാണ് നിർമ്മിക്കുന്നത്. നവീന സാങ്കേതികവിദ്യകളായ ജർമ്മൻ നിർമ്മിത മില്ലിങ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻ പ്ലേസ് റീസൈക്ലിങ് നിർമ്മാണ രീതി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. പുതിയ പദ്ധതികൾ തുടങ്ങുമ്പോൾ റോഡിന്റെ ഒരു വശത്ത് മുഴുവൻ നീളത്തിലും ഓടകൾ നിർമ്മിക്കുകയും കൂടാതെ നിർമ്മിത വിസ്തൃതി കൂടുതലുള്ള സ്ഥലങ്ങളിൽ രണ്ടുവശത്തും ഓട നിർമ്മിക്കുകയും ചെയ്യാറുണ്ട്. കൂടാതെ മഴവെള്ളം ഒഴുകി പോകുന്നതിനായി കലുങ്കുകളും റോഡിന് ആവശ്യമുള്ള ചരിവ് നൽകുകയും ചെയ്യാറുണ്ട്.

സംസ്ഥാനത്തെ റോഡുകൾ മഴ പെയ്താൽ തകരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് മുന്നോടിയായി, റോഡുകളുടെ പരിപാലന പ്രവൃത്തികൾ ക്രമപ്പെടുത്തുന്നതിന്റെ

ആദ്യപടിയായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന് (KSTP) കീഴിലെ ആരംഭിച്ച ഒരു പ്രധാന സംരംഭമാണ് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) സെൽ.

RMMS-ന്റെ പ്രധാന ലക്ഷ്യം റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി, റോഡിന്റെ ഘടനാപരമായ ബലം അളക്കുന്ന FWD (Falling Weight Deflectometer) സർവെ, NSV (Network Survey Vehicle) വഴിയുള്ള ഉപരിതല സർവെ, ട്രാഫിക്, ആക്സിൽ ലോഡ് സർവെകൾ എന്നിവയിലൂടെ വിവരശേഖരണം നടത്തുന്നതിനുള്ള ടെൻഡർ നടപടികൾ നിലവിൽ വിവിധ ഘട്ടങ്ങളിലാണ്.

(ബി) പൊതുമരാമത്ത് റോഡുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും മെച്ചപ്പെട്ട ടാറിങ് നടത്തുന്നതിനും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത സാങ്കേതികവിദ്യ മുഖേന മഴയത്തും ടാർ ചെയ്യാമെന്ന അവസ്ഥ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ?

പൊതുമരാമത്ത് റോഡുകളുടെ ഗുണമേന്മ പരിശോധിക്കാനും മെച്ചപ്പെട്ട റോഡുകൾ നിർമ്മിക്കാനും താഴെ പറഞ്ഞ കാര്യങ്ങൾ ചെയ്തുവരുന്നു.

1) ത്രിതല ഗുണനിലവാര നിരീക്ഷണം: PWD മാന്വലിൽ നിർദേശിച്ചിട്ടുള്ള ത്രിതല (Tier-1, Tier-2, Third Party testing) ഗുണനിലവാര നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

2) റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS): റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും RMMS വഴി ശാസ്ത്രീയമായി നടപ്പിലാക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി, റോഡിന്റെ ഘടനാപരമായ ബലം അളക്കുന്ന FWD (Falling Weight Deflectometer) സർവെ, NSV (Network Survey Vehicle) വഴിയുള്ള ഉപരിതല സർവെ, ട്രാഫിക്, ആക്സിൽ ലോഡ് സർവെകൾ എന്നിവ വഴി ഡാറ്റാ ശേഖരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ വിവിധഘട്ടങ്ങളിലാണ്.

PWD ഒരു പൈലറ്റ് സ്കീം സംയോജിത കോൾഡ് മിക്സ് സാങ്കേതികവിദ്യ ഉപയോഗിക്കാൻ പദ്ധതിയിട്ടിരിക്കുകയാണ്. KHRI (കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ഐ.ഐ.ടി. മദ്രാസുമായി സഹകരിച്ചാണ് ഈ പരീക്ഷണ പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഈ RAP സംയോജിത കോൾഡ്മിക്സ് സാങ്കേതികവിദ്യയുടെ സവിശേഷത എന്തെന്നാൽ, hot mix asphalt നിർമ്മാണത്തിലുള്ളതുപോലെ താപനില നിയന്ത്രിക്കേണ്ട ആവശ്യം ഇതിന് വരുന്നില്ല. അതിനാൽ, മഴപോലുള്ള കാരണങ്ങളാലും നിർമ്മാണ സ്ഥലത്തേക്കുള്ള ഗതാഗത വൈകലും കോൾഡ് മിശ്രിതത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നില്ല.

(സി) പൊതുമരാമത്ത് റോഡുകളിൽ ഉണ്ടായിരിക്കുന്ന കുഴികൾ അടയ്ക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; ഇത് ശാസ്ത്രീയമായി അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ running Contract system നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 98 ശതമാനം റോഡുകളും Pot hole free ആയി നിലനിർത്തിവരുന്നു. ഈ പ്രവൃത്തികളിലൂടെ വിവിധ utility agency-കളുടെ പ്രവർത്തനം

മൂലമല്ലാതെ pot hole ഉണ്ടാകുന്ന റോഡുകൾ എല്ലാംതന്നെ running contract സമ്പ്രദായത്തിലൂടെ സഞ്ചാരയോഗ്യമാക്കി വരുന്നു. അടിയന്തരഘട്ടങ്ങളിൽ cold mix ഉപയോഗിച്ചും അല്ലാത്ത സന്ദർഭങ്ങളിൽ permanent patch പ്രവൃത്തികളിലൂടെയും ശാസ്ത്രീയമായി തന്നെ കുഴികൾ അടയ്ക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കിവരുന്ന സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച റോഡുകൾ DLP-യിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. അതിനാൽ കുഴികൾ അടയ്ക്കുന്നതിനും റോഡ് പരിപാലനവും DLP കാലാവധി വരെ കരാറുകാരനിൽ നിക്ഷിപ്തമാണ്. കൂടാതെ നഗരപാത വികസന പദ്ധതികളായ തിരുവനന്തപുരം, കോഴിക്കോട് എന്നീ പദ്ധതികളിൽ കുഴികൾ അടയ്ക്കുന്നതും മറ്റു പരിപാലനവും നടത്തി വരുന്നത് അതത് കൺസഷണറുടെ നേതൃത്വത്തിലുമാണ്.

കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ കീഴിൽ KIIFB-യുടെ ധനസഹായത്താൽ ഡിസൈൻ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. എന്നാൽ ചില പാതകൾ തുടങ്ങാൻ കാലതാമസം നേരിടുന്ന സാഹചര്യങ്ങളിൽ പാതകളിൽ Pre-Monsoon, Rectification എന്നീ ഗണത്തിൽപ്പെടുത്തി കുഴികൾ നികത്തി റോഡ് ഗതാഗതയോഗ്യമാക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ഫണ്ടുപയോഗിച്ച് നിലവിലുള്ള ദേശീയപാതകൾ ബലപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ Annual Plan Scheme-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള ദേശീയപാതകളിൽ STMC, PBMC, പ്രവൃത്തികൾ MoRTH ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് അത്യാവശ്യ റോഡ് നവീകരണ പ്രവൃത്തികളും മഴക്കാലപൂർവ്വ പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

(ഡി) അതിശക്തമായ മഴയിൽ ടാർ ഒലിച്ചുപോകുന്നതും റോഡിൽ കുഴിയുണ്ടാകുന്നതും തടയുന്നതിന് പൊതുമരാമത്ത് റിസർച്ച് വിഭാഗം എന്ത് കണ്ടുപിടിത്തമാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (KHRI) കേരള സർവകലാശാലയിലെ കാര്യവട്ടം ജിയോളജി വകുപ്പും സഹകരിച്ച് നടത്തിയ ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ (HMA) ഈർപ്പസംവേദനക്ഷമതാ പഠനത്തിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലിലെ അസിഡിറ്റി മഴക്കാലത്ത് ചില റോഡുകൾ തകരാറുണ്ടാകുന്നതിന് ഒരു കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (KHRI) കേരള സർവകലാശാലയിലെ കാര്യവട്ടം ജിയോളജി വകുപ്പും സംയുക്തമായി നടത്തിയ ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ (HMA) ഈർപ്പസംവേദനക്ഷമതാ പഠനം അനുസരിച്ച്, മെറ്റലിന്റെ അസിഡിക് സ്വഭാവത്തെ നിർവീര്യമാക്കാനും ബിറ്റുമിനുമായുള്ള ബന്ധം ശക്തിപ്പെടുത്താനും 2 ശതമാനം ഹൈഡ്രേറ്റഡ് ലൈം (ചുണ്ണാമ്പ്)-ഉം അല്ലെങ്കിൽ 3 ശതമാനം സിമന്റും ചേർക്കുന്നത് ഈർപ്പത്തിനെതിരായ പ്രതിരോധം മെച്ചപ്പെടുത്താൻ സഹായിക്കും. ബിറ്റുമിനസ് മിശ്രിതങ്ങളുടെ

ഈർപ്പസംവേദനക്ഷമത അളക്കുന്ന ടെൻസൈൽ സ്ട്രെങ്ത് റേഷ്യോ (TSR) ടെസ്റ്റ് കേരളത്തിലെ എല്ലാ HMA നിർമ്മാണ പദ്ധതികൾക്കും നടപ്പിലാക്കാവുന്നതാണ്. TSR ടെസ്റ്റിന്റെ (Tensile Strength Ratio Test) ഫലങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും ഹൈഡ്രേറ്റഡ് ലൈം (hydrated lime) അല്ലെങ്കിൽ സിമന്റ് എന്നിവ ചേർക്കേണ്ടതിന്റെ ആവശ്യം തീരുമാനിക്കുക.

പൊതുമരാമത്ത് (റോഡ്സ്) വിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ

44 (3270) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം മുഖേന നടത്തിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ തൽസ്ഥിതിയും അറിയിക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദിവാസി മേഖലകളിൽ റോഡുകൾ ഇല്ലാത്തത് കാരണമുണ്ടായ പ്രതിസന്ധികൾ

45 (3271) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ റോഡുകൾ ഇല്ലാത്തത് കാരണം ആശുപത്രികളിൽ എത്താൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ റോഡുകൾ നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ആദിവാസി മേഖലകളിലെ റോഡ് നിർമ്മാണത്തിനായി നിലവിൽ പട്ടികജാതി/പട്ടികവർഗ വകുപ്പിന്റെ പ്രത്യേക ഭരണാനുമതി പ്രകാരമാണ് പ്രവൃത്തികൾ നടക്കുന്നത്. ഇടമലക്കുടി ആദിവാസി മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഇവ പട്ടികജാതി/പട്ടികവർഗ വകുപ്പിന്റെ പ്രത്യേക ഭരണാനുമതി പ്രകാരമാണ് നടപ്പിലാക്കുന്നത്.

1. ഇടമലക്കുടി പഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡ്ഡലിപ്പാറക്കുടി വരെ 7.7 കിലോമീറ്റർ റോഡ് കോൺക്രീറ്റിങ് പ്രവൃത്തി-നിലവിൽ 4.5 കിലോമീറ്റർ കോൺക്രീറ്റിങ്

പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. പീരുമേട് നിയോജകമണ്ഡലത്തിലെ വള്ളക്കടവ് മുതൽ വഞ്ചിവയൽ ആദിവാസി ഉന്നതിയിലേക്കുള്ള 4 കിലോമീറ്റർ റോഡിന്റെ പുനരുദ്ധാരണം- പ്രവൃത്തി പുരോഗമിച്ചുവരുന്നു.

തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് നിർമ്മാണം

46 (3272) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസിലെ രണ്ടാം റീച്ചിന്റെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

തങ്കളം കോഴിപ്പിള്ളി ന്യൂ ബൈപാസിലെ രണ്ടാം റീച്ചിലെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം ഇപ്രകാരമാണ്.

70 ശതമാനം Subgrade Formation പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ടി.ബി. കുന്ന് ഭാഗത്ത് സ്ഥലമേറ്റെടുത്ത് മണ്ണ് നീക്കം ചെയ്ത ഭാഗത്ത് വശങ്ങളിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കരിങ്കൽ സംരക്ഷണ ഭിത്തികളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാനകളുടെയും കലുങ്കുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോടതി വ്യവഹാരം നിലനിൽക്കുന്ന 100 മീറ്ററോളം ഭാഗത്ത് നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കോടതി വ്യവഹാരം നിലനിൽക്കുന്ന ഭാഗത്തൊഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കരാറുകാരന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

അമരവിള-കാരക്കോണം റോഡ്

47 (3273) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.-യുടെ മേൽനോട്ടത്തിൽ നിർമ്മാണം പുരോഗമിക്കുന്ന അമരവിള-കാരക്കോണം റോഡിൽ വീതി കൂട്ടിയപ്പോൾ റോഡിന് നടുവിലായി സ്ഥിതിചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കാത്തത് കാരണം നിരവധി വാഹനാപകടങ്ങൾ ഉണ്ടാവുകയും രണ്ടുപേർ മരണപ്പെടുകയും യാത്രക്കാർക്ക് സുരക്ഷാ ഭീഷണി നേരിടുകയും ചെയ്യുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പോസ്റ്റുകൾ മാറ്റുന്നതിനായി കിഫ്ബി പണം അനുവദിച്ചുവെങ്കിലും നാളിതുവരെ കെ.ആർ.എഫ്.ബി., കെ.എസ്.ഇ.ബി.എൽ.-ന് പണം ലഭ്യമാക്കാത്തത് കാരണം ഇലക്ട്രിക് പോസ്റ്റുകൾ സമയബന്ധിതമായി സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി

സ്ഥാപിക്കുന്നതിൽ വീഴ്ച സംഭവിച്ചത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പോസ്റ്റുകൾ സുരക്ഷിതസ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കാത്തതിനാൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിൽ പ്രതിദിനം സർക്കാരിന് എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) കെ.ആർ.എഫ്.ബി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നും പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) യൂട്ടിലിറ്റി ഷിഫ്റ്റിങ് നടപടികൾ പൂർത്തിയാക്കി അമരവിള–കാരക്കോണം റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നുള്ള വിവരം വ്യക്തമാക്കാമോ?

(എ-ഇ) അമരവിള-കാരക്കോണം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ. യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തിക്കായി കിഫ്ബിയിൽനിന്ന് 1,93,84,074/- രൂപ അനുവദിച്ചെങ്കിലും കെ.ആർ.എഫ്.ബി., തിരുവനന്തപുരം മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ ക്രമക്കേടുകളെ തുടർന്നുള്ള നിയമപരമായ കാര്യങ്ങളാൽ പ്രസ്തുത തുക കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുവാൻ സാധിച്ചിരുന്നില്ല. ഇതാണ് പ്രസ്തുത പോസ്റ്റുകൾ മാറ്റാത്ത സാഹചര്യമൊരുക്കിയത്. മേൽ വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കിഫ്ബി സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ ചേർന്ന

യോഗത്തിൽ KSEB Utility Shifting-നായി കെ.ആർ.എഫ്.ബി.-യുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിനും മഴക്കാലത്തിനുശേഷം SPV-യോട് BC പ്രവൃത്തികൾ ആരംഭിക്കുന്നതിനും പുതുക്കിയ പൂർത്തീകരണ കാലാവധിയായ 19-11-2025-നുള്ളിൽത്തന്നെ പൂർത്തീകരിക്കണമെന്നും നിർദേശിച്ചിരുന്നു. KSEB Utility Shifting-നായി കെ.ആർ.എഫ്.ബി.-യുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട അനുമതിക്കായി ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

കൊയിലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ടുകാവ്-നന്തി റോഡ്

48 (3274) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിലവിൽ ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ്-നന്തി റോഡ് ദേശീയപാതാ അതോറിറ്റിയുടെ കൈയിൽനിന്നും സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പരിപാലന ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിലവിൽ ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ്-നന്തി റോഡിന്റെ പരിപാലന ചുമതല നിലവിൽ ദേശീയപാത അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾക്കായി M/s Azhiyur Vengalam Road Pvt. Ltd. എന്ന കമ്പനിയെ നിയോഗിച്ചിട്ടുണ്ട്. നന്തി മുതൽ ചെങ്ങോട്ടുകാവ് വരെ പുതിയ ദേശീയപാത-66 നിർമ്മാണത്തിന്റെ ഭാഗമായി കൊയിലാണ്ടി ബൈപാസ്

നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതായും ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലെ ദേശീയപാതയുടെ ഭാഗം സംസ്ഥാന സർക്കാരിന് കൈമാറുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

നന്തി മുതൽ ചെങ്ങോട്ടുകാവ് വരെയുള്ള പഴയ ദേശീയപാത നവീകരിക്കുന്നതിന് 25 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭ്യമായിട്ടില്ല.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ റോഡുകളുടെ നവീകരണം

49 (3275) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും തീരുമാനിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇത്തരം റോഡ് വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഏതെങ്കിലും കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

Budget 2024-25-(20%)-Construction of Medical College– Kalandithazham road-വീതി 12 മീറ്ററിൽനിന്നും 7 മീറ്ററായി കുറച്ചതുമായി ബന്ധപ്പെട്ട് ശ്രീ. ചന്ദ്രൻ ടി. കെ. ഫയൽ ചെയ്ത WP(C) No.33049/2025 കേസ് നിലനിൽക്കുന്നുണ്ട്. പുതിയങ്ങാടി മാവിളക്കടവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷ്ണൻ നായർ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. ഒ. ജി. രാജേന്ദ്രൻ നമ്പ്യാർ എന്ന വ്യക്തി WPC No.33144/2024 ഫയൽ ചെയ്യുകയും അതുപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ കോടതി വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കോടതി വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വകുപ്പിന്റെ പ്രവൃത്തികൾ

50 (3276) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം മുഖേന ഭരണാനുമതി ലഭിച്ചത്; ഓരോ പ്രവൃത്തിക്കും എത്ര രൂപയുള്ള ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

അനുബന്ധത്തിലെ ക്രമ നം. 10-ലെ പ്രവൃത്തി 25-11-2025-നുള്ളിലും 11 മുതൽ 15 വരെ പ്രവൃത്തികൾ ടെൻഡർ കാലയളവിനുള്ളിലും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അഴിയൂർ-വെങ്ങളം റീച്ച് ദേശീയപാത നിർമ്മാണ പ്രവൃത്തി

51 (3277) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന അഴിയൂർ-വെങ്ങളം റീച്ച് പ്രവൃത്തിയുടെ ഉപ കരാറെടുത്തിരിക്കുന്ന വാഗാഡ് എന്ന കമ്പനി പ്രസ്തുത നിർമ്മാണ പ്രവൃത്തി വളരെ മന്ദഗതിയിലാണ് നടത്തിവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റീച്ചിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അഴിയൂർ-വെങ്ങളം റീച്ച് നിർമ്മാണം പൂർത്തീകരിച്ച് എന്നേക്ക് പൂർണ്ണമായും ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ-സി) ദേശീയപാത 66-ന്റെ നിർമ്മാണം ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. നിർമ്മാണ പുരോഗതി അവലോകനം ചെയ്യാൻ സംസ്ഥാന സർക്കാർ നടത്തുന്ന യോഗങ്ങളിൽ ദേശീയപാത 66-ന്റെ ചില സ്ട്രെച്ചുകളിലെ നിർമ്മാണ പുരോഗതിയിൽ അതൃപ്തി രേഖപ്പെടുത്തുകയും നിർമ്മാണം സമയബന്ധിതമായി

പൂർത്തീകരിക്കാൻ ദേശീയപാതാ അതോറിറ്റിക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയും 04-06-2025-ൽ നടത്തിയ യോഗത്തിലും ഈ വിഷയം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

M/S Azhiyur Vengalam Road Pvt. Ltd. കമ്പനിയുടെ പ്രവൃത്തി ദേശീയപാത അതോറിറ്റിയും ഇൻഡിപ്പെന്റന്റ് എഞ്ചിനീയറും തുടർച്ചയായി അവലോകനം ചെയ്യുന്നതായും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തന്നെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് കമ്പനിക്ക് നിർദേശം നൽകിയിട്ടുള്ളതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും ഈ സ്ട്രെച്ചിലെ പ്രവൃത്തി വിലയിരുത്താനായി പ്രത്യേക യോഗങ്ങൾ വിളിച്ചുചേർക്കുന്നുണ്ട്. ദേശീയപാത അതോറിറ്റി നിശ്ചയിച്ച സമയത്തിനുമുമ്പേ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ സംബന്ധിച്ച് അന്തിമ തീരുമാനം ലഭ്യമായിട്ടില്ല.

വിഴിഞ്ഞം ഹാർബർ മുതൽ മംഗലപുരം വരെയുള്ള ഔട്ടർ റിങ് റോഡ്

52 (3278) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ മുതൽ മംഗലപുരം വരെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഔട്ടർ റിങ് റോഡിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കാനായി നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലത്തിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതെന്നാണെന്നും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എപ്പോഴാണെന്നും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ-സി) നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ വിശദമായ പദ്ധതിരേഖ ദേശീയപാതാ അതോറിറ്റി തയ്യാറാക്കിയത് PPPAC (Public Private Partnership Appraisal Committee)-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area-കളിൽ അപകടസാധ്യതയുണ്ടോയെന്ന് കൂടി പരിശോധിച്ച് പദ്ധതിരേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് NHAI-യോട് നിർദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാതാ അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04-09-2025-ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. പദ്ധതിക്ക് അന്തിമ അനുമതി ലഭ്യമായശേഷം ഏറ്റെടുക്കുന്ന ഭൂമിക്ക് നിലവിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിയമങ്ങളായ NH Act, 1956, RFCTLARR Act, 2013 എന്നിവ പ്രകാരം നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം

53 (3279) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) മലയോര ഹൈവേയിൽ ഉൾപ്പെട്ട കോളിച്ചാൽ-ചെറുപുഴ റോഡ് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലൂടെ കടന്നുപോകുന്നു. റോഡിന്റെ ആകെ നീളം 28.79 കിലോമീറ്റർ ആണ്. ഇതിൽ 18.25 കിലോമീറ്റർ ഭാഗമാണ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്നത്. കോളിച്ചാൽ-ചെറുപുഴ റോഡ് പ്രവൃത്തിക്കായി 26-05-2018-ൽ 88.13 കോടി രൂപയുടെ സാമ്പത്തികാനുമതിയും 19-12-2018-ൽ 82 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 18-08-2021-ൽ 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകി. പ്രവൃത്തി നടപ്പാക്കുന്നതിന് 05-03-2019-ന് 89.24 കോടി രൂപയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ടു. വനഭൂമി ഒഴിവാക്കി 25.59 കിലോമീറ്റർ ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവൃത്തികളും മറ്റ് നവീകരണ പ്രവൃത്തികളും 95 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

വനഭൂമിയിലൂടെയുള്ള 3.19 കിലോമീറ്റർ മലയോര പാതയുടെ നിർമ്മാണത്തിനായി വനഭൂമി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ 12 മീറ്റർ വീതിയിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഡി.പി.ആർ. തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഭാഗമായി പ്രസ്തുത ഭാഗത്ത് നൂതന രീതി ഉപയോഗിച്ച് സർവെ നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ

54 (3280) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേക്കുള്ള സ്ഥലമെടുപ്പും അനുബന്ധ നടപടിക്രമങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തിനുള്ള വിശദമായ പദ്ധതിരേഖ (DPR) പുരോഗമിക്കുന്നു. ഈ പാതയുടെ സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേക്ക് മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എൻട്രി/എക്സിറ്റ് പോയിന്റുകളുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആദ്യം നിർദ്ദേശിച്ച എൻട്രി/എക്സിറ്റ് പോയിന്റുകൾ പരിമിതപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പരിമിതപ്പെടുത്തുകയാണെങ്കിൽ വാഴയൂർ പഞ്ചായത്തിലെയും കോഴിക്കോട് വിമാനത്താവളത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഇരുപ്പൻ തൊടുവിലെയും എൻട്രി പോയിന്റുകൾ നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി-ഇ) കോഴിക്കോട് -പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ ഒരു ഹൈസ്പീഡ് കോറിഡോർ ആയി വികസിപ്പിക്കാനാണ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്. അതിവേഗ ഹൈവേയിലെ സുരക്ഷ കണക്കിലെടുത്ത്, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശപ്രകാരം നിലവിൽ നിർദ്ദേശിക്കപ്പെട്ട എൻട്രി/എക്സിറ്റ് പോയിന്റുകളുടെ എണ്ണം പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് നിർവഹണ ഏജൻസിയായ ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കുന്നോറമലയിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി

55 (3281) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിലെ അഴിയൂർ-വെങ്ങളം റീച്ചിലുൾപ്പെടുന്ന നന്തി-ചെങ്ങോട്ടുകാവ് ബൈപാസ് കടന്നുപോകുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കുന്നോറമല അശാസ്ത്രീയമായ നിർമ്മാണ പ്രവൃത്തി കാരണം അപകട ഭീഷണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനാൽ കുന്നോറമലയിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ബൈപാസ് പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുക്കുന്നതിന് കുന്നോറമലയിലെ പ്രശ്നം പരിഹരിക്കേണ്ടത് അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ദേശീയപാത 66-ൽ കുന്നോറമല ഭാഗത്ത് ഇരുവശത്തും Slope Protection പ്രവൃത്തികൾ നടപ്പാക്കുന്നതിനായി അധിക ഭൂമി ഏറ്റെടുക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കാനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുകയാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

റോഡ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

56 (3282) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിലെ അപാകതകൾ റോഡപകടങ്ങൾക്ക് പ്രധാന കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുന്ന തരത്തിൽ ശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങളാണ് റോഡ് നിർമ്മാണങ്ങളിൽ സാധാരണയായി അവലംബിക്കാറുള്ളത്.

(ബി) സ്ഥിരമായി അപകടമുണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പുകൾ നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

സ്ഥിരമായി അപകടമുണ്ടാകുന്ന സ്ഥലങ്ങൾ നാറ്റ്പാക് മുഖാന്തരം ശാസ്ത്രീയമായി കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പൊലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടുകൂടി സംയുക്ത സ്ഥല പരിശോധന നടത്തി, സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു. നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ള അപകട മേഖല (ബ്ലാക്ക് സ്പോട്ട്), സ്കൂൾ സോൺ ഉൾപ്പെടെ അപകട വിമുക്തമാക്കുന്നതിലേക്കായി 'അപകട സാധ്യത മേഖല' അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു.

നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ള അപകട മേഖല (ബ്ലാക്ക് സ്പോട്ട്), സ്കൂൾ സോൺ ഉൾപ്പെടെ അപകട വിമുക്തമാക്കുന്നതിലേക്കായി 'അപകട സാധ്യത മേഖല' സൈൻ ബോർഡുകൾ, വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, "No Overtaking", ഷെവറോൺ എന്നീ സൈൻ ബോർഡുകൾ സ്ഥാപിച്ചുവരുന്നു. ആവശ്യമെങ്കിൽ അമിതവേഗത നിയന്ത്രിക്കുന്നതിനായി പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിങ്ങുകൾ, സ്റ്റഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, റംബിൾ സ്ട്രിപ്പുകൾ എന്നീ സുരക്ഷാക്രമീകരണങ്ങൾ കെ.ആർ.എസ്.എ., പ്ലാൻ, നോൺപ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് റോഡ് സുരക്ഷാപ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ MoRTH-ൽനിന്നും identify ചെയ്ത് നൽകുന്നുണ്ട്. ഈ സ്ഥലങ്ങളിൽ അപകടത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും അവ ദൂരീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി അപകടാവസ്ഥ പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) റോഡുകളിലെ അപകടകരമായ വളവുകൾ നേരെയാക്കുന്നതിനും വീതി കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കാറുണ്ട്. റോഡുകളിലെ വളവുകൾ അപകടരഹിതമാക്കുന്നതിനായി പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിങ്ങുകളും സ്റ്റഡുകളും ഓവർടേക്കിങ് അനുവദനീയമല്ലെന്ന മുന്നറിയിപ്പ്

സൈൻ ബോർഡുകളും ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കാറുണ്ട്. കൂടാതെ അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകളും സ്ഥാപിക്കാറുണ്ട്. നിലവിലുള്ള റോഡിലെ വളവുകൾ വീതി കൂട്ടുന്ന പ്രവൃത്തികൾ സ്ഥലലഭ്യതയും ഫണ്ട് ലഭ്യതയും അനുസരിച്ച് വിവിധ പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ DPR പ്രവൃത്തികളിൽ ഉൾപ്പെടുത്തി അപകടകരമായ വളവുകൾ നിവർത്തുന്നതിനും റോഡുകളുടെ വീതി കൂട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിൽ ബി.എം. & ബി.സി. ചെയ്ത് ഉന്നത നിലവാരത്തിലേക്ക് ഉയർത്തിയ റോഡുകൾ

57 (3283) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര കിലോമീറ്റർ റോഡുകളുണ്ടെന്നും ഇതിൽ എത്ര കിലോമീറ്റർ ബി.എം. & ബി.സി. ചെയ്ത് ഉന്നത നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് (നിരത്ത്) വകുപ്പിന് കീഴിൽ ആകെയുള്ള 212.15 കിലോമീറ്റർ റോഡിൽ 99.205 കിലോമീറ്റർ ബി.എം & ബി.സി. ചെയ്ത് നവീകരിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യുടെ കീഴിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 27.515 കിലോമീറ്റർ റോഡുകളുണ്ട്. അതിൽ 10 കിലോമീറ്ററുള്ള പാവങ്ങാട് ഉള്ളിയേരി കുറ്റ്യാടി

ചൊവ്വ (PUKC) റോഡിന്റെ BM-BC rectification പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം മലയോര ഹൈവേയിൽ ഉൾപ്പെടുന്ന ചെമ്പ്ര മുതൽ 28-ാം മൈൽ വരെയുള്ള റോഡിന്റെ ടെൻഡർ നടപടികളും 28-ാം മൈൽ മുതൽ തലയാട് വരെയുള്ള റോഡിന്റെ 75 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. തലയാട്-മലപ്പുറം-കോടഞ്ചേരി ഫേസ്-I പ്രവൃത്തിയുടെ 86 ശതമാനവും തലയാട്- മലപ്പുറം-കോടഞ്ചേരി ഫേസ്-II പ്രവൃത്തിയുടെ 20 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

പുതുക്കാട് മണ്ഡലത്തിലെ തൃക്കൂർ – മണലി റോഡ് നവീകരണം

58 (3284) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക (250 ലക്ഷം) നീക്കിവയ്ക്കുകയും ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്ത പുതുക്കാട് മണ്ഡലത്തിലെ തൃക്കൂർ-മണലി റോഡ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഗതാഗതയോഗ്യമല്ലാതായ തൃക്കൂർ-മണലി റോഡ് നവീകരണത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ്

59 (3285) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിടുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ നടക്കാത്ത തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി ധനസഹായത്തിൽ പുരോഗമിക്കുന്ന തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ (19.700 കിലോമീറ്റർ) സ്ഥലമേറ്റെടുക്കൽ നടന്നുവരുന്നു. SIA പഠനം പൂർത്തിയാക്കി 11(1) വിജ്ഞാപനം ഭാഗികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയായി കഴിഞ്ഞ് റോഡ് ഏറ്റെടുക്കുന്നതുവരെ പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിന് പൊതുമരാമത്ത് നിരത്തു വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി പ്രവൃത്തികൾക്കായി തയ്യാറാക്കിയ 2 എസ്റ്റിമേറ്റുകൾ -

1. Providing MSS to Thiruvalla- Mallappally Road@cho/000-5/000 (PRICE ID-Est/13097/2025)- ₹190 ലക്ഷം.

2. Providing 40mm Close Graded CC to Thiruvalla-Mallappally Road@ch:5/000-14/160 PRICE ID-Est/21969/2024)-₹350 പരിശോധനയിലാണ്. 'Providing 40mm Close

Graded CC to Poovanalkadave Chelakombu road @ch 0/000 to 5/296-' പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റും പരിശോധനയിലാണ്.

ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയുടെ സമീപനപാത നാലുവരിയാക്കാൻ നടപടി

60 (3286) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയുടെ സമീപന പാത നാലുവരിയായി വികസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനായി അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ-സി) തുരങ്കപാതയുമായി ബന്ധപ്പെട്ട് ഒരു ഗ്രീൻഫീൽഡ് 4 വരിപ്പാത സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്. ഈ പാതയുടെ വിശദാംശങ്ങൾ പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം

61 (3287) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട്-വിളക്കുമരം പാലം നിർമ്മാണം പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് തകർന്ന് കിടക്കുന്നതുമൂലം ഉദ്ഘാടനം നടക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നെടുമ്പ്രക്കാട് പാലത്തിന്റെ വിളക്കുമരം ഭാഗത്തിന്റെ അപ്രോച്ച് റോഡ് നിലവിൽ ഗ്രാമീണ റോഡാണ്. ഈ റോഡിന് പാലത്തിന് അനുയോജ്യമായ വീതിയില്ല. പാലത്തിന്റെ പൂർണ്ണമായ ഗുണം ഈ പ്രദേശത്തിന് ലഭിക്കുന്നതിന് ഗ്രാമീണ റോഡിന്റെ വീതി കൂട്ടേണ്ടതായുണ്ട്.

(ബി) പാലത്തിന്റെ ഒരു കര പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിലും മറുകര ഗ്രാമീണ റോഡും ആയതുകൊണ്ട് പുനർനിർമ്മാണം നടക്കാത്ത സാഹചര്യത്തിൽ ഗ്രാമീണ റോഡ് കൂടി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പാലത്തിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന്റെ നെടുമ്പ്രക്കാട് ഭാഗത്തെ പൊതുമരാമത്ത് വകുപ്പിന്റെ അപ്രോച്ച് റോഡ് സഞ്ചാരയോഗ്യമാണ്. വിളക്കുമരം ഭാഗത്തെ അപ്രോച്ച് റോഡ് ഗ്രാമീണ റോഡാണ്. നിലവിൽ ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

കണ്ണമ്പ്ര-മണപ്പാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി

62 (3288) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കണ്ണന്ത്ര–മണപ്പാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ (49 ലക്ഷം) പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിക്കായി 21-09-2025-ന് കരാറുകാരന് site കൈമാറിയിട്ടുണ്ട്. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കരമന–വെള്ളറട റോഡ് നിർമ്മാണം

63 (3289) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദിഷ്ട കരമന-വെള്ളറട റോഡ് നിർമ്മാണ പ്രൊപ്പോസലിന് പകരമായി ബദൽ നിർദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കരമന-വെള്ളറട റോഡ് നവീകരണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. KMRL (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്) തയ്യാറാക്കിയ Comprehensive Mobility Plan പ്രകാരമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായി ട്രാഫിക് സർവെ, ടോപോഗ്രാഫിക് സർവെ, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ എന്നിവ നടത്തി cost benefit analysis-ന്റെ അടിസ്ഥാനത്തിൽ കരമന മുതൽ കാട്ടാക്കട വരെ നാലുവരിയായും കാട്ടാക്കട മുതൽ വെള്ളറട വരെ 2 വരിയായും Utility Duct, Futuristic plan, Smart road idea, Bus bay, lighting and all

safety aspects എന്നിവ ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ വിമാനത്താവളത്തോടനുബന്ധിച്ചുള്ള നാലുവരിപ്പാത

64 (3290) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോട് അനുബന്ധിച്ച് പ്രഖ്യാപിച്ച നാലുവരിപ്പാതകളുടെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ ബന്ധിപ്പിക്കുന്ന 3 നാലുവരിപ്പാത റോഡുകളാണുള്ളത്.

റോഡ് 1- തലശ്ശേരി- കൊടുവള്ളി- മമ്പറം- അഞ്ചരക്കണ്ടി- മട്ടന്നൂർ എയർപോർട്ട് റോഡ്

തലശ്ശേരി മാഹി ബൈപാസ്സിൽ പാലത്തിൽനിന്നും തുടങ്ങി പിണറായി- മമ്പറം- അഞ്ചരക്കണ്ടി- എന്നിവയെ ബന്ധിപ്പിച്ച് മട്ടന്നൂർ ടൗണിന് സമീപം വായന്തോടിൽ അവസാനിക്കുന്ന 21.976 കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമാണ് നിർദിഷ്ട പാതയ്ക്ക് വിഭാവന ചെയ്തിട്ടുള്ളത്. 39.93 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം 08-01-2025-ന് പ്രസിദ്ധീകരിച്ചു. സബ് ഡിവിഷൻ സർവെ/വ്യക്തിഗത സർവെ പ്രവൃത്തികൾ റവന്യൂ വിഭാഗത്തിൽ പുരോഗമിച്ചുവരികയാണ്. സർവെ നടപടികൾ

പൂർത്തിയായതിനുശേഷം കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതാണ്.

റോഡ് - 2 കുറ്റ്യാടി- നാദാപുരം പെരിങ്ങത്തൂർ- മേക്കുന്ന്- പാനൂർ- പൂക്കോട്- കുത്തുപറമ്പ - മട്ടന്നൂർ എയർപോർട്ട് റോഡ് - 53.15 കിലോ മീറ്റർ

പ്രസ്തുത പദ്ധതി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽനിന്നും ആരംഭിച്ച് നാദാപുരം വഴി കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ-മേക്കുന്ന്-പാനൂർ-പൂക്കോട്-കുത്തുപറമ്പ് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് കണ്ണൂർ എയർപോർട്ടിന് സമീപം അവസാനിക്കുന്ന ടി നാലുവരിപ്പാതയുടെ കണ്ണൂർ ജില്ലയുടെ ഭാഗമായി വരുന്ന പെരിങ്ങത്തൂർ മുതൽ എയർപോർട്ട് വരെയുള്ള റോഡിന് 28.55 കിലോമീറ്റർ നീളമാണുള്ളത്. 39.863 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. 4(1) വിജ്ഞാപനം 19-02-2024-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹികാഘാതപഠനം വിദഗ്ധ സമിതി ശിപാർശ പ്രകാരം 2013-ലെ LARR നിയമപ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി റവന്യൂ വിഭാഗം സ്വീകരിച്ചുവരികയാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സർവെ നടപടികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാര തുക കൈമാറുന്നതാണ്.

റോഡ് - 3. മാനന്തവാടി - പേരാവൂർ - മട്ടന്നൂർ എയർപോർട്ട് റോഡ്

മാനന്തവാടി മുതൽ അമ്പായത്തോട് വരെ 18.00 കിലോമീറ്റർ നീളത്തിൽ മലയോര ഹൈവേ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അമ്പായത്തോട് മുതൽ മട്ടന്നൂർ വരെ 40 കിലോമീറ്റർ നീളത്തിലുള്ള നിർദിഷ്ട എയർപോർട്ട് കണക്ടിവിറ്റി റോഡ് നിലവിൽ നാലുവരിപ്പാതയായാണ് വികസിപ്പിക്കാൻ വിഭാവന ചെയ്തിട്ടുള്ളത്. 84.906 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1) എന്നീ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി റവന്യൂ വിഭാഗം സ്വീകരിച്ചുവരികയാണ്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സർവെ നടപടികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് നഷ്ടപരിഹാരത്തുക കൈമാറുന്നതിനും ഇതിനുശേഷം ഈ റോഡുകളുടെ പ്രവൃത്തി ടെൻഡറിങ് നടപടികളിലേക്ക് കടക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈഷിൻ – മുനമ്പം റോഡിലെ ഗതാഗത തടസ്സം

65 (3291) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വൈപ്പിൻ മണ്ഡലത്തിലെ ഏക സംസ്ഥാന പാതയായ വൈപ്പിൻ-മുനമ്പം റോഡിൽ അഭിമുഖീകരിക്കേണ്ടി വരുന്ന രൂക്ഷമായ ഗതാഗത തടസ്സം പരിഹരിക്കുവാനായി പൊതുമരാമത്ത് വകുപ്പ് ബദൽ മാർഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന അഴിക്കോട്-മുനമ്പം പാലവും പാലത്തിന്റെ ഇരുകരകളിലെയും അപ്രോച്ച് റോഡുകളും കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പാലത്തിന്റെ നിർമ്മാണവും തീരദേശ ഹൈവേയുടെ നിർമ്മാണവും പൂർത്തിയാകുന്നതോടുകൂടി വൈപ്പിൻ-മുനമ്പം റോഡിലെ ഗതാഗത തടസ്സം കുറയ്ക്കാമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ വൈപ്പിൻ മുനമ്പം സംസ്ഥാന പാതയിലെ തിരക്ക് കുറയ്ക്കുന്നതിനായി സംസ്ഥാന പാതയ്ക്ക് സമാന്തരമായി റോഡിന് കിഴക്കുവശം ചെറായി മുതൽ ഗോശ്രീ ജങ്ഷൻ വരെ കായലോര റിങ് റോഡ് നിർമ്മിക്കുന്നതിനായുള്ള സാധ്യത പഠനത്തിനായി DPR തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാനായിട്ടില്ല.

(ബി) തീരദേശ ഹൈവേയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്ന അഴീക്കോട്-മുനമ്പം പാലത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വൈപ്പിൻകരയുടെ കിഴക്കുവശത്ത് കായലോര റോഡ്, കായലോര റോഡിൽനിന്നും കണ്ടെയ്നർ റോഡിലേക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള പൂക്കാട് പാലം, ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലങ്ങൾ

എന്നിവ സംസ്ഥാന-കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി യാഥാർഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വൈപ്പിൻ ദ്വീപിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് എളംകുന്നപ്പുഴ-പൂക്കാട് പാലം, ഗോശ്രീ സമാന്തര പാലങ്ങൾ എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) എൽ.എൻ.ജി. ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ഡി.പി. വേൾഡ്, മുനമ്പം ഫിഷിങ് ഹാർബർ തുടങ്ങിയ സ്ഥാപനങ്ങളുടെ വ്യവസായിക പ്രാധാന്യവും അഴീക്കോട്-മുനമ്പം പാലവും തീരദേശ ഹൈവേയും യാഥാർഥ്യമാകുന്നതോടെ ദ്വീപ് മണ്ഡലമായ വൈപ്പിൻകരയിൽ രൂപപ്പെടാവുന്ന ഗതാഗതതടസ്സവും കണക്കിലെടുത്ത് കായലോര റോഡ്, പൂക്കാട് പാലം, ഒന്നും മൂന്നും ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലങ്ങൾ എന്നിവ സാഗർമാല പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫോർട്ട് വൈപ്പിൻ-മത്സ്യഫെഡ് ഓഫീസ്- 13 കിലോമീറ്റർ വരുന്ന റോഡ് ദേശീയപാതയായി വികസിപ്പിക്കുന്നതിന് DPR തയ്യാറാക്കാനുള്ള നടപടികൾ NHAI ആരംഭിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസിലെ സൗകര്യങ്ങൾ

66 (3292) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് പൊതുജനങ്ങൾക്കും ജീവനക്കാർക്കും ചെലവ് കുറഞ്ഞതും മികച്ചതുമായ താമസസൗകര്യം നൽകുന്നുണ്ടോ; ഇതുവഴി മെച്ചപ്പെട്ട വരുമാനം സർക്കാരിന് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സൗകര്യങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താൻ ആധുനിക ഡിജിറ്റൽ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ രീതിയിലാണെന്ന് വിശദമാക്കാമോ?

(എ&ബി) നിലവിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങൾ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ചെലവ് കുറഞ്ഞതും മികച്ചതുമായ താമസസൗകര്യം നൽകുന്നുണ്ട്. അതുവഴി സർക്കാരിന് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നുണ്ട്. റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് ആരംഭിച്ചശേഷം 1-11-2021 മുതൽ 7-10-2025 വരെ 4,75,009 ബുക്കിങ് ഉണ്ടായി. 29,06,76,640/- രൂപ വരുമാനമായി ലഭിച്ചു.

വിശ്രമ കേന്ദ്രങ്ങളിൽ Online മുഖേന resthouse.pwd.kerala.gov.in എന്ന വെബ്സൈറ്റിൽ മുറികൾ ബുക്ക് ചെയ്യുന്നതിനും അതിന്റെ വാടക Online മുഖേന തന്നെ അടയ്ക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുകയും കൂടാതെ ബുക്ക് ചെയ്ത മുറികൾ ആവശ്യമില്ലാത്തപക്ഷം Online മുഖേന തന്നെ ബുക്കിങ് Cancel ചെയ്യുന്നതിനും ടി വാടക

തിരികെ നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് റെസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട് കംപ്ലയിന്റ്, ഫീഡ്ബാക്ക് എന്നിവ Online ആയി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം PWD വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എല്ലാ റെസ്റ്റ് ഹൗസിലും പാർക്കിങ് സൗകര്യം ലഭ്യമാണോ; വ്യക്തമാക്കാമോ?

വിശ്രമ കേന്ദ്രങ്ങളിൽ താമസത്തിനായി എത്തുന്നവർക്ക് ആവശ്യമായ പാർക്കിങ് സൗകര്യം ഭൂരിഭാഗം വിശ്രമകേന്ദ്രങ്ങളിലും ലഭ്യമാണ്.

(ഡി) വൈദ്യുത വാഹനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ കെ.എസ്.ഇ.ബി.എൽ.-മായി സഹകരിച്ച് ചാർജിങ് സ്റ്റേഷനുകൾ നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-മായി സഹകരിച്ച് റെസ്റ്റ് ഹൗസുകളിൽ ഇ-ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനങ്ങളും നടപടികളും പരിശോധിച്ചുവരുന്നു.

പൊതുമരാമത്ത് (കെട്ടിട) വിഭാഗം നടപ്പാക്കിയ പ്രവൃത്തികൾ

67 (3293) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മണ്ഡലത്തിൽ പൊതുമരാമത്ത് (കെട്ടിട) വിഭാഗം മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം, പ്രത്യേക കെട്ടിട വിഭാഗം, കെ.എൽ.സി. ഡിവിഷനുകൾ മുഖേന നടപ്പാക്കിയ ഒർജിനൽ വർക്കുകളുടെ വിശദാംശങ്ങൾ, ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ആറ്റിങ്ങൽ മണ്ഡലത്തിലെ വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി

68 (3294) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിർവഹണ ചുമതലയിലുള്ള വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിർവഹണ ചുമതലയിലുള്ള വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി+ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചാത്തന്നൂർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ നവീകരണ പ്രവൃത്തികൾ

69 (3295) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി (വിവിധ സർക്കാർ ഓഫീസുകളുടെ നവീകരണം) പൊതുമരാമത്ത് (ഇ) വകുപ്പിന്റെ 20-12-2024-ലെ സ.ഉ.(സാധാ)നം.1321/2024 നമ്പർ ഭരണാനുമതി ഉത്തരവിന്റെ തുടർനടപടി എന്ന നിലയിൽ സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

17-3-2025-ലെ സ.ഉ.(സാധാ)നം.370/2025/പൊ.മ.വ. പ്രകാരം ഭരണാനുമതി പുതുക്കി നൽകിയിരുന്നു. (അനുബന്ധമായി+ ചേർക്കുന്നു.) സാങ്കേതികാനുമതി നൽകുന്നതിന് കെട്ടിട വിഭാഗം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉത്തരവ് നിലവിൽവന്ന് പത്തുമാസമായിട്ടും പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സാങ്കേതികാനുമതിപോലും നൽകാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(സി) വിദൂരങ്ങളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവൃത്തികൾക്ക് ഒറ്റ സാങ്കേതികാനുമതി നൽകി ഒന്നായി ടെൻഡർ ചെയ്യുന്നതുമൂലമുണ്ടാകുന്ന അസൗകര്യവും പ്രവൃത്തികളിലുണ്ടാകാവുന്ന കാലതാമസവും പരിഗണിച്ച് രണ്ട് സാങ്കേതികാനുമതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകി പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യണമെന്ന ആവശ്യം പരിഗണിക്കാൻ ഭരണപരമായും നിയമപരമായും തടസ്സങ്ങളുണ്ടോയെന്നും എങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ

70 (3296) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; അവയുടെ തൽസ്ഥിതി വ്യക്തമാക്കുമോ?

2016-17 മുതൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികൾ അനുബന്ധമായി+ ചേർക്കുന്നു.

ഒഴലപ്പതി കുടുംബാരോഗ്യകേന്ദ്രം കെട്ടിട നിർമ്മാണം

71 (3297) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് 2019-20 വർഷത്തെ ബജറ്റ് അനുബന്ധം 2 വാല്യം II ക്രമനമ്പർ 138 പ്രകാരം പ്രവൃത്തി തുകയായ 1 കോടി രൂപയുടെ 20 ശതമാനം ടോക്കൺ പ്രൊവിഷൻ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

24-05-2025-ലെ G.O.(Rt)No.1420/2025/H&FWD പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

സാങ്കേതികാനുമതിക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ടെന്റേറ്റീവ് ഡിസൈൻ ആവശ്യമാണ്. അത് തയ്യാറാക്കുന്നതിലേക്കായി സോയിൽ ഇൻവെസ്റ്റിഗേഷൻ, ടോട്ടൽ സ്റ്റേഷൻ സർവെ എന്നിവ പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ടെന്റേറ്റീവ് ഡിസൈൻ ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ടെന്റേറ്റീവ് ഡിസൈൻ ലഭ്യമായാൽ ഉടൻതന്നെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് അംഗീകരിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിശ്രമകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ

72 (3298) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങൾ നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻ ബുക്കിങ് സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങളുടെ നവീകരണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തരം എല്ലാ വിശ്രമകേന്ദ്രങ്ങളിലും ഓൺലൈൻ ബുക്കിങ് സൗകര്യം ഒരുക്കുകയും കൂടാതെ, സംസ്ഥാനതലത്തിൽ ഏകോപനത്തിനായി തിരുവനന്തപുരത്ത് ഹെൽപ് ഡെസ്ക് (CCR–Centralized Control Room) സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ ബുക്കിങ് ആരംഭിച്ചശേഷം 1-11-2021 മുതൽ 7-10-2025 വരെ ആകെ ബുക്കിങ് 4,75,009 ഉണ്ടായി. ആകെ വരുമാനം 29,06,76,640 /-രൂപ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരത്തിൽ പുതുതായി സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് നേരിട്ട് വിശ്രമകേന്ദ്രത്തിൽ വരാതെ അവർക്ക് സൗകര്യപ്രദമായ തീയതികളിൽ മുറികൾ Online മുഖേന മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും കൂടാതെ ബുക്ക് ചെയ്ത മുറികൾ ആവശ്യമായപക്ഷം Online മുഖേന cancel ചെയ്യുന്നതിനും ടി വാടക തിരികെ നൽകുന്നതിനുമുള്ള സൗകര്യമുണ്ടായിട്ടുണ്ട്. ഏറ്റവും മികച്ച സൗകര്യങ്ങളുള്ള റൂമുകൾ കുറഞ്ഞ നിരക്കിൽ ഓൺലൈൻ വഴി പൊതുജനങ്ങൾക്ക് വളരെ എളുപ്പത്തിൽ ബുക്ക് ചെയ്ത് ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) ഇത്തരം പരിഷ്കരണങ്ങളിലൂടെ സർക്കാരിന് വരുമാന വർധനവ് ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് സംവിധാനം നിലവിൽ വരികയും മികച്ച ഭൗതിക സൗകര്യങ്ങളോടെ പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങൾ ലഭ്യമാക്കുകയും ചെയ്തതിനാൽ സർക്കാരിന് വരുമാന വർധനവ് ഉണ്ടായിട്ടുണ്ട്.

വിശ്രമകേന്ദ്രങ്ങളുടെ നവീകരണം

73 (3299) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങൾ നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻ ബുക്കിങ്

സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങളുടെ നവീകരണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തരം എല്ലാ വിശ്രമകേന്ദ്രങ്ങളിലും ഓൺലൈൻ ബുക്കിങ് സൗകര്യം ഒരുക്കുകയും കൂടാതെ, സംസ്ഥാനതലത്തിൽ ഏകോപനത്തിനായി തിരുവനന്തപുരത്ത് ഹെൽപ് ഡെസ്ക് (CCR–Centralized Control Room) സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പുതുതായി സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് നേരിട്ട് വിശ്രമകേന്ദ്രത്തിൽ വരാതെ അവർക്ക് സൗകര്യപ്രദമായ തീയതികളിൽ മുറികൾ Online മുഖേന മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും കൂടാതെ ബുക്ക് ചെയ്ത മുറികൾ ആവശ്യമായപക്ഷം Online മുഖേന cancel ചെയ്യുന്നതിനും ടി വാടക തിരികെ നൽകുന്നതിനുമുള്ള സൗകര്യമുണ്ടായിട്ടുണ്ട്. കൂടാതെ ഏറ്റവും മികച്ച സൗകര്യങ്ങളുള്ള റൂമുകൾ കുറഞ്ഞ നിരക്കിൽ ഓൺലൈൻ വഴി പൊതുജനങ്ങൾക്ക് വളരെ എളുപ്പത്തിൽ ബുക്ക് ചെയ്ത് ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ട്.

(സി) സർക്കാരിന് വരുമാന വർധനവ് ഇത്തരം പരിഷ്കരണങ്ങളിലൂടെ ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് സംവിധാനം നിലവിൽ വരികയും മികച്ച ഭൗതികസൗകര്യങ്ങളോടെ പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങൾ ലഭ്യമാക്കുകയും ചെയ്തതിനാൽ സർക്കാരിന് വരുമാന വർധനവ് ഉണ്ടായിട്ടുണ്ട്. ഓൺലൈൻ ബുക്കിങ് സാധ്യമാക്കിയശേഷം 1-11-2021 മുതൽ 7-10-2025 വരെ 4,75,000 ബുക്കിങ് നടന്നു. 29,06,76,640/- രൂപ വരുമാനമായി ലഭിച്ചു.

ഞാറയ്ക്കൽ ഫിഷറീസ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

74 (3300) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 1.53 കോടി രൂപയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും 1 കോടി രൂപയും അനുവദിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയതുമായ വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഫിഷറീസ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സമഗ്ര ശിക്ഷാകേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 1.53 കോടി രൂപ പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ അനുവദിച്ച 1 കോടി രൂപയിൽനിന്നും സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി പാർട്ട് ടെക്നിക്കൽ സാങ്ഷൻ നൽകി ടെൻഡർ ചെയ്ത് പ്രവൃത്തി നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ ഭാഗമായി പാർട്ട് ടെക്നിക്കൽ സാങ്ഷൻ നൽകിയ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരുന്നു. 18-10-2025-ന് മുൻപ് പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം അറിയിക്കുകയുണ്ടായി.

(സി) പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമായാൽ പ്രസ്തുത റിപ്പോർട്ടും സമഗ്രശിക്ഷാ കേരള പദ്ധതി പ്രകാരം അംഗീകരിച്ച കെട്ടിടത്തിന്റെ പ്ലാനും പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിങ്ങിൽ സമർപ്പിച്ച് ലഭ്യമാകുന്ന ഡിസൈൻ പ്രകാരം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. സാങ്കേതികാനുമതി ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേനയുള്ള പ്രവൃത്തികൾ

75 (3301) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി

ലഭിച്ചതെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും അതിന്റെ നിലവിലെ സ്ഥിതിയും സംബന്ധിച്ചുള്ള വിശദവിരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

തൃപ്പൂണിത്തുറ ഇരുമ്പ് പാലം

76 (3302) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നഗരസഭയെയും കൊച്ചിൻ കോർപ്പറേഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം (ഇരുമ്പ് പാലം) ബലക്ഷയംമൂലം വർഷങ്ങളായി അടഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതിയ പാലം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഈ പദ്ധതിക്കുവേണ്ടി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്?

(എ&ബി) ഇരുമ്പ് പാലത്തിന് സമീപം പുതിയ പാലം നിർമ്മിക്കുവാൻ പദ്ധതിയുണ്ട്. ഈ പദ്ധതിക്കുവേണ്ടി 31 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ 24-09-2025-ൽ സമർപ്പിച്ച 3328/- ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ഈ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും വ്യവഹാരങ്ങൾ നിലവിലുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

വ്യവഹാരങ്ങൾ നിലവിലുണ്ട്. പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി 24.281 Ares ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.

(ഡി) ഈ പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായതിനുശേഷം തുടർനടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അളക്കൽ-പുഞ്ചക്കൊല്ലി പാലത്തിന്റെ നിർമ്മാണം

77 (3303) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ അളക്കൽ-പുഞ്ചക്കൊല്ലി പാലത്തിന്റെ നിർമ്മാണം ടൈബൽ കണക്ടിവിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിലെ അളക്കൽ-പുഞ്ചക്കൊല്ലി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 04-06-2025-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച 840 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ബജറ്റ് പ്രൊവിഷന്റെ അഭാവത്തിൽ ഡെഫർ ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് മാത്രമേ പരിശോധിക്കാനാവുകയുള്ളൂ.

തിരുവമ്പാടി മണ്ഡലത്തിൽ വല്ലത്തായിക്കടവിലെ പാലം നിർമ്മാണം

78 (3304) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വല്ലത്തായിക്കടവിൽ നിർമ്മിക്കുന്ന പാലം പ്രവൃത്തിയുടെ ഡിസൈനിൽ അവസാനഘട്ടത്തിൽ മാറ്റം വന്നതിനാൽ പ്രസ്തുത പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുവദിച്ച തുകയിൽ മാറ്റമില്ലാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലത്തിന്റെ കരമൂല ഭാഗത്ത് പുഴയോട് ചേർന്ന് ഉയരം കൂടിയ റീടെയിനിങ് വാൾ നിർമ്മിച്ച് റോഡ് നിർമ്മിക്കുന്നതിലും ചെലവ് കുറവും അനുയോജ്യവുമായതും 12.50 മീറ്ററിന്റെ ഒരു Land Span കൂടി ചെയ്യുന്നതാണ് എന്നതാണ് വിലയിരുത്തൽ. ഇതുപ്രകാരം മാറ്റം വരുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി 26-09-2025-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

തിരുവല്ല മണ്ഡലത്തിലെ പാറക്കടവ്, കോൺകോഡ് പാലങ്ങൾ

79 (3305) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ്, കോൺകോഡ് പാലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പാറക്കടവ് പാലം നിർമ്മാണത്തിനായി 31-10-2016-ലെ സ.ഉ.(സാധാ) നം.1496/2016/പി.ഡബ്ല്യു.ഡി. പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 19-09-2017-ലെ ഉത്തരവ് പ്രകാരം 9.35 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 22-08-2024-ലെ ഉത്തരവ് പ്രകാരം 11.78 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 14-10-2024-ലെ ഉത്തരവ് പ്രകാരം 11.793 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുമുണ്ട്. തുടർന്ന് പ്രവൃത്തി ടെൻഡർ ചെയ്യുകയും 6-ാമത്തെ ടെൻഡറിൽ M/s ഊരാളുങ്കൽ കോൺട്രാക്ട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച ടെൻഡറിന് 31-05-2025-ലെ സ.ഉ.(കൈ)നം.36/2025/PWD പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനുപുറമെ കീഴ്വായ്പൂർ ഭാഗത്തെ ജങ്ഷൻ ഇംപ്രൂവ്മെന്റ് കൂടി നടത്തണമെന്ന് 12-08-2025-ലെ കിഫ്ബിയുടെ മീറ്റിങ്ങിലെ നിർദേശപ്രകാരം PED തയ്യാറാക്കുന്നതിന് CMD ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും ആവശ്യമായ സർവെ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രം PED അംഗീകാരത്തിനായി കിഫ്ബിയിലേക്ക് സമർപ്പിക്കുവാനും

അതിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചാത്തങ്കരി-കോൺകോഡ് പാലം നിർമ്മാണത്തിനായി 10-07-2017-ലെ സ.ഉ.(സാധാ) നം.942/2017/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 12-11-2018-ലെ ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാലം 20 മീറ്റർ വീതമുള്ള 9 സ്പാനുകളായിട്ടായിരുന്നു വിഭാവന ചെയ്തിരുന്നത്. അതുപ്രകാരമാണ് സ്ഥലം ഏറ്റെടുത്ത് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഇൻലാൻഡ് നാവിഗേഷനിൽനിന്ന് ലഭിച്ച ക്ലിയറൻസ് പ്രകാരം പാലത്തിന്റെ സ്പാനുകൾ 15 മീറ്റർ നീളമുള്ള 9 സ്പാനുകളും 14 മീറ്റർ നീളമുള്ള ഒരു സ്പാനും കൂടാതെ, 31.5 മീറ്റർ നീളമുള്ള (Central span) എന്ന രീതിയിൽ ക്രമീകരിച്ചുകൊണ്ട് 08-07-2025-ൽ ടെന്റേറ്റീവ് ജനറൽ ഡ്രോയിങ്ങ് റിവൈസ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട് (പാലത്തിന്റെ നീളം 181.42 മീറ്ററാണ്). അതിന്റെ സാധ്യതാപഠന റിപ്പോർട്ട് നൽകുന്നതിലേക്കായി സ്ഥലം പരിശോധിച്ചപ്പോൾ കോൺകോട് കരയിലെ അപ്രോച്ച് റോഡിനായി അധികമായി സ്ഥലം ഏറ്റെടുക്കേണ്ടതായി വരുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി./പി.എം.യു., പത്തനംതിട്ട/കോട്ടയം ഡിവിഷൻ കാര്യാലയത്തിൽനിന്നും അറിയിച്ചിട്ടുണ്ട്. റിവൈസ് ചെയ്ത TGD പ്രകാരം അധികമായി വേണ്ടിവരുന്ന സ്ഥലത്തിന്റെ എൽ.എ. നടപടികൾ സ്വീകരിച്ച് പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അഴീക്കോട് – മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ

80 (3306) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും 154.625 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16-12-2021-ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള അഴീക്കോട്-മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.- പി.എം.യു. മുഖേന പ്രവൃത്തി പുരോഗമിക്കുന്ന അഴീക്കോട്-മുനമ്പം പാലത്തിന് 160 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 154.626 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 181.55 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി, 200.14 കോടി രൂപയ്ക്ക് രണ്ടാമത്തെ പുതുക്കിയ സാമ്പത്തികാനുമതി എന്നിവയും ലഭിച്ചു. പ്രവൃത്തിക്ക് 143.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 143.28 കോടി രൂപയ്ക്ക് ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡിന് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 205 പൈലുകളിൽ 196 പൈലുകൾ, 38 പൈൽ ക്യാപിൽ 27 എണ്ണം, 61 പിയറുകളിൽ 31 എണ്ണം, 38 പിയർ ഹെഡ്ഡിൽ 18 എണ്ണം, 168 മീറ്റർ T-beam & സ്ലാബ് - 115.55 മീറ്റർ, 216 സെഗ്മെന്റുകളിൽ 59 എണ്ണം, 12 സ്പാൻ സെഗ്മെന്റുകളിൽ ഒരെണ്ണം എന്നിവ പൂർത്തിയായിട്ടുണ്ട്. നിലവിൽ ആകെ 60 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് തടസ്സമായിരുന്ന സ്ഥലമെടുപ്പ് സംബന്ധിച്ച കേസ്സുകളുടെ വിധിയുടെ വിശദാംശം ലഭ്യമാക്കാമോ; വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അഴീക്കോട് - മുനമ്പം പാലവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WP(C) No.23903 of 2024 -Petitioner- l. R. Bahuleyan & Co. എന്ന കേസ്സിൽ പരാതിക്കാരന് നഷ്ടപ്പെടുന്ന ഭൂമിക്കുള്ള നഷ്ടപരിഹാരം കോടതിയിൽ കെട്ടിവച്ചാൽ കെ.ആർ.എഫ്.ബി.-ക്ക് ഭൂമി വിട്ടുകിട്ടുന്നതിന് ബഹുമാനപ്പെട്ട കോടതി വിധി പ്രസ്താവിച്ചിരുന്നു. തുടർന്ന് കെ.ആർ.എഫ്.ബി. 29,99,462/-രൂപ ജില്ലാ സെഷൻസ് കോടതിയിൽ കെട്ടിവയ്ക്കുകയും അക്കാര്യം ജില്ലാകളക്ടറെ അറിയിക്കുകയും ചെയ്തു. പിന്നീട് വാദിഭാഗം നൽകിയ റിട്ട് അപ്പീലിൽ 3 ദിവസത്തെ നോട്ടീസ് കാലയളവിൽ ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങൾ വാദികളോട് പൊളിച്ചുനീക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 08-10-2025-ന് മുൻപ് പൊളിച്ചുനീക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വാദികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പാലത്തിനായി ഏറ്റെടുക്കുന്ന പള്ളിപ്പുറം പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിനും അവിടെയുള്ള കെട്ടിടത്തിനും നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പള്ളിപ്പുറം പഞ്ചായത്തിന് നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുന്നതിനായി നിശ്ചിതസമയത്തിനുള്ളിൽ രേഖകൾ സമർപ്പിക്കുവാൻ പഞ്ചായത്ത്

അധികൃതർക്ക് കഴിയാതെപോയ സാഹചര്യത്തിൽ, ലാൻഡ് അക്വിസിഷൻ ഓഫീസർ സ്ഥലം സർക്കാർ പുറമ്പോക്കിൽപ്പെടുത്തി നഷ്ടപരിഹാരം നൽകിയിരുന്നില്ല. ഭൂമി ഏറ്റെടുക്കൽ നടപടികളെല്ലാം പൂർത്തിയായതിനുശേഷം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് അധികൃതർ എറണാകുളം ജില്ലാകളക്ടർക്ക് ഭൂമി സംബന്ധിച്ച രേഖകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ 30-06-2026 വരെയാണ് കാലാവധി.

ഗുരുവായൂർ മേൽപ്പാലം നിർമ്മാണം

81 (3307) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മേൽപ്പാലവുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിൽ ആദ്യമായി പൂർണ്ണമായും സ്റ്റീൽ കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചറൽ രീതിയിൽ നിർമ്മിച്ച മേൽപ്പാലമാണ് ഗുരുവായൂർ റെയിൽവേ മേൽപ്പാലം. 14-11-2023-ൽ ഈ മേൽപ്പാലം ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട്, കാനയുടെ പ്രവൃത്തിയും റെയിൽവേ സ്റ്റെയർ കേസിന്റെ പ്രവൃത്തിയുമാണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ആർ.വി. മുഹമ്മദ് എന്ന വ്യക്തി കാനയുടെ സ്ഥലം സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിയിൽ ഒരു കേസ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ അന്തിമവിധി വരുന്ന മുറയ്ക്ക് കാനയുടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റെയിൽവേ സ്റ്റെയർകേസിന്റെ നിർമ്മാണം എത്രയുംവേഗത്തിൽ പൂർത്തീകരിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്.

പാലങ്ങളുടെ നിർമ്മാണം

82 (3308) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ബലക്ഷയമുള്ളതും അറ്റകുറ്റപ്പണികൾ ആവശ്യമായതുമായ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

അറ്റകുറ്റപ്പണികൾ ആവശ്യമായ പാലങ്ങൾക്ക് Bridge safety വർക്കുകൾ നിലവിൽ ക്രമീകരിച്ചിട്ടുള്ളതാണ്.

(ബി) ഇപ്രകാരം വിവിധ ജില്ലകളിൽനിന്നായി റിപ്പോർട്ട് ചെയ്യുന്ന പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കോട്ടയം ജില്ലയിൽനിന്നുമാത്രം ഇപ്രകാരം എത്ര പാലങ്ങളുടെ നിർമ്മാണ ഫണ്ടിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

കോട്ടയം ജില്ലയിൽനിന്ന് നിർമ്മാണത്തിനായി ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള പാലങ്ങൾ ചുവടെ പറയുന്നവയാണ്.

കോതവറ പാലം

കടവുപുഴ പാലം

കല്ലേലി പാലം

കൊടികുളം പാലം

(സി) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ എരുത്തുപുഴ പാലം, വാഴങ്കൽ പാലം, തോട്ടക്കാട് ചേലാമറ്റംപടി പാലം എന്നിവയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

എരുത്തുപുഴ പാലം നിർമ്മാണത്തിനായി GAD ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലലഭ്യത പരിശോധിക്കുന്നതിനായി Taluk Surveyor-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വാഴങ്കൽ പാലം നിർമ്മാണത്തിനായി TGD, Feasibility report എന്നിവ തയ്യാറാക്കിയിട്ടുണ്ട്. Estimate തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. തോട്ടക്കാട് ചേലാമറ്റംപടി പാലം നിർമ്മാണത്തിനായി investigation പ്രവൃത്തികൾ പൂർത്തിയാക്കി. TGD തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു.

കുമ്പളം-തേവര പാലം നിർമ്മാണം

83 (3309) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുമ്പളം-തേവര പാലം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുമ്പളം-തേവര പാലം നിർമ്മാണത്തിന് 13-10-2016-ലെ സ.ഉ.(സാധാ) നം. 1496/2016/പി.ഡബ്ല്യു.ഡി പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 12-11-2016-ലെ ഉത്തരവ് പ്രകാരം 97.453 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ 29-12-2020-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 19(1) നോട്ടിഫിക്കേഷൻ 24-06-2025-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി റിപ്പോർട്ട് KCZMA-ക്ക് സമർപ്പിച്ചിരിക്കുകയാണ്. CRZ ക്ലിയറൻസ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോയെന്നും; എങ്കിൽ ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നതെന്നും ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്പെഷ്യൽ തഹസിൽദാർ (LA) NH01 കാക്കനാട് ഓഫീസിൽ നടന്നുവരുന്നു. 19(1) നോട്ടിഫിക്കേഷൻ 24-06-2025-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 0.0433 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത പഠനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പാരിസ്ഥിതിക ആഘാത പഠനം നടത്തി അതിന്റെ അന്തിമ റിപ്പോർട്ട് 24-09-2025-ൽ CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി KCZMA-ക്ക് കൈമാറിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നും എന്നത്തേക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സ്ഥലം കൈമാറി ലഭിക്കുകയും CRZ ക്ലിയറൻസ് ലഭ്യമാക്കുകയും ചെയ്യുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലം നിർമ്മാണം

84 (3310) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

മാലിപ്പുറം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. Tentative Design Drawing ലഭ്യമായിരുന്നു. ഇറിഗേഷൻ വകുപ്പിന്റെ NOC ലഭിച്ചതിനെ തുടർന്ന് റിവൈസ്ഡ് Tentative Design Drawing ലഭ്യമായി. അതിൽ രണ്ട് സമാന്തര പാലങ്ങളായാണ് (ഘട്ടം എ, ഘട്ടം ബി) രൂപകല്പന ചെയ്തിരിക്കുന്നത്. രണ്ടുഘട്ട നിർമ്മാണങ്ങൾക്കുമായി ആകെ 15.915 കോടി രൂപയുടെ എസ്റ്റിമേറ്റ് AS Committee-ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഭരണാനുമതി നൽകിയിരുന്നില്ല. AS Committee നിർദേശപ്രകാരം പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം സംബന്ധിച്ച വ്യക്തതയ്ക്കായി പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് കൊച്ചി താലൂക്ക് സർവെയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനുള്ള എകദേശ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബജറ്റിൽ ഏഴ് കോടി രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള പതിനഞ്ച് കോടി രൂപയുടെ

എസ്റ്റിമേറ്റ് സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഏഴ് കോടിയിൽ പരിമിതപ്പെടുത്തി സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്ഥലമേറ്റെടുപ്പിനുള്ള തുകയും യൂട്ടിലിറ്റി ഷിഫ്റ്റിങ് എന്നിവ ഉൾപ്പെടെ ഘട്ടം എ-ക്ക് മാത്രമായി 9.029 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

വെള്ളില ചോഴി പാലം, വള്ളിക്കപ്പറ്റ പാലം എന്നിവയുടെ നിർമ്മാണം

85 (3311) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ബജറ്റിൽ അടങ്കൽ തുകയുടെ 20 ശതമാനം വകയിരുത്തിയിട്ടുള്ള വെള്ളില ചോഴി പാലം, വള്ളിക്കപ്പറ്റ പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് എസ്റ്റിമേറ്റ് നിജപ്പെടുത്തണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾക്ക് തുക വകയിരുത്തി ദീർഘനാളായിട്ടും ഭരണാനുമതി നൽകുന്നതിന് വകുപ്പിന് നാളിതുവരെ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ-സി) മങ്കട നിയോജകമണ്ഡലത്തിലെ വെള്ളില ചോഴി പാലം, വള്ളിക്കപ്പറ്റ പാലം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രൊപ്പോസലുകൾ പരിശോധിച്ച് ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് എസ്റ്റിമേറ്റ് നിജപ്പെടുത്തണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് പ്രൊപ്പോസലുകൾ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

മണന്തലക്കടവ് പാലത്തിന്റെ ഭരണാനുമതി

86 (3312) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിനെ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കുന്ന മണന്തലക്കടവ് പാലത്തിന്റെ ഭരണാനുമതിക്കുള്ള നിർദേശം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൊണ്ടോട്ടി, കുന്ദമംഗലം എന്നീ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മണന്തലക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതിക്കായി 15-08-2025-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച 30 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഇരു കരകളിലും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഭ്രമി ലഭ്യമായിട്ടില്ല.

(സി) പാലം നിർമ്മിക്കാൻ ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പാലത്തിനുള്ള നിർദേശം കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുന്നതിന് പരിഗണിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

നെട്ടൂർ മാർക്കറ്റ് റോഡ് പാലം, പുളയതോട് പാലം എന്നിവയുടെ നിർമ്മാണം

87 (3313) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് നഗരസഭയിലെ നെട്ടൂർ മാർക്കറ്റ് റോഡ് പാലം പുനർനിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിക്കുവേണ്ടി ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നെട്ടൂർ-മാർക്കറ്റ് റോഡ് പാലം പുനർനിർമ്മിക്കാൻ പദ്ധതിയുണ്ട്. ഈ പദ്ധതിക്കുവേണ്ടി 2120 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 23-02-2023-ലെ സ.ഉ.(സാധാ)നം.201/2023/PWD പ്രകാരം നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് 24.70 Ares ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയായതിനുശേഷം തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) എറണാകുളം ജില്ലയിലെ കുമ്പളം പഞ്ചായത്തിലെ ചേപ്പനം കരയും ചാത്തമ്മ കരയും തമ്മിൽ ബന്ധിപ്പിക്കുന്ന പുളയതോട് പാലത്തിന് ബലക്ഷയം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ പാലം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് പാലങ്ങൾ വിഭാഗം കാര്യാലയത്തിന്റെ asset പ്രകാരം കുമ്പളം പഞ്ചായത്തിലെ ചേപ്പനം കരയും ചാത്തമ്മ കരയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം കുലയത്തൊട്ടിൽ പാലം എന്നാണ് അറിയപ്പെടുന്നത്. അവിടെ പുതിയ പാലം നിർമ്മിക്കാൻ പദ്ധതിയുണ്ട്. പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടി മണ്ണ് പരിശോധന നടത്തുകയും അതുപ്രകാരം പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്ങിൽനിന്നും ഡിസൈൻ തയ്യാറാക്കിയിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ

സമർപ്പിച്ച 873 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ മാറ്റിവച്ചിട്ടുണ്ട്.

(ഇ) ബജറ്റിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പദ്ധതി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ പ്രകാരം 8 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കും.

വർക്കല മണ്ഡലത്തിലെ മുതല പാലം നവീകരണം

88 (3314) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മുതല പാലം ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) വർക്കല നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മുതല പാലത്തിന്റെ നവീകരണത്തിന് മണ്ണ് പരിശോധന നടത്തി, റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിഭാഗത്തിൽനിന്ന് ഡിസൈൻ ലഭ്യമാക്കിയിരുന്നു. അതുപ്രകാരം തയ്യാറാക്കി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ തൽക്കാലം മാറ്റിവച്ചിട്ടുണ്ട്.

കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം

89 (3315) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇഞ്ചത്തൊട്ടിയിൽ പുതിയ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ:

(ബി) പാലം യാഥാർഥ്യമാക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കീരംപാറ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി വഴി നിർമ്മിക്കുന്ന ശുചിമുറിയുടെ നിർമ്മാണം ഇഞ്ചത്തൊട്ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അലൈൻമെന്റിലാണ് വരുന്നത്. ശുചിമുറിയുടെ നിർമ്മാണം ആരംഭിച്ച സാഹചര്യത്തിലും ഇഞ്ചത്തൊട്ടി ളക്ക് പാലത്തിലേക്ക് ദിനംപ്രതി ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്നതിനാലും ടൂറിസ്റ്റുകൾക്കുവേണ്ട അടിസ്ഥാനസൗകര്യമായ ശുചിമുറി അത്യാവശ്യമാണെന്നതിനാലും നിലവിൽ ആരംഭിച്ച ടോയ്ലെറ്റ് നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. 2024 ഓഗസ്റ്റ് 24-ലെ കളക്ടറുടെ യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ; പൊതുമരാമത്ത് പാലങ്ങൾ വിഭാഗം നിലവിൽ നിർദേശിച്ചിരിക്കുന്ന അലൈൻമെന്റ് ശുചിമുറിയുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ പുനഃക്രമീകരിക്കേണ്ടതുണ്ട്. മണ്ണ് പരിശോധനാപ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധിച്ചുവരികയാണ്. മണ്ണ് പരിശോധനാ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി

നൽകിയശേഷം പുതിയ അലൈൻമെന്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗുരുവായൂർ മണ്ഡലത്തിലെ പാലം നിർമ്മാണം

90 (3316) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 3 പ്രൊപ്പോസലുകൾ നിലവിലുണ്ട്. മമ്മിയൂർ ഫ്ലൈ ഓവർ നിർമ്മാണ പ്രവൃത്തിക്കായി Turning Movement Survey Data ആവശ്യപ്പെട്ടതുപ്രകാരം പുതുക്കിയ ഡിസൈൻ, ഡിസൈൻ വിങ്ങിൽ തയ്യാറാക്കിവരുന്നു. അണ്ടത്തോട് പാലം, കുറുകമാട് പാലം എന്നിവയുടെ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലുകൾ ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ തൽക്കാലം മാറ്റിവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള വടുതല ആറ്റുപുറം റോഡിലെ മാഞ്ചിറ പാലം പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര പാലങ്ങൾ അപകടാവസ്ഥയിലുണ്ടെന്ന് വിശദമാക്കാമോ?

(ബി&സി) മാഞ്ഞിറ പാലം, പാലം വിഭാഗത്തിന്റെ അസറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുറുകമാട് പാലം അറ്റകുറ്റപ്പണി ആവശ്യമുള്ളതാണ്.

കടുത്തുരുത്തി മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന പാലങ്ങളുടെ നിർമ്മാണാനുമതി

91 (3317) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ തകർന്ന കല്ലേലി (വെമ്പള്ളി–കല്ലാലി) പാലത്തിന്റെ പുനർനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് ഏത് തീയതിയിൽ സമർപ്പിച്ചുവെന്നും അതിന്റെ പുരോഗതിയും അറിയിക്കാമോ;

(ബി) 05-05-2022-ൽ നടന്ന എ.എസ്.(ആന്വൽ സ്ട്രാറ്റജിക്) കമ്മിറ്റി മീറ്റിങ്ങിൽ കല്ലേലി പാലത്തിന്റെ പ്രവൃത്തി പരിഗണിക്കപ്പെടാതെ പോയത് എന്തുകൊണ്ടാണ്; അത് പുനഃപരിശോധിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ കടപ്ലാമറ്റം പഞ്ചായത്തിലെ കുമ്മണ്ണൂർ കടപ്ലാമറ്റം വെമ്പള്ളി റോഡിലുള്ള കല്ലേലി പാലത്തിന് 2018-ലെ പ്രളയത്തിൽ തകരാർ സംഭവിച്ചിട്ടുണ്ട്. കല്ലേലി പാലത്തിന്റെ പുനർനിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കുന്നതിനായി 01-05-2022-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. 05-05-2022-ൽ നടന്ന AS കമ്മിറ്റി മീറ്റിങ്ങിൽ ബജറ്റിൽ 20 ശതമാനം തുക വകയിരുത്താത്ത പ്രവൃത്തികൾ ഒഴിവാക്കിയതിനോടൊപ്പം ഈ പ്രവൃത്തിയും ഒഴിവാക്കപ്പെട്ടിരുന്നു.

(സി) വയലാ-കോടിക്കുളം പാലത്തിന്റെ പുനർനിർമ്മാണം ഏത് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിരിക്കുന്നുവെന്ന് അറിയിക്കാമോ; വയലാ-കോടിക്കുളം പാലം PMGSY (പ്രധാനമന്ത്രി ഗ്രാമ സഡക് യോജന)-യിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വയലാ-കോടികുളം പാലത്തിന്റെ നിർമ്മാണം PMGSY-യിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുര്യം-വയലാ Ch. 0/000 മുതൽ Ch. 1/800 വരെയുള്ള റോഡ് കോടികുളം കൽവെർട്ട് ഉൾപ്പെടെ PMGSY പദ്ധതിയിലുൾപ്പെടുത്തി പ്രോഗ്രാം ഇംപ്ലിമെന്റ് യൂണിറ്റ് PMGSY, ജില്ലാ പഞ്ചായത്ത് കോട്ടയം നിർമ്മാണം നടത്തിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി. പദ്ധതി

92 (3318) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മണ്ഡലത്തിലുള്ള കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) പദ്ധതിയുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടത്തിവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ശവക്കോട്ട പാലം, കൊമ്മാടി പാലം & എ.എസ്. കനാൽ വെസ്റ്റ് ബാങ്ക് റോഡ്: പ്രസ്തുത പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകുകയും 28.45

കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. തുടർന്ന് 23.81 കോടി രൂപയ്ക്ക് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ ശവക്കോട്ട, കൊമ്മാടി പാലങ്ങൾ പൂർത്തീകരിച്ചു. റോഡ് വർക്ക് പുരോഗമിക്കുന്നു.

2. ജില്ലാ കോടതി പാലം: പ്രസ്തുത പ്രവൃത്തിക്ക് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 120.52 കോടി രൂപയുടെ സാമ്പത്തികാനുമതിയും 120.03 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 85.64 കോടി രൂപയ്ക്ക് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിലുള്ള പാലത്തിന്റെ കിഴക്കേ സൈഡിൽ പുന്നമട റോഡിലെ പൈലിങ് പ്രവർത്തികൾ പുരോഗമിക്കുന്നു. ആകെയുള്ള 168 പൈലുകളിൽ 75 എണ്ണം പൂർത്തീകരിച്ചു. കൂടാതെ 31 പൈൽ ക്യാപുകളിൽ 8 എണ്ണവും 84 പിയറുകളിൽ 6 എണ്ണവും 24 പിയർ ക്യാപുകളിൽ 6 എണ്ണവും 8 ഗർഡറും പൂർത്തീകരിച്ചിട്ടുണ്ട്.

3. പുന്നമട-നെഹ്റു ട്രോഫി പാലം: പ്രസ്തുത പ്രവൃത്തിക്ക് 44.80 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും 57.12 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തു. തുടർന്ന് 44.25 കോടി രൂപയുടെ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പൈലിങ് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 46/78 പൈലുകൾ, 9/30 പൈൽ ക്യാപ്, 18/60 പിയർ, 3/32 പിയർ ക്യാപ് എന്നിവ പൂർത്തിയായിരിക്കുന്നു.

4. പള്ളാത്തുരുത്തി-കിഴക്കൻ ബൈപ്പാസ്: പ്രസ്തുത പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. ടി പ്രവൃത്തി നിലവിൽ നിർമ്മാണ പ്രവൃത്തികൾ

പുരോഗമിച്ചുവരുന്നു. പുന്നമട നെഹ്റു ട്രോഫി പാലത്തിന്റെ കണക്ടിവിറ്റിയായി വരുന്നതാണ്. കിഴക്കൻ ബൈപ്പാസിന്റെ 6.67 കിലോമീറ്റർ വരുന്ന ആദ്യ റീച്ചിന്റെ ഡി.പി.ആർ. ചീഫ് എഞ്ചിനീയർ ഡിസൈൻ മുഖാന്തരം തയ്യാറാക്കിവരുന്നു.

5. കോസ്റ്റൽ ഹൈവേ സ്പെച്ച് 1എ: പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 186.51 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

6. കോസ്റ്റൽ ഹൈവേ സ്പെച്ച് 2: പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 91.02 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൻകീഴിൽ KRFB ഫണ്ടിലുൾപ്പെടുത്തി - ആലപ്പുഴ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് - Development of Muppalam Junction എന്ന പ്രവൃത്തി ആലപ്പുഴ, അമ്പലപ്പുഴ മണ്ഡലങ്ങളിലായി നിലവിലുണ്ടായിരുന്ന മൂന്ന് പാലങ്ങളും പൊളിച്ചുമാറ്റി പുതിയ 4 പാലങ്ങൾ ചേരുന്ന രീതിയിൽ പുനർനിർമ്മിച്ചു. 17.44 കോടി ഭരണാനുമതിയുള്ള പ്രവൃത്തി 2025 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചു.

വടക്കാഞ്ചേരി ടൗൺ ബ്യൂട്ടിഫിക്കേഷൻ & നവീകരണ പ്രവൃത്തി

93 (3319) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 വർഷത്തെ ബജറ്റിലുൾപ്പെടുത്തിയ തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി ടൗൺ ബ്യൂട്ടിഫിക്കേഷൻ & നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2025-26 വർഷത്തെ ബജറ്റിലുൾപ്പെടുത്തിയ തൃശ്ശൂർ മണ്ഡലത്തിലെ നവീകരണ പ്രവൃത്തിയുടെ ഭാഗമായി വടക്കാഞ്ചേരി ടൗൺ ബ്യൂട്ടിഫിക്കേഷന് 50 ലക്ഷം രൂപയുടെ ടെൻഡർ നടപടികൾ പാലക്കാട് റോഡ്സ് ഡിവിഷനിൽനിന്നും സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് മുഖേന അഴീക്കോട് മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

94 (3320) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴീക്കോട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ എന്ന് പൂർത്തീകരിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) വിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

95 (3321) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ ഇതേവരെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്കായി പൊതുമരാമത്ത് വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

പാലങ്ങൾ

അനുബന്ധമായി ചേർക്കുന്നു+.

നിരത്ത് പരിപാലനം

അനുബന്ധമായി ചേർക്കുന്നു+.

കെട്ടിട വിഭാഗം

അനുബന്ധമായി ചേർക്കുന്നു+.

ദേശീയപാത

അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്തുകൾ

അനുബന്ധമായി ചേർക്കുന്നു+.

കെ.ആർ.എഫ്.ബി- പി.എം.യു.

അനുബന്ധമായി ചേർക്കുന്നു+.

ആർ.ബി.ഡി.സി.കെ.

അനുബന്ധമായി ചേർക്കുന്നു+.

കെ.എസ്.ടിപി.: 2016 മേയ് മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ 4 പദ്ധതികളാണ് കെ.എസ്.റ്റി.പി. കൊട്ടാരക്കരയുടെ അധീനതയിൽ വരുന്ന ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ടുവരുന്നത്. ഇതിൽ ഓരോ പ്രവൃത്തികളും ഒന്നിൽക്കൂടുതൽ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നവയാണ്. എന്നിരുന്നാലും അനുവദിച്ച തുകയെ ആനുപാതികമായി വിഭജിച്ച് മണ്ഡലം അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എം.സി റോഡ്-അട്ടൂർ മുതൽ ചെങ്ങന്നൂർ വരെ ഉപരിതല നവീകരണ പദ്ധതി- ആകെ അനുവദിച്ച തുക 98.1 കോടി രൂപ. ആകെ ചെലവഴിച്ച തുക 93,80,81,915/-. ഇതിൽ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിൽ (9.3 കി.മീ.) മണ്ഡലം തിരിച്ചുള്ള ഏകദേശ തുക 38.65 കോടി രൂപ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. തട്ടാരമ്പലം-കൊച്ചാലുമ്മൂട്-മാങ്കാംകുഴി-പന്തളം റോഡ്- ആകെ അനുവദിച്ച തുക 129.49 കോടി രൂപ. ആകെ ചെലവഴിച്ച തുക 114,38,27,261/-. ഇതിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയമസഭാമണ്ഡലം (14.657 കി.മീ), മണ്ഡലം തിരിച്ചുള്ള ഏകദേശ തുക 93.59 കോടി രൂപ.

3. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് - ആകെ അനുവദിച്ച തുക 649.768 കോടി രൂപ. ആകെ ചെലവഴിച്ച തുക 647,78,24,971/-. ഇതിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയമസഭാമണ്ഡലം (2.76 കി.മീ), മണ്ഡലം തിരിച്ചുള്ള ഏകദേശ തുക 76.83 കോടി രൂപ. കുട്ടനാട് നിയമസഭാമണ്ഡലം (17.4) - 483.65 കോടി രൂപ.

4. വീയപുരം-ഇടത്വ-മാമ്പുഴക്കരി-കിടങ്ങറ-വാലാടി മുളക്കാംതുരുത്തി റോഡിൽ 153.73 കോടി രൂപയ്ക്ക് 29-05-2020-ൽ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി ആരംഭിച്ചെങ്കിലും കരാർ കാലാവധിക്കുള്ളിൽ കരാറുകാരൻ പ്രവൃത്തിയുടെ 8 ശതമാനം പ്രവൃത്തികൾ മാത്രം പൂർത്തീകരിച്ചിട്ടുള്ളതാണ്. അതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുള്ളതുമാണ്. ബാലൻസ് പ്രവൃത്തികൾക്കായി ആകെ 132.483 കോടി രൂപ അനുവദിച്ചു. ആകെ ചെലവഴിച്ച തുക 7,59,87,130/-. ഇതിൽ ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയമസഭാമണ്ഡലം (18.7 കി.മീ), മണ്ഡലം തിരിച്ചുള്ള ഏകദേശ തുക-115.46 കോടി രൂപ.

കെ.ആർ.എഫ്.ബി.:

ആലപ്പുഴ

ആലപ്പുഴ നഗരപാത വികസന പദ്ധതി: 07-03-2020-ലെ G.O.(Rt) No. 286/2020/PWD പ്രകാരം ആലപ്പുഴ നഗരപാത വികസന പദ്ധതി ഘട്ടം ഒന്നിന് 55.21 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതിക്കായി 20-02-2021-ൽ സൂപ്രണ്ടിങ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്ത് വിഭാഗം, സൗത്ത് സർക്കിൾ, തിരുവനന്തപുരം (നടപ്പിലാക്കുന്ന ഏജൻസി), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഫണ്ടിങ് ഏജൻസി), M/s. Antech Construction Company (കോൺട്രാക്ടർ) തമ്മിൽ ത്രികക്ഷി ഉടമ്പടി വയ്ക്കുകയുണ്ടായി. ടി പദ്ധതി പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ടി പദ്ധതിക്ക് 08-06-2022-ലെ G.O.(Rt) No. 626/2022/PWD പ്രകാരം 59.678 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ത്രികക്ഷി കരാർ Clause 16 പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്ന ഏജൻസി പദ്ധതിക്കായി സാക്ഷ്യപ്പെടുത്തിയ കരാറുകാരന്റെ ചെലവായ തുക കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നൽകിവരുന്നു. ടി പദ്ധതിക്കായി നാളിതുവരെയായി 49.2062198 കോടി രൂപ M/s. Antech Construction Company-ക്ക് നൽകിയിട്ടുണ്ട്.

മുപ്പാലം ജംഗ്ഷൻ: 27-11-2019-ലെ G.O.(Rt) No. 1389/2019/PWD പ്രകാരം മുപ്പാലം ജങ്ഷൻ വികസനത്തിനായി 17.44 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതിക്കായി 06-01-2021-ൽ സൂപ്രണ്ടിങ് എഞ്ചിനീയർ പൊതുമരാമത്ത് (പാലങ്ങൾ), സൗത്ത് സർക്കിൾ, ആലപ്പുഴ (നടപ്പിലാക്കുന്ന ഏജൻസി), ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കെ.ആർ.എഫ്.ബി. (ഫണ്ടിങ് ഏജൻസി), M/s. PKK Constructions, മലപ്പുറം (കോൺട്രാക്ടർ) തമ്മിൽ ത്രികക്ഷി ഉടമ്പടി വയ്ക്കുകയുണ്ടായി. ടി പദ്ധതി പൊതുമരാമത്ത് പാലങ്ങൾ വിഭാഗം

ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ത്രികക്ഷി കരാർ Clause 16 പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്ന ഏജൻസി പദ്ധതിക്കായി സാക്ഷ്യപ്പെടുത്തിയ കരാറുകാരന്റെ ചെലവായ തുക കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നൽകിവരുന്നു. ടി പദ്ധതിക്ക് നാളിതുവരെയായി 14.0238433 കോടി രൂപ M/s. PKK Constructions-ന് നൽകിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ മണ്ഡലം തിരിച്ച് അറിയിക്കുമോ?

കെ.ആർ.എഫ്.ബി.-പി.എം.യു.

അനുബന്ധമായി ചേർക്കുന്നു+.

പാലങ്ങൾ

അനുബന്ധമായി ചേർക്കുന്നു+.

പി.ഡബ്ലു.ഡി. ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ

96 (3323) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പരിപാലനത്തിലെ അലംഭാവം, അഴിമതി, കൈക്കൂലി എന്നിവ സംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിൽ പി.ഡബ്ലു.ഡി. ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര പരാതികളിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലാത്ത എത്ര പരാതികളുണ്ടെന്ന് വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള പരാതികൾ

97 (3324) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള ജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന ബോർഡുകളിൽ രേഖപ്പെടുത്തിയ ഫോൺ നമ്പറുകളിലേക്ക് വരുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ ഓരോ ജില്ലയിലും എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികളിൽ അന്വേഷണം നടത്തി; എത്ര പരാതികളിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ വികസന പ്രവൃത്തികൾ

98 (3325) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ വികസന പ്രവൃത്തികൾ എന്തെല്ലാമാണ്; അതിന്റെ നിലവിലെ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പുതുക്കാട് ആർ.ഒ.ബി., പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, മലയോര ഹൈവേ, പുതുക്കാട് മണ്ഡലത്തിലുൾപ്പെടുന്ന റീച്ച് തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ നിർവഹണപരിധിയിൽ ആകെ 4 പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1) മലയോര ഹൈവേ-വിളങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെ: മലയോര ഹൈവേ റോഡിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. പുതുക്കാട്/ഒല്ലൂർ നിയോജകമണ്ഡലത്തിൽ വരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ വെള്ളിക്കുളങ്ങര റോഡിന് 136.499 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി. ഇതിൽ പുതുക്കാട് മണ്ഡലത്തിൽവരുന്ന 5.50 കി.മീ. നീളത്തിലുള്ള ഹിൽ

ഹൈവേയുടെ ഭാഗത്തെ TS estimate-ന് സാങ്കേതികാനുമതി നൽകുന്നതിന് മുന്നോടിയായി ഫ്രീ-സറണ്ടർ വ്യവസ്ഥയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 16.325 കി.മീറ്ററിൽ പ്ലാന്റേഷൻ ഏരിയ ഉൾപ്പെടുന്ന ഭാഗത്ത് Compensation land ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

2) കൊടകര-കോടാലി-വെള്ളികുളങ്ങര റോഡ്: കൊടകര-കോടാലി– വെള്ളികുളങ്ങര റോഡിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 20.78 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാതെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരന്റെ ആവശ്യാനുസരണം കരാർ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി മാറ്റുന്നതിനുമുള്ള തുകയും ഉൾപ്പെടുത്തി 24.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

3) പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്: പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 59.20 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. എഫ്.ഡി.ആർ. നൂതന സാങ്കേതികവിദ്യ

ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പ്രവൃത്തിയുടെ 74.59 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബി നിർദേശിച്ച മാറ്റങ്ങളുൾപ്പെടുത്തി തയ്യാറാക്കിയ പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

4) പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്: പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 39.49 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനത്തിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിങ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. പുതുക്കാട്, നന്തിക്കര, നെല്ലായി, ആലത്തൂർ, എന്നീ റെയിൽവേ മേൽപ്പാലങ്ങളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ. ഇവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

പുതുക്കാട് ആർ.ഒ.ബി.- ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുള്ളതും ടി പ്രവൃത്തി 27-05-2025-ന് ടെൻഡർ ക്ഷണിച്ചിട്ടുള്ളതും 19-09-2025-ന് ഫിനാൻഷ്യൽ ബിഡ് തുറന്നിട്ടുള്ളതുമാണ്. നന്തിക്കര, നെല്ലായി, ആലത്തൂർ റെയിൽവേ മേൽപ്പാലങ്ങൾക്ക് കിഫ്ബി പദ്ധതിരേഖ അംഗീകരിച്ചിട്ടുണ്ട്. നന്തിക്കര റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ

അറേഞ്ച്മെന്റ് ഡ്രോയിങ് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ആലത്തൂർ, നെല്ലായി എന്നിവയ്ക്ക് റെയിൽവേയുടെ നിർദിഷ്ട 3rd & 4th ലൈനിന്റെ അലൈൻമെന്റ് അന്തിമമായാൽ മാത്രമേ ജി.എ.ഡി.-ക്ക് അംഗീകാരം നൽകുകയുള്ളൂവെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടി ആർ.ബി.ഡി.സി.കെ. മുഖേന സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിന്റെ (എൻ.എച്ച്. 866) നിർമ്മാണ പ്രവൃത്തികൾ

99 (3326) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിന്റെ (എൻ.എച്ച്. 866) നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിങ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC (Public Private Partnership Appraisal Committee)-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിലുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area-കളിൽ അപകട സാധ്യതയുണ്ടോയെന്നുകൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് NHAI-യോട് നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി

നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 04-09-2025-ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. സമിതിയുടെ സാങ്കേതിക പഠനങ്ങൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയും നടത്തിയ റിവ്യൂ മീറ്റിങ്ങിൽ ഔട്ടർ റിങ് റോഡിന്റെ നിർമ്മാണച്ചെലവിന്റെ 100 ശതമാനവും ഇതിലേക്കാവശ്യമായ സ്ഥലമേറ്റെടുക്കലിന്റെ 50 ശതമാനവും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതും സംസ്ഥാന ഗവൺമെന്റ് ഭൂമി ഏറ്റെടുക്കലിന്റെ 50 ശതമാനം തുക വഹിക്കേണ്ടതുമായ പദ്ധതിക്ക് 04-02-2019-ലെ സ.ഉ.(കൈ) 181/2019/പൊ.മ.വ. പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു.

ഔട്ടർ റിങ് റോഡിന്റെ നിർമ്മാണം സാക്ഷാത്കരിക്കുന്നതിനായി ദേശീയപാത അതോറിറ്റി മുന്നോട്ടുവച്ച വ്യവസ്ഥകൾ സംസ്ഥാനം അംഗീകരിക്കുകയും ഭൂമി ഏറ്റെടുക്കലിന്റെ 50 ശതമാനം തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തുക എന്നിവ സംസ്ഥാനം വഹിക്കുന്നതിനും നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതിയിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ വേണ്ടെന്നുവയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളുൾപ്പെട്ട ചതുർകക്ഷി കരാർ ഒപ്പുവയ്ക്കുന്നതിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയും 04-06-2025-ൽ നടത്തിയ യോഗത്തിലും ഔട്ടർ റിങ് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച ആവശ്യം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പാതയ്ക്കായി സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ് മാറ്റിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കലിന്റെ 50 ശതമാനം തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തുക, ചരക്ക്-സേവന നികുതിയിലെ സംസ്ഥാന വിഹിതം, റോയൽറ്റി എന്നീ നാല് ഇനങ്ങളുൾപ്പെടെ ഏകദേശം 1629.24 കോടി രൂപ സംസ്ഥാന വിഹിതമായി മാറ്റിവയ്ക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ദേശീയപാത 66 അഴിയൂർ വെങ്ങളം റീച്ച്

100 (3327) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ അഴിയൂർ വെങ്ങളം റീച്ചിൽ സർവീസ് റോഡിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഡ്രെയിനേജുകളുടെ കവറിങ് സ്ലാബുകൾക്ക് ഉറപ്പ് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉറപ്പുകുറഞ്ഞ സ്ലാബുകൾ വാഹനങ്ങൾ കയറി തകർന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(എ&ബി) ദേശീയപാത 66-ന്റെ അഴിയൂർ വെങ്ങളം റീച്ചിൽ സർവീസ് റോഡിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഡ്രെയിനേജുകളുടെ കവറിങ് സ്ലാബുകളുടെ നിലവാരക്കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിർവഹണ ഏജൻസിയായ ദേശീയപാത അതോറിറ്റി സ്ലാബുകളുടെ ഡിസൈൻ അവലോകനം ചെയ്യുന്നതിന് NIT കോഴിക്കോടിന്റെ സാങ്കേതിക സഹായം തേടിയിരുന്നു. NIT കോഴിക്കോടിന്റെ അഭിപ്രായമനുസരിച്ച് സ്ലാബുകളുടെ രൂപകല്പന, ഡ്രോയിങ് എന്നിവ പരിഷ്കരിച്ചശേഷം പുതുക്കിയ രൂപകല്പന അനുസരിച്ച് നിർമ്മാണം പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ദേശീയപാത 66-ന്റെ വികസന പുരോഗതി

101 (3328) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസന പുരോഗതിയും ഏതെല്ലാം പ്രധാന പ്രവൃത്തികളാണ് പൂർത്തിയായതെന്നും വ്യക്തമാക്കാമോ; പുരോഗമിക്കുന്ന മറ്റുപ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ദേശീയപാത 66-ന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ദേശീയപാത നിർമ്മാണത്തിനായി സംസ്ഥാനം കേന്ദ്രത്തിന് സാമ്പത്തിക വിഹിതം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കാൻ ഭൂമിയേറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മുന്നോട്ടുവച്ച നിബന്ധന സംസ്ഥാനം അംഗീകരിക്കുകയും ഇതിനായി കിഫ്ബി, പൊതുമരാമത്ത് വകുപ്പ്, ദേശീയപാത അതോറിറ്റി എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവയ്ക്കുകയും ഇതുവരെ 5580.73 കോടി രൂപ സംസ്ഥാനം കൈമാറുകയും ചെയ്തിട്ടുണ്ട്.

ഔട്ടർ റിങ് റോഡ് (ദേശീയപാത 866) നിർമ്മാണം യാഥാർഥ്യമാക്കുന്നതിന് ദേശീയപാത അതോറിറ്റി മുന്നോട്ടുവച്ച വ്യവസ്ഥകൾ സംസ്ഥാനം അംഗീകരിക്കുകയും ഭൂമിയേറ്റെടുക്കലിന്റെ 50 ശതമാനം തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തുക എന്നിവ സംസ്ഥാനം വഹിക്കുന്നതിനും നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതിയിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളുൾപ്പെട്ട ചതുർകക്ഷി കരാർ ഒപ്പുവയ്ക്കുന്നതിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് പാത, അങ്കമാലി-കുണ്ടന്നൂർ (എറണാകുളം ബൈപാസ്) എന്നീ പദ്ധതികൾക്ക് ചരക്കുസേവന നികുതിയിലെ സംസ്ഥാന വിഹിതം, റോയൽറ്റി എന്നിവ വേണ്ടെന്നുവച്ച് ആ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ദേശീയപാത 66 പൂർണ്ണമായും എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ നിർദേശംകൂടി പരിഗണിച്ച് ദേശീയപാത 66-ന്റെ പൂർത്തീകരണ സമയം പുനഃക്രമീകരിച്ചുവരുന്നു.

(ഡി) കേരളത്തിൽ പുരോഗമിക്കുന്ന മറ്റ് ദേശീയ പാതകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 66-ന്റെ നിർമ്മാണം കൂടാതെ ദേശീയപാത 544, ദേശീയപാത 85, ബ്ലാക്ക് സ്പോട്ട് റെക്ടിഫിക്കേഷൻ പ്രവൃത്തികൾ എന്നിവ ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നു. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള ദേശീയപാതയുടെ നീളം 548 Km ആണ്. NH 183, NH 183A, NH 185, NH 966B, NH 766 എന്നിവയാണ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള ദേശീയപാതകൾ. അതിൽ NH 183A നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. NH 185 പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ NH 766 നാലുവരി പാതയായി വികസിപ്പിക്കുന്നതിനായി DPR പ്രവൃത്തിയുടെ ടെൻഡർ നടപടി പുരോഗമിച്ചുവരുന്നു. NH 183-ൽ 4/000 മുതൽ 62/000 വരെ നാലുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള കോസ്റ്റ് എസ്റ്റിമേറ്റ് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ DPR പ്രവൃത്തിയുടെ ടെൻഡർ നടപടി പുരോഗമിച്ചുവരുന്നു.

(ഇ) കോഴിക്കോട് മുത്തങ്ങ ദേശീയപാത നാലുവരിയാക്കുന്നതിന് നിർദേശമുണ്ടോ; നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

കോഴിക്കോട് മുത്തങ്ങ ദേശീയപാത നാലുവരിയാക്കുന്നതിനായി പുതിയ DPR തയ്യാറാക്കുന്നതിനുള്ള ടെൻഡർ നടപടി കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മുഖേന പുരോഗമിച്ചുവരുന്നു.

നാഷണൽ ഹൈവേ നിർമ്മാണത്തിനായി എടുക്കുന്ന മണ്ണ്

102 (3329) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരളത്തിലെ പുഴകളിൽനിന്നും ഡ്രെഡ്ജിങ് വഴി എടുക്കുന്ന മണ്ണിന്റെ കണക്ക് സർക്കാരിന്റെ കയ്യിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ജലാശയങ്ങളിൽനിന്ന് ഡ്രെഡ്ജിങ് നടത്തി ദേശീയപാത നിർമ്മാണത്തിനായി എകദേശം 3116148 ക്യൂബിക് മീറ്റർ മണ്ണ് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായും ഡ്രെഡ്ജിങ് പൂർത്തിയായതിനുശേഷമേ അന്തിമ വിവരം ലഭ്യമാകുയെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ദേശീയപാത അതോറിറ്റിക്ക് ഡ്രെഡ്ജിങിന് അനുമതി നൽകിയ ജലാശയങ്ങളിൽനിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന സ്പോയിലിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ-കൂട്ടുപുഴ (മടിക്കേരി) നാഷണൽ ഹൈവേ

103 (3330) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കൂട്ടുപുഴ (മടിക്കേരി) നാഷണൽ ഹൈവേയുടെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നാഷണൽ ഹൈവേയുടെ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയിട്ടുണ്ട്. കണ്ണൂർ-കൂട്ടുപുഴ (മടിക്കേരി) നാഷണൽ ഹൈവേയുടെ ഭാഗമായി Road connecting ചൊവ്വ-മട്ടന്നൂർ-കൂട്ടുപുഴ-വളവുപ്ര-മാക്കൂട്ടം-വിരാജ്പേട്ട- മടിക്കേരി- മൈസൂർ എന്ന പേരിൽ DPR തയ്യാറാക്കുന്നതിനായി M/s. L&T Infrastructure Engineering Ltd.-മായി 25-10-2017-ലെ എഗ്രിമെന്റ് വച്ച് 09-11-2017-ൽ ഫീസിബിലിറ്റി പഠനത്തിലേക്ക് കടന്നിരുന്നു. എന്നാൽ കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ ഉത്തരവിന് അനുസൃതമായി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. നിലവിൽ ചൊവ്വ-മട്ടന്നൂർ എയർപോർട്ട് റോഡ് നവീകരണത്തിന് DPR തയ്യാറാക്കാനുള്ള നടപടി NHAI ആരംഭിച്ചിട്ടുണ്ട്.

എൻ.എച്ച്.എ.ഐ.-യുടെ പ്രത്യേക അനുമതി

104 (3331) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ ഫുട്പാത്ത് നിർമ്മാണം, ഹാൻഡ് റെയിൽ സ്ഥാപിക്കൽ, ബസ്ബേ നിർമ്മിക്കൽ, ടൗണുകളിൽ വീതിക്കൂട്ടി നവീകരിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തുന്നതിന് എൻ.എച്ച്.എ.ഐ.-യുടെ പ്രത്യേക അനുമതി ആവശ്യമുണ്ടോയെന്ന് വിശദമാക്കാമോ?

NHAI-യ്ക്ക് കൈമാറിയ റോഡുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് NHAI-യിൽനിന്ന് അനുമതി വാങ്ങേണ്ടതാണ്.

(ബി) 2006-11 കാലഘട്ടത്തിൽ കൊടുവള്ളി ടൗൺ നവീകരണത്തിന് അനുവദിച്ച തുക ഉപയോഗപ്പെടുത്തി നടത്തിയ പ്രവൃത്തിക്ക് എൻ.എച്ച്.എ.ഐ.-യുടെ പെർമിഷൻ വാങ്ങിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

കൊടുവള്ളി ടൗൺ NH 766-ൽ വരുന്നതാണ്. NH 766 പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന് കീഴിലുള്ളതാണ്. ആയതിനാൽ NHAI-യുടെ പെർമിഷൻ വാങ്ങേണ്ടതിന്റെ ആവശ്യകതയില്ല.

പെരുമ്പിള്ളിശ്ശേരി, പൂച്ചിന്നിപ്പാടം എന്നീ സെന്ററുകളിലെ ബസ് ഷെൽട്ടർ നിർമ്മാണം

105 (3332) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ പാതയിലെ പെരുമ്പിള്ളിശ്ശേരി, പൂച്ചിന്നിപ്പാടം സെന്ററുകളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കാമോ?

റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള അംഗീകരിച്ച DPR-ൽ പൂച്ചിന്നിപ്പാടം, പെരുമ്പിള്ളിശ്ശേരി എന്നിവിടങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എം.എൽ.എ. ഫണ്ടിൽനിന്നും നിർമ്മിക്കുന്ന ബസ് ഷെൽട്ടറുകളുടെ ഡി.പി.ആർ.-ൽ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ റൈറ്റ് ഓഫ് വേ ഉൾപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ?

എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ബസ് ഷെൽട്ടറുകളുടെ DPR തയ്യാറാക്കിയിട്ടില്ല.

(സി) പ്രസ്തുത ഡി.പി.ആർ.-ന് കെ.എസ്.ടി.പി. സമ്മതപത്രം നൽകാതിരുന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള അംഗീകരിച്ച DPR-ൽ പൂച്ചിന്നിപ്പാടം, പെരുമ്പിള്ളിശ്ശേരി എന്നിവിടങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മാണം ഉൾപ്പെടുത്തിയിരുന്നതിനാൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിച്ച ബസ് ഷെൽട്ടറിന് അനുമതിപത്രം നൽകിയിരുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-യിൽനിന്നും പരാതി ലഭിച്ചിരുന്നു. അതിന്റെ

അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ട സ്ഥലങ്ങളിൽ സ്ഥല പരിമിതിയുണ്ടെങ്കിലും ആവശ്യത്തിന് Right of Way ലഭ്യമാകുന്ന രീതിയിൽ ഗതാഗത തടസ്സം കൂടാതെ ബസ് ഷെൽട്ടറുകളുടെ നിർമ്മാണം പ്രസ്തുത പ്രവൃത്തിയുടെ DPR-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) രണ്ട് വർഷത്തിനുശേഷവും പ്രസ്തുത ബസ് ഷെൽട്ടറുകളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ബസ് ഷെൽട്ടർ നിർമ്മാണം പുരോഗമിക്കുന്നു. ഫെബ്രുവരി 2026-ഓടെ പ്രവൃത്തികൾ പൂർത്തീകരിക്കും.

(ഇ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുകയാണെങ്കിൽ കെ.എസ്.ടി.പി.(കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്)-യിൽനിന്നും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ?

പൂച്ചിന്നിപ്പാടം, പെരുമ്പിള്ളിശ്ശേരി എന്നിവിടങ്ങളിലെ ബസ് ഷെൽട്ടർ നിർമ്മാണം DPR-ൽ ഉൾപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. അതിനാൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള തുക നിലവിൽ അനുവദിക്കേണ്ടതില്ല.

ഡിസൈൻ പോളിസി

106 (3333) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:

ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി പൊതുഇടങ്ങളിലെ നിർമ്മാണത്തിന് സമഗ്രമായ ഒരു ഡിസൈൻ നയം അംഗീകരിച്ച സംസ്ഥാനമായി മാറുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനവും സുസ്ഥിരവികസനവും ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മിതികൾ വിഭാവന ചെയ്യാൻ ഡിസൈൻ പോളിസി കൊണ്ടുവന്നതിലൂടെ സാധിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

(എ&ബി) 14-03-2024-ലെ സ.ഉ.(കൈ) നമ്പർ 5/2025/TSM പ്രകാരം കേരള സംസ്ഥാന ഡിസൈൻ പോളിസി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഡിസൈൻ പോളിസി അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾക്കുപുറമെ ചുറ്റുപാടുമുള്ള നിർമ്മിതികളുടെ ഉപയോഗം, മനോഹാരിത എന്നിവയും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. ഈ കാഴ്ചപ്പാടോടുകൂടി ഡിസൈൻ പോളിസിയിലെ നയങ്ങൾക്ക് അനുസൃതമായി പൊതുമരാമത്ത് വകുപ്പിലെ പാലങ്ങൾ രൂപകല്പന വിഭാഗം തയ്യാറാക്കുന്ന രൂപകല്പന പ്രകാരമാണ് നിർമ്മാണം നടത്തുന്നത്.

പൊതുമരാമത്ത് പാലങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ ദീപാലംകൃതമാക്കുകയും ഉപയോഗശൂന്യമായി അവഗണിക്കപ്പെട്ട് കിടക്കുന്ന പ്രദേശങ്ങൾ ജനസൗഹൃദ മാതൃകാ പൊതുഇടങ്ങളാക്കി മാറ്റിയെടുക്കുക എന്ന രൂപകല്പന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കിവരുകയും ചെയ്യുന്നു. ഡിസൈൻ പോളിസി കൊണ്ടുവന്നതിലൂടെ കാലാവസ്ഥ വ്യതിയാനം

കണക്കിലെടുത്ത് സുസ്ഥിരമായ വികസനം ഉൾക്കൊണ്ടുള്ള നിർമ്മിതികൾ കെട്ടിട വിഭാഗത്തിന്റെ കീഴിൽ വിഭാവന ചെയ്യാൻ സാധിക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിർമ്മാണ മേഖലയിൽ എന്തെല്ലാം ഗുണകരമായ മാറ്റങ്ങളാണ് ഡിസൈൻ പോളിസി കൊണ്ടുവന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് മുന്നോട്ടുപോകുന്നത്. ഡിസൈൻ പോളിസിക്ക് അനുസൃതമായ നിർമ്മാണം, നൂതന സാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തി ഗുണനിലവാരം ഉയർത്തുവാൻ സഹായകരമാകും. പരിസ്ഥിതി സൗഹാർദമായ മെറ്റീരിയലുകളുടെ ഉപഭോഗവും വർധിച്ചിട്ടുണ്ട്.

(ഡി) റോഡുകൾ സ്മാർട്ട് റോഡുകളാക്കുന്നതിനും ഗുണനിലവാരം വർധിപ്പിക്കുന്നതിനും ഡിസൈൻ പോളിസി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദീകരിക്കുമോ?

കേരള റോഡ് ഫണ്ട് ബോർഡ് സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന റോഡുകൾ സ്മാർട്ടാക്കുന്നതിനും ഗുണനിലവാരം വർധിപ്പിക്കുന്നതിനുംവേണ്ടി ഡിസൈൻ പോളിസിയിൽ പറയുന്ന പ്രകാരമുള്ള സംവിധാനങ്ങളായ ഗ്രാഫിക്സ് & ലൈറ്റിങ് ഡിസൈൻ, ഇരിപ്പിടങ്ങൾ, സൈൻ ബോർഡുകൾ, ഡിസൈൻ ലൈറ്റുകൾ, ഓപ്പൺ കൾച്ചറൽ ലാൻഡ് സ്കേപ്പിങ്, ഓപ്പൺ സ്പേസ് ഡിസൈൻ, സ്ട്രീറ്റ് ഡിസൈൻ, ഡിസൈൻ ഫോർ ഡിജിറ്റൽ

എക്സ്പീരിയൻസ് & സർവീസ് ഡിസൈൻ എന്നിവ സ്ഥല ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നുണ്ട്.

മണ്ണിന്റെ വില വർധിപ്പിക്കുന്നതിനുള്ള നടപടികൾ

107 (3334) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി മണ്ണ് ലഭ്യമല്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള വിലയെക്കാൾ ഉയർന്ന വില മാർക്കറ്റ് റേറ്റായി മണ്ണിന് നൽകേണ്ട സാഹചര്യത്തിൽ നിർമ്മാണങ്ങൾ (എർത്ത് ഫില്ലിങ് പ്രവൃത്തികൾ) മുടങ്ങിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി മണ്ണിന്റെ റേറ്റ് വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സർവെ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി Red Earth, Other-than Red Earth എന്നീ ഇനങ്ങളുടെ LMR ഉൾപ്പെടുത്തുന്നതിന് LMR കമ്മിറ്റിയിൽ നിർദേശിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള ചെറപ്പക്കര പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിന് മണ്ണ് ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പുതുക്കാട് മണ്ഡലത്തിലുൾപ്പെട്ട പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് സ്റ്റേഡിയത്തിന്റെ പൂർത്തീകരണത്തിനായി എൽ.എ.സി.എ.ഡി.എസ്. 2019-20, 2020-21 മുഖേന ആകെ 99.42 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി ഏകദേശം 3150 M^3 മണ്ണ് ആവശ്യമാണ്. മേൽ പ്രവൃത്തിക്കാവശ്യമായ മണ്ണ് കരാറുകാരൻ തന്നെ ലഭ്യമാക്കി ചെയ്യുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാർ ചെയ്ത് നിരവധി തവണ ടെൻഡർ ചെയ്തെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കുകയുണ്ടായില്ല. DSOR പ്രകാരമുള്ള റേറ്റിൽ മണ്ണിന് വില അനുവദിച്ചിട്ടില്ലാത്തതിനാൽ കൺവേയൻസ് ചാർജ്, റോയൽറ്റി ചാർജ് എന്നിവ മാത്രം അനുവദിച്ചിട്ടുള്ളതാകയാൽ മണ്ണിന് മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ റേറ്റ് മാത്രമെ എസ്റ്റിമേറ്റിൽ അനുവദിക്കാൻ കഴിയുമായിരുന്നുള്ളുവെന്നതിനാലാണ് കരാറുകാർ ടെൻഡർ സ്വീകരിക്കാൻ തയ്യാറാകാതിരുന്നതും അതുമൂലം പ്രവൃത്തി തടസ്സപ്പെട്ടിട്ടുള്ളതും. ഇതിന് പരിഹാരമായി നിലവിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽ ഇരിങ്ങാലക്കുട കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി മിച്ചം വന്നിട്ടുള്ള മണ്ണ് സൗജന്യമായി മേൽപ്രവൃത്തിക്കായി ലഭ്യമാക്കുന്നതിന് കെട്ടിട വിഭാഗം തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ജില്ലാ കളക്ടർക്ക് 25-09-2025-ൽ കത്ത് നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം സൗജന്യമായി മണ്ണ് ലഭ്യമായാൽ തുടർനടപടി സ്വീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് കരാർ

108 (3335) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകൾ അനുവദിക്കുന്ന നടപടിക്രമം സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് കരാറുകൾ അനുവദിക്കുന്ന നടപടിക്രമം സംബന്ധിച്ച് നിലവിൽ ആക്ഷേപങ്ങളൊന്നുമില്ല.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണെന്നും ഏതൊക്കെ പ്രവൃത്തികളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഓഡിറ്റ്, വിജിലൻസ് സംവിധാനങ്ങൾ പര്യാപ്തമാണെന്ന് വിലയിരുത്തുന്നുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഓഡിറ്റ്, വിജിലൻസ് സംവിധാനങ്ങൾ പര്യാപ്തമാണ്. കേരളമൊട്ടാകെയുള്ള പൊതുമരാമത്ത് വകുപ്പ് കാര്യാലയങ്ങളിലെ

എസ്റ്റാബ്ലിഷ്മെന്റ് ഓഡിറ്റ്, ഭരണ വിഭാഗത്തിന് കീഴിലുള്ള Suit and audit wing-ൽനിന്നും നടത്തിവരുന്നു. നിലവിൽ നടത്തിവരുന്ന പരിശോധനകൾ പര്യാപ്തമാണ്. ഓഡിറ്റ് നടപടികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫിനാൻസ്, വിജിലൻസ് വിഭാഗങ്ങൾക്കുപുറമെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളും പരിശോധിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുതകുന്ന വിധത്തിലുള്ള പരിശോധനകളാണ് നടത്തിവരുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ആഭ്യന്തര പരിശോധനാ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ/പാലങ്ങൾ വിഭാഗങ്ങളിലെ ഡിവിഷൻ/സർക്കിൾ കാര്യാലയങ്ങളിൽ അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റ് കൂടാതെ ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള പരിശോധനകളും നടത്തിവരുന്നു.

പൊതുമരാമത്ത് വകുപ്പിൽ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) എന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സാങ്കേതിക വിഷയങ്ങൾ പരിശോധിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവരടങ്ങുന്ന സാങ്കേതിക വിഭാഗവും കൂടാതെ നോൺ ടെക്നിക്കൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരും ആവശ്യമായ മറ്റ് മിനിസ്റ്റീരിയൽ

ജീവനക്കാരുമുൾപ്പെട്ട ഒരു സംസ്ഥാനതല ഓഫീസും 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ വിജിലൻസ് ഓഫീസുകളും നിലവിലുണ്ട്.

എസ്റ്റിമേറ്റ് റേറ്റും ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് നടപടി

109 (3336) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് നിലവിലുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് എന്നാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഷെഡ്യൂൾഡ് റേറ്റിനേക്കാൾ കുറവായി ലോക്കൽ മാർക്കറ്റ് റേറ്റ് കാണുന്നതുകൊണ്ട് പല കരാറുകാരും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്നതും ടെൻഡറായ പ്രവൃത്തികൾക്ക് എഗ്രിമെന്റ് വയ്ക്കുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 15-04-2025-ലെ കത്തുപ്രകാരം 2024-25-ലെ അവസാന ക്വാർട്ടറിലെ ലോക്കൽ മാർക്കറ്റ് റേറ്റ് ആയിരുന്നു 2025-26-ലെ ആദ്യ രണ്ട് ക്വാർട്ടറിലും തുടർന്നുവന്നിരുന്നത്. നിലവിൽ 2025-26 ആദ്യ പാദത്തിന്റെ (ഏപ്രിൽ-ജൂൺ) ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധീകരിക്കുന്നതിന് 20-02-2025-ലെ സ.ഉ.(കൈ)നം.10/2025/പി.ഡബ്ല്യു.ഡി.-യിൽ നിഷ്കർഷിക്കുംപ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായതിനാൽ അത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകുകയും തുടർന്ന്

ആവശ്യമുള്ള ഭേദഗതികൾ നിർദേശിക്കുകയും ചെയ്യ. മൂന്നാം ക്വാർട്ടറിലെ ലോക്കൽ മാർക്കറ്റ് റേറ്റ് ഉടൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എസ്റ്റിമേറ്റ് റേറ്റും ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

എസ്റ്റിമേറ്റ് റേറ്റ്, ലോക്കൽ മാർക്കറ്റ് റേറ്റ് എന്നിവയുടെ അന്തരം കുറയ്ക്കുന്നതിനും കൂടുതൽ പ്രായോഗികമായ ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധീകരിക്കുന്നതിനും കൂടുതൽ വ്യതിയാനമുള്ള നിരക്കുകൾ പരിശോധിച്ച് അവയുടെ നിരക്കുകളെക്കുറിച്ച് ഫീൽഡ് എഞ്ചിനിയേഴ്സ്, കരാറുകാർ, മാർക്കറ്റിങ് ഷോപ്പ് എന്നിവയിൽ വിലവിവരം തിരക്കി അത് ലോക്കൽ മാർക്കറ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളാറുണ്ട്.

പരസ്യത്തിനായി ചെലവഴിച്ച തുക

110 (3337) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത്

പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലെ വിവിധ പ്രവൃത്തികൾക്ക് ഭൂമി ഏറ്റെടുക്കൽ, ടെൻഡർ പരസ്യങ്ങൾ ഉൾപ്പെടെയുള്ള പരസ്യം മാധ്യമങ്ങളിൽ നല്കിയിട്ടുണ്ട്. ഐ. ആന്റ് പി.ആർ.ഡി. വഴിയും ഐ. ആന്റ് പി.ആർ.ഡി.- യിൽ എംപാനൽ ചെയ്ത ഏജൻസികളിൽനിന്നും ടെൻഡർ വഴി പൊതുമരാമത്ത് വകുപ്പ് തെരഞ്ഞെടുത്ത ഏജൻസി വഴിയും പരസ്യം നൽകിയിട്ടുണ്ട്.

കെ.ആർ.എഫ്.ബി.

അനുബന്ധമായി+ ചേർക്കുന്നു.

പി.ബി.എസ്.കെ.എൽ.

ദേശാഭിമാനി, ദി ഹിന്ദു എന്നീ പരസ്യ ഏജൻസികളുടെ പരസ്യത്തിനായി ആകെ 24748/- രൂപയുടെ ബിൽ നൽകിയിട്ടുണ്ട്. എന്നാൽ കമ്പനിയുടെ ബോർഡ് ടി തുക പാസ്സാക്കുന്ന മുറയ്ക്ക് പേയ്മെന്റ് നൽകുന്നതാണ്.

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

ദേശാഭിമാനി, ദി ഹിന്ദു എന്നീ പരസ്യ ഏജൻസികളുടെ പരസ്യത്തിനായി ആകെ 341840/- രൂപയുടെ ബിൽ നൽകിയിട്ടുണ്ട്. എന്നാൽ കമ്പനിയുടെ ബോർഡ് ടി തുക പാസാക്കുന്ന മുറയ്ക്ക് പേയ്മെന്റ് നൽകുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

111 (3338) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിരത്തുകൾ: അനുബന്ധമായി ചേർത്തിട്ടുണ്ട്+.

കെ.ആർ.എഫ്.ബി. - പി.എം.യു.:

1. മാടായി എട്ടിക്കുളം - വേങ്ങര ഓവർ ബ്രിഡ്ജ്: കണ്ണൂർ ജില്ലയിലെ വേങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ് പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD പ്രകാരം തത്വത്തിൽ 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും 06-09-2019-ലെ PWD 015-46/APR-2/2019/KIIFB/KIIFB പ്രകാരം 20.84 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. 03-05-2020-ൽ 20.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് ശ്രീ. T. A. Abdul Rahiman-ന് 12.136 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തി പുരോഗതി 82 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേ സ്പാൻ പ്രവൃത്തികൾക്കായി ചീഫ് ചെന്നൈ ബ്രിഡ്ജ് എഞ്ചിനീയർ, അംഗീകരിച്ച ഡിസൈൻ ആവശ്യമായതിനാൽ നിലവിലെ പ്രവൃത്തി ഫോർക്ലോസ് ചെയ്യുകയും RoB-യുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാലൻസ് പ്രവൃത്തികൾ പുതിയൊരു പ്രവൃത്തിയായി നിർഹിക്കുവാനും തീരുമാനിച്ചു. റെയിൽവേ സ്റ്റാനിന്റെ ഫൗണ്ടേഷൻ, സബ്സ്ട്രക്ചർ തുടങ്ങിയവയുടെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി റെയിൽവേയിൽനിന്ന് അംഗീകാരം ലഭ്യമാക്കാൻ KRDCL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡിസൈൻ verification-നുവേണ്ടി KRDCL, IIT Madras-ന് നൽകിയിട്ടുണ്ട്.

2. പഴയങ്ങാടി പുതിയ പാലം: കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലത്തിന് 10-07-2017-ലെ G.O.(Rt)No.942/2017/PWD പ്രകാരം തത്വത്തിൽ 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും 24-02-2021-ലെ PWD016-38/ APR-5/2021/KIIFB പ്രകാരം കിഫ്ബിയിൽനിന്നും 15.486 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുള്ളതുമാണ്. പിന്നെ പ്രവൃത്തിയുടെ design change പരിഗണിച്ച് 29-06-2022-ലെ PWD016-38/APR-2/2022/KIIFB പ്രകാരം 19.90 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കി. 13-05-2022-ൽ 18.51 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് ശ്രീ. T. A. Abdul Rahiman-ന് 18.51 കോടി രൂപയ്ക്ക് കരാർ നൽകി 66 പൈലുകൾ പൂർത്തീകരിച്ചു. CRZ ക്ലിയറൻസ് ലഭിക്കുന്നതിനുവേണ്ടി Mantra Green Resources Ltd.-മായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. NCESS-ൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി. പ്രവൃത്തി പുരോഗമിക്കുന്നു.

3. കാവിൻമൂനമ്പ് പാലം: കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കാവിൻമൂനമ്പ് പാലത്തിന്റെ പ്രവൃത്തിക്ക് 31-10-2016-ലെ G.O.(Rt) No.1496/2016/PWD പ്രകാരം 35 കോടി

രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 20-10-2023-ലെ PWD001-53/TE-4/2023/KIIFB പ്രകാരം 76.79 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ CRZ ക്ലിയറൻസ് ലഭിക്കുന്നതിനുവേണ്ടി Ultra Tech-മായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. Ultra Tech, CRZ ക്ലിയറൻസിനുവേണ്ടി റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. CRZ Certificate ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

4. എഴിലോട്- പുന്നക്കടവ് -പുതിയ പുഴക്കര-ഏഴിമല റോഡ് പ്രവൃത്തി (Balance work):- കണ്ണൂർ ജില്ലയിലെ പുന്നക്കടവ്-പുതിയ പുഴക്കര-ഏഴിമല റോഡ് പ്രവൃത്തിക്ക് 20-08-2016-ലെ G.O.(Rt) No.1192/2016/PWD പ്രകാരം തത്വത്തിൽ 10 കോടി രൂപയുടെ ഭരണാനുമതിയും 17-01-2018-ലെ APR-1/35/2018/KIIFB ഓർഡർപ്രകാരം 17.23 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിരുന്നു. പ്രവൃത്തിയുടെ ഒറിജിനൽ വർക്ക് free surrender സ്ഥലം ലഭ്യമാവാത്തതിനാൽ foreclose ചെയ്യപ്പെടുകയായിരുന്നു. ഇപ്പോൾ ബാലൻസ് പ്രവൃത്തിക്ക് 15-03-2025-ൽ 7.593 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് M/s. ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനിക്ക് 5.66 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തി പുരോഗമിക്കുന്നു.

ദേശീയ പാത:

1) Name of work: CRIF 2022-23-Improvements to Ponnurikkippara Madamthattu road in Kannur District, AS GO(Rt) No. 104/2023/PWD. Dated 02-02-2023, Amount: 19.90 Crore. Length total 12.35 Km under Kalliassery, Date of completion 09-09-2024.

കെട്ടിട വിഭാഗം: അനുബന്ധമായി ചേർക്കുന്നു+.

നിരത്ത് പരിപാലനം: അനുബന്ധമായി ചേർക്കുന്നു+.

പാലങ്ങൾ: അനുബന്ധമായി ചേർക്കുന്നു+.

കേരളത്തെ വെൽനെസ് ടൂറിസം ഹബ്ബാക്കി മാറ്റാൻ നടപടി

112 (3339) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വെൽനെസ്സ് ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആയുർവേദ ചികിത്സാരീതിയെ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര വകുപ്പ് ആയുർവേദ സെന്ററുകൾക്ക് അവയുടെ പ്രവർത്തന സൗകര്യങ്ങൾ വിലയിരുത്തി ആയുർ സിൽവർ, ആയുർ ഗോൾഡ്, ആയുർ ഡയമണ്ട് എന്നിങ്ങനെ ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട്. കൂടാതെ, ആയുർവേദത്തിന്റെ പ്രചരാണാർഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചാരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി ഇന്ത്യ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന വിനോദസഞ്ചാരികൾക്കായി നൽകിവരുന്ന ആയുഷ് വിസ (AYUSH VISA) ലഭിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ ലിങ്ക് കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ആലോചിക്കുന്നത്; വിശദമാക്കാമോ;

(സി) വെൽനെസ് കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) ടൂറിസം മേഖലയിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചികിത്സയ്ക്കുശേഷം വിനോദസഞ്ചാര കേന്ദ്രങ്ങൾകൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമാണ്. വിദേശ വിനോദസഞ്ചാരികളുടെ അടക്കം പ്രധാന ആകർഷണമാണ് ആയുർവേദം. ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ ആയുർവേദത്തിന് വിനോദ സഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട്. കൂടാതെ ആയുർവേദത്തിന്റെ പ്രചരാണാർഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചാരണം

നൽകുകയും ചെയ്തുവരുന്നു. ടൂറിസം വകുപ്പ് നടപ്പാക്കിയ ആയുർവേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസിഫിക്കേഷൻ പദ്ധതിയും സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയതാണ്. ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻമൂലം ആയുർവേദ മെഡിക്കൽ ടൂറിസത്തിന്റെ ഗുണനിലവാരം വർധിക്കുകയും നിരവധി ടൂറിസ്റ്റുകളുൾപ്പെടെയുള്ളവർ ആയുർവേദത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആയുർവേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായി ധാരാളം വിദേശികളുൾപ്പെടെ കേരളത്തിൽ എത്തിച്ചേരുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സ്കീം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ളതും ഗുണനിലവാരമുള്ളതുമായ ആയുർവേദ ടൂറിസം കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു. സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് 'ആയൂർ ഡയമണ്ട്' എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ അറുപതോളം ആയുർവേദ സെന്ററുകൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവേദ സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. മൂന്നുവർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി.

തിരുവിതാംകൂർ പൈതൃക പദ്ധതി

113 (3340) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെ ഉൾപ്പെടുത്തി തിരുവിതാംകൂർ പൈതൃക പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

പൈതൃക ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ തിരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളുടെ മുൻവശം ദീപാലങ്കാര പ്രവൃത്തികൾ ചെയ്യുന്നതിനായി തലസ്ഥാന നഗരിയിൽ 5 സോണുകളിലായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടി പൈതൃക കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലകളിലെ പ്രധാന പൈതൃക സ്മാരകങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പുരാവസ്തു വകുപ്പിൽനിന്നും ലഭ്യമായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ പുരാവസ്തു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച സ്മാരകങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തിരുവിതാംകൂർ കാലഘട്ടത്തിലെ കലാ-സാംസ്കാരിക പൈതൃകം എങ്ങനെയാണ് ടൂറിസത്തിന്റെ ഭാഗമായി സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തിരുവിതാംകൂർ കാലഘട്ടത്തിലെ കലാ-സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് മുഖേന പൈതൃക ടൂറിസം പദ്ധതികൾക്ക് പ്രാധാന്യം നൽകിവരുന്നുണ്ട്. ചരിത്ര പ്രാധാന്യ പൈതൃക കെട്ടിടങ്ങൾ, ക്ഷേത്രങ്ങൾ, കലാരൂപങ്ങൾ, സംഗീതം, നാടൻ കൈത്തൊഴിൽപ്പണികൾ തുടങ്ങിയവ സംരക്ഷിച്ച് പ്രദർശന യോഗ്യമാക്കുന്നതിലൂടെ പൈതൃകം ടൂറിസത്തിന്റെ ഭാഗമാക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ, കനകക്കുന്ന് കൊട്ടാരവും പരിസരവും നവീകരിക്കുന്നതിനും വികസനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) തിരുവിതാംകൂർ പൈതൃക പദ്ധതിയിൽ പരമ്പരാഗത കൈത്തറി വ്യവസായത്തെ പരിഗണിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഈ പദ്ധതി നിലവിൽ പരിഗണനയിലില്ല.

(ഇ) തിരുവിതാംകൂറിന്റെ രാജകീയ പൈതൃകത്തെക്കുറിച്ച് ഡോക്യുമെന്റേഷൻ നടത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

കൊട്ടാരത്തിൽ ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കുന്നതിനായി 4.99 കോടി+GST-യും ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് ചെലവിൽ അതിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനും ഭരണാനുമതിയും നൽകിയിട്ടുണ്ട്.

M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പദ്ധതിയുടെ നിർവഹണ ഏജൻസി. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കേരള ചരിത്രം ഡിജിറ്റൽ രൂപത്തിൽ കാണുവാനും മനസ്സിലാക്കുവാനും എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് ഏറ്റവും അത്യാധുനിക രീതിയിൽ പ്രധാനം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

നിലവിൽ ഈ പദ്ധതിയുടെ സിവിൽ പ്രവൃത്തികളും സാങ്കേതിക ഘടകങ്ങളും പൂർത്തീകരിച്ച് കഴിഞ്ഞു. ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള കേരള ചരിത്രം ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉള്ളടക്കം ഈ പദ്ധതിയുടെ ചരിത്ര പണ്ഡിതന്മാർ ഉൾപ്പെടുന്ന പൈതൃക കമ്മിറ്റി ഡിജിറ്റൽ ഉള്ളടക്കത്തിന് അംഗീകാരം നൽകിക്കഴിഞ്ഞു. നിലവിലെ പദ്ധതിയുടെ ഡിജിറ്റൽ കണ്ടന്റ് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പ്രവൃത്തികളാണ് അവശേഷിക്കുന്നത്. കേരള/തിരുവിതാംകൂർ ചരിത്രത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് പദ്ധതി നിർവഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിക്ക് വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

ട്രാവൽ ലിറ്റററി ഫെസ്റ്റിവൽ വ്യാപിപ്പിക്കാൻ നടപടി

114 (3341) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ട്രാവൽ ലിറ്ററി ഫെസ്റ്റിവൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ സാഹിത്യകാരന്മാരെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) ഡെസ്റ്റിനേഷൻ പ്രൊമോഷന്റെ ഭാഗമായി കേരളത്തെ ലോകത്തിനുമുന്നിൽ പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരള ടൂറിസം വകുപ്പ് ആദ്യമായി വർക്കലയിൽ സംഘടിപ്പിക്കുന്ന പരിപാടിയാണ് വർക്കല ബീച്ച് ട്രാവൽ ഫെസ്റ്റിവൽ. (ട്രാവൽ ലിറ്ററി ഫെസ്റ്റിവൽ) ഡെസ്റ്റിനേഷൻ പ്രൊമോഷന്റെ ഭാഗമായി ഈ പദ്ധതി കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എല്ലാ വർഷവും നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ വർഷം നടക്കാൻ പോകുന്ന വർക്കല ബീച്ച് ട്രാവൽ ഫെസ്റ്റിവലിൽ കേരളത്തിലെ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടൂറിസം മേഖലയിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ

115 (3342) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനായി നടത്തുന്ന പ്രത്യേക സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, വിവിധ ജില്ലകളിലായി 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നീ സ്ഥാപനങ്ങളും തിരുവനന്തപുരത്തെ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും അനുബന്ധ സെന്ററുകളും തിരുവനന്തപുരം ജില്ലയിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയും ടൂറിസം മേഖലയിൽ പരിശീലനം നൽകുന്നതിന് പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങൾ മുഖേന ടൂറിസം മേഖലയിൽ പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിനുള്ള പരിശീലനം നൽകുകയും ഹോസ്പിറ്റാലിറ്റി മേഖലയോടുള്ള സമീപനം മെച്ചപ്പെടുത്തുകയും പരിശീലനം നൽകിവരുകയും ചെയ്യുന്നു. ഡിഗ്രി കോഴ്സുകൾ, വിവിധ ഡിപ്ലോമ പ്രോഗ്രാമുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, കേന്ദ്ര ടൂറിസം വകുപ്പിന്റെയും കേരള ടൂറിസം വകുപ്പിന്റെയും വിവിധ ട്രെയിനിങ് പ്രോഗ്രാമുകൾ എന്നിവ ഈ സ്ഥാപനങ്ങൾ നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ പ്രവത്തിച്ചുവരുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ നിലവിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത B.Sc Hotel Management & Catering Science കോഴ്സിലൂടെ വിദ്യാർഥികൾക്ക് താഴെപ്പറയുന്ന മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്നുണ്ട്.

1. Food production (Cooking & Culinary Arts)

2. Food & Beverage Service

3. Front Office Management

4. House keeping

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി ഹോട്ടൽ മാനേജ്മെന്റിന്റെ വിവിധ ട്രേഡുകളിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളിൽ (9 മാസം ഇൻസ്റ്റിറ്റ്യൂട്ടുതല പരിശീലനം, 3 മാസം വ്യാവസായിക പരിശിലനം) വിദഗ്ധ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലയിൽ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ജോലിക്ക് പ്രാപ്തരാക്കുന്നു. കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ ഹോസ്പിറ്റാലിറ്റി മേഖലയിൽ വനിതകൾക്ക് പ്രത്യേകമായി Women Empowerment Scheme-ന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ Traditional Snack & Savory Maker, Multi Cuisine Cook എന്നീ ഹ്രസ്വകാല കോഴ്സുകളിൽ സ്കിൽ പരിശീലനം നൽകുന്നുണ്ട്. കേരള യൂണിവേഴ്സിറ്റി അഫിലിയേഷനുള്ള എം.ബി.എ. ട്രാവൽ ആൻഡ് ടൂറിസം, മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ്, ബി.ബി.എ. ടൂറിസം മാനേജ്മെന്റ്, ബികോം ട്രാവൽ ആൻഡ് ടൂറിസം എന്നീ കോഴ്സുകളും സർക്കാരിന്റെ സാമ്പത്തിക സഹകരണത്തോടെ 30 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾക്കായി ആറുമാസം നീണ്ടുനിൽക്കുന്ന മൾട്ടി സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് പ്രോഗ്രാം, ഒരു വർഷം കാലാവധിയുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സുകളും ടൂറിസം അനുബന്ധ മേഖലകളിൽ തൊഴിൽ നേടുവാനുതകുന്നവിധം നൈപുണ്യ വികസനത്തിലൂന്നിക്കൊണ്ട് "ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, അയാട്ട

ഏവിയേഷൻ കോഴ്സുകൾ, അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റി അസിസ്റ്റന്റ് പരിശീലനം, നേച്ചർ ഇന്റർപ്രെറ്റർ പരിശീലനം, ടൂറിസ്റ്റ് ഗൈഡ് പരിശീലനം, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർക്കുള്ള പരിശീലനം, ഫ്രണ്ട് ഓഫീസ് പരിശീലനം, ഹൗസ് കീപ്പിങ് പരിശീലനം" എന്നിവയും നടത്തിവരുന്നു.

(ബി) വിദേശഭാഷാ പരിജ്ഞാനം, ട്രാവൽ ഗൈഡ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ മേഖലകളിൽ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

വിദേശഭാഷാ പരിജ്ഞാനം, ട്രാവൽ ഗൈഡ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ മേഖലകളിൽ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജി (IHMCT) എന്നീ സ്ഥാപനങ്ങൾ മുഖേന ബിരുദ/ഡിപ്ലോമ/സ്കിൽ പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. വിദ്യാർഥികൾക്ക്/ഉദ്യോഗാർഥികൾക്ക് ഹോസ്പിറ്റാലിറ്റി മേഖലയിൽ ലോകോത്തര നിലവാരത്തിലുള്ള അറിവ് പകർന്ന് നൽകുന്നതിനും നിലവിലെ സാധ്യതകൾക്കനുസരിച്ച് പഠനം പൂർത്തിയാക്കുന്നതിനുമുള്ള സിലബസാണ് സജ്ജീകരിച്ചിട്ടുള്ളത്. വിദേശ ഭാഷാ പരിജ്ഞാനം നൽകുന്നതിനായി വിദേശ ഭാഷകൾ സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർഥികളെ ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ

സൂപ്പർവൈസർ നിലവാരത്തിൽ വാർത്തെടുക്കുവാൻ ബിരുദ/ഡിപ്ലോമ കോഴ്സുകൾ വഴി സാധിക്കുന്നതാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടത്തുന്ന സ്കിൽ പരിശീലനങ്ങൾ (Traditional Snack & Savory Maker, Multi Cuisine Cook, etc.) ഹോട്ടൽ/ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ ജോലി ചെയ്യുന്നവരുടെ സ്കിൽ മെച്ചപ്പെടുത്തുന്നതിനായി മേൽ സ്ഥാപനങ്ങൾ വഴി നടത്താറുണ്ട്.

വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ തരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി സംസ്ഥാനതല, പ്രാദേശികതല ടൂറിസ്റ്റ് ഗൈഡുകൾക്കും മുസിരിസ് പ്രോജക്ടിന് കീഴിലുള്ള ഗൈഡുകൾക്കും കേരള ഇൻസ്റ്റിറ്റ്യൂട്ട് ടൂറിസം ആൻഡ് ട്രാവൽസ് സ്റ്റഡീസ് മുഖേന പരിശീലനം നൽകി ടൂർ ഗൈഡ് ലൈസൻസ് അനുവദിക്കുകയും ലൈസൻസ് നേടിയ ഗൈഡുകൾക്ക് ഓരോ മൂന്നുവർഷം കൂടുമ്പോഴും കിറ്റ്സ് മുഖാന്തരം മൂന്ന് ദിവസത്തെ റിഫ്രഷർ ടെയിനിങ്ങിന്റെ അടിസ്ഥാനത്തിൽ ടൂറിസ്റ്റ് ഗൈഡ് ലൈസൻസ് പുതുക്കി നൽകുകയും ചെയ്തുവരുന്നു. ഹോസ്പിറ്റാലിറ്റി മേഖലയിൽ ഫ്രണ്ട് ഓഫീസ് പരിശീലനം, ഹൗസ് കീപ്പിങ് പരിശീലനം എന്നിവ കിറ്റ്സ് നടത്തുന്നുണ്ട്. കിറ്റ്സിലെ വിദ്യാർഥികൾക്ക് ജർമൻ, ഫ്രഞ്ച് ഭാഷകളിൽ പ്രാവീണ്യം നേടുവാനായി ഹ്രസ്വകാല പരിശീലനം നൽകുന്നുണ്ട്. കിറ്റ്സ് വിദ്യാർഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കുവാനുള്ള ലാംഗ്വേജ് ലാബ് കിറ്റ്സിൽ സജ്ജീകരിച്ചിട്ടുണ്ട്.

(സി) ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിന് സർക്കാർ-സ്വകാര്യ പങ്കാളിത്തത്തിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജി (IHMCT) എന്നീ സ്ഥാപനങ്ങളിലെ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർഥികളിൽ ഭൂരിഭാഗത്തിനും ഹോസ്പിറ്റാലിറ്റി മേഖലയിൽ ലോകോത്തര നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ലഭിച്ചുവരുന്നുണ്ട്. ഇതിനായി ടൂറിസം വ്യവസായ മേഖലയുമായി സഹകരിച്ച് ക്യാമ്പസ് റിക്രൂട്ട്മെന്റ് പരിപാടികൾ അടക്കം സംഘടിപ്പിക്കുന്നു. ടൂറിസം മേഖലയിൽ തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിന് എയർപോർട്ട് ഓപ്പറേഷൻ, ലോജിസ്റ്റിക് മാനേജ്മെന്റ് എന്നീ മേഖലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പഠന പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. സ്വകാര്യ പ്രൊഫഷണൽ ബോഡികളുമായി ചേർന്ന് ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലകളിൽ ഹ്രസ്വകാല പരിശീലന പരിപാടികളും കിറ്റ്സ് നടത്താറുണ്ട്.

(ഡി) ഹോം സ്റ്റേ, കലാ-സാംസ്കാരിക പരിപാടികൾ, പ്രാദേശിക ഭക്ഷ്യോൽപ്പന്ന വിപണനം തുടങ്ങിയവ വഴി ഗ്രാമീണ മേഖലകളിൽ തൊഴിൽ സൃഷ്ടിക്കാനുള്ള പദ്ധതികൾ വിശദമാക്കാമോ?

ഗ്രാമീണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ, അയൽക്കൂട്ടംപോലുള്ള സംഘടനകളിൽ പ്രവർത്തിക്കുന്നവർക്കായി "Entrepreneurship Development Program" കിറ്റ്സുമായി (കേരള ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസ്) സഹകരിച്ച് KIHM നടത്തുന്നുണ്ട്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കുടുംബശ്രീ അംഗങ്ങൾക്കും മറ്റും ഹോസ്പിറ്റാലിറ്റി മേഖലയിൽ മികച്ച പരിശീലനം നൽകുവാൻ സാധിക്കുന്നുണ്ട്.

ഹോം സ്റ്റേ മേഖലയിലും ടൂറിസം സുവനീറുകൾ നിർമ്മിക്കുന്ന മേഖലയിലും ഭക്ഷ്യോൽപ്പന്ന മേഖലയിലും സംരംഭകത്വ വികസന പരിപാടികളും പരിശീലനവും കിറ്റ്സ് നടത്താറുണ്ട്. അത് ഗ്രാമീണ മേഖലകളിൽ തൊഴിൽ-വരുമാന മാർഗങ്ങൾ സൃഷ്ടിക്കുന്നതിന് ഉതകുന്നവയാണ്. ഇതുകൂടാതെ വനമേഖലകളിൽ ജീവനോപാധികൾ നേടുവാനുതകുന്ന ഹോസ്പിറ്റാലിറ്റി/ ഇന്റർപ്രൈറ്റർ പരിശീലന പരിപാടികളും കിറ്റ്സ് നടത്തിവരുന്നു.

കൊല്ലം ജില്ലയിലെ ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട്

116 (3343) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട് പദ്ധതിയിലുൾപ്പെടുത്തി പുനലൂർ നിയോജകമണ്ഡലത്തിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി മലമേൽ ടൂറിസം, തെന്മല ഇക്കോടൂറിസം എന്നീ പദ്ധതി പ്രദേശങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി തെന്മല, മലമേൽ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി DPR തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഓരോ ഘട്ടത്തിനും എത്ര തുകയാണ് അനുവദിച്ചതെന്നും പ്രസ്തുത ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികളെക്കുറിച്ചും വിശദമാക്കാമോ?

07-08-2023-ലെ 398/2023 നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒന്നാംഘട്ട പദ്ധതിക്ക് 10,19,05,104/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2,65,80,315/-രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) മേൽ വിഷയത്തിൽ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കർണ്ണാടക) ലിമിറ്റഡ് (ഐഡെക്) എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കർണ്ണാടക) ലിമിറ്റഡ് (ഐഡെക്) മുഖേന കൊല്ലം ബയോ ഡൈവേഴ്സിറ്റി ഫേസ് 1 & ഫേസ് 2-ന്റെ DPR തയ്യാറാക്കിവരുന്നു.

(ഡി) തെന്മല ഇക്കോടൂറിസം പദ്ധതിക്കായി 2024 മുതൽ സംസ്ഥാന ബജറ്റുകളിൽ ആകെ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നതുൾപ്പെടെ വകയിരുത്തിയ തുകയുടെ

ഉപയോഗസ്ഥിതി, നടപ്പിലാക്കിയ ഘടകങ്ങൾ, ശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ 'അപ്ഗ്രഡേഷൻ തെന്മല' എന്ന പദ്ധതിക്കായി ഏഴ് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ തെന്മല ഇക്കോ ടൂറിസത്തിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്.

1. Thenmala Eco Tourism Punalur–Rosemala Tourism Project

2. Eco Fest –Thenmala

ഈ പദ്ധതികളുടെ DPR TEPS തയ്യാറാക്കിവരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഗതാഗത സൗകര്യം

117 (3344) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുരം റോഡുകളുടെ ശോചനീയാവസ്ഥ വയനാട് ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സാധ്യതകളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് ടൂറിസം വികസനത്തിന് സഹായകരമാകുന്ന തരത്തിൽ വിവിധ പശ്ചാത്തല സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ദുരങ്കപാതയുൾപ്പെടെയുള്ള നൂതന പശ്ചാത്തല വികസന സൗകര്യ പദ്ധതികൾ ടൂറിസം വികസത്തിനുകൂടി ഗുണകരമാണ്. ദേശീയപാത വികസനം, മലയോര ഹൈവേ, തീരദേശ ഹൈവേ, കിഫ്ബി പദ്ധതികൾ തുടങ്ങിയവ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനും പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുവാനും സഹായകരമാണ്. വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പും മറ്റുവകുപ്പുകളും പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഇക്കോ ടൂറിസം കേന്ദ്രങ്ങൾ

118 (3345) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വർഷത്തിൽ നിരവധി ദിവസം അടഞ്ഞുകിടക്കുന്നത് മേഖലയിലെ ടൂറിസം സാധ്യതകളെ ദോഷകരമായി ബാധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ 9 ഇക്കോ ടൂറിസം സെന്ററുകളാണ് നിലവിലുള്ളത്. തീവ്രമഴ, കാട്ടുതീ പടരുന്ന സാഹചര്യം, വന്യജീവി സംഘർഷം തുടങ്ങിയ സന്ദർഭങ്ങളിൽ സഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി ടൂറിസം സെന്ററുകൾ ചിലപ്പോൾ അടച്ചിടേണ്ടതായി വരാറുണ്ട്.

കബനി നദിയിലുള്ള പാക്കം-കുറുവ ദ്വീപ്, സൂചിപ്പാറ വെള്ളച്ചാട്ടം, ചെമ്പ്ര ട്രക്കിങ്, ബാണാസുരമല-മീൻമുട്ടി വെള്ളച്ചാട്ടം, കാറ്റുകുന്ന് ആനച്ചോല ട്രക്കിങ് എന്നിവ തീവ്രമഴയുള്ളതും ചുവപ്പ് മുന്നറിയിപ്പുള്ളതുമായ ദിവസങ്ങളിൽ അടച്ചിടേണ്ടതായി വരുന്നുണ്ട്. കൂടാതെ, 2020-21 വർഷത്തിൽ കോവിഡുമൂലവും 2024-25 വർഷത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 16-02-2024-ലെ WPC-13204/2024(S) നമ്പർ കേസിലെ ഇടക്കാല ഉത്തരവുപ്രകാരവും പ്രത്യേക കാലയളവുകളിൽ ടൂറിസം കേന്ദ്രങ്ങൾ അടച്ചിടേണ്ടതായി വന്നിട്ടുണ്ട്.

ഇക്കോടൂറിസം സെന്ററുകൾ അടച്ചിടുമ്പോൾ സാധാരണ നിലയിലുള്ള വരുമാന നഷ്ടത്തിനുപുറമേ ഇക്കോ ടൂറിസം സെന്ററുകളിൽ ജോലി ചെയ്യുവരുന്ന വനാശ്രിത വിഭാഗങ്ങളിൽപ്പെടുന്നതുൾപ്പെടെയുള്ള ജീവനക്കാരുടെ വരുമാനംകൂടി നഷ്ടപ്പെടുന്നുണ്ട്. കൂടാതെ, ഈ മേഖലയിലുള്ള വ്യാപാര സ്ഥാപനങ്ങൾക്കും വരുമാന നഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ജില്ലയിലെ ഓരോ ഇക്കോ ടൂറിസം കേന്ദ്രങ്ങളും അടച്ചിട്ട ദിവസങ്ങളുടെ എണ്ണം വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ജില്ലയിലെ ഓരോ ഇക്കോ ടൂറിസം കേന്ദ്രങ്ങളും അടച്ചിട്ട ദിവസങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ദിവസം സഞ്ചാരികൾക്ക് തുറന്നുകൊടുക്കുന്നതിനായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി, പ്രതികൂല കാലാവസ്ഥ നിലനിൽക്കുന്ന സാഹചര്യങ്ങളിലൊഴികെ മറ്റെല്ലാ ദിവസങ്ങളിലും ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതി

119 (3346) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിയുടെ ഘടകങ്ങളായ ചായപ്പീടിക, പാറമുകളിലേക്കുള്ള പടവുകൾ, ശൗചാലയം എന്നിവയുടെ 60 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചു. ലാൻഡ് സ്കേപ്പിങ്, പാറമുകളിലെ സംരക്ഷണ ഭിത്തി, ടെന്റുകൾ, ഇരിപ്പിടങ്ങൾ എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

30-11-2025-നകം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി.റ്റി.പി.സി.-യുടെ മലമ്പുഴ ഗാർഡനിലെ എച്ച്.ആർ. തൊഴിലാളികൾ

120 (3347) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി.-യുടെ മലമ്പുഴ ഗാർഡനിൽ എച്ച്.ആർ. തൊഴിലാളികളായി ജോലി ചെയ്യുന്നവരിൽ 60 വയസ്സ് പൂർത്തിയായവരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം പിരിച്ചുവിടുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കാത്ത ഇത്തരം ജീവനക്കാരെയാതൊരു ആനുകൂല്യങ്ങളും നൽകാതെ പിരിച്ചുവിടുന്ന നടപടി ഒഴിവാക്കുമോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞവരിൽ ആരോഗ്യമുള്ള തൊഴിലാളികളെ 70 വയസ്സുവരെ ജോലിയിൽ തുടരുന്നതിനും ആരോഗ്യപരമായി തൊഴിൽ ചെയ്യാൻ കഴിയാത്തവർക്ക് സ്വയം വിരമിക്കുന്നതിനും അവസരം നൽകുമോ; ഇപ്രകാരം സ്വയം വിരമിക്കുന്നവർക്ക് ന്യായമായ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞ തൊഴിലാളികൾക്ക് പി.എഫ്., ഇ.എസ്.ഐ. എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) മലമ്പുഴ ഗാർഡനിൽ എച്ച്.ആർ. തൊഴിലാളികളെ നിയമിക്കുന്നത് ടൂറിസം വകുപ്പ് മുഖേനയല്ല. ഇറിഗേഷൻ വകുപ്പ് മുഖേന മലമ്പുഴ ഗാർഡനിൽ ഗാർഡൻ മെയിന്റനൻസിനായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ടി തൊഴിലാളികൾക്ക് വേതനം അനുവദിക്കുന്നത് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഫണ്ടിൽ നിന്നാണ്.

തുമ്പൂർമുഴി ശലഭോദ്യാനത്തിന്റെ സൗന്ദര്യവൽക്കരണം

121 (3348) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തുമ്പൂർമുഴി ശലഭോദ്യാനത്തിൽ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി 2017-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തുമ്പൂർമുഴി ശലഭോദ്യാനത്തിന്റെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി 2017-ൽ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ റെയിൻ ഷെൽട്ടർ, പാത്ത് വേ, റീലൊക്കേഷൻ ഓഫ് ഷോപ്, കർട്ടൻ ഫൗണ്ടൻ, ഫുട് ഓവർബ്രിഡ്ജ്, ലൈറ്റിങ്, സിറ്റിങ് അറേഞ്ച്മെന്റ്, ചിൽഡ്രൻസ് പാർക്ക്, ടോയ്ലെറ്റ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ, വാട്ടർ സപ്ലൈ & സാനിറ്ററി വർക്ക്, ഇലക്ട്രിക്കൽ വർക്ക് തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

ടി പദ്ധതിക്ക് 4 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ 80 ശതമാനം തുകയായ 3,20,00,000/-രൂപ കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിന് മുൻകൂറായി നൽകിയിരുന്നു. നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ് ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രവൃത്തിയുടെ നിർവഹണ ചുമതല നൽകിയത് ഏത് ഏജൻസിക്കായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

പ്രവൃത്തിയുടെ നിർവഹണ ചുമതല കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിനാണ് നൽകിയിരിക്കുന്നത്.

(ഡി) പ്രവൃത്തിയുടെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

മലിനീകരണ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് പരിഹരിക്കുന്നതിനായി STP സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പ്രവൃത്തിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശവും സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

ടി പദ്ധതിയുമായി ബന്ധപ്പെട്ട് കേസ്സുകളൊന്നും നിലവിലില്ല.

തീരദേശ ഹൈവേയുടെ വികസനവും ടൂറിസം മേഖലയും

122 (3349) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമോ; വിശദമാക്കുമോ?

(എ&ബി) തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളിലേക്കുള്ള ആക്സസിബിലിറ്റി കൂട്ടുകയും സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കുകയും ചെയ്യുമെന്നും ഇത് വിനോദസഞ്ചാര രംഗത്തിന് ഗുണപ്രദമാകുമെന്നും പ്രതീക്ഷിക്കുന്നു. നിലവിൽ വിനോദസഞ്ചാര പ്രവർത്തനങ്ങളില്ലാത്ത തീരദേശ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾ വരുന്നതിന് ഇത് സഹായകരമാകുന്നതോടൊപ്പം വിനോദസഞ്ചാര വളർച്ചയ്ക്കും പ്രാദേശിക തൊഴിൽ സംരംഭങ്ങളുടെ പുരോഗതിക്കും ഇടയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഡെസ്റ്റിനേഷൻ ടൂറിസം, സൈക്കിൾ ടൂറിസം എന്നീ മേഖലകളുടെ പുരോഗതിക്ക് തീരദേശ ഹൈവേയുടെ പൂർത്തീകരണം സഹായിക്കുമോ; വിശദമാക്കുമോ?

സൈക്കിൾ യാത്രകൾ ഗ്രാമീണ ടൂറിസം മേഖലയുടെ ഒരു പ്രധാന ആകർഷണമാണ്. വിനോദസഞ്ചാര മേഖലയ്ക്ക് ഒരു പുതിയ ഉൽപ്പന്നം എന്ന രീതിയിൽ സൈക്കിൾ ടൂറിസം വളർത്തുവാൻ ഇത് സഹായിക്കും. പാരിസ്ഥിതിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി കാർബൺ ന്യൂട്രൽ യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് സഹായിക്കും. തീരദേശ ഹൈവേ നിർമ്മാണത്തിൽ ആവശ്യമായ ഇടങ്ങളിൽ സൈക്കിൾ ട്രാക്കുകൾ ഉൾപ്പെടുത്തുന്നത് ഡെസ്റ്റിനേഷൻ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനും ഈ പ്രദേശത്തെ ടൂറിസം ആക്ടിവിറ്റികൾ കൂടുതൽ ആകർഷകമാക്കുന്നതിനും സഹായിക്കും.

കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതി

123 (3350) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ ടോക്കൺ പ്രൊവിഷൻ അനുവദിച്ച് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ 2 കോടി രൂപ അടങ്കൽ തുകയായി കണക്കാക്കി 100 രൂപ ടോക്കണായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷമെങ്കിലും രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 1,53,82,810/- രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതകൂടി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

അതിരഷിള്ളി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം

124 (3351) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് മൊബിലൈസേഷൻ അഡ്വാൻസായി ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച തുക എത്രയെന്നും അനുവദിച്ചത് എന്നാണെന്നും അറിയിക്കാമോ?

അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് 31-03-2017-ലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരം 3,36,86,892/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയിരുന്നു.

(ബി) മൊബിലൈസേഷൻ അഡ്വാൻസായി തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പദ്ധതിയുടെ ഭരണാനുമതി റദ്ദാക്കുകയും അനുവദിച്ച തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് നിർദേശിച്ചും സർക്കാരിൽനിന്നും ഉത്തരവായിരുന്നു. നിരവധി തവണ ആവശ്യപ്പെട്ടിട്ടും തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക ഭവനനിർമ്മാണ ബോർഡിൽനിന്നും തിരികെ ഈടാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പദ്ധതിയുടെ ഭരണാനുമതി റദ്ദാക്കുകയും അനുവദിച്ച തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് നിർദേശിച്ചും സർക്കാരിൽനിന്നും ഉത്തരവായിരുന്നു. നിരവധി തവണ

ആവശ്യപ്പെട്ടിട്ടും തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭവനനിർമ്മാണ ബോർഡിൽനിന്ന് തുക തിരികെ ഈടാക്കി മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭവനനിർമ്മാണ ബോർഡിൽനിന്നും തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതിയ പദ്ധതി നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

നെന്മാറ നിയോജക മണ്ഡലത്തിലെ ടൂറിസം സാധ്യതകൾ

125 (3352) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ടൂറിസം സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയ സ്ഥലങ്ങളിൽ ടൂറിസം വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) പോത്തുണ്ടി ഡാം പ്രദേശത്തെ ടൂറിസം വികസനത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ നടപടി അവസാന ഘട്ടത്തിലാണ്.

വടക്കാഞ്ചേരി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ

126 (3353) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ വിനോദസഞ്ചാര വകുപ്പ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

2021 മുതൽ 2025 വരെയുള്ള കാലയളവിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ചിൽഡ്രൻസ് പാർക്കിൽ 40 ലക്ഷം രൂപയുടെ കളിയുപകരണങ്ങളും അനുബന്ധ പ്രവർത്തനങ്ങളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിരുന്നു. കൂടാതെ 2023-ൽ വാഴാനി സംഗീത ജലധാര പദ്ധതിക്ക് 5.99 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ 60 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂമല എക്കോ ടൂറിസം വില്ലേജിന് 3.85 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 65 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിലങ്ങൻകുന്ന് സൗന്ദര്യവൽക്കരണത്തിനായി രണ്ട് ഫേസുകളിലായി ഒരു കോടി രൂപയുടെയും 2 കോടി 45 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഡെസ്റ്റിനേഷൻ ചലഞ്ചിലുൾപ്പെടുത്തി കോലഴി റിവർ സൈഡ് പാർക്കിന് 91,70,000/- രൂപയും മിനി ഊട്ടിക്ക് 99,70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പാലങ്ങളുടെ അടിയിൽ പാർക്ക് സ്ഥാപിക്കുന്നതിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ

55,30,000/- രൂപയും അത്താണിയിൽ 70,60,000/- രൂപയും ചെമ്പിശ്ശേരിയിൽ 78,70,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബജറ്റിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(ബി&സി) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയായ വടക്കാഞ്ചേരി ടൂറിസം കോറിഡോർ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഒന്നരക്കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം

127 (3354) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ കല്ല്യാശ്ശേരി മണ്ഡലത്തിൽ വിനോദസഞ്ചാരമേഖലയുടെ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ എത്ര തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശം നൽകാമോ?

(എ&ബി) മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന ഫണ്ടുപയോഗിച്ച് ബോട്ട് ടെർമിനൽ @ പഴയങ്ങാടി എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച പദ്ധതിയിൽ ബോട്ട് ടെർമിനൽ അറ്റ് വാടിക്കൽ, ബോട്ട് ടെർമിനൽ അറ്റ് ചെറുകുന്ന്, ബോട്ട് ടെർമിനൽ താവം, ബോട്ട് ടെർമിനൽ പട്ടുവം, ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത്, ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത്, ബോട്ട് ടെർമിനൽ തെക്കുമ്പാട്, ബോട്ട് ടെർമിനൽ മുതുകുട, ബോട്ട് ടെർമിനൽ അറ്റ് മടക്കര, ബോട്ട് ടെർമിനൽ അറ്റ് മുട്ടിൽ എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ചർ

1. ബോട്ട് റേസ് ഗ്യാലറി മംഗലശ്ശേരി:- പദ്ധതി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. ബോട്ട് റേസ് ഗ്യാലറി പഴയങ്ങാടി:- പദ്ധതി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

3. പേൾ സ്പോട്ട് ഫ്ലോട്ടിങ് റെസ്റ്റോറന്റ്:- പദ്ധതി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഈ പദ്ധതികളിലൂടെ പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ബ്ലൂ ഫ്ലാഗ് ലഭിച്ചിട്ടുള്ള അഴീക്കൽ ചാൽ ബീച്ച്

128 (3355) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലൂ ഫ്ലാഗ് അംഗീകാരം ലഭിച്ചിട്ടുള്ള അഴീക്കൽ ചാൽ ബീച്ചിൽ ടൂറിസം വകുപ്പിന് വികസന പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ബീച്ച് നവീകരിക്കുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിലുള്ള നിലവിൽ ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള ചാൽ ബീച്ചിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ടൂറിസം പദ്ധതി നടപ്പാക്കണമെന്നാണ് ടൂറിസം വകുപ്പ് തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി പദ്ധതിരേഖ തയ്യാറാക്കാനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കേണ്ട ചാൽ ബീച്ച് കടൽ പുറമ്പോക്കാണെന്ന് ബോധ്യപ്പെട്ടുകയും അത് സർവെ നടത്തി ഫീൽഡ് മെഷർമെന്റിലേക്ക് രേഖാപരമായി വരവ് വരുത്തുന്നതിനും വിനോദസഞ്ചാര വകുപ്പിന് പ്രസ്തുത സ്ഥലത്തിന്മേൽ നിയന്ത്രിതാനുമതി അനുവദിച്ച് തരുന്നതിനും കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇത് ലഭ്യമായാൽ ഉടൻ പദ്ധതിരേഖ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളിലേക്ക് കടക്കാനാകും.

തുറവൂർ വേ-സൈഡ് പാർക്ക് പുനരുദ്ധാരണത്തിന് നടപടി

129 (3356) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തുറവൂർ വേ-സൈഡ് പാർക്ക് കാടുപിടിച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

അരൂർ മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തുറവൂർ വേ-സൈഡ് പാർക്ക് ശുചീകരണത്തിനായി ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. കൂടാതെ, മാസത്തിൽ ഒരു തവണ മാസ് ക്ലീനിങ് നടത്തുന്നുണ്ട്.

(ബി) പ്രസ്തുത പാർക്ക് നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം പാർക്കിന്റെ പുരുദ്ധാരണത്തിനായി ടൂറിസം വകുപ്പ് എത്ര രൂപ ചെലവാക്കിയെന്ന് വിശദമാക്കാമോ?

തുറവൂർ വേ-സൈഡ് പാർക്കിന്റെ പുനരുദ്ധാരണത്തിനായി ടൂറിസം വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) പ്രസ്തുത പാർക്ക് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി പാലത്തിന് സമീപം സംസ്ഥാന വിനോദസഞ്ചാര വകുപ്പ് നിർമ്മിച്ച "തുറവൂർ വേ-സൈഡ് അമിനിറ്റി സെന്റർ" 2022 ഒക്ടോബർ മാസം മുതൽ ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് പരിപാലിച്ചുവരുന്നത്. ടി പാർക്കിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെട്ട വിനോദ കേന്ദ്രമായി പരിപാലിക്കുന്നതിന് 2022 മുതൽ 3 തവണ താൽപര്യപത്രം ക്ഷണിച്ചിരുന്നെങ്കിലും ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 2024 ഒക്ടോബർ മാസം വീണ്ടും താൽപര്യപത്രം ക്ഷണിച്ച് താൽപര്യപത്ര നടപടികൾ പൂർത്തീകരിച്ചെങ്കിലും പദ്ധതി ഏറ്റെടുത്ത വ്യക്തി താൽപര്യപത്ര നടപടികളിൽനിന്നും പിന്മാറിയിരുന്നു. മേൽ സാഹചര്യത്തിൽ തുറവൂർ വേ-സൈഡ് അമിനിറ്റി സെന്ററിന്റെ താൽപര്യപത്രം വീണ്ടും

ക്ഷണിക്കുകയും 22-08-2025-ൽ നടന്ന താൽപര്യപത്ര നടപടിക്രമങ്ങൾ പ്രകാരം സാങ്കേതിക സാമ്പത്തിക ദർഘാസുകളുടെ പരിശോധന നടന്നുവരികയാണ്.

മാവേലിക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

130 (3357) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശവും അവയുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കുമോ?

15-10-2024-ലെ സ.ഉ.(സാധാ)നം.569/2024/ടൂറിസം പ്രകാരം, വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് 2 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതിയുടെ സർവെ സ്കെച്ച്, സേഫ്റ്റി & സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, CRZ exemption സർട്ടിഫിക്കറ്റ് എന്നിവയും ലഭ്യമായതിനെത്തുടർന്ന് 04-05-2025-ൽ M/s. KEL-ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. ഡെസ്റ്റിനേഷൻ ചലഞ്ചിലുൾപ്പെടുത്തി ഇരപ്പൻപാറ റെയിൻബോ വാട്ടർഫാൾസ് ആൻഡ് ഇക്കോ ടൂറിസം പദ്ധതിക്കായി 29.31 ലക്ഷം രൂപ അനുവദിച്ചിരുന്നു.

വിനോദസഞ്ചാര വകുപ്പ് പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

131 (3358) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ തൽസ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പാറശ്ശാല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- Department of Tourism Proposal for supply of Boats to Neyyar Dam Boat Club-Thiruvananthapuram. പ്രസ്തുത പദ്ധതിക്ക് 88,59,600/-രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.
- Destination Development of Thekkan Kurishumala in Thiruvananthapuram. പ്രസ്തുത പദ്ധതിക്ക് 1,08,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.
- Development of Neyyar Dam as a Tourist Destination. പ്രസ്തുത പദ്ധതിക്ക് 4,65,10,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.
- Destination Development at Neyyar Dam at Thiruvananthapuram. പ്രസ്തുത പദ്ധതിക്ക് 3,50,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി നിർവഹിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. 31-12-2025-നുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അമ്പൂരി കുമ്പിച്ചൽകടവ് പാലത്തിൽ വി-പാർക്ക് നിർമ്മിക്കുന്നതിനും പാലത്തിന്റെ പ്രവേശന ഭാഗത്തെ ഭിത്തികളിൽ ഗോത്ര സംസ്കാരത്തെയും സാംസ്കാരിക പൈതൃകത്തെയും സൂചിപ്പിക്കുന്ന ആർട്ടീരിയ മാതൃകയിൽ ചുമർചിത്രങ്ങൾ തയ്യാറാക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

അമ്പൂരി കുമ്പിച്ചൽകടവ് പാലത്തിൽ വി-പാർക്ക് നിർമ്മിക്കുന്നതിന് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ.)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. പാലത്തിന്റെ പ്രവേശന ഭാഗത്തെ ഭിത്തികളിൽ സംസ്കാരത്തെയും ഗോത്ര സാംസ്കാരിക പൈതൃകത്തെയും സൂചിപ്പിക്കുന്ന ആർട്ടീരിയ മാതൃകയിൽ ചുമർചിത്രങ്ങൾ ഒരു പദ്ധതി ഘടകമായി ഉൾപ്പെടുത്തുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) അരുവിപ്പുറം മഠം കേന്ദ്രമാക്കി ടൂറിസം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

അരുവിപ്പുറം മഠം കേന്ദ്രമാക്കി ടൂറിസം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) പാറശ്ശാല മണ്ഡലത്തിൽ ടൂറിസം വകുപ്പ് പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

1. നവകേരള സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികളിൽ അമ്പൂരി ഗ്രാമപഞ്ചായത്ത് "ഹിൽ ഏരിയ ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ്" എന്ന പദ്ധതിക്കായി ഏഴുകോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. കേരള സ്റ്റേറ്റ് ഡിസൈൻ പോളിസിയുടെ ഭാഗമായി, 'വീ പാർക്ക് ബ്രിഡ്ജ് വൈബ്സ്' പദ്ധതിയിലൂടെ പാലങ്ങൾക്ക് താഴെയുള്ള സ്ഥലങ്ങൾ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിലെ കുമ്പിച്ചൽ പാലത്തിന് താഴെയുള്ള സ്ഥലം വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

ക്ലരാച്ചുണ്ട് നമ്പിക്കുളം ടൂറിസം പദ്ധതി

132 (3359) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിലെ ക്ലരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ നമ്പിക്കുളം ടൂറിസം പദ്ധതിയുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

നമ്പികുളം എക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി വാച്ച് ടവർ, നടപ്പാത, കഫറ്റേരിയ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ

പ്രവർത്തനങ്ങൾക്കായി 72,32,600/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s. Forest Industries (Travancore) Ltd. എന്ന ഏജൻസിയെ ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുക്കുകയും പദ്ധതിയുടെ നിർമ്മാണത്തിനായി പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളിൽ റീട്ടെയിനിങ് വാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. പദ്ധതി പ്രദേശത്തേക്കുള്ള KSEB 3 Phase Connection, വാട്ടർ ലഭ്യതയ്ക്കായുള്ള പ്ലംബിങ് വർക്കുകൾ, ഫെൻസിങ് വർക്കുകൾ, ചിൽഡ്രൻസ് പ്ലേ എക്വിപ്മെന്റ്സ് എന്നിവയാണ് രണ്ടാംഘട്ടത്തിലെ ഇനി നടപ്പിലാക്കാനുള്ള പ്രവൃത്തികൾ. 2025 ഡിസംബറിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി

133 (3360) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി എത്ര ഘട്ടങ്ങളിലായാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ബാവിക്കര ടൂറിസം പദ്ധതിക്ക് രണ്ടുഘട്ടങ്ങളിലായി കിയോസ്ക്, ടോയ്ലെറ്റ്, ടിക്കറ്റ് കൗണ്ടർ, സീറ്റിങ്/കിഡ്സ് ഡിസ്പ്ലേ ഏരിയ, ബ്രിഡ്ജ്, സിവിൽ വർക്ക്സ്, ഇലക്ട്രിക്കൽ വർക്ക്സ് എന്നീ ഘടകങ്ങൾ ചെയ്യുന്നതിന് 24-07-2023-ലെ സ.ഉ.

(സാധാ)നം.364/2023/ടൂറിസം പ്രകാരം 4,91,63,463/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s. Habitat Technology group എന്ന ഏജൻസിയെ തിരഞ്ഞെടുക്കുകയും പദ്ധതിയുടെ നിർമ്മാണത്തിനായി ടി ഏജൻസിക്ക് 25-02-2024-ൽ വർക്ക് ഓർഡർ നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി CRZ ക്ലിയറൻസ് അനുമതി ആവശ്യമായതിനാൽ അത് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്ത് മുഖേന നൽകിയിട്ടുണ്ട്. CRZ അനുമതി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കണ്ണറയിലെ ടൂറിസം പദ്ധതികൾ

134 (3361) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വികസനത്തിന്റെ ഭാഗമായി കണ്ണറ നിയോജകമണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണറ നിയോജകമണ്ഡലത്തിൽ നിലവിൽ ടൂറിസം പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല.

പാലക്കാട് ജില്ലയിലെ പുതിയ ടൂറിസം പദ്ധതികൾ

135 (3362) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ 2023-25 കാലയളവിൽ ആരംഭിച്ച പുതിയ ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ 2023-25 കാലയളവിൽ ആരംഭിച്ച പുതിയ ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതി

136 (3363) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

2025-2 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആർക്കിടെക്ട് മുഖേന ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് പി.ഡബ്ല്യു.ഡി.-യിൽ നിന്ന് ലഭ്യമാക്കിയ, കെ.എച്ച്.ആർ.ഐ. തയ്യാറാക്കിയ പാലത്തിന്റെ പ്രാഥമിക അവലോകന റിപ്പോർട്ടുപ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയാൽ മാത്രമെ ഈ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. തുടർന്ന് പ്രസ്തുത പാലം പുനരുദ്ധാരണം നടത്തി മേൽപ്രവൃത്തിക്ക് യോഗ്യമാക്കി നൽകുവാൻ സാധിക്കുമോയെന്ന വിവരം പരിശോധിച്ച് സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പയ്യന്നൂർ മണ്ഡലത്തിൽ നടഷിലാക്കിയ ടൂറിസം പദ്ധതികൾ

137 (3364) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം പയ്യന്നൂർ മണ്ഡല പരിധിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ വാട്ടർ റിക്രിയേഷൻ സെന്റർ @ മീങ്കുഴി എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. നോർത്ത് മലബാർ റിവർ-ക്രൂയിസ്-ബോട്ട് ടെർമിനൽ അറ്റ് പുന്നക്കടവ്, മുക്കുവഞ്ചേരി എന്നീ പദ്ധതികളും പൂർത്തീകരിച്ചു. ആസ്ട്രോസ്പേസ് പാർക്ക് എന്ന പദ്ധതിക്ക് 3.82 കോടി രൂപ അനുവദിക്കുകയും അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചിത്രകുളം നവീകരണം

138 (3365) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചിത്രകൂളം നവീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി ശിപാർശയും അതിന്റെ ഡി.പി.ആർ.-ഉം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചിത്രകൂളം നവീകരണം എന്ന പദ്ധതി ഡെസ്റ്റിനേഷൻ ചലഞ്ച് സ്കീമിലുൾപ്പെടുത്തി നടപ്പാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി ലഭിച്ചിരുന്നു. പരിശോധനയിൽ അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് ആവശ്യമായ തിരുത്തലുകൾ വരുത്തി നൽകുന്നതിന് തദ്ദേശസ്ഥാപനത്തിന് നിർദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ

139 (3366) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്തും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം ഉദ്യാന നവീകരണത്തിനായി 21-06-2017-ലെ സ.ഉ.(സാധാ)നം. 326/2017/ടൂറിസം പ്രകാരം 4,76,88,166/- രൂപയുടെയും 27-12-2022-

ലെ സ.ഉ.(സാധാ) നം.478/2022/ടൂറിസം പ്രകാരം 4,72,25,844/- രൂപയുടെയും പുതുക്കിയ ഭരണാനുമതിയും നൽകിയിരുന്നു. നിർമ്മാണ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിരുന്നു.

(ബി) പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മംഗലം ഡാം ഉദ്യാനത്തിന്റെ സമഗ്ര വികസനത്തിനായി എം-പാനൽഡ് ആർക്കിടെക്ട് മുഖാന്തരം രൂപരേഖ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

വർക്കല മൈതാനം അണ്ടർ പാസേജിന്റെ ചുമരുകളുടെ സൗന്ദര്യവൽക്കരണം

140 (3367) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മൈതാനം അണ്ടർ പാസേജിന്റെ ചുമരുകൾ സൗന്ദര്യവൽക്കരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ടൂറിസം വകുപ്പിന് നൽകിയിട്ടുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഭരണാനുമതിക്കുള്ള നടപടി ത്വരിതപ്പെടുത്തുമോ?

വർക്കല മൈതാനം അണ്ടർ പാസേജിന്റെ ചുമരുകൾ സൗന്ദര്യവൽക്കരിക്കുന്നത് സംബന്ധിച്ച് പദ്ധതി നടപ്പാക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

പൊതു വിനോദസഞ്ചാര കേന്ദ്രം

141 (3368) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നടയറ പാലത്തിനുകീഴിലുള്ള സ്ഥലം ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക് തുടങ്ങിയ സൗകര്യങ്ങളുള്ള പൊതുവിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും സർവെ സ്കെച്ചും എൻ.ഒ.സി.-യും ലഭിക്കുന്നതിന് ഏത് വകുപ്പിനാണ് കത്തയച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾക്ക് കത്തയച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) നടയറ പാലത്തിന്റെ വശങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'വി പാർക്ക്' പദ്ധതിയിലുൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കുന്നതിന് രൂപകല്പനയും വിശദമായ ഡ്രോയിങ്ങുകളും തയ്യാറാക്കുന്നതിനായി KTIL-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിലേക്കായി ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ, സർവെ സ്കെച്ച്, ബന്ധപ്പെട്ട അധികാരികളിൽനിന്നുള്ള എൻ.ഒ.സി. എന്നിവയുൾപ്പെടെയുള്ള രേഖകൾ ആവശ്യമായിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (ബ്രിഡ്ജസ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വർക്കല വില്ലേജ് ഓഫീസർ എന്നിവർക്ക് വിനോദസഞ്ചാര വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽനിന്നും മറുപടി

ലഭ്യമായിട്ടുണ്ട്. അതിൽ സ്ഥലത്തിന്റെ സർവെ നമ്പർ പ്രകാരമുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ട്. അതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

വർക്കല കായൽ ടൂറിസം പദ്ധതികൾ

142 (3369) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കലയിലെ ഹരിഹരപുരം, കാപ്പിൽ പ്രദേശങ്ങളിൽ കായൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് ഏത് വകുപ്പിനോടാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

വർക്കലയിലെ ഹരിഹരപുരം, കാപ്പിൽ പ്രദേശങ്ങളിൽ കായൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വർക്കല താലൂക്ക് ആയിരൂർ വില്ലേജ് ബ്ലോക്ക് നമ്പർ-2 സർവെ നമ്പർ: 109/1 (8.86 ആർ) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ, സർവെ സ്കെച്ച്, ലൊക്കേഷൻ പ്ലാൻ എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആയിരൂർ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ടൂറിസം മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ്

143 (3370) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് എടുക്കുന്നതിനും പുതുക്കുന്നതിനുമുള്ള നടപടികൾ ഏകീകരിച്ച് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനോ നിലവിലുള്ളവ തുടർന്നുകൊണ്ടുപോകുന്നതിനോ ടൂറിസം വകുപ്പ് ലൈസൻസുകൾ നൽകാറില്ല. എന്നാൽ നിലവിലുള്ള ഹോംസ്റ്റേ, ഹൗസ്ബോട്ട്, സർവീസ്ഡ് വില്ല, റെസ്റ്റോറന്റ്, അമ്യൂസ്മെന്റ് പാർക്ക്, ടൂർ ഓപ്പറേറ്റർ അക്രെഡിറ്റേഷൻ മുതലായവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ക്ലാസ്സിഫിക്കേഷൻ, രജിസ്ട്രേഷൻ എന്നിവയ്ക്ക് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് ഓൺലൈൻ പ്ലാറ്റ്ഫോം ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം സംബന്ധമായ കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ടൂറിസം സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഹോസ്പിറ്റാലിറ്റി മേഖലയിൽ ഉന്നത നിലവാരത്തിലുള്ള നൈപുണ്യ വികസനം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ ടൂറിസം വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് SIHM, കണ്ണൂർ KIHM സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പ്രവത്തിക്കുന്ന FCI സെന്ററുകൾ എന്നിവ വഴി വിവിധ കോഴ്സുകൾ നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കേരള

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ നിലവിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത BSc Hotel Management & Catering Science കോഴ്സാണ് പഠിപ്പിക്കുന്നത്.

കേരളത്തിൽ പ്രവർത്തിക്കുന്ന 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി ഹോട്ടൽ മാനേജ്മെന്റിന്റെ വിവിധ ട്രേഡുകളിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളിൽ (9 മാസം ഇൻസ്റ്റിറ്റ്യൂട്ടുതല പരിശീലനം, 3 മാസം വ്യാവസായിക പരിശീലനം) വിദഗ്ധ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലയിൽ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ജോലിക്ക് പ്രാപ്തരാക്കുന്നു. വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസനത്തിനായി കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുഖേന BSc Hotel Management & Catering Technology കോഴ്സ്, മറ്റ് ഡിപ്ലോമ സ്കിൽ പരിശീലന കോഴ്സുകൾ നടത്തിവരുന്നു.

ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം സംബന്ധമായ കോഴ്സുകൾ മേൽ സ്ഥാപനങ്ങൾ മുഖേന നിലവിൽ നടത്തുന്നില്ല. ടൂറിസം മേഖലയിലെ മാനവ വിഭവശേഷി വികസനത്തിനാണ് മേൽ സ്ഥാപനങ്ങൾ ഊന്നൽ നൽകുന്നത്. കേരള സർക്കാരിന്റെ ടൂറിസം വകുപ്പിനുകീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കിറ്റ്സ്. യാത്ര, ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം, കൺസൾട്ടൻസി സേവനങ്ങൾ എന്നിവ നൽകുന്നു. പി.ജി കോഴ്സുകൾ, ഡിഗ്രി കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, ഐ.എ.ടി.എ. പ്രോഗ്രാം, സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഇന്റേൺഷിപ്പുകൾ തുടങ്ങിയ അക്കാദമിക് പ്രോഗ്രാമുകൾ

ഇതിലുൾപ്പെടുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-ന് നിലവിൽ തിരുവനന്തപുരത്തും തലശ്ശേരിയിലും മലയാറ്റൂരുമാണ് സെന്ററുകളുള്ളത്.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണം

144 (3371) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കൂപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും വലിച്ചെറിയുന്നതും വിവിധ മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾ, ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ശുചിത്വ മിഷൻ എന്നിവർ ചേർന്ന് ഗ്യാപ് അസസ്സ്മെന്റ് നടത്തുകയും ശുചീകരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ മുതലായവ

സ്ഥാപിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ വകുപ്പ് നടപ്പിലാക്കിയിരുന്നു. കായൽ ടൂറിസം മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായിരുന്ന മാലിന്യ നിർമ്മാർജനം. ഇതിനായി ടൂറിസം വകുപ്പ് കോട്ടയം ജില്ലയിലെ കുമരകത്ത് ഒരു STP-യും സ്ഥാപിച്ചിരുന്നു. നിലവിൽ കോട്ടയം ജില്ലയിലെ കുമരകത്തുള്ള പ്ലാന്റിൽ മാലിന്യം ബാർജ് മുഖേന കൊണ്ടുപോയി സംസ്കരിച്ചുവരുന്നു. ആലപ്പുഴ വട്ടക്കായലിൽ ഒരു പുതിയ എസ്.ടി.പി. സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. കോട്ടയം ജില്ലയിലെ സ്വീവേജ് ബാർജ് ഡ്രൈ ഡോക്ക് ചെയ്യുന്നതിനായി വകുപ്പ് 12,80,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തി 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, ആലപ്പുഴ ജില്ലയിൽ Construction & Delivery of 15m^3 Sewage Barge-ന് 97,29,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനായി മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി വകുപ്പ് വിവിധങ്ങളായ പദ്ധതികളാവിഷ്കരിച്ചുവരുന്നു.

ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ: കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൽ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ". പതിനാല് ജില്ലകളിലായി നടപ്പിലാക്കിവരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. ഇതിനായി വകുപ്പിൽനിന്നും തുകയും അനുവദിച്ചുവരുന്നുണ്ട്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 2025-26 എന്ന പദ്ധതിയുടെ നടത്തിപ്പിനായി 10,69,20,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം:- കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 62,10,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം:- ഇടുക്കി ജില്ലയിലുൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽമേട് (ആമപ്പാറ), രാമക്കൽമേട് പാർക്ക് പരുന്തുപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്-ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്),

വാഗമൺ (അഡ്വഞ്ചർ പാർക്ക്), തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്കായി 2024-25-ൽ 75,00,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും അത് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് ഗ്യാപ് അസസ്സ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണ്. അതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതുമാണ്. പ്ലാസ്റ്റിക് വസ്തുക്കൾ പാർക്കുകളിൽ കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിന് ശ്രദ്ധ പുലർത്തുന്നതിനും നല്ല രീതിയിൽ സഞ്ചാരികളെ പറഞ്ഞ് മനസ്സിലാക്കുന്നതിനും ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

വാമനപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പ് പദ്ധതികൾ

145 (3372) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം മണ്ഡലത്തിൽ പൊന്മുടി സർക്കാർ അതിഥിമന്ദിരത്തിന്റെ പൂർത്തീകരണത്തിനായി തുക ചെലവഴിക്കുകയും സർക്കാർ അതിഥിമന്ദിരം പ്രവൃത്തികളെല്ലാംതന്നെ പൂർത്തീകരിക്കുകയും ചെയ്തു. അനുവദിച്ച പ്രവൃത്തികളും ഭരണാനുമതി തുകയും ചുവടെ ചേർക്കുന്നു.

1. Construction of New Guest House at Ponmudi-Phase 3 പദ്ധതി- 2,25,00,000/- രൂപ.
2. Interior Furnishing of New Block at Government Guest House in Ponmudi പദ്ധതി- 99,90,960/- രൂപ.
3. Kitchen Furnishing work at Government Guest House Ponmudi: 21,59,868/- രൂപ.
4. Supply and installation of Curtain work at Government Guest House Ponmudi. - 4,99,086/- രൂപ
5. "Highway Amenity Centre at Vamanapuram Thiruvananthapuram- 99,90,000/-രൂപ.

(ബി) മണ്ഡലത്തിൽ പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

"Highway Amenity Centre at Vamanapuram Thiruvanathapuram എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 99,90,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s. ULCCS-നെ ചുമതലപ്പെടുത്തുകയും പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ ഉപയോഗാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ടൂറിസം വികസനം

146 (3373) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനങ്ങൾക്കായി നാളിതുവരെ ഒമ്പത് പദ്ധതികൾക്കായി 16,37,43,248/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 96,53,857/- രൂപയുടെ

ഭരണാനുമതി നൽകിയ 'റിനോവേഷൻ ഓഫ് റാണിപുരം റിസോർട്ട് അറ്റ് കാസർഗോഡ്' എന്ന പദ്ധതിക്ക് 5,49,424/- രൂപ റിലീസ് ചെയ്തിട്ടുണ്ട്.

വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി

147 (3374) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്കുള്ള വിദേശ സഞ്ചാരികളുടെ വരവ് വർധിപ്പിക്കുന്നതിനായി വിപുലമായ വിനോദസഞ്ചാര വിപണന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

സംസ്ഥാനത്തേക്കുള്ള വിദേശസഞ്ചാരികളുടെ വരവ് വർധിപ്പിക്കുന്നതിനായി വിപുലമായ വിനോദസഞ്ചാര വിപണന പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് നടത്തിവരുന്നുണ്ട്. ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി ശ്രദ്ധിക്കപ്പെടാനും വിദേശസഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു.

വിനോദസഞ്ചാര മേഖലയുടെ പ്രചരണത്തിന് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് "എന്റെ കേരളം എന്നും സുന്ദരം". കേരളത്തിലെ പ്രിയപ്പെട്ട സ്ഥലങ്ങളുടെ ഫോട്ടോകളും വീഡിയോകളും സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുകയും അതിൽനിന്ന്

തിരഞ്ഞെടുക്കുന്നവ കേരള ടൂറിസത്തിന്റെ മ്യൂസിക് വീഡിയോയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ് ക്യാമ്പയിൻ.

കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരെ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളും വഴി അവതരിപ്പിക്കുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ ആക്ടിവിറ്റി എന്ന ഈ പദ്ധതിയിലൂടെ കേരളത്തിലേക്ക് യാത്ര ചെയ്യാൻ താൽപര്യമുള്ള സഞ്ചാരികളിലേക്ക് നേരിട്ടെത്തുവാനും കേരള ടൂറിസം എന്ന ബ്രാൻഡ് അവബോധം വർധിപ്പിക്കുവാനും കഴിയുമെന്ന് വകുപ്പ് കരുതുന്നു.

ഇതോടൊപ്പം മിഡിൽ ഈസ്റ്റിൽനിന്നും യൂറോപ്പിൽനിന്നും കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ വിനോദസഞ്ചാര വകുപ്പ് പ്രചാരണം നടത്തിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, WhatsApp Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ

ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ വകുപ്പ് പുതുതായി ആവിഷ്കരിച്ച കാരവൻ ടൂറിസത്തിന് കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ച് വിദേശ സഞ്ചാരികളെ കൂടുതലായി കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നു. പ്രത്യേകം തയ്യാറാക്കിയ കാരവനുകളിൽ യാത്ര ചെയ്യുവാനും സുരക്ഷിതമായ കാരവൻ പാർക്കുകളിൽ താമസിക്കാനും സൗകര്യമൊരുക്കുന്ന ടി പദ്ധതിക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനായി Keravan Kerala – Caravan Tourism Promotion എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സാഹസിക വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പാരാഗ്ലൈഡിങ്, സർഫിങ്, മൗണ്ടൻ സൈക്ലിങ്, വൈറ്റ് വാട്ടർ കയാക്കിങ് തുടങ്ങിയ വിവിധ സാഹസിക വിനോദസഞ്ചാര മത്സരങ്ങൾ നടത്തുകയുണ്ടായി. ഇതുവഴി സാഹസിക വിനോദസഞ്ചാര മേഖലയിൽ താൽപര്യമുള്ള വിദേശസഞ്ചാരികൾ കേരളം സന്ദർശിക്കുന്നതിനുള്ള സാധ്യതകൾ വർധിക്കുമെന്ന് വകുപ്പ് വിലയിരുത്തുന്നു.

ആഭ്യന്തര-വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London

തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ക്രമാനുഗതമായ വർധനവ് സാധ്യമായിട്ടുണ്ട്. കൂടാതെ, കൂടുതൽ രാജ്യങ്ങളിൽ നിന്നും സഞ്ചാരികളെ ഇന്ത്യയിലേക്ക് എത്തിക്കുന്നതിന് Look East Policy-യും പ്രത്യേക പ്രചരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

(ബി) അന്താരാഷ്ട്രതലത്തിൽ കേരള ടൂറിസത്തിന്റെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ആധുനിക ഡിജിറ്റൽ വിപണന തന്ത്രങ്ങൾ എത്രത്തോളം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കുവാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിങ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിങ്ങിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫോസ്ബുക്ക്, യൂട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി It's Kerala Season, The State of Happiness, Love is in the Air തുടങ്ങിയ സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന്

എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നുണ്ട്. WhatsApp Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ള Interactive ക്യാമ്പയിനുകളിലൂടെ ഫലപ്രദമായ പ്രചാരണം വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും കേരള ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.

ഈ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുവാനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാകേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു. കേരള ടൂറിസത്തിന്റെ സോഷ്യൽ മീഡിയ ഇടപെടലുകൾക്ക് PATA-GOLD അവാർഡും ലഭിച്ചിട്ടുണ്ട്.

(സി) അന്താരാഷ്ട്ര ടൂറിസം മേഖലയിൽ കേരളത്തിന്റെ പരമ്പരാഗത ടൂറിസം ഉൽപ്പന്നങ്ങൾക്കുപരിയായി എന്തെല്ലാം നൂതന ഉൽപ്പന്നങ്ങൾ ലോകസഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

കാരവൻ ടൂറിസം, ഹെലി ടൂറിസം, സീപ്ലെയിൻ ടൂറിസം, വർക്കേഷൻ MICE, Wellness, Destination wedding തുടങ്ങിയ നൂതന ആശയങ്ങളിലൂടെ വിദേശീയർ ഉൾപ്പെടെയുള്ള സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) അന്താരാഷ്ട്ര ടൂറിസം മേഖലയിൽ കാലത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളിലൂടെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും കേരള ടൂറിസത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. അതോടൊപ്പം മിഡിൽ ഈസ്റ്റിൽനിന്നും യൂറോപ്പിൽനിന്നും കൂടുതൽ വിദേശസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ വിനോദസഞ്ചാര വകുപ്പ് പ്രചാരണം നടത്തിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, WhatsApp Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. കോവിഡിനുശേഷം ഓരോ വർഷവും വിദേശ സഞ്ചാരികളുടെ എണ്ണം ക്രമാനുഗതമായി വർധിച്ചുവരുന്നുണ്ട്.

മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ

148 (3375) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചികിത്സയ്ക്കുശേഷം വിനോദസഞ്ചാര കേന്ദ്രങ്ങൾകൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമാണ്. ഇന്ന് നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമാണ് ആയുർവേദം. ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ ആയുർവേദത്തിന് വിനോദസഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട്. കൂടാതെ, ആയുർവേദത്തിന്റെ പ്രചരാണർഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് വിദേശ രാജ്യങ്ങളിലടക്കം പ്രചാരണം നൽകുകയും ചെയ്തവരുന്നു. ടൂറിസം വകുപ്പ് നടപ്പാക്കിയ ആയുർവേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസിഫിക്കേഷൻ പദ്ധതിയും സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയതാണ്. ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻമൂലം

ആയുർവേദ മെഡിക്കൽ ടൂറിസത്തിന്റെ ഗുണനിലവാരം വർധിക്കുകയും നിരവധി ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർ ആയുർവേദത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആയുർവേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായി ധാരാളം വിദേശികളുൾപ്പെടെയുള്ള സഞ്ചാരികൾ കേരളത്തിൽ എത്തിച്ചേരുന്നുണ്ട്.

ടൂറിസം മേഖലയിലെ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളിൽ വിദേശ വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സ്കീം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരവും ഗുണനിലവാരവുമുള്ള ആയുർവേദ ടൂറിസം കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നുണ്ട്.

സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് ആയൂർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ 60-ഓളം ആയുർവേദ സെന്ററുകൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവേദ സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. മൂന്ന് വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി.

അഴീക്കോട് ചാൽ ബീച്ച് ഫെസ്റ്റിവൽ

149 (3376) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് ചാൽ ബീച്ച് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നുവെന്ന ആരോപണം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫെസ്റ്റിവലിന്റെ നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്തൊക്കെ ചുമതലകളാണ് നിർവഹിച്ചിട്ടുള്ളത്; വിനോദസഞ്ചാര വകുപ്പിൽനിന്നും ഫെസ്റ്റിവലിന് പണം അനുവദിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര വകുപ്പ് ഈ വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(എ-സി) ഫെസ്റ്റ് നടത്താനുള്ള അനുമതി ചാൽ ബീച്ച് പാർക്കിന്റെ നടത്തിപ്പ് കരാർ ഏറ്റെടുത്തിരുന്ന ചാൽ ബീച്ച് ക്ലീനിങ് ഗ്രൂപ്പിനാണ് നൽകിയിരുന്നത്. ഫെസ്റ്റിന്റെ നടത്തിപ്പിനുവേണ്ടി ഡി.ടി.പി.സി.-യും ചാൽ ബീച്ച് ക്ലീനിങ് ഗ്രൂപ്പുമായിട്ടാണ് കരാർ ഒപ്പുവച്ചിരുന്നത്. ഫെസ്റ്റുമായി ബന്ധപ്പെട്ട് ഡി.ടി.പി.സി.-യിൽ അടവ് വരുത്തേണ്ട തുക അടവ് വരുത്താനാവശ്യമായ നടപടികൾ ഡി.ടി.പി.സി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മൊത്തം 1,25,000/-രൂപ ഡി.ടി.പി.സി.-ക്ക് ലഭിച്ചിട്ടുണ്ട്. ഫെസ്റ്റിവലിന്

വിനോദസഞ്ചാര വകുപ്പിൽനിന്നോ ഡി.ടി.പി.സി.-യിൽനിന്നോ പണം അനുവദിച്ചിട്ടില്ല. ഫെസ്റ്റുമായി ബന്ധപ്പെട്ട് നിലവിൽ ഹൈക്കോടതിയിൽ ഒരു ഹർജി നിലനിൽക്കുന്നുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങൾ

150 (3377) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുകവഴി ടൂറിസം രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

ജനകീയ ടൂറിസം നയത്തിന്റെ ഭാഗമായി ടൂറിസം വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് രൂപം നൽകിയത്. ജനങ്ങൾക്ക് വിനോദസഞ്ചാരത്തെ കുറിച്ച് അവബോധമുണ്ടാക്കാനും സുസ്ഥിര വികസന മേഖലയിൽ ഇടപെടാനും ഉത്തരവാദിത്ത ടൂറിസം വഴി സാധിച്ചു. ഗ്രാമീണ ടൂറിസം വികസനത്തിനും പ്രാദേശിക തൊഴിൽ വർധിപ്പിക്കുന്നതിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്നുള്ളതും ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യമാണ്. ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക

കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായിട്ടാണ് കെ.ആർ.ടി.എം. സൊസൈറ്റി രൂപീകരിച്ചിരിക്കുന്നത്. അതിനനുസൃതമായ പ്രവർത്തനങ്ങൾ സൊസൈറ്റി നടത്തിവരുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി സംസ്ഥാനത്താകെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; സംസ്ഥാനത്ത് നടപ്പാക്കിയ അനുഭവപരിചയ ടൂർ പാക്കേജുകളുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത മിഷന്റെ ഭാഗമായി ആരംഭിച്ച വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ടൂറിസം രംഗത്ത് എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്; ഇതിലൂടെ എത്ര കുടുംബങ്ങളാണ് നേരിട്ട് ടൂറിസം രംഗത്തേക്ക് കടന്നുവന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി&സി) സംസ്ഥാന വ്യാപകമായുള്ള രജിസ്റ്റേർഡ് യൂണിറ്റുകൾ-25,188. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായ യൂണിറ്റുകളുടെ എണ്ണം-17279. കേരളത്തിന്റെ ഏറ്റവും വലിയ ടൂറിസം ആകർഷണമായ ഗ്രാമീണ ജീവിതം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന ടൂർ പാക്കേജുകളാണ് കെ.ആർ.ടി.എം. സൊസൈറ്റി നടപ്പാക്കുന്നത്. ഈ പാക്കേജുകൾ വഴി പരമ്പരാഗത തൊഴിൽ, കാർഷിക മേഖലകളിലേക്ക് വിദേശസഞ്ചാരികൾ വരുന്നു. അതിലൂടെ സാധാരണ തൊഴിലാളികളും വരുമാനം നേടിതുടങ്ങിയിരിക്കുന്നു. കുമരകത്തും തേക്കടിയിലും വയനാട്ടിലും നേരത്തെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ

വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഇന്ന് കേരളത്തിലുടനീളം വ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വിവിധങ്ങളായ 80 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഇപ്പോൾ ലഭ്യമാണ്. ഈ പാക്കേജുകളിലായി 850 കുടുംബങ്ങൾ പ്രത്യക്ഷമായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു.

(ഡി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി നടപ്പാക്കിയ വില്ലേജ് പ്ലാൻ-പീപ്പിൾസ് റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

ഇത്തരമൊരു പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷനോ നിലവിലെ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയോ നടപ്പാക്കിയിട്ടില്ല.

ടൂറിസം മേഖലയിലെ പ്രചാരണ പ്രവർത്തനങ്ങൾ

151 (3378) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിലെ പ്രചാരണ പ്രവർത്തനങ്ങൾ, മാർക്കറ്റിങ്, ബ്രാൻഡിങ്, ക്യാമ്പയിനുകൾ എന്നിവ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ വരവ് വർധിപ്പിക്കാൻ എപ്രകാരം സഹായകരമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി ശ്രദ്ധിക്കപ്പെടാനും വിദേശസഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ പ്രചരണത്തിനായി വിനോദ സഞ്ചാരവകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് "എന്റെ കേരളം എന്നും സുന്ദരം". എല്ലാവരും അവരവർക്ക് പ്രിയപ്പെട്ട സ്ഥലങ്ങളുടെ ഫോട്ടോകളും വീഡിയോകളും പോസ്റ്റ് ചെയ്യുകയും അതിൽനിന്ന് തിരഞ്ഞെടുക്കുന്നവ കേരള ടൂറിസത്തിന്റെ മ്യൂസിക് വീഡിയോയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നതാണ് ടി ക്യാമ്പയിൻ.

കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരെ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളും വഴി അവതരിപ്പിക്കുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ ആകൂ വിറ്റി എന്ന ഈ പദ്ധതിയിലൂടെ കേരളത്തിലേക്ക് യാത്ര ചെയ്യാൻ താൽപര്യമുള്ള സഞ്ചാരികളിലേക്ക് നേരിട്ടെത്തുവാനും കേരള ടൂറിസം എന്ന ബ്രാൻഡ് അവബോധം വർധിപ്പിക്കുവാനും കഴിയുമെന്ന് വകുപ്പ് കരുതുന്നു.

ഇതോടൊപ്പം മിഡിൽ ഈസ്റ്റിൽനിന്നും യൂറോപ്പിൽനിന്നും കൂടുതൽ വിദേശസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ,

ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകളിൽ വിനോദസഞ്ചാര വകുപ്പ് പ്രചാരണം നടത്തിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, WhatsApp Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ഹ്യൂമൻ ബൈ നേച്ചർ എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ വകുപ്പ് പുതുതായി ആവിഷ്കരിച്ച കാരവൻ ടൂറിസത്തിന് കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ച് വിദേശ സഞ്ചാരികളെ കൂടുതലായി കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകം തയ്യാറാക്കിയ കാരവനുകളിൽ യാത്ര ചെയ്യുവാനും സുരക്ഷിതമായ കാരവൻ പാർക്കുകളിൽ താമസിക്കാനും സൗകര്യമൊരുക്കുന്ന ടി പദ്ധതിക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനായി Keravan Kerala-Caravan Tourism Promotion എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

സാഹസിക വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പാരാഗ്ലൈഡിങ്, സർഫിങ്, മൗണ്ടൻ സൈക്ലിങ്, വൈറ്റ് വാട്ടർ കയാക്കിങ് തുടങ്ങിയ വിവിധ സാഹസിക വിനോദസഞ്ചാര മത്സരങ്ങൾ വകുപ്പ് നടത്തുകയുണ്ടായി. ആഭ്യന്തര വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin, MITT Moscow തുടങ്ങിയ വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന

മേളകളിൽ സ്ഥിരമായി പങ്കെടുക്കുകയും Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വർഷാവർഷം ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. ഈ പ്രചാരണങ്ങളുടെകൂടി ഭാഗമായി കോവിഡിനുശേഷം സംസ്ഥാനത്ത് സഞ്ചാരികളുടെ എണ്ണം റെക്കോർഡിൽ എത്തി. ടൂറിസം മേഖലയിലെ വരുമാനവും റെക്കോർഡ് ഭേദിച്ചു.

(ബി) വിദേശി ടൂറിസ്റ്റുകളുടെ വരവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വർധനവും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും തൊഴിലവസരങ്ങളിലും ഉണ്ടാക്കിയ മാറ്റങ്ങൾ വിശകലനം ചെയ്യാമോ?

വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർധനവ് കേരള ടൂറിസം വഴിയുള്ള വരുമാനം വർധിപ്പിക്കാൻ സഹായിച്ചു. 2024-ൽ 22985363 സഞ്ചാരികൾ കേരളം സന്ദർശിച്ചു. 2024-ൽ 45053.61 കോടി രൂപയാണ് ടൂറിസം മേഖലയിൽനിന്നുള്ള വരുമാനം. പുതിയ ടൂറിസം സംരംഭങ്ങളുടെ വരവ് തൊഴിലവസരവും വർധിപ്പിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ പ്രദേശിക തൊഴിലവസരങ്ങളും വർധിപ്പിച്ചിട്ടുണ്ട്.

(സി) കേരള ടൂറിസം വകുപ്പിന്റെ പുതിയ പദ്ധതികളായ ആർ.ടി. മിഷൻ, അഡ്വഞ്ചർ ടൂറിസം, കലാമേളകൾ എന്നിവ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലും സാംസ്കാരിക ഇടങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചുവെന്ന് വിശദമാക്കാമോ?

കേരള ടൂറിസം വകുപ്പ് ഗ്രാമീണ കലാമേളകൾ സംഘടിപ്പിക്കുന്നതിലൂടെ കേരളത്തിലെ തനത് കലകളെയും കായികവിനോദങ്ങളെയും പ്രോത്സാഹിപ്പിക്കുകയും അതിലൂടെ ദേശീയ-അന്തർദേശീയ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. കേരള ടൂറിസം, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി വഴി നടത്തപ്പെടുന്ന സർഫിങ്

ഫെസ്റ്റിവൽ, പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ, മൗണ്ടൻ സൈക്ലിങ് തുടങ്ങിയവയും നല്ലനിലയിൽ ദേശീയ അന്തർദേശീയ വിനോദസഞ്ചാരികളെ ആകർഷിക്കുന്നവയാണ്. കൂടാതെ, റെസ്പോൺസിബിൾ ടൂറിസം വഴി നടപ്പിലാക്കുന്ന ഗ്രാമീണ പദ്ധതികൾ, പ്രദർശന വിപണന മേളകൾ എന്നിവ ഗ്രാമീണ വരുമാന മാർഗത്തിലൂപരി ദേശീയ-അന്തർദേശീയ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വലിയ സംഭാവനകൾ നൽകുന്നുണ്ട്.

കേരളത്തിന്റെ കല-സംസ്കാരം തുടങ്ങിയവ സഞ്ചാരികൾക്ക് പകർന്ന് നൽകുവാൻ സാധിക്കുന്നുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിലും കൂടുതൽ വരുമാനം ഉറപ്പാക്കുവാൻ ഈ പദ്ധതികളിലൂടെ സാധിക്കുന്നു. പുറംലോകം അറിയാതിരുന്ന ടൂറിസം കേന്ദ്രങ്ങളാണ് ഇത്തരം പദ്ധതികളിലൂടെ ലോകത്തിന് പരിചയപ്പെടുത്തിയത്.

(ഡി) ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ ടൂറിസം നേരിടേണ്ടി വരുന്ന വെല്ലുവിളികളും അവയെ മറികടക്കാൻ സ്വീകരിക്കുന്ന നടപടികളും വിശദമാക്കാമോ?

കേരളം പ്രകൃതിദൃശ്യ സൗന്ദര്യത്താൽ, സാംസ്കാരിക പൈതൃകത്താൽ, ആരോഗ്യ-ആയുർവേദ ടൂറിസം സാധ്യതകളാൽ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാന ടൂറിസം മേഖല വളർന്നുവരുന്നത്. ഇതോടൊപ്പം, ഭാവിയിൽ സംസ്ഥാനത്തിന്റെ ടൂറിസം മേഖല നേരിടാനിടയുള്ള ചില പ്രധാന വെല്ലുവിളികളുമുണ്ട്. അവയെ മറികടക്കുന്നതിന് ഡിസൈൻ പോളിസിയുൾപ്പെടെയുള്ള നയരേഖകൾ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണ മേഖലയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയാണ്. ക്യാരിയിങ് കപ്പാസിറ്റി പഠനം നടത്തി ഓവർ ടൂറിസത്തിന്റെ

പ്രത്യാഘാതങ്ങളെ മറികടക്കുവാൻ ശ്രമിക്കുന്നുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ച് കേരളമാകെ ടൂറിസം വ്യാപകമാക്കുവാനും ശ്രമിക്കുന്നുണ്ട്.

വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പരസ്യത്തിനായി ചെലവഴിച്ച തുക

152 (3379) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ചെലവഴിച്ച ആകെ തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

ഹോംസ്റ്റേകളുടെ രജിസ്ട്രേഷൻ

153 (3380) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോംസ്റ്റേകളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കി ക്ലാസ്സിഫിക്കേഷൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി കുടുംബങ്ങളെ കോർത്തിണക്കിക്കൊണ്ട് ആരംഭിക്കാവുന്ന ഒരു സംരംഭമായാണ് ഹോംസ്റ്റേ

എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുവഴി വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ തനതായ സംസ്കാരം മനസ്സിലാക്കുവാനും തദ്ദേശവാസികളുടെ സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനവും സാധ്യമാണ്. കേരളത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിൽ കുറഞ്ഞത് ഒരു മുറി മുതൽ ആറ് മുറിവരെ വിനോദസഞ്ചാരികൾക്ക് ഹോംസ്റ്റേയായി നൽകാവുന്നതാണ്. നിലവിൽ വിനോദസഞ്ചാര വകുപ്പ് താഴെപ്പറയുന്ന മൂന്ന് വിഭാഗത്തിലാണ് ഹോംസ്റ്റേകൾക്ക് അംഗീകാരം നൽകുന്നത്.

- ഡയമണ്ട് വിഭാഗം
- ഗോൾഡ് വിഭാഗം
- സിൽവർ വിഭാഗം

മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ അംഗീകാരം നൽകുന്നതിനായി സർക്കാർ വിശദമായ മാർഗനിർദേശങ്ങൾ നൽകുകയും അത് വിലയിരുത്തി അംഗീകാരം നൽകാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകുന്ന ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ട്.

(ബി) ഹോംസ്റ്റേകൾ രജിസ്റ്റർ ചെയ്യുന്നതിനും ക്ലാസ്സിഫിക്കേഷൻ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഹോംസ്റ്റേ നടത്തുന്നതിന് നിലവിൽ ലളിതമായ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് സിൽവർ, ഗോൾഡ്, ഡയമണ്ട് കാറ്റഗറിയിൽ ഹോംസ്റ്റേകൾക്ക് ക്ലാസ്സിഫിക്കേഷൻ

നൽകുന്നത്. ഏറ്റവും മികച്ച ഹോംസ്റ്റേകൾക്ക് ഡയമണ്ട് ക്ലാസ്സിഫിക്കേഷൻ നൽകുന്നു. സൗകര്യങ്ങൾ വിലയിരുത്തിയാണ് തരംതിരിക്കൽ. ഹോംസ്റ്റേകൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

ക്ലാസ്സിഫിക്കേഷന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന ഓണർഷിപ്പ് റെസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ, കരം അടച്ച രസീതുകൾ, വസ്തുകരം അടച്ച രസീത്, അതത് സ്ഥലത്തെ പോലീസ് സ്റ്റേഷനിൽനിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ എന്നിവ ആവശ്യമുണ്ട്.

ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താൻ നടപടി

154 (3381) ശ്രീ. വി. ജോയി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനായിട്ടുണ്ട്. ഓണത്തിന്റെ പ്രത്യേകത ലോക ടൂറിസം മേഖലയിൽ ലഭ്യമാക്കി വിദേശസഞ്ചാരികളെ ഓണക്കാലത്ത് എത്തിക്കാനായിരുന്നു ടൂറിസം വകുപ്പ് ലക്ഷ്യമിട്ടിരുന്നത്. വൈവിധ്യമാർന്ന ഓണാഘോഷത്തിൽ പങ്കുചേരുന്നതിന് ഇത്തവണ

വിദേശസഞ്ചാരികൾ കേരളത്തിലെത്തി. അതോടൊപ്പം ഉത്തരവാദിത്ത ടൂറിസത്തിന്റെ ലോകപ്രതിനിധിസംഘം കേരളത്തിലെത്തുകയും ഓണാഘോഷത്തിന്റെ ഭാഗമാവുകയും ചെയ്തു.

(ബി) ഇതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്ത കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി&സി) ഓണാഘോഷവുമായി ബന്ധപ്പെട്ട് വിദേശ വിനോദസഞ്ചാരികളെയുൾപ്പെടെ കേരളത്തിലേക്ക് ക്ഷണിക്കുകയും ഓണാഘോഷത്തിൽ പങ്കാളികളാക്കി കേരളത്തിന്റെ സാംസ്കാരിക പൈതൃകം നേരിൽക്കണ്ട് മനസ്സിലാക്കുന്നതിനുമായി പ്രത്യേകം സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ പന്ത്രണ്ടോളം വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ പദ്ധതിയുടെ ഭാഗമായി ഓണക്കാലത്ത് കേരളത്തിലെത്തി. കേരളത്തിലെ വ്യത്യസ്ത പ്രദേശങ്ങളിലെത്തി ഓണാഘോഷത്തിന്റെ ഭാഗമായി ഇവർ മാറി.

വിദ്യാഭ്യാസ നിലവാര സർവെ

155 (3382) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വിദ്യാഭ്യാസ നിലവാര സർവെയിൽ സംസ്ഥാനത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2024-ലെ ദേശീയ വിദ്യാഭ്യാസ സർവെയിൽ സംസ്ഥാനത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ കേരളം രണ്ടാം സ്ഥാനത്തെത്തിയിട്ടുണ്ട്. 3, 6, 9 എന്നീ ക്ലാസ്സുകളിലാണ് ദേശീയ വിദ്യാഭ്യാസ സർവെ നടന്നത്.

(ബി) ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് കൈക്കൊണ്ട പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് കൈക്കൊണ്ട പ്രത്യേക നടപടികൾ ചുവടെ പറയുന്നു.

1. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി.

2. സബ്ജക്ട് മിനിമം പദ്ധതി

3. പഠന പോഷണ പരിപാടികൾ

4. ന്യൂതനാശയ പ്രവർത്തനങ്ങൾ

5. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ.

6. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

7. അക്കാദമിക മോണിറ്ററിങ്

8. അധ്യാപക പരിശീലനങ്ങളും ക്ലസ്റ്റർ പരിശീലനങ്ങളും

9. ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ

10. പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ.

(സി) ദേശീയ പാഠ്യപദ്ധതി സർവെയിൽ സംസ്ഥാനത്തെ വിദ്യാർഥികൾ നേടിയ മുന്നേറ്റം സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തൽ എന്താണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., കൈറ്റ്, വിദ്യാകിരണം മിഷൻ, ഡയറ്റുകൾ തുടങ്ങിയ വിവിധ ഏജൻസികളുടെ ഏകോപനം-സഹകരണത്തോടെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങളുടെയും നിരന്തര പരിശീലനങ്ങളുടെയും ഫലപ്രദമായ ഇടപെടലുകളുടെയും കൃത്യമായ മോണിറ്ററിങിന്റെയും ഫലമായിട്ടുണ്ടായിട്ടുള്ളതാണ്. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ വർധിച്ചതും ഗുണമേന്മാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും എല്ലാ അധ്യാപകരും പൂർണ്ണയോഗ്യത നേടിയിട്ടുള്ള സ്ഥിരാധ്യാപകരായതും അധ്യാപകർക്ക് അവധിക്കാലത്തും തുടർന്നും കൃത്യമായി പരിശീലനം നൽകുന്നതും തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം, ആരോഗ്യം, എസ്.സി., എസ്.റ്റി, ആഭ്യന്തരം, എക്സൈസ് തുടങ്ങിയ വകുപ്പുകളുമായുള്ള ഏകോപന പ്രവർത്തനങ്ങളും പാഠപുസ്തകങ്ങൾ വളരെ നേരത്തെ കുട്ടികൾക്ക് ലഭ്യമാക്കുന്നതും മികച്ച പി.ടി.എ./എസ്.എം.സി. പ്രവർത്തനങ്ങളും മികച്ച വിദ്യാർഥി-അധ്യാപക അനുപാതവും ഹൈടെക് സ്കൂളുകളും സ്മാർട്ട് ക്ലാസ് മുറികളും അക്കാദമിക മോണിറ്ററിങും എല്ലാം കേരളത്തിന് ലഭിച്ച മുന്നേറ്റത്തിന് കാരണമായിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ പുരോഗതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ പുരോഗതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു. പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

2. സബ്ജക്ട് മിനിമം സമ്പ്രദായം

3. പാഠപുസ്തക പരിഷ്കരണത്തിന്റെ പൂർത്തീകരണവും അധ്യാപക സഹായികൾ ലഭ്യമാക്കലും.

4. മികവാർന്ന അധ്യാപക പരിശീലനം

5. ടീച്ചർ പ്രൊഫഷണലിസം വർധിപ്പിക്കുന്നതിനുള്ള പരീശീലനം

6. അക്കാദിക മോണിറ്ററിങ് ശക്തിപ്പെടുത്തൽ

7. മൂല്യനിർണ്ണയ പരിഷ്കരണം.

8. അക്കാദിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

9. സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാമുകൾ

10. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് അനുവദിച്ച തുക

156 (3383) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2016 മുതൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ കണക്ക് ജില്ല, വർഷം തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

157 (3384) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തേക്കാൾ ഈ അധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പൊതുവിദ്യാലയത്തിൽ (സർക്കാർ, എയ്ഡഡ്) മുൻവർഷത്തെക്കാൾ ഈ അധ്യയന വർഷത്തിൽ ആകെ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ (സർക്കാർ, എയ്ഡഡ്) കഴിഞ്ഞ അധ്യയനവർഷം ഒന്ന് മുതൽ ഒമ്പതുവരെ ക്ലാസ്സുകളിൽ

പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ട് മുതൽ പത്തുവരെ ക്ലാസ്സുകളിലായി പഠിക്കുന്നത്. ഇത്തരത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷം എല്ലാ ക്ലാസ്സിലും (2 മുതൽ 10 വരെ) വർധനവുണ്ടായിട്ടുണ്ട്. വർധനവ് ചുവടെ ചേർക്കുന്നു.

2025-2026 അധ്യയന വർഷം ഓരോ ക്ലാസ്സിലും വർധനവ് വന്ന കുട്ടികളുടെ എണ്ണം	
ക്ലാസ്	കുട്ടികളുടെ എണ്ണം
2	3044
3	250
4	806
5	8939
6	3874
7	3682
8	15128
9	4800
10	383
ആകെ	40906

2024 മാർച്ചിൽ 4.01 ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളായ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽനിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കി അടുത്തഘട്ടം വിദ്യാഭ്യാസത്തിന് പോയി. 2025 ജൂണിൽ ഒന്നാം ക്ലാസ്സിൽ എത്തിച്ചേർന്നത് 2.34 ലക്ഷം കുട്ടികളാണ്. ജനന നിരക്കിൽ വന്ന കുറവ് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിച്ചതായും ഒന്നാം ക്ലാസിൽ എത്തിച്ചേർന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നതായും കാണാൻ സാധിക്കും. 2 മുതൽ 10 വരെ എല്ലാ ക്ലാസ്സുകളിലും വർധനവാണ് ഈ അധ്യയനവർഷം വന്നിട്ടുള്ളത്. എസ്.എസ്.എൽ.സി. പാസായ വിദ്യാർഥികളുടെ എണ്ണം

അടിസ്ഥാനപ്പെടുത്തുമ്പോൾ ഹയർ സെക്കൻഡറി തലത്തിൽ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല.

(ബി) കുട്ടികൾ കുറയുന്നതുമൂലം അധ്യാപക തസ്തികകളിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

അധ്യയനവർഷം ആരംഭിച്ച് ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ വാലിഡ് UID അടിസ്ഥാനമാക്കി വിദ്യാർഥികളുടെ എണ്ണം കണക്കാക്കി ജൂലൈ 15-നകം തസ്തിക നിർണ്ണയം പൂർത്തിയാക്കണമെന്ന് KER അധ്യായം 23 ചട്ടം 12 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ കുട്ടികളുടെ എണ്ണം കുറഞ്ഞാൽ ആനുപാതികമായി അധ്യാപക തസ്തികകളിൽ കുറവുണ്ടാകാൻ സാധ്യതയുണ്ട്.

(സി) പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി: സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി എട്ട് മേഖലകളായി തിരിച്ച് വിശദമായ ആക്ഷൻ പ്ലാൻ ഉൾപ്പെടുത്തി 22-03-2025-ലെ സർക്കാർ ഉത്തരവ് 2182/2025/പൊ.വി. പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതിപ്രകാരം താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ: സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക് മുന്നേറ്റം ലക്ഷ്യംവച്ച് എല്ലാ സ്കൂളുകളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ

തയ്യാറാക്കിയിട്ടുണ്ട്. അതിൽ അക്കാദമിക മാസ്റ്റർ പ്ലാൻ, വിശദീകരണം, പൊതുഘടന, സ്കൂളുകൾക്ക് സ്വയം വിലയിരുത്താനുള്ള മാർഗരേഖ എന്നിവ ചേർത്തിട്ടുണ്ട്. അക്കാദമിക മാസ്റ്റർപ്ലാൻ ഈ അധ്യയന വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി സമഗ്ര പ്ലസിൽ രേഖപ്പെടുത്തുന്നു. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച പരിശോധന വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്ററിങ്ങിൽ ഉറപ്പുവരുത്തുന്നു. സ്കൂൾ വിക്കിയിലും അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

അക്കാദമിക മോണിറ്ററിങ്: സമഗ്ര പ്ലസ് അടിസ്ഥാനപ്പെടുത്തി പ്രഥമാധ്യാപകർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും പരിശീലനം നൽകി. ക്ലാസ് അടിസ്ഥാനത്തിൽ പഠന നേട്ടങ്ങൾ കൈവരിക്കുന്നതും ടീച്ചിങ് മാന്വലിൽ അത് പ്രതിഫലിപ്പിക്കുന്നതിനും ഓൺലൈനായി രേഖപ്പെടുത്തലുകൾ നടത്തുന്നതിന് പരിശീലനം നൽകി. സഹിതം പോർട്ടലിൽ കുട്ടികളുടെ പഠനനില രക്ഷിതാക്കൾക്കുകൂടി വീക്ഷിക്കുന്ന തരത്തിൽ ലോഗിൻ നൽകിയിട്ടുണ്ട്. ഒന്നാം പാദവാർഷിക പരീക്ഷയോട് അനുബന്ധിച്ച് Competency based analytical ചോദ്യപേപ്പറുകളുടെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തിയിട്ടുണ്ട്.

സബ്ജക്ട് മിനിമം: സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി 1 മുതൽ 10 വരെ ക്ലാസ്സുകളിലായി ജനപങ്കാളിത്തത്തോടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പരിപാടി രൂപീകരിക്കുന്നതിന് 2024-25 അധ്യയന വർഷം എട്ടാം ക്ലാസ്സിലും 2025-26 അധ്യയന വർഷം 8, 9 ക്ലാസ്സുകളിലും 2026-27 അധ്യയന വർഷം 8, 9, 10 ക്ലാസ്സുകളിലും എഴുത്ത് പരീക്ഷയിൽ സബ്ജക്ട് മിനിമം

നടത്തുന്നതിന് 16-08-2024-ലെ സർക്കാർ ഉത്തരവ് 103/2024/പൊ.വി.വ. പ്രകാരം തീരുമാനിച്ചിരുന്നു.

ഒരു അധ്യയന വർഷത്തിൽ അതത് വിഷയങ്ങളിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ ആർജിക്കാതെ തൊട്ടടുത്ത ക്ലാസ്സിലേക്ക് പ്രവേശനം നൽകുന്നത് കുട്ടികളുടെ അക്കാദമിക് മുന്നേറ്റത്തിന് സഹായകരമല്ല. ഈ സാഹചര്യത്തിൽ അതത് ക്ലാസ്സിലെ പഠനലക്ഷ്യം നേടിയെന്ന് ഉറപ്പാക്കുന്നതിനും തുടർപഠനം സാധ്യമാക്കുന്നതിനും 2024-25 അധ്യയന വർഷം എട്ടാം ക്ലാസ്സിൽ എഴുത്ത് പരീക്ഷയിൽ സബ്ജക്ട് മിനിമം ഏർപ്പെടുത്തിയിരുന്നു. എഴുത്ത് പരീക്ഷയിൽ സബ്ജക്ട് മിനിമം ആർജിക്കാത്ത കുട്ടികൾക്ക് സ്കൂൾ അധ്യയന വർഷം ആരംഭത്തിൽ ബ്രിഡ്ജ് കോഴ്സ് നൽകി പഠന പിന്തുണ നൽകിയിരുന്നു. ഈ അധ്യയന വർഷം യു.പി. തലത്തിലേക്കും കൂടി ഇത് വ്യാപിക്കുന്നതിന് ആവശ്യമായ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ തുടർന്നുവരുന്നു.

<u>ടീച്ചിങ് മാനുവൽ തയ്യാറാക്കുന്നതും എസ്.ആർ.ജി. ചർച്ചയും</u>: ടീച്ചിങ് മാനുവൽ (പഠനാസൂത്രണം) സമർപ്പിക്കുന്നതിന് പ്രഥമാധ്യാപകർ/വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് അക്കാദമിക മോണിറ്ററിങ് നടത്തുന്നതിന് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രധാന തീരുമാനങ്ങളുൾപ്പെടെ എസ്.ആർ.ജി. മീറ്റിങ്ങിന്റെ ഭാഗമായി രേഖപ്പെടുത്താനും അവ നടപ്പിലാക്കിയെന്ന് മോണിറ്റർ ചെയ്യാനും സമഗ്ര പ്ലസിൽ അവസരം നൽകിയിട്ടുണ്ട്. നിലവിൽ സമഗ്ര പ്ലസ് പോർട്ടലിൽ അധ്യാപകർ രജിസ്റ്റർ ചെയ്യുകയും Class Monitoring നടത്തി പോർട്ടലിൽ upload ചെയ്യുകയും കൂടാതെ, Teaching Manual Submit ചെയ്തിട്ടുമുണ്ട്.

ലിറ്റിൽ മാസ്റ്റേഴ്സ്: സ്വാഭാവികവും നൈസർഗികവുമായ വാസനകളും കഴിവുകളും താൽപര്യങ്ങളും എല്ലാ കുട്ടികൾക്കുമുണ്ട്. എന്നാൽ ചില കുട്ടികളിൽ ഈ സ്വാഭാവികതയ്ക്കപരിയായ ചിന്താശേഷിയും താൽപര്യങ്ങളും കഴിവുകളുമുള്ളതായി കാണാം. ഇത്തരം കുട്ടികളെ പൊതുവെ നമ്മൾ പ്രതിഭാധനരായ കുട്ടികളായി പരിഗണിക്കുന്നു. പ്രൈമറി തലത്തിൽ പഠിക്കുന്ന ഇത്തരം പ്രതിഭാധനർക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് തുടക്കം കുറിക്കുന്ന പദ്ധതിയാണ് ലിറ്റിൽ മാസ്റ്റേഴ്സ്. ഈ പ്രതിഭാധനരുടെ ചിന്തകളെയും താൽപര്യങ്ങളെയും കഴിവുകളെയും പ്രത്യേകമായി പരിഗണിച്ചുകൊണ്ടുള്ള ബൗദ്ധികവും സർഗാത്മകവുമായ പോഷണ പരിപാടികളിലൂടെ ഇവരുടെ പ്രതിഭയെ വളർത്തിയെടുക്കാനുള്ള ശ്രമമാണ് ലിറ്റിൽ മാസ്റ്റേഴ്സ് എന്ന ഈ പദ്ധതി.

കേരളത്തിലെ എൽ.എസ്.എസ്. വിജയിച്ച കുട്ടികളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്കായി നടത്തുന്ന പദ്ധതിയാണ് ലിറ്റിൽ മാസ്റ്റേഴ്സ്. ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ഉപരിയായ വൈവിധ്യമാർന്ന അനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുക എന്നതാണ് പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ വിമർശനാത്മകചിന്ത, ഗവേഷണാഭിരുചി, മാനവികത, സ്വതന്ത്രചിന്ത, ക്രിയാത്മകത, അറിവിന്റെ കാലോചിത നവീകരണം എന്നിവ വികസിപ്പിക്കാൻ സഹായകമാകുന്ന തരത്തിലുള്ള അനുഭവങ്ങളാണ് ലിറ്റിൽ മാസ്റ്റേഴ്സിന് ലഭ്യമാകുക. പ്രതിഭകളുടെ സവിശേഷമായ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും പദ്ധതി സഹായിക്കുന്നു. ഈ പ്രോഗ്രാം 27-09-2025-ന് ആരംഭിക്കുന്നതിനുള്ള നിർദേശം വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

സ്കൂൾ ഗ്രേഡിങ്: സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകളെ സംസ്ഥാനത്തുടനീളമുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്കൂൾ ഗ്രേഡിങ് പ്രോഗ്രാം നടപ്പിലാക്കുന്നു. ഉയർന്ന പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളുകളെ തിരിച്ചറിയാനും അവരുടെ കഴിവുകൾ ശക്തിപ്പെടുത്താനും വിദ്യാഭ്യാസ സമ്പ്രദായത്തിലുടനീളം തുടർച്ചയായ പുരോഗതിയുടെ സംസ്കാരം പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തുടനീളമുള്ള തിരഞ്ഞെടുത്ത എല്ലാ സ്കൂളുകളും ഗ്രേഡിങ് പ്രക്രിയയ്ക്ക് വിധേയമാകും. ഓരോ സ്കൂളും ഗുണനിലവാര സൂചകങ്ങളെ അടിസ്ഥാനമാക്കി സമഗ്രമായ സ്വയം വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കും. ഓരോ സ്കൂളും സന്ദർശിച്ച് സ്വയം വിലയിരുത്തൽ പരിശോധിച്ച് സ്കൂൾ അധികൃതരുമായി ആശയവിനിമയം നടത്തുന്നതിനും അവരുടെ പ്രകടനത്തെ അടിസ്ഥാനമാക്കി, സ്കൂളുകളെ എ, ബി അല്ലെങ്കിൽ സി ആയി തരംതിരിക്കും. ഗ്രേഡിങ്ങിനുശേഷം ഓരോ ഉപജില്ലയിൽനിന്നും ഉയർന്ന ഗ്രേഡ് നേടിയ മികച്ച 20 ശതമാനം സ്കൂളുകളെ അടുത്തഘട്ട കേന്ദ്രീകൃത ഇടപെടലുകൾക്കായി തിരഞ്ഞെടുക്കും. ഈ തിരഞ്ഞെടുപ്പിൽ സർക്കാർ സ്കൂളുകൾക്കായിരിക്കും മുൻഗണന. തിരഞ്ഞെടുത്ത സ്കൂളുകളോട് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അവരുടെ മികച്ച സമ്പ്രദായങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള അവരുടെ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ ആവശ്യപ്പെടും. ഓരോ നിർദേശത്തിന്റെയും പ്രാധാന്യവും ആവശ്യവും അടിസ്ഥാനമാക്കി, സൂക്ഷ്മമായ അവലോകനത്തിനും നിരീക്ഷണത്തിനും ശേഷം സാമ്പത്തിക സഹായം നൽകും. ഈ സ്കൂളുകളിൽ അവരുടെ പ്രകടനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മാതൃകാ സമ്പ്രദായങ്ങൾ പ്രദർശിപ്പിക്കുന്നതിനുമായി തീവ്രമായ അക്കാദമിക് അനുബന്ധ അഡ്മിനിസ്ട്രേറ്റീവ്

പ്രവർത്തനങ്ങൾ നടപ്പിലാക്കും. ഈ പ്രോഗ്രാം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ തുടർന്നുവരുന്നു.

പട്ടികവർഗ വിദ്യാർഥികൾക്കുള്ള പ്രവർത്തന പദ്ധതി: സാമൂഹികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വയനാട് ഡയറ്റ് ഒരുക്കിയ പദ്ധതിയാണ് Tribal Education Management System. ഈ പദ്ധതിയുടെ ഭാഗമായി Tribal Student Support System വികസിപ്പിച്ചതിൽ Digital Attendance സംവിധാനം, അക്കാദമിക പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള Skilling programme, Smart painting, ആദിവാസി ഭവനങ്ങൾക്കുള്ള അടിസ്ഥാന പഠന സൗകര്യ പിന്തുണ, Performance Monitory and Feedback Mechanism എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വയനാട് ജില്ലാ പഞ്ചായത്ത് Co-ordination Committee-യുടെ പരിഗണനയിലുള്ള ഈ പദ്ധതിക്ക് നിലവിൽ അംഗീകാരം ലഭിച്ചിട്ടില്ല. അതിനാൽ Wayanad TEMS മാതൃകയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ Special Enrichment Programme 350 സ്കൂളുകളിൽ നടപ്പിലാക്കുകയാണ്. ഈ വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിന് വിവിധ വകുപ്പുകൾ Planning Board Chairman-ന്റെ അധ്യക്ഷതയിൽ co-ordination committee 27-08-2025-ൽ ചേർന്നിട്ടുള്ളതാണ്.

വയനാട് ജില്ലയിൽ 11-09-2025-ന് സന്ദർശനം നടത്തുകയും പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി അവലോകനം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടത്തുകയും പ്രസ്തുത അവലോകന യോഗത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ഡി.സി.പി.ഒ., ഡയറ്റ് പ്രിൻസിപ്പാൾ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ജില്ലാ പ്ലാനിങ് ഓഫീസർ, പോലീസ്, ഡെപ്യൂട്ടി റെയ്ഞ്ച്

ഓഫീസർ (ഫോറസ്റ്റ്) എന്നിവർ ചേർന്ന് അവലോകന യോഗം നടത്തി. യോഗത്തിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വയനാട് ജില്ലയിലെ ആകെ കുട്ടികളിൽ 20 ശതമാനവും പട്ടികവർഗ വിഭാഗത്തിലാണ്.

2. സ്കൂളുകളിൽ 50 ശതമാനം ഹാജരുള്ള കുട്ടികളുടെ എണ്ണം 343.

3. സ്കൂൾ തുറന്നതിനുശേഷം ഹാജരാകാത്ത കുട്ടികളുടെ എണ്ണം 184.

4. സ്കൂൾ തലത്തിൽ ഹാജർ ഉറപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ മീറ്റിങ് നടത്തിയിരുന്നു.

5. 50 ശതമാനത്തിൽ കുറവ് ഹാജരുള്ള കുട്ടികളെ കേന്ദ്രീകരിച്ച് ട്രൈബൽ പ്രൊമോട്ടർമാർ, മെന്റർമാർ പഞ്ചായത്തുകളെ ചേർത്ത് നടത്തിയ കൂടിയാലോചനകളിൽ Drop Out രജിസ്റ്റർ സ്കൂൾ തലത്തിൽ നിർമ്മിക്കുകയും 15, 30, 45 ദിവസ കാലയളവിൽ പരിശോധിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

6. ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ സ്കൂളിൽ ഹാജരാകാത്ത കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ ഉന്നതി (കോളനി) അടിസ്ഥാനത്തിൽ പ്രൊമോട്ടർമാരുടെയും പഞ്ചായത്തുകളുടെയും യോഗം ചേരുന്നുണ്ട്.

7. രക്ഷിതാക്കളിലെ അവബോധ കുറവ് കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് തടസ്സമാകുന്നു.

8. സ്വന്തം ഗോത്രഭാഷയിലല്ലാതെ അധ്യയനം നടത്തുമ്പോഴുള്ള പ്രയാസം.

9. എല്ലാ ഊരുകളിലും യാത്രാസൗകര്യം ലഭ്യമല്ലാത്തത് (വിദ്യാവാഹിനി) പല വിദ്യാർഥികൾക്കും സ്കൂളിൽ എത്തിച്ചേരുന്നതിന് തടസ്സമാകുന്നു.

10. പല വിദ്യാർഥികൾക്കും കുടുംബാന്തരീക്ഷത്തിൽ രക്ഷിതാക്കളുടെ ലഹരി ഉപയോഗത്തിന്റെയും മറ്റും ഫലമായി പഠന സൗഹൃദ അന്തരീക്ഷം നിലവിലില്ലാത്തത്.

11. വിളവെടുപ്പ്, വിളയിറക്കൽ കാലങ്ങളിൽ കുട്ടികൾ രക്ഷിതാക്കൾക്കൊപ്പം കാർഷിക ജോലിക്ക് പോകുന്നത്.

12. അയൽ സംസ്ഥാനങ്ങളിലെ കൃഷിയിടങ്ങളിൽ രക്ഷിതാക്കൾക്കൊപ്പം തൊഴിൽ തേടി പോകുന്നത്. മേൽ പ്രശ്നങ്ങൾക്ക് പരിഹാരമായി TEMS മാതൃകയിൽ Special Enrichment Programme-ൽ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>പട്ടികവർഗ വിദ്യാർഥികൾക്കായിയുള്ള പഠന പദ്ധതി</u>: കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഉയർന്ന നില, എല്ലാ കുട്ടികൾക്കും ലഭ്യമാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുട്ടികളെ അവരുടെ കഴിവിന്റെ പരമാവധി വികസിപ്പിച്ച് സമൂഹത്തിൽ യോജ്യമായ സ്ഥാനം നേടാൻ സഹായിക്കേണ്ടതാണ്. പ്രതീക്ഷിക്കാത്ത പ്രകൃതിദുരന്തങ്ങൾ (പ്രത്യേകിച്ച് ഗോത്രപ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും) മൂലമുള്ള വിദ്യാർഥികളുടെ മാനസിക സമ്മർദവും മുഖ്യധാരയിൽനിന്ന് വേർപെട്ട നിലയും അവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. ഈ പദ്ധതി പിന്നാക്ക സമൂഹങ്ങളിൽപ്പെട്ട സർക്കാർ സ്കൂൾ വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സമ്പുഷ്ടമായ സഹായം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ ഗോത്രപ്രദേശങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. NAS 2021 ഉൾപ്പെടെയുള്ള വിവിധ സർക്കാർ റിപ്പോർട്ടുകളും പഠനങ്ങളും പ്രകാരം ഗോത്രവിദ്യാർഥികളും മറ്റുസാമൂഹിക വിഭാഗങ്ങളിലെ വിദ്യാർഥികളും തമ്മിൽ അക്കാദമിക് പ്രകടനത്തിൽ വലിയ വ്യത്യാസമുണ്ട്.

1. കൂടുതൽ സ്കൂൾ വിട്ടുപോകൽ
2. കുറഞ്ഞ വിജയശതമാനം
3. ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള താൽപര്യക്കുറവ് എന്നിങ്ങനെ പ്രത്യക്ഷമാണ്.

<u>അക്കാദമിക് പ്രകടനത്തെ ബാധിക്കുന്ന പ്രധാന കാരണങ്ങൾ:</u>

1. മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ
2. പഠനമാധ്യമ വ്യത്യാസം
3. പാഠ്യപദ്ധതിയും സിലബസും ഗോത്ര വിദ്യാർഥികളുടെ പശ്ചാത്തലവുമായി പൊരുത്തപ്പെടാത്തത്
4. മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, കുട്ടികളുടെ പഠനത്തിൽ സ്വാഭാവിക തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഇത് മാതാപിതാക്കൾ പഠനപ്രക്രിയയിൽ ഇടപെടുന്നത് തടയുന്നു.
5. അതുപോലെ PTA-കളും സ്കൂൾ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.
6. സ്കൂളുകളിൽ ICT, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ കുറച്ചുമാത്രം ഉപയോഗിക്കപ്പെടുന്നു.

7. ക്ലാസ് റൂമുകൾ കൂടുതൽ സജീവവും പങ്കാളിത്തപരവുമാക്കുന്നതിൽ ICT പ്രധാന പങ്കുവഹിക്കുന്നതിനാൽ ഉപയോഗക്കുറവ് വിദ്യാർഥികളുടെ പഠനഫലത്തെ പ്രതികൂലമായി ബാധിക്കുന്നു.

8. അതിനാൽ ഗോത്രസമൂഹങ്ങളുടെ പ്രാദേശിക സാഹചര്യങ്ങൾ പാഠ്യപദ്ധതിയിലും പാഠ്യപുസ്തകത്തിലും ഉൾപ്പെടുത്തണം.

9. അനുബന്ധ പാഠപുസ്തകങ്ങൾ വികസിപ്പിക്കുക.

10. പ്രവർത്തനാധിഷ്ഠിത പഠനരീതികൾ (activity-oriented teaching) നടപ്പാക്കുക. ഇവ വഴി വിദ്യാർഥി-മാതാപിതാവ്-അധ്യാപകൻ ബന്ധം ശക്തിപ്പെടുത്താനും പഠനഫലം മെച്ചപ്പെടുത്താനും കഴിയും.

വെല്ലുവിളികൾ (Challenges):

1. പ്രാഥമിക പഠനകാലത്ത് ഭാഷാ തടസ്സങ്ങൾ.

2. പല ഗോത്രപ്രദേശങ്ങളിലും മൗസമിക കുടിയേറ്റം.

3. കുട്ടികൾ മാതാപിതാക്കളോടൊപ്പം തോട്ടങ്ങളിലും തൊഴിലിടങ്ങളിലും ജോലി ചെയ്യേണ്ട അവസ്ഥ.

4. ഡിജിറ്റൽ ഉപകരണങ്ങളും നെറ്റ്‌വർക്ക് സൗകര്യങ്ങളും ഇല്ലായ്മ.

5. പ്രതീക്ഷിക്കാത്ത പ്രകൃതിദുരന്തങ്ങളും സാമൂഹിക വേർപാടുമൂലമുള്ള മാനസിക സമ്മർദം.

6. ആർഥിക പിന്നാക്കാവസ്ഥ-കുടുംബവരുമാനം കൂട്ടാൻ കുട്ടികളെ ജോലിക്ക് അയയ്ക്കുന്നത്.

പരിപാടിയുടെ ലക്ഷ്യം (Aim of the Programme):

1. പ്രധാന പാഠ്യപുസ്തകത്തോടൊപ്പം പ്രാദേശിക സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുന്ന അനുബന്ധ പാഠ്യപുസ്തകം.

2. അധ്യാപകരും അധ്യാപകേതര ജീവനക്കാരും ഗോത്ര പശ്ചാത്തലം മനസ്സിലാക്കാൻ ശാസ്ത്രീയ പരിശീലനം.

3. ഹയർസെക്കൻഡറി ക്ലാസ്സുകളിൽ പ്രത്യേക വിഷയങ്ങൾക്ക് പ്രത്യേക പിന്തുണ നൽകുക.

4. സ്കൂളിൽ സ്ഥിരം അധ്യാപകരുടെയും കൗൺസിലർമാരുടെയും നിയമനം.

5. 8-ാം ക്ലാസ് മുതൽ തുടർച്ചയായി കരിയർ ഓറിയന്റേഷൻ പരിപാടികൾ.

ഗോത്രപ്രദേശ സ്കൂളുകൾ-ജില്ലാനുസൃത പട്ടിക.

Sl.No	District	Schools	No.of schools
1.	Thiruvananthapuram	Tribal	2
2.	Kollam	Tribal	1
3.	Pathanamthitta	Tribal	2
4.	Kottayam	Tribal	3
5.	Idukki	Tribal	4
6.	Ernakulam	Tribal	3
7.	Thrissur	Tribal	2
8.	Palakkad	Tribal	3
9.	Malappuram	Tribal	2
10.	Kozhikode	Tribal	1
11.	Wayanad	Tribal	9
12.	Kannur	Tribal	3
13.	Kasaragod	Tribal	5

	Total	40

2025-26 വർഷത്തിൽ സംസ്ഥാനത്തെ 50 സ്കൂളുകളെ തിരഞ്ഞെടുത്ത് Special Enrichment Programme നടപ്പിലാക്കുന്നു. പ്രസ്തുത പരിപാടി മുഖേന തിരഞ്ഞെടുത്ത സ്കൂളുകളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. Cumulative Record preparation

2. Expert Classes

3. Camps

4. Skill Development Workshops

5. Exposure Trips

6. Improving Infrastructure Facilities

7. Parental Awareness Programme

8. Student Support System

മേൽപ്പറഞ്ഞ സ്കൂളുകൾക്ക് ഒന്നാംഘട്ട ഫണ്ടായി ഓരോ സ്കൂളിനും 4,56,500/- രൂപ (കുമുലേറ്റീവ് റെക്കോർഡ് തയ്യാറാക്കൽ-15,000/-രൂപ, എക്സ്പെർട്ട് ക്ലാസ്സുകൾ-30,000/- രൂപ, ക്യാമ്പുകൾ-46,000/- രൂപ, നൈപുണ്യ വികസന ശിൽപശാല-46000/- രൂപ, പഠനയാത്ര-30,000/- രൂപ, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി-9,000/- രൂപ, ഭൗതിക സാഹചര്യ വികസനം- 2,55,500/- രൂപ, വിദ്യാർഥി പിന്തുണ പരിപാടി-25,000/- രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്. 27-08-2025-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

അധ്യക്ഷതയിൽ സംസ്ഥാന ആസൂത്രണ ബോർഡിൽവച്ച് പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാനതല മീറ്റിങ്ങ് കൂടി. എല്ലാ ജില്ലാ കളക്ടർമാരുടെയും യോഗം കൂടുവാനും 12-09-2025-ന് വയനാട് ജില്ലയിൽ ഒരു അവലോകന യോഗം കൂടുവാനും തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 12-09-2025-ന് വയനാട് ജില്ലാതല യോഗം കൂടുകയും ചെയ്തു. കൂടാതെ 50-ൽ കൂടുതൽ എസ്.ടി. കുട്ടികൾ പഠിക്കുന്ന 300 സ്കൂളുകൾ അടുത്ത വർഷത്തിൽ (2026-27) Special Enrichment Programme-ൽ ഉൾപ്പെടുത്തുവാൻ പ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

പുതിയ സ്കൂൾ കെട്ടിടങ്ങൾ

158 (3385) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകി തുക അനുവദിച്ചത്;

(ബി) ഇവയിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മണ്ഡലത്തിലെ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുകയുടെയും നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതുവരെ ആരംഭിക്കാൻ സാധിക്കാത്ത സ്കൂൾ കെട്ടിട നിർമ്മാണങ്ങൾ ഉടൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ജി.യു.പി.എസ്., സത്രം ഫോർട്ടിന് കെട്ടിടം പണിയുന്നതിന് സ്ഥലപരിമിതിയുള്ളതിനാൽ പഴയ കെട്ടിടം പൊളിച്ചുമാറ്റി മാത്രമെ പുതിയ കെട്ടിടം നിർമ്മിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ പൊളിച്ചുമാറ്റേണ്ട കെട്ടിടം തദ്ദേശസ്വയംഭരണ വകുപ്പ് 10 ലക്ഷം രൂപ വിനിയോഗിച്ച് അറ്റകുറ്റപണികൾ നടത്തിയതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനായില്ല. 2021-ൽ നൽകിയ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതിയ കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പ് മുഖേന ഡി.പി.ആർ തയ്യാറാക്കി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഇൻക്ലൂസീവ് വിദ്യാഭ്യാസം

159 (3386) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഇൻക്ലൂസീവ് വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും ഇൻക്ലൂസീവ് വിദ്യാഭ്യാസമാണ് നടപ്പിലാക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളയും സംയുക്തമായി 'Children Action Special Needs' (CWSN) പൊതുവിദ്യാലയങ്ങളിൽ

ഉൾച്ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സഹായോപകരണങ്ങൾ, തടസ്സരഹിത സൗകര്യങ്ങൾ, പ്രത്യേക അധ്യാപക പിന്തുണ എന്നിവ നൽകുന്നുണ്ട്.

(ബി) പഠനത്തിന് സഹായകമാവുന്ന സൗജന്യ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാഴ്ചപരിമിതരായ കുട്ടികൾക്ക് ബ്രയിൽ ടെക്സ്റ്റ്, ബ്രയിൽ പഠനോപകരണങ്ങൾ, ലാർജ് പ്രിന്റ് ടെക്സ്റ്റ് എന്നിവയും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ടി.എൽ.എം. കിറ്റുകൾ, വർക്ക് ഷീറ്റുകൾ പഠന സോഫ്റ്റ്വെയറുകൾ അടങ്ങുന്ന ടാബുകൾ എന്നിവ നൽകിയിട്ടുണ്ട്.

(സി) അധ്യാപകരെ ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിൽ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ വിദ്യാലയത്തിലെയും ഒരു ടീച്ചറിന് (നോഡൽ ടീച്ചർ) വീതം RPwD Act 2016, 21 ഭിന്നശേഷി വിഭാഗങ്ങൾ, Buddy സംവിധാനം, മോഡൽ ഇൻക്ലൂസീവ് സ്കൂൾ എന്നിവയെ ആസ്പദമാക്കി പരിശീലനങ്ങൾ നൽകിയിരുന്നു. കൂടാതെ, ശ്രവണപരമായ വെല്ലുവിളി (HI), കാഴ്ചപരമായ വെല്ലുവിളി (VI), ബുദ്ധിപരമായ വെല്ലുവിളി (ID), ഓട്ടിസം സ്പെക്ട്രം ഡിസോഡർ (ASD) എന്നീ അവസ്ഥയുള്ള കുട്ടികളെ ക്ലാസ് റൂം പ്രവർത്തനങ്ങളിൽ എങ്ങനെ ഉൾചേർക്കാം എന്ന വിഷയത്തിൽ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്.

(ഡി) ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഗൃഹാധിഷ്ഠിത പഠനവും റീഹാബിലിറ്റേഷൻ സഹായവും നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് സമഗ്രശിക്ഷാ കേരളം പദ്ധതി മുഖേന നിയമനം നൽകിയിട്ടുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം കുട്ടികളുടെ വീടുകളിലെത്തി നൽകിവരുന്നു.

അക്കാദമികമായി മുന്നേറാൻ കഴിയുന്ന കുട്ടികൾക്ക് ക്ലാസ് റൂം അനുഭവം നൽകുന്നതിനായി വെർച്വൽ ക്ലാസ്സുമുറികൾ വിദ്യാലയങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. ക്ലാസ് മുറി വീക്ഷിക്കുന്നതിനായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് ടാബുകളും നൽകിയിട്ടുണ്ട്.

റീഹാബിലിറ്റേഷൻ സാധ്യത ലഭ്യമാക്കുന്നതിനായി തിരഞ്ഞെടുത്ത തൊഴിൽ മേഖലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ "എസ്റ്റീം" എന്ന പേരിൽ സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതി മുഖേന നടപ്പിലാക്കിവരുന്നു.

(ഇ) ഇൻക്ലൂസീവ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ സ്കൂളുകളിൽ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിദ്യാലയങ്ങളിൽ ഇൻക്ലൂസീവ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാലയ അന്തരീക്ഷം ഭിന്നശേഷി സൗഹൃദമാകുന്നതിനുള്ള ഇടപെടൽ, സഹപാഠികളുടെ സൗഹൃദം ഉറപ്പാക്കുന്ന ബഡ്ഡി ഗ്രൂപ്പുകളുടെ രൂപീകരണം, ലോക ഭിന്നശേഷി ദിനം, വൈറ്റ് കെയ്ൻ ഡേ, ഓട്ടിസം കെയർ ഡേ തുടങ്ങിയ ദിനാചരണങ്ങളും സാമൂഹ്യ ഉൾചേർക്കൽ പരിപാടികൾ, ഇൻക്ലൂസീവ് സ്പോർട്സ് തുടങ്ങിയവ നടത്തിവരുന്നു.

പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി ഒരു ഏകീകൃത പാഠ്യപദ്ധതി

160 (3387) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം നൽകാതെ അവഗണിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ മേഖലയിലെ അധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ എപ്രകാരമാണെന്ന് വിശദമാക്കുമോ?

ഇല്ല. നിലവിൽ പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാരെ നിയമിക്കുന്നതിന് നിശ്ചിത യോഗ്യത 01-06-2013-ലെ സ.ഉ.(കൈ) നം. 180/2013/പൊവിവ. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രീ-പ്രൈമറി ക്ലാസ്സുകളിലെ അധ്യാപകരായി നിയമിക്കപ്പെടുവാനുള്ള യോഗ്യത പത്താം ക്ലാസ് വിജയവും സർക്കാർ അംഗീകൃത പി.പി.റ്റി.റ്റി.ഐ.-ൽനിന്നുമുള്ള വിജയകരമായ പരിശീലനം അല്ലെങ്കിൽ 2012-13 വരെയുള്ള ഒരു വർഷത്തെ ബാലസേവിക ടെയിനിങ് കോഴ്സ്/ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമും 2013-14 മുതലുള്ള രണ്ട് വർഷത്തെ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമുമാണ്. 07-09-2017-ലെ സ.ഉ.(കൈ) നം. 110/2017/പൊ.വി.വ. പ്രകാരം, പ്രീ-പ്രൈമറി അധ്യാപികമാർക്കും ആയമാർക്കും ഒരു വർഷത്തിൽ 15 ആകസ്മിക അവധിയും ഓണറേറിയത്തോടുകൂടി 6 മാസം പ്രസവാവധിയും കൂടാതെ, ക്യാൻസർപോലെയുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾകൾക്കനുസരിച്ച് ഓണറേറിയത്തോടുകൂടിയുള്ള അവധിയും അനുവദിച്ചിട്ടുണ്ട്.

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി വിഭാഗത്തിലെ യോഗ്യരായ അധ്യാപകർക്കും ആയമാർക്കും സർക്കാർ നിലവിൽ ഓണറേറിയം നൽകുകയും

അത് കാലോചിതമായി വർധിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. ടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. 03-02-2021-ലെ സ.ഉ.(സാധാ)നം. 1047/2021/പൊ.വി.വ. പ്രകാരം, 10 വർഷത്തിനുമുകളിൽ സേവന കാലയളവുള്ള പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും പ്രതിമാസം യഥാക്രമം 12500/-രൂപ, 7500/-രൂപ നിരക്കിലും 10 വർഷത്തിന് താഴെ സേവനകാലയളവുള്ള പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും പ്രതിമാസം യഥാക്രമം 12,000/-രൂപ, 7000/-രൂപ നിരക്കിലും ഓണറേറിയം അനുവദിച്ചുവരുന്നു.

(ബി) ഒരു ഏകീകൃതമായ പാഠ്യപദ്ധതി പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി രൂപീകരിച്ച് അധ്യാപകർക്ക് സമയബന്ധിതമായി പരിശീലന ക്ലാസ്സുകൾ നൽകുന്നതിനും ഈ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

നിലവിൽ അംഗീകാരമുള്ള എല്ലാ സർക്കാർ പ്രീ-പ്രൈമറി വിദ്യാലയങ്ങളിലും ഏകീകൃതമായ പാഠ്യപദ്ധതി അനുസരിച്ചാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി ജീവനക്കാർക്ക് സംസ്ഥാനതലത്തിൽ നാല് സോണുകളിലായി SRG പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന് ജില്ലാതലത്തിൽ പരിശീലനം നടത്തിവരുന്നു. വനിത-ശിശുവികസന വകുപ്പിന്റെ കീഴിലുള്ള അങ്കണവാടികളിൽകൂടി ഇതേ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും SCERT-യുമായി ചേർന്ന് വനിത-ശിശുവികസന വകുപ്പ് നടപടി സ്വീകരിക്കുന്നുമുണ്ട്.

(സി) ഈ മേഖലയിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലെ പ്രീ-പ്രൈമറി അധ്യാപകരുടെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി&ഡി) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. നടത്തുന്ന പ്രീ- പ്രൈമറി വിഭാഗത്തിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ 51 സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി വിഭാഗങ്ങളിൽ നിയമനം PSC മുഖേനയാണ് നടത്തുന്നത്.

കാസർഗോഡ് ഡയറ്റിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുകൂല്യങ്ങളും

161 (3388) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡയറ്റിൽ (ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ടെയിനിങ്) എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ഡയറ്റിലെ (ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ടെയിനിങ്) സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഡയറ്റിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര മാസത്തെ ശമ്പളമാണ് കുടിശ്ശികയായിട്ടുള്ളത്; വ്യക്തമാക്കുമോ?

കാസർഗോഡ് ഉൾപ്പടെയുള്ള സംസ്ഥാനത്തിലെ എല്ലാ ഡയറ്റുകൾക്കും 2025 ആഗസ്റ്റ് മാസം വരെയുള്ള ശമ്പളം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശമ്പളവും ആനുകൂല്യവും ലഭിക്കാത്തത് കാരണം ജീവനക്കാർക്ക് ഉണ്ടായ പ്രയാസങ്ങളും മാനസിക സംഘർഷങ്ങളും സർക്കാർ വിലയിരുത്തുമോ; ശമ്പളവും ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഡയറ്റുകൾക്ക് 2018 സാമ്പത്തിക വർഷം മുതൽ കേന്ദ്ര വിഹിതം എസ്.എസ്.കെ. മുഖാന്തരമാണ് ലഭിച്ചുവന്നിരുന്നത്. കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന രീതിയിലാണ് ഡയറ്റുകൾക്ക് ലഭ്യമായിരുന്നത്. എന്നാൽ നിലവിൽ കേന്ദ്ര വിഹിതം ഒന്നുംതന്നെ ലഭിക്കുന്നില്ല. അതിനാൽ 2024 ഏപ്രിൽ മാസം മുതൽ 2025 ആഗസ്റ്റ് മാസംവരെയുള്ള ഡയറ്റ് ജീവനക്കാരുടെ ശമ്പളം (100 ശതമാനം) സംസ്ഥാന സർക്കാരാണ് നൽകിയിട്ടുള്ളത്.

സ്കൂൾ വിദ്യാർഥികളുടെ സുരക്ഷ

162 (3389) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം, ഉച്ചഭക്ഷണം, യാത്രാ സുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങളുൾപ്പെടുത്തി 13-05-2025, 31-05-2025, 26-07-2025, 07-08-2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർനടപടി സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച പൊതുവായ പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

അപകട സാധ്യത വിലയിരുത്തൽ (Safety Audits): സ്കൂളുകളിലെ കെട്ടിടങ്ങൾ, ഇലക്ട്രിക്കൽ സംവിധാനങ്ങൾ, ഫയർ സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ കൃത്യമായി പരിശോധിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹായത്തോടെ സുരക്ഷാ ഓഡിറ്റുകൾ, സംവിധാനങ്ങൾ തുടങ്ങിയവ കൃത്യമായി നടത്താൻ നിർദേശിച്ചിട്ടുണ്ട്. സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്.

പാമ്പുകടിപോലുള്ള അപകടങ്ങൾ തടയാൻ മാർഗരേഖകൾ: സ്കൂൾ പരിസരവും ക്ലാസ് മുറികളും വൃത്തിയായി സൂക്ഷിക്കുന്നതിനും പാമ്പുകളും മറ്റ് ഇഴജന്തുക്കളും കയറാതെ ശ്രദ്ധിക്കുന്നതിനും കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. വിദ്യാർഥികളുടെ ബാഗുകളും ഷൂസുകളും ക്ലാസ് മുറികൾക്ക് പുറത്തുവയ്ക്കുന്നത് ഒഴിവാക്കാൻ പ്രത്യേക നിർദേശങ്ങളുണ്ട്.

ഗതാഗത സുരക്ഷ: സ്കൂൾ ബസ്സുകളുടെയും മറ്റു വാഹനങ്ങളുടെയും ഫിറ്റ്നസ് കൃത്യമായി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡ്രൈവർമാർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സ്കൂൾ സമയങ്ങളിൽ

സ്കൂളുകൾക്ക് മുന്നിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാനും പാർക്കിങ് തടയാനും പോലീസുമായി സഹകരിച്ചുള്ള നടപടി സ്വീകരിക്കുന്നു.

ദുരന്തനിവാരണ പരിശീലനം (Disaster Management Training): പ്രളയം, തീപിടുത്തം, ഭൂകമ്പം തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ വിദ്യാർഥികൾക്കും അധ്യാപകർക്കും പരിശീലനം നൽകുന്നു. ഇതിന്റെ ഭാഗമായി മോക് ഡ്രില്ലുകൾ സംഘടിപ്പിക്കുന്നു. ഓരോ സ്കൂളിനും ഒരു ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മോക് നിവാരണ പ്ലാൻ തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ നടപടികൾ: സ്കൂളിന് സമീപമുള്ള കടകളിൽ ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നത് തടയാൻ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതലത്തിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുകയും കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ഈ നടപടി കൂടാതെ, വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ സ്കൂൾ അധികൃതർക്കും പി.ടി.എ.-യ്ക്കും പ്രധാന പങ്കുണ്ട്. ടി വിഷയത്തിൽ സർക്കാർ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പുവരുത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ തരത്തിലുള്ള സുരക്ഷയും ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശപ്രകാരം സുരക്ഷാ സെൽ രൂപീകരിക്കുകയും ഡി.ഡി.ഇ., ആർ.ഡി.ഡി., ഡി.ഇ.ഒ., ഡയറ്റ് പ്രിൻസിപ്പൽ, ഡി.പി.സി. തുടങ്ങിയ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും

സുരക്ഷാ ഓഡിറ്റ് വീണ്ടും നടത്തുവാൻ തീരുമാനിച്ചതനുസരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തുകയും ഡയറ്റ് പ്രിൻസിപ്പൽമാർ വഴി റിപ്പോർട്ട് ക്രോഡീകരിച്ച് തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർനടപടി ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. അതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും വിശദമായ കണക്ക് പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കുകയും അതിന്മേൽ തുടർനടപടി കൈക്കൊണ്ട് എല്ലാ രീതിയിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

(ബി) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്കായി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും പ്രസ്തുത പരിശോധനകൾ കൃത്യമായി നടക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ (DDE)-യുടെ കർശനമായ മേൽനോട്ടത്തിൽ മോട്ടോർ വാഹന വകുപ്പാണ് (MVD) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനകൾക്ക് നേതൃത്വം നൽകുന്നത്. എല്ലാ അധ്യയന വർഷവും സ്കൂൾ തുറക്കുന്നതിനുമുമ്പായി വിദ്യാഭ്യാസ വകുപ്പ്, പോലീസ്, MVD ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു സംയുക്ത പരിശോധനാ സംഘം (Joint Inspection Team) രൂപീകരിക്കുന്നു. ഈ സംഘത്തിന്റെ നിരീക്ഷണത്തിൽ ജില്ലയിലെ എല്ലാ സ്കൂൾ ബസ്സുകളിലും 'വിദ്യാലയ വാഹന'

മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ വിശദമായ പരിശോധന നടത്തുന്നു. വാഹനങ്ങളിൽ സി.സി.ടി.വി ക്യാമറകൾ, വേഗത നിയന്ത്രണ ഉപകരണം (ഗവർണർ), എമർജൻസി എക്സിറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവയുണ്ടെന്ന് ഉറപ്പാക്കാനും കുട്ടികളെ സഹായിക്കാൻ വനിതാ അറ്റൻഡർമാരെ നിയമിക്കാനും വിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്ക് കർശന നിർദ്ദേശങ്ങൾ നൽകുന്നു. പരിശോധനകൾക്കുശേഷം ഹരിത കാർഡ് (Green Card) ലഭിക്കുന്ന വാഹനങ്ങൾക്കുമാത്രമെ സർവീസ് നടത്താൻ അനുവാദമുള്ളൂ. എന്നാൽ, ഫിറ്റ്നസ് ലഭിച്ചതിനുശേഷവും ചില വാഹനങ്ങൾ നിയമങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ വിദ്യാഭ്യാസ വകുപ്പിന്റെ അഭ്യർഥനപ്രകാരം MVD സ്പെഷ്യൽ സ്ക്വാഡുകൾ ജില്ലയിൽ ഉടനീളം മിന്നൽ പരിശോധനകൾ (Surprise Checks) നടത്തുന്നുണ്ട്. ഇത്തരം പരിശോധനകളിലൂടെ നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ പിഴ ചുമത്തുകയും സർവീസ് നിർത്തലാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നതിലൂടെ പരിശോധനകൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും കുട്ടികളുടെ യാത്ര സുരക്ഷിതമാക്കാനും ജില്ലകളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷയുമായി ബന്ധപ്പെട്ടുള്ള എന്തെങ്കിലും അപകടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഡി) സ്കൂൾ കുട്ടികളുടെ യാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ട്രെയിനിങ് നൽകിവരുന്നുണ്ടോ; വിശദമാക്കുമോ?

(സി&ഡി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഇ) സ്കൂളുകളിൽനിന്നും വിനോദയാത്രകൾ പോകുന്നതിന് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണ് വിനോദയാത്രകൾ സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പാക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

1. പഠന യാത്രകൾ സ്കൂൾ മേലധികാരിയുടെ പൂർണ്ണ നിയന്ത്രണത്തിൽ ഒരു അധ്യാപക കൺവീനറുടെ ചുമതലയിലായിരിക്കണം സംഘടിപ്പിക്കേണ്ടത്. സ്കൂൾ പാർലമെന്റ് അംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാർഥി കൺവീനറും രണ്ട് അധ്യാപക പ്രതിനിധികളും ഒരു പി.ടി.എ. പ്രതിനിധിയും ഉൾപ്പെട്ട ഒരു ടൂർ കമ്മിറ്റി രൂപീകരിക്കണം.

2. പഠനയാത്രയ്ക്കായി തിരഞ്ഞെടുക്കുന്ന സ്ഥലം, യാത്രാപരിപാടികൾ, താമസം, ചെലവ് സംബന്ധിച്ച വിശദമായ രൂപരേഖ ടൂർ കമ്മിറ്റി തയ്യാറാക്കേണ്ടതും സ്കൂൾ പി.ടി.എ. എക്സിക്യൂട്ടീവിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുമാണ്. യാത്രാസംഘം ഓരോ ദിവസവും സന്ദർശിക്കുന്ന സ്ഥലം, താമസസ്ഥലത്തുനിന്നും പുറപ്പെടുന്നതും തിരിച്ചെത്തുന്നതുമായ സമയം എന്നിവ യാത്രാസമയത്ത് സംഘാടകർ സൂക്ഷിക്കേണ്ടതും പകർപ്പ് സ്കൂളുകളിലും ബന്ധപ്പെട്ട ഉപജില്ലാ/വിദ്യാഭ്യാസ ജില്ല ഡി.ഡി.ഇ./ആർ.ഡി.ഡി./എ.ഡി. എന്നിവർക്ക് സമർപ്പിക്കേണ്ടതുമാണ്. ടൂർ കഴിഞ്ഞ ഉടനെ കുട്ടികളുടെ അഭിപ്രായങ്ങളോടുകൂടിയ റിപ്പോർട്ട് ടൂർ കൺവീനർ പ്രിൻസിപ്പാളിന്/ പ്രഥമാധ്യാപകന് സമർപ്പിക്കണം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. യാത്രയിൽ പങ്കെടുക്കുന്ന വിദ്യാർഥികളുടെ രക്ഷിതാക്കളുടെ യോഗം ചേർന്ന് യാത്രാ വിവരങ്ങളും തയ്യാറെടുപ്പും വിശദീകരിക്കണം.

4. ഒരു അക്കാദമിക വർഷം ഇടവിട്ടോ തുടർച്ചയായോ പരമാവധി മൂന്ന് ദിവസങ്ങൾ മാത്രമേ പഠന യാത്രയ്ക്കായി ഉപയോഗിക്കാൻ പാടുള്ളൂ. തുടർച്ചയായ മൂന്ന് ദിവസങ്ങളാണ് യാത്രയ്ക്ക് തിരഞ്ഞെടുക്കുന്നതെങ്കിൽ അതിൽ സ്കൂൾ പ്രവൃത്തിദിനമല്ലാത്ത ദിവസംകൂടി ചേർത്ത് ക്രമീകരിക്കേണ്ടതാണ്.

5. യാത്രകളിൽ പാലിക്കേണ്ട പൊതുനിയമങ്ങൾ സ്കൂൾ മേലധികാരി, പി.റ്റി.എ.-യുടെ അനുമതിയോടെ സ്കൂൾ നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6. പഠനയാത്രയ്ക്കായി അകലെയുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതുമൂലം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കാളികളാകാൻ പലപ്പോഴും സാധിക്കാറില്ല. അതിനാൽ എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പങ്കെടുക്കുവാൻ കഴിയുന്ന തരത്തിലുള്ള സ്ഥലങ്ങളാണ് കഴിയുന്നതും യാത്രയ്ക്കായി തിരഞ്ഞെടുക്കേണ്ടത്. കൂടാതെ, പഠനയാത്രയ്ക്കായി വിദ്യാർഥികളിൽനിന്നും അമിത തുക ഈടാക്കുവാനും പാടുള്ളതല്ല.

7. വിദ്യാഭ്യാസ പ്രാധാന്യമുള്ള സ്ഥലങ്ങളും സ്ഥാപനങ്ങളുമാകണം പഠന യാത്രയ്ക്ക് തിരഞ്ഞെടുക്കേണ്ടത്.

8. പഠനയാത്രാ സംഘം സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സവിശേഷതകൾ, സുരക്ഷാ സംവിധാനം എന്നിവയെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതിനായി ആ പ്രദേശത്തെ ബന്ധപ്പെട്ട അധികാരികളിൽനിന്ന് ആവശ്യമെങ്കിൽ മുൻകൂർ അനുമതി രേഖാമൂലം വാങ്ങേണ്ടതാണ്.

9. ജലയാത്രകൾ, വനയാത്രകൾ, വന്യമൃഗ സങ്കേതങ്ങൾ എന്നിവിടങ്ങളിലേക്ക് സന്ദർശനം നടത്തുമ്പോൾ ബന്ധപ്പെട്ട അധികാരികളെ മുൻകൂട്ടി അറിയിച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കി അവരുടെ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കണം. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ അംഗീകൃത ഗൈഡുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

10. പഠനയാത്രയ്ക്ക് രക്ഷാകർത്താക്കളുടെ അറിവും സമ്മതവും ആവശ്യമാണ്. യാത്രയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർഥികളുടെയും രക്ഷാകർത്താക്കളിൽനിന്നും സമ്മതപത്രം യാത്രയ്ക്ക് മുൻപായി വാങ്ങി സൂക്ഷിക്കണം.

11. രക്ഷിതാക്കളുടെ പ്രതിനിധികളെ യാത്രയിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

12. ഗതാഗത വകുപ്പ് നിർദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന വാഹനങ്ങൾ മാത്രമെ യാത്രയ്ക്ക് ഉപയോഗിക്കാൻ പാടുള്ളൂ. ട്രാഫിക് നിയമങ്ങൾ പാലിച്ചായിരിക്കണം യാത്ര നടത്തേണ്ടത്. അനധികൃതമായി രൂപമാറ്റം വരുത്തിയതും ആഡംബര ലൈറ്റുകൾ ഘടിപ്പിച്ചതും അരോചകവും ഉച്ചത്തിലുള്ളതുമായ ശബ്ദം പുറപ്പെടുവിക്കുന്ന ശബ്ദസംവിധാനങ്ങളുള്ളതുമായ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾ പഠനയാത്രയ്ക്കായി ഉപയോഗിക്കാൻ പാടില്ല. ബസ്സ്, ബോട്ട്, മറ്റ് വാഹനങ്ങൾ എന്നിവയിൽ നിയമപ്രകാരം അനുവദനീയമായ എണ്ണം ആളുകൾ മാത്രമെ കയറുവാൻ പാടുള്ളൂ. പഠനയാത്ര ആരംഭിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ വിവരം അറിയിക്കുന്നത് ഉചിതമായിരിക്കും.

13. പഠനയാത്ര പുറപ്പെടുന്നതിനുമുമ്പ് സ്കൂൾ ഉൾപ്പെടുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ യാത്ര സംബന്ധിച്ചും വാഹനത്തെ സംബന്ധിക്കുന്നതുമായ സമഗ്ര റിപ്പോർട്ട് നൽകണം.

14. യാത്ര പുറപ്പെടുന്നതിനുമുമ്പ് വാഹനങ്ങളുടെ ഫിറ്റ്നസ്സ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസ് എന്നീ രേഖകൾ ബന്ധപ്പെട്ട സ്കൂൾ അധികൃതർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

15. പഠനയാത്രയ്ക്ക് പുറപ്പെടുന്ന വിദ്യാർഥികളുടെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് മുൻകൂട്ടി ഉറപ്പാക്കേണ്ടതാണ്.

16. പഠനയാത്രയിൽ ഫസ്റ്റ് എയ്ഡ്, അത്യാവശ്യ മരുന്നുകൾ എന്നിവ കരുതിയിരിക്കണം.

17. പഠനയാത്രാ സംഘത്തിലെ അധ്യാപക-വിദ്യാർഥി അനുപാതം 1:15 ആയിരിക്കണം. 15 വിദ്യാർഥിനികൾക്ക് ഒരു അധ്യാപിക എന്ന പ്രകാരം യാത്രയിൽ ഉണ്ടാകേണ്ടതാണ്.

18. പ്രഥമാധ്യാപകനോ സീനിയറായ അധ്യാപകനോ യാത്രാസംഘത്തെ അനുഗമിക്കേണ്ടതാണ്.

19. രാത്രി 10 മണിക്കുശേഷവും രാവിലെ 5 മണിക്കുമുമ്പുള്ളതുമായ യാത്രകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

20. പഠനയാത്രകളിൽ സർക്കാരിന്റെ അംഗീകൃത ടൂർ ഓപ്പറേറ്റർമാരെ മാത്രം നിയോഗിക്കണം.

21. പഠനയാത്രയ്ക്കിടയിൽ സുരക്ഷിതവും നിലവാരമുള്ളതുമായ താമസസൗകര്യം ക്രമീകരിക്കുന്നതിനും ശുചിത്വവും ആരോഗ്യപരവുമായ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

22. യാത്രാവേളയിൽ അധ്യാപകർ, കുട്ടികൾ, യാത്രയെ അനുഗമിക്കുന്നവർ പുകവലിക്കുന്നതും മറ്റു ലഹരിപദാർഥങ്ങൾ ഉപയോഗിക്കുന്നതും ഗുരുതരമായ കൃത്യവിലോപമായതിനാൽ ഇപ്രകാരമുള്ള വിവരം ലഭ്യമായാൽ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

23. കുട്ടികളുടെ സ്വകാര്യത ലംഘിക്കുന്ന തരത്തിൽ ചിത്രങ്ങളോ വീഡിയോയോ പകർത്തുന്നതിനോ പങ്കുവയ്ക്കുന്നതിനോ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

24. യാത്രാവസാനം വിദ്യാർഥികൾ രക്ഷാകർത്താക്കളുടെ സമീപം സുരക്ഷിതമായി എത്തിച്ചേർന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ, ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ ഡി.ഡി.ഇ./ ആർ.ഡി.ഡി./എ.ഡി. എന്നിവർക്ക് നൽകേണ്ടതുമാണ്.

25. യാത്ര പൂർത്തിയായതിനുശേഷം ഒരാഴ്ചയ്ക്കുള്ളിൽ യാത്ര സംബന്ധിച്ച വരവുചെലവ് വിവരംകൂടി റിപ്പോർട്ടിനോടൊപ്പം പ്രഥമാധ്യാപകന്/ പ്രിൻസിപ്പാളിന് സമർപ്പിക്കണം.

26. യാത്ര പൂർത്തിയാക്കിയതിനുശേഷം ഡ്രൈവറുടെ പെരുമാറ്റം സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ അറിയിക്കേണ്ടതാണ്.

27. പഠനയാത്രകൾക്ക് എല്ലാ കുട്ടികൾക്കും പ്രാപ്യമായ രീതിയിൽ തുക നിശ്ചയിക്കേണ്ടതാണ്. പഠന യാത്രയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണമില്ലെന്ന കാരണത്താൽ സ്കൂളിലെ ഒരു കുട്ടിയെപ്പോലും ഉൾപ്പെടുത്താതിരിക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ സൗജന്യമായി ഏതെങ്കിലും കുട്ടിയെ പഠനയാത്രയിൽ പങ്കെടുപ്പിക്കുന്നപക്ഷം ടി വിവരം മറ്റു കുട്ടികൾ അറിയാതിരിക്കാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

28. സ്കൂളുകളിലെ പഠനയാത്രയോടൊപ്പം അകമ്പടിയായി പോകുന്ന അധ്യാപകരുടെയും പി.ടി.എ. അംഗങ്ങളുടെയും യാത്രാ ചെലവ് കുട്ടികളിൽ നിന്നും ഈടാക്കാൻ പാടില്ലാത്തതാണ്.

പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണ് വിനോദയാത്രകൾ സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പാക്കാനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഡയറക്ടർമാർക്കും റീജിയണൽ ഡെപ്യൂട്ടി (എച്ച്.എസ്.ഇ. വിഭാഗം) അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ. വിഭാഗം), ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ ഭാവിയിൽ എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്യുന്നത്; വിശദാംശം നൽകാമോ?

സ്കൂൾ കെട്ടിടങ്ങളിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. അതിൽ പൊളിച്ചുനീക്കേണ്ടതും അറ്റകുറ്റപ്പണികളിലൂടെ ഉപയോഗയോഗ്യമാക്കാൻ സാധ്യമായതുമായ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പട്ടിക

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കാര്യാലയത്തിലേക്ക് രേഖാമൂലം കൈമാറിയിട്ടുണ്ട്. അതിന്റെ സാങ്കേതിക പരിശോധന നടത്തി അന്തിമമായി നടപടികളിലേക്ക് നീങ്ങുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടമാർക്കും ഈ ഓഫീസിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്. എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമതാ സാക്ഷ്യപത്രം നേടുന്ന കെട്ടിടങ്ങളിൽ മാത്രം ക്ലാസ്സുകൾ നടത്തുന്നതിനുള്ള കർശന നിർദേശം ഈ കാര്യാലയത്തിൽനിന്നും നൽകിവരുന്നു.

സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ഭാവിയിൽ സമഗ്രമായ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. നിലവിൽ എല്ലാ വർഷവും നടത്തുന്ന കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധനകൾക്ക് പുറമെ, ഡിജിറ്റൽ രേഖാമൂലമുള്ള സേഫ്റ്റി ഓഡിറ്റുകൾ (Digital Safety Audits) നിർബന്ധമാക്കുകയും കാലപ്പഴക്കം വന്ന കെട്ടിടങ്ങൾ ഘട്ടംഘട്ടമായി നവീകരിക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്യും. വാഹന സുരക്ഷയുടെ കാര്യത്തിൽ എല്ലാ സ്കൂൾ ബസ്സുകളിലും ജി.പി.എസ്. സംവിധാനവും എ.ഐ. അധിഷ്ഠിത ക്യാമറകളും (AI Based Cameras) സ്ഥാപിക്കുന്നതിന് നിർബന്ധമാക്കും. ഇതുവഴി വാഹനങ്ങളുടെ വേഗത, ഡ്രൈവറുടെ പെരുമാറ്റം, റൂട്ട് എന്നിവ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ (DEO) കേന്ദ്രീകൃത കൺട്രോൾ റൂമിൽനിന്ന് തത്സമയം നിരീക്ഷിക്കാൻ സാധിക്കും. കൂടാതെ, സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് പുനഃപരിശീലനം (Refresher Training) വർഷത്തിൽ രണ്ട് തവണ നൽകുന്നത് നിർബന്ധമാക്കുകയും സുരക്ഷാ ലംഘനങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് പിഴ

ചുമത്തുന്നതിലൂടെ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കാനാണ് വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നത്.

എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകളുടെ വിതരണം

163 (3390) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തെ കുടിശ്ശിക നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം പൂർണ്ണമായും മുടങ്ങിയിട്ടില്ല. 2016-2017 മുതൽ 2024-2025 വരെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിച്ച കുട്ടികളുടെ വിവരങ്ങൾ പരീക്ഷാഭവൻ വികസിപ്പിച്ച സ്കോളർഷിപ്പ് പോർട്ടൽ മുഖേന ശേഖരിക്കുകയും അതിൽ പേയ്മെന്റ് വിവരങ്ങൾ കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മുതലായവ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികൾക്ക് പേയ്മെന്റ് നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) മുടങ്ങിയ തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ?

നിലവിൽ അനുവദിച്ചിട്ടുള്ള തുകകൾ വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ

164 (3391) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് മൂല്യനിർണ്ണയത്തിലടക്കം നടപ്പാക്കിയ മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് മൂല്യനിർണ്ണയം ഉൾപ്പെടെയുള്ള അക്കാദമിക മേഖലകളിൽ നിരവധി സുപ്രധാനമായ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും തുല്യത ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ പരിഷ്കാരങ്ങൾ.

സബ്ജക്ട് മിനിമം പദ്ധതി: 2024 -2025 അക്കാദമിക വർഷം മുതൽ എട്ടാം ക്ലാസ്സിലും 2025 -2026 അക്കാദമിക വർഷം മുതൽ എട്ടാം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും 2026-2027 അക്കാദമിക വർഷം മുതൽ 8, 9, 10 ക്ലാസ്സുകളിലും പൊതുപരീക്ഷയിൽ സബ്ജക്ട് മിനിമം ഏർപ്പെടുത്തുകയുണ്ടായി. ഒരു കുട്ടി എല്ലാ വിഷയങ്ങളിലും നിർബന്ധമായും നേടേണ്ട അടിസ്ഥാന അറിവും ശേഷിയും ഉറപ്പാക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. മിനിമം സ്കോർ നേടാത്തവർക്ക് അധിക പഠന പിന്തുണാ ക്ലാസ്സുകളും പുനഃപരീക്ഷകളും നൽകി നിലവാരം മെച്ചപ്പെടുത്താൻ അവസരം നൽകുന്നു. വികാസപ്രദ വിലയിരുത്തൽ (Formative Assessment) ശക്തിപ്പെടുത്തി. ആത്യന്തിക പരീക്ഷാ ഫലങ്ങൾക്കൊപ്പം വർഷം മുഴുവനുമുള്ള കുട്ടിയുടെ പഠനപുരോഗതി വിലയിരുത്തുന്ന രീതിക്ക് കൂടുതൽ പ്രാധാന്യം നൽകി. പാഠ്യപദ്ധതി പരിഷ്കരണം (Curriculum Reform) അക്കാദമിക നിലവാരം കാലോചിതമായി ഉയർത്തുന്നതിനായി പാഠ്യപദ്ധതിക്ക് മാറ്റങ്ങൾ വരുത്തി.

പുതിയ പാഠപുസ്തകങ്ങൾ: 2024-25 അധ്യയന വർഷത്തിൽ 1, 3, 5, 7, 9 ക്ലാസ്സുകൾക്കായി പുതിയ പാഠപുസ്തകങ്ങൾ അവതരിപ്പിച്ചു. 2025-26-ൽ മറ്റ് ക്ലാസ്സുകളിലേക്കും തയ്യാറാക്കി. കലാ-കായിക തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി. കേരള പാഠ്യപദ്ധതി ചട്ടക്കൂട് KCF 2023-ലെ പുതിയ കാഴ്ചപ്പാടുകൾ പരിഗണിച്ച് കേരളത്തിന്റെ തനതായ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതിയെ പരിഷ്കരിച്ചു.

അധ്യാപക പരിശീലനത്തിലെ മാറ്റങ്ങൾ: പുതിയ പദ്ധതികളും പരിഷ്കാരങ്ങളും നടപ്പിലാക്കാൻ അധ്യാപകരെ സജ്ജരാക്കി. ഈ മാറ്റങ്ങളെല്ലാം സമഗ്ര ഗുണമേന്മാ വിദ്യാദ്യാസ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയതാണ്.

(ബി) ഈ കാലയളവിൽ ക്ലാസ് മുറികളിൽ ലഭ്യമാക്കിയിട്ടുള്ള സാങ്കേതിക സൗകര്യങ്ങളും സംവിധാനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള 16027 സ്കൂളുകളിൽ 374274 (മൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി എഴുപത്തി നാല്) ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും 4752 സെക്കൻഡറി-ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 (നാൽപത്തി അയ്യായിരം) ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 11275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

(സി) വിദ്യാലയങ്ങളിൽ പ്രവേശനം നേടാത്തവർ, പഠനത്തിനിടയിൽ സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവർ എന്നിവരെ കണ്ടെത്തി പൊതു വിദ്യാലയങ്ങളിലേക്കെത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടാത്തവർ, പഠനത്തിനിടയിൽ സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവർ എന്നിവരെ സർവെയിലൂടെ കണ്ടെത്തി പ്രായത്തിനനുസരിച്ചുള്ള ക്ലാസ്സുകളിൽ പ്രവേശിപ്പിക്കുകയും പ്രസ്തുത കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ട്രെയിനിങ് സെന്ററുകൾ മുഖേന ബ്രിഡ്ജിങ് ക്ലാസ്സുകൾ നൽകുകയും ചെയ്യുന്നു. സ്പെഷ്യൽ ട്രെയിനിങ് സെന്ററുകളിലെ വിദ്യാഭ്യാസ വോളന്റിയർമാരുടെയും വിദഗ്ധരായ അധ്യാപകരുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു. സംസ്ഥാനത്ത് നിലവിൽ 107 സ്പെഷ്യൽ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് 2023-24 വർഷം മുതൽ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളെ രാജ്യത്തെ മികച്ച ഉന്നതപഠന കേന്ദ്രങ്ങളിൽ പ്രവേശനം ലഭിക്കത്തക്ക വിധത്തിൽ പ്രാപ്തരാക്കാൻ നടപ്പിലാക്കിയ കർമ്മപദ്ധതി വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളെ രാജ്യത്തെ മികച്ച ഉന്നത പഠന കേന്ദ്രങ്ങളിൽ പ്രവേശനം ലഭിക്കത്തക്ക വിധത്തിൽ പ്രാപ്തരാക്കുന്നതിനായി സമഗ്ര ശിക്ഷാ

കേരളത്തിന്റെ നേതൃത്വത്തിൽ സ്റ്റാർസ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് സ്കഫോൾഡ്.

സ്കഫോൾഡ്: ഓരോ വർഷവും ഓരോ ജില്ലയിൽനിന്നും Academic Score, Vulnerability Score, Interview, Written test, Group discussion എന്നിവയിലൂടെ പ്ലസ്സ് വണ്ണിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 50 കുട്ടികളെ വീതം കണ്ടെത്തി അവർക്ക് ആത്മവിശ്വാസം നൽകി ഉന്നത പഠന കേന്ദ്രങ്ങളിലും തുടർന്ന് കരിയറിലും എത്തിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്കഫോൾഡ്.

സൗജന്യ യൂണിഫോം വിതരണത്തിന് നൽകാനുള്ള തുക

165 (3392) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2022-2023, 2023-2024 എന്നീ അധ്യയന വർഷങ്ങളിൽ വിദ്യാർഥികൾക്ക് സൗജന്യമായി നൽകുന്ന യൂണിഫോം വിതരണത്തിനുള്ള തുക സർക്കാർ നൽകിയിട്ടുണ്ടോ; ഇനി നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2022-23, 2023-24 അധ്യയന വർഷങ്ങളിൽ വിദ്യാർഥികൾക്ക് സൗജന്യമായി നൽകുന്ന യൂണിഫോം വിതരണത്തിനുള്ള അലവൻസ് തുക സർക്കാർ നൽകിയിട്ടുണ്ട്. 2022-23 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും 2023-24 അധ്യയന വർഷത്തിൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുമാണ് സൗജന്യ യൂണിഫോമിന് സർക്കാർ അനുവദിച്ച് നൽകിയ തുക വിതരണം ചെയ്തിട്ടുള്ളത്. ബാക്കി

നൽകാനുള്ള തുക സംബന്ധിച്ച പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. കുട്ടികൾക്ക് അനുവദിച്ച് നൽകിയ യൂണിഫോം അലവൻസ് തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പൊതുവിദ്യാഭ്യാസ വകുപ്പ് ജീവനക്കാർ നേടിയിട്ടുള്ള അനുകൂല കോടതി വിധികളിൽ സ്വീകരിച്ച നടപടി

166 (3393) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനാംഗീകാരം, ശമ്പള കുടിശ്ശിക, മറ്റ് സർവീസ് പ്രശ്നങ്ങൾ തുടങ്ങിയവയിൽ അനുകൂല കോടതി വിധി സമ്പാദിച്ചിട്ടുള്ള, പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും ഫയലുകളിൽ സർക്കാരും വിദ്യാഭ്യാസ വകുപ്പിലെ മറ്റുസ്ഥാപനങ്ങളും തീർപ്പാക്കാനുള്ളവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തവയുടെ എണ്ണവും അവ ആരുടെതെല്ലാമാണെന്നും ഏത് വിഷയത്തിലാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയലുകളിൽ കോടതിയലക്ഷ്യ ഉത്തരവ് ലഭിച്ചവയുടെ എണ്ണവും അവ ആരുടേതെല്ലാമാണെന്നും ഏത് വിഷയത്തിലാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തവയുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തതിനും കോടതിയലക്ഷ്യ നടപടികളിലേക്ക് എത്തിക്കുന്നതിനും കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ 2021 മുതൽ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ

167 (3394) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

2021 മുതൽ കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക തസ്തികകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

168 (3395) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലിനെത്തുടർന്ന് വിദ്യാർഥികളുടെയും അധ്യാപകരുടെയും എണ്ണം, പഠനമികവ് എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണുണ്ടായതെന്ന് വിശദമാക്കുമോ?

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലിനെ തുടർന്ന് വിദ്യാർഥികളുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. പഠന മികവ് ഉണ്ടായിട്ടുണ്ട്. അധ്യാപകരുടെ എണ്ണം മുൻവർഷങ്ങളേക്കാൾ കൂടുകയും സംരക്ഷിതാധ്യാപകരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്തിട്ടുണ്ട്. 2024 ഡിസംബറിൽ നടത്തിയ PRS/NAS സർവെയിൽ കേരളം ദേശീയതലത്തിൽ രണ്ടാം സ്ഥാനത്താണ്.

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2016-17 അക്കാദമിക വർഷം മുതൽ 2025-26 അക്കാദമിക വർഷംവരെ ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠനം നടത്തിയ വിദ്യാർഥികളുടെ എണ്ണം അക്കാദമിക വർഷം തിരിച്ച് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ്-എയ്ഡഡ്) 2016-17 അക്കാദമിക വർഷം മുതൽ 2025-26 അക്കാദമിക വർഷം വരെ ഒന്ന് മുതൽ പന്ത്രണ്ട് വരയുള്ള ക്ലാസുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികളുട എണ്ണം അക്കാദമിക വർഷം

തിരിച്ച് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗം എന്നിങ്ങനെ തരം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(സി) ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രധാന അധ്യാപകർ, പ്രിൻസിപ്പൽ എന്നിവരില്ലാത്ത എത്ര സ്കൂളുകളുണ്ടെന്നുള്ള കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ?

നിലവിൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹൈസ്കൂൾ പ്രധാന അധ്യാപകരുടെ 2 തസ്തികയും പ്രിൻസിപ്പലിന്റെ 117 തസ്തികകളും ഒഴിഞ്ഞു കിടക്കുന്നു.

(ഡി) ഹയർ സെക്കൻഡറി പ്രിൻസിപ്പൽ തസ്തികയിലേക്ക് 2:1 എന്ന അനുപാതത്തിൽ ഹൈസ്കൂൾ എച്ച്.എം./വൈസ് പ്രിൻസിപ്പൽ പ്രൊമോഷൻ നിയമനം പുനഃപരിശോധിക്കുന്നതിന് കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽനിന്നും ഏതെങ്കിലും തരത്തിലുള്ള നിർദേശങ്ങളോ ഉത്തരവുകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പും അതിൽ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ?

സർക്കാർ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ പ്രൊമോഷൻ കേഡർ സ്ട്രെങ്ത് അനുപാതത്തിൽ നടത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട OA(EKM) 694/2025 നമ്പർ കേസിലെ ട്രൈബ്യൂണലിന്റെ 22/05/2025-ലെ ഉത്തരവ് പാലിച്ചുകാണ്ട് പുറപ്പെടുവിച്ച 16/09/2025-ലെ സ.ഉ.(സാധാ)നം.6776/2025/G.EDN പ്രകാരം കേഡർ സ്ട്രെങ്ത് പരിഗണിക്കുന്നതിലുണ്ടാവുന്ന പ്രതിസന്ധികൾ പരിഗണിച്ചുകൊണ്ട്, നിലവിലെ ഒഴിവുകൾ അടിസ്ഥാനമാക്കി (ഒഴിവുകളുടെ 2:1

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുപാതത്തിൽ) പ്രിൻസിപ്പൽ തസ്തികയിലേക്ക് സ്ഥാനക്കയറ്റ നിയമനം നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന സ്ഥിരം ബാച്ചുകളിൽ അംഗീകാരം ലഭിക്കാത്ത അധ്യാപക തസ്തികകളുണ്ടെങ്കിൽ അത്തരം തസ്തികകൾ എത്രയാണെന്ന് വിഷയം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള സ്ഥിരം ബാച്ചുകളിൽ അംഗീകാരം നൽകാത്ത അധ്യാപക തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(എഫ്) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ വിദ്യാർഥികൾ കുറവായതിന്റെയോ ഇല്ലാതായതിന്റെയോ അടിസ്ഥാനത്തിൽ മലബാർ മേഖലയിലേക്ക് ട്രാൻസ്ഫർ ചെയ്ത ഹയർ സെക്കൻഡറി ബാച്ചുകളുടെ അധ്യാപക തസ്തികകളും അവിടേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം ബാച്ചുകളിലെ അധ്യാപക തസ്തികകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ വടക്കൻ ജില്ലകളിലേക്ക് ഷിഫ്റ്റ് ചെയ്ത ബാച്ചുകളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

169 (3396) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ഉളിയനാട് ഗവൺമെന്റ് എച്ച്.എസ്.-നും നെടുങ്ങോലം ഗവൺമെന്റ് എച്ച്.എസ്.എസ്.-നും ചാത്തന്നൂർ കോയിപ്പാട് ഗവൺമെന്റ് എൽ.പി.എസ്.-നും കിഫ്ബിയിൽനിന്നും ഒരു കോടി മുപ്പത് ലക്ഷം രൂപ വീതം വിനിയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളിലെ നിലവിലെ സ്ഥിതി ഓരോ സ്കൂളും വേർതിരിച്ച് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച സ്കൂളുകളിൽ പ്രവൃത്തി ഇടയ്ക്ക് നിലച്ചുപോയത് പുനരാരംഭിക്കാൻ കഴിയാതെ നീണ്ടുപോകുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിലെ 1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഉളിയനാട് ഗവൺമെന്റ് സ്കൂളിന്റെ നിർമ്മാണം നടന്നുവരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമാകാനുണ്ട്. നെടുങ്ങോലം ഗവൺമെന്റ് എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

കോയിപ്പാട് ഗവൺമെന്റ് എൽ.പി.എസ്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള നടപടി പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. നിർമ്മാണം ആരംഭഘട്ടത്തിലാണ്.

പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം

170 (3397) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര സാഹചര്യങ്ങളിൽ സ്കൂളുകളിൽ പ്രഥമ ശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം വിദ്യാർഥികൾക്കും അധ്യാപകർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

വിശദാംശം നൽകുമോ?

അടിയന്തര സാഹചര്യങ്ങളിൽ പ്രഥമ ശുശ്രൂഷ നൽകുന്നതിന് വിദ്യാർഥികളെയും അധ്യാപകരെയും സജ്ജരാക്കുന്നതിനായി സ്കൂളുകളിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.), നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്.), നാഷണൽ കേഡറ്റ് കോർപ്സ് (എൻ.സി.സി.), ജൂനിയർ റെഡ് ക്രോസ് (ജെ.ആർ.സി.), സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വിവിധ സ്റ്റുഡന്റ് ക്ലബ്ബുകളിലെ അംഗങ്ങൾക്ക് പ്രഥമ ശുശ്രൂഷയും അടിസ്ഥാന അടിയന്തര പ്രതികരണവും സംബന്ധിച്ച പരിശീലനം നൽകുന്നു. ADOLESCENT EDUCATION PROGRAMME, NATIONAL DISASTER MANAGEMENT-ന്റെയും ഭാഗമായി ആവശ്യമായ പരിശീലനങ്ങൾ നൽകുന്നുണ്ട്. കൂടാതെ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (ഐ.എം.എ.) സഹകരണത്തോടെ 2024-25-ൽ തിരുവനന്തപുരം ജില്ലയിൽ സുരക്ഷാ ബോധവൽക്കരണ പരിപാടികളും പ്രഥമ ശുശ്രൂഷാ പ്രദർശനങ്ങളും സംഘടിപ്പിച്ചു.

(ബി) കുട്ടികൾക്ക് സുരക്ഷാ മുന്നറിയിപ്പുകൾ, അടിയന്തര സാഹചര്യങ്ങളിൽ ഇടപെടേണ്ട രീതികൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ സ്കൂളുകളിലും വേണ്ടത്ര പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും മെഡിക്കൽ അടിയന്തരാവസ്ഥകളോട് ഫലപ്രദമായി പ്രതികരിക്കാൻ കഴിവുള്ള വിദ്യാർഥികളുമുണ്ടെന്ന് ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലേക്കും ഇത്തരം പരിശീലന പരിപാടികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

പൊതുവിദ്യാലയങ്ങളിലെ കായിക വിദ്യാഭ്യാസം

171 (3398) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിനുവേണ്ട പ്രാധാന്യം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2013-ലെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ 'ആരോഗ്യ കായിക വിദ്യാഭ്യാസം' സഹ വൈജ്ഞാനിക മേഖലയിൽനിന്ന് മാറ്റി വൈജ്ഞാനിക മേഖലയിൽ ഉൾപ്പെടുത്തുകയും ശാസ്ത്രീയമായ ഒരു പാഠ്യപദ്ധതി ഇതിനായി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കായിക പരിശീലനം ഒരു പാഠ്യവിഷയമായി സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും കായിക സിലബസ് പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ ഇന്റഗ്രേറ്റഡ് സബ്ജക്ടായും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പാഠപുസ്തകവും മൂന്നു ടേമിലും തിയറി, പ്രാക്ടിക്കൽ പരീക്ഷകളോടും കൂടിയ പാഠ്യപദ്ധതിയായും 11, 12 ക്ലാസ്സുകളിൽ പിരീയഡുകളായും ആരോഗ്യ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ മതിയായ എണ്ണം കായികാധ്യാപകരുടെ തസ്തികകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രൈമറിയിൽ 500 കുട്ടികളുള്ള യു.പി. വിഭാഗത്തിലും ആഴ്ചയിൽ 5 പിരീയഡുകളുള്ള പൂർണ്ണ ഹൈസ്കൂളിന്റെ പദവിയുള്ള മുഴുവൻ ഹൈസ്കൂൾ വിഭാഗങ്ങളിലും KER പ്രകാരം ഒരു കായികാധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്.

(സി) കായികാധ്യാപകരുടെ കുറവുമൂലം ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിൽ കായിക വിദ്യാഭ്യാസം വേണ്ട രീതിയിൽ നടത്താനാവാത്ത സാഹചര്യമുണ്ടോയെന്ന് അറിയിക്കാമോ?

കായികാധ്യാപക തസ്തിക അനുവദിക്കുന്നതിന് നിലവിൽ കെ.ഇ.ആർ. പ്രകാരമുള്ള വ്യവസ്ഥകളാണ് പാലിച്ചുപോരുന്നത്. കെ.ഇ.ആർ. അധ്യായം XXIII ചട്ടം 6 ബി(2) പ്രകാരം ഹൈസ്കൂളിലും ചട്ടം 6(4) പ്രകാരം പ്രൈമറിയിലും കായികാധ്യാപക തസ്തികകൾ അനുവദിച്ച് നൽകുന്നുണ്ട്. ഹൈസ്കൂളിൽ ഒരു ആഴ്ചയിൽ 5 പിരീയഡെങ്കിലും 8, 9 ക്ലാസ്സുകളിൽ ലഭ്യമാകുന്ന സാഹചര്യത്തിലും പ്രൈമറിയിൽ 500 കുട്ടികളുള്ള യു.പി. വിഭാഗത്തിലും കായികാധ്യാപക തസ്തികകൾ നിലവിലുണ്ട്. നിലവിൽ 24-09-2025-ലെ സ.ഉ.(കൈ)നം.162/2025/GEdn. പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടം സംഭവിക്കുന്ന കലാ-കായികാധ്യാപകരെ യു.പി. വിഭാഗത്തിൽ അധ്യാപക-വിദ്യാർഥി അനുപാതം 1:300 ആയി നിലനിർത്തുന്നതിനായി പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.)

(ഡി) സ്കൂളുകളിൽ കായിക വിദ്യാഭ്യാസം തടസ്സരഹിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ അധ്യാപക തസ്തികൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ അധ്യയന വർഷാരംഭത്തിലും ആറാം പ്രവൃത്തിദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ. പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് അധ്യാപക തസ്തികകൾ നിർണ്ണയിച്ച് ഒഴിവുകൾ നികത്തുന്നതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഹൈടെക് ക്ലാസ് മുറികൾ

172 (3399) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്കൂളുകളിൽ നാളിതുവരെ എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 4752 സെക്കൻഡറി-ഹയർ സെക്കൻഡറി - വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 11275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

(ബി) വാമനപുരം മണ്ഡലത്തിൽ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ നാളിതുവരെ ഹൈടെക് ആക്കി മാറ്റിയ ക്ലാസ് മുറികൾ എത്രയാണെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി തിരിച്ച് നൽകാമോ?

വാമനപുരം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് മേഖലയിലുള്ള 16 ഹൈസ്കൂൾ, 10 ഹയർ സെക്കൻഡറി സ്കൂൾ, 3 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ

എന്നിവിടങ്ങളിലായി 309 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 45 ലോവർ പ്രൈമറി, 37 അപ്പർ പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

(സി) എന്തെല്ലാം പ്രത്യേകതകളാണ് സാധാരണ ക്ലാസ് മുറികളെ അപേക്ഷിച്ച് ഹൈടെക് ക്ലാസ് മുറികളിൽനിന്നും ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഓരോ ക്ലാസ്സിലും മൗണ്ട് ചെയ്ത മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ, ലാപ്ടോപ്, പാഠഭാഗങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ, പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം തുടങ്ങിയവയാണ് പ്രധാനമായും ഹൈടെക് ക്ലാസ് മുറികളിൽ സജ്ജമാക്കിയിരിക്കുന്നത്.

പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകളിലെ വർണ്ണക്കൂടാരം പദ്ധതി

173 (3400) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പദ്ധതി പ്രകാരം പ്രസ്തുത സ്കൂളുകൾക്ക് അനുവദിച്ച തുകയും വർഷവും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് പാറശ്ശാല മണ്ഡലത്തിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും തൽസ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പൊതുവിദ്യാഭ്യാസ വകുപ്പ് പാറശാല മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് പാറശാല നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിശദാംശം സ്കൂൾ തിരിച്ച് ലഭ്യമാക്കുമോ?

2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് പാറശ്ശാല നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി

174 (3401) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് അഴീക്കോട് മണ്ഡലത്തിലെ എതെല്ലാം സ്കൂളുകൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിന്റെ നിലവിലെ സ്ഥിതി, വകയിരുത്തിയ തുക തുടങ്ങിയ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഫണ്ട് വിനിയോഗിച്ച് അഴീക്കോട് മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ച സ്കൂളുകളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

വർണ്ണക്കൂടാരം പദ്ധതി

175 (3402) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയത്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 33 സ്കൂളുകളിൽ വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

176 (3403) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21, 2021-25 കാലയളവുകളിൽ കല്യാശ്ശേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-21, 2021-25 കാലയളവുകളിൽ കല്യാശ്ശേരി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പിന്തുണ

177 (3404) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ ശാസ്ത്രീയവും പ്രായോഗികവുമായ മാർഗങ്ങളിലൂടെ കണ്ടെത്തുകയും ആവശ്യമായ പിന്തുണ നൽകി പ്രസ്തുത അവസ്ഥ പരിഹരിക്കുന്ന പ്രവർത്തനങ്ങളിൽ ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രധാനമായും നേതൃത്വം നല്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. കുട്ടികളുടെ പഠന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് തത്സമയ പിന്തുണ നല്കുന്നതിനാവശ്യമായ അക്കാദമിക മാർഗനിർദ്ദേശങ്ങളും പിന്തുണയും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതും റിസോഴ്സ് അധ്യാപകർക്ക് ആവശ്യമായ പരിശീലനം നല്കുന്നതും കൃത്യമായി നിരീക്ഷിക്കുന്നതും സമഗ്ര ശിക്ഷാ കേരളമാണ്. പഠന പിന്തുണയ്ക്കാവശ്യമായ സാങ്കേതികവിദ്യാധിഷ്ഠിത സൗകര്യങ്ങൾ കൈറ്റ് (KITE) ആണ് ഒരുക്കുന്നത്. സ്കൂളുകളിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും പങ്ക് ചേരുന്നുണ്ട്.

(ബി) സാർവത്രിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമായ ഭിന്നശേഷി കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിച്ച് പഠനം മുന്നോട്ടുകൊണ്ടുപോകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

സാർവത്രിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമായ ഭിന്നശേഷി കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിച്ച് പഠനം മുന്നോട്ട് കൊണ്ടുപോകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വ്യക്തിഗത ശ്രദ്ധയും പഠന പിന്തുണയും നല്കുന്നു.

2. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി എന്നിവ ബ്ലോക്ക് റിസോഴ്സ് സൈറ്റുകൾ വഴിയും നല്കുന്നുണ്ട്.

3. ഓരോ കുട്ടിയുടെയും ഭിന്നശേഷിയുടെ സ്വഭാവം അനുസരിച്ച് അവർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ കാഴ്ച, ശ്രവണ സഹായികൾ, വീൽചെയറുകൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. തീവ്രമായ ഭിന്നശേഷി നേരിടുന്ന കുട്ടികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേക പരിശീലനവും

പരിചരണവും നൽകുന്ന ബഡ്സ് സ്കൂളുകളും റീഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നു.

4. സ്കൂളുകളിൽ ഭിന്നശേഷി സൗഹൃദപരമായ പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക റിസോഴ്സ് മുറികളും സജ്ജീകരിച്ചിട്ടുണ്ട്. ശാരീരികമായ പരിമിതികൾ കാരണം സ്കൂളിൽ എത്താൻ കഴിയാത്ത കുട്ടികൾക്ക് അവരുടെ വീടുകളിൽച്ചെന്ന് വിദ്യാഭ്യാസം നൽകുന്ന ഗൃഹാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയും നിലവിലുണ്ട്.

5. ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പാഠഭാഗങ്ങൾ അനുരൂപീകരണം നടത്തുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിന് നിരന്തരം അധ്യാപക പരിശീലനങ്ങൾ നടത്തി വരുന്നുണ്ട്.

നീന്തൽ പരിശീലനം കരിക്കുലം പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി

178 (3405) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ പരിശീലനം കരിക്കുലം പദ്ധതിയുടെ ഭാഗമാക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ ഭാഗമായി എന്തൊക്കെ തുടർപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലുള്ള കുട്ടികൾക്ക് ആരോഗ്യ കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഒരു പ്രധാന ഇനമാണ് നീന്തൽ. നീന്തൽ പഠനം വളരെ ഫലപ്രദമായ രീതിയിൽ

നിർവഹിക്കുന്നതിനുവേണ്ടി ആരോഗ്യ കായിക വിദ്യാഭ്യാസം ഹാൻഡ്ബുക്കുകളിൽ നീന്തലുമായി ബന്ധപ്പെട്ട പരിശീലന ഉള്ളടക്ക മേഖലകൾ വളരെ കൃത്യതയോടുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നീന്തൽ പരിശീലനരംഗത്ത് പ്രഗൽഭരായിട്ടുള്ള വിഷയ വിദഗ്ധരുടെ സഹായത്തോടുകൂടിയാണ് ഈ ഉള്ളടക്കമേഖലകൾ ഹാൻഡ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ ഓരോ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകിവരുന്ന പദ്ധതികളും നിലവിൽ സമാന്തരമായി നടന്നുവരുന്നുണ്ട്.

(ബി) സ്കൂൾ അവധിക്കാലത്തുൾപ്പെടെ മുങ്ങിമരണങ്ങൾ ധാരാളം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് സ്കൂളുകളിൽ നീന്തൽ പരിശീലനം ഏർപ്പെടുത്തുന്നത് ഉചിതമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സുരക്ഷിതമായ രീതിയിൽ കുട്ടികൾ നീന്തൽ പരിശീലിക്കുക എന്നുള്ളത് പാഠ്യപദ്ധതിയുടെ വളരെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ്. കേരളത്തിലെ വിവിധ സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ് ക്ലബ്ബുകൾ എന്നിവരുടെയൊക്കെ നേതൃത്വത്തിൽ അവധിക്കാലത്തും ഒഴിവുസമയങ്ങളിലും കുട്ടികൾക്ക് ശാസ്ത്രീയമായ നീന്തൽ പരിശീലന രീതികൾ നടത്തിവരുന്നു.

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

കേന്ദ്രീകൃത രീതിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നത് പ്രായോഗികമായി പ്രയാസമുണ്ടാക്കും. അതിനാൽ തനതായ നിലയിൽ ഓരോ വിദ്യാലയങ്ങളും പ്രാദേശികമായ നീന്തൽ വിഭവങ്ങളുടെയും സൗകര്യങ്ങളുടെയും സഹായം കണ്ടെത്തുകയും അതിന് ആനുപാതികമായ നിലയിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നതായിരിക്കും ഉചിതം. കേരളത്തിലെ മിക്കവാറും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നീന്തലിൽ ശാസ്ത്രീയ പരിശീലനം നൽകുവാനുള്ള പ്രത്യേക പദ്ധതികൾ എല്ലാവർക്കും ആവിഷ്കരിച്ച് നടപ്പിലാക്കാറുണ്ട്. ആറ്റിങ്ങൽ നഗരസഭയുടെ നേതൃത്വത്തിൽ ഇത്തരത്തിലുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പൂർത്തിയായിട്ടുണ്ട്. സമാനമായ മാതൃകകൾ ധാരാളമായി സംസ്ഥാനത്ത് നിലവിലുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിലെ വികസന പ്രവർത്തനങ്ങൾ

179 (3406) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.എൽ.പി.എസ്., പുതിയങ്കം - 100 ലക്ഷം രൂപ.

2. ജി.എം.എൽ.പി.എസ്., പുതുക്കോട് - 150 ലക്ഷം രൂപ.

3. ജി.എൽ.പി.എസ്., പന്നിയങ്കര -100 ലക്ഷം രൂപ.

4. ജി.എൽ.പി.എസ്., തോണിപ്പാടം - 100 ലക്ഷം രൂപ.

സബ്ജക്ട് മിനിമം പദ്ധതിയുടെ ലക്ഷ്യം

180 (3407) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന സബ്ജക്ട് മിനിമം പദ്ധതിയുടെ ലക്ഷ്യമെന്താണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പഠിതാക്കളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2024-25 അധ്യയന വർഷം എട്ടാം ക്ലാസ്സിൽ സബ്ജക്ട് മിനിമം നടപ്പിലാക്കി. 2025-26 അധ്യയന വർഷം ഒൻപതാം ക്ലാസ്സിലും 2026-27 അധ്യയന വർഷം പത്താം ക്ലാസ്സിലും ഇത് നിലവിൽ വരുന്നു. വിദ്യാർഥികൾ എല്ലാ വിഷയങ്ങളിലും അടിസ്ഥാനപരമായ പ്രാവീണ്യം നേടുന്നതിനും പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള ഒരു സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാണ് സബ്ജക്ട് മിനിമം.

(ബി) സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് നൽകപ്പെടുന്ന അക്കാദമിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി മിനിമം സ്കോർ നേടാത്ത വിദ്യാർഥികൾക്ക് അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി അധിക പഠനപിന്തുണാ ക്ലാസ്സുകൾ, പുന:പരീക്ഷ, ബ്രിഡ്ജ് കോഴ്സ്, നിരന്തരമായ വിലയിരുത്തലും നിരീക്ഷണവും മുതലായവ നൽകിവരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ കുട്ടികളിലെ പഠന നിലവാരം ഉയരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

പഠന നിലവാരം ഉയരുമെന്നാണ് വിലയിരുത്തുന്നത്.

(ഡി) സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി അധ്യാപകരുടെ പരിശീലനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. കുട്ടികളെ തുടർച്ചയായി, തികഞ്ഞ ജാഗ്രതയോടെയും മെറിറ്റ് അടിസ്ഥാനത്തിലും എങ്ങനെ കൃത്യമായി വിലയിരുത്തണം എന്നതിനെക്കുറിച്ചും അടിസ്ഥാനശേഷി ഉറപ്പാക്കാനുള്ള ബോധനരീതികളെക്കുറിച്ചുമുള്ള കാര്യങ്ങൾ അവധിക്കാല അധ്യാപക പരിശീലനത്തിൽ ഉൾപ്പെടുത്തി. മിനിമം സ്കോർ നേടാത്ത വിദ്യാർഥികൾക്ക് അധിക പഠന പിന്തുണ നൽകേണ്ടത് അധ്യാപകരുടെ ഉത്തരവാദിത്വമാണ്. അതിനായി ഓരോ വിദ്യാർഥിയുടെയും പഠനവിടവുകൾ കണ്ടെത്തി അധിക പിന്തുണാ ക്ലാസ്സുകൾ എങ്ങനെ ഫലപ്രദമായി നടത്താം എന്നതിനെക്കുറിച്ച് അധ്യാപകർക്ക് പരിശീലനം നൽകി. ഇത്തരത്തിൽ അധ്യാപകരെ കൂടുതൽ കാര്യക്ഷമരാക്കി, ഓരോ കുട്ടിക്കും നിശ്ചിത നിലവാരം ഉറപ്പാക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കാനാണ് സബ്ജക്ട് മിനിമം പദ്ധതി ലക്ഷ്യമിടുന്നത്.

(ഇ) ഗ്രാമീണ-നഗര മേഖലകളിലെ വിദ്യാർഥികൾക്ക് സമാനമായി പ്രയോജനപ്പെടുന്ന തരത്തിൽ പ്രത്യേക പിന്തുണ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സബ്ജക്ട് മിനിമം പദ്ധതി അടിസ്ഥാനപരമായി എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്.

ഉദുമ മണ്ഡലത്തിൽ ചാലഞ്ച് ഫണ്ടിൽനിന്ന് തുക അനുവദിച്ച സ്കൂളുകൾ

181 (3408) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഉദുമ മണ്ഡലത്തിൽ ചാലഞ്ച് ഫണ്ട് പദ്ധതിയിൽനിന്ന് ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) 2016-2017 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഉദുമ മണ്ഡലത്തിലെ സ്കൂളുകൾക്ക് ചാലഞ്ച് ഫണ്ട് പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടില്ല.

മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി

182 (3409) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ച് നാളിതുവരെയായിട്ടും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടക്കുന്ന സ്കൂളുകളുടെ പുരോഗതി ചുവടെ ചേർക്കുന്നു:-

5 കോടി കിഫ്ബി ഫണ്ട്:-

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട മക്കാരപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

3 കോടി കിഫ്ബി ഫണ്ട്:-

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 4 സ്കൂളുകളാണുള്ളത്. ജി.എച്ച്.എസ്.എസ്. പാങ്ങ്, ജി.എച്ച്.എസ്.എസ്. കടുങ്ങാപുരം എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ജി.എച്ച്.എസ്.എസ്. മങ്കട, പള്ളിപ്പുറം സ്കൂളിന്റെ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചു. ജി.എച്ച്.എസ്.എസ്. മങ്കട സ്കൂളിന്റെ നിർമ്മാണം ആരംഭഘട്ടത്തിലാണ്.

1 കോടി കിഫ്ബി ഫണ്ട്:-

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. ചെറിയം മങ്കട, ജി.യു.പി.എസ്. മങ്കട പള്ളിപ്പുറം, ജി.യു.പി.എസ്. കൂട്ടിലങ്ങാടി, ജി.യു.പി.എസ്. പാങ്ങ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

മട്ടന്നൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുമുഖേന ലഭിച്ച ഫണ്ടുകൾ

183 (3410) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മട്ടന്നൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ലഭിച്ച ഫണ്ടുകളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മട്ടന്നൂർ നിയോജക മണ്ഡലത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ച സ്കൂളുകളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

കാട്ടാക്കട മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

184 (3411) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കീഴിൽ അനുമതി ലഭ്യമായതും പൂർത്തിയായതുമായ വികസന പ്രവർത്തനങ്ങൾ സ്കൂളുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ച് വിശദമാക്കാമോ;

(ബി) വർണ്ണക്കൂടാരം, ഡിജിറ്റൽ ക്ലാസ് റൂം, കെട്ടിട നിർമ്മാണം എന്നിവ തരംതിരിച്ച് ഓരോ സ്കൂളിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സർവശിക്ഷാ അഭിയാൻ കേരളയ്ക്ക് അനുവദിച്ച വിഹിതം

185 (3412) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ സർവശിക്ഷാ അഭിയാൻ കേരള (എസ്.എസ്.കെ.)-ക്ക് അനുവദിച്ച കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വർഷം	കേന്ദ്ര വിഹിതം (തുക ലക്ഷത്തിൽ)	സംസ്ഥാന വിഹിതം (തുക ലക്ഷത്തിൽ)
2016	11,316.74	14,300.57
2017	13,680	15,336.47
2018	25,604.99	17,644.66
2019	21,420.28	13,756.45
2020	23,838.59	15,499.91
2021	22,512.79	15,122.42
2022	17,351.20	20,665.96
2023	14,106	16,942

2024	0	25,118
2025	0	14,503

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ശമ്പളം അനുവദിക്കുന്ന എത്ര ജീവനക്കാരാണ് 2016 മുതൽ എസ്.എസ്.കെ.-യിൽ ജോലി ചെയ്തുവരുന്നതെന്നും ജീവനക്കാരുടെ നിയമനരീതി (അന്യത്ര സേവനം, കരാർ നിയമനം, ദിവസവേതനം) ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

വർഷം	അന്യത്ര സേവനം	കരാർനിയമനം	ദിവസവേതനം	ആകെ
2016	17	37	2	56
2017	19	25	6	50
2018	20	22	18	60
2019	24	37	3	64
2020	22	28	8	58
2021	19	31	4	54
2022	20	30	5	55
2023	24	28	7	59
2024	20	30	6	56
2025	18	31	7	56

(സി) എസ്.എസ്.കെ.-യിൽ 2016 മുതൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിതരായവർ, കരാർ നിയമനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നിവർക്ക് 2016 മുതൽ വേതനം അനുവദിക്കുന്നതിനുള്ള ചെലവ് വിശദമാക്കാമോ?

സമഗ്ര ശിക്ഷ കേരളയിൽ 2016 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതരായവർ, കരാർ നിയമനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നിവർക്ക് വേതനം അനുവദിക്കുന്നതിനുള്ള ചെലവ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) എസ്.എസ്.കെ.-യിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ശമ്പളം കഴിച്ചുള്ള തുക 2016 മുതൽ എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ?

സമഗ്ര ശിക്ഷ കേരളയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ശമ്പളം കഴിച്ചുള്ള തുക 2016 മുതൽ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

പരീക്ഷാ സമ്പ്രദായത്തിൽ സമഗ്രമാറ്റം

186 (3413) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പഠനരീതികളിലും പാഠപുസ്തകങ്ങളിലും വന്ന മാറ്റത്തോടൊപ്പം പഠനത്തെ വിലയിരുത്തുന്ന രീതിയിലും മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ അറിവുനിർമ്മാണത്തിൽ ഓരോ പഠിതാവിന്റെയും ആർജിത അറിവുകൾ സമഗ്രമായി വിലയിരുത്തപ്പെടണമെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ (KCF 2023) പ്രതിപാദിച്ചിട്ടുണ്ട്. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിൽ വിലയിരുത്തൽ പരിഷ്കരണത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. അറിവുനിർമ്മാണരീതിക്ക് ഇണങ്ങുന്നതും അതിനെ പോഷിപ്പിക്കുന്നതുമായ നിരന്തരവും സമഗ്രവുമായ വിലയിരുത്തലിലൂടെയാണ് പഠിതാക്കളിലെ വൈവിധ്യത്തെ അഭിമുഖീകരിക്കാൻ കഴിയുക. വിലയിരുത്തൽ പ്രക്രിയ നിരന്തരവും കുട്ടികളുടെ എല്ലാവിധ കഴിവുകളെയും പരിഗണിക്കുന്നതും ആയിരിക്കണം. ഇത് കുട്ടിയുടെ പഠനത്തെയും വികാസത്തെയും സഹായിക്കുന്നതാകണം.

(ബി) ഓരോ വിദ്യാർഥിയും ഭയരഹിതമായി പരീക്ഷയെയും പഠനത്തെയും സമീപിക്കുന്നതിന് സഹായിക്കുന്ന തരത്തിലുള്ള മാറ്റം മൂല്യനിർണ്ണയ സമ്പ്രദായത്തിലും കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിദ്യാർഥികൾക്ക് ഭയരഹിതമായി പരീക്ഷയെ സമീപിക്കാൻ സഹായിക്കുന്ന നിർദേശങ്ങൾ വിലയിരുത്തൽ പരിഷ്കരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേവലം എഴുത്തുപരീക്ഷകൾക്കുപകരം വ്യത്യസ്തമായ തന്ത്രങ്ങളും ഉപാധികളും ഉപയോഗിച്ച് എല്ലാത്തരം കുട്ടികളുടെയും താൽപര്യങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, അഭിരുചികൾ, ഭിന്നമികവുകൾ എന്നിവയ്ക്ക് സാധ്യതയൊരുക്കുവാൻവേണ്ടി വ്യത്യസ്ത വിലയിരുത്തൽ തന്ത്രങ്ങൾ വികാസപ്രദ വിലയിരുത്തലിൽ (Formative Assessment) ഉൾപ്പെടുത്തിയിട്ടുണ്ട്. പഠിതാക്കളിലെ വൈവിധ്യത്തെ അഭിമുഖീകരിക്കാൻ സാധ്യതയുള്ള നിരന്തരവും സമഗ്രവുമായ വിലയിരുത്തലാണ് വികാസപ്രദ വിലയിരുത്തലിന്റെ കാതൽ. പരീക്ഷാ സമ്പ്രദായത്തിൽ തുറന്ന പുസ്തകപരീക്ഷ (Open Book Exam), ഓൺലൈൻ പരീക്ഷ,

വീട്ടിൽവച്ച് എഴുതുന്ന പരീക്ഷ (Take Home Exam), കുട്ടികൾക്ക് ആത്മവിശ്വാസം വരുന്ന സമയത്തുമാത്രമുള്ള പരീക്ഷകൾ (On Demand Exam) എന്നീ സാധ്യതകൾ കൂടി പരിഗണിക്കുന്നതാണ്.

(സി) പരീക്ഷാ സമ്പ്രദായത്തിനൊപ്പം ചോദ്യങ്ങളുടെ സ്വഭാവവും രീതിയും കാലാനുസൃതമായ പരിഷ്കരണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ചോദ്യങ്ങളുടെ സ്വഭാവത്തിലും രീതിയിലും കാലാനുസൃതമായ പരിഷ്കരണങ്ങൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്. ആത്യന്തിക വിലയിരുത്തലിൽ (Summative Assessment) വിവരങ്ങൾ ഓർത്തെടുക്കുന്നതിനുള്ള അമിത പ്രാധാന്യം ആവശ്യമില്ല. ആത്യന്തിക വിലയിരുത്തലിൽ അറിവിന്റെ പ്രയോഗതലത്തിനാണ് ഊന്നൽ നൽകേണ്ടത്. ചോദ്യക്കടലാസ് തയ്യാറാക്കുമ്പോൾ മുഖ്യപരിഗണന നൽകേണ്ട ബൗദ്ധിക പ്രക്രിയകൾ ഇവയാണ്. ആശയ സ്വാംശീകരണം (Conceptual Clarity), സർഗാത്മകത (Creative Thinking), വിമർശനാത്മക ചിന്ത (Critical Thinking), വിശകലനചിന്ത (Analytical Thinking), പ്രയോഗശേഷി (Application Skill), ഗണനചിന്ത (Computational Thinking), മൂല്യ-മനോഭാവങ്ങൾ (Values/Attitude). ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ, പഠനലക്ഷ്യങ്ങൾ അറിവുകളായി മാറിയോയെന്ന് പരിശോധിക്കുകയും കൃത്യമായ രൂപരേഖ (Question Paper Design) അടിസ്ഥാനമാക്കി തയ്യാറാക്കുകയും വേണമെന്ന നിർദേശം ചോദ്യകർത്താക്കൾക്ക് നൽകിവരുന്നുണ്ട്.

(ഡി) പുതിയകാല മത്സര പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിനുള്ള പ്രാരംഭ പരിശീലനം എന്ന നിലയിലേക്ക് ക്ലാസ് പരീക്ഷകളെ പരിവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പുതിയ വിലയിരുത്തൽ സമീപനത്തിൽ അറിവിന്റെ പ്രയോഗശേഷിക്കും വിശകലനാത്മക ചിന്തയ്ക്കും വിമർശനാത്മക ചിന്തയ്ക്കും പ്രാധാന്യം നൽകുന്നു. ഈ ശേഷികൾ മത്സര പരീക്ഷകളിൽ വിജയിക്കാൻ അത്യന്താപേക്ഷിതമാണ്. വികാസപ്രദ വിലയിരുത്തലിന്റെ (Formative Assessment) ഭാഗമായി ബഹുമുഖമായ വിലയിരുത്തൽ തന്ത്രങ്ങളിൽ ചോദ്യനിർമ്മാണം, പ്രശ്നോത്തരികൾ (Quiz), ഗവേഷണം (Research), പാനൽ ചർച്ച, വാചാപരീക്ഷ തുടങ്ങിയ വ്യത്യസ്ത സാധ്യതകൾ അധ്യാപകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർഥികളിൽ ഉയർന്ന ചിന്താശേഷിയും (Higher Order Thinking Skills) ആശയ വിനിമയശേഷിയും വളർത്താൻ സഹായിക്കും. ആത്യന്തിക വിലയിരുത്തലിൽ (Summative Assessment) അറിവിന്റെ പ്രയോഗതലത്തിന് ഊന്നൽ നൽകുന്നത് മത്സരപരീക്ഷകൾക്ക് ആവശ്യമായ വിശകലനചിന്തയും പ്രശ്ന പരിഹാരശേഷിയും വളർത്താൻ സഹായിക്കുന്നു.

കുന്നത്തുനാട് മണ്ഡലത്തിലെ പ്ലാൻ ഫണ്ടുകൾ അനുവദിച്ച സ്കൂളുകൾ

187 (3414) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏതെല്ലാം സ്കൂളുകൾക്ക് പ്ലാൻ ഫണ്ട്, മറ്റ് ഫണ്ടുകളടക്കം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്.എസ്., സൗത്ത് വാഴക്കുളം

2. ജി.എച്ച്.എസ്.എസ്., പഴന്തോട്ടം

(ബി) പ്ലാൻ ഫണ്ടിൽ വിവിധ സ്കൂളുകൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് സ്കൂളുകളുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ;

(സി) പ്ലാൻ ഫണ്ട് അനുവദിച്ച സ്കൂളുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

(ബി&സി) പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്.എസ്, സൗത്ത് വാഴക്കുളം - 100 ലക്ഷം രൂപ.

2. ജി.എച്ച്.എസ്.എസ്, പഴന്തോട്ടം - 100 ലക്ഷം രൂപ.

രണ്ട് സ്കൂളുകളുടെയും നിർമ്മാണം പൂർത്തിയായി.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് കിഫ്ബി, നബാർഡ് ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയെന്നും സ്കൂളുകളുടെ പേര് സഹിതം വ്യക്തമാക്കാമോ?

ജി.എച്ച്.എസ്.എസ്., പഴന്തോട്ടം സ്കൂളിന് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 130 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നബാർഡ് ഫണ്ടുകളൊന്നും അനുവദിച്ചിട്ടില്ല.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

188 (3415) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കലാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സിനിമ, നാടകം, ചിത്ര-ശില്പകല, സംഗീതം, നൃത്തം എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. 11, 12 ക്ലാസ്സുകളിലേക്കുള്ള കുട്ടികൾക്കും കലാ വിദ്യാഭ്യാസത്തിന്റെ പാഠപുസ്തകം തയ്യാറാക്കിവരികയാണ്. മഹിളാ സമഖ്യയുടെ കീഴിലുള്ള മഹിളാ ശിക്ഷാ കേന്ദ്രത്തിലെ വിവിധ ഗോത്രവർഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് കേരള കലാമണ്ഡലത്തിൽ താമസിച്ച് കല അഭ്യസിക്കുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

(ബി) കലാ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കലാ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കി വരുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

189 (3416) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

പാഠപുസ്തക പരിഷ്കരണത്തിൽ പങ്കാളിത്തമുള്ളവരുടെ സമീപനം

190 (3417) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിൽ പങ്കാളിത്തമുള്ള അധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും മക്കൾ പൊതുവിദ്യാലയത്തിലാണ് പഠിക്കുന്നതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മുൻകാലങ്ങളിൽ സ്കൂൾ പാഠപുസ്തക രചനയിൽ പങ്കെടുത്ത് കഴിവ് തെളിയിച്ചവരെയോ പാഠപുസ്തക രചനയിൽ അഭിരുചിയും കഴിവുമുള്ളവരെയോ ആണ് പാഠപുസ്തക രചനാസമിതിയിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നത്. പൊതുവിദ്യാലയങ്ങളിൽ പഠിപ്പിച്ചവരോ വിരമിച്ചവരോ ആയ ഈ അധ്യാപകർ പൊതുവിദ്യാലയങ്ങളോട് മമതയും മറ്റുമുള്ളവരാണ് എന്നതാണ് പൊതുബോധ്യം. ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ കോളേജുകൾ, യൂണിവേഴ്സിറ്റികൾ, ശാസ്ത്ര-സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്നവരെയോ വിരമിച്ചവരെയോ ആണ് വിദഗ്ധരായി നിയോഗിക്കുന്നത്. പാഠപുസ്തക രചനാ സമിതിയിലെ അംഗങ്ങളുടെയും വിദഗ്ധരുടെയും മക്കൾ

പൊതുവിദ്യാലയത്തിലാണ് പഠിക്കുന്നതെന്ന് ഉറപ്പുവരുത്തുന്ന വിഷയത്തിൽ സർക്കാരിന് പ്രായോഗികമായി പരിമിതികളുണ്ട്.

നെന്മിനി ജി.എം.യു.പി. സ്കൂളിന് പുതിയ കെട്ടിടം

191 (3418) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മണ്ഡലത്തിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ നെന്മിനി ജി.എം.യു.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്ററും പി.ടി.എ. പ്രസിഡന്റും 17-09-2025-ന് പൊതുവിദ്യാഭ്യസ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷ പരിഗണിച്ച് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിവേദനം മാത്രമാണ് ലഭിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് നോർത്ത് ഈസ്റ്റ്ഹിൽ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

192 (3419) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഈസ്റ്റ്ഹിൽ ഹയർസെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത സ്കൂളിലെ കെട്ടിട നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ഹയർ സെക്കൻഡറിയിലെ താൽക്കാലിക ബാച്ചുകൾ

193 (3420) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹയർ സെക്കൻഡറി അധ്യാപകരുടെ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമാണെന്നും അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

എച്ച്.എസ്.എസ്.റ്റി.: 146

എച്ച്.എസ്.എസ്.റ്റി. ജൂനിയർ: 610

എച്ച്.എസ്.എസ്.റ്റി. തസ്തികയിലെ ഒഴിവുകൾ യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായി നിജപ്പെടുത്തിയിരിക്കുന്നു. യോഗ്യരായ അധ്യാപകരുടെ അഭാവത്തിൽ മാത്രമാണ് ടി ഒഴിവുകൾ 1:3 അനുപാതത്തിൽ ബൈ ട്രാൻസ്ഫറിനും പി.എസ്.സി. മുഖേനയുള്ള നിയമനത്തിനുമായി മാറ്റിവച്ചിരിക്കുന്നത്.

എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലെ ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനും പി.എസ്.സി. വഴിയുള്ള നിയമനത്തിനുമായി മാറ്റി വച്ചിരിക്കുന്നു. നിലവിൽ പി.എസ്.സി. വഴി നിയമനം നൽകേണ്ടുന്ന 237 ഒഴിവുകളുണ്ട്. അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2021 മുതൽ മലബാർ മേഖലയിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ എത്രയാണെന്നും പ്രസ്തുത ബാച്ചുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവരുടെ എണ്ണവും അറിയിക്കാമോ;

(സി) അനുവദിച്ച അധിക ബാച്ചുകളിൽ സ്ഥിര അധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

പ്ലസ് വൺ സയൻസ് പ്രവേശനം

194 (3421) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2025-26 അധ്യയന വർഷത്തിൽ പ്ലസ് വൺ സയൻസ് വിഷയത്തിൽ എത്ര വിദ്യാർഥികൾ പ്രവേശനം നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2025-26 അധ്യയന വർഷത്തിൽ പ്ലസ് വൺ സയൻസ് വിഷയത്തിൽ 188497 വിദ്യാർഥികൾ പ്രവേശനം നേടിയിട്ടുണ്ട്.

സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയവർക്കുള്ള ധനസഹായം

195 (3422) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിദ്യാർഥികൾക്കായി 2024 ഒക്ടോബർ മാസം കണ്ണൂരിൽവച്ച് നടന്ന സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് 'എ' ഗ്രേഡ് നേടിയ വിദ്യാർഥികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

2211 എണ്ണം.

(ബി) 'എ' ഗ്രേഡ് നേടിയ വിദ്യാർഥികൾക്ക് നൽകേണ്ട പ്രൈസ് മണിയായ ആയിരം രൂപ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വെബ്സൈറ്റ് മുഖേന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള 806 വിദ്യാർഥികൾക്ക് പ്രൈസ് മണിയായ ആയിരം രൂപ നൽകിയിട്ടുണ്ട്. ഇതിൽ Bank Account No./IFSC code എന്നിവ തെറ്റായി രേഖപ്പെടുത്തിയ 90 കട്ടികൾക്ക് ഈ തുക അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല.

(സി) ഇനിയെത്ര പേർക്ക് പ്രൈസ് മണി ലഭ്യമാക്കാനുണ്ടെന്ന വിവരം അറിയിക്കാമോ?

1495 പേർക്ക്.

(ഡി) നാളിതുവരെയും പ്രൈസ് മണി ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

വെബ്സൈറ്റ് മുഖേനയോ നേരിട്ടോ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് തുക നൽകുവാൻ സാധിക്കാത്തത്.

(ഇ) സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് 'എ' ഗ്രേഡ് നേടിയ വിദ്യാർഥികൾക്ക് പ്രൈസ് മണിയായ ആയിരം രൂപ ഇതുവരെ നൽകിയിട്ടില്ലെങ്കിൽ

സമയബന്ധിതമായി നൽകുമോയെന്നും എന്നത്തേക്ക് അത് നൽകി വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾ അവസാനിപ്പിക്കുമെന്നും അറിയിക്കാമോ?

സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് 'എ' ഗ്രേഡ് നേടിയ വിദ്യാർഥികൾ ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് തുക ലഭിക്കുന്നതിനായി കലോത്സവ വെബ്സൈറ്റിൽ രേഖപ്പെടുത്തിയ Bank account No./IFSC code എന്നിവ തെറ്റായതിനാലും ഗ്രൂപ്പിനങ്ങളിൽ പങ്കെടുത്ത എല്ലാ കുട്ടികളുടെയും വിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കാതിരുന്നതിനാലുമാണ് എല്ലാ കുട്ടികൾക്കും 1,000/-രൂപ പ്രൈസ് മണി നൽകുവാൻ സാധിക്കാതിരുന്നത്. ഈ വിവരങ്ങൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള ഫണ്ടിൽനിന്നും സ്വീകരിക്കുന്നതാണ്.

സ്കൂളുകളിൽ ആവശ്യമായ കളിസ്ഥലം

196 (3423) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ വളർച്ചയ്ക്കാവശ്യമായ കളിസ്ഥലങ്ങൾ സ്കൂളുകളിലുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഓരോ സ്കൂളിനുംവേണ്ട കളിസ്ഥലങ്ങളുടെ വിസ്തീർണ്ണം എത്രയെന്ന് നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ ആവശ്യമായ കളിസ്ഥലം ഒരുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ-സി) കെ.ഇ.ആർ. അധ്യായം IV ചട്ടം 3 പ്രകാരം കട്ടികൾക്ക് കളിക്കാനാവശ്യമായ കളിസ്ഥലം എല്ലാ സ്കൂളിലും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലോ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലോ കളിസ്ഥലത്തിനായി പ്രത്യേക നിർബന്ധ വ്യവസ്ഥകളില്ല.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-04-2024-ലെ WP(C) 19170/2014-നമ്പേലുള്ള വിധിന്യായപ്രകാരം എല്ലാ സ്കൂളുകളിലും കട്ടികൾക്ക് കെ.ഇ.ആർ. അധ്യായം IV 3(2) പ്രകാരം, ലഭ്യമായ കളിസ്ഥലങ്ങൾ അനുയോജ്യമായ രീതിയിൽ കുട്ടികളുടെ കായികപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നത് സംബന്ധിച്ച് കരട് പൊതു മാർഗനിദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കളിസ്ഥലമില്ലാത്ത പൊതുവിദ്യാലയങ്ങൾ

197 (3424) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കളിസ്ഥലമില്ലാത്ത പൊതു വിദ്യാലയങ്ങളുടെ പട്ടിക നൽകാമോ?

അഴീക്കോട് മണ്ഡലത്തിൽ കളിസ്ഥലമില്ലാത്ത പൊതു വിദ്യാലയങ്ങളുടെ പട്ടിക ചുവടെ പറയുന്നു.

Sl.	Name of Educational Institutions

No.	
1	PUDYCHERY LPS CHIRAKKAL
2	ISSATHUL ISALAM MLPS TALAP PALLIKKUNNU
3	GMLPS CHALAD
4	PAPPINISSERI LP SCHOOL
5	NARATH MAPILA LP SCHOOL
6	NARATH EAST LP SCHOOL
7	GMLPS PAPPINISERY
8	KADALAYI LPS
9	PAPPINISERY WEST LP SCHOOL
10	GWLPS CHERUVAKKARA NARATH
11	CHALAD WEST LP SCHOOL
12	GUPS CHALAD
13	RAMAJAYAM UP SCHOOL AZHIKODE
14	PUZHATHI NORTH UP SCHOOL
15	RADHAVILASAM UP SCHOOL (AIDED)
16	PULEEPPI MAPPILA LP SCHOOL
17	KOTTAKKUNNU UP SCHOOL
18	EDACHERI LPS
19	GUPS PAPPINISERI WEST
20	GMLPS AZHIKODE
21	HIDAYATHUL LMLPS AZHIKKODE
22	KAPPAKKADAVU JAMAATH LP SCHOOL
23	AARON UPS PAPPINISERI
24	PUTHIYARTHERU MAPPILA LPS
25	R.K.U.P. PALOTTUVAYAL
26	GOVERNMENT UPS KOZHICHAL
27	AZHIKODE LP SCHOOL
28	GWLPS PUZHATHI
29	AZHIKODE WEST UPS
30	PUTHIYAPARAMBA LPS

31	AKLIYATH LPS
32	GWLPS PAPPINISERI
33	SUBULUSSALAM LPS
34	AZHIKODE HSS
35	RAJAS HSS CHIRAKKAL
36	GHSS PALLIKKUNNU
37	GHSS AROLI

(ബി) കളിസ്ഥലങ്ങളുള്ളതും എന്നാൽ കായികാധ്യാപകർ ഇല്ലാത്തതുമായ സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ?

കളിസ്ഥലങ്ങളുള്ളതും എന്നാൽ കായികാധ്യാപകർ ഇല്ലാത്തതുമായ സ്കൂളുകളുടെ വിശദാംശം ചുവടെ പറയുന്നു.

Sl. No.	Name of School
1	GHSS AZHIKODE
2	GRFTVHSS AZHEEKKAL
3	ARAMKOTTAM LP SCHOOL
4	CHALAD CENTRAL LP SCHOOL
5	MATHODAM LP SCHOOL
6	ATHAZHAKKUNNU MAPPILA LP SCHOOL
7	CHALAT NORTH LP SCHOOL
8	PUZHATHI CENTRAL UP SCHOOL
9	KORJAN UP SCHOOL
10	NARATH UP SCHOOL
11	AZHIKKODE NORTH UP SCHOOL
12	PUZHATHY SVLPS

13	AZHIKKODE SOUTH UP SCHOOL
14	KIFAYATHUL ISLAM MLP SCHOOL
15	PULLUPPI HINDU LP SCHOOL
16	PALLERI MAPPILA LP SCHOOL
17	KAMALA NEHRU UP SCHOOL VALAPATTANAM
18	RAJAS UP SCHOOL CHIRAKKAL
19	POMAVILASAM LPS MANNA
20	KANNAVIL LP SCHOOL
21	KANNADIPARAMBA LP SCHOOL
22	GFLPS AZHIKKODE
23	CHENGINIPPADI UPS
24	GMUPS KATTAMPALLI
25	ALAVIL NORTH LPS
26	RAMAGURU UPS CHIRAKKAL

സ്കൂളുകളിലെ സ്ഥിരം കായിക അധ്യാപകർ

198 (3425) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിൽ ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിലായി എത്ര സ്ഥിരം കായികാധ്യാപകരാണ് സേവനമനുഷ്ഠിച്ചുവരുന്നതെന്ന് ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ തിരിച്ചുള്ള വിവരം നൽകാമോ;

(ബി) നിലവിൽ സ്ഥിരം കായികാധ്യാപകരില്ലാത്ത എത്ര അപ്പർ പ്രൈമറി, ഹൈസ്കൂളുകളുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) അത്തരം സ്കൂളുകളിൽ കായിക പഠനം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്ഥിരം കായികാധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന കായികാധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

(ഡി) സ്കൂളുകളിൽ കായിക പഠനത്തിന് സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; നിശ്ചയിച്ച മാനദണ്ഡങ്ങളുള്ള എത്ര സ്കൂളുകളിലാണ് നിലവിൽ സ്ഥിരം കായികാധ്യാപകർ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ?

കെ.ഇ.ആർ. ചാപ്റ്റർ 23 ചട്ടം 6(4)-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സ്ഥിരം കായികാധ്യാപകരെ നിയമിക്കുന്നത്. നിശ്ചയിച്ച മാനദണ്ഡങ്ങളുള്ള 53 സ്കൂളുകളിൽ കായികാധ്യാപകർ നിലവിലില്ല.

(ഇ) സ്കൂൾ കായികമേള, ഉപജില്ല കായികമേള, ജില്ലാ കായികമേള എന്നിവയുടെ സംഘാടനത്തിന് ആവശ്യമായ കായികാധ്യാപകരുടെ ദൗർലഭ്യം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന വിവിധ മേളകളുടെ സംഘാടനം കൂട്ടായ ഒരു പ്രവർത്തനമാണ്. സ്കൂൾതലം മുതൽ വിവിധ തലങ്ങളിലെ കായികമേളകളുടെ സംഘാടനത്തിന് കായികാധ്യാപകർ മാത്രമല്ല, മറ്റ് അധ്യാപകരും അനധ്യാപകരും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുസമൂഹവും അവരവരുടേതായ പങ്ക് വഹിക്കുന്നതിനാൽ കായികാധ്യാപകരുടെ ദൗർലഭ്യം കായികമേളകളുടെ സംഘാടനത്തെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുവിദ്യാഭ്യാസ രംഗത്ത് എ.ഐ. അധിഷ്ഠിത പരിശീലനം

199 (3426) ശ്രീ ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് ശക്തമായ ഒരു ഡിജിറ്റൽ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് കൈറ്റ് മുഖേന എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് 2000-ൽ ഐ.ടി.@സ്കൂൾ പ്രോജക്ട് (കൈറ്റ്) ആരംഭിച്ചതിലൂടെ തുടക്കം കുറിക്കുകയും നിലവിൽ കൈറ്റ് വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

2002-2003 അധ്യയന വർഷം എട്ടാം ക്ലാസ്സിൽ ഐ.ടി. നിർബന്ധിത വിഷയമായി ആരംഭിച്ചു. 2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഐ.ടി. ഒരു വിഷയമായി ഉൾപ്പെടുത്തി. ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലേക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ ലഭ്യമാക്കി. പാഠപുസ്തകങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ തയ്യാറാക്കി നൽകുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയറുകളും പിന്തുണാ സംവിധാനവും ഒരുക്കി. 45000 സെക്കൻഡറി-ഹയർ സെക്കൻഡറി ക്ലാസ് മുറികൾ ഹൈടെക്കാക്കി. 11275 പ്രൈമറി വിഭാഗം സ്കൂളുകളിൽ

ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കി. 2220 ഹൈസ്കൂളുകളിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ സ്ഥാപിച്ചു. ഹൈസ്കൂളുകളിലേക്ക് 29000 റോബോട്ടിക് കിറ്റ് ലഭ്യമാക്കി. പഠന സമയം നഷ്ടപ്പെടാതെ അധ്യാപകർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ KOOL (KITE's Open Online Learning) കോഴ്സ് ആരംഭിച്ചു. 24 മണിക്കൂറും വിദ്യാഭ്യാസ പരിപാടികൾ മാത്രം സംപ്രേഷണം ചെയ്യുന്ന കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ പ്രവർത്തിപ്പിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയറുകളും പിന്തുണാ സംവിധാനങ്ങളും ലഭ്യമാക്കുന്നു.

(ബി) എ.ഐ. അധിഷ്ഠിതമായ പരിശീലനത്തിൽ ശ്രദ്ധചെലുത്തുന്നതിന്റെ ഭാഗമായി നടത്തുന്ന പുതിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് 2023-24-ൽ സംസ്ഥാനത്തെ സെക്കൻഡറി-ഹയർ സെക്കൻഡറി മേഖലയിലുള്ള അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി. ഓരോ വർഷവും 60000-ത്തിലധികം എട്ടാം ക്ലാസ് കുട്ടികളെ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബിന്റെ ഭാഗമായി സാങ്കേതികവിദ്യയിൽ പ്രത്യേക പരിശീലനവും 7, 8, 9, 10 ക്ലാസ്സുകളിലെ പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തുകയും അവ ക്ലാസ് മുറികളിൽ വിനിമയം ചെയ്യുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു.

(സി) സ്കൂൾ പാഠ്യപദ്ധതിയിൽ എ.ഐ. ഉൾപ്പെടുത്തുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കാലഘട്ടത്തിനനുസൃതമായി പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുകയും പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, IoT(Internet of Things) ഉൾപ്പെടെ പുതിയ സാങ്കേതികവിദ്യകൾ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് 2022-23 അധ്യയന വർഷം മുതൽ തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൈറ്റിന്റെ നേതൃത്വത്തിൽ എ.ഐ. പഠനത്തിലും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവ് തെളിയിച്ചിട്ടുണ്ട്.

(ഡി) പ്രത്യേക എ.ഐ. എഞ്ചിൻ വികസിപ്പിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കും നിർമ്മിതബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യപദ്ധതിക്കനുസൃതമായി പ്രതികരിക്കുന്ന AI Engine-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2024-ൽ കൈറ്റ് ആരംഭിച്ചു. RAG (Retrieval-Augmented Generation) അധിഷ്ഠിതമായി LLM (Large Language Model)-കൾ ഉപയോഗിച്ചുകൊണ്ടുള്ള എഞ്ചിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ആദ്യഘട്ടത്തിൽ ഒൻപതാം ക്ലാസ്സിലെ പുതുക്കിയ ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, സോഷ്യൽ സയൻസ് I & II, ഗണിതശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ ഇംഗ്ലീഷ് മീഡിയത്തിലുള്ള ഉള്ളടക്കങ്ങളും വിഭവങ്ങളുമാണ് AI എഞ്ചിനിൽ ചേർക്കുന്നത്. പ്രസ്തുത വിഷയങ്ങളിൽ പ്രാവീണ്യരായ അധ്യാപകരും കൈറ്റിന്റെ മാസ്റ്റർ ട്രെയിനർമാരും സാങ്കേതിക വിദഗ്ധരും ചേർന്നാണ് ഡാറ്റ സെറ്റിന്റെ (Data Set) നിർമ്മാണം 'സമഗ്ര പ്ലസ്' പോർട്ടലിലേക്ക് നടത്തിവരുന്നത്. കുട്ടികൾക്കും അധ്യാപകർക്കും ഒരുപോലെ ഉപയോഗിക്കാവുന്ന

തരത്തിലുള്ള Chat Bot സംവിധാനം, പാഠപുസ്തകത്തിലെ ഉള്ളടക്കത്തിനനുസൃതമായുള്ള ക്വിസുകൾ, ചോദ്യങ്ങളുടെ നിർമ്മാണം, മൂല്യനിർണ്ണയം, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകമാകുന്ന AI അധിഷ്ഠിത ഭാഷാ ഗെയിമുകൾ, AI Enabled Learning Room, ഇംഗ്ലീഷ് ഭാഷയിൽ സംസാരിച്ച് ഭാഷ മെച്ചപ്പെടുത്തുന്നതിന് കുട്ടികളെ സഹായിക്കുന്ന Chat Robot എന്നിവയടങ്ങിയ വിപുലമായ മൊഡ്യൂളുകളുടെ നിർമ്മാണം ഏകദേശം പൂർത്തിയായിവരുന്നു. AI Engine-ന്റെ Deployment-നായി ചെലവേറിയ GPU server-കൾ വേണമെന്നതിനാൽ അത് പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ഇ) എ.ഐ. റോബോട്ടിക്സ് ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളെ സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറുമായി സംയോജിപ്പിക്കുന്നതിന് കൈറ്റ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് പ്രത്യേക എ.ഐ. എഞ്ചിൻ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൈറ്റ് ആരംഭിച്ചിട്ടുണ്ട്. 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ മുഖേന നടപ്പിലാക്കുന്ന എ.ഐ., റോബോട്ടിക്സ് പ്രവർത്തനങ്ങൾ സ്വതന്ത്ര സോഫ്റ്റ്വെയറധിഷ്ഠിതമാക്കുന്നതിനും പരമാവധി ഓപ്പൺ ഹാർഡ്വെയർ സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രത്യേക പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഐ.സി.ടി. പഠനം പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2007 മുതൽ ആരംഭിക്കുകയും 2008 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് നടത്തുകയും ചെയ്തു. ഉബുണ്ടു അധിഷ്ഠിതമായി

പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റിന്റെ നേതൃത്വത്തിൽ പ്രത്യേക ഓപ്പറേറ്റിങ് സിസ്റ്റം വികസിപ്പിക്കുകയും കാലാകാലങ്ങളിൽ അപ്ഗ്രേഡ് ചെയ്യുന്നുമുണ്ട്. ആധുനിക ഹാർഡ്വെയറുകൾക്കനുയോജ്യമായ പുതിയ KITE GNU-Linux 22.04 വേർഷനാണ് നിലവിൽ സ്കൂളുകൾക്ക് സൗജന്യമായി ലഭ്യമാക്കിയിരിക്കുന്നത്.

സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർലാബുകളും സയൻസ് ലാബുകളും സജ്ജമാക്കുന്നതിന് ഫണ്ട്

200 (3427) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ എന്നിവ സജ്ജമാക്കുന്നതിന് പ്ലാൻ ഫണ്ടിൽനിന്ന് എത്ര തുകയാണ് ചെലവഴിച്ചതെന്നും ഏതൊക്കെ സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലാബുകളിൽ ഇ-ലൈബ്രറി സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ

201 (3428) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ

വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ തുടങ്ങിയവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഇതിലേക്ക് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ വിവരങ്ങൾ നൽകുമോ;

(സി) സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന തരത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് വാങ്ങൽ നടത്തുന്നത് നിയമവിധേയമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനെക്കാൾ ഉയർന്ന വിലയുള്ള സാധന സാമഗ്രികൾ ഇൻഫർമേഷൻ കേരള മിഷന്റെ നിർദ്ദേശാനുസരണം വാങ്ങിയത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഇ) പൊതുവിദ്യാലയങ്ങളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസികൾ ഏതെല്ലാമാണ്; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ?

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

കക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം

202 (3429) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം ഉപജില്ലയിലെ കക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണത്തിന് പ്ലാൻ ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കക്കാട് ഗവൺമെന്റ് എൽ.പി. സ്കൂളിലെ കെട്ടിടനിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശ്രീവാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ ഏറ്റെടുക്കൽ നടപടി

203 (3430) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീവാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

04-06-2022-ലെ ജി.ഒ.(ആർ.ടി)3392/2022/പൊ.വി.വ. പ്രകാരം കോഴിക്കോട് ജില്ലയിലെ നടുവത്തൂർ ശ്രീ. വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ 10-04-1967-ലെ ജി.ഒ.(കൈ)159/ 1967/പൊ.വി.വ., 18-11-1970-ലെ ജി.ഒ.(കൈ)479/1970/പൊ.വി.വ. എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ച് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. തുടർ നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരികയാണ്.

(ബി) ആഗസ്റ്റ് 6-ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത യോഗനടപടികളുടെ പകർപ്പ് ലഭ്യമാക്കാമോ?

06-08-2025-ൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ അടിയന്തരമായി നടപ്പിലാക്കി നടപടി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മിനിട്സ് 21-08-2025-ലെ N1/180/2025 കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരിക്കുകയാണ്. നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ സ്കൂളിലെ പ്രധാന അധ്യാപിക (ഇൻ-ചാർജ്)-യുടെ അംഗീകാരവുമായി ബന്ധപ്പെട്ട് L3/188/24 നമ്പർ ഫയൽ ഹിയറിങ് കഴിഞ്ഞ് മാസങ്ങളായിട്ടും തീരുമാനമാകാതിരിക്കുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഫയൽ ഉത്തരവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ശ്രീവാസുദേവാശ്രമം ഹയർ സെൻഡറി സ്കൂൾ എല്ലാ നടപടിക്രമങ്ങളും പാലിച്ച് പൂർണ്ണമായും സർക്കാരിൽ ഏറ്റെടുക്കുന്നതിൽ തുടർനടപടി സ്വീകരിക്കേണ്ടത് പൊതുവിദ്യാഭ്യാസ ഡയറക്ടറാണ്. അപ്രകാരം ഏറ്റെടുത്ത ശേഷം മാത്രമെ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിലെ ഡി.ഡി.ഒ. കോഡ് മാറ്റുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും ഇതിൽ എന്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ലഭിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ഇരിക്കൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതികൾ

204 (3431) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

ബാലുശ്ശേരി മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ ലയനം

205 (3432) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഒരു മതിലിനാൽ വേർതിരിക്കപ്പെട്ട ബാലുശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളും ബാലുശ്ശേരി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ലയിപ്പിച്ച് ഒരു വിദ്യാലയമാക്കണമെന്ന ദീർഘകാലത്തെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാലയങ്ങൾ ലയിപ്പിച്ചാൽ രണ്ട് വിദ്യാലയങ്ങളിലും പഠനം നടത്തുന്ന വിദ്യാർഥികൾക്ക് അത് പ്രയോജനം ചെയ്യുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളുടെ ലയനം സംബന്ധിച്ച ഫയലുകളിൽ അന്തിമ തീരുമാനമുണ്ടാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(എ-സി) ബാലുശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളും ബാലുശ്ശേരി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ലയിപ്പിച്ച് ഒറ്റ വിദ്യാലയമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രക്ഷകർത്താക്കൾ സമർപ്പിച്ചിരുന്ന ഒരു നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി നിവേദനത്തിന്മേൽ സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ച ശേഷം ടി വിഷയം പരിശോധിക്കുന്നതാണ്.

റേഷ്യോ പ്രൊമോഷൻ കിട്ടിയ വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ ശമ്പള കുടിശ്ശിക

206 (3433) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റിൽനിന്നും റേഷ്യോ പ്രൊമോഷൻ വഴി വൊക്കേഷണൽ ഇൻസ്ട്രക്ടറായി എത്രപേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്?

101.

(ബി) ഇപ്രകാരം പ്രൊമോഷൻ ലഭിച്ചവരിൽ എത്രപേർക്ക് ധനകാര്യ വകുപ്പിന്റെ 08-09-2023-ലെ സ.ഉ.(എം.എസ്) 133/2023 (40) പ്രകാരം ശമ്പള പുനർനിർണ്ണയം നടത്തി ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്; ഇവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

91, ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(സി) ധനകാര്യ വകുപ്പിന്റെ 08-09-2023-ലെ സ.ഉ.(എം.എസ്) നം.133/2023 (40) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും റേഷ്യോ പ്രൊമോഷൻ കിട്ടി വൊക്കേഷണൽ ഇൻസ്ട്രക്ടറായ എത്രപേർക്കാണ് ശമ്പള പുനർനിർണ്ണയം നടത്തി ശമ്പള കുടിശ്ശിക അനുവദിച്ചിട്ടില്ലായെന്നത് വ്യക്തമാക്കുമോ; ഇവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) ഇവർക്ക് ശമ്പള പരിഷ്കരണവും കുടിശ്ശികയും അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(സി&ഡി) ശമ്പള പുനർനിർണ്ണയം നടത്തി ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുള്ള 10 പേരുടെ ലിസ്റ്റും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

(ഇ) ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരിൽനിന്നും പ്രൊമോഷൻ നേടി വൊക്കേഷണൽ ഇൻസ്ട്രക്ടറായ എത്രപേർക്ക് ഓപ്ഷൻ പുന:ക്രമീകരിച്ച് പുതുക്കിയ ശമ്പളവും അരിയറും അനുവദിച്ചുവെന്നത് വിശദമാക്കുമോ?

54.

(എഫ്) ഇനിയും ഓപ്ഷൻ പുന:ക്രമീകരിച്ച് അരിയർ കൊടുക്കാത്ത എത്ര പേരുണ്ട്; ഇവർക്ക് എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7. G.O.(P)No.145/2006/Fin dated 25/03/2006, പേ റിവിഷൻ ഓർഡറിലെ Annexure-2 para 16, G.O.(P) No.85/2011/Fin dated 26/02/2011, പേ റിവിഷൻ ഓർഡറിലെ Annexure-II para 16 എന്നീ ഉത്തരവുകൾ പ്രകാരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപേക്ഷ പ്രിൻസിപ്പലിന് സമർപ്പിച്ചിട്ടില്ലാത്തതിനാലും ഓഡിറ്റ് തടസ്സവാദം നിലനിൽക്കുന്നതിനാലും അരിയർ നൽകിയിട്ടില്ല.

(ജി) വി.എച്ച്.എസ്.സി./3225/2024-ഇ 6 പ്രകാരം ശമ്പള കുടിശ്ശികയ്ക്ക് അർഹതയുണ്ടായിട്ടും ഇൻസ്ട്രക്ടർക്ക് കുടിശ്ശിക നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

അർഹരായവർക്ക് നൽകിയിട്ടുണ്ട്.

43 ക്ലെയ്മെന്റ് ആയ ടീച്ചറുടെ നിയമനം സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തി നൽകാൻ നടപടി

207 (3434) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയല എൻ.ഡി.എം.യു.പി. സ്കൂളിലെ പാർട്ട് ടൈം ഹിന്ദി ലാംഗ്വേജ് ടീച്ചർ ശ്രീമതി രാജി രാജുവിന്റെ നിയമനം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടും അത് അംഗീകരിച്ച് സ്കെയിൽ ഓഫ് പേയും ശമ്പള കുടിശ്ശിക ആനുകൂല്യങ്ങളും നൽകുന്നതിനുപകരം അടൂർ എ.ഇ.ഒ. ഓഫീസ് ചട്ടവിരുദ്ധമായി താൽക്കാലിക നിയമനം നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് പരിഗണിച്ച് 43 ക്ലെയ്മെന്റ് ആയ ടീച്ചറുടെ നിയമനം സ്ഥിരപ്പെടുത്തി നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രീമതി രാജി രാജുവിന്റെ വയല എൻ.ഡി.എം.യു.പി. സ്കൂളിൽ പി.ടി.എൽ.ജി. ഹിന്ദി തസ്തികയിലെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് ചട്ടം 92 അധ്യായം XIV (A) KER പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പുനഃപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി രാജി രാജു കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 1 (നോട്ട് 1) ഗണത്തിൽപ്പെട്ട വ്യക്തിയായതിനാൽ ടിയാൾക്ക് 25-06-2022-ലെ സ.ഉ.(കൈ)നം. 111/2022/പൊ.വി.വ. പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളതിനാൽ ടിയാൾ 2022-ൽ കെ-ടെറ്റ് നേടിയ സാഹചര്യത്തിൽ എൽ.ജി.പി.ടി. ഹിന്ദി തസ്തികയിൽ ടിയാളുടെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ 15-07-2022 മുതൽ ഭിന്നശേഷി സംവരണം ബാധകമാക്കാതെ ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുവാനുള്ള നിർദേശം അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(സി) മതിയായ കാരണംകൂടാതെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകനിയമനം അംഗീകരിച്ച് നൽകാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ അച്ചടക്ക നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ശ്രീമതി രാജി രാജുവിന്റെ നിയമനം സർക്കാർ അംഗീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അംഗീകാരം നൽകാതിരുന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം

നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) ഇത് സംബന്ധിച്ച് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വിശദീകരണം വാങ്ങി പരിശോധിച്ച് പ്രസ്തുത ഓഫീസിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും കാലതാമസം നേരിട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പുതിയ റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇത്തരം കേസ്സുകളിൽ പരാതി ഉന്നയിക്കുന്ന മാനേജ്മെന്റ്, പ്രഥമ അധ്യാപകർ, അധ്യാപകർ മുതലായവരെ വകുപ്പിലെ ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്താറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ശ്രീമതി രാജി രാജുവിന്റെ നിയമനം സർക്കാർ അംഗീകരിച്ച ദിനം മുതൽ നാളിതുവരെയുള്ള കുടിശ്ശിക ആനുകൂല്യങ്ങളുടെ പലിശ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെങ്കിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ജി) എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനകം അംഗീകരിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; അപ്രകാരം അകാരണമായി

അംഗീകരിച്ചുനൽകാതെ അഴിമതിക്ക് വഴിയൊരുക്കുന്ന ഉദ്യോഗസ്ഥരെ ഉടനടി പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ?

എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾ സംബന്ധിച്ച അപേക്ഷ മതിയായ എല്ലാ രേഖകളും സഹിതം മാനേജർ സമർപ്പിക്കുന്നപക്ഷം നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ അംഗീകാരയോഗ്യമെങ്കിൽ അംഗീകരിച്ച് നൽകുന്നുണ്ട്.

ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

208 (3435) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലംമാറ്റത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കുമോ?

ഹയർ സെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റം 02-03-2019-ലെ സ.ഉ.(സാധാ)നം.838/2019/പൊ.വി.വ., 13-08-2024-ലെ സ.ഉ.(സാധാ)നം.5035/2024/പൊ.വി.വ. പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഓൺലൈനായാണ് നടത്തപ്പെടുന്നത്. പ്രസ്തുത ഉത്തരവുകൾ യഥാക്രമം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഹയർ സെക്കൻഡറി അധ്യാപകർക്ക് സ്ഥലംമാറ്റം നൽകുന്ന മാതൃകയിൽ എൽ.പി., യു.പി., ഹൈസ്കൂൾ അധ്യാപകർക്കും സ്ഥലംമാറ്റം നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ സെക്കൻഡറി അധ്യാപക സ്ഥലംമാറ്റ മാതൃകയിൽ സെക്കൻഡറിതലം വരെയുള്ള (എൽ.പി./യു.പി./ഹൈസ്കൂൾ അധ്യാപകർ) സ്ഥലംമാറ്റത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നപക്ഷം മാത്രമാണ് അത് അനുവദിച്ചുനൽകുന്നത്.

പൊതുവിദ്യാലയങ്ങളിൽ അധ്യാപകരുടെ നിയമനാംഗീകാരം

209 (3436) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലുണ്ടായ റിട്ടയർമെന്റ് ഒഴിവുകൾ ഗവൺമെന്റ്/എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നീ വിഭാഗങ്ങളിലായി വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഗവൺമെന്റ് വിദ്യാലയങ്ങളിൽ 2016 മുതൽ റിട്ടയർമെന്റ് കാരണമായി ഒഴിവുവന്ന തസ്തികകളിൽ പി.എസ്.സി. വഴി നിയമിതരായ അധ്യാപകരുടെ എണ്ണം ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) എയ്ഡഡ് വിദ്യാലയങ്ങളിൽ 2016 മുതൽ റിട്ടയർമെന്റ് കാരണമായി ഒഴിവുവന്ന തസ്തികകളിൽ നിയമിക്കപ്പെട്ട അധ്യാപകരുടെ എണ്ണം പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിങ്ങനെ തരം തിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിതരായ അധ്യാപകരിൽ എത്ര പേർക്ക് നിയമനാംഗീകാരം നൽകിയെന്ന് സർക്കാർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിങ്ങനെ തരം തിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) 2016 മുതൽ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിതരാവുകയും നിയമനാംഗീകാരം നൽകുകയും ചെയ്ത എത്ര അധ്യാപകർക്കാണ് ശമ്പള സ്കെയിലും ആനുകൂല്യങ്ങളും അനുവദിച്ചതെന്ന് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) 2016 മുതൽ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം നൽകിയ അധ്യാപകർക്ക് ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും ആനുകൂല്യങ്ങളും തടയപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്കാണെന്നുള്ളത് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളായി തരം തിരിച്ച് നൽകാമോ;

(ജി) 2016 മുതൽ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായി നിയമനാംഗീകാരം നേടിയ അധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ശമ്പള സ്കെയിൽ അനുസരിച്ച് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ നടപടി

210 (3437) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:

ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ യഥാസമയം അംഗീകരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് 11, കെ.ഇ.ആർ. അധ്യായം XIV A ചട്ടങ്ങൾ 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജരാണ് നടത്തുന്നത്. കെ.ഇ.ആർ. XIV A ചട്ടം 8(2) പ്രകാരം വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ, അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. ചട്ടപ്രകാരമുള്ളതും വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതുമായ എല്ലാ നിയമനങ്ങളും അംഗീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് യഥാസമയം സർക്കാരും വകുപ്പും ഉചിതമായ നിർദേശങ്ങൾ നൽകുകയും അപ്രകാരമുള്ള നിയമനങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിക്കുകയും ചെയ്തുവരുന്നു.

(ബി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാലും അത് നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) എയ്ഡഡ് സ്കൂളുകളിലെ നിയമനം യഥാസമയം അംഗീകരിച്ചു നൽകാത്ത ഉദ്യോഗസ്ഥരിൽനിന്നും പ്രസ്തുത കാലയളവിലെ ആനുകൂല്യത്തിന്മേൽ 12 ശതമാനം പലിശ ഈടാക്കി ബന്ധപ്പെട്ടവർക്ക് നൽകാൻ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാരും വകുപ്പും പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിയമനം യഥാസമയം അംഗീകരിച്ചു നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക നിയമനങ്ങളുടെ അംഗീകാരം

211 (3438) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ ഏരിയ ഇന്റെൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെ ഭിന്നശേഷി സംവരണ നിയമനം, അധിക തസ്തിക ഇവയുടെ പേരിൽ വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ ഏരിയ ഇന്റെൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെ ഭിന്നശേഷി സംവരണം, അധിക തസ്തിക എന്നിവ സംബന്ധിച്ച ക്രമപ്രകാരമുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(ബി) എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.(സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസ്സുകളിലെയും 30-10-2023, 27-01-2025-ലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ.(കൈ) നം.45/2025/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ)നം. 123/2025/പൊ.വി.വ. പ്രകാരവും ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്.

മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർഥികളുടെ പട്ടിക ജില്ലാതല സമിതിക്ക് കൈമാറുകയും അതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശിപാർശ ചെയ്യുകയും ചെയ്യും. ഇപ്രകാരം ശിപാർശ ചെയ്യുന്ന ഉദ്യോഗാർഥികളെ നിയമിക്കുവാൻ അതത് മാനേജ്മെന്റുകൾ പ്രതിജ്ഞാബദ്ധരാണ്. സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ബഹുമാനപ്പെട്ട

ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുമൂലം നിയമനാംഗീകാരത്തിനുള്ള കാലതാമസം വർധിച്ചുവെന്നതിനാൽ ഇക്കാര്യത്തിൽ നടപടി വേഗത്തിലാക്കുന്നതിനും ഭിന്നശേഷി തസ്തികകൾ കൃത്യമായി മാറ്റിവച്ച് മറ്റ് നിയമനങ്ങൾ നടത്തുന്ന സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനും സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുമോയെന്നും വ്യക്തമാക്കുമോ?

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പൂർണ്ണമായി നടപ്പിലാക്കുന്നതുവരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി മറ്റ് ജീവനക്കാർക്ക് പ്രൊവിഷണൽ/ദിവസ വേതനാടിസ്ഥാനത്തിൽ നിലവിൽ നിയമനാംഗീകാരം നൽകിവരുന്നുണ്ട്. ജില്ലാതല സമിതികൾ ഭിന്നശേഷി ഉദ്യോഗാർഥികൾക്ക് നിയമനശിപാർശ നൽകി, അവർ സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണം നടപ്പിലാക്കിയില്ലെന്ന കാരണത്താൽ നിയമനാംഗീകാരം തടസ്സപ്പെട്ടിരിക്കുന്നവരുടെ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതാണ്. ജില്ലാതല സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യത്തിൽ നിരവധി സർക്കാർ ഉത്തരവുകളും ഡി.ജി.ഇ. സർക്കുലറുകളും പുറപ്പെടുവിച്ചിട്ടും സംസ്ഥാനത്തെ മിക്ക വിദ്യാഭ്യാസ ഓഫീസർമാരും നിയമന അംഗീകാര ഫയലുകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുകയും തീർപ്പുകൽപ്പിക്കാതെ കാലതാമസം വരുത്തുകയും ചെയ്യുന്നതിനാൽ ഫയലുകൾ നിരസിക്കുന്ന പ്രവണത

ഒഴിവാക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദേശം നൽകുന്നതോടൊപ്പം വേണ്ടത്ര പരിചയമില്ലാത്തവർക്ക് പ്രത്യേക പരിശീലനം നൽകുവാനും നടപടി സ്വീകരിക്കുമോ?

നിയമനങ്ങൾ നിയമാനുസൃതം അംഗീകരിക്കുന്നത്/നിരസിക്കുന്നത് സംബന്ധിച്ച് വകുപ്പുതലത്തിലും സർക്കാർ തലത്തിലും ഉത്തരവുകളും നിർദേശങ്ങളും നൽകുന്നുണ്ട്. കൂടാതെ ആവശ്യമെങ്കിൽ പരിശീലനവും നൽകുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ, എ.ഐ.പി. സ്കൂളുകൾ ഉൾപ്പെടെ വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ദിവസവേതന/സ്ഥിരം നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണ നിയമനം, അധിക തസ്തിക ഇവയുടെ പേരിലുള്ള തടസ്സങ്ങൾ പരിഹരിച്ച് വേഗത്തിൽ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ ഏരിയ ഇന്റെൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെ ഭിന്നശേഷി സംവരണം, അധിക തസ്തിക എന്നിവ സംബന്ധിച്ച ക്രമപ്രകാരമുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

ഹയർ സെക്കൻഡറി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കാൻ നടപടി

212 (3439) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ തുടർച്ചയായ 3 അധ്യയന വർഷം അൻപതിലധികം വിദ്യാർഥികൾ അഡ്മിഷൻ നേടിയ താൽക്കാലിക ബാച്ചുകൾ ഏതൊക്കെ; ഇത്തരം ബാച്ചുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) തെക്കൻ ജില്ലകളിലെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ കുട്ടികൾ കുറവായതിനാൽ വെട്ടിക്കുറച്ച അധ്യാപക തസ്തികകൾ, തുടർച്ചയായ അധ്യയന വർഷങ്ങളിൽ 60 കുട്ടികൾ അഡ്മിഷൻ നേടിയ താൽക്കാലിക ബാച്ചുകളിലേക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ ഹയർ സെക്കൻഡറി വിഭാഗത്തിൽ താൽക്കാലിക അധിക ബാച്ചുകൾ അനുവദിച്ചപ്പോൾ ഉത്തരവിൽതന്നെ അതിൽ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവുന്നതാണെന്നും നിർദേശിച്ചിരുന്നു. കൂടാതെ, താൽക്കാലിക അധിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളത് അതത് വർഷത്തേക്കുമാത്രമാണ്. തുടർന്നുള്ള വർഷങ്ങളിൽ മുൻ വർഷങ്ങളിലേക്ക് അനുവദിച്ചിട്ടുള്ള ബാച്ചുകൾക്ക് എക്സ്റ്റൻഷനാണ് നൽകിപ്പോരുന്നത്. അതിനാൽ ഇത്തരം ബാച്ചുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. താൽക്കാലിക ബാച്ചുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലേക്ക് ഷിഫ്റ്റ് ചെയ്ത് അനുവദിച്ച സ്ഥിരം ബാച്ചുകളിൽ അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സർക്കാർ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ ഷിഫ്റ്റ് ചെയ്ത ബാച്ചുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ എം.ആർ.എസ്. സ്കൂളുകളിലെ ഹയർ സെക്കൻഡറി വിഭാഗത്തിൽ സ്ഥിരം അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഈ സ്കൂളുകളിലെ പോസ്റ്റ് ക്രിയേഷൻ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; ഇതിന്മേലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഏതാനും എം.ആർ.എസ്. സ്കൂളുകളിലെ ഹയർ സെക്കൻഡറി ബാച്ചുകളിൽ സ്ഥിരം അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

അധ്യാപക-വിദ്യാർഥി അനുപാതം

213 (3440) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ചട്ടങ്ങൾ പ്രകാരം അധ്യാപക-വിദ്യാർഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ?

LP- 1:30 (1 മുതൽ 5 വരെ)

UP- 1:35 (6 മുതൽ 8 വരെ)

HS- 1:45 (9 മുതൽ 10 വരെ)

(ബി) കാസർഗോഡ് ജില്ലയിലെ പല സ്കൂളുകളിലും മലയാളം മീഡിയത്തോടൊപ്പം കന്നഡ മീഡിയവും നിലനിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 28 സർക്കാർ ഹൈസ്കൂളുകളിലും 5 എയ്ഡഡ് ഹൈസ്കൂളുകളിലും മലയാളത്തോടൊപ്പം കന്നഡ മീഡിയവും നിലനിൽക്കുന്നുണ്ട്.

(സി) ഇംഗ്ലീഷ് അധ്യാപക തസ്തിക നിർണ്ണയിക്കുമ്പോൾ മലയാളം മീഡിയം വിദ്യാർഥികളുടെ എണ്ണത്തെ മാത്രം പരിഗണിക്കുന്നതിനാൽ കന്നഡ മീഡിയം വിദ്യാർഥികൾക്ക് മതിയായ ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ലഭ്യമാകാതെ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

05-7-2024-ലെ സ.ഉ.(കൈ)നം.78/2024/പൊ.വി.വ., 26-09-2024-ലെ സ.ഉ.(കൈ)നം.120/2024/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം കന്നഡ/മലയാളം കുട്ടികളെ ഒന്നായി പരിഗണിച്ച് ഒരു ഡിവിഷന് 5 പിരീയഡ് എന്ന ക്രമത്തിൽ ഇംഗ്ലീഷ് തസ്തിക കണക്കാക്കുന്നതിനാൽ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ലഭിക്കുന്നു.

(ഡി) ഇംഗ്ലീഷ് അധ്യാപക തസ്തിക നിർണ്ണയത്തിൽ കന്നഡ മീഡിയം വിദ്യാർഥികളുടെ എണ്ണവുംകൂടി ഉൾപ്പെടുത്തി അവർക്കും സമാനമായ സൗകര്യം ലഭ്യമാക്കുന്നതിനായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

05-7-2024-ലെ സ.ഉ.(കൈ)നം.78/2024/പൊ.വി.വ., 26-09-2024-ലെ സ.ഉ.(കൈ)നം.120/2024/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം കന്നഡ മീഡിയം കുട്ടികൾക്കും ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ലഭ്യമാകുന്നുണ്ട്.

എൽ.പി.എസ്.റ്റി. നിയമനം

214 (3441) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.റ്റി. നിയമനവുമായി ബന്ധപ്പെട്ട സ്കൂൾ ഏകീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്.

(ബി) റാങ്ക് ലിസ്റ്റ് ഇറങ്ങി നാലുമാസം പിന്നിട്ടിട്ടും നിലവിലെ എൽ.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർഥികൾക്ക് വേണ്ടത്ര നിയമനം ലഭിക്കാത്ത സാഹചര്യമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാറ്റഗറി നമ്പർ 709/2023 എൽ.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് 14 ജില്ലകളിലും നിലവിൽവന്ന് മൂന്നുമാസം കഴിഞ്ഞിട്ടും നാളിതുവരെയും ആർക്കും അഡ്വൈസ് പോയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻകാലങ്ങളെ അപേക്ഷിച്ച് നിയമനങ്ങളിൽ ഇത്രത്തോളം കുറവ് വരുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

(ബി&സി) 2025-26 വർഷത്തെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കിയുള്ള സാധ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഒരു കലണ്ടർ വർഷം ഉണ്ടാകുന്ന ഒഴിവുകളിൽ നേരിട്ടുള്ള നിയമനത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള നിയമാനുസൃത വിഹിതം KPSC-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പിലെ നിയമനാധികാരികൾക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രൈമറി തലത്തിലെ എച്ച്.എം. പ്രൊമോഷൻ തസ്തികയായ പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ എന്ന തസ്തിക അടിയന്തരമായി നടപ്പിൽവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുമ്പോൾ മാത്രമേ പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ എന്ന തസ്തിക നടപ്പിൽവരുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി അധ്യാപക സംവരണം

215(3442) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണം ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) ജില്ലകളിൽ ഇതിനായി രൂപീകരിച്ച സമിതികളുടെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കാമോ;

(സി) സംവരണതത്വം പാലിച്ച് ഭിന്നശേഷി അധ്യാപക നിയമനം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.(സി)9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസ്സുകളിലെയും 30-10-2023, 27-01-2025-ലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ.(കൈ)നം.45/2025/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ)നം. 123/2025/പൊ.വി.വ. പ്രകാരവും ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്.

മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർഥികളുടെ പട്ടിക ജില്ലാതല സമിതിക്ക് കൈമാറുകയും അതിന്റ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശിപാർശ ചെയ്യുകയും ചെയ്യും. ഇപ്രകാരം ശിപാർശ ചെയ്യുന്ന ഉദ്യോഗാർഥികളെ നിയമിക്കുവാൻ അതത് മാനേജ്മെന്റുകൾ പ്രതിജ്ഞാബദ്ധരാണ്. സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭിന്നശേഷി സംവരണം പാലിച്ച് നടത്തിയ നിയമനങ്ങൾ

216 (3443) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണം പാലിച്ച് ഭിന്നശേഷി ഉദ്യോഗാർഥികളെ നിയമിച്ച എയ്ഡഡ് സ്കൂളുകളുടെ എണ്ണം അറിയിക്കാമോ; ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിൽ ആകെ നിയമനം നടന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ; അതിൽ നിയമനത്തിനായി അവശേഷിക്കുന്ന തസ്തികകളുടെ എണ്ണം അറിയിക്കുമോ?

ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിൽ നിലവിൽ 1503 പേരെ നിയമിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം പാലിച്ച് ഭിന്നശേഷി ഉദ്യോഗാർഥികളെ നിയമിച്ച

എയ്ഡഡ് സ്കൂളുകളുടെ എണ്ണം, ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിൽ നിയമനത്തിനായി അവശേഷിക്കുന്ന തസ്തികകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളുടെ എണ്ണം അറിയിക്കുമോ; ജില്ലാ സമിതികൾ മുഖേന നിയമനം നടന്നിട്ടുണ്ടോ; എങ്കിൽ എത്ര; ഓരോന്നും വിശദമാക്കാമോ?

റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർഥികളുടെ പട്ടിക ജില്ലാതല സമിതിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ടി റാങ്ക് ലിസ്റ്റിൽനിന്നുമാണ് മാനേജർമാർ നിശ്ചിത ഒഴിവുകളിൽ ഭിന്നശേഷി നിയമനം നടത്തുന്നത്.

ഉദ്യോഗാർഥികളുടെ പട്ടിക എംപ്ലോയ്മെന്റ് വകുപ്പ് ജില്ലാ സമിതികൾക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ പൂർത്തിയാക്കുന്നതാണ്. (സി) ഭിന്നശേഷി സംവരണം

പാലിക്കുന്നതിനായി തസ്തിക മാറ്റിവച്ചാൽ മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകാമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതു ഉത്തരവ് ഇറക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; അതിന് നിയമപരമായി തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

ഈ വിഷയത്തിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നോഷണലായി നിയമനാംഗീകാരം നേടിയ അധ്യാപകർ

217(3444) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 06-02-2021-ലെ സ.ഉ.(അച്ചടി)4/2021 പൊ.വി.വ. പ്രകാരം കേരളത്തിൽ ആകെ എത്ര അധ്യാപകരാണ് നോഷണലായി നിയമനാംഗീകാരം നേടിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമനാംഗീകാരം നേടിയ അധ്യാപകരുടെയും അവർ ജോലി ചെയ്യുവരുന്ന വിദ്യാലയങ്ങളുടെയും പേര് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമിക്കപ്പെട്ട ഓരോ അധ്യാപകരുടെയും നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ അവർ ശമ്പളം വാങ്ങിത്തുടങ്ങിയ ദിവസം വരെയുള്ള കാലദൈർഘ്യം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം അധ്യാപകരെ നോഷണലായി നിയമിച്ചപ്പോൾ സർക്കാരിനുണ്ടായ സാമ്പത്തിക ലാഭം എത്രയാണെന്ന് വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമിക്കപ്പെട്ട ഓരോ അധ്യാപകരുടെയും നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ അവർക്ക് ശമ്പളം നൽകുമോയെന്ന് വ്യക്തമാക്കുമോ?

06-02-2021-ലെ സ.ഉ.(പി)നം.04/2021/പൊ.വി.വ. ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുന്നപക്ഷം നിയമന തീയതി മുതൽ നോഷണലായി നിയമനാംഗീകാരം നൽകാവുന്നതാണെന്നും 06-02-2021 മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാവുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. KER അധ്യായം XXI ചട്ടം 7 ലംഘിച്ച് നിയമനം നടത്തിയവർക്ക് ഇളവ് നൽകിയാണ് 06-02-2021-ലെ സ.ഉ.(അച്ചടി)നം.4/2021/പൊ.വി.വ. സർക്കാർ പുറപ്പെടുവിച്ചത്. ടി ഉത്തരവ് പ്രകാരം 05-02-2021 വരെയുള്ള ശമ്പളം നോഷണൽ ആയിരിക്കുമെന്ന വ്യവസ്ഥയിലാണ് നിയമനം അംഗീകരിക്കുന്നത്. ഇപ്രകാരം നോഷണലായി നിയമിക്കപ്പെട്ട ഓരോ അധ്യാപകരുടെയും നിയമന തീയതി മുതൽ ശമ്പള സ്കെയിലിൽ അംഗീകാരം നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമിക്കപ്പെട്ട അധ്യാപകരിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ ശമ്പളം വാങ്ങിയിട്ടുള്ള അധ്യാപകരുടെ വിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് അടച്ചുപൂട്ടിയ സ്കൂളുകൾ

218(3445) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും വിവരം മണ്ഡലം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ 2021 മുതൽ അടച്ചുപൂട്ടിയതുവരെയുള്ള അധ്യയന വർഷം ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും സർക്കാർ ചെലവഴിച്ച തുക അധ്യയന വർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ;

(സി) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്കൂളുകളിൽ അനാദായകരമായ സ്കൂളുകൾ ലയിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരം മണ്ഡലം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ 2021 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക 2021 മുതൽ നാളിതുവരെയുള്ള അധ്യയന വർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതുവിദ്യാലയങ്ങളിൽ 50-ൽ താഴെമാത്രം കുട്ടികൾ പഠിക്കുന്ന സർക്കാർ എയ്ഡഡ് സ്കൂളുകളുടെ വിവരം 2021 മുതൽ നാളിതുവരെയുള്ള അധ്യയനവർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത സ്കൂളുകളിൽ 2021 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക 2021 മുതൽ നാളിതുവരെയുള്ള അധ്യയനവർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ?

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമന അംഗീകാരം

219 (3446) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര പേർക്ക് നിയമന അംഗീകാരം നൽകുവാനുണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ വിവിധ എയ്ഡഡ് വിദ്യാലയങ്ങളിലായി 1458 പേർക്ക് നിയമന അംഗീകാരം നൽകാനുണ്ട്. ഉപജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരമാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ	എണ്ണം
ചാവക്കാട്	180
തൃശ്ശൂർ	414
ഇരിഞ്ഞാലക്കുട	260

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ	എണ്ണം
മുല്ലശ്ശേരി	12
കുന്നംകുളം	36
വടക്കാഞ്ചേരി	45
വലപ്പാട്	99
ചാവക്കാട്	59
തൃശ്ശൂർ ഈസ്റ്റ്	15
തൃശ്ശൂർ വെസ്റ്റ്	111

ചേർപ്പ്	70
ഇരിഞ്ഞാലക്കുട	72
കൊടുങ്ങല്ലൂർ	20
ചാലക്കുടി	35
മാള	30

(ബി) ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ നിയമന അംഗീകാര അപേക്ഷകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുന്നതായും തീർപ്പുകല്പിക്കാതെ കാലതാമസം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ നിയമന അംഗീകാര അപേക്ഷകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുന്നതായോ തീർപ്പുകല്പിക്കാതെ കാലതാമസം വരുത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.ഇ.ആർ. അധ്യായം XIV ചട്ടം 8(2) പ്രകാരം 30 ദിവസത്തിനകം തീരുമാനമെടുക്കാത്ത എത്ര നിയമന അംഗീകാര ഫയലുകൾ തൃശ്ശൂർ ജില്ലയിലുണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ കെ.ഇ.ആർ. അധ്യായം XIV ചട്ടം 8(2) പ്രകാരം 30 ദിവസത്തിനകം തീരുമാനമായിട്ടില്ലാത്ത 1196 നിയമന അംഗീകാര ഫയലുകളുണ്ട്. ഉപജില്ല തിരിച്ചുള്ള വിവരം താഴെപ്പറയും പ്രകാരമാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ	എണ്ണം
ചാവക്കാട്	172
തൃശ്ശൂർ	364
ഇരിഞ്ഞാലക്കുട	260

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ	എണ്ണം
മുല്ലശ്ശേരി	12
കുന്നകുളം	4
വടക്കാഞ്ചേരി	41
വലപ്പാട്	89
ചാവക്കാട്	59
തൃശ്ശൂർ ഈസ്റ്റ്	5
തൃശ്ശൂർ വെസ്റ്റ്	71
ചേർപ്പ്	34
ഇരിഞ്ഞാലക്കുട	55
കൊടുങ്ങല്ലൂർ	0
ചാലക്കുടി	0
മാള	30

നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ് (എൻ.എം.എം.എസ്.) പരീക്ഷ

220 (3447) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ കേരളത്തിൽ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.) പരീക്ഷയ്ക്കുവേണ്ടി അപേക്ഷിച്ചിരുന്ന കുട്ടികൾ

എത്രയെന്നും അവരിൽ പരീക്ഷ എഴുതിയവരുടെ എണ്ണവും സ്കോളർഷിപ്പിന് അർഹത നേടിയവരുടെ ജില്ല തിരിച്ചുള്ള എണ്ണവും ലഭ്യമാക്കുമോ?

2024-25 അധ്യയന വർഷത്തിൽ കേരളത്തിൽ നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.) പരീക്ഷയ്ക്കുവേണ്ടി അപേക്ഷിച്ചിരുന്ന കട്ടികൾ എത്രയെന്നും അവരിൽ പരീക്ഷ എഴുതിയവരുടെ എണ്ണവും സ്കോളർഷിപ്പിന് അർഹത നേടിയവരുടെ ജില്ല തിരിച്ചുള്ള എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) 2024-25 അധ്യയന വർഷത്തിലെ (എൻ.എം.എം.എസ്.) പരീക്ഷയുടെ ജില്ല തിരിച്ചുള്ള വിവിധ വിഭാഗങ്ങളുടെ കട്ട് ഓഫ് മാർക്ക് തരം തിരിച്ച് നൽകാമോ?

2024-25 അധ്യയന വർഷത്തിലെ (എൻ.എം.എം.എസ്.) പരീക്ഷയുടെ ജില്ല തിരിച്ചുള്ള വിവിധ വിഭാഗങ്ങളുടെ കട്ട് ഓഫ് മാർക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) 2024-25 അധ്യയന വർഷത്തിൽ (എൻ.എം.എം.എസ്.) പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ജില്ലയിലെയും ആദ്യ 15 വിദ്യാർഥികളുടെ പേരും അവരുടെ സ്കൂളിന്റെ പേരും ഇവരുടെ എസ്.എ.റ്റി., എം.എ.റ്റി. എന്നിവയുടെ മാർക്കും വിശദമാക്കുമോ;

(ഡി) 2024-25 അധ്യയന വർഷം ഏറ്റവും കൂടുതൽ വിദ്യാർഥികളെ (എൻ.എം.എം.എസ്.) പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 20 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഇ) 2024-25 അധ്യയന വർഷത്തിൽ (എൻ.എം.എം.എസ്.) പരീക്ഷ വിജയിച്ചവരുടെയും (Qualified) സ്കോളർഷിപ്പിന് അർഹത നേടിയവരുടെയും (Eligible)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കുട്ടികളുള്ള ഓരോ ജില്ലയിലെയും ആദ്യത്തെ 20 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകാമോ?

(സി-ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു+.

(എഫ്) സംസ്ഥാന തലത്തിൽ (എൻ.എം.എം.എസ്.) സ്കോളർഷിപ്പിന് അർഹത (Eligible) നേടിയതും സ്കോളർഷിപ്പ് പരീക്ഷ വിജയിച്ചതുമായ (Qualified) ആദ്യ പത്ത് സ്കൂളുകളുടെ പേര്, വിജയിച്ച കുട്ടികളുടെ എണ്ണം, അപേക്ഷിച്ച കുട്ടികളുടെ എണ്ണം എന്നിവയുടെ വിവരം നൽകാമോ?

സംസ്ഥാന തലത്തിൽ (എൻ.എം.എം.എസ്.) സ്കോളർഷിപ്പിന് അർഹത (Eligible) നേടിയ സ്കൂളുകളുടെ വിവരം ടേബിൾ 3A ആയും സ്കോളർഷിപ്പ് പരീക്ഷ വിജയിച്ച സ്കൂളുകളുടെ വിവരം ടേബിൾ 3B ആയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

പഠന നിലവാരം വിലയിരുത്താൻ പദ്ധതി

221 (3448) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം വിലയിരുത്താൻ പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ വികാസപ്രദ വിലയിരുത്തലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(Formative assessment) ആത്യന്തിക വിലയിരുത്തലും (Summative assessment) നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മേയ് മാസത്തിൽ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ച വിദ്യാഭ്യാസ കോൺക്ലേവിൽനിന്നും ലഭിച്ച നിർദേങ്ങൾ ക്രോഡീകരിച്ചാണ് സബ്ജക്ട് മിനിമം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. സബ്ജക്ട് മിനിമം പദ്ധതി നടപ്പിലാക്കുന്നതിനും പൊതുവിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള ഗുണമേന്മ വർധിപ്പിക്കുന്നതിനും മുന്നോടിയായി പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്രമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്താനും യഥാർഥ മെറിറ്റ് മാത്രം പരിഗണിക്കാനും പ്രത്യേക മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാൻ ഈ പഠനം കാരണമായി.

(സി) കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഓരോ വിഷയത്തിനും മിനിമം സ്കോർ എന്നത് പഠനനിലവാരം വിലയിരുത്തുന്നതിലെ അടിസ്ഥാനപരമായ മാറ്റമാണ്. ഓരോ വിഷയത്തിനും എഴുത്തുപരീക്ഷയിൽ ഒരു നിശ്ചിത ശതമാനം സ്കോർ (30 ശതമാനം) നേടുന്നത് നിർബന്ധമാക്കും. ഒരു കുട്ടി എല്ലാ വിഷയങ്ങളിലും അടിസ്ഥാനപരമായ അറിവും ശേഷിയും നേടിയെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. ആത്യന്തിക വിലയിരുത്തലിനൊപ്പം വർഷം മുഴുവനുമുള്ള വികാസപ്രദ വിലയിരുത്തലും ശക്തമാക്കും. വികാസപ്രദ വിലയിരുത്തലിൽ തികഞ്ഞ ജാഗ്രത

പുലർത്തുന്നതിനും വിദ്യാർഥികളുടെ യഥാർഥ മെരിറ്റ് മാത്രം പരിഗണിക്കുന്നതിനുമായി അസസ്മെന്റ് റൂബ്രിക്സ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിലൂടെ അധ്യാപകരുടെ ആത്മനിഷ്ഠമായ ഇടപെടലുകൾക്കപ്പുറം കൃത്യമായ അക്കാദമിക വിലയിരുത്തലുകൾ ഉറപ്പാക്കുക എന്നതാണ് ഉദ്ദേശ്യം. വികാസപ്രദ വിലയിരുത്തലിന്റെ ഫലം തത്സമയ പരിഹാരങ്ങൾക്കായി ഉപയോഗിക്കും. പാദവാർഷിക, അർധവാർഷിക, വാർഷിക പരീക്ഷകളിലെ സ്കോറുകൾ വിശകലനം ചെയ്ത് മിനിമം സ്കോർ നേടാത്ത കുട്ടികളെ തിരിച്ചറിഞ്ഞ് അക്കാദമിക പിന്തുണ നല്കുന്നുണ്ട്. പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ അധിക പഠന പിന്തുണ ക്ലാസ്സുകൾ നൽകും. മിനിമം സ്കോർ നേടാത്തവർക്ക് പുനഃപരീക്ഷ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനങ്ങളിലൂടെ ഓരോ വിദ്യാർഥിയുടെയും പഠന നിലവാരം തുടർച്ചയായി നിരീക്ഷിക്കുകയും ആവശ്യമായ പിന്തുണ കൃത്യസമയത്ത് നൽകി, എല്ലാവർക്കും ഉയർന്ന അക്കാദമിക നിലവാരം ഉറപ്പാക്കുകയുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

ടെക്നിക്കൽ ഹൈസ്കൂളുകളിലെ സ്പെഷ്യൽ ട്രേഡുകളിൽ വിദ്യാർഥികളുടെ എണ്ണം നിജപ്പെടുത്തിയ മാനദണ്ഡം

222 (3449) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഈ അധ്യയനവർഷം ഒൻപതാം ക്ലാസ്സിലെ സ്പെഷ്യൽ ട്രേഡുകളിൽ കുറഞ്ഞത് 15 വിദ്യാർഥികൾ ഉണ്ടാകണമെന്ന മാനദണ്ഡം കാരണം സംസ്ഥാനത്തെ വിവിധ ടെക്നിക്കൽ സ്കൂളുകളിൽ എട്ടാം ക്ലാസ്സിൽനിന്നും ജയിച്ചുവന്ന നിരവധി

വിദ്യാർഥികൾക്ക് താൽപര്യമുള്ള ട്രേഡുകൾ ലഭിക്കാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്പെഷ്യൽ ട്രേഡുകളിൽ കുറഞ്ഞത് 15 വിദ്യാർഥികൾ ഉണ്ടാകണമെന്ന മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ട് മുഴുവൻ വിദ്യാർഥികൾക്കും താൽപര്യമുള്ള ട്രേഡുകൾ പഠിക്കുന്നതിന് അവസരം നൽകുമോ; ഇതിനായി ടെക്നിക്കൽ സ്കൂളുകൾക്ക് പ്രത്യേക അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികൾ ലഭ്യമാകുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

223 (3450) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല.

ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകൾക്ക് മെയിന്റനൻസ് ഇനത്തിൽ അനുവദിച്ച തുക

224 (3451) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് മെയിന്റനൻസ് ഇനത്തിൽ അനുവദിച്ച തുകയും പദ്ധതി സംബന്ധിച്ച വിവരങ്ങളും സ്കൂളിന്റെ പേര്, അനുവദിച്ച തുക, വർഷം എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് മെയിന്റനൻസ് ഇനത്തിൽ അനുവദിച്ച തുകയുടെയും പദ്ധതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം

225 (3452) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ പ്രവേശനത്തിന് അതത് സ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ പ്രവേശനത്തിന് അതത് സ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ട്. അതേ സ്കൂളിലെ വിദ്യാർഥിക്ക് 2 ബോണസ് പോയിന്റ് നൽകുന്നുണ്ട്. കൂടാതെ ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർഥികൾക്ക് ബോണസ് പോയിന്റ് അനുവദിക്കുന്നുണ്ട്. അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ 2 ബോണസ് പോയിന്റ് അനുവദിക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഒരു പഞ്ചായത്തിൽ ശരാശരി ഒരു ഹയർ സെക്കൻഡറി സ്കൂൾ മാത്രമാണുള്ളത് എന്നതിനാൽ ബോണസ് മാർക്ക് നൽകുന്ന സംവിധാനം ഫ്ലക്സുകളിലും മറ്റും പ്രദർശിപ്പിച്ച് വിവിധ എയ്ഡഡ് സ്കൂളുകൾ സർക്കാർ ഹൈസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ അതത് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഹയർ സെക്കൻഡറി പ്രവേശനത്തിന് ബോണസ് മാർക്ക് നൽകുന്നത് പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിലൂടെയുള്ള നിർദേശത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനം അനുസരിച്ചാണ് പ്രാദേശിക ബോണസ് പോയിന്റുകൾ അനുവദിച്ചിട്ടുള്ളത്. നിലവിൽ പ്ലസ് വൺ പ്രവേശനത്തിൽ അനുവദിച്ചിട്ടുള്ള ബോണസ് പോയിന്റുകളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഇല്ലാത്തതിനാലും പ്രവേശന നടപടികൾ കുറ്റമറ്റ രീതിയിൽ നടക്കുന്നതിനാലും പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

226 (3453) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

പുതിയ ഹയർ സെക്കൻഡറി സ്കൂൾ തുടങ്ങാൻ നടപടി

227 (3454) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2026-27 അധ്യയന വർഷം പുതിയ ഹയർ സെക്കൻഡറി സ്കൂൾ, ബാച്ച് എന്നിവ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറിയായി ഉയർത്തുന്നതും അധിക ബാച്ചുകൾ അനുവദിക്കുന്നതും പ്രാദേശിക വിദ്യാഭ്യാസ ആവശ്യകതകൂടി പരിഗണിച്ചാണ്. 2026-27 അധ്യയന വർഷത്തിലെ ഹയർ സെക്കൻഡറി മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ എല്ലാ മേഖലാ ഉപമേധാവിമാർക്കും നിർദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ, അഭിപ്രായം എന്നിവ പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലയിൽ പുതിയ ഹയർ സെക്കൻഡറി സ്കൂൾ, ബാച്ച് എന്നിവ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ അക്കാദമിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ 18 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ അധിക താൽക്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. പുതിയ ഹയർ സെക്കൻഡറി സ്കൂൾ/അധിക ബാച്ചുകൾ അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ ബലക്ഷമത

228 (3455) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്യാശ്ശേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കൂളുകളുടെ ബലക്ഷമതാ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ ഏതൊക്ക സ്കൂളുകൾക്കാണ് ഫിറ്റ്നസ് ലഭിക്കാത്തതെന്ന് വിശദമാക്കാമോ?

ബലക്ഷമതാ പരിശോധന നടത്തിയിട്ടുണ്ട്. ഫിറ്റ്നസ് ലഭിക്കാത്ത സ്കൂളുകളില്ല.

പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശം

229 (3456) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിവരം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി

മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം

230 (3457) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മാതിരപ്പള്ളി ജി.വി.എച്ച്.എസ്. സ്കൂളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്നത് സംബന്ധിച്ച നടപടി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ മാതിരപ്പള്ളി ജി.വി.എച്ച്.എസ്. സ്കൂളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി കൈമാറി നൽകുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും സ്ഥലം കൈമാറ്റത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ 22-04-2025-ന് റവന്യൂ വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമം വേഗത്തിൽ പൂർത്തീകരിക്കുമോ; വ്യക്തമാക്കാമോ?

സ്ഥലം കൈമാറിക്കൊണ്ടുള്ള ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന് പട്ടികവർഗ വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്.

സ്കോൾ-കേരള

231 (3458) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ-കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിനുവേണ്ടി സർക്കാർ സെലക്ട് കമ്മിറ്റി രൂപീകരിച്ചത് എന്നാണെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിനായി 10-12-2024-ലെ സ.ഉ.(സാധാ)നം.8685/2024/പൊ.വി.വ. പ്രകാരം സെലക്ട് കമ്മിറ്റി രൂപീകരിച്ചു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത കമ്മിറ്റി എത്ര യോഗങ്ങൾ ചേർന്നുവെന്നും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ലഭ്യമാക്കാമോ?

രണ്ട്. മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കമ്മിറ്റി നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗാർഥികളുടെയും പേരും വിലാസവും യോഗ്യതകളും വ്യക്തമാക്കാമോ?

അഭിമുഖത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗാർഥികളുടെയും പേരും വിലാസവും യോഗ്യതകളും അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(ഡി) പ്രസ്തുത കമ്മിറ്റി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിന് തയ്യാറാക്കിയ സെലക്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റിന്റെ പകർപ്പ്, നിയമനപ്രക്രിയ വഴി തിരഞ്ഞെടുത്ത എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എച്ച്.ഡി. യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ ഒഴിവിൽ നിയമനം നടത്തുന്നതിനുവേണ്ടി രൂപീകരിച്ച സെലക്ട് കമ്മിറ്റി അഭിമുഖത്തിൽ പങ്കെടുത്ത 9 പേരുടെയും യോഗ്യതകൾ വിലയിരുത്തി തയ്യാറാക്കിയ പാനലിൽ യഥാക്രമം (1), (2) സ്ഥാനങ്ങളിൽവന്ന ഡോ. ജിനേഷ് കുമാർ എം.എം., ഡോ. എം.ടി. ശശി എന്നീ ഉദ്യോഗാർഥികളുടെ പേരുകൾ പതിനേഴാമത് ജനറൽ കൗൺസിൽ മുമ്പാകെ സമർപ്പിച്ച് 19-02-2025-ന് ചേർന്ന ജനറൽ കൗൺസിൽ യോഗം മേൽപ്പറഞ്ഞ രണ്ടുപേരുടെ പാനലിൽനിന്നും ഒന്നാമനായ ഡോ. ജിനേഷ് കുമാറിനെ പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നതിന് തീരുമാനിക്കുകയാണുണ്ടായത്.

മേൽ നിയമനപ്രക്രിയ വഴി തിരഞ്ഞെടുത്ത എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എച്ച്.ഡി. യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

ഡയറ്റിലെ ലക്ചറർ തസ്തിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

232 (3459) തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലെ ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) ലക്ചറർ, സീനിയർ ലക്ചറർ, പ്രിൻസിപ്പൽ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വിഷയം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലെ ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) ലക്ചറർ, സീനിയർ ലക്ചറർ, പ്രിൻസിപ്പൽ എന്നീ തസ്തികകളിലുള്ള ഒഴിവുകൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുകൾ പ്രകാരം എത്ര ലക്ചറർ ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽനിന്നും വിലക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡയറ്റുകളിൽ അന്യത്രസേവന വ്യവസ്ഥയിൽ ലക്ചറർ തസ്തികകളിൽ നിയമിതരായ അധ്യാപകരെ 'ഡയറ്റ് ലക്ചറർ' തസ്തികകളിൽ ആഗിരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ബഹു. KAT-ൽ ഫയൽ ചെയ്ത വിവിധ കേസുകളിൽ, പ്രസ്തുത അധ്യാപകരെ ഡയറ്റിൽ തുടരുവാൻ അനുവദിച്ചും പ്രസ്തുത തസ്തികകൾ പി.എസ്.സി. മുഖേനയുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്യുന്നത് വിലക്കിക്കൊണ്ടും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ 74 പേരാണ് ഡയറ്റുകളിൽ അന്യത്രസേവന വ്യവസ്ഥയിൽ തുടർന്നിരുന്നത്. ഇവരിൽ 2 അധ്യാപകൾ വിരമിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ 72 ലക്ചറർ ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിലക്കിയിരിക്കുന്നത്.

(സി) ഡയറ്റുകളിൽ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനക്കയറ്റം നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഡയറ്റുകളിൽ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഡയറ്റുകളിലുള്ള ലക്ചറർ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ തുടരുന്നവർ നൽകിയ കേസ്സിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കാനും അവരെ മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഡയറ്റുകളിലുള്ള ലക്ചറർ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലിയിൽ തുടരുന്നവർ നൽകിയ കേസ്സിലെ Stay Vacate ചെയ്യുന്നതിനും എല്ലാ കേസ്സുകളിലും റിപ്ലേ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിനും പ്രസ്തുത കേസ്സുകളിലെ അന്തിമ ഉത്തരവ് അഡ്വാൻസ് ചെയ്യുന്നതിനും ആവശ്യമായ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ വിധിക്ക് വിധേയമായി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസന പദ്ധതികൾ

233 (3460) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും അക്കാദമിക മികവിന് പ്രാധാന്യം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും അക്കാദമിക മികവിനും രൂപം നൽകിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഭൗതിക സാഹചര്യ വികസന പദ്ധതികൾ

1. കിഫ്ബി ഫണ്ട് കെട്ടിട നിർമ്മാണം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുതായി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ 35 സ്കൂളുകൾക്ക് നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്കൂളുകൾക്ക് പകരമായി ഭൗതിക സൗകര്യം ആവശ്യമുള്ള 35 സ്കൂളുകൾക്ക് 16-06-2022 ലെ സ.ഉ. (സാധാ.)നം.3632/2022/പൊവിവ. പ്രകാരം 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി (പുതുക്കിയ നിരക്ക് 1.30 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പ്ലാൻ ഫണ്ട് കെട്ടിട നിർമാണം

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന പദ്ധതിയാണിത്. അംഗീകൃത നിർമ്മാണ ഏജൻസികൾ തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടി നിർമ്മാണ

പ്രവൃത്തികൾ നടത്തിവരുന്നു. നടപ്പ് സാമ്പത്തിക വർഷം (2025-26) ടി പദ്ധതിക്കായി 4202-01-202-93 എന്ന ശീർഷകത്തിൽ 6000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. ബാരിയർ ഫ്രീ സ്കൂൾസ്

ഭിന്നശേഷിയുള്ള വിദ്യാർഥികൾക്കുവേണ്ടിയുള്ള പ്രതിബദ്ധരഹിത വിദ്യാലയങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ സജ്ജീകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതിയാണിത്. സ്പെഷ്യൽ സ്കൂളുകൾക്ക് മുൻഗണന.

4. സ്കൂൾ കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ആകസ്മിക സഹായം

സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടത്തിവരുന്ന പദ്ധതിയാണിത്. ടി പദ്ധതി 2022-23 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. ടി പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 4202-01-201-91 ശീർഷകത്തിൽ 790 ലക്ഷം രൂപയും 2202-01-101-75 ശീർഷകത്തിൽ 250 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

5. സ്വന്തമായി സ്ഥലമില്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാതെ നിരവധി സ്കൂളുകൾ വാടക അടിസ്ഥാനത്തിൽ സ്വകാര്യ ഭൂമിയിൽ പ്രവർത്തിക്കുന്നതിനാൽ സർക്കാർ സ്കൂളുകൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് തുടങ്ങിയ പദ്ധതിയാണ്.

6. പൈതൃക കെട്ടിടങ്ങളുടെ അതിജീവനത്തിനുള്ള ധനസഹായം

ഒരു നൂറ്റാണ്ട് പിന്നിട്ട നിരവധി കെട്ടിടങ്ങൾ വകുപ്പിന് സ്വന്തമായുണ്ട്. ടി കെട്ടിടങ്ങളുടെ നവീകരണവും സംരക്ഷണവുമാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

7. പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ

പാവപ്പെട്ട വിദ്യാർഥികൾക്കായി പ്രത്യേകിച്ച്, തോട്ടം മേഖലകളിൽ താമസിക്കുന്നവർക്കിടയിൽ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും ആരോഗ്യ-പോക്ഷകാഹാര പരിചരണവും ഗുണനിലവാരമുള്ള വിദ്യാഭ്യാസവും നൽകുന്നതിനുവേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുക എന്ന ഉദ്ദേശ്യത്തോടെ തുടങ്ങിയ പദ്ധതിയാണ്.

8. ചലഞ്ച് ഫണ്ട്

2017-18-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. സർക്കാർ-മാനേജ്മെന്റ് വിഹിതം 1:1 എന്ന അനുപാതത്തിലാണ് അനുവദിക്കുന്നത്.

അക്കാദമിക മികവിനുള്ള പദ്ധതികൾ

അക്കാദമിക രംഗത്ത് മികവ് ഉറപ്പാക്കാൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചു നടപ്പാക്കി.

1. പൊതുവിദ്യാഭ്യാസ വകുപ്പ്, വിദ്യാകിരണം മിഷൻ, സമഗ്രശിക്ഷാ കേരള, കൈറ്റ്-ഡിസ്ക് എന്നിവ സംയുക്തമായി ഗണിതപഠനത്തിനായി മഞ്ചാടി എന്ന പേരിൽ ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനപദ്ധതി സംസ്ഥാനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 28 എം.ആർ.എസ്.-കളിലും 72 സ്കൂളുകളിലും 2024-25 അക്കാദമിക വർഷം നടപ്പാക്കി. പ്രസ്തുത പദ്ധതി ഈ വർഷം തിരഞ്ഞെടുക്കപ്പെട്ട ബി.ആർ.സി.-കളെ ഒരു യൂണിറ്റായി പരിഗണിച്ച് പ്രസ്തുത ബി.ആർ.സി.-കളിലെ മുഴുവൻ വിദ്യാലയങ്ങളിലും മൂന്നാംക്ലാസ്സുകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി അധ്യാപക പരിശീലനങ്ങളും

സംഘടിപ്പിച്ചുവരുന്നു. കൂടാതെ, ശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിന് കെ-ഡിസ്കിന്റെ സഹകരണത്തോടെ മഴവില്ല് പദ്ധതിയും ആവിഷ്കരിച്ച് പൈലറ്റടിസ്ഥാനത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അക്കാദമിക രംഗത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ പ്രത്യക്ഷ തെളിവാണ് 2024-ലെ ദേശീയ പഠന നിലവാരം സർവെ (പറാഖ് രാഷ്ട്രീയ സർവേഷൻ) ഫലങ്ങൾ സൂചിപ്പിക്കുന്നത്. ഇതുപ്രകാരം അക്കാദമിക കാര്യങ്ങളിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്.

2. ശ്രദ്ധ

സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രോത്സാഹനത്തിനായി ഒരു കൈത്താങ്ങ് നൽകുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് ശ്രദ്ധ. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തി ആഴ്ചയിൽ ഒരു ദിവസം പ്രത്യേക പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

3. ഗുണപരമായ വിദ്യാഭ്യാസം സ്വായത്തമാക്കൽ

തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് റിസോഴ്സ് അധ്യാപകരായി പരിശീലനം, അതിഥി തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പഠന പിന്തുണാ പദ്ധതി, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ.

4. സംസ്കൃത വിദ്യാഭ്യാസ വികസനം

കുട്ടികളിൽ സംസ്കൃത ഭാഷാ പരിജ്ഞാനം വർധിപ്പിക്കുന്നതിന് ഈ പദ്ധതി സംസ്ഥാനത്ത് 3000 സ്കൂളുകളിലായി (ഹൈസ്കൂൾ-1000, യു.പി.-2000) 2 ലക്ഷത്തോളം

കുട്ടികൾ സംസ്കൃത ഭാഷ പഠിക്കുന്നുണ്ട്. സംസ്കൃത പരീക്ഷ നടത്തി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

5. സ്കൂളുകളിൽ ഗണിത ശാസ്ത്രം, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ

വിദ്യാർഥികളിൽ ശാസ്ത്രീയബോധം സൃഷ്ടിക്കുക. സയൻസ്, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, പരിസ്ഥിതി അവബോധം ശക്തിപ്പെടുത്തുക, നൂതനമായ കഴിവുകൾ വളർത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

6. District Centre for English

സംസ്ഥാനത്തെ പുതിയതായി ജോലിയിൽ പ്രവേശിച്ച ഇംഗ്ലീഷ് അധ്യാപകർക്ക് റിസർച്ച് അടിസ്ഥാനമാക്കിയുള്ള ട്രെയിനിങ് നൽകി പ്രൊഫഷണൽ സ്കിൽ വർധിപ്പിക്കുന്നതിലൂടെ കുട്ടികളുടെ പഠന നിലവാരത്തിൽ ഉയർച്ചയുണ്ടാക്കുക എന്നതാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

7. Special Enrichment Programme

തീരദേശ, ഗോത്ര, തോട്ടമേഖലയിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

8. ശാസ്ത്രരംഗം/ശാസ്ത്രായനം

വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, പ്രവൃത്തിപരിചയം എന്നീ ക്ലബ്ബുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന പദ്ധതിയാണ് ശാസ്ത്രരംഗം.

9. Focus School

ഓരോ വിദ്യാഭ്യാസ ജില്ലയിൽനിന്നും കുട്ടികളുടെ എണ്ണം 25-ൽ കുറവുള്ള ഓരോ സ്കൂളുകളെ തിരഞ്ഞെടുത്ത് പ്രസ്തുത സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂട്ടുന്നതിനായുള്ള പദ്ധതി.

10. വായനയുടെ വസന്തം

സ്കൂൾ വിദ്യാർഥികൾക്കിടയിൽ വായനാശീലം വളർത്തിയെടുക്കുന്നതിനുള്ള പദ്ധതി.

11. ഇംഗ്ലീഷ് ഭാഷ സമൃഷ്ടീകരണ പരിപാടി

പ്രാഥമികതലത്തിൽ ഇംഗ്ലീഷ് ഭാഷ പഠിക്കുന്നവരിൽ ശക്തമായ അടിത്തറ കെട്ടിപ്പടുക്കുന്നതിനുള്ള പരിപാടി.

12. ആദിവാസി സെറ്റിൽമെന്റുകളിലെ വിദ്യാഭ്യാസ സന്നദ്ധ പ്രവർത്തനങ്ങൾ

ആദിവാസി സെറ്റിൽമെന്റുകളിലെ വിദ്യാഭ്യാസ സന്നദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

13. സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതി

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഗുണമേന്മ വർധിപ്പിക്കുന്നതിന്റെ ഭാഗമായി അക്കാദമിക നിലവാരം ഉയർത്തുന്നതിനും ഓരോ പ്രായത്തിലും കുട്ടികൾ നേടേണ്ട പഠനലക്ഷ്യങ്ങൾ നേടിയെന്ന് ഉറപ്പവരുത്തുന്നതിനായി സമഗ്ര ഗുണമേന്മ പദ്ധതി.

(ബി) ഇത്തരം ഗുണപരമായ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് എത്ര വിദ്യാർഥികളാണ് പുതുതായി പൊതുവിദ്യാലയങ്ങളിൽ കടന്ന് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ (സർക്കാർ, എയ്ഡഡ്) 2 മുതൽ 10 വരെ ക്ലാസ്സുകളിലായി 40906 വിദ്യാർഥികൾ പുതുതായി വന്നുചേർന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ലാസ്	കുട്ടികളുടെ എണ്ണം
2	3044
3	250
4	806
5	8939
6	3874
7	3682
8	15128
9	4800
10	383
ആകെ	40906

വിരമിച്ച അധ്യാപകന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി

234 (3461) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വണ്ടൂർ എ.ഇ.ഒ.-യുടെ കീഴിൽവരുന്ന ഉതിരംപൊയിൽ ജി.എം.എൽ.പി. സ്കൂളിലെ അധ്യാപകനായിരുന്ന ശ്രീ. റോയ് എം. മാത്യുവിന് ഡി.സി.ആർ.ജി. ലഭിക്കുന്നതിന് ബാധ്യതാരഹിത പത്രം (എൻ.എൽ.സി.) നൽകുന്നതിൽ വണ്ടൂർ എ.ഇ.ഒ. ഓഫീസിൽനിന്നും വരുത്തുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വണ്ടൂർ ഉപജില്ലയിലെ ഉതിരംപൊയിൽ ജി.എൽ.പി.എസ്.-ൽ 05-07-2022-ൽ പ്രധാനാധ്യാപകനായിരുന്ന ശ്രീ. റോയ് എം. മാത്യുവിന്റെ വിരമിക്കൽ തീയതി 30-04-2025

ആണ്. എന്നാൽ ടിയാൾ 2025 ജനുവരി 15 മുതൽ എൽ.പി.ആർ.-ൽ പ്രവേശിച്ചു. മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 30-06-2025-ലെ NM1/7511/2025/KDIS ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 01-06-2021 മുതൽ 31-05-2023 വരെയുള്ള കാലയളവിലെ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റിലെ തടസ്സവാദങ്ങൾ തീർപ്പാക്കാത്തതിനാൽ അത് തീർപ്പാക്കുന്ന മുറയ്ക്ക് ശ്രീ. റോയ് എം. മാത്യുവിന് ബാധ്യതാരഹിതപത്രം നൽകുവാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദേശിച്ചിട്ടുണ്ട്.

മേൽ കാലയളവിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ സ്കൂളിൽ ലഭ്യമല്ല. ഈ കാലയളവിൽ പ്രധാനാധ്യാപക ചാർജ് വഹിച്ചിരുന്ന ശ്രീ. അലി അക്ബർ ജി.എച്ച്.എസ്. അഞ്ചച്ചവിടിയിലേക്ക് സ്ഥലംമാറ്റം ലഭിച്ച് പോയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കാൻ സാധിക്കാത്തതിനാൽ അത് ശ്രീ. അലി അക്ബർ എന്നവരുടെ ബാധ്യതയായി നിശ്ചയിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പ്രധാനാധ്യാപികയോട് വണ്ടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ ചില ഉദ്യോഗസ്ഥരിൽനിന്നും ഉണ്ടായിട്ടുള്ളതായി പറയുന്ന കൃത്യവിലോപംമൂലം ടിയാൻ അനുഭവിക്കുന്ന പ്രയാസങ്ങൾ അടിയന്തരമായി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01-06-2023 മുതൽ 31-05-2025 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ നിർദേശിച്ച പ്രകാരം ഉതിരംപൊയിൽ ജി.എൽ.പി. സ്കൂളിലെ 01-06-2021 മുതൽ 31-05-2023 വരെയുള്ള കാലയളവിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട

ഓഡിറ്റിലെ തടസ്സവാദങ്ങൾ തീർപ്പാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് പ്രധാനാധ്യാപികയ്ക്ക് വണ്ടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദേശം നൽകിയിട്ടുണ്ട്. അത് തീർപ്പാക്കുന്ന മുറയ്ക്ക് ശ്രീ. റോയ് എം. മാത്യുവിന് ബാധ്യതാരഹിതപത്രം അനുവദിക്കുന്നതാണ്.

(സി) അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇത്തരം കേസ്സുകളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന മനഃപൂർവമായ കാലതാമസത്തിന് വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) എൻ.എൽ.സി. നൽകുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥനിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എൻ.എൽ.സി. നൽകുന്നതിൽ മനഃപൂർവമായ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥനിൽനിന്നും നഷ്ടപരിഹാരം ഈടാക്കാറുണ്ട്.

യു.പി.എസ്.ടി. അധ്യാപികയുടെ നിയമനം

235 (3462) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റ് മേരീസ് എച്ച്.എസ്. ചെങ്ങാലൂരിലെ യു.പി.എസ്.ടി. അധ്യാപിക ശ്രീമതി അനുഷ മാത്യൂസിന്റെ നിയമനം അർഹമായ ഇളവുകൾ നൽകി അംഗീകരിക്കണമെന്ന അപേക്ഷയിലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ 5 വർഷക്കാലം ഗസ്റ്റ് ലക്ചററായി സേവനം അനുഷ്ഠിച്ചതിനുശേഷം യു.പി.എസ്.ടി.-യായി സെന്റ് മേരീസ് എച്ച്.എസ്. ചെങ്ങാലൂരിലേക്ക് നിയമനം ലഭിച്ച് 4 വർഷം പിന്നിട്ട ശ്രീമതി അനുഷയ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഹയർ സെക്കൻഡറിയിലോ മറ്റേതെങ്കിലും വിഭാഗത്തിലോ വ്യവസ്ഥാപിത ഒഴിവിൽ നേരത്തെ അംഗീകൃത നിയമനമില്ലാത്തതിനാലും ചട്ടപ്രകാരമുള്ള അവകാശമില്ലാത്തതിനാലും വ്യവസ്ഥാപിതമായ റഗുലർ ഒഴിവിൽ നിയമനം നൽകുമ്പോൾ നിയമനത്തിനായുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാലും തൃശ്ശൂർ ചെങ്ങാലൂർ സെന്റ് മേരീസ് എച്ച്.എസ്.-ലെ യു.പി.എസ്.ടി. തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി അനുഷ മാത്യുവിന്റെ അപേക്ഷ 31-08-2025-ലെ സ.ഉ.(കൈ) നം.152/2025/GEDN പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി അനുഷ മാത്യു സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം

236 (3463) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം പുറപ്പെടുവിച്ച 05-8-2025-ലെ (ഡി.ജി.ഇ./13618/2025) സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജില്ലാതല

സമിതികൾ രൂപീകരിച്ച് ഭിന്നശേഷി സംവരണ നിയമത്തിനുള്ള കാറ്റഗറി ഒന്ന് മുതൽ ഏഴ് വരെയുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല. ജില്ലാതല സമിതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഉത്തരവുപ്രകാരം റാങ്ക് ലിസ്റ്റിലുള്ളവർക്ക് 2025 സെപ്റ്റംബർ 12-നകം നിയമന ശിപാർശ ജില്ലാതല സമിതികൾ നൽകേണ്ടതുമായതിനാൽ ഇതുവരെ എത്ര നിയമന ശിപാർശകൾ ജില്ലാതല സമിതികൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ജില്ലാതല സമിതികൾ നിയമന ശിപാർശകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമനശിപാർശകൾ നൽകിത്തുടങ്ങിയിട്ടില്ല.

(സി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം ഇതുവരെ നികത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

ഭിന്നശേഷി സംവരണത്തിനായി നിലവിൽ മാനേജർമാർ മാറ്റിവച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം 1912 ആണ്. ഇതിൽ 1420 ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിൽ 1306 ഒഴിവുകൾ എംപ്ലോയ്മെന്റ് വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ സമിതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്

ഇതിന് കാലതാമസം നേരിടുന്നതെന്നും പ്രസ്തുത വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.(സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസ്സുകളിലെയും 30-10-2023, 27-01-2025-ലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ.(കൈ) നം.45/2025/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ)നം. 123/2025/പൊ.വി.വ. പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്. മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർഥികളുടെ പട്ടിക ജില്ലാതല സമിതിക്ക് കൈമാറുകയും അതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശിപാർശ ചെയ്യുകയും ചെയ്യും. ജില്ലാതല സമിതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിലെ

(ഡയറ്റ്) ലക്ചറർ തസ്തിക

237 (3464) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലെ ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിലെ (ഡയറ്റ്) വിവിധ വിഷയങ്ങളിലുള്ള ലക്ചറർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനായി എത്ര തസ്തികയിൽ ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചുവെന്നും എത്ര തസ്തികയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്നും അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിലെ (ഡയറ്റ്) വിവിധ വിഷയങ്ങളിലുള്ള ലക്ചറർ തസ്തികകൾക്ക് 07-10-2025 വരെ 12 റാങ്ക് പട്ടികകളും 44 ചുരുക്ക പട്ടികകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുരുക്കപട്ടിക പ്രസിദ്ധീകരിച്ച തസ്തികകളിൽ വിജ്ഞാപന പ്രകാരം യോഗ്യരായ ഉദ്യോഗാർഥികൾ ഇല്ലാത്തതിനാൽ തമിഴ്, കന്നഡ, ഉറുദു (By/Transfer) ലക്ചറർ തസ്തികകൾക്ക് Nil Notification പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) ലക്ചറർ തസ്തികയിൽ നിയമന ശിപാർശ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികയിൽ എത്രയെണ്ണം വീതം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) 17-06-2025-ൽ പ്രസിദ്ധീകരിച്ച ലക്ചറർ ഇൻ അസസ്സ്മെന്റ് ആൻഡ് ഇവാല്യൂവേഷൻ (ബൈ ട്രാൻസ്ഫർ), 25-06-2025-ൽ പ്രസിദ്ധീകരിച്ച ലക്ചറർ ഇൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസസ്സ്മെന്റ് ആൻഡ് ഇവാല്യൂവേഷൻ (ഡയറ്റ്) തസ്തികകളിൽ പി.എസ്.സി. നിയമന ശിപാർശ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

17-06-2025-ൽ പ്രസിദ്ധീകരിച്ച ലക്ചറർ ഇൻ അസസ്സ്മെന്റ് ആൻഡ് ഇവാല്യൂവേഷൻ (ബൈ ട്രാൻസ്ഫർ), 25-06-2025-ൽ പ്രസിദ്ധീകരിച്ച ലക്ചറർ ഇൻ അസസ്സ്മെന്റ് ആൻഡ് ഇവാല്യൂവേഷൻ (Direct) തസ്തികകളിൽ ലഭ്യമായ പി.എസ്.സി. നിയമന ശിപാർശയുടെ അടിസ്ഥാനത്തിലുള്ള നിയമന നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ ടൈപ്പിസ്റ്റുകളുടെ റേഷ്യോ പ്രൊമോഷൻ തസ്തിക

238 (3465) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ ടൈപ്പിസ്റ്റുകൾക്ക് 1996 മുതൽ 2020 വരെ വിവിധ ശമ്പള പരിഷ്കരണങ്ങളിൽ അനുവദിച്ച റേഷ്യോ പ്രൊമോഷൻ സർക്കാർ കൃത്യമായി അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

1996 മുതൽ 2019 വരെ റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ടെങ്കിലും കാലാകാലങ്ങളിലുള്ള പേ റിവിഷൻ ഉത്തരവുകൾ പ്രകാരമല്ല റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുള്ളത്.

(ബി) റേഷ്യോ പ്രൊമോഷൻ അനുവദിച്ച് നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; എപ്പോൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടൈപ്പിസ്റ്റുമാരുടെ സീനിയോരിറ്റി തർക്കം സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

യു.പി. സ്കൂൾ അസിസ്റ്റന്റ് തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റ്

239 (3466) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിൽനിന്നും 324 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ നിലവിലില്ല.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ ടൈപ്പിസ്റ്റുമാർക്കുള്ള റേഷ്യോ പ്രൊമോഷൻ

240 (3467) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ ടൈപ്പിസ്റ്റുമാർക്ക് വിവിധ ശമ്പളപരിഷ്കരണങ്ങളിൽ അനുവദിച്ച റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകിട്ടുന്നതിന് കോടതിയിൽ കേസ് നിലവിലുണ്ടോ?

കേസ് നിലവിലുണ്ട്.

(ബി) കേസ് നിലവിൽ വന്നതിനുശേഷം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയോ പ്രൊമോഷൻ നൽകുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എൽ.ഡി. ടൈപ്പിസ്റ്റായ രഞ്ജിനി നാരായണന് 2022-ൽ യു.ഡി. ടൈപ്പിസ്റ്റായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷകൾ

241 (3468) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. അച്ചൻകോവിൽ, ഗവൺമെന്റ് ടി.സി.എൻ. എം.എച്ച്.എസ്.എസ്. നെടുമ്പാറ, ഗവൺമെന്റ് എച്ച്.എസ്. വലിയകാവ്, ഗവൺമെന്റ് യു.പി.എസ്. റോസ്മല എന്നീ സ്കൂളുകളിൽ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുപയോഗിച്ച് സ്ഥലംമാറ്റം ലഭിക്കുന്നതിന് അധ്യാപകരുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

അപേക്ഷകൾ ലഭ്യമായിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം പുറപ്പെടുവിച്ച 26-11-2024-ലെ നം.ഡി.ജി.ഇ/24296/2024-എ 1- സർക്കുലർ പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള ദുർഘടം പിടിച്ച/ചെന്നെത്താൻ പ്രയാസമുള്ള വനപ്രദേശങ്ങൾ ഉൾപ്പെടുന്ന സ്കൂളുകളുടെ പട്ടികയിൽ നിയോജകമണ്ഡലത്തിലെ മേൽ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകൾ ഉൾപ്പെട്ടുവരാത്തതിനാൽ അധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന്

കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; അത് പരിഹരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

04-02-2016-ലെ സ.ഉ.(എം.എസ്.)നം.36/2016/പൊ.വി.വ., 02-11-2023-ലെ സ.ഉ.(എം.എസ്.)നം.166/2023/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരമുള്ള സ്കൂളുകളുടെ പട്ടികയിൽ ടി സ്കൂളുകളും ഉൾപ്പെടുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. (ടി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+])

എയ്ഡഡ് സ്കൂളുകളിലെ ആശ്രിത നിയമനം

242 (3469) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കും ജീവനക്കാർക്കുമുള്ള ആശ്രിത നിയമന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കും ജീവനക്കാർക്കുമുള്ള ആശ്രിത നിയമന വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XIV A ചട്ടം 51 (B), അധ്യായം XXIV (A) ചട്ടം 9 (A) എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

യു.പി. വിഭാഗത്തിൽ അധിക തസ്തികകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

243 (3470) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ കോട്ടയം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ യു.പി. വിഭാഗത്തിൽ അധിക തസ്തികയുള്ള സ്കൂളുകൾ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികയുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ നടന്നുവരികയാണ്. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അധിക തസ്തികയുടെ എണ്ണം സംബന്ധിച്ച് അന്തിമരൂപം ഉണ്ടാകുകയുള്ളൂ.

(ബി) പ്രസ്തുത ജില്ലയിൽ 2025-26 അധ്യയന വർഷം യു.ഐ.ഡി. പ്രശ്നം കാരണം തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ജില്ലയിൽ സർക്കാർ സ്കൂളിൽ 3 തസ്തിക നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) 2025-26 അധ്യയന വർഷത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിനുവേണ്ടി മാറ്റിയിട്ടിരിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് വേണ്ടി കോട്ടയം ജില്ലയിൽ 5 (അഞ്ച്) ഒഴിവുകൾ മാറ്റിയിട്ടുണ്ട്.

(ഡി) 2025-26 അധ്യയന വർഷം ബൈടാൻസ്റ്റർ പ്രൊമോഷനുവേണ്ടി ഒഴിച്ചിട്ടിരിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷം ബൈടാൻസ്റ്റർ പ്രൊമോഷനുവേണ്ടി കോട്ടയം ജില്ലയിൽ ഒരൊഴിവ് ഒഴിച്ചിട്ടിട്ടുണ്ട്.

(ഇ) 2024-25 അധ്യയന വർഷത്തെ ബൈടാൻസ്റ്റർ പ്രൊമോഷനായി ഒഴിവുകൾ മാറ്റിയിട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ഒഴിവുകളെന്നും വ്യക്തമാക്കാമോ?

2024-25 അധ്യയന വർഷത്തെ ബൈടാൻസ്റ്റർ പ്രൊമോഷനായി കോട്ടയം ജില്ലയിൽ 02 (രണ്ട്) ഒഴിവുകൾ ഒഴിച്ചിട്ടിരിക്കുന്നു.

(എഫ്) കൈറ്റ്, ഡയറ്റ് എന്നീ സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ യു.പി.എസ്.റ്റി. അധ്യാപകരുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര പേരെന്നും അറിയിക്കുമോ; അവർക്ക് പകരം നിയമിച്ചവരുടെ വിവരങ്ങൾ നൽകാമോ?

കോട്ടയം ജില്ലയിൽനിന്നും ഡയറ്റിലേക്ക് ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ യു.പി.എസ്.റ്റി. അധ്യാപകരുടെ എണ്ണം -01 (ഒന്ന്). കൈറ്റിലേക്ക് ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ യു.പി.എസ്.റ്റി. അധ്യാപകരുടെ എണ്ണം-01 (ഒന്ന്). ഇത്തരം ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ പകരം നിയമനം നടത്തിവരുന്നു.

ഭാഷാധ്യാപക തസ്തിക നിർണ്ണയം

244 (3471) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഇ.ആർ. ചാപ്റ്റർ 23 റൂൾ 6(2) പ്രകാരമുള്ള ലോവർ പ്രൈമറി ചേർന്നുള്ള അപ്പർ പ്രൈമറി സ്കൂളിലെ ഒന്ന് മുതൽ നാലുവരെ ക്ലാസ്സുകളിലെ അറബി ഭാഷാ അധ്യാപകരെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എന്ന അധ്യാപക തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച് ശമ്പളം കൈപ്പറ്റുന്ന ഒരു അധ്യാപകന്റെ/അധ്യാപികയുടെ തസ്തികയുടെ പേര് അടുത്തവർഷം അഞ്ചാം തരത്തിൽ അറബിക് പഠനം ആരംഭിക്കുമ്പോൾ ജൂനിയർ ലാംഗ്വേജ്

ടീച്ചർ (അറബിക്) (യു.പി.) എന്നായി മാറുകയും ആകെ 20 പീരിയഡ് ജോലിവരികയും ചെയ്യുമെങ്കിലും രണ്ടാമത് ഒരു അറബിക് ടീച്ചർ തസ്തിക ഉണ്ടാകുന്നില്ലെന്നിരിക്കെ അഞ്ചാം ക്ലാസ്സിൽ അറബി പഠനം ആരംഭിക്കുവാനും ഒരു അറബിക് ഡിവിഷൻ അനുവദിക്കാനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

പീരിയഡ് അടിസ്ഥാനത്തിലാണ് ഭാഷാ പഠനത്തിന് തസ്തികകൾ അനുവദിക്കുന്നത്. അഞ്ചാം ക്ലാസ്സിൽ 12 കുട്ടികൾ മിനിമം ഉണ്ടെങ്കിൽ അറബി പഠനം ആരംഭിക്കാനും കെ.ഇ.ആർ. അധ്യായം 23 ചട്ടം 6(2)-III (C) പ്രകാരം തസ്തിക അനുവദിക്കാനും കഴിയും. ലോവർ പ്രൈമറി ചേർന്നുള്ള അപ്പർ പ്രൈമറി സ്കൂളിലെ അറബി പഠനത്തിനായി 25 പീരിയഡിൽ താഴെയും എന്നാൽ അപ്പർ പ്രൈമറി വിഭാഗത്തിൽ നാലിൽ കൂടുതൽ പീരിയഡ് ഉണ്ടെങ്കിൽ അപ്പർ പ്രൈമറി വിഭാഗത്തിൽ തസ്തിക അനുവദിക്കും.

(ബി) ഇത്തരം സ്കൂളുകളിൽ അഞ്ചാം തരത്തിൽ അറബിക് പഠനം ആരംഭിക്കുവാനും ഒരു അറബിക് ഡിവിഷൻ അനുവദിക്കാനും തസ്തിക നിർണ്ണയത്തിലെ അനുബന്ധം-III പൂരിപ്പിച്ച് വിദ്യാഭ്യാസ ഓഫീസർ സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കേണ്ടതുണ്ടോ; വിശദമാക്കുമോ; ഇപ്രകാരം അനുബന്ധം-III ശിപാർശ സർക്കാരിലേക്ക് അയക്കുന്ന മുറയ്ക്ക് നിലവിലുള്ള ലോവർ പ്രൈമറി തസ്തിക നഷ്ടപ്പെടുമോ; പ്രസ്തുത എൽ.പി. അധ്യാപകൻ സംരക്ഷ ആനുകൂല്യമില്ലാത്തയാളും യു.പി.-യിൽ പഠിപ്പിക്കാൻ യോഗ്യതയുള്ളയാളുമാണെങ്കിൽ സർവീസിൽനിന്നും പിരിച്ചുവിടപ്പെടുമോ?

ലോവർ പ്രൈമറിയിൽ നിലനിന്നിരുന്ന അറബിക് തസ്തിക അപ്പർ പ്രൈമറിയിലെ അറബിക് തസ്തികയായി മാറുമ്പോൾ മൊത്തം തസ്തികയിൽ മാറ്റം വരാത്തതിനാൽ അധിക

തസ്തികയായി വ്യാഖ്യാനിക്കേണ്ടതില്ലെന്ന് സർക്കാർ ചില വ്യക്തിഗത റിവിഷൻ ഹർജികൾ പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ഒരു പൊതു സർക്കാർ നിർദേശം നിലവിലില്ല. ഇത്തരത്തിൽ ലോവർ പ്രൈമറി വിഭാഗത്തിൽ തസ്തിക മാറി അപ്പർ പ്രൈമറി വിഭാഗത്തിൽ തസ്തിക വരുമ്പോൾ, പ്രസ്തുത ലോവർ പ്രൈമറി അധ്യാപകന് അപ്പർ പ്രൈമറിയിൽ ചട്ടപ്രകാരമുള്ള അവകാശവും യോഗ്യതയുമുണ്ടെങ്കിൽ ഭാഷാ അധ്യാപകൻ (അറബിക്) അപ്പർ പ്രൈമറിയായി നിയമനം നൽകാവുന്നതുമാണ്.

(സി) അത്തരം സാഹചര്യത്തിൽ പുതിയ തസ്തിക അനുവദിച്ച് കിട്ടുന്നതുവരെ ആ വിദ്യാലയത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ അറബിക് പഠിപ്പിക്കാനുള്ള സംവിധാനമെന്താണ്; കുട്ടികളുടെ ക്ലാസ് കയറ്റത്തിലൂടെ അവർ പഠിച്ചുകൊണ്ടിരിക്കുന്ന ഭാഷാപഠനം യു.പി. ക്ലാസ്സിൽ എത്തുന്നതുകാരണം നഷ്ടപ്പെടുകയും തസ്തിക നഷ്ടപ്പെടുന്നതുമൂലം ആ വിദ്യാലയത്തിൽ അറബി പഠിക്കുവാൻ പകരം സംവിധാനം ഇല്ലാതിരിക്കുന്നതും കുട്ടികളുടെ അവകാശനിഷേധമല്ലേ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അധിക തസ്തികയായി കണക്കാക്കാതിരുന്നാൽ ഇത്തരം സാഹചര്യം ഉണ്ടാകുന്നില്ല.

(ഡി) ഒരു വിദ്യാലയത്തിൽ പുതിയ ഡിവിഷൻ വന്നതുമൂലം പുതിയ പോസ്റ്റ് സൃഷ്ടിക്കപ്പെടുന്നില്ലെങ്കിൽ ആ വിദ്യാലയത്തിൽ തസ്തിക നിർണ്ണയം നടത്താൻ വിദ്യാഭ്യാസ ഓഫീസറുടെ സർപ്രൈസ് വിസിറ്റും വെരിഫിക്കേഷനും ആവശ്യമുണ്ടോ; ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.) തസ്തിക ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി. തസ്തികയായി മാറുമ്പോൾ അവിടെ തസ്തികയുടെ കാറ്റഗറി മാറുന്നുണ്ടോ?

ഏതെങ്കിലും ക്ലാസ്സിൽ അധിക ഡിവിഷൻ വന്നാലും വിദ്യാഭ്യാസ ആഫീസറുടെ വിസിറ്റ് ആവശ്യമാണ്. കെ.ഇ.ആർ. അധ്യായം 23 ചട്ടം 3(5) പ്രകാരം എല്ലാ വിഭാഗം ലാംഗ്വേജ് ടീച്ചർമാരും ഒരേ കാറ്റഗറിയിൽ തന്നെയാണ് വരുന്നത്.

(ഇ) കെ.ഇ.ആർ. ചാപ്റ്റർ 23 റൂൾ 6(2) പ്രകാരമുള്ള വിദ്യാലയത്തിൽ ഒരേ സമയത്തുതന്നെ ഒന്നാം തരത്തിലും അഞ്ചാം തരത്തിലും അറബിക് ഭാഷാപഠനം ആരംഭിക്കുന്നതിന് നിയമ തടസ്സമുണ്ടോ; എങ്കിൽ ആ വിദ്യാലയത്തിൽ അഞ്ചാംതരത്തിൽ ചേരുന്ന പുതിയ വിദ്യാർഥികൾക്ക് ലഭിക്കേണ്ട അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

നിയമതടസ്സമില്ല.

ഹയർ സെക്കൻഡറി ഇംഗ്ലീഷ് അധ്യാപക തസ്തികയിലെ ഒഴിവുകൾ

245 (3472) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറി ഇംഗ്ലീഷ് അധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകളുടെ മുഴുവൻ വിശദാംശവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് - 28

എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് - 11

(ബി) 2024, 2025, 2026 വർഷങ്ങളിൽ മേൽപ്പറഞ്ഞ തസ്തികയിൽ വിരമിക്കൽ കാരണം എത്ര ഒഴിവുകളാണുണ്ടാകുന്നത്; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

2024

എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് -28

എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് - ഒഴിവില്ല.

2025

എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് -41

എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് - ഒഴിവില്ല.

2026

എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് -27

എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് - ഒഴിവില്ല.

(സി) മേൽപ്പറഞ്ഞ തസ്തികയിലെ എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി. റിക്രൂട്ട്മെന്റിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് അധ്യാപകരുടെ പ്രൊമോഷൻ (തസ്തികമാറ്റം വഴി) ആണ് എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് സീനിയർ തസ്തികകൾ. യോഗ്യരായ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് അധ്യാപകരുടെ അഭാവത്തിൽ മാത്രമെ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് സീനിയർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുകയുള്ളൂ.

തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് സീനിയർ തസ്തികയിലേക്ക് നിയമനം നൽകിയിട്ടുള്ളതുപ്രകാരം എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ ഒഴിവുകൾ നിലവിൽ വന്നിരുന്നു. എന്നാൽ മതിയായ വർക്ക് ലോഡ് ഇല്ലാത്തതിനാൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽനിന്നും എക്സസ് ആകുകയും 31-03-2023-ന് സർവീസിൽനിന്നും റിടെഞ്ച് ചെയ്യപ്പെടുകയും 01-06-2023-ൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമനം ലഭിക്കുകയും ചെയ്ത എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് അധ്യാപകരെ ഒഴിവുവരുന്ന എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് റെഗുലർ തസ്തികയിലേക്ക് മാറ്റി നിയമിച്ചശേഷം ബാക്കി 10 എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് ഒഴിവുകൾ നിലവിലുണ്ട്. ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ റിപ്പോർട്ട് പ്രകാരം തസ്തിക നഷ്ടമായതും ശൂന്യവേതനാവധിയിൽ നിൽക്കുന്നതും ഉൾപ്പെടെയുള്ള അധ്യാപകരെ നിയമിക്കുന്നതിനായി മാറ്റിവച്ച ഒഴിവുകൾക്ക് ശേഷം ബാക്കിയുള്ള 7 ഒഴിവ് തസ്തികമാറ്റ നിയമനത്തിനായി മാറ്റി വച്ചിരിക്കുന്നു. എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് തസ്തികയിൽ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ നിലിവിലില്ല.

എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് സീനിയർ തസ്തികയിൽ 28 ഒഴിവുകൾ നിലവിലുള്ളതിൽ ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ റിപ്പോർട്ട് പ്രകാരം തസ്തിക നഷ്ടമായ അധ്യാപകർ, അച്ചടക്ക നടപടി നേരിടുന്ന അധ്യാപകർ, ഡെപ്യൂട്ടേഷൻ/LWA-ൽ നിൽക്കുന്ന അധ്യാപകർ മുതലായവരെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റിവച്ചശേഷം 13 ഒഴിവുകൾ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് തസ്തികയിൽ നിലവിലുണ്ട്. OA 1529/2024 കേസിലെ 04-06-2025-ലെ ഇടക്കാല ഉത്തരവിൽ സർവീസ് ബ്രേക്ക് വന്ന എച്ച്.എസ്.എസ്.ടി. (ജൂനിയർ)

ഇംഗ്ലീഷ് അധ്യാപകരുടെ 01-04-2023 മുതൽ 31-05-2023 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി പ്രസ്തുത അധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുവരെ യോഗ്യരായ അധ്യാപകരില്ലാത്ത കാരണത്താൽ എച്ച്.എസ്.എസ്.ടി. സീനിയർ ഇംഗ്ലീഷ് വേക്കൻസികൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യരുതെന്ന് ബഹുമാനപ്പെട്ട കോടതി നിർദേശിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ ടൈപിസ്റ്റുമാർ

246 (3473) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 10 വർഷത്തിലധികമായി എൻടി കേഡറിൽത്തന്നെ ജോലിചെയ്യുന്ന എൽ.ഡി. ടൈപ്പിസ്റ്റുമാരുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അവരുടെ പേര് വിവരങ്ങൾ, ജോയിനിങ് തീയതി, വിദ്യാഭ്യാസ യോഗ്യത, ടെസ്റ്റ് യോഗ്യത, മറ്റ് സ്ഥാപന തൊഴിൽ പരിചയം എന്നിവ സഹിതം വിശദമാക്കാമോ?

സന്ധ്യ തുണ്ടിയിൽ, സർവീസിൽ പ്രവേശിച്ചത് 02-02-2013-ന് ആണെങ്കിലും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന വടകര മേഖലാ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത് 02-07-2018-ലാണ്.

യോഗ്യത

B Com., PGDCA, Typewriting English & Malayalam, Account Test (Lower).

തൊഴിൽ പരിചയം

1. Typist/Clerk in Primary Agricultural and Rural Development Bank (4.5 years permanent appointment).

2. Secretarial Assistant in Kannur University.

3. Teacher in Government Commercial Institute (Computer, Accountancy).

4. Accountant/Teacher in unaided CBSE -3.5 years.

അധ്യാപക യോഗ്യതയെ സംബന്ധിച്ച സുപ്രീംകോടതി വിധി

247 (3474) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 സെപ്റ്റംബർ ഒന്നിലെ അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഈ വിധിയിൽ കെ-ടെറ്റിന് പകരമായി സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്), നെറ്റ് (നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്) എന്നീ യോഗ്യതകൾ നേടിയ അധ്യാപകർക്ക് ഇത് ബാധിക്കുമോ; സെറ്റ്, നെറ്റ് എന്നീ യോഗ്യതാ പരീക്ഷകൾ ടെറ്റിന് പകരമല്ലെന്ന് ഈ വിധിയിൽ പറയുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കെ-ടെറ്റിന് തത്തുല്യ യോഗ്യതകളായി സർക്കാർ അംഗീകരിച്ച പിഎച്ച്.ഡി., എം.ഫിൽ., എം.എഡ്. എന്നിവ അധ്യാപക യോഗ്യതാ പരീക്ഷയ്ക്ക് തുല്യമല്ലെന്ന് ഈ വിധിയിൽ പറയുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഹയർ സെക്കൻഡറി തലത്തിലുള്ള അധ്യാപകരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഈ വിധി എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കാമോ?

(എ-ഡി) അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 01-09-2025-ലെ സി.എ.1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് നിലവിൽ സ്കൂൾ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ 9, 10, 11, 12 ക്ലാസ്സുകളിലെ അധ്യാപകരെ ഈ വിധി ബാധിക്കുമോയെന്ന് വിശദമാക്കാമോ?

ഇല്ല.

(എഫ്) ഹൈസ്കൂൾ തലത്തിൽ 10 വർഷം സർവീസ് പൂർത്തിയാക്കിയ അധ്യാപകരെ യോഗ്യതാ പരീക്ഷകൾ നേടാതെ ഹയർ സെക്കൻഡറിയിലേക്ക് നിയമിക്കാമെന്ന സംസ്ഥാന സർക്കാർ ഉത്തരവിനെ പ്രസ്തുത വിധി ബാധിക്കുമോ; മുൻകാല പ്രാബല്യത്തോടെ ഈ വിധി നടപ്പിലാക്കുകയാണെങ്കിൽ ഇത്തരത്തിൽ പ്രൊമോഷൻ നൽകിയ അധ്യാപകരെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ;

(ജി) നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നിയമിക്കപ്പെട്ട അധ്യാപകരെ പുതിയ നിയമം വരുമ്പോൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എഫ്&ജി) ഈ വിഷയത്തിൽ നിയമോപദേശം ലഭ്യമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസ വകുപ്പിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ ക്രമക്കേടുകൾ

248 (3475) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക നിയമനം, അധ്യാപകരുടെ അനുകൂല്യങ്ങൾ പാസ്സാക്കി നൽകൽ, മാനേജ്മെന്റുകൾക്കുള്ള ഗ്രാന്റ് അനുവദിച്ചുനൽകൽ എന്നിവയ്ക്ക് വൻതോതിൽ കൈക്കൂലി വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജീവനക്കാർ വൻതോതിൽ കൈക്കൂലി വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എന്നാൽ ചില ഒറ്റപ്പെട്ട പരാതികൾ ലഭിക്കുകയും സർക്കാർതലത്തിൽ വിവിധ ആർ.ഡി.ഡി. ഓഫീസുകളിൽ പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ജീവനക്കാർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നിലവിലെ ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ ജീവനക്കാർ

249 (3476) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് 2022-23 കാലയളവിനുശേഷം നാളിതുവരെ ലഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പി.എഫ്. ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് 2022-2023-ൽ നൽകിയതിനുശേഷം ഇപ്പോൾ 2023-2024 വർഷത്തെ ക്രെഡിറ്റ് കാർഡ് നൽകിവരുന്നു. കൊല്ലം, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള മറ്റ് 12 ജില്ലകളിലെയും മുഴുവൻ ജീവനക്കാരുടെയും 2023-2024 വർഷത്തെ ക്രെഡിറ്റ് കാർഡ് നൽകിക്കഴിഞ്ഞു. കൊല്ലം, പത്തനംതിട്ട ജില്ലകളുടേത് ഒക്ടോബർ 31-നുള്ളിൽ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ്, മേഖലാ ഓഫീസുകൾ തുടങ്ങിയവയിൽ 5 വർഷത്തിലധികം സ്ഥിരമായി ജോലി ചെയ്യുന്നവരെ മാറ്റി നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ്, മേഖലാ കാര്യാലയം തുടങ്ങിയവയിൽ 5 വർഷത്തിലധികം സ്ഥിരമായി ജോലി ചെയ്യുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാറുണ്ട്.

(ഡി) വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 2025-26 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 2025-2026 വർഷം മുതലാണ് തസ്തിക നിർണ്ണയം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളത്. തസ്തിക നിർണ്ണയ നടപടികൾ മേഖലാതലത്തിൽ പൂർത്തിയായി. സംസ്ഥാനതല ക്രോഡീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഇ) വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ഈ വർഷം നഷ്ടപ്പെട്ട എത്ര അധ്യാപക തസ്തികയുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; അവരെ പുനർവിന്യസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തസ്തിക നിർണ്ണയം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ അധ്യാപക തസ്തികകളുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാവുകയുള്ളൂ.

പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷി നിയമനം

250 (3477) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിവിധ തസ്തികകളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.സി.(നം)9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസ്സുകളിലെയും 30-10-2023, 27-01-2025 എന്നീ തീയതികളിലെ ഉത്തരവുകൾപ്രകാരം ജില്ലാതലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.(സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസ്സുകളിലെയും 30-10-2023, 27-01-2025 തീയതികളിലെ ഉത്തരവുകൾപ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശിപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24-03-2025-ലെ സ.ഉ.(കൈ)നം. 45/2025/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് 28-06-2025-ലെ സ.ഉ.(കൈ)നം. 123/2025/പൊ.വി.വ. പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്.

(ബി) എന്നാൽ പ്രസ്തുത തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർഥികൾ നിലവിൽ ലഭ്യമല്ലാത്തപക്ഷം, സ്കൂളുകളിൽ ഇപ്പോൾ ഒഴിവുള്ള മറ്റ് തസ്തികകളിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം നടത്തുന്നതിനായി ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷി നിയമനം നടത്തുന്നതിനായി ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർഥികളെ ലഭ്യമാക്കുന്നത് എംപ്ലോയ്മെന്റ് വകുപ്പാണ്. ടി നടപടികൾ ഇപ്പോൾ നടന്നുവരികയാണ്. അതിനാൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കാവശ്യമായ, യോഗ്യരായ ഉദ്യോഗാർഥികൾ നിലവിൽ ലഭ്യമാണോയെന്ന് എംപ്ലോയ്മെന്റ് വകുപ്പ് പ്രസ്തുത ലിസ്റ്റ് സമർപ്പിച്ചതിനുശേഷം മാത്രമെ അറിയാൻ സാധിക്കുകയുള്ളൂ.

പ്രീപ്രൈമറി അധ്യാപകർക്ക് ഓണറേറിയം

251 (3478) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീപ്രൈമറി അധ്യാപകർക്ക് ഓണറേറിയം വർധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ തീരുമാനിച്ചിട്ടില്ല. 06-02-2025-ലെ WP(C)5506/2014-നമ്പ്രുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(ബി) പ്രീപ്രൈമറി അധ്യാപകരുടെ ഓണറേറിയം മുടങ്ങിക്കിടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഓണറേറിയം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളിലെ എല്ലാ പ്രീപ്രൈമറി ജീവനക്കാർക്കും നിയമനാംഗീകാരം ലഭിച്ച തീയതി മുതൽ എല്ലാ മാസവും മുടങ്ങാതെ ഓണറേറിയം അനുവദിച്ചുവരുന്നുണ്ട്.

(സി) പ്രീപ്രൈമറി അധ്യാപകർക്ക് ഓണറേറിയത്തിനുപകരം ശമ്പളം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല.

മലബാറിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ

252 (3479) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ 2021 മുതൽ നാളിതുവരെ എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും അഡീഷണൽ ബാച്ചുകളിലേക്ക് എത്ര അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

മലബാറിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ 2021 മുതൽ നാളിതുവരെ 318 താൽക്കാലിക അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ടി ബാച്ചുകൾ താൽക്കാലിക ബാച്ചുകളായതിനാൽ അധ്യാപക തസ്തികകൾ അനുവദിച്ചിട്ടില്ല.

(ബി) സ്ഥിരം അധ്യാപകർ ഇല്ലാത്തതുകാരണം മലബാറിലെ സ്കൂളുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുവെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ മേഖലയിലെ ഷിഫ്റ്റഡ് ബാച്ചുകളിലും താൽക്കാലിക അധിക ബാച്ചുകളിലും മാത്രമാണ് തസ്തികകൾ അനുവദിക്കാനുള്ളത്. താൽക്കാലികമായി അനുവദിച്ച അധിക ബാച്ചുകളായതിനാൽ ഇവയ്ക്ക് അധ്യാപക തസ്തികകൾ അനുവദിച്ചിട്ടില്ല.

(സി) നാലുവർഷം പൂർത്തിയായ 71 താൽക്കാലിക ബാച്ചുകളിലേക്ക് അധ്യാപക തസ്തികൾ സൃഷ്ടിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

താൽക്കാലികമായി അനുവദിച്ച അധിക ബാച്ചുകളിൽ അധ്യാപക തസ്തികകൾ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

ഇടുക്കി ജില്ല യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) നിയമനം

253 (3480) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ല യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) 517/2019-ാം നമ്പർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനായുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയിൽ യു.പി.എസ്.ടി. (മലയാളം) തസ്തികയിൽ ഇതുവരെ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ നിയമാനുസൃത വിഹിതം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത ഇടമലക്കുടി സ്കൂളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഇപ്പോൾ നിലവിലുള്ള 517/2019-ാം നമ്പർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർഥികൾക്ക് പ്രസ്തുത ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഇടമലക്കുടി ഗവൺമെന്റ് സ്കൂളിൽ യു.പി. വിഭാഗം അപ്ഗ്രേഡ് ചെയ്ത് തത്വത്തിൽ അംഗീകാരം ലഭിക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. യു.പി. വിഭാഗം പ്രവർത്തിക്കുന്നതിനാവശ്യമായ ക്ലാസ് മുറികളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. സ്കൂൾ കെട്ടിടം പണി പൂർത്തിയായി തസ്തിക നിർണ്ണയം നടത്തി തസ്തിക നിലവിൽ വരുന്നമുറയ്ക്ക് മാത്രമെ നിയമനം നൽകുവാൻ സാധിക്കുകയുള്ളൂ. നിലവിൽ യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) തസ്തിക സ്കൂളിൽ അനുവദിച്ചിട്ടില്ല.

(സി) ഇടുക്കി ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം നിയമാനുസൃതം നടപ്പിലാക്കി ഇതുമൂലമുണ്ടാകുന്ന ഒഴിവുകൾ 2025 ഒക്ടോബർ 9-ന് കാലാവധി അവസാനിക്കുന്ന 517/2019-ാം നമ്പർ യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അന്തർ ജില്ലാ സ്ഥലംമാറ്റം നിയമാനുസൃതം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് മാത്രമെ ഇതുമൂലം ഒഴിവുകൾ ഉണ്ടാകുമോയെന്ന് കണ്ടെത്താനും തുടർനടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ.

(ഡി) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശമായ അക്കാദമിക മോണിറ്ററിങ്ങിനായി പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർമാരെ നിയമിക്കുന്നതിനും

തന്മൂലമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് 517/2019-ാം നമ്പർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. പ്രസ്തുത പരിശോധനകൾ പൂർത്തിയാക്കി ടി റിപ്പോർട്ടിലെ ശിപാർശകൾ അന്തിമപ്പെടുത്തുന്ന സാഹചര്യത്തിൽ മാത്രമെ ഈ വിഷയത്തിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഇ) ഇടുക്കി ജില്ല യു.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) 517/2019-ാം നമ്പർ റാങ്ക് ലിസ്റ്റിൽനിന്നും 20 ശതമാനത്തിൽ താഴെ മാത്രം നിയമനമാണ് നടന്നിരിക്കുന്നതെന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറുമാസത്തേക്കുകൂടി നീട്ടി നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സംസ്ഥാനത്തെ തൊഴിൽ സമരങ്ങൾ

254 (3481) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര തൊഴിൽ സമരങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വർഷം	നടന്നിട്ടുള്ള തൊഴിൽ സമരങ്ങൾ
2016	1
2017	1
2018	1
2019	4
2020	7
2021	3
2022	5
2023	5
2024	5
2025	3

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള തൊഴിൽ നഷ്ടം എത്ര വീതമാണെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വർഷം	തൊഴിൽ നഷ്ടം
2016	21840
2017	0
2018	0
2019	320
2020	10518
2021	0
2022	243
2023	11495

2024	1615
2025	0

(സി) പ്രസ്തുത കാലയളവിൽ തൊഴിൽ സമരങ്ങൾ കാരണം ആകെ ഉൽപാദനത്തിൽ എത്ര ശതമാനം കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തൊഴിൽ സമരങ്ങൾ കാരണം ഉൽപാദനത്തിൽ വന്ന കുറവ് തൊഴിൽ വകുപ്പ് കണക്കാക്കിയിട്ടില്ല.

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് തൊഴിലാളി സമരങ്ങൾമൂലം പൂട്ടിപ്പോയ വ്യവസായ സ്ഥാപനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് തൊഴിലാളി സമരങ്ങൾമൂലം പൂട്ടിപ്പോയ വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല

പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യിലെ ട്രേഡുകൾ

255 (3482) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ എത്ര ട്രേഡുകളാണുള്ളതെന്ന് വിശദമാക്കാമോ?

പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ വെൽഡർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ 2 ട്രേഡുകളിലായി 4 യൂണിറ്റുകളിൽ പരിശീലനം നൽകുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

സർക്കാർ ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ തുടങ്ങുന്നതിന് തസ്തികകൾ സൃഷ്ടിക്കൽ, ഉപകരണ സജ്ജീകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിലെല്ലാം അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാകുന്നതാണ്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതുതായി അധിക സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ നിലവിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് തൽക്കാലം പരിഗണനയിലില്ല.

തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക

256 (3483) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും നിലവിൽ വിതരണം ചെയ്യേണ്ട പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എത്ര തുകയാണ് കുടിശ്ശികയിനത്തിൽ നൽകാനുള്ളതെന്നും വിവരം ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെയും അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും നിലവിൽ വിതരണം ചെയ്യേണ്ട പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങളിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എത്ര തുകയാണ് കുടിശ്ശികയിനത്തിൽ നൽകാനുള്ളതെന്നും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേമനിധി ബോർഡുകൾ

257 (3484) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുംവേണ്ടി സ്ഥാപിച്ചിട്ടുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുംവേണ്ടി സ്ഥാപിച്ചിട്ടുള്ള തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന 16 ക്ഷേമനിധി ബോർഡുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നതിനുവേണ്ടി ബോർഡുകൾ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ക്ഷേമനിധി ബോർഡുകൾവഴി നൽകുന്ന സേവനങ്ങൾ പരമാവധി ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകൾവഴി നൽകുന്ന സേവനങ്ങൾ പരമാവധി ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് ബോർഡുകൾ സ്വീകരിച്ച നടപടി അനുബന്ധമായി ചേർക്കുന്നു+.

(ഡി) വിവര സാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം?

തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവര ശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ചു.

AIIS സോഫ്റ്റ്വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ പ്രവർത്തനസജ്ജമായിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേനയും വിവിധ ക്ഷേമനിധി ബോർഡുകളുടെ ഓഫീസുകൾ മുഖേനയും തൊഴിലാളികൾക്ക് സ്വന്തമായും രജിസ്ട്രേഷൻ നടത്താൻ കഴിയുംവിധമാണ് AIIS സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുള്ളത്. പ്രസ്തുത സോഫ്റ്റ്വെയറിന്റെ രണ്ടാംഘട്ടത്തിലാണ് ആനുകൂല്യ വിതരണം, പേയ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാംഘട്ടത്തിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുള്ളതാണ്. AIIS സോഫ്റ്റ്വെയറിന്റെ രണ്ടാംഘട്ടം പൂർത്തിയാകുന്നമുറയ്ക്ക് തൊഴിലാളികളുടെ ആനുകൂല്യ വിതരണം പ്രസ്തുത സോഫ്റ്റ്വെയർ മുഖേന നടത്താവുന്നതാണ്. അതിലൂടെ ക്ഷേമനിധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് കഴിയുന്നതാണ്. അതുകൂടാതെ, വിവര സാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് ബോർഡുകൾ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്ഥിരപ്പെടുത്തൽ

258 (3485) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 293 പേരെ സ്ഥിരപ്പെടുത്താൻ തീരുമാനമെടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ?

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 293 പേരെ സ്ഥിരപ്പെടുത്താൻ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഈ നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ടി വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കുടിശ്ശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി നൽകിയതിനുശേഷം മാത്രം സ്ഥിരപ്പെടുത്തൽ നടപടി മതിയെന്ന് ഹൈക്കോടതി നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ അത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി വ്യക്തമാക്കുമോ?

ദിവസവേതനാടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമ ബോർഡിൽ 10 വർഷത്തിലധികം ആകെ സർവീസുള്ള (BROKEN SERVICE) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ജോർജ് പ്ലാത്തോട്ടം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച 18-09-2025-ലെ WP(PIL) 114&115/2025, ഹർജിയിന്മേലുള്ള വിധിന്യായത്തിൽ ബോർഡിൽനിന്നും നൽകിവരുന്ന പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത പൊതുതാൽപര്യ ഹർജിയിലെ ഉത്തരവ് പരിഗണിച്ച്, ടി വിഷയത്തിലുള്ള വിശദവിവരങ്ങൾ (ഇൻസ്ട്രക്ഷൻസ്) ബോർഡ് സെക്രട്ടറിയിൽനിന്നും ലഭ്യമാക്കുകയും അത് പരിശോധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.

കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ മുടങ്ങിയ സാഹചര്യം

259 (3486) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും 16 മാസമായി മുടങ്ങിയിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. ബോർഡിൽനിന്നും നിലവിൽ 2024 ഏപ്രിൽ മാസം വരെയുള്ള പെൻഷനും 31-03-2025 വരെയുള്ള മറ്റാനുകൂല്യങ്ങളുമാണ് വിതരണം ചെയ്തിട്ടുള്ളത്. പെൻഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 62 കോടി രൂപയാണ് ആവശ്യമായുള്ളത്. ആനുകൂല്യ വിതരണത്തിനും ഭരണപരമായ ചെലവുകൾക്കുമായി പ്രതിമാസം ഏകദേശം 10 കോടി രൂപ അടക്കം ആകെ 72 കോടി രൂപയാണ് ആവശ്യമായുള്ളത്. ബിൽഡിങ് സെസ്സ് പൂർണ്ണ ഫലപ്രാപ്തിയിലെത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി ബിൽഡിങ് സെസ്സ് പിരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 14-02-2024-ലെ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ സ.ഉ.(കൈ)നം. 23/2024/എൽ.എസ്.ജി.ഡി. പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+) 16-01-2024 മുതൽ സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ഏപ്രിൽ മുതൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സെസ്സ് പിരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സെസ്സ് തുക ഒടുക്കുന്നതിന് വിധേയമായി മാത്രമെ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളുവെന്ന് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം ബോർഡിന്റെ വരുമാനത്തിൽ വർധനവുണ്ടായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുടിശ്ശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി കൊടുത്തുതീർക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനായി ഒരു പെൻഷൻ ഗുണഭോക്താവ് ഫയൽ ചെയ്ത 17856/25-ാം നമ്പർ റിട്ട് പെറ്റീഷനിൽ കുടിശ്ശിക പെൻഷൻ നൽകുന്നതിനും മറ്റൊരു പെൻഷൻ ഗുണഭോക്താവ് ഫയൽ ചെയ്ത 2037/25 നമ്പർ റിട്ട് പെറ്റീഷനിൽ 50 ശതമാനം പെൻഷൻ കുടിശ്ശിക നൽകുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതി കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡ് സെക്രട്ടറിക്ക് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി കൊടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിങ് സെസ്സിലൂടെയാണ് ലഭിക്കുന്നത്. തൊഴിൽ വകുപ്പാണ് ബിൽഡിങ് സെസ്സ് പിരിച്ചിരുന്നതെങ്കിലും ടി വകുപ്പിന് മറ്റ് ജോലിഭാരമുള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിനെ ബിൽഡിങ് സെസ്സ് പിരിവിന് ചുമതലപ്പെടുത്തി 14-02-2024-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ബിൽഡിങ് സെസ്സ് ഒടുക്കിയിരിക്കണമെന്ന നിബന്ധന ടി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവ് നടപ്പിലാക്കിയതിലൂടെ ബിൽഡിങ് സെസ്സ് പിരിവിൽ കാര്യമായ വർധനവുണ്ടായിട്ടുള്ളതും, ക്രമാനുഗതമായ വർധനവുണ്ടാകുന്നപക്ഷം കുടിശ്ശികയായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കുന്നതുമാണ്.

ക്ഷേമനിധി ബോർഡുകളിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

260 (3487) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളുടെ എത്ര മാസത്തെ ആനുകൂല്യങ്ങളാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

തൊഴിൽ വകുപ്പിനുകീഴിലെ 16 ക്ഷേമനിധി ബോർഡുകളിൽനിന്നും നൽകേണ്ട കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത ബോർഡുകളുടെ മിച്ച ഫണ്ടുകൾ ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ടോ; ഇത് ബോർഡുകളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുന്നു; വ്യക്തമാക്കാമോ?

ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ ഒഴികെയുള്ള ക്ഷേമനിധി ബോർഡുകളിലെ മിച്ച ഫണ്ടുകൾ ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ട്. അത് ബോർഡുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ആധാർ ലിങ്കിങ് നിർബന്ധമാക്കുന്നത് അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ എങ്ങനെ തടസ്സം സൃഷ്ടിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ക്ഷേമനിധി ബോർഡുകളിൽ ആധാർ ലിങ്കിങ് നിർബന്ധമാക്കുന്നത് അംഗങ്ങളുടെ ഒന്നിൽ കൂടുതൽ ക്ഷേമനിധി ബോർഡുകളിലെ ദ്വയാംഗത്വം കണ്ടെത്തുന്നതിനും അനർഹർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിനും സഹായിക്കുന്നു. ഇതൊരു തരത്തിലും ബോർഡ് പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചിട്ടില്ല.

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്രമാസത്തെ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് കുടിശ്ശികയായതെന്ന് വ്യക്തമാക്കുമോ; എത്ര തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ഇനിയും ലഭിക്കാനുണ്ടെന്നത് വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 17 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. ഏകദേശം 3.87 ലക്ഷംപേർക്ക് പെൻഷൻ കുടിശ്ശികയും 01-04-2025 മുതലുള്ള മറ്റാനുകൂല്യങ്ങളും നൽകാനുണ്ട്.

ലേബർ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധന

261 (3488) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തിൽ സംസ്ഥാനത്ത് ലേബർ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനകളുടെ കണക്കുകൾ ലഭ്യമാക്കാമോ?

ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാരപരിധിയിൽ Routine സ്ഥാപന പരിശോധനകളും നടത്തിവരികയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷനുൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. 1960-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം,

1948-ലെ മിനിമം വേതന നിയമം, 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമം, 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1986-ലെ ചൈൽഡ് ലേബർ നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1976-ലെ ഈക്വൽ റെമ്യൂണറേഷൻ നിയമം, 1976-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമം, 1978-ലെ ചുമട്ടുതൊഴിലാളി നിയമം, 1958-ലെ നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമം തുടങ്ങിയ തൊഴിൽ നിയമങ്ങൾ പ്രകാരം 2024-25 വർഷത്തിൽ 50412 പരിശോധനകൾ തൊഴിൽ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്.

(ബി) ഇതിൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം റിപ്പോർട്ടിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ 2024-25 വർഷം 3492 പരിശോധനകൾ നടത്തിയിട്ടുണ്ട്. എല്ലാ പരിശോധനകളിലും പാലക്കാട് ജില്ലയിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. പരിശോധനയെത്തുടർന്ന് എല്ലാ സ്ഥാപനങ്ങൾക്കും നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് പരിശോധനാക്കുറിപ്പ് നൽകിയിട്ടുണ്ട്. നിയമലംഘനങ്ങൾ നിശ്ചിത സമയത്ത് പരിഹരിക്കാത്ത 24 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 2 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിമും ഫയൽ ചെയ്തിട്ടുണ്ട്. 228 സ്ഥാപനങ്ങൾക്കെതിരെ തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതിൽ എത്ര വിഷയങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

3238 ഫയലുകളിൽ നിയമലംഘനങ്ങൾ പരിഹരിച്ചിട്ടുണ്ട്.

കൊരട്ടി വൈഗ ത്രെഡ്സ് കമ്പനി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

262 (3489) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗ ത്രെഡ്സ് കമ്പനിയുടെ സമാപ്തീകരണ നടപടികളുടെയും ഇതുസംബന്ധിച്ചുള്ള കോടതി വ്യവഹാരങ്ങളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

കൊരട്ടി വൈഗ ത്രെഡ്സ് എന്ന സ്ഥാപനം അടച്ചുപൂട്ടിയതിനുശേഷം തൊഴിലാളികളുടെ ക്ലെയിം വിചാരണ ചെയ്യുന്നതിന് ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി ചുമതലപ്പെടുത്തിയ ഒഫിഷ്യൽ ലിക്വിഡേറ്റർക്കാണ് അധികാരമുള്ളത്. തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്തതിനാൽ അതിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 20-03-2024-ൽ കർണ്ണാടക ഒഫിഷ്യൽ ലിക്വിഡേറ്റർക്ക് ലേബർ കമ്മീഷണർ കത്ത് നൽകിയിട്ടുണ്ട്.

(ബി) സമാപ്തീകരണ നടപടികൾ വേഗത്തിലാക്കി തൊഴിലാളികൾക്ക് പുനരധിവാസവും നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 05-07-2017-ന് ചേർന്ന യോഗത്തിൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിലേക്കായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു. ടി വിഷയത്തിൽ സ്ഥാപന പരിശോധനയും പ്രാദേശിക

അന്വേഷണവും നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിൽ, 23-01-2013-ന് കമ്പനി ലോക്കൗട്ട് ചെയ്തതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളുടെ അഡ്വാൻസ് എന്ന നിലയിൽ 10,000/- രൂപ വീതം മുഴുവൻ തൊഴിലാളികൾക്കും മാനേജ്മെന്റ് വിതരണം ചെയ്യുകയും ബാക്കി തുക അയച്ചുനൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുകകൾ വർഷങ്ങൾക്കുമുമ്പുള്ള വേതന നിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയതിനാൽ കുറഞ്ഞ തുകയാണ് ലഭിച്ചതെന്നും ഉയർന്ന നിരക്കിലുള്ള തുക ലഭിക്കണമെന്നുമായിരുന്നു തൊഴിലാളികളുടെ ആവശ്യം.

05-07-2017-ലെ യോഗ തീരുമാനപ്രകാരം കമ്പനിയുടെ ക്ലോഷർ സമയത്ത് നിലവിലുണ്ടായിരുന്ന 196 തൊഴിലാളികളുടെ അധിക ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതിനാൽ മേൽ തൊഴിലാളികളെ സേവന കാലയളവ് കണക്കാക്കി നാല് വിഭാഗമാക്കിയുള്ള പ്രൊപ്പോസൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ സമർപ്പിക്കുകയും തുടർന്ന് തൊഴിലാളികൾ സംയുക്തമായി ബഹുമാനപ്പെട്ട എറണാകുളം ലേബർ കോടതിയിൽ ഫയൽ ചെയ്ത സി.പി. 41/2000, സി.പി. 98/2005 ക്ലെയിം പെറ്റീഷനുകളിലെ വിധിപ്രകാരം നിശ്ചിത തൊഴിലാളികൾക്ക് നിശ്ചിത തുകകൾ ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ നൽകാനും അല്ലാത്തപക്ഷം ടി തുകകൾ പലിശ സഹിതം നൽകാനും ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും മേൽ നോട്ടീസ് Addressee left/abolished/closed എന്ന് രേഖപ്പെടുത്തി തിരികെ ലഭിച്ചിട്ടുള്ളതുമാണ്. സ്ഥാപനം

അടച്ചുപൂട്ടിയതിനുശേഷം തൊഴിലാളികളുടെ ക്ലെയിം വിചാരണ ചെയ്യുന്നതിനുള്ള അധികാരം ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ഒഫിഷ്യൽ ലിക്വിഡേറ്റർക്കാണ്. ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററുടെ 19-05-2023-ലെ കത്തിൽ കമ്പനിയുടെ ക്രെഡിറ്റേഴ്സും വർക്കേഴ്സുമായുണ്ടായിരുന്ന 190 അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർക്ക് ക്ലെയിമുകൾ നൽകിയിട്ടുണ്ടെന്നും സി.പി. 41/2000, സി.പി. 98/2005 ക്ലെയിം പെറ്റീഷനുകൾ പ്രകാരം 43 ക്ലെയിമുകളിൽ 28 എണ്ണം തീർപ്പാക്കിയെന്നും ബാക്കി 15 എണ്ണം പുതുതായി നൽകിയിട്ടുള്ളതാണെന്നും ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ 15 ക്ലെയിമുകളിൽ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. തുടർന്ന് ടി വിഷയത്തിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസറുടെ റിപ്പോർട്ടിൻപ്രകാരം, മേൽ ക്ലെയിം പെറ്റീഷനുകളിൽ അനുകൂല ഉത്തരവ് ലഭിച്ചവർക്ക് എതിർകക്ഷിയിൽനിന്നും തുക ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 41/2000, 98/2005 ക്ലെയിം പെറ്റീഷനുകളിലെ ക്ലെയിം തുക തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ലെന്നും അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ഒഫിഷ്യൽ ലിക്വിഡേറ്റർക്ക് 20-03-2024-ൽ കത്ത് നൽകിയിട്ടുണ്ട്.

ഓട്ടോറിക്ഷ തൊഴിലാളികളുടെ ക്ഷേമനിധി

263 (3490) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടോറിക്ഷ തൊഴിലാളികളിൽനിന്നും ക്ഷേമനിധി വിഹിതമായി പ്രതിമാസം എത്ര രൂപയാണ് ബോർഡിലേക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് അക്കൗണ്ട് ഹെഡ് ഉൾപ്പെടെ വ്യക്തമാക്കാമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ ഓട്ടോറിക്ഷ തൊഴിലാളികളിൽനിന്നും പ്രതിമാസം 60/- രൂപ നിരക്കിൽ ക്ഷേമനിധി വിഹിതമായി ബോർഡിലേക്ക് ലഭിക്കുന്നു. 2025 ജൂലൈ മാസം വരെ ആകെ 561052 ഓട്ടോറിക്ഷ തൊഴിലാളികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ വിവിധ കാലയളവുകളിൽ അംഗത്വം എടുത്തിട്ടുള്ളതും സജീവ അംഗമായി തുടരാത്തവരുമായ തൊഴിലാളികൾകൂടി ഇതിലുൾപ്പെടുന്നു. 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ ശരാശരി 24,39,157/- രൂപയാണ് (ഇരുപത്തിനാല് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി നൂറ്റി അൻപത്തിയേഴ് രൂപ മാത്രം) പ്രതിമാസം ഓട്ടോറിക്ഷ തൊഴിലാളികളിൽനിന്നും അംശാദായമായി ലഭിച്ചിട്ടുള്ളത്. പ്രസ്തുത തുക തൊഴിലാളി, ക്ഷേമനിധിയിൽനിന്നും പിരിയുന്ന അവസരത്തിൽ പലിശ സഹിതം റീഫണ്ടായി തൊഴിലാളികളുടെ അക്കൗണ്ടിൽ ഡി.ബി.റ്റി. മുഖേന ലഭ്യമാക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ക്ഷേമനിധി ബോർഡിൽനിന്നും പുറത്താക്കിയ ഓട്ടോറിക്ഷ തൊഴിലാളികളുടെ കണക്കുകൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ക്ഷേമനിധി ബോർഡിൽനിന്നും ആരെയും പുറത്താക്കിയിട്ടില്ല.

(സി) മൂന്നുമാസം അംശദായം അടയ്ക്കാത്ത തൊഴിലാളികൾ ക്ഷേമനിധിയിൽനിന്നും പുറത്തായാൽ തിരികെ ക്ഷേമനിധിയിൽ പ്രവേശിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മൂന്നുമാസം അംശദായം അടയ്ക്കാത്ത തൊഴിലാളികളെ ക്ഷേമനിധി ബോർഡിൽനിന്നും പുറത്താക്കുന്നില്ല.

(ഡി) ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങളാവശ്യപ്പെട്ടുകൊണ്ട് നൽകുന്ന അപേക്ഷകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടാകുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

അപാകതകളോ ന്യൂനതകളോ ഇല്ലാത്ത, ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല.

(ഇ) 2021 മുതൽ നാളിതുവരെ ലഭിച്ച അപേക്ഷയിൽ ഇനിയും ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുള്ളവ എത്രയെന്ന് അറിയിക്കാമോ?

ആനുകൂല്യം ആവശ്യപ്പെട്ട് 2021 മുതൽ നാളിതുവരെ സമർപ്പിച്ച അപേക്ഷകളിൽ അപാകതകളില്ലാത്തവ യഥാസമയം പാസ്സാക്കി തുക വിതരണം ചെയ്തിട്ടുണ്ട്.

ഐ.ടി. അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ മാനസിക സമ്മർദം

264 (3491) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. അടക്കമുള്ള നിരവധി മേഖലകളിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദം അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഐ.ടി. അടക്കമുള്ള നിരവധി മേഖലകളിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദം അനുഭവിക്കുന്നതായുള്ള പരാതികളൊന്നും തൊഴിൽ വകുപ്പിൽ ലഭിച്ചിട്ടില്ല. തൊഴിൽ വകുപ്പിൽ ലഭിക്കുന്ന തൊഴിൽ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും തൊഴിൽ സ്ഥലത്ത് തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും വ്യക്തിപരവുമായ പീഡനങ്ങൾ സംബന്ധിച്ച പരാതികളിലും തൊഴിൽ വകുപ്പ് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഐ.ടി. മേഖലയിലടക്കമുള്ള തൊഴിൽ മേഖലകളിൽ നടക്കുന്നതായ തൊഴിൽ ചൂഷണം നേരിടാൻ എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളതെന്നും അതെല്ലാം പര്യാപ്തമാണോയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ഐ.ടി. മേഖലയ്ക്കും ബാധകമാണ്. സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ മിനിമം വേജസ് ആക്ട് 1948, പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് 1961, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947, ഇൻഡസ്ട്രിയൽ

എംപ്ലോയ്മെന്റ്സ് (സ്റ്റാന്റിങ് ഓർഡർ) ആക്ട് 1946, ഈക്വൽ റെമ്യൂണറേഷൻ ആക്ട് 1976, ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ട് 1986, കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ട് 1970, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് 1979, കേരള കാഷ്വൽ ടെമ്പററി ആൻഡ് ബദലി വർക്കേഴ്സ് (വേജസ്) ആക്ട് 1989, കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958, കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെന്റ് ഓഫ് ഫെയർ വേജസ് ആക്ട് 1971, കേരള പേയ്മെന്റ് ഓഫ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് 1972, കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് 1996, കേരള ബീഡി ആൻഡ് സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ്) ആക്ട് 1966, കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996, പ്ലാന്റേഷൻസ് ലേബർ ആക്ട് 1951, സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് 1976, ട്രേഡ് യൂണിയൻസ് ആക്ട് 1976, വർക്കിങ് ജേർണലിസ്റ്റ്സ് ആൻഡ് അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവീസ് & മിസലേനിയസ് പ്രൊവിഷൻസ്) ആക്ട് 1995, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് 1923 എന്നിവയാണ്.

ഐ.ടി. മേഖലയുടെ വളർച്ചയ്ക്കും സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയും ഐ.ടി. മേഖലയ്ക്ക് Kerala

Shops & Commercial Establishment Act നിയമത്തിൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. 16-04-2002-ലെ G.O.(P)No.20/2002/LBR പ്രകാരം ഐ.ടി. മേഖലയെ Kerala Shops & Commercial Establishment Act 1960 നിയമത്തിലെ 6 (Daily and weekly hours), 9 (spread over), 10 (opening and closing hours), 11 (closing of shops and grant of weekly holidays) 20 (prohibition of employment of women and persons below 17 years of age) വകുപ്പുകളിൽനിന്ന് താഴെ കൊടുത്ത നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഇളവുകൾ നൽകിയിട്ടുണ്ടെങ്കിലും അധിക ജോലിക്ക് അധിക വേതനം, കൂടാതെ ഓരോ 4 മണിക്കൂർ ഇടവേളകളിലും 1 മണിക്കൂർ വിശ്രമം തൊഴിലുടമ തൊഴിലാളികൾക്ക് അനുവദിക്കേണ്ടതാണ്.

- രാത്രികാലങ്ങളിൽ (9 PM to 6 AM) ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി പ്രത്യേക സംവിധാനം തൊഴിലുടമ ഏർപ്പെടുത്തേണ്ടതാണ്.
- രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി രാത്രി 9 മണിക്കും രാവിലെ 6 മണിക്കുമിടയിൽ സ്ത്രീ തൊഴിലാളികളെ 5 പേരടങ്ങുന്ന ഗ്രൂപ്പായി മാത്രമെ ജോലിക്ക് നിയോഗിക്കാവൂ; അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 2 പേർ സ്ത്രീ ജീവനക്കാരായിരിക്കണം.
- സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതവും പ്രത്യേകവുമായ വിശ്രമമുറികൾ തൊഴിലുടമ ലഭ്യമാക്കേണ്ടതാണ്.
- രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് താമസസ്ഥലം മുതൽ ജോലി സ്ഥലം വരെയും തിരിച്ചും വാഹനസൗകര്യം തൊഴിലുടമ നൽകേണ്ടതാണ്.

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി. മേഖലയുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഓരോ തൊഴിൽ നിയമവും നൽകുന്ന സംരക്ഷണം ലഭിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും അത്തരം ചൂഷണങ്ങൾ കണ്ടെത്തുന്നപക്ഷം നിയമലംഘനങ്ങൾക്കെതിരായി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട്

265 (3492) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കെട്ടിട നിർമ്മാതാക്കളിൽനിന്നും ക്ഷേമനിധി സെസ്സായി എത്ര തുകയാണ് നാളിതുവരെ പിരിച്ചെടുത്തത്; ജില്ല തിരിച്ച് വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാതാക്കളിൽനിന്ന് ബിൽഡിങ് സെസ്സിനത്തിൽ 1777.40 കോടി രൂപ ബോർഡിൽ ലഭ്യമായിട്ടുണ്ട്.

തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ എന്നിവർ മുഖേനയാണ് കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ്സ് പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്. കൂടാതെ, ബോർഡ് സെക്രട്ടറിയുടെ പേരിൽ നേരിട്ട് മാറാവുന്ന ഡി.ഡി. ആയും സെസ്സ് തുക ഈടാക്കിവരുന്നു. തൊഴിൽ വകുപ്പിന്റെ കണക്കുപ്രകാരം നാളിതുവരെ പിരിച്ചെടുത്ത തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	പിരിച്ചെടുത്ത തുക
തിരുവനന്തപുരം	51,57,75,959/-
കൊല്ലം	38,90,70,622/-
പത്തനംതിട്ട	33,44,97,000/-
ആലപ്പുഴ	31,77,15,725/-
കോട്ടയം	54,15,31,151/-
ഇടുക്കി	139,84,51,532/-
എറണാകുളം	28,09,70,031/-
തൃശ്ശൂർ	37,15,58,486/-
പാലക്കാട്	45,00,17,881/-
മലപ്പുറം	37,27,55,606/-
കോഴിക്കോട്	50,20,35,809/-
വയനാട്	28,99,82,441/-
കണ്ണൂർ	41,96,10,434/-
കാസർഗോഡ്	22,05,32,600/-
ആകെ	640,45,05,277/-

(ബി) നിലവിൽ പ്രസ്തുത ക്ഷേമനിധിയിൽ എത്ര അംഗങ്ങളുണ്ടെന്ന് അറിയിക്കാമോ?

1952419 (പത്തൊൻപത് ലക്ഷത്തിഅൻപത്തിരണ്ടായിരത്തി നാനൂറ്റി പത്തൊൻപത്) അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 645059 (ആറുലക്ഷത്തിനാൽപത്തയ്യായിരത്തി അൻപത്തിയൊൻപത്) സജീവ അംഗങ്ങളുണ്ട്.

(സി) പ്രസ്തുത തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക തീർത്ത് കൃത്യമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ബിൽഡിങ് സെസ്സ് പൂർണ്ണഫലപ്രാപ്തിയിലെത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി ബിൽഡിങ് സെസ്സ് പിരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി

ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 14-02-2024-ലെ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ സ.ഉ. (കൈ)നം. 23/2024/എൽ.എസ്.ജി.ഡി. പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+) 16-01-2024 മുതൽ സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ഏപ്രിൽ മുതൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സെസ്സ് പിരിച്ചെടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്. സെസ്സ് തുക ഒടുക്കുന്നതിന് വിധേയമായി മാത്രമെ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂവെന്ന് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരം ബോർഡിന്റെ വരുമാനത്തിൽ വർധനവുണ്ടായിട്ടുണ്ട്.

(ഡി) ഇപ്പോൾ പ്രസ്തുത സെസ്സ് തുക പിരിച്ചെടുക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കാലതാമസം കൂടാതെ പിരിച്ചെടുക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സെസ്സ് തുക പിരിച്ചെടുക്കുന്നതിൽ വകുപ്പ് മനഃപൂർവമായ കാലതാമസം വരുത്തിയിട്ടില്ല. വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I, ഡെപ്യൂട്ടി ലേബർ ഓഫീസർ എന്നിവരെയാണ് സെസ്സ് അസെസ്സിങ് ഓഫീസർമാരായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ളത്. സംസ്ഥാനമൊട്ടാകെ 13 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I, 18 ഡെപ്യൂട്ടി ലേബർ ഓഫീസർമാർ എന്നിവരുമാണ് സെസ്സ് പിരിവ് കാര്യക്ഷമമായി നടത്തിവരുന്നത്. നിലവിൽ താലൂക്കുകളിൽ വൺടൈം ടാക്സ് ഒടുക്കിയ കെട്ടിട ഉടമകളുടെ വിവരങ്ങൾ ശേഖരിച്ചാണ് കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് ഈടാക്കുന്നതിനായി നോട്ടീസുകൾ അയച്ചുവരുന്നത്. നോട്ടീസുകൾ ലഭ്യമാകുന്നമുറയ്ക്ക് ഓഫീസിൽ ഹാജരായി ആക്ഷേപം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നയിക്കുന്നതിനുള്ള അവസരങ്ങൾ നൽകിവരുന്നുണ്ട്. കെട്ടിടം നിർമ്മിച്ച വർഷം, പ്ലിന്ത് ഏരിയ എന്നിവയിൽ ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളിൽനിന്നും അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ബിൽഡിങ് സെസ്സ് പിരിവ് കാര്യക്ഷമമായി നടത്തുന്നതിനും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുമായി 01-11-2021 മുതൽ സംസ്ഥാനമൊട്ടാകെ സെസ്സ് അദാലത്ത് നടന്നുവരുന്നുണ്ട്. അദാലത്തിലുൾപ്പെടുത്തി ഗാർഹിക കെട്ടിടങ്ങൾക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിയും വാണിജ്യ കെട്ടിടങ്ങൾക്ക് പലിശയുടെ 50 ശതമാനം ഇളവ് അനുവദിച്ചും സെസ്സ് തുക അടയ്ക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. റവന്യൂ റിക്കവറി നടപടി ആരംഭിച്ച ഫയലുകളിൽ കെട്ടിട ഉടമകൾ ഹാജരാകുന്നപക്ഷം ടി ഫയൽ മടക്കി വിളിച്ച് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള നടപടിയും നടന്നുവരുന്നു. ഇങ്ങനെ തീർപ്പാക്കുന്നപക്ഷം ഗാർഹിക കെട്ടിടങ്ങൾക്ക് പലിശ പൂർണ്ണമായും വാണിജ്യ കെട്ടിടങ്ങൾക്ക് 50 ശതമാനം ഇളവും അനുവദിക്കുന്നുണ്ട്. കൂടാതെ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ പ്രാഥമിക നോട്ടീസ്, അസെസ്സ്മെന്റ് നോട്ടീസ്, അന്തിമ ഉത്തരവ് എന്നിവ അയച്ച ഫയലുകൾ അദാലത്തിൽ പരിഗണിക്കുമ്പോൾ പരമാവധി 5 ഗഡുക്കളായി തുക അടയ്ക്കുന്നതിനുള്ള അനുമതിയും നൽകിവരുന്നു. 11-07-2025-ലെ സ.ഉ.(സാധാ)837/2025-തൊഴിൽ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+) ബിൽഡിങ് സെസ്സ് അദാലത്ത് 31-12-2025 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14-02-2024-ലെ സ.ഉ.(കൈ) 23/2024/LSGD പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു[+]) ബിൽഡിങ് സെസ്സ് പിരിവ് തദ്ദേശസ്വയംഭരണ വകുപ്പുവഴി പിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം 16-10-2024 മുതൽ സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ഏപ്രിൽ മുതൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സെസ്സ് പിരിവ് തദ്ദേശസ്വയംഭരണ സ്ഥാപനംവഴി പിരിച്ചെടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം സെസ്സ് പിരിവ് പൂർണ്ണമായും ഒറ്റ ഘട്ടമായി ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പുതന്നെ പിരിച്ചെടുക്കണമെന്ന് വ്യവസ്ഥയുണ്ട്.

കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി സെസ്സ്

266 (3493) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദശാബ്ദങ്ങൾക്കുമുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ഉടമകൾക്ക് കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി സെസ്സ് ഒടുക്കുന്നതിന് നോട്ടീസ് നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കെട്ടിടങ്ങൾക്കാണ് സെസ്സ് ഒടുക്കുന്നതിന് നോട്ടീസ് നൽകുന്നത്; വ്യക്തമാക്കുമോ?

1996-ലെ ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമപ്രകാരമാണ് സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സെസ്സ് പിരിവിനായി നോട്ടീസ് നൽകിവരുന്നത്. 1995 നവംബർ 3 മുതൽ ടി നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. അതിനുശേഷം നിർമ്മാണം പൂർത്തിയാക്കിയ 10 ലക്ഷത്തിനുമുകളിൽ നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവുവരുന്ന എല്ലാ ഗാർഹിക കെട്ടിടങ്ങൾക്കും മറ്റെല്ലാ വാണിജ്യകെട്ടിടങ്ങൾക്കും കെട്ടിട നിർമ്മാണ സെസ്സ് ഒടുക്കുന്നതിനായി നോട്ടീസ് നൽകിവരുന്നു.

(ബി) കെട്ടിടം നിർമ്മിച്ച് ദശാബ്ദങ്ങൾ കഴിഞ്ഞതിനാൽ കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കാൻ കഴിയാത്ത ഉടമസ്ഥർക്ക് സെസ്സ് നിർണ്ണയം സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭീമമായ തുക ഒടുക്കേണ്ടിവരുന്ന കെട്ടിട ഉടമകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകളോ സാവകാശമോ നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ താലൂക്കുകളിൽ വൺടൈം ടാക്സ് ഒടുക്കിയ കെട്ടിട ഉടമകളുടെ വിവരങ്ങൾ ശേഖരിച്ചാണ് കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് ഈടാക്കുന്നതിനായി നോട്ടീസുകൾ അയച്ചുവരുന്നത്. നോട്ടീസുകൾ ലഭ്യമാകുന്നമുറയ്ക്ക് ഓഫീസിൽ ഹാജരായി ആക്ഷേപം ഉന്നയിക്കുന്നതിനുള്ള അവസരങ്ങൾ നൽകിവരുന്നുണ്ട്. കെട്ടിടം നിർമ്മിച്ച വർഷം, പ്ലിന്ത് ഏരിയ എന്നിവയിൽ ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളിൽനിന്നും അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ 14-07-2017-ലെ സ.ഉ.(സാധാ)52/2017/തൊഴിൽ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+) കെട്ടിടം നിർമ്മിച്ച വർഷത്തിന്റെയും പ്ലിന്ത് ഏരിയയുടെയും അടിസ്ഥാനത്തിൽ റേറ്റ് നിശ്ചയിച്ചാണ് സെസ്സ് തുക ഈടാക്കിവരുന്നത്. ബിൽഡിങ് സെസ്സ് പിരിവ് കാര്യക്ഷമമായി നടത്തുന്നതിനും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുമായി 01-11-2021 മുതൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനമൊട്ടാകെ സെസ്സ് അദാലത്ത് നടന്നുവരുന്നുണ്ട്. അദാലത്തിലുൾപ്പെടുത്തി ഗാർഹിക കെട്ടിടങ്ങൾക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിയും വാണിജ്യ കെട്ടിടങ്ങൾക്ക് പലിശയുടെ 50 ശതമാനം ഇളവ് അനുവദിച്ചും സെസ്സ് തുക അടയ്ക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. റവന്യൂ റിക്കവറി നടപടി ആരംഭിച്ച ഫയലുകളിൽ കെട്ടിട ഉടമകൾ ഹാജരാകുന്നപക്ഷം ടി ഫയൽ മടക്കി വിളിച്ച് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള നടപടിയും നടന്നുവരുന്നു. ഇങ്ങനെ തീർപ്പാക്കുന്നപക്ഷം ഗാർഹിക കെട്ടിടങ്ങൾക്ക് പലിശ പൂർണ്ണമായും വാണിജ്യ കെട്ടിടങ്ങൾക്ക് 50 ശതമാനം ഇളവും അനുവദിക്കുന്നുണ്ട്. കൂടാതെ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ പ്രാഥമിക നോട്ടീസ്, അസെസ്സ്മെന്റ് നോട്ടീസ്, അന്തിമ ഉത്തരവ് എന്നിവ അയച്ച ഫയലുകൾ അദാലത്തിൽ പരിഗണിക്കുമ്പോൾ പരമാവധി 5 ഗഡുക്കളായി തുക അടയ്ക്കുന്നതിനുള്ള അനുമതിയും നൽകിവരുന്നു. 11-07-2025-ലെ സ.ഉ. (സാധാ)837/2025-തൊഴിൽ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+) ബിൽഡിങ് സെസ്സ് അദാലത്ത് 31-12-2025 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) നോട്ടീസ് ലഭിച്ച് യഥാസമയം തുക ഒടുക്കാൻ സാധിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

കെട്ടിട നിർമ്മാണം പൂർത്തിയായി താലൂക്കുകളിൽ ഓവർടൈം ടാക്സ് ഒടുക്കിയ കെട്ടിട ഉടമകളുടെ വിവരങ്ങൾ ശേഖരിച്ചാണ് കെട്ടിട നിർമ്മാണ സെസ്സ് ഒടുക്കുന്നതിനുള്ള നോട്ടീസ് തൊഴിൽ വകുപ്പ് മുഖേന അയച്ചുവരുന്നത്. പ്രാഥമിക നോട്ടീസ് അസെസ്സ്മെന്റ് നോട്ടീസ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്തിമ ഉത്തരവ് എന്നിവ അയച്ചിട്ടും തുക ഒടുക്കാത്ത കെട്ടിട ഉടമകൾക്കെതിരെ 1968-ലെ കേരള റവന്യൂ റിക്കവറി നിയമപ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സെസ്സ് നിർണ്ണയിച്ച് നോട്ടീസ് നൽകുന്നതിൽ വകുപ്പ് അഭ്രതപൂർവമായ കാലതാമസം വരുത്തിയിട്ടുള്ള കേസ്സുകളിൽ കെട്ടിട ഉടമസ്ഥർക്കുണ്ടാകുന്ന ആക്ഷേപങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സെസ്സ് തുക പിരിച്ചെടുക്കുന്നതിൽ വകുപ്പ് മനഃപൂർവമായ കാലതാമസം വരുത്തിയിട്ടില്ല. വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I, ഡെപ്യൂട്ടി ലേബർ ഓഫീസർ എന്നിവരെയാണ് സെസ്സ് അസെസ്സിങ്ങ് ഓഫീസർമാരായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ളത്. സംസ്ഥാനമൊട്ടാകെ 13 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I, 18 ഡെപ്യൂട്ടി ലേബർ ഓഫീസർമാർ എന്നിവരുമാണ് സെസ്സ് പിരിവ് കാര്യക്ഷമമായി നടത്തിവരുന്നത്. നിലവിൽ താലൂക്കുകളിൽ വൺടൈം ടാക്സ് ഒടുക്കിയ കെട്ടിട ഉടമകളുടെ വിവരങ്ങൾ ശേഖരിച്ചാണ് കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് ഈടാക്കുന്നതിനായി നോട്ടീസുകൾ അയച്ചുവരുന്നത്. നോട്ടീസുകൾ ലഭ്യമാകുന്നമുറയ്ക്ക് ഓഫീസിൽ ഹാജരായി ആക്ഷേപം ഉന്നയിക്കുന്നതിനുള്ള അവസരങ്ങൾ നൽകിവരുന്നുണ്ട്. കെട്ടിടം നിർമ്മിച്ച വർഷം, പ്ലിന്ത് ഏരിയ എന്നിവയിൽ ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളിൽനിന്നും അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ബിൽഡിങ് സെസ്സ് പിരിവ് കാര്യക്ഷമമായി നടത്തുന്നതിനും കൂടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുമായി 01-11-2021 മുതൽ സംസ്ഥാനമൊട്ടാകെ സെസ്സ് അദാലത്ത് നടന്നുവരുന്നുണ്ട്. അദാലത്തിലൂൾപ്പെടുത്തി ഗാർഹിക കെട്ടിടങ്ങൾക്ക് പലിശ പൂർണ്ണമായും

ഒഴിവാക്കിയും വാണിജ്യ കെട്ടിടങ്ങൾക്ക് പലിശയുടെ 50 ശതമാനം ഇളവ് അനുവദിച്ചും സെസ്സ് തുക അടയ്ക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. റവന്യൂ റിക്കവറി നടപടി ആരംഭിച്ച ഫയലുകളിൽ കെട്ടിട ഉടമകൾ ഹാജരാകുന്നപക്ഷം ടി ഫയൽ മടക്കി വിളിച്ച് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള നടപടിയും നടന്നുവരുന്നു. ഇങ്ങനെ തീർപ്പാക്കുന്നപക്ഷം ഗാർഹിക കെട്ടിടങ്ങൾക്ക് പലിശ പൂർണ്ണമായും വാണിജ്യ കെട്ടിടങ്ങൾക്ക് 50 ശതമാനം ഇളവും അനുവദിക്കുന്നുണ്ട്. കൂടാതെ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ പ്രാഥമിക നോട്ടീസ്, അസെസ്സ്മെന്റ് നോട്ടീസ്, അന്തിമ ഉത്തരവ് എന്നിവ അയച്ച ഫയലുകൾ അദാലത്തിൽ പരിഗണിക്കുമ്പോൾ പരമാവധി 5 ഗഡുക്കളായി തുക അടയ്ക്കുന്നതിനുള്ള അനുമതിയും നൽകിവരുന്നു. 11-07-2025-ലെ സ.ഉ.(സാധാ)837/2025-തൊഴിൽ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+) ബിൽഡിങ് സെസ്സ് അദാലത്ത് 31-12-2025 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

14-02-2024-ലെ സ.ഉ.(കൈ)23/2024/LSGD പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+) ബിൽഡിങ് സെസ്സ് പിരിവ് തദ്ദേശസ്വയംഭരണ വകുപ്പുവഴി പിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം 16-10-2024 മുതൽ സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ഏപ്രിൽ മുതൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സെസ്സ് പിരിവ് തദ്ദേശസ്വയംഭരണ സ്ഥാപനം വഴി പിരിച്ചെടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം സെസ്സ് പിരിവ് പൂർണ്ണമായും ഒറ്റഘട്ടമായി ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പുതന്നെ പിരിച്ചെടുക്കണമെന്ന് വ്യവസ്ഥയുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള തൊഴിലാളികളുടെയും ഈറ്റ തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ

267 (3494) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ തൊഴിലാളികളെയും പരമ്പരാഗത തൊഴിൽ മേഖലയിലുൾപ്പെടുത്തി അവർക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ തൊഴിൽ വകുപ്പിനുകീഴിൽ വരുന്ന സ്ഥാപനമല്ല. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നു. വ്യവസായ സ്ഥാപനമായ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിൽ തൊഴിൽ ചെയ്യുന്നവരിൽ 1858 തൊഴിലാളികൾ മാത്രമെ നിലവിൽ ഈ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ബോർഡിന്റെ കീഴിൽവരുന്ന തൊഴിലാളികൾക്ക് ബോർഡ് ചട്ടങ്ങളിൽ അനുശാസിക്കുംപ്രകാരമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകിവരുന്നുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ഇരിപ്പിടം ലഭ്യമാക്കാൻ നടപടി

268 (3495) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇരിപ്പിടം നൽകണമെന്ന നിയമം പ്രാബല്യത്തിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ്

ലഭ്യമാക്കാമോ?

കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇരിപ്പിടം നൽകണമെന്ന നിയമം പ്രാബല്യത്തിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മണലൂർ മണ്ഡലത്തിലുള്ള കാഞ്ഞാണി, കണ്ടശ്ശാംകടവ്, കാരമുക്ക് എന്നീ പ്രദേശങ്ങളിലെ സ്ഥാപനങ്ങളിൽ തൊഴിൽ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തിയിട്ടുണ്ട്. സ്ഥാപന പരിശോധനാവേളയിൽ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (അമെന്റ്മെന്റ്) ആക്ട് സെക്ഷൻ 21(ബി) പ്രകാരം ജീവനക്കാർക്ക് ഇരിപ്പിട സൗകര്യം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് പ്രസ്തുത പ്രദേശത്തെ പ്രധാന സ്ഥാപനങ്ങളായ അശ്വമാളിക ഹോസ്പിറ്റൽ, സിംല ഹോട്ടൽ, സിംല മൂവീസ്, ബ്രഹ്മകുളം തീയേറ്റർ, സെൻട്രിയൽ ബസാർ, മണലൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ടുലിപ് ബ്യൂട്ടി സലൂൺ തുടങ്ങിയ ചെറുതും ഇടത്തരം വലുതും വിഭാഗത്തിലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളോട് അന്വേഷണം നടത്തി അത് ലഭിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ അപാകത ശ്രദ്ധയിൽപ്പെട്ട സ്ഥാപനത്തിലെ തൊഴിലുടമകൾക്ക്, പരിഹരിക്കാൻ നിർദേശിച്ചുകൊണ്ട് പരിശോധനാ കുറിപ്പ് നൽകിയിട്ടുണ്ട്. മണലൂർ നിയോജകമണ്ഡലത്തിൽനിന്നും ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മണലൂർ മണ്ഡലത്തിൽ പ്രസ്തുത നിയമം നടപ്പിലാക്കാത്ത തൊഴിലുടമകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

മണലൂർ നിയോജകമണ്ഡലത്തിൽനിന്നും പ്രസ്തുത നിയമം നടപ്പിലാക്കാത്തത് സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ ലഭ്യമാവുകയോ പരിശോധനാവേളയിൽ അപാകതകൾ ശ്രദ്ധയിൽപ്പെടുകയോ ചെയ്യുന്നപക്ഷം നിയമപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ

269 (3496) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കർണ്ണാടക, തെലുങ്കാന മാതൃകയിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും

പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഗിഗ് തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ പഠിക്കുന്നതിനും തൊഴിൽ മേഖലയിലെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

27-07-2024-ലെ സ.ഉ.(സാധാ)നം.802/2024/തൊഴിൽ പ്രകാരം സംസ്ഥാനത്തെ Online food delivery മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് മേഖലയിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച പൊതുമാനദണ്ഡം രൂപീകരിക്കുന്നതിനായി ലേബർ കമ്മീഷണർ ചെയർമാനായും അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) കൺവീനറായും ഈ മേഖലയിലെ വിദഗ്ധർ, മാനേജ്മെന്റ്/ട്രേഡ് യൂണിയൻ പ്രതിനിധികൾ അംഗങ്ങളായും ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മേൽ ടെക്നിക്കൽ കമ്മിറ്റി വിവിധ യോഗങ്ങൾ വിളിച്ചുചേർക്കുകയും യോഗങ്ങളിൽ സ്വിഗ്ഗി, സൊമാറ്റോ മാനേജ്മെന്റ് പ്രതിനിധികൾ ഹാജരായി അവരവരുടെ നിലവിലെ സർവീസ് കണ്ടീഷനും വേതന വ്യവസ്ഥയും സംബന്ധിച്ച വിവരം വിശദമാക്കുകയും ചെയ്തിട്ടുണ്ട്. Online food delivery മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനായി ഫീൽഡ് ലെവലിൽനിന്നും വിവിധ സാമ്പിളുകൾ ശേഖരിച്ച് അതിന്റെകൂടി അടിസ്ഥാനത്തിൽ വിഷയത്തിൽ വിശദമായ ചർച്ച ക്രമീകരിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി തീരുമാനിക്കുകയും അതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

പുനലൂർ ആർ.പി.എൽ. ഭൂമിയിൽ റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി

270 (3497) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ റബ്ബർ വ്യവസായ സാധ്യതകൾ കണക്കിലെടുത്ത്, പുനലൂർ മണ്ഡലത്തിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഭൂമിയിൽ റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ വ്യവസായ വകുപ്പ് മുഖേന സമർപ്പിച്ചിട്ടുണ്ടെന്നും അത് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നൽകണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 20-01-2024-ന് പുനലൂർ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ വച്ച് കൂടിയ യോഗത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ 40 സെന്റ് സ്ഥലം കണ്ടെത്തി നൽകണമെന്ന് നിർദ്ദേശിച്ചതായും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പുനലൂർ മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ 40 സെന്റ് സ്ഥലം അനുവദിക്കുന്നതിന് വ്യവസായ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ, താലൂക്ക് വ്യവസായ

കേന്ദ്രം തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലിന്മേൽ ആർ.പി.എൽ. തുടർനടപടികളെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നതുസംബന്ധിച്ച് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് വഴി അനുകൂലമായ തീരുമാനം സ്വീകരിക്കുന്നത്തിനുള്ള നടപടികളെടുക്കുമോ; വിശദമാക്കാമോ?

(ബി&സി) റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലം അനുവദിച്ച് നൽകണമെന്ന് പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസ് മുഖാന്തരം ആർ.പി.എൽ.-നോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഫാക്ടറി കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത് വനം വകുപ്പിൽനിന്നും പാട്ടത്തിനെടുത്ത സ്ഥലത്തായതിനാൽ ഫാക്ടറിക്ക് ചുറ്റുമുള്ള സ്ഥലത്ത് റബ്ബർ പാർക്ക് ആരംഭിക്കുന്നതിന് സാധിക്കുകയില്ലെന്നും കമ്പനിയുടെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും മാനേജിങ് ഡയറക്ടർ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് പത്തനാപുരം ഉപജില്ലാ വ്യവസായ ഓഫീസറെ അറിയിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പുമുഖേന പരസ്യത്തിനായി ചെലവഴിച്ച തുക

271 (3498) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം,

പരസ്യം നൽകിയ സ്ഥാപനം, ഓരോ പരസ്യത്തിനുമായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പരസ്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പ്രസ്തുത കാലയളവിൽ പരസ്യപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ബോർഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ വർഷംതോറും നടത്തിവരാറുള്ള വ്യാവസായിക സുരക്ഷിതത്വ അവാർഡ് വിതരണ പരിപാടി സംബന്ധിച്ച് പത്രപരസ്യം I&PRD വഴി കേരളത്തിലെ പ്രധാന പത്രങ്ങളുടെ തിരുവനന്തപുരം ഡിവിഷന് നൽകാൻ തീരുമാനിക്കുകയും, അതുപ്രകാരം 1/4 പേജ് പത്രപരസ്യം നൽകുകയും ചെയ്തിട്ടുണ്ട്.

മലയാള മനോരമ – 44,268/- രൂപ

ദേശാഭിമാനി - 20,731/- രൂപ

കേരള കൗമുദി - 14,102/- രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാതൃഭൂമി - 30,001/- രൂപ

ആയതിന് ആകെ 1,09,102/- രൂപ ചെലവായിട്ടുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, ഓരോ പരസ്യത്തിനുമായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നീ വിവരങ്ങൾ പ്രത്യേക മാതൃകയായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

തൊഴിൽ വകുപ്പിനുകീഴിലുള്ള വിവിധ ഓഫീസുകളിലെ പരസ്യത്തിനായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

തൊഴിൽ മേഖലയുടെ ഡിജിറ്റൽവൽക്കരണം

272 (3499) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനും വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി വിവിധ തൊഴിൽ മേഖലകൾ ഏകോപിപ്പിച്ച് തൊഴിൽ വകുപ്പിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി ഒരു പൊതു സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനായി 25-03-2009-ലെ സ.ഉ.(സാധാ) നം.443/2009/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 2011-ൽ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റുവെയർ വികസിപ്പിച്ചു.

AIIS സോഫ്റ്റുവെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ, പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രസ്തുത സോഫ്റ്റുവെയറിന്റെ രണ്ടാംഘട്ടത്തിലാണ് ആനുകൂല്യ വിതരണം, അംശദായം ഒടുക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാംഘട്ടത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. AIIS സോഫ്റ്റുവെയറിന്റെ രണ്ടാംഘട്ടം പൂർത്തിയാകുന്നമുറയ്ക്ക് തൊഴിലാളികളുടെ ആനുകൂല്യ വിതരണം പ്രസ്തുത സോഫ്റ്റുവെയർ മുഖേന നടത്താൻ കഴിയും.

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾ, തൊഴിലന്വേഷകർ, തൊഴിലുടമകൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച് സമഗ്രമായ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി ആരംഭിച്ച അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റുവെയറിൽ തൊഴിലാളികളുടെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ

രാജ്യത്തെ 38 കോടിയോളം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നാഷണൽ ഡാറ്റാബേസ് തയ്യാറാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര തൊഴിൽ മന്ത്രാലയം വികസിപ്പിച്ചെടുത്തിട്ടുള്ള 'ഇ-ശ്രം' പോർട്ടൽ മുഖേന 6080115 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

നിലവിൽ തൊഴിലാളികളുടെ പ്രതിമാസ വേതന വിതരണത്തിന്റെ ഭാഗമായി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലുടമകളുടെയും തൊഴിലാളികളുടെയും ഡാറ്റാ ബേസ് ബോർഡ് സൂക്ഷിക്കുന്നുണ്ട്.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവരുടെ ഡാറ്റാബേസ് ലഭ്യമാണ്.

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലുടമകളുടെയും തൊഴിലാളികളുടെയും വിവരങ്ങൾ ഡാറ്റാബേസിൽ ശേഖരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ്

കേരള സംസ്ഥാന അസംഘടിത മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് 02-02-2016-ലെ സ.ഉ.

(അച്ചടി)നം.24/2016/തൊഴിൽ ഉത്തരവിനാൽ വിജ്ഞാപനം ചെയ്യപ്പെട്ട ക്ഷേമനിധി പദ്ധതിയാണ് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതി. ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്തതും മറ്റ് ക്ഷേമപദ്ധതിയിൽ അംഗത്വം നേടിയിട്ടില്ലാത്തതുമായ അസംഘടിതരായ സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ബന്ധപ്പെട്ട ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അംഗത്വം നേടുന്നതിനും പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യം കൈപ്പറ്റുന്നതിനും സാധിക്കുന്നതാണ്. പദ്ധതിയിൽ അംഗത്വം നേടിയിരുന്ന തൊഴിലാളികൾ ഉൾപ്പെടെ സംസ്ഥാനത്തെ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിശദാംശങ്ങൾ ഒരു ഏകീകൃത സംവിധാനത്തിലൂടെ ഇലക്ട്രോണിക് രൂപത്തിൽ ശേഖരിച്ച് ഡാറ്റായുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ രേഖകൾ ആവശ്യമുള്ള സമയങ്ങളിൽ വീണ്ടെടുത്ത് ആനുകൂല്യം അടക്കമുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായും സൗകര്യത്തോടുംകൂടിയും പൂർത്തിയാക്കുന്നതിന് തനത് സോഫ്റ്റ്വെയർ സജ്ജമാക്കി പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ സംഘടിത മേഖലയിലെ തൊഴിലാളികളാണ് ക്ഷേമനിധിയുടെ പരിധിയിൽ വരുന്നത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി

ബോർഡ് എന്നീ ബോർഡുകളിൽ തൊഴിലാളികളുടെ സമഗ്രമായ ഡാറ്റാബേസ് ക്രോഡീകരിച്ച് സൂക്ഷിക്കുന്നുണ്ട്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് എന്നീ ബോർഡുകളിൽ തൊഴിലാളികളുടെ സമഗ്രമായ ഡാറ്റാബേസ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) തൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഗുണഫലങ്ങൾ വേഗത്തിലും കാര്യക്ഷമമായും അവരിലേക്കെത്തിക്കുന്നതിന് തൊഴിൽ മേഖലയുടെ ഡിജിറ്റൽവൽക്കരണം എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്ത് തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി വിവിധ തൊഴിൽ മേഖലകൾ ഏകോപിപ്പിച്ച് തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി ഒരു പൊതു സോഫ്റ്റുവെയർ നിർമ്മിക്കുന്നതിനായി 25-03-2009-ലെ സ.ഉ.(സാധാ)നം.443/2009/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ

അടിസ്ഥാനത്തിൽ 2011-ൽ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ചു.

AIIS സോഫ്റ്റ്വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ, പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ്വെയറിന്റെ രണ്ടാംഘട്ടത്തിലാണ് ആനുകൂല്യ വിതരണം, അംശദായം ഒടുക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാംഘട്ടത്തിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. AIIS സോഫ്റ്റ്വെയറിന്റെ രണ്ടാംഘട്ടം പൂർത്തിയാകുന്നമുറയ്ക്ക് തൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഗുണഫലങ്ങൾ വേഗത്തിലും കാര്യക്ഷമമായും അവരിലേക്കെത്തിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ക്ഷേമനിധി ബോർഡുകളിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിനായി ബോർഡിന്റെ തനത് സോഫ്റ്റ്വെയർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. അതിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. സോഫ്റ്റ്വെയർ പ്രവർത്തനം പൂർണ്ണ സ്ഥിതിയിലാവുന്നതോടെ തൊഴിലാളികൾക്ക് ബോർഡിലേക്കുള്ള അംശദായം ഓൺലൈനായി അടവാക്കുന്നതിനും ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങളും മറ്റ് സേവനങ്ങളും അതിലൂടെ ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകൾക്കായി ലേബർ കമ്മീഷണറുടെ

കാര്യാലയത്തിൽനിന്നും നടപ്പിലാക്കുന്ന AIIS സോഫ്റ്റ്വെയർ മുഖേനയും അംഗത്വം ചേർത്തുപോരുന്നുണ്ട്.

കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

ബോർഡിലെ തൊഴിലാളികളുടെ അംഗത്വ രജിസ്ട്രേഷൻ, ആനുകൂല്യ വിതരണം തുടങ്ങിയവ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ NIC മുഖേന സ്വീകരിച്ചുവരുന്നു. ഇതിലൂടെ തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആനുകൂല്യ വിതരണം എന്നീ നടപടിക്രമങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിന് സാധിക്കുന്നതാണ്.

കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

നൂതന സാങ്കേതികവിദ്യ വഴി ക്ഷേമാനുകൂല്യങ്ങൾ കാര്യക്ഷമമായും സുതാര്യമായും വിതരണം ചെയ്യുന്നതിന് 2023 ജനുവരി മുതൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആസ്ഥാന ഓഫീസിലും 2023 ഏപ്രിൽ മുതൽ ജില്ലാ-സബ് ഓഫീസുകളിലും സമ്പൂർണ്ണ ഇ-ഓഫീസ് നടപ്പിലാക്കി. ക്ഷേമാനുകൂല്യങ്ങളുടെ വിതരണം കാര്യക്ഷമവും സുഗമവുമാക്കുന്നതിനും അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുമായി സോഫ്റ്റ്വെയർ, കൂടാതെ ബോർഡിന്റെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭിക്കുന്നതിനായി മൊബൈൽ ആപ്പ് എന്നിവ വികസിപ്പിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫെബ്രുവരി 2026-ൽ അത് പൂർണ്ണമായും പ്രവർത്തനസജ്ജമാകും. ഇത്തരത്തിൽ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ഗുണഫലങ്ങൾ തൊഴിലാളികൾക്ക് വേഗത്തിലും കാര്യക്ഷമമായും ലഭിക്കുന്നു.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യ അപേക്ഷകൾ പാസ്സാക്കി യഥാസമയം ഡി.ബി.റ്റി. സംവിധാനത്തിലൂടെ വിതരണം ചെയ്യുവരുന്നു. അതിലൂടെ തൊഴിലാളികൾക്ക് അർഹമായ തുക വേഗത്തിലും കാര്യക്ഷമമായും എത്തിക്കുന്നതിന് സാധിക്കുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്-ഡിജിറ്റലൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി രസീതുകളുടെ ബാക്ക് ലോഗ് എൻട്രി, ഫയലുകളുടെ സ്കാനിങ് എന്നീ നടപടികൾ പുരോഗമിച്ചുവരുന്നു.

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ സ്ഥാപനമായ കെൽട്രോൺ രൂപകല്പന ചെയ്ത ഐ-വെൽഫെയർ സോഫ്റ്റ്വെയർ മുഖേന അംഗത്വ രജിസ്ട്രേഷൻ, അംശദായം അടവാക്കൽ, പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യവിതരണം എന്നിവ നടത്തിവരുന്നതിനോടൊപ്പം ബോർഡിൽ മൊബൈൽ ആപ്ലിക്കേഷൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

തൊഴിലാളികൾക്ക് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന, സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ഗുണഫലങ്ങൾ വേഗത്തിലും കാര്യക്ഷമമായും അവരിലേക്കെത്തിക്കുന്നതിന് തൊഴിൽ മേഖലയുടെ ഡിജിറ്റൽവൽക്കരണം ഏറെ സഹായകമായിട്ടുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ

പ്രവർത്തനം സുതാര്യമായി നടത്തുന്നതിന് www.plantationworker.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ പോർട്ടൽ സംവിധാനം നിലവിലുണ്ട്. അംഗങ്ങളുടെ രജിസ്ട്രേഷൻ, മറ്റാവശ്യങ്ങൾക്കായി എ.ഐ.ഐ.എസ്. സോഫ്റ്റ്വെയർ സംവിധാനം ഉപയോഗിച്ചുവരുന്നു.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ടതും കാര്യക്ഷമവുമായ സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ടി, 'നിധി' എന്ന പേരിൽ സോഫ്റ്റ്വെയർ സംവിധാനം നടപ്പിൽവരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച ഫയൽനീക്കം വേഗത്തിലാക്കാൻ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ബോർഡിൽനിന്നും തൊഴിലാളികൾക്ക് അനുവദിച്ച പെൻഷൻ, ലോണുകൾ തുടങ്ങിയ എല്ലാ പി.എഫ്. ആനുകൂല്യങ്ങളും ഡി.ബി.റ്റി. സംവിധാനം വഴി നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുകയാണ് ചെയ്യുന്നത്. ഇതുമൂലം ബോർഡിലെ ആനുകൂല്യവിതരണം വേഗത്തിലും കാര്യക്ഷമമായും നടത്താൻ സാധിച്ചിട്ടുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2019 മുതൽ സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ ബോർഡിന്റെ തനത് സോഫ്റ്റ്വെയർ മുഖേന ഓൺലൈൻ സംവിധാനത്തിലൂടെ ഡി.ബി.റ്റി. ആയി സമയബന്ധിതമായി വിതരണം ചെയ്തുവരുന്നു.

തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ സൂക്ഷിക്കുന്നതിനായി ഒ.റ്റി.പി. സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയുടെ തനത് സോഫ്റ്റുവെയറിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുമായി തദ്ദേശീയമായി പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രം പൊതുസേവന കേന്ദ്രങ്ങൾ (കോമൺ സർവീസ് സെന്റർ) ഓൺലൈൻ സേവനങ്ങൾ പ്രദാനം ചെയ്യുന്ന കമ്പ്യൂട്ടർ സെന്ററുകൾ മുതലായവ മുഖേന പദ്ധതിയുടെ തനത് സോഫ്റ്റുവെയർ വെബ്സൈറ്റിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും അത് ജില്ലാ ഓഫീസ് മുഖേന അപ്രൂവൽ ചെയ്ത് അംശദായം ഒടുക്കുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ വിപുലമായ എണ്ണം ഇടപാടുകളും ഒരേ സമയം കൃത്യതയോടും ഡെബിറ്റ്/ക്രെഡിറ്റ് ഉപഭോഗം, റീഫണ്ട് സംവിധാനം, ഇടപാടുകളുടെ റദ്ദാക്കൽ, വ്യാജ ഇടപാടുകൾ കണ്ടെത്തുന്നതിനും നെഗറ്റീവ് ഡാറ്റാബേസ് കണ്ടെത്തി അത് പരിഹരിക്കുന്നതിനും തുക ഒടുക്കുന്ന ദിവസംതന്നെ പൂളിങ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും ഇടപാടുകൾ സംബന്ധിച്ച ആവശ്യമായ MIS റിപ്പോർട്ട് അന്നേ ദിവസം തയ്യാറാക്കുന്നതിനുള്ള സൗകര്യം ഫെഡറൽ ബാങ്ക് സജ്ജീകരിച്ചിട്ടുണ്ട്.

(ഡി) വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ലഭ്യതയിൽ പ്രാദേശികമായി നേരിടുന്ന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സംസ്ഥാനാന്തരപ്രയാണം

വ്യവസ്ഥാപിതമായ നിലയിലേക്ക് കൊണ്ടുവരുന്നതിനും വിവര സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ലഭ്യതയിൽ പ്രാദേശികമായി നേരിടുന്ന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സംസ്ഥാനാന്തരപ്രയാണം വ്യവസ്ഥാപിതമായ നിലയിലേക്ക് കൊണ്ടുവരുന്നതിനും വിവര സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാവുന്നതാണ്.

ഐ.ടി. മേഖലയിലെ ജീവനക്കാരുടെ
ജോലി സ്ഥിരത ഉറപ്പാക്കാൻ നടപടി

273 (3500) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിൽനിന്നും തൊഴിൽ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ പിരിച്ചുവിടുന്ന പ്രവണത വർധിച്ചുവരുന്നത് സർക്കാർ ഗൗരവപൂർവം വീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഐ.ടി. മേഖലയിൽ വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാരെ കമ്പനികളിൽനിന്നും പിരിച്ചുവിടുന്ന പ്രവണത ഇല്ലാതാക്കാനും ജോലി സ്ഥിരത ഉറപ്പാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-സി) ഐ.ടി. മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ആകമാനമായി തൊഴിലാളികളെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിടുന്നത് സംബന്ധിച്ച് വ്യക്തികളോ തൊഴിലാളി യൂണിയനുകളോ പരാതി ഉന്നയിച്ചിട്ടില്ല. എന്നാൽ ടാറ്റാ കൺസൾട്ടൻസി സർവീസസിന്റെ എറണാകുളം, തിരുവനന്തപുരം സെന്ററുകളിൽനിന്നും ജീവനക്കാരെ നിർബന്ധിച്ച് രാജി വയ്പിക്കുന്നതിന് മാനേജ്മെന്റ് ശ്രമിക്കുന്നതായി ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ പ്രതിധ്വനിയുടെ കൺവീനർ പരാതി സമർപ്പിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ എറണാകുളം, തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർമാർ മുഖേന നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി. മേഖലയിലെ ജീവനക്കാരെ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് വ്യക്തികൾ ഉന്നയിക്കുന്ന പരാതികളിന്മേൽ 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം അനുരഞ്ജന ചർച്ച നടത്തി ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നുമുണ്ട്.

തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുവരുന്ന വിവിധങ്ങളായ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപനപരിശോധന നടത്തി ജീവനക്കാർക്ക് നിയമാനുസൃത ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ജീവനക്കാരുടെ ജോലി സുരക്ഷ ഉറപ്പാക്കുന്ന നടപടി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

പയ്യന്നൂർ കരിയർ ഡവലപ്മെന്റ് സെന്ററിന് കെട്ടിടം

274 (3501) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പയ്യന്നൂർ കണ്ടംകാളി വികസന സമിതിയുടെ പേരിൽ പയ്യന്നൂർ താലൂക്കിൽ പയ്യന്നൂർ വില്ലേജിൽ കണ്ടംകാളി 210/102/(Old) സർവെ നമ്പരിൽ വരുന്ന 12 സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച 250 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(സി) പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് 2025-26 വർഷം അനുവദിച്ച ബജറ്റ് വിഹിതത്തിൽനിന്നും തുക വകയിരുത്താൻ സാധിച്ചിരുന്നില്ല. എന്നാൽ 2025-26 വർഷത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ 250 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

തൊഴിൽ വകുപ്പിലെ കാഷ്വൽ സ്വീപ്പർമാരുടെ വേതനം

275 (3502) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി ശ്രീകല, സായന്തനം, പ്ലാമൂട്, പെരിങ്ങമല എന്ന വ്യക്തി 2023 ആഗസ്റ്റ് മാസം മുതൽ 2024 ജനുവരി മാസം വരെ (6 മാസക്കാലം) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പാലോട് ടൈബൽ എംപ്ലോയ്മെന്റ് & സി.ഡി.സി.-യിൽ കുടുംബശ്രീ മുഖാന്തരം കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തിരുന്നോ; എങ്കിൽ ടിയാൾക്ക് പ്രസ്തുത കാലയളവിൽ അർഹതപ്പെട്ട വേതനം നൽകിയിട്ടുണ്ടോ?

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിൽ പാലോട് ടൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം സി.ഡി.സി.-യിൽ കുടുംബശ്രീ മുഖാന്തരം ശ്രീമതി ശ്രീകല, സായന്തനം, പ്ലാമൂട്, പെരിങ്ങമല എന്നയാൾക്ക് കാഷ്വൽ സ്വീപ്പറായി നിയമനം നൽകുകയും ടിയാൾ 03-08-2023 മുതൽ 29-01-2024 വരെ ജോലി ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ വേതനം ടിയാൾക്ക് ലഭിച്ചിട്ടില്ല.

കുടുംബശ്രീ മുഖേന നിയമനം നൽകുന്ന ജീവനക്കാരുടെ വേതനം കുടുംബശ്രീയുടെ അക്കൗണ്ട് മുഖേനയാണ് നൽകേണ്ടതെന്ന് 09-02-2010-ലെ സ.ഉ.(പി)61/2010-ധന. ഉത്തരവിലും സർക്കാർ കാര്യാലയങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും സ്പാർക്കിൽ ടെമ്പററി എംപ്ലോയി നമ്പർ ക്രിയേറ്റ് ചെയ്ത് അവരവരുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് മാത്രമെ വേതനം അനുവദിക്കാവൂവെന്ന് ധനകാര്യം (ITSF) വകുപ്പിന്റെ 30-09-2023-ലെ 82/2019/ധന. നമ്പർ സർക്കുലറിലും വ്യത്യസ്തമായി പരാമർശിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി ശ്രീകലയ്ക്ക് വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ടി വകുപ്പുകളുടെ മാർഗനിർദേശംകൂടി ലഭ്യമാക്കി തീരുമാനിക്കുന്നതാണ്.

(ബി) കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ ലേബർ വകുപ്പിനുകീഴിൽ കാഷ്വൽ സ്വീപ്പർമാരുടെ ഒഴിവുകൾ എവിടെയെല്ലാമാണ് ഉണ്ടായിട്ടുള്ളത്; പ്രസ്തുത ഒഴിവുകളിൽ നിയമിതരായവർക്ക് എപ്രകാരമാണ് വേതനം അനുവദിച്ചത്; വിശദമാക്കാമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിൽ കാഷ്വൽ സ്വീപ്പർ തസ്തിക നിലവിലില്ല; പാർട്ട് ടൈം സ്വീപ്പർ തസ്തിക മാത്രമാണ് നിലവിലുള്ളത്. പാലോട് ടൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം സി.ഡി.സി.-യിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക നിലവിലില്ലാത്തതിനാലാണ് കുടുംബശ്രീ മുഖേന ശ്രീമതി ശ്രീകലയ്ക്ക് നിയമനം നൽകിയത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയിലും പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക നിലവിലില്ലാത്തതിനാൽ സമാനമായി നിയമനം നടത്തിയിട്ടുണ്ട്. ഇപ്രകാരം നിയമനം ലഭിച്ച ശ്രീമതി ശോശാമ്മ ക്ലീറ്റസ് എന്നയാളുടെ 05-08-2023 മുതൽ 02-11-2023 വരെ ജോലി ചെയ്ത കാലയളവിലെ വേതനവും വിതരണം ചെയ്തിട്ടില്ല.

ഐ.ടി. മേഖലയിലെ പ്രതിസന്ധി

276 (3503) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ തൊഴിൽ വിസ നിയന്ത്രണങ്ങളും വാണിജ്യ നയങ്ങളും കേരളത്തിലെ ഐ.ടി. മേഖലയിൽ

തൊഴിലെടുക്കുന്നവർക്ക് എത്രത്തോളം പ്രതിസന്ധി ഉണ്ടാക്കുന്നുവെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ആഗോളതലത്തിൽ അമേരിക്ക ഉൾപ്പടെയുള്ള രാജ്യങ്ങളിലെ തൊഴിൽ വിസ നിയന്ത്രണങ്ങളും വാണിജ്യ നയങ്ങളും കേരളത്തിലെ ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് എത്രത്തോളം പ്രതിസന്ധി ഉണ്ടാക്കുമെന്നത് തൊഴിൽ വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടില്ല.

(ബി) ഐ.ടി. മേഖലയിൽ നിർമ്മിത ബുദ്ധിയുടെ ഉപയോഗം വർധിക്കുന്നതോടെ കൂടുതൽ പേർക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ടോ; അത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് കേരളത്തിലെ തൊഴിൽ മേഖലയെ കാര്യമായി മാറ്റിയെടുക്കും. ഇത് തൊഴിലവസരങ്ങളെ പൂർണ്ണമായും ഇല്ലാതാക്കുകയല്ല, മറിച്ച് തൊഴിൽരീതികളെ പരിവർത്തനം ചെയ്യുകയാണ് ചെയ്യുന്നത്. ആവർത്തന സ്വഭാവമുള്ളതും വിവരങ്ങൾ ശേഖരിക്കുന്നതുമായ ജോലികൾ AI കൂടുതൽ കാര്യക്ഷമമായി ചെയ്യും. ഇത് മനുഷ്യന് കൂടുതൽ സങ്കീർണ്ണവും സർഗാത്മകവുമായ ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരം നൽകും. കേരളത്തിലെ ശക്തമായ സേവനമേഖലയിൽ ഡാറ്റാ എൻട്രി പോലുള്ള ജോലികളിൽ കുറവ് വരാൻ സാധ്യതയുണ്ട്. എന്നാൽ AI-യുമായി ചേർന്ന് പ്രവർത്തിക്കാൻ കഴിവുള്ളവർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

(സി) ഐ.ടി. മേഖലയിൽനിന്ന് പിരിച്ചുവിടപ്പെടുന്ന ജീവനക്കാർക്ക് നിയമപരമായ ആനുകൂല്യങ്ങളും പുനരധിവാസവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ?

ഐ.ടി. മേഖലയിൽനിന്ന് പിരിച്ചുവിടപ്പെടുന്ന ജീവനക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി 1947-ലെ വ്യവസായതർക്ക നിയമപ്രകാരം റീട്രെഞ്ച്മെന്റ് കോമ്പൻസേഷനായി ജില്ലാ ലേബർ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതും കൂടാതെ 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരം ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ വകുപ്പുതലത്തിൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് നിയമാനുസൃതമായ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതാണ്. പിരിച്ചുവിടപ്പെട്ട ഐ.ടി. പ്രൊഫഷണലുകളുടെ പുനരധിവാസത്തിനായി സംസ്ഥാന തൊഴിൽ വകുപ്പ് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്ന ജീവനക്കാർ നേരിടുന്ന വിവിധ പ്രതിസന്ധികളെ സംബന്ധിച്ച് സമഗ്ര പഠനം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്തെ ഐ.ടി. മേഖലകളിൽ ജോലി ചെയ്യുന്നവരുടെ വിവിധ പ്രതിസന്ധികൾ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ വകുപ്പിൽ ലഭിക്കുന്ന തൊഴിൽ നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും തൊഴിൽ

സ്ഥലത്ത് തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും വ്യക്തിപരവുമായ ഹരാസ്സ്മെന്റ് സംബന്ധിച്ച പരാതികളും ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഐ.ടി.ഐ.-കളിലെ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) ഒഴിവുകൾ

277 (3504) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്ട്സ്മാൻ സിവിൽ) തസ്തികയിൽ നിലവിൽ 19 ഒഴിവുകളുണ്ട്.

(ബി) നിലവിൽ ഏതെല്ലാം ഐ.ടി.ഐ.-കളിലാണ് ഒഴിവുകളുള്ളതെന്ന് വിശദമാക്കാമോ?

ഗവൺമെന്റ് ഐ.ടി.ഐ.(വ) വെസ്റ്റ് എളേരി, ഗവൺമെന്റ് ഐ.ടി.ഐ. മടിക്കൈ, ഗവൺമെന്റ് ഐ.ടി.ഐ. കുത്തുപറമ്പ് എന്നിവിടങ്ങളിൽ 2 ഒഴിവുകൾ വീതവും ഗവൺമെന്റ് ഐ.ടി.ഐ. മാടായി, ഗവൺമെന്റ് ഐ.ടി.ഐ. വടകര, ഗവൺമെന്റ് ഐ.ടി.ഐ. പേരാമ്പ്ര, ഗവൺമെന്റ് ഐ.ടി.ഐ. കണ്ണൂർ, ഗവൺമെന്റ് ഐ.ടി.ഐ. സീതാംഗോളി, ഗവൺമെന്റ് ഐ.ടി.ഐ. ചിത്തിരപുരം, ഗവൺമെന്റ് ഐ.ടി.ഐ. മണിയൂർ, ഗവൺമെന്റ് ഐ.ടി.ഐ. ദേശമംഗലം, ഗവൺമെന്റ് ഐ.ടി.ഐ. അട്ടപ്പാടി, ഗവൺമെന്റ് ഐ.ടി.ഐ. കാസർഗോഡ്, ഗവൺമെന്റ് ഐ.ടി.ഐ. ചാലക്കുടി, ഗവൺമെന്റ് ഐ.ടി.ഐ. പെരുമാട്ടി, ഗവൺമെന്റ് ഐ.ടി.ഐ. നാഗലശ്ശേരി എന്നീ ഐ.ടി.ഐ.-കളിൽ ഓരോ ഒഴിവ് വീതവുമുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

11 ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് ആശ്രിത നിയമന നടപടിക്കായി മാറ്റിവച്ചിട്ടുണ്ട്. KS&SSR part 1 rule 8-ലെ വ്യവസ്ഥപ്രകാരം വകുപ്പിലേക്ക് തിരികെ വരുന്നതിനായി ലഭിച്ച അപേക്ഷയിലേക്ക് ഒരു ഒഴിവ് മാറ്റിവച്ചിട്ടുണ്ട്. പഠനാവശ്യത്തിനായി ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരിക്കുന്ന ഇൻസ്ട്രക്ടർ 20-01-2026-ന് മടങ്ങിവരുമ്പോൾ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനായി ഒരു ഒഴിവ് മാറ്റിവച്ചിട്ടുണ്ട്. Vacation vacancy-യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിനായുള്ള ഒരു ഒഴിവുൾപ്പെടെ ആകെ 5 ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ ഐ.ടി.ഐ.

278 (3505) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ ഐ.ടി.ഐ. തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ. എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയത്തിൽ വിശദമായ ശിപാർശ ലഭ്യമാക്കാൻ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്കും സർക്കാരിന്റെ

നിലവിലെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തും പ്രസ്തുത ശിപാർശ പരിശോധിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള തൊഴിൽ ലഭ്യത

279 (3506) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി 2021 മുതൽ നാളിതുവരെയായി എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

(ബി) 2021 മുതൽ നാളിതുവരെയായി കോഴിക്കോട് ജില്ലയിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ബിരുദ കോഴ്സുകൾ കഴിഞ്ഞ എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ വിഭാഗങ്ങളിൽ ഏത് കാലയളവിൽ വരെ അപേക്ഷിച്ചവർക്കാണ് തൊഴിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2021 മുതൽ നാളിതുവരെയായി കോഴിക്കോട് ജില്ലയിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ബിരുദ കോഴ്സുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളിൽ തൊഴിൽ ലഭിച്ച ഉദ്യോഗാർഥികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സിവിൽ ബിരുദ കോഴ്സുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളിൽ തൊഴിൽ ലഭിച്ച ഉദ്യോഗാർഥികളുടെ എണ്ണം-147

മെക്കാനിക്കൽ ബിരുദ കോഴ്സുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളിൽ തൊഴിൽ ലഭിച്ച ഉദ്യോഗാർഥികളുടെ എണ്ണം- 37

ഇലക്ട്രിക്കൽ ബിരുദ കോഴ്സുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളിൽ തൊഴിൽ ലഭിച്ച ഉദ്യോഗാർഥികളുടെ എണ്ണം- 27

ഈ വിഭാഗങ്ങളിൽ ഏത് കാലയളവിൽ വരെ അപേക്ഷിച്ചവർക്കാണ് തൊഴിൽ ലഭിച്ചിട്ടുള്ളതെന്ന വിവരം അനുബന്ധമായി ചേർക്കുന്നു+.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

280 (3507) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിൽനിന്നും നടത്തുന്ന സ്ഥാപന പരിശോധനകളിലും കൂടാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തികൾ/സംഘടനകൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അംഗീകൃത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നാമമാത്രമായി നടത്തിയിട്ടുള്ള നിയമനങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിൽ, അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് വകുപ്പ് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും ചട്ടലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം, ടി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) പി.എസ്.സി.-ക്ക് വിടാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തണമെന്ന വ്യവസ്ഥ പാലിക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പി.എസ്.സി.-യുടെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത്, ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും ചട്ടലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം, നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ചുവടെ ചേർത്ത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഓൺലൈൻ പോർട്ടൽ
- ഇ-ഓഫീസ്
- മൊബൈൽ ആപ്ലിക്കേഷൻ
- ക്യു.ആർ. കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ്
- പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
- മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ
- പ്രൈവറ്റ് ജോബ് പോർട്ടൽ
- മോഡൽ കരിയർ സെന്ററുകൾ(MCC)
- കരിയർ ഡെവലപ്മെന്റ് സെന്ററുകൾ (CDC)

കൂടാതെ, തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് കെസ്റു എന്ന പേരിലും മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് എന്ന പേരിലും ഒരു സംയുക്ത സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു. 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് നവജീവൻ സ്വയംതൊഴിൽ പദ്ധതിയും നടപ്പിലാക്കിവരുന്നു. തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശ്ശരണരായ വനിതകൾക്ക് മാത്രമായി 'ശരണ്യ' സ്വയംതൊഴിൽ പദ്ധതിയും ഭിന്നശേഷിക്കാർക്കായി 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ തൊഴിൽ വികസനം ലക്ഷ്യംവച്ച് 'സമന്വയ' പദ്ധതിയും നടപ്പിലാക്കിവരുന്നു.

കോട്ടയം ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
മുഖാന്തരമുള്ള നിയമനങ്ങൾ

281 (3508) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന്

വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം 2869 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്നുള്ള വിശദവിവരങ്ങൾ നൽകാമോ?

നിയമനം നൽകിയ വകുപ്പുകളുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഡി.റ്റി./1383/2024-A2 നമ്പർ ഫയൽ

282 (3509) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ആശ്രിതരുള്ള സർക്കാർ ജീവനക്കാർക്ക് സ്ഥലംമാറ്റത്തിൽ പരിഗണന നൽകണമെന്ന നിവേദനം സംബന്ധിച്ച് വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഡി.റ്റി./1383/2024-A2 എന്ന നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതിയും നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ നൽകാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും ഉൾപ്പെട്ട ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25-02-2017-ലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ.ഉ.(പി) 03/2017/ഉ.ഭ.വ. ഉത്തരവിലെ പതിനൊന്നാമത് ഖണ്ഡികയിൽ പ്രതിപാദിക്കുന്ന ഒൻപതാമത് വിഭാഗത്തിനോടൊപ്പം, ഒന്നിലധികം ഭിന്നശേഷിക്കാരായ ആശ്രിതരെ സംരക്ഷിച്ചുവരുന്ന ജീവനക്കാർക്കുകൂടി ഖണ്ഡിക 11-ലെ പരിഗണന ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കട്ടപ്പന ഗവൺമെന്റ് ഐ.ടി.ഐ.-യിലെ സീനിയർ ഇൻസ്ട്രക്ടറായിരുന്ന ശ്രീ. ആന്റണി ജോസഫ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ചിരുന്ന അപേക്ഷ 17-07-2024-ലെ ഡി.റ്റി./1383/2024-A2 നമ്പർ കത്തുപ്രകാരം വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ തുടർനടപടിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശ സി1/194/2024/തൊഴിൽ നമ്പർ ഫയലിൽ പരിശോധിക്കുകയും 01-08-2024-ലെ ഇതേ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് തുടർനടപടിക്കായി കൈമാറുകയും ചെയ്തിട്ടുണ്ട്.

നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ആകയാൽ ആവശ്യമായ തുടർനടപടികൾക്കായി പ്രസ്തുത ഫയലിൽനിന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ആന്റണി ജോസഫ്, സമർപ്പിച്ചിട്ടുള്ള നിവേദനം തുടർനടപടിക്കായി 01-08-2024-ലെ സി1/194/2024/തൊഴിൽ നമ്പർ അനൗദ്യോഗിക കുറിപ്പുപ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത നിവേദനം സംബന്ധിച്ച് വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ മേൽപ്പറഞ്ഞ ഫയലിൽനിന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലേക്ക് ശിപാർശ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

വ്യവസായ പരിശീലന വകുപ്പ് മുഖ്യ കാര്യാലയത്തിൽനിന്നും നേരിട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലേക്ക് ശിപാർശ സമർപ്പിക്കുന്നതിന് സാധ്യമല്ല. അതിനാൽ ടി അപേക്ഷ ഉചിത മാർഗേണ ഭരണ വകുപ്പായ തൊഴിലും നൈപുണ്യവും വകുപ്പുമുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലേക്ക് തുടർനടപടിക്കായി കൈമാറിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറി ജീവനക്കാരുടെ സ്ഥലംമാറ്റം

283 (3510) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ഫറോക്ക് ആശുപത്രിയുടെ 15 കിലോമീറ്റർ ചുറ്റളവിൽ എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ഫറോക്ക് ആശുപത്രിയുടെ 15 കിലോമീറ്റർ ചുറ്റളവിൽ ചാലപ്പുറം, ചെറുവണ്ണൂർ- I, ചെറുവണ്ണൂർ - II, ചുങ്കം, കുന്നത്തുപാലം, പുതിയറ എന്നിവിടങ്ങളിലായി 6 ഇ.എസ്.ഐ. ഡിസ്പെൻസറികൾ നിലവിലുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉഭപവ. നമ്പർ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിലെ ജീവനക്കാർക്ക് കോഴിക്കോട് ജില്ലയിൽ ഒഴിവ് നിലവിലുള്ള മറ്റ് ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ട്രാൻസ്ഫർ പോകാൻ കഴിയാത്ത സാഹചര്യമുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ പൊതുമാനദണ്ഡങ്ങളിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് മാത്രമായി ഇളവ് വരുത്താനാവില്ല.

റവന്യൂ കാർഡ്

284 (3511) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി റവന്യൂ കാർഡ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇത് നിലവിൽ വരുന്നത്; വിശദാംശം നൽകാമോ?

ഉണ്ട്. 2025 നവംബർ മുതലാണ് ഡിജിറ്റൽ റവന്യൂ കാർഡ് നിലവിൽ വരുത്താൻ റവന്യൂ വകുപ്പ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) പുതുതായി പുറത്തിറക്കുന്ന റവന്യൂ കാർഡിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്നും എവിടെയാണ് ഇതിന് അപേക്ഷിക്കേണ്ടതെന്നും വിശദമാക്കാമോ?

"എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ ഭൂസംബന്ധവും വ്യക്തിസംബന്ധവുമായ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ സ്മാർട്ടായ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ സംവിധാനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഡിജിറ്റൽ റീസർവെ പൂർത്തീകരിച്ച് റവന്യൂ രേഖകളുടെ ഭാഗമാക്കിയ വില്ലേജുകളിലാണ് ഈ കാർഡ് നൽകുന്നതിനുള്ള നടപടി ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവെ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി. (Unique Land Parcel ID) നൽകുകയും, ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ.ഡി. ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന യുണീക് നമ്പരിലൂടെ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാകത്തക്കവിധമാണ് ഡിജിറ്റൽ റവന്യൂ കാർഡ് തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ ടി പദ്ധതിക്കായുള്ള ഡൊമൈൻ ഐ.ഡി. വഴി ഡിജിറ്റൽ റവന്യൂ കാർഡിനുള്ള അപേക്ഷ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഡിജിറ്റൽ റവന്യൂ കാർഡ് സംവിധാനം നടപ്പിലാക്കുന്നതോടെ ഒരു വ്യക്തിക്ക് വിവിധ സാക്ഷ്യപത്രങ്ങൾക്കുവേണ്ടി റവന്യൂ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാകും.

ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

285 (3512) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഇരിക്കൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പുമുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഇരിക്കൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പുമുഖേന അനുവദിച്ച വിവിധ പദ്ധതികൾ, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

പോക്കുവരവിനുള്ള കാലതാമസം

286 (3513) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം ഓൺലൈൻവഴി പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോക്കുവരവ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ വില്ലേജ് ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുള്ളതും സബ്രജിസ്ട്രാർ ഓഫീസുകളിൽനിന്നും ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം ഓൺലൈൻവഴി പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിച്ച് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി സമയപരിധിക്കുള്ളിൽ തീർപ്പാക്കിവരുന്നു. സബ്രജിസ്ട്രാർ ഓഫീസിൽനിന്നും ആധാരം ഓൺലൈനിൽ അപ്ലോഡ് ചെയ്യുവരാൻ താമസിക്കുന്ന അപേക്ഷകളിലാണ് നടപടി സ്വീകരിക്കാൻ കാലതാമസം നേരിടാറുള്ളത്.

സബ്ഡിവിഷൻ ആവശ്യമില്ലാത്ത അപേക്ഷകൾ വില്ലേജ് ഓഫീസിലും സബ്ഡിവിഷൻ ആവശ്യമായ അപേക്ഷകൾ താലൂക്ക് ഓഫീസിലും തീർപ്പാക്കുന്നു. സാങ്കേതിക തടസ്സങ്ങളില്ലാത്ത ഫയലുകൾ സേവനാവകാശ നിയമപ്രകാരം സമയപരിധിക്കുള്ളിൽ തീർപ്പാക്കിവരുന്നു.

(ബി) വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന പ്രസ്തുത അപേക്ഷകൾ മുൻഗണനാപ്രകാരമാണോ തീർപ്പാക്കുന്നതെന്നും; അല്ലെങ്കിൽ ഈ അപേക്ഷകൾ മുൻഗണനാപ്രകാരം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത അപേക്ഷകൾ മുൻഗണനാപ്രകാരം തീർപ്പാക്കിവരുന്നു.

എന്റെ ഭൂമി പോർട്ടൽ

287 (3514) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എം. മണി:
ശ്രീമതി ശാന്തകുമാരി കെ.:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'എന്റെ ഭൂമി' പോർട്ടൽ സുതാര്യവും പൊതുജനങ്ങൾക്ക് സൗകര്യപ്രദവുമാകുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'എന്റെ ഭൂമി' പദ്ധതി ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ വസ്തുക്കൾ സംബന്ധമായ വിവരങ്ങൾ ഓൺലൈനിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്ന രീതിയിലാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഇതുമൂലം പൊതുജനങ്ങൾക്ക് തങ്ങളുടെ ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൽ രൂപത്തിൽ എവിടെയിരുന്നും പരിശോധിക്കുന്നതിനും മാറ്റങ്ങൾക്ക് ഓൺലൈനായി പരാതി നൽകി പരിഹരിക്കുന്നതിനും സാധിക്കുന്നു.

ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ ഭൂരേഖ വിവരങ്ങളായ ലാൻഡ് രേഖകൾ, ഭൂമി ഉടമയെ സംബന്ധിച്ച വിവരങ്ങൾ, ഭൂമിയുടെ സ്ഥിതി എന്നിവയും ഡിജിറ്റലായി നാളതീകരിച്ചതുമായ സ്കെച്ചോടുകൂടി എല്ലാ ഭൂമി ഇടപാടുകളും സുതാര്യമായി നടക്കുന്നതാണ്. വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഭൂമി ഇടപാടുകളിൽ കാര്യക്ഷമതയും വേഗതയും ഇതുവഴി വർധിക്കുന്നു. ഈ ഓൺലൈൻ സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ആധുനിക സാങ്കേതികവിദ്യയുടെ പൂർണ്ണ സംരക്ഷണവും ലഭിക്കുന്നതാണ്.

(ബി) പ്രസ്തുത പോർട്ടൽ ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് എങ്ങനെ സഹായകരമാകുമെന്ന് വ്യക്തമാക്കാമോ?

'എന്റെ ഭൂമി' ഇന്റഗ്രേറ്റഡ് പോർട്ടൽ വഴി റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകളിലെ ഭൂവിവരങ്ങൾ ഒരേ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്നതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തീർണ്ണം, അതിരുകൾ തുടങ്ങി ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സഹായകമാണ്. സർവെ മാപ്പുകളും ബ്ലോക്ക്- സർവെ നമ്പറുകളും ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകുന്നതിനാൽ അതിരുകൾ സംബന്ധിച്ച തർക്കങ്ങൾ തീർക്കാൻ സാധിക്കും. ഓൺലൈനിൽ നേരിട്ട് പരാതിയും തിരുത്തലിനുള്ള അപേക്ഷയും നൽകാനുള്ള സംവിധാനം ലഭ്യമാണ്. ഡിജിറ്റൽ സർവെ സമയത്തുണ്ടാകുന്ന പരാതികൾ ജനറൽ കംപ്ലയിന്റ് (GC), ഒറിജിനൽ ലാൻഡ് കംപ്ലയിന്റ് (OLC), അപ്പീൽ ലാൻഡ് കംപ്ലയിന്റ് (ALC), കൂടാതെ ഡിജിറ്റൽ സർവെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ റെക്കോർഡുകളിലുള്ള പരാതികൾക്ക് LRM സംവിധാനവും 'എന്റെ ഭൂമി' പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്.

അതിനാൽ റെക്കോർഡ് തയ്യാറാക്കുന്നതിന്റെ ഓരോ ഘട്ടവും റെക്കോർഡ് അന്തിമമാക്കിയതിനുശേഷവും പൊതുജനത്തിന്റെ ഭൂരേഖ സംബന്ധമായ പരാതികൾ പരിഹരിച്ച് ഏറ്റവും സുതാര്യമായ ലാൻഡ് റെക്കോർഡ് ലഭ്യമാക്കാൻ ഓൺലൈൻ പോർട്ടൽ സഹായകമാണ്. രജിസ്ട്രേഷൻ കഴിഞ്ഞയുടനെ ഉടമസ്ഥാവകാശ ഡാറ്റ പോർട്ടലിൽ പുതുക്കുന്നുവെന്നതിനാൽ "ഡ്യൂപ്ലിക്കേറ്റ് ക്ലെയിം" പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിനാൽ പൊതുജനങ്ങൾക്ക് പല ഓഫീസുകളിലും പോകേണ്ട സാഹചര്യം ഒഴിവാകും. കൂടാതെ, തർക്കപരിഹാര നടപടികൾ വേഗത്തിലും കാര്യക്ഷമമായും നടത്താൻ കഴിയുന്നതാണ്.

(സി) ഡിജിറ്റൽ ഡാറ്റ അപ്ഡേറ്റിൽ പ്രസ്തുത പോർട്ടൽ എങ്ങനെയാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ ഡാറ്റ അപ്ഡേറ്റിന്റെ ഭാഗമായി 'എന്റെ ഭൂമി' ഇന്റഗ്രേറ്റഡ് പോർട്ടൽ വിവിധ രീതികളിൽ സഹായകരമാണ്. വിവിധ വകുപ്പുകളിൽ (റവന്യൂ, രജിസ്ട്രേഷൻ, സർവെ) നിലനിൽക്കുന്ന ഭൂവിവരങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനും പൊതുജനങ്ങൾക്ക് സ്വന്തമായുള്ള ഭൂവിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ പരിശോധിക്കാനും കഴിയുന്നു. രജിസ്ട്രേഷൻ സമയത്ത് ഉടമസ്ഥാവകാശ വ്യത്യാസങ്ങൾ, രേഖാ വിവരങ്ങൾ എന്നിവ നേരിട്ട് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നു. ഇത്തരത്തിലുള്ള തത്സമയ ഡാറ്റാ അപ്ഡേറ്റ് ഭാവിയിലുണ്ടാകുന്ന തർക്കങ്ങൾ കുറയ്ക്കുന്നു. ഡിജിറ്റൽ സർവെയിൽനിന്നുള്ള മാപ്പുകൾ, ബ്ലോക്ക്നമ്പർ, സർവെ നമ്പർ, വസ്തു അതിർത്തികൾ തുടങ്ങിയവ പോർട്ടലിൽ കാണാൻ സാധിക്കുന്നു. പരാതിയുള്ളപക്ഷം ഉടമസ്ഥർക്ക് നേരിട്ട് ഓൺലൈൻ അപേക്ഷ നൽകാനുള്ള സൗകര്യമുണ്ട്.

ഡാറ്റാ അപ്ഡേറ്റുകൾ എല്ലാവർക്കും ഓൺലൈനിൽ ലഭ്യമാകുന്നതിനാൽ സുതാര്യത വർധിക്കുന്നു. പഴയ രേഖകളും പുതുക്കിയ വിവരങ്ങളും താരതമ്യം ചെയ്ത് ഉറപ്പാക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ ചേർത്തിട്ടുണ്ട്. ആപ്ലിക്കേഷനുകൾ, സർട്ടിഫിക്കറ്റ് ലഭ്യത, പരാതികൾ, ഭേദഗതികൾ എന്നിവ ഒരേ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യാൻ കഴിയും. ഇ-ഗവേണൻസ് മുഖേന സർക്കാരിനും പൊതുജനങ്ങൾക്കുമുള്ള ഇടപെടൽ കൂടുതൽ കാര്യക്ഷമമാകുന്നു.

ഭൂമി തരംമാറ്റൽ

288 (3515) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് അപേക്ഷകന് സമയബന്ധിതമായി സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ ക്രമാതീതമായി വർധിച്ചുവരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കലിനായി യഥാസമയം നടപടി സ്വീകരിച്ചുവരുന്നു.

ഭൂമി തരംമാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 27-06-2024-ലെ സ.ഉ.(അച്ചടി)നം. 140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി)നം. 142/2024/RD എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ ചുമതല വിനിയോഗിക്കുന്നതിന് 71 സബ്കളക്ടർ/ഡെപ്യൂട്ടി കളക്ടർമാരെ താലൂക്കുതലത്തിൽ ചുമതല നൽകി നിയോഗിച്ചിട്ടുള്ളതാണ്.

01-09-2023-ലെ സ.ഉ.(കൈ)നം. 206/2023/RD പ്രകാരം തരംമാറ്റ നടപടികൾക്കുമാത്രമായി 68 ജൂനിയർ സൂപ്രണ്ടുമാരെയും 181 ക്ലാർക്കുമാരെയും നിയമിച്ചിട്ടുള്ളതും ടി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട തരംമാറ്റ ഓഫീസുകളിലേക്ക് വിന്യസിച്ചിട്ടുള്ളതുമാണ്. അതുപോലെതന്നെ സ്ഥലപരിശോധന ആവശ്യമുള്ള തരംമാറ്റ അപേക്ഷകളിൽ വേഗത്തിൽ നടപടി സ്വീകരിക്കുന്നതിനായി 213 വാഹനങ്ങൾ 14 ജില്ലാ കളക്ടർമാർക്കുമായി അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.

ഭൂമി തരംമാറ്റ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത് ലളിതമാക്കുകയും എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ അപേക്ഷകൾ കൈകാര്യം ചെയ്യുകയെന്നുള്ള പ്രാഥമിക ലക്ഷ്യത്തോടെയും അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ സേവനം ലഭ്യമാക്കാനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യൂവർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്.

കൂടാതെ, കേരള തണ്ണീർത്തട സംരക്ഷണ നിയമം 27(എ) പ്രകാരം 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും സൗജന്യ തരംമാറ്റത്തിന് അർഹതയുള്ളതുമായ അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2025 ഒക്ടോബർ 3 മുതൽ നവംബർ 15 വരെ എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതിനായി സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള ഫോറം 6 അപേക്ഷകളിൽ വില്ലേജ് ഓഫീസർമാർ സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ടിന്റെ മാതൃക ലഘൂകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

മേൽ നടപടികളിലൂടെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് അപേക്ഷകന് സമയബന്ധിതമായി സേവനം ലഭ്യമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ നടപടി

289 (3516) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ മഞ്ഞപ്ര വില്ലേജിനുസമീപം പൊതുജനം അനുഭവിക്കുന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് 10-09-2024-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിൻപ്രകാരം എൽ.ആർ.(ജെ) 7/9025/24 നമ്പർ ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ മഞ്ഞപ്ര വില്ലേജ് ഓഫീസ് പ്രവർത്തിച്ചുവന്നിരുന്ന പഴയ കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിൽതന്നെ നീക്കംചെയ്യാതെ നിൽക്കുന്നതായും പഴയ മന്ദിരത്തിനോടുചേർന്ന് മരം ഉണങ്ങി ശിഖരങ്ങൾ കാറ്റിൽ ഒടിഞ്ഞുവീണ് കാടുപിടിച്ച്, ഇഴജന്തുക്കളുടെയും സാമൂഹ്യവിരുദ്ധരുടെയും താവളമായി മാറിയ അവസ്ഥയാണെന്നും എം.എൽ.എ.-യുടെ വികസന ഫണ്ട് വിനിയോഗിച്ച് ടി സ്ഥലം ടൈൽ വിരിച്ച് കുറച്ച് വാഹന പാർക്കിങ്ങിനും ബാക്കി ഭാഗം ആളുകൾക്ക് ഇരിക്കാൻ സൗകര്യത്തിൽ ഒരുക്കി ജങ്ഷൻ മനോഹരമാക്കണമെന്നതാണ് 10-09-2024-ന് ബഹുമാനപ്പെട്ട എം.എൽ.എ. ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിലെ ആവശ്യം.

ടി വിഷയത്തിൽ എൽ.ആർ.(ജെ)7/9025/24 നമ്പർ ഫയലിൽനിന്നും 26-09-2024-ന് എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ലഭ്യമായിട്ടുണ്ട്.

(ബി) മേൽ വിഷയം സംബന്ധിച്ച് 12-02-2025-ലെ 1476-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് വകുപ്പുമന്ത്രി നൽകിയ മറുപടി വകുപ്പിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാൻഡ് റവന്യൂ കമ്മീഷണർ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ജില്ലാ കളക്ടറടക്കമുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിന്റെയടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, തഹസിൽദാർ, മറ്റ് റവന്യൂ അധികാരികളുൾപ്പെടെ സ്ഥലം സന്ദർശനം നടത്തിയിട്ടും വിഷയത്തിൽ അനുകൂലമായോ പ്രതികൂലമായോയുള്ള മറുപടി നാളിതുവരെയായി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ?

ബഹുമാനപ്പെട്ട എംഎൽ.എ.-യുടെ കത്തിൽ ഭൂമിയുടെ വിസ്തീർണ്ണമുൾപ്പെടെ ഭൂമി സംബന്ധമായ യാതൊരു വിവരങ്ങളും ലഭ്യമല്ലാത്തതിനാൽ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ടി ഭൂമി റവന്യൂ വകുപ്പിന് മറ്റാവശ്യങ്ങൾക്ക് ഉപയുക്തമാണോയെന്നതും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമെ ടി വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. നിലവിൽ ടി വിഷയത്തിൽ ജില്ലാ കളക്ടറേറ്റിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ഡി) ജനകീയ വിഷയങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ജനപ്രതിനിധികൾ രേഖാമൂലം നൽകുന്ന വിഷയത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തീരുമാനം കൈക്കൊള്ളാതെ

താഴെത്തട്ടിൽനിന്ന് റിപ്പോർട്ട് തേടുന്ന പ്രവണത തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഓരോ വിഷയങ്ങളിലും പ്രത്യേകിച്ച്, ഭൂമി സംബന്ധമായ വിഷയങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് താഴെത്തട്ടിൽനിന്നുള്ള ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കേണ്ടതും വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും അനിവാര്യമാണ്. മാത്രവുമല്ല, ഭൂമി സംബന്ധമായ വിഷയങ്ങൾ ഓരോന്നിനും ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർത്തീകരിക്കുന്നതിനാവശ്യമായ സമയപരിധി പാലിച്ച് നടപടി സ്വീകരിക്കേണ്ടതുമുണ്ട്. അതിനാൽ സമയനിഷ്ഠ പാലിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഓരോ ഫയലും ഒരു ജീവിതമാണെന്നും എല്ലാ സംവിധാനവും സുതാര്യമാണെന്ന സർക്കാർ നിലപാട് നിലനിൽക്കെ പൊതുജനത്തിന്റെ ജീവനെ ബാധിക്കുന്ന വിഷയത്തിന് പരിഹാരം കാണുന്നതിനായി നൽകിയ പ്രസ്തുത അപേക്ഷയിൽ വകുപ്പിൽനിന്നും മറുപടി നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഈ വിഷയത്തിൽ കമ്മീഷണർക്ക് നൽകിയ കത്ത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ടി ഭൂമി റവന്യൂ വകുപ്പിന് മറ്റാവശ്യങ്ങൾക്ക് ഉപയുക്തമാണോയെന്നതും സംബന്ധിച്ച, ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമാകാത്തതിനാലാണ് ടി വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ സാധിക്കാതിരുന്നതെന്നും അതിനാലാണ് ഇക്കാര്യത്തിൽ എം.എൽ.എ.-യ്ക്ക് മറുപടി നൽകാതിരുന്നതെന്നുമാണ് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ

ലാൻഡ് റവന്യൂ കമ്മീഷണർക്കുണ്ടായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ പരാതിയുടെ പകർപ്പ് ലഭ്യമാക്കി തുടർനടപടിക്ക് നിർദേശം നൽകുന്നതാണ്.

കാൻസർ ചികിത്സാലയം സ്ഥാപിക്കുന്നതിന് കിട്ടിയ ഭൂമിയുടെ കൈവശാവകാശം

290 (3517) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സാലയം സ്ഥാപിക്കുന്നതിനായി മാവൂർ ഗ്രാമപഞ്ചായത്തിൽ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി കിട്ടിയ ഭൂമി നിലവിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ല, കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജിൽ കണ്ണിപ്പറമ്പ് ദേശത്ത് വിവിധ സർവെ നമ്പറുകളിലായുള്ള 6.3412 ഏക്കർ ഭൂമി സർക്കാരിലേക്ക് വിട്ടൊഴിഞ്ഞിട്ടുള്ളതും അതുപ്രകാരം നിലവിൽ സർക്കാർ 'പുറമ്പോക്ക്' ആയ ഭൂമിയുമാണ്. ടി ഭൂമിയും കെട്ടിടങ്ങളും റവന്യൂ വകുപ്പിന്റെ 27-09-2012-ലെ ജി.ഒ.(എം.എസ്)നം.362/2012/റവ. ഉത്തരവിലൂടെ മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്ന സ്ഥാപനത്തിന്റെ സബ്സെന്റർ ആരംഭിക്കുന്നതിന് 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നുവെങ്കിലും ടി ഭൂമി പിന്നീട് റവന്യൂ വകുപ്പിന്റെ അനുമതിയില്ലാതെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 05-08-2016-ലെ ജി.ഒ.(ആർ.റ്റി)2174/2016/H&FWD പ്രകാരം മലബാർ കാൻസർ സെന്റർ തലശ്ശേരിയിൽനിന്ന് കാലിക്കറ്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറുകയും ചെയ്തതായി അറിഞ്ഞതിനെത്തുടർന്ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 02-09-2024-ലെ യോഗ

തീരുമാനപ്രകാരം ടി ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിനായുള്ള ശിപാർശ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പിന്നീട് ലാൻഡ് റവന്യൂ കമ്മീഷണറുടെ 21-03-2024-ലെ LR/287/2025-LR (J12) നമ്പർ കത്തുപ്രകാരം കോഴിക്കോട് മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 7/2025-ൽ നടന്ന റീജിയണൽ റിവ്യൂ മീറ്റിങ്ങിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയും ആരോഗ്യ വകുപ്പിന് ഇതിനായി ഒരു പദ്ധതിയുണ്ടെന്നും അത് നടപ്പാക്കാൻ തയ്യാറാണെന്നും ആരോഗ്യ വകുപ്പ് ഭൂമിയുടെ പരിപാലനം തുടരുകയും ചെയ്യുമെന്ന് മീറ്റിങ്ങിൽ തീരുമാനിച്ചതിനാൽ നിരാക്ഷേപപത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്ന് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മലബാർ കാൻസർ സെന്ററിന് നൽകിയ ലീസ് ഉത്തരവുപ്രകാരമോ മെഡിക്കൽ കോളേജിന് കൈമാറിയ സർക്കാർ ഉത്തരവുപ്രകാരമോ ഭൂമി കൈമാറ്റ നടപടി നടന്നിട്ടില്ലാത്തതിനാൽ നിലവിൽ ഈ ഭൂമി റവന്യൂ വകുപ്പ് തന്നെയാണ് കൈവശം വച്ചുവരുന്നത്.

(ബി) ഈ ഭൂമി ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന് നൽകിയ നിർദേശത്തിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്ന് ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 7/2025-ൽ നടന്ന റീജിയണൽ

റിവ്യൂ മീറ്റിങ്ങിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയും ആരോഗ്യ വകുപ്പിന് ഇതിനായി ഒരു പദ്ധതിയുണ്ടെന്നും അത് നടപ്പാക്കാൻ തയ്യാറാണെന്നും ആരോഗ്യ വകുപ്പ് ഭൂമിയുടെ പരിപാലനം തുടരുകയും ചെയ്യുമെന്ന് മീറ്റിങ്ങിൽ തീരുമാനിച്ചതിനാൽ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്ന് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. തുടർ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്.

(സി) ഇതുസംബന്ധിച്ച് ജില്ലാ കളക്ടറോട് റിപ്പോർട്ട് ചോദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ആയതിന്മേൽ എന്ത് മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

09-04-2025-ന് ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. കോഴിക്കോട് മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 7/2025-ൽ നടന്ന റീജിയണൽ റിവ്യൂ മീറ്റിങ്ങിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടുകയും ആരോഗ്യ വകുപ്പിന് ഇതിനായി ഒരു പദ്ധതിയുണ്ടെന്നും അത് നടപ്പാക്കാൻ തയ്യാറാണെന്നും ആരോഗ്യ വകുപ്പ് ഭൂമിയുടെ പരിപാലനം തുടരുകയും ചെയ്യുമെന്ന് മീറ്റിങ്ങിൽ തീരുമാനിച്ചതിനാൽ നിരാക്ഷേപ പത്രം കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൽനിന്ന് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. തുടർ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് അനന്തരനടപടി കൈക്കൊള്ളാൻ സാധിക്കുന്നതാണ്.

വില്ലേജ് ഓഫീസുകളിൽ വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള കാലതാമസം

291 (3518) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽനിന്നുള്ള പൊസഷൻ, ലൊക്കേഷൻ, തണ്ടപ്പേർ വിശദാംശം തുടങ്ങിയ വിവിധതരം സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്ത് ലഭിക്കാത്തതുമൂലം പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും ബാങ്ക് ലോണുകൾ ലഭിക്കാതെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കൈവശാവകാശ സാക്ഷ്യപത്രം ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേനയും ലൊക്കേഷൻ സ്കെച്ച്, തണ്ടപ്പേർ പകർപ്പ് എന്നിവ റെലിസ് പോർട്ടൽ മുഖേനയും ഓൺലൈനായി നൽകിവരുന്നുണ്ട്.

(ബി) ഓൺലൈൻ മുഖേന ലഭ്യമല്ലാത്ത സേവനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽനിന്ന് കൈപ്പറ്റ് രസീത് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സേവനങ്ങൾ മുൻഗണനാ പ്രകാരമാണോ തീർപ്പുകല്പിക്കുന്നതെന്ന് വിശദമാക്കാമോ?

ഓൺലൈൻ മുഖേന ലഭ്യമല്ലാത്ത സേവനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽനിന്ന് കൈപ്പറ്റ് രസീത് നൽകി മുൻഗണനാക്രമം പാലിച്ച് സേവനങ്ങൾ സമയബന്ധിതമായി നൽകിവരുന്നുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ പദ്ധതികൾ

292 (3519) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ റവന്യൂ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ, ഐക്കരനാട് നോർത്ത് വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തപ്പെട്ട സംസ്ഥാന നിർമ്മിതി കേന്ദ്രം സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മാണ ഏജൻസിക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്.

അട്ടപ്പാടി ടൈബൽ താലൂക്കിലെ കോട്ടത്തറ വില്ലേജിലെ വിവാദമായ സർവെ

293 (3520) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ടൈബൽ താലൂക്കിൽ കോട്ടത്തറ വില്ലേജിലെ വിവാദമായ 1819, 1275 എന്നീ സർവെ നമ്പരുകളിൽ നിലവിൽ ആരുടെയെല്ലാം പേരിൽ എത്ര ഏക്കർ വീതം ഭൂമിയുണ്ടെന്നും വില്ലേജിൽ നികുതി അടയ്ക്കുന്നത് ആരെല്ലാമാണെന്നും വ്യക്തമാക്കുമോ?

കോട്ടത്തറ വില്ലേജിലെ 1819, 1275 എന്നീ സർവെ നമ്പറുകളിൽ ഭൂനികുതി അടയ്ക്കുന്നവരുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത വില്ലേജിലെ വിവാദമായ 1819, 524, 620, 762, 403, 404, 1275 എന്നീ സർവെ നമ്പരുകളിൽ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ആദിവാസികൾക്ക് ഓരോ സർവെ നമ്പരിലും എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വിശദമാക്കാമോ;

(സി) ആദിവാസി ഭൂമി സംബന്ധിച്ച പരാതി ലഭിക്കുമ്പോൾ വില്ലേജ് ഓഫീസറും തഹസിൽദാരും സെറ്റിൽമെന്റ് രജിസ്റ്റർ പരിശോധിക്കാതെ റിപ്പോർട്ട് നൽകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർവെ നമ്പരുകളിലെ സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 1275, 403, 404 എന്നീ സർവെ നമ്പറുകൾ മണ്ണാർക്കാട് മൂപ്പിൽ നായർ സ്ഥാനത്തിന്റെ പേരിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. സർവെ നമ്പർ 1819 മണ്ണാർക്കാട് മൂപ്പിൽ നായർ, ശങ്കരപ്പ കൗണ്ടർ, ചെവിയണ്ണതേവർ മകൻ അങ്കണ്ണൻ, സുബ്ബണ്ണ ഗവുണ്ടർ മകൻ മുരുകയ്യൻ, മാസ്തണ്ണാ നായ്കൻ മകൻ മാരണ്ണ നായ്കർ, നഞ്ചപ്പനായ്കർ മകൻ കെമ്പണ്ണ നായ്കർ എന്നിവരുടെ പേരിൽ ചേർക്കപ്പെട്ടിട്ടുള്ളതാണ്. 524,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

620, 762 എന്നീ സർവെ നമ്പരുകൾ ഉൾപ്പെടുന്ന സർവെ സെറ്റിൽമെന്റ് രജിസ്റ്ററുകളുടെ പകർപ്പ് ലഭ്യമല്ല.

ആദിവാസി ഭൂമി സംബന്ധിച്ച പരാതികളിൽ സെറ്റിൽമെന്റ് രജിസ്റ്ററുകളും, അത് ലഭ്യമല്ലാത്ത കേസ്സുകളിൽ A&B രജിസ്റ്ററും പരിശോധിച്ചാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

294 (3521) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഭൂമി തരംമാറ്റൽ നടപടി

295 (3522) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റൽ വേഗത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് നികത്തപ്പെട്ട ഭൂമി വേഗത്തിൽ തരംമാറ്റി ലഭിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ആർ.ഡി.ഒ.-യുടെ അധികാരങ്ങൾ വിനിയോഗിക്കാൻ ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് നിയമ ഭേദഗതി വരുത്തുകയും അതിൻപ്രകാരം സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ 44 ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചുകൊണ്ട് 27-06-2024-ലെ സ.ഉ.(അച്ചടി)നം.140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി)നം.142/2024/RD എന്നിവ പ്രകാരം ഉത്തരവായി. 01-09-2023-ലെ സ.ഉ.(കൈ)നം.206/2023/RD പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2 വർഷത്തേക്ക് സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും താൽക്കാലിക തസ്തിക സൃഷ്ടിച്ച് സ്ഥിരജീവനക്കാരെ നിയമിച്ചും ഉത്തരവായിട്ടുണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർധിച്ചുവരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത അപേക്ഷകളുടെ

അതിവേഗ തീർപ്പാക്കലിനായി നടപടി സ്വീകരിച്ചുവരുന്നതാണ്. കൂടാതെ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 27(എ) പ്രകാരം 25 സെന്റിന് താഴെ വിസ്തീർണ്ണമുള്ള ഭൂമിയുടെ സൗജന്യ തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2025 ഒക്ടോബർ 3 മുതൽ നവംബർ 15 വരെ എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള ഫോം 6 അപേക്ഷകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വില്ലേജ് ഓഫീസർമാർ സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ടിന്റെ മാതൃക ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്.

മഞ്ചേശ്വരം താലൂക്കിലെ സർക്കാർ ഭൂമി

296 (3523) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം താലൂക്കിൽ സർക്കാർ ഓഫീസുകൾ സ്ഥാപിക്കുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതുമായ സർക്കാർ ഭൂമിയുടെ വിശദവിവരങ്ങൾ വില്ലേജ് തിരിച്ച് സർവെ നമ്പർ, വിസ്തീർണ്ണം എന്നിവ സഹിതം ലഭ്യമാക്കാമോ?

മഞ്ചേശ്വരം താലൂക്കിൽ സർക്കാർ ഓഫീസുകൾ സ്ഥാപിക്കുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതുമായ സർക്കാർ ഭൂമിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വില്ലേജ്	സർവെ നം.	വിസ്തീർണ്ണം (ഹെക്ടർ)

1	ഉപ്പള	82/J	0.0349
2	പൈവളിഗെ	493/Pt	0.3238
		322/Pt	0.0607
3	ബായാർ	465/2B	0.4047
4	എൻമകജെ	686/Pt	8.094
5	കോയിപ്പാടി	500/1	0.8094

ഭൂനികുതി അടയ്ക്കുന്നതിനുള്ള തടസ്സം മാറ്റാൻ നടപടി

297 (3524) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ആധാറുമായി ലിങ്ക് ചെയ്ത് ഭൂമിയുടെ നികുതി അടയ്ക്കാൻ വില്ലേജുകളിലെത്തുമ്പോൾ കൈവശമുള്ള ഭൂമിയുടെ യഥാർഥ അളവ് വില്ലേജുകളിലെ ഡിജിറ്റൽ രേഖകളിലില്ലെന്ന് ചൂണ്ടിക്കാട്ടി നികുതി അടയ്ക്കാനാകാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള പിശകുകളാണെങ്കിൽ അത് തിരുത്തി നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്കും തഹസിൽദാർക്കും ഓൺലൈൻ സോഫ്റ്റ്വെയറായ റെലിസിൽതന്നെ ഓപ്ഷൻ നൽകിയിട്ടുണ്ട്.

(ബി) ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കൈവശമുള്ള ഭൂമിയുടെ കൃത്യമായ അളവ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾക്ക് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ?

കൈവശ ഭൂമിയുടെ കൃത്യമായ അളവ് രേഖപ്പെടുത്തി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഡിജിറ്റൽ റീസർവെ നടപടികൾ സംസ്ഥാനത്ത് പുരോഗമിച്ചുവരികയാണ്. ഓരോ വില്ലേജിലും പൂർത്തിയാകുന്നമുറയ്ക്ക് കൃത്യമായ അളവ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യപ്പെടും.

എറണാകുളം ജില്ലയിൽ പട്ടയം ലഭിച്ചിട്ടും ഭൂമി കൈമാറ്റം ചെയ്യാൻ തടസ്സം നേരിട്ടതു സംബന്ധിച്ച പരാതി

298 (3525) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മണിയന്തടം പട്ടികജാതി നഗറിൽ പട്ടയം ലഭിച്ച് 40 വർഷം കഴിഞ്ഞിട്ടും ഭൂമി കൈമാറ്റം ചെയ്യുന്നതിന് തടസ്സം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ക്രയവിക്രയ സ്വാതന്ത്ര്യമില്ലാത്ത ഭൂമിയായതിനാൽ പ്രസ്തുത ഭൂമിയുടെ വിപണിമൂല്യം കുറവാണെന്നുകാണിച്ച് ബാങ്കുകൾ വായ്പ നിഷേധിക്കുന്നതായും അതുമൂലം പ്രസ്തുത ഉന്നതിയിലെ അന്തേവാസികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കോ ഭവന നിർമ്മാണത്തിനോ വായ്പ ലഭിക്കുന്നില്ലായെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതി പരിഗണിച്ച് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള തടസ്സം നീക്കി ക്രയവിക്രയ സ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിലെ മണിയന്തടം പട്ടികജാതി നഗറിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾക്ക് പട്ടയ വ്യവസ്ഥപ്രകാരം ഇതേ

സമുദായത്തിൽപ്പെട്ടവർക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ തടസ്സമില്ല. എന്നാൽ എല്ലാ വിഭാഗക്കാർക്കും ക്രയവിക്രയ സ്വാതന്ത്ര്യത്തോടെ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിക്കായും ഭൂമിയുടെ വിപണിമൂല്യം കുറവായതുകൊണ്ട് 2 എക്കർ ഭൂമിക്ക് 3 ലക്ഷത്തിൽ കൂടുതൽ വായ്പകൾ ബാങ്കുകൾ നൽകുന്നില്ലായെന്നുമുള്ള പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ചുവരുന്നു. അതിന്മേൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

അപകടാവസ്ഥയിലുള്ള മൺതിട്ട ഇടിച്ചുമാറ്റുന്നതിന് നടപടി

299 (3526) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ പുതിയ റോഡിനുസമീപമുള്ള ഉന്നതികളിലുൾപ്പെട്ട സ്ഥലത്ത് ഏകദേശം 20 വർഷങ്ങൾക്കുമുമ്പ് വീടുവയ്ക്കുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായ രീതിയിൽ മണ്ണെടുത്തതുമൂലമുണ്ടായ കുത്തനെയുള്ള മൺതിട്ടയിൽ വീണ്ടും മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ ഈ പ്രദേശത്ത് താമസം അഭികാമ്യമല്ല എന്നത് സംബന്ധിച്ച് അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ഹൈഡ്രോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ എന്നിവർ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) റവന്യൂ പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത മൺതിട്ടയിലെ മരങ്ങൾ വെട്ടിമാറ്റിയശേഷം ഏകദേശം 1150 ഘനമീറ്റർ മണ്ണ് നീക്കം ചെയ്താൽ മണ്ണിടിച്ചിൽ ഭീഷണി ഒഴിവാകുമെന്നും പ്രസ്തുത മണ്ണ് ഏതെങ്കിലും വാർഷിക പദ്ധതിക്ക് ആവശ്യമുള്ളപക്ഷം നീക്കം

ചെയ്യാമെന്നും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) തൃക്കാക്കരയിലെ നിരവധി പ്രദേശങ്ങളിൽ സർക്കാർ പദ്ധതിക്കായി മണ്ണിന്റെ ആവശ്യമുള്ളതിനാൽ പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപകടാവസ്ഥയിലുള്ള മൺതിട്ട അടിയന്തരമായി ഇടിച്ചുമാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) തൃക്കാക്കര കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ പുതിയ റോഡിനുസമീപമുള്ള ഉന്നതികളിൽ സന്ദർശനം നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി കണയന്നൂർ തഹസിൽദാർ, എറണാകുളം ജില്ലാ ജിയോളജിസ്റ്റ് എന്നിവർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ലെനിൻ രാജേന്ദ്രൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

300 (3527) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ ലെനിൻ രാജേന്ദ്രൻ സ്മാരകനിലയത്തിന്റെയും തിയേറ്റർ കോംപ്ലക്സിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മാറനല്ലൂർ വില്ലേജിൽ ഊരുട്ടമ്പലം എന്ന സ്ഥലത്ത് ലെനിൻ രാജേന്ദ്രൻ സ്മാരക സാംസ്കാരിക കേന്ദ്രവും തിയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അർഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13-11-2024-ലെ സ.ഉ.(സാധാ)നം.656/2024/CLAD, 26-05-2025-ലെ സ.ഉ.(സാധാ)നം. 302/2025/CLAD എന്നിവ പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമപ്രകാരം തിരുവനന്തപുരം ജില്ലയിൽ മാറനല്ലൂർ വില്ലേജിലുൾപ്പെട്ട 102.47 ആർസ് ഭൂമി ലെനിൽ രാജേന്ദ്രൻ സാംസ്കാരിക കേന്ദ്രം, തിയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി 20-06-2025-ലെ സ.ഉ.(സാധാ)നം.1483/2025/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ, അർഥനയോടൊപ്പം അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കാത്തതിനാൽ സംയുക്ത സ്ഥല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. സംയുക്ത സ്ഥല പരിശോധന നടത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

ഭൂപതിവ് ചട്ടങ്ങളിലെ ഭേദഗതി

301 (3528) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) താമസത്തിനും കൃഷിക്കുമായി പതിച്ചുനൽകിയ ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഭൂപതിവ് നിയമത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങളിൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്താറുണ്ട്. നിലവിൽ സാധാരണക്കാർക്കും അർഹരായവർക്കും ഗുണകരമാകുന്ന നിരവധി ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

1960-ലെ കേരളാ ഭൂപതിവ് നിയമത്തിൽ 2023-ൽ ഭേദഗതി കൊണ്ടുവരികയും [Act 10 of 2024] 4A(1) 4A(2) എന്നിങ്ങനെ രണ്ട് ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുകയുമുണ്ടായി. നിയമത്തിന്റെ പ്രാബല്യത്തീയതിയായ 07-06-2024-നുമുമ്പായി പട്ടയഭൂമിയിൽ നടത്തിയിട്ടുള്ള നിർദിഷ്ട ആവശ്യങ്ങൾക്ക് വിഭിന്നമായുള്ള എല്ലാ ഉപയോഗങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയാണ് പ്രസ്തുത വകുപ്പ് 4A(1)-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിയമ ഭേദഗതിയുടെ പ്രാബല്യ തീയതിക്കുമുമ്പായി അനുവദിക്കപ്പെട്ട പട്ടയഭൂമികളിൽ, അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ പട്ടയഭൂമികളുടെ ഉടമകൾക്ക് അപേക്ഷ നൽകിക്കൊണ്ട് ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽനിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് നിയമത്തിൽ 2023-ൽ നടപ്പിലാക്കിയ 4A(2) എന്ന ഉപവകുപ്പ് ഭേദഗതി. പ്രസ്തുത നിയമ ഭേദഗതിക്ക് അനുസരണമായി, പട്ടയഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ള സംഗതിയിൽ ക്രമവൽക്കരണം

അനുവദിക്കുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറായിട്ടുള്ളതും അത് എത്രയുംപെട്ടെന്ന് വിജ്ഞാപനം ചെയ്യുന്നതുമാണ്.

(സി) മുമ്പ് ഭൂമി ലഭിച്ചവരിൽ, ചട്ടം പാലിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽനിന്നും ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ?

പത്തനംതിട്ട ജില്ലയിൽ അടൂർ, കോഴഞ്ചേരി, റാന്നി, മല്ലപ്പള്ളി, തിരുവല്ല താലൂക്കുകളിൽ ഇത്തരത്തിൽ ഭൂമി ഏറ്റെടുത്തിട്ടില്ലാത്തതാണ്. കോന്നി താലൂക്ക് പരിധിയിലുള്ള കുലഞ്ഞൂർ വില്ലേജിൽ മുൻ സർവെ നമ്പർ 901/1-ൽപ്പെട്ടതും നാളത് ബ്ലോക്ക് 33-ൽ റീസർവെ 106/4-ൽ 68.00 ആറും 106/5-ൽ ഉൾപ്പെട്ട 3.30 ആർ സ്ഥലവും ചേർന്ന് 71.30 ആർ നിലവിൽ സർക്കാർ ഭൂമിയാണ്. മുമ്പ് ടി സ്ഥലം 1974-ൽ LAC 404/74 നമ്പരായി കുന്നത്തൂർ തഹസിൽദാർ നിലവിലെ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ കരുമ്പേലിൽ കിഴക്കേതിൽ ശ്രീ. എൻ. കരുണാകരൻ നായർ എന്ന കക്ഷിക്ക് അനുവദിച്ച പട്ടയം ചട്ടങ്ങൾക്ക് വിരുദ്ധമായി നിശ്ചിത സമയപരിധിക്കുള്ളിൽ ശ്രീ. കുട്ടി മകൻ കുടൽ ഇഞ്ചപ്പാറ കിഴക്കേതിൽ (അനുഭവനം) തങ്കൻ എന്ന കക്ഷിക്ക് ആധാരപ്രകാരം കൈമാറ്റം നടത്തിയതിനാൽ ടി വസ്തുവിന്റെ പട്ടയം കൊല്ലം ജില്ലാ കളക്ടർ അസാധുവാക്കി സർക്കാരിലേക്ക് തിരികെ ഏറ്റെടുത്ത് ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ഭൂപതിവ് ചട്ടപ്രകാരം ഭൂമി ലഭിച്ചവരിൽ ചട്ടം പാലിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽനിന്നും ഭൂമി ഏറ്റെടുത്തിട്ടുള്ള കേസ്സുകൾ ഒന്നുംതന്നെ തിരുവനന്തപുരം,

കോട്ടയം, കൊല്ലം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് പാലക്കാട് ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഭൂപതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി തിരികെ നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

പുതുക്കിയ ചട്ടങ്ങൾ വിജ്ഞാപനത്തിനായി പരിഗണനയിലായതിനാൽ ഇക്കാര്യത്തിൽ ഇപ്പോൾ മറുപടി നൽകാൻ നിർവാഹമില്ല.

ആർ.ഡി. ഓഫീസുകളിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

302 (3529) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ആർ.ഡി. ഓഫീസുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഭൂമി തരംമാറ്റം സംബന്ധിച്ച അപേക്ഷകളുടെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ ആർ.ഡി. ഓഫീസുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഭൂമി തരംമാറ്റം സംബന്ധിച്ച അപേക്ഷകളുടെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു+.

വർക്കല മണ്ഡലത്തിൽ റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ

303 (3530) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വർക്കല മണ്ഡലത്തിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകൾ എത്രയെന്നും പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വർക്കല മണ്ഡലത്തിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ട്, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

ഡിജിറ്റൽ റവന്യൂ കാർഡ്

304 (3531) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നിരന്തരം ആവശ്യമുള്ള രേഖകൾ ഒറ്റ ചിപ്പിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും വ്യക്തി സംബന്ധവും ഭൂമി സംബന്ധവുമായ രേഖകൾ ഡിജിറ്റലായി സൂക്ഷിക്കുന്ന സ്മാർട്ട് റവന്യൂ കാർഡ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് രേഖകൾ റവന്യൂ ഭരണത്തിന് കൈമാറുന്ന വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ ഏതെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 'ഡിജിറ്റൽ റവന്യൂ കാർഡ്' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ റവന്യൂ സർവെ വകുപ്പുകളിലെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതാണ്.

(സി) റവന്യൂ വകുപ്പിൽനിന്നുള്ള സേവനങ്ങൾ മെച്ചപ്പെടുത്താനും മികച്ച ലാൻഡ് മാനേജ്മെന്റ് സംവിധാനങ്ങളും ഭൂവുടമകളുടെ വിവരശേഖരണവും ഉറപ്പാക്കുന്നതിനും 'ഡിജിറ്റൽ റവന്യൂ കാർഡ്' സഹായകമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ ഭൂസംബന്ധവും വ്യക്തിസംബന്ധവുമായ വിവരങ്ങൾ ലഭ്യമാക്കുന്ന വിധത്തിൽ സ്മാർട്ടായ 'ഡിജിറ്റൽ റവന്യൂ കാർഡ്' എന്ന സമഗ്രമായ സംവിധാനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഡിജിറ്റൽ റീസർവെ പൂർത്തീകരിച്ച് റവന്യൂ രേഖകളുടെ ഭാഗമായി വില്ലേജുകളിലാണ് ഈ കാർഡ് നൽകുന്നതിനുള്ള നടപടി ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവെ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി. (Unique Land Parcel ID) നൽകുകയും ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ.ഡി. ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന വിധത്തിൽ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങളടങ്ങുന്ന ഒരു ഡിജിറ്റൽ റവന്യൂ

കാർഡ് തയ്യാറാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്, ഇങ്ങനെ തയ്യാറാക്കുന്ന റവന്യൂ കാർഡിൽ പ്രസ്തുത ലാൻഡ് പാർസൽ സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ കഴിയും.

ഭൂമിയുടെ വിശദാംശങ്ങൾ - ഇനം, തരം, വിസ്തീർണ്ണം തുടങ്ങിയവ

ഭൂവുടമയുടെ വിശദാംശങ്ങൾ - പേരും വിലാസവും

കെട്ടിട വിവരങ്ങൾ- പ്രസ്തുത ഭൂമിയിലെ ഏതെങ്കിലും നിർമ്മിതിയെക്കുറിച്ചുള്ള (Building Structure) വിവരങ്ങൾ

നികുതിയടവ് സംബന്ധിച്ച വിവരങ്ങൾ - ഭൂനികുതി വിശദാംശങ്ങൾ

നികുതിയടവ് സംബന്ധിച്ച വിവരങ്ങൾ - കെട്ടിടനികുതി/അധികനികുതി

ആധാർ ലിങ്കിങ് വിവരം- പ്രസ്തുത ലാൻഡ് പാർസലുമായി തണ്ടപ്പേർകക്ഷിയുടെ ആധാർ ലിങ്ക് ചെയ്തിട്ടുണ്ടോയെന്ന വിവരം.

റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ

(ഡി) റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഏതെല്ലാം സർട്ടിഫിക്കറ്റുകൾക്ക് പകരമായി പ്രസ്തുത കാർഡ് ഉപയോഗപ്പെടുത്തുന്നതിന് കഴിയുമെന്ന് വിശദമാക്കാമോ?

നിലവിൽ റവന്യൂ അധികാരികൾ വഴി നൽകിവരുന്ന 23 വിവിധ സാക്ഷ്യപത്രങ്ങളിലുൾപ്പെടുന്ന ഏതൊരു വിവരവും ഉൾപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് റവന്യൂ കാർഡ് വിഭാവന ചെയ്തിരിക്കുന്നത്.

(ഇ) കൂടുതൽ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾകൂടി പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കൂടുതൽ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾകൂടി പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തുന്നതിനായുള്ള പദ്ധതി പരിശോധനയിലാണ്.

അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി മിനി സിവിൽസ്റ്റേഷൻ

305 (3532) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി മിനി സിവിൽസ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം 23-05-2025-ലെ സി.ഇ./ബി.എൽ./പി.എൽ.2/ഇ.കെ.എം./14331/2024 5.1.1 നമ്പർ ഫയലിൽ രണ്ട് കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമാക്കി നാലുമാസം കഴിഞ്ഞിട്ടും ലാൻഡ് റവന്യൂ കമ്മീഷണർ അത് അംഗീകരിച്ച് ബന്ധപ്പെട്ടവർക്ക് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; നിലവിൽ പ്രസ്തുത ഫയലിന്റ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തിയുടെ ഫയലുകൾപോലും വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ വസ്തു സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ കറുകുറ്റി വില്ലേജ് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് 3 റീസർവെ 121/18-ൽ ഉൾപ്പെട്ട വസ്തു വില്ലേജ് രേഖകൾ പ്രകാരം പീച്ചനിക്കാട് കരയിൽ കുരൻ താഴത്ത് പറമ്പിൽ തോമ വർക്കി എന്നവരുടെ പേരിൽ 590 തണ്ടപ്പേർ പ്രകാരം രേഖപ്പെടുത്തിയതായി കാണുന്നു. ടി വസ്തു

പഴയ ബി.ടി.ആർ. സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവെ ബി.ടി.ആർ. തണ്ടപ്പേർ എന്നിവപ്രകാരം ക്ഷരൻ താഴത്ത് പറമ്പിൽ തോമ വർക്കി എന്ന പേരിൽ കൊണ്ട് കിടക്കുന്നു. എന്നാൽ പഴയ ബി.ടി.ആർ., തണ്ടപ്പേർ എന്നിവയിൽ റിമാർക്സ് 'വില്ലേജ് ഓഫീസ്' എന്ന് രേഖപ്പെടുത്തിക്കാണുന്നു. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 98.7 ഏക്കർ വസ്തുവുള്ളതിൽ 12 ആർ മാത്രം വില്ലേജ് ഓഫീസ് കോമ്പൗണ്ടായി കിടക്കുന്നു. ഈ സാഹചര്യത്തിൽ ടി വസ്തു സർക്കാർ പുറമ്പോക്കായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ആലുവ തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുള്ളതും ടി വസ്തു പുറമ്പോക്കായി മാറ്റുന്നമുറയ്ക്ക് മാത്രമെ കുറുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ കഴിയുകയുമുള്ളൂ.

ഫെയർ വാല്യൂ

306 (3533) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരിയിലെ എടച്ചേരി നോർത്ത്-കച്ചേരി ഭാഗത്തും കവിലുംപാറയിലും ഫെയർ വാല്യൂ കൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നാദാപുരം മണ്ഡലത്തിലെ എടച്ചേരി വില്ലേജിൽ ന്യായവില കൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, കാവിലുംപാറയിൽ ഫെയർ വാല്യൂ കൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് പറയാമോ; വിശദമാക്കാമോ?

കാവിലുംപാറ വില്ലേജിലെ ഏകദേശം മുഴുവൻ സർവെ നമ്പറുകളിലും ന്യായവില കൂടുതലാണെന്ന പരാതിയിന്മേൽ വടകര തഹസിൽദാർ മുഖേന നടത്തിയ അന്വേഷണത്തിൽ, കാവിലുംപാറ വില്ലേജിലെ ഭൂമിയുടെ ന്യായവില കമ്പോള വിലയേക്കാൾ കൂടുതലാണെന്നും കാവിലുംപാറ വില്ലേജിൽ റീസർവെ നടപടികൾക്കുശേഷം കൃത്യമായ ക്ലാസിഫിക്കേഷൻ നടത്തി ന്യായവില പുനർനിർണ്ണയം നടത്തിയാൽ മാത്രമെ പ്രസ്തുത വില്ലേജിലെ ന്യായവില നിശ്ചയിച്ചതിലെ അപാകത പരിഹരിക്കാൻ കഴിയുകയുള്ളുവെന്നും കണ്ടെത്തുകയുണ്ടായി. പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള തുടർനടപടി വടകര റവന്യൂ ഡിവിഷണൽ ഓഫീസിൽ സ്വീകരിച്ചുവരുന്നു.

വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

307 (3534) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനം നൽകുന്ന വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളെ അഴിമതിമുക്തമാക്കുന്നതിനും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും

റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്ന ഡിജിറ്റൈസ് ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന ഈ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ മുഖേന സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സുതാര്യമായും കാലതാമസം കൂടാതെയും സേവനങ്ങൾ നൽകുന്ന ജനസൗഹൃദ ഓഫീസുകളാക്കുന്ന പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവും സേവനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സേവനങ്ങൾ ഇ-ഗവേർണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിലേക്ക് നേരിട്ട് പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ സ്വായത്തമാക്കുന്നതിനും സാധിക്കുന്നു. അതിലൂടെ സർക്കാർ സേവനങ്ങൾ സുതാര്യമാക്കുന്നതിനും സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടിവരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ പരമാവധി കുറയ്ക്കുന്നതിനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകുന്നതിനും സാധിക്കുന്നു. "കടലാസുരഹിത വില്ലേജ് ഓഫീസ്" എന്ന ലക്ഷ്യം മുൻനിർത്തി വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ.റ്റി. മിഷന്റെ സഹകരണത്തോടുകൂടി KFON/BSNL-ന്റെ അതിവേഗ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. അപ്രകാരം സംസ്ഥാനത്തെ ഇരുന്നൂറ്റമ്പതിൽപ്പരം വില്ലേജുകളുടെ BTR, TPR സ്കാനിങ് പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വിവിധ പദ്ധതികളിലുൾപ്പെടുത്തി നാളിതുവരെ 864 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 572 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 94 പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വില്ലേജ് ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

22-12-2023-ലെ സ.ഉ.(കൈ)നം.285/2023/റവന്യൂ പ്രകാരം ജോലിഭാരം കൂടിയ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ലാൻഡ് റവന്യൂ വകുപ്പിൽ 243

ടൈപ്പിസ്റ്റ് തസ്തികകളും 779 ഓഫീസ് അറ്റൻഡന്റ് തസ്തികകളും പുനർവിന്യസിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ അഭിപ്രായങ്ങൾ പരിഗണിച്ച് ലാൻഡ് റവന്യൂ കമ്മീഷണറുടെ വിശദമായ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓരോ ഓഫീസിലെയും ജോലിഭാരം കൃത്യമായി വിലയിരുത്തിയാണ് ഈ പുനർവിന്യാസം നടപ്പിലാക്കിയത്. ജോലിഭാരം കൂടുതലുള്ള വില്ലേജ് ഓഫീസുകളിലേക്ക് ജീവനക്കാരെ പുനഃക്രമീകരിക്കുന്നതിലൂടെ സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ ജനങ്ങളിലേക്ക് എത്തിക്കുകയെന്നതാണ് ഈ നടപടിയുടെ പ്രധാന ലക്ഷ്യം. അതുകൊണ്ടുതന്നെ വില്ലേജ് തലത്തിലെ ഭരണനിർവഹണം ശക്തിപ്പെടുത്താൻ ഈ നടപടി സഹായിച്ചിട്ടുണ്ട്.

(സി) വില്ലേജ് ഓഫീസുകൾ നൽകിവരുന്ന സേവനങ്ങളുടെ നിലവിലെ കാലദൈർഘ്യം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ) പിരിവിനുള്ള അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ വില്ലേജ് ഓഫീസുകൾ നൽകിവന്നിരുന്ന സേവനങ്ങളുടെ കാലദൈർഘ്യം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) ഇ-ഓഫീസ് സംവിധാനം നിലവിൽവന്ന സാഹചര്യത്തിൽ അപേക്ഷിക്കുമ്പോൾതന്നെ സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

'കടലാസുരഹിത വില്ലേജ് ഓഫീസ്' എന്ന ലക്ഷ്യം മുൻനിർത്തിയാണ് വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നത്. വില്ലേജ് ഓഫീസുകൾ നൽകിവന്ന സേവനങ്ങളുടെ കാലദൈർഘ്യം കുറയ്ക്കുന്നതിന് പദ്ധതികൾ ഡിജിറ്റൈസ് ചെയ്യുന്നതിലൂടെ

സാധിച്ചിട്ടുണ്ട്. അതിലേക്കായാണ് (എ) പിരിവിൽ സൂചിപ്പിച്ചിട്ടുള്ള അനുബന്ധത്തിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

വടക്കാഞ്ചേരി മണ്ഡലത്തിൽ നടഷിലാക്കിയ പദ്ധതികളുടെ വിശദാംശം

308 (3535) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ സ്മാർട്ട് റവന്യൂ ഓഫീസ് നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

309 (3536) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പുമുഖേന അനുവദിച്ച വിവിധ പദ്ധതികൾ, ആയതിന് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പുമുഖേന അനുവദിച്ച വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമ നം.	പദ്ധതി	പ്രവൃത്തി	ഭരണാനുമതി തുക (രൂപയിൽ)	നിലവിലെ സ്ഥിതി
1	പ്ലാൻ പദ്ധതി 2022-23	കിഴക്കഞ്ചേരി-1 സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	50,00,000/-	Solid Block Work in progress
2	പ്ലാൻ പദ്ധതി 2024-25	ആലത്തൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം	45,00,000/-	ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്.

മാവേലിക്കര മണ്ഡലത്തിൽ റവന്യൂ വകുപ്പ് അനുവദിച്ച പ്രവൃത്തികൾ

310 (3537) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും അവയുടെ തുകയും വ്യക്തമാക്കുമോ?

2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൻകിട ഭൂമി കൈയേറ്റങ്ങൾ

311 (3538) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൻകിട ഭൂമി കൈയേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര ഭൂമി ഇപ്രകാരം തിരിച്ചുപിടിച്ചുവെന്നും അവ ഏതൊക്കെയെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൻകിട ഭൂമി കൈയേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കൈയേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കൈയേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൈയേറ്റ കേസ്സുകളിന്മേലുണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ഒഴികെ, കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കൈയേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കൈയേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കൈയേറ്റം

ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കൈയേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കൈയേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കൈയേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ വൻകിട ഭൂമി കൈയേറ്റങ്ങളെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

പാട്ട വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി

312 (3539) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞ് കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ അത് ഈടാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്ക് വരുത്താത്തപക്ഷം കക്ഷിക്കെതിരെ 1968-ലെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ പാട്ടം റദ്ദ് ചെയ്ത് 1958-ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾപ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) എത്ര ഹെക്ടർ ഭൂമിയും എത്ര കെട്ടിടങ്ങളുമാണ് ഇപ്രകാരം കൈവശം വച്ചിട്ടുള്ളത്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സംസ്ഥാന സർക്കാരിന് നിലവിൽ എത്ര തുക ലഭിക്കാനുണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരുടെ വിവരങ്ങളും ഇവരിൽനിന്നും പാട്ടക്കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

അഷ്ടമുടിക്കായലിന്റെ സംരക്ഷണം

313 (3540) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി പ്രത്യേക അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി)18400/2024-ലെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

അഷ്ടമുടിക്കായൽ സംരക്ഷിക്കുന്നതിനും പരിപാലനത്തിനും മേൽനോട്ടത്തിനുമായി അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 10-06-2025-ലെ WP(C)18400/2024 നമ്പർ കേസ്സിന്മേലുള്ള വിധിന്യായത്തിൽ പരിസ്ഥിതി വകുപ്പിന് നിർദേശം നൽകി ഉത്തരവായിട്ടുള്ളതാണ്. മേൽവിഷയം പരിസ്ഥിതി വകുപ്പിൽ പരിശോധിച്ചുവരികയാണ്.

(ബി) ഹൈക്കോടതി ഉത്തരവുപ്രകാരം പ്രസ്തുത അതോറിറ്റിക്കുവേണ്ടിയുള്ള ഓഫീസ് സൗകര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം പ്രസ്തുത അതോറിറ്റിക്കുവേണ്ടിയുള്ള ഓഫീസ് സൗകര്യങ്ങൾ കണ്ടെത്തിയിട്ടില്ല.

(സി) ഹൈക്കോടതി ഉത്തരവുപ്രകാരം പ്രസ്തുത അതോറിറ്റിയിലേക്ക് അംഗങ്ങളെ നാമനിർദേശം ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ?

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം പ്രസ്തുത അതോറിറ്റിയിലേക്ക് അംഗങ്ങളെ നാമനിർദേശം ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടില്ല.

(ഡി) ഹൈക്കോടതി ഉത്തരവുപ്രകാരം അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റിക്ക് പരാതി പരിഹാര സംവിധാനത്തോടുകൂടിയ പ്രത്യേക വെബ്സൈറ്റ്/വെബ്പേജ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം അഷ്ടമുടി വെറ്റ്‌ലാൻഡ് മാനേജ്മെന്റ് അതോറിറ്റിക്ക് പരാതി പരിഹാര സംവിധാനത്തോടുകൂടിയ പ്രത്യേക വെബ്സൈറ്റ്/വെബ്പേജ് ആരംഭിച്ചിട്ടില്ല.

(ഇ) അഷ്ടമുടിക്കായലിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ; ഇത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അഷ്ടമുടിക്കായലിന്റെ ജൈവവൈവിധ്യ സംരക്ഷണവും അവ നൽകുന്ന പരിസ്ഥിതി സേവനങ്ങളും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച സമഗ്ര പരിപാലന പരിപ്രേക്ഷ്യം (IMP) നടപ്പാക്കുന്നത്. ഇതിൽ അഷ്ടമുടിക്കായലിന്റെ മലിനീകരണം തടയുന്നതിനും കണ്ടൽവനങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

കൂടാതെ, അഷ്ടമുടിക്കായലിന്റെ തീരത്തിനോട് ചേർന്ന് കണ്ടെത്തിയ 234 അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 10-06-2025-ലെ WP(C) 18400/2024 നമ്പർ കേസ്സിന്മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം കൊല്ലം സബ്കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതും അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്പെഷ്യൽ സർവെ ടീമിനെ നിയോഗിച്ച് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചിട്ടുള്ളതും കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

കൊല്ലം താലൂക്കിലെ പനയം, ശക്തികുളങ്ങര, തൃക്കടവൂർ, കൊല്ലം വെസ്റ്റ്, കൊല്ലം ഈസ്റ്റ്, പേരയം, പെരിനാട്, തൃക്കരുവ എന്നീ വില്ലേജുകളിലും കരുനാഗപ്പള്ളി താലൂക്കിലെ

ചവറ, തെക്കുംഭാഗം എന്നീ വില്ലേജുകളിലും കണ്ടെത്തിയ കൈയേറ്റങ്ങളുടെയും ഒഴിപ്പിച്ച കൈയേറ്റങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പനയം വില്ലേജിൽ കണ്ടെത്തിയ 38 കൈയേറ്റങ്ങളിൽ 23 കേസുകളിൽ കൈയേറ്റം ഒഴിപ്പിച്ചിട്ടുള്ളതും 13 കേസുകളിൽ നിലവിൽ കൈയേറ്റമില്ലാത്തതും അവശേഷിക്കുന്ന 2 കേസുകളിൽ കക്ഷി ആക്ഷേപം ഉന്നയിച്ചിട്ടുള്ളതും തുടർനടപടികൾക്കായി പനയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

ശക്തികുളങ്ങര വില്ലേജിൽ കണ്ടെത്തിയ 9 കൈയേറ്റങ്ങളിൽ 8 കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും അവശേഷിക്കുന്ന ഒരു കേസ്സിൽ കൈയേറ്റം ഇല്ലാത്തതുമാണ്.

തൃക്കരുവ വില്ലേജിൽ കണ്ടെത്തിയ 33 കൈയേറ്റങ്ങളിൽ 19 കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും 14 കേസുകളിൽ നിലവിൽ കൈയേറ്റം ഇല്ലാത്തതുമാണ്.

തൃക്കടവൂർ വില്ലേജിൽ കണ്ടെത്തിയ 24 കൈയേറ്റങ്ങളിൽ 20 കേസുകളിൽ കൈയേറ്റം ഒഴിപ്പിച്ചിട്ടുള്ളതും 3 കേസുകളിൽ കൈയേറ്റം ഇല്ലാത്തതും ഒരു കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നിലവിലുള്ളതുമാണ്.

കൊല്ലം ഈസ്റ്റ് വില്ലേജിൽ കണ്ടെത്തിയ 50 കൈയേറ്റങ്ങളിൽ 20 കേസുകളിൽ കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും 13 കേസുകളിൽ കൈയേറ്റം ഇല്ലാത്തതും അവശേഷിക്കുന്ന 14 കേസുകളിൽ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതുമാണ്.

പേരയം വില്ലേജിൽ കണ്ടെത്തിയ 63 കൈയേറ്റങ്ങളിൽ 37 കേസുകളിൽ കൈയേറ്റം ഒഴിപ്പിച്ചിട്ടുള്ളതും 26 കേസുകളിൽ കൈയേറ്റമില്ലാത്തതുമാണ്.

കൊല്ലം വെസ്റ്റ് വില്ലേജിൽ കണ്ടെത്തിയ 11 കൈയേറ്റങ്ങളും പെരിനാട് വില്ലേജിലെ ഒരു കൈയേറ്റവും ഒഴിപ്പിച്ചിട്ടുള്ളതാണ്.

ചവറ വില്ലേജിൽ കണ്ടെത്തിയ കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ കണ്ടെത്തിയ 4 കൈയേറ്റങ്ങളിൽ അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-പഞ്ചായത്ത്-പോലീസ് ഉദ്യോഗസ്ഥർ സംയുക്തമായി സർവെ വിഭാഗത്തിന്റെ സാന്നിധ്യത്തിൽ അതിർത്തിക്കല്ലും ബോർഡുകളും സ്ഥാപിക്കുകയും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുന്നോടിയായി അനധികൃത കൈയേറ്റങ്ങൾ നീക്കംചെയ്യൽ ചട്ടങ്ങൾ പ്രകാരം നോട്ടീസുകൾ നൽകിയിട്ടുള്ളതായും കൈയേറ്റ ഭൂമിയിലെ എടുപ്പുകൾ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.

അഷ്ടമുടി കായലിലെ കൈയേറ്റം തിട്ടപ്പെടുത്തുന്നതിന് പ്രത്യേകം സർവെ ടീമിനെ നിയോഗിച്ചിരുന്നതും കായലുകൾ, തോടുകൾ എന്നിവ പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയുടെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ അവയിലെ കൈയേറ്റം ഒഴിപ്പിക്കാനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായതിനാൽ ടി സർവെ ടീം തയ്യാറാക്കിയ സ്കെച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത്-കോർപ്പറേഷൻ സെക്രട്ടറിമാർക്ക് കൈമാറിയിട്ടുള്ളതും ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

ഭൂമി കൈയേറ്റം

314 (3541) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കച്ചേരി വില്ലേജിൽ സർക്കാർ ഏറ്റെടുത്ത ഭൂമി കൈയേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് കച്ചേരി വില്ലേജിൽ സർക്കാർ ഏറ്റെടുത്ത ഭൂമി കൈയേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ 1957-ലെ ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് കച്ചേരി വില്ലേജിൽ സർക്കാർ ഭൂമിയിലെ കൈയേറ്റം ശ്രദ്ധയിൽപ്പെട്ടയുടനെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിലേക്കായി 'എ ഫാറം' ബുക്ക് ചെയ്ത് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത നിയമം സെക്ഷൻ 15 പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 15 പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥനെയാണ് പ്രസ്തുത ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിനായി 'എ ഫാറം'

സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുള്ളതും, പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് സർക്കാർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതുമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി എസ്. കെ. കമലാക്ഷി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 15500/2022 നമ്പർ കേസ് നിലവിലുള്ളതാണ്.

(ഡി) സെക്ഷൻ 5 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത ഭൂമിയിലെ കൈയേറ്റവുമായി ബന്ധപ്പെട്ട് കൈയേറ്റ കക്ഷികൾക്കെതിരെ നോട്ടീസ് പുറപ്പെടുവിച്ചിട്ടില്ല.

തൃശൂർ മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ

315 (3542) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശൂർ മണ്ഡലത്തിൽ കഴിഞ്ഞ 9 വർഷത്തിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൃശൂർ മണ്ഡലത്തിൽ കഴിഞ്ഞ 9 വർഷത്തിൽ 4533 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ പട്ടയ വിതരണം

316 (3543) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 18643 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിശദാംശം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി പട്ടയ നടപടികൾ മുഴുവൻ പൂർത്തിയാക്കി വിതരണം നടത്തുന്നതിനുവേണ്ടി എത്ര പട്ടയങ്ങൾ തയ്യാറായിട്ടുണ്ടെന്ന് വിശദമാക്കാമോ; വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; ഈ പട്ടയങ്ങൾ എത്ര കാലയളവിനുള്ളിൽ വിതരണം നടത്തുമെന്ന് അറിയിക്കുമോ?

ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി 367 അപേക്ഷകളിൽ പതിവ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	താലൂക്ക്	വില്ലേജ്	നടപടി പൂർത്തികരിച്ച പട്ടയങ്ങളുടെ എണ്ണം
1	ഉടുമ്പൻചോല	ഇരട്ടയാർ	9
2		അണക്കര	31
3		ആനവിലാസം	15
4		കരണാപുരം	15
5		വണ്ടൻമേട്	8
6		ചക്കുപള്ളം	12
7		ചതുരംഗപ്പാറ	1
8		കാന്തിപ്പാറ	44
9		ഉടുമ്പൻചോല	15

10		പാറത്തോട്	14
11		കൽക്കുന്തൽ	39
12		രാജകുമാരി	5
13		പൂപ്പാറ	2
14		രാജാക്കാട്	63
15		ശാന്തൻപാറ	6
16	ദേവികുളം	ബൈസൺവാലി	16
17		വെള്ളത്തൂവൽ	2
18		വട്ടവട	1
19		കഞ്ചിത്തണ്ണി	64
20		കാന്തല്ലൂർ	5
ആകെ			**367**

ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ WPC 202/1995 നമ്പർ കേസ്സിലെ 24-10-2024-ലെ വിധിന്യായപ്രകാരം സി.എച്ച്.ആർ. മേഖലയിലെ പട്ടയ വിതരണവും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WPC 1801/2010 നമ്പർ കേസ്സിലെ 10-01-2024-ലെ വിധിന്യായപ്രകാരം ജില്ലയിലെ 1964 ചട്ടങ്ങൾ പ്രകാരമുള്ള കൈവശഭൂമിയുടെ പട്ടയ വിതരണവും തടസ്സപ്പെട്ടിരിക്കുകയാണ്. 10-01-2024-ലെ ഇടക്കാല ഉത്തരവുമൂലമുള്ള സ്റ്റേ ഒഴിവാക്കുന്നതിന് അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക്, ടി അപേക്ഷകളിൽ ബഹുമാനപ്പെട്ട കോടതിയുടെ തുടർഉത്തരവുകൾക്ക് വിധേയമായി പട്ടയ വിതരണം നടത്തുന്നതാണ്.

(സി) ദേവികുളം താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണം വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ച് വിശദമാക്കാമോ?

ദേവികുളം താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി 11834 അപേക്ഷകൾ തുടർനടപടികൾക്കായി ശേഷിക്കുന്നുണ്ട്. ടി അപേക്ഷകളിൽ പട്ടയങ്ങൾ വിതരണം ചെയ്തിട്ടില്ലാത്തതാണ്.

ആറ്റിങ്ങൽ മണ്ഡലത്തിലെ പട്ടയ വിതരണം

317 (3544) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്രപേർക്കാണ് പട്ടയം നൽകാൻ സാധിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എൽ.എ., ലാൻഡ് ട്രിബ്യൂണൽ, മിച്ചഭൂമി ഇനങ്ങളിലായി 83 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. പട്ടയങ്ങളുടെ ഇനം തിരിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പട്ടയത്തിന്റെ ഇനം	എണ്ണം
1	എൽ.എ. പട്ടയം	56
2	ലാൻഡ് ട്രൈബ്യൂണൽ പട്ടയം	13
3	മിച്ച ഭൂമി പട്ടയം	14
	ആകെ പട്ടയങ്ങൾ	83

പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

318 (3545) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന വിവരം വില്ലേജ്, പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) പാറശ്ശാല മണ്ഡലത്തിൽ പട്ടയത്തിനുവേണ്ടി ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ?

വില്ലേജ്	പഞ്ചായത്ത്	പട്ടയ അപേക്ഷകൾ
അമ്പൂരി	അമ്പൂരി	291
കള്ളിക്കാട്	കള്ളിക്കാട്	125
വാഴിച്ചൽ	അമ്പൂരി	321
വാഴിച്ചൽ	കള്ളിക്കാട്	366
കീഴാറൂർ	ആര്യൻകോട്	26
ഒറ്റശേഖരമംഗലം	ഒറ്റശേഖരമംഗലം	21
വെള്ളറട	വെള്ളറട	282
പരശുവയ്ക്കൽ	പാറശ്ശാല	140
പാറശ്ശാല	പാറശ്ശാല	36
പെരുങ്കടവിള	പെരുങ്കടവിള	20
കുന്നത്തുകാൽ	കുന്നത്തുകാൽ	112
കൊല്ലയിൽ	കൊല്ലയിൽ	127

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആനാവൂർ	ആനാവൂർ	9

വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 16-04-2025-ലെ സ.ഉ.(കൈ)നം.99/2025/RD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്തെ കൈവശക്കാരുടെ ഭൂമി സർവെ ചെയ്യുന്നതിന് ഒരു ടീമിനെ നിയമിച്ച് അടിയന്തരമായി സർവെ നടപടി പൂർത്തിയാക്കി ലിസ്റ്റ് സമർപ്പിക്കുന്നതിന് ജില്ലാ സർവെ സൂപ്രണ്ടിന് നിർദേശം നൽകിയിട്ടുള്ളതും സർവെ നടപടി പൂർത്തിയാകുന്നമുറയ്ക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിക്കുന്നതുമാണ്. പഞ്ചായത്തുകളുടെ അധീനതയിൽ കുളം/തോട്/റോഡ്/വഴി പുറമ്പോക്കുകളിൽപ്പെട്ടുവരുന്ന അപേക്ഷകൾ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ?

16-04-2025-ലെ റവന്യൂ(യു) വകുപ്പിന്റെ സ.ഉ.(കൈ)നം. 99/2025/റവ. പ്രകാരം തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, വാഴിച്ചൽ, അമ്പൂരി വില്ലേജ് പരിധിയിൽ ഉൾപ്പെട്ടുവരുന്ന അഞ്ചുചങ്ങല പ്രദേശത്ത് വർഷങ്ങളായി ഭൂമി കൈവശംവച്ച് വീടുവച്ച് താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനായി പ്രസ്തുത പ്രദേശം സർവെ നടത്തി അതിന്റെ സ്റ്റാറ്റസ് സംബന്ധിച്ച് BTR-ൽ ആവശ്യമായ തിരുത്തൽ

വരുത്തുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്തെ കൈവശക്കാരുടെ ഭൂമി സർവെ ചെയ്യുന്നതിന് ഒരു ടീമിനെ നിയമിച്ച് അടിയന്തരമായി സർവെനടപടി പൂർത്തിയാക്കി ലിസ്റ്റ് സമർപ്പിക്കുന്നതിന് ജില്ലാ സർവെ സൂപ്രണ്ടിന് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുള്ളതാണ്.

ഈ പ്രദേശത്ത് പട്ടയം നൽകുന്ന വിഷയം ചർച്ച ചെയ്യാൻ എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ വനം-റവന്യൂ-ജലവിഭവ വകുപ്പുമന്ത്രിമാർ യോഗം ചേർന്നിരുന്നു. പുതുതായി ചെയ്യുന്ന നിർമ്മാണങ്ങൾക്ക് മാത്രമാണ് അണക്കെട്ടിന്റെ ബഫർസോൺ ബാധകമാവുകയുള്ളുവെന്നും അതിനാൽ നിലവിൽ വീടുവച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് തടസ്സമില്ലെന്നും തീരുമാനിച്ചിരുന്നു. എന്നാൽ നിലവിൽ എം.എഫ്.എൽ. സംബന്ധിച്ചും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതുസംബന്ധിച്ചും ചില തടസ്സവാദങ്ങൾ ജലവിഭവ വകുപ്പ് ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പട്ടയ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി അർഹരായ എല്ലാവർക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളും

താലൂക്ക്/ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയാത്ത എല്ലാ പട്ടയപ്രശ്നങ്ങളും പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാന്തലാട് വില്ലേജിലെ പട്ടയ വിതരണം

319 (3546) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിലെ ഒരങ്കോക്കുന്ന്, മണ്ടോപ്പാറ നഗറുകളിൽ പാറപുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ?

(എ&ബി) താമരശ്ശേരി താലൂക്കിൽ കാന്തലാട് വില്ലേജിൽ ഒരങ്കോകുന്ന് മണ്ടോപ്പാറ പാറപുറമ്പോക്ക് ഇനം മാറ്റി പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 16-04-2025-ലെ സ.ഉ.(കൈ) 100/2025/RD പ്രകാരം ഉത്തരവായിരുന്നു. അതുപ്രകാരം 1964-ലെ കേരളാ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള 12(1) അനുബന്ധം-V പൊതുനോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പതിച്ച് കൊടുക്കുന്നതിലേക്കായി മേൽപ്പറഞ്ഞ ഭൂമിയിൽ സർവെ നടപടി പൂർത്തീകരിക്കുന്നതിനും അർഹരായവരെ കണ്ടെത്തുന്നതിനുമുള്ള സാവകാശം മാത്രമാണ് വേണ്ടിവന്നിട്ടുള്ളത്. അത് പൂർത്തീകരിച്ചശേഷം പതിവ് കമ്മിറ്റി 30-09-2025-ന് കൂടുന്നതിന് നിശ്ചയിച്ചിരുന്നതുമാണ്. എന്നാൽ നവരാത്രി ദിനത്തോടനുബന്ധിച്ച് അന്നേ ദിവസം അവധി പ്രഖ്യാപിച്ചതിനാൽ ടി

ദിവസം പതിവ് കമ്മിറ്റി ചേരാൻ സാധിക്കാതെവരികയും അത് 10-10-2025-ൽ ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിവ് കമ്മിറ്റിക്കുശേഷം പതിവ് ലിസ്റ്റ് അംഗീകരിച്ച് പട്ടയം നൽകുന്നത് സംബന്ധിച്ച അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ പട്ടയ വിതരണം

320 (3547) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

എൽ.ടി. പട്ടയം താലൂക്ക് തിരിച്ച്		മറ്റുള്ളവ	
കോഴിക്കോട്	9905	കോഴിക്കോട് താലൂക്ക്	204
താമരശ്ശേരി	3443	കൊയിലാണ്ടി താലൂക്ക്	61
കൊയിലാണ്ടി താലൂക്ക്	4693	താമരശ്ശേരി താലൂക്ക്	404
വടകര താലൂക്ക്	4436	വടകര താലൂക്ക്	13
ആകെ	22477	ആകെ	682

ആകെ 23159 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പേരാമ്പ്ര മണ്ഡലത്തിലുൾപ്പെടുന്ന വില്ലേജുകളിലെ അർഹരായ മുഴുവൻ ആളുകൾക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ വർഷങ്ങളായി ഭൂമി കൈവശം വച്ചുവരുന്ന അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിന് പട്ടയ ഡാഷ് ബോർഡിലുൾപ്പെടുത്തി നടപടി

സ്വീകരിച്ചുവരുന്നുണ്ട്. പേരാമ്പ്ര മണ്ഡലത്തിലെ വിവിധ ഉന്നതികളിൽ താമസിച്ചുവരുന്ന 49 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് അനുവാദ പത്രിക ലഭ്യമാക്കി താലൂക്കുതല ഭൂമി പതിവ് കമ്മിറ്റി മീറ്റിങ് കൂടിയിട്ടുള്ളതും പട്ടയം നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. മറ്റ് ഉന്നതികളിൽ താമസിക്കുന്ന അവശേഷിച്ച കേസ്സുകളിൽ ഗ്രാമപഞ്ചായത്തിൽനിന്ന് അനുവാദപത്രിക അടിയന്തരമായി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. ഡാഷ്ബോർഡിൽ ഉൾപ്പെട്ട മറ്റ് കേസ്സുകളിൽ മിക്ക കേസ്സുകളിലും സർവെ നടപടി ആവശ്യമുള്ളതാണ്. പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സർവെയർമാരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് പരിഹരിക്കാൻ സർക്കാരിൽനിന്നും ഉത്തരവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ അതുപ്രകാരം താൽക്കാലിക സർവെയർമാരെ നിയമിക്കുന്നതിന് 13-10-2025-ന് ഉദ്യോഗാർഥികൾക്കുള്ള അഭിമുഖം നിശ്ചയിച്ചിട്ടുള്ളതാണ്. 5 മാസത്തിനകം സർവെ ആവശ്യമുള്ള എല്ലാ കേസ്സുകളിലും സമയബന്ധിതമായി സർവെ നടത്തി പട്ടയപ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

തിരുവമ്പാടിയിൽ വിതരണം ചെയ്ത പട്ടയങ്ങൾ

321 (3548) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം തിരുവമ്പാടി നിയോജകമണ്ഡലത്തിൽ വ്യത്യസ്ത വിഭാഗങ്ങളിലുള്ളവർക്ക് വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

ക്രമ നം.	ഇനം	പട്ടയങ്ങൾ
1.	ലാൻഡ് അസൈൻമെന്റ് പട്ടയങ്ങൾ	39
2.	കോളനി പട്ടയങ്ങൾ	10
3.	എസ്.ടി. പട്ടയങ്ങൾ	30
4.	എൽ.ടി. പട്ടയങ്ങൾ	1595
5.	പുല്ലരാംപാറ എസ്.ടി. പട്ടയം	65 (സ്പ്രെഷ്യൽ ഡ്രൈവ്)
6.	നിലമ്പൂർകാട്	52
ആകെ		1791

(ബി) കാരശ്ശേരി പഞ്ചായത്തിലെ നരിമട ഉന്നതി, നാല് സെന്റ് ലക്ഷം വീട് എന്നിവിടങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കാരശ്ശേരി പഞ്ചായത്തിലെ നരിമട ഉന്നതിയിൽ 14 ലാൻഡ് ട്രിബ്യൂണൽ കേസ്സുകളിൽ ഹിയറിങ് നടപടി പൂർത്തിയായിട്ടുള്ളതാണ്. പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. കൂടാതെ നാല് സെന്റ് ലക്ഷംവീട് കോളനികളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജിച്ച ഭൂമികളിൽ അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനായി 18-07-1988-ലെ G.O.(MS)No.592/88/RD, 08-04-2002-ലെ G.O.(MS)No. 79/2002/RD എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അത്തരം ഭൂമികൾ റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കാതെതന്നെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവാദ പത്രിക അനുവദിക്കുന്ന എല്ലാ കേസ്സുകളിലും പട്ടയം അനുവദിക്കാൻ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നെന്മാറ മണ്ഡലത്തിലെ പട്ടയവിതരണം

322 (3549) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കയറാടി വില്ലേജിൽ പയ്യാങ്കോട് താമസിക്കുന്ന 22 കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

നെന്മാറ മണ്ഡലത്തിലെ കയറാടി വില്ലേജിൽ പയ്യാങ്കോട് താമസിക്കുന്ന 22 കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ജില്ലാകളക്ടറുടെ കാര്യാലയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) 70 വർഷത്തിലധികമായി പ്രസ്തുത സ്ഥലത്ത് സ്ഥിര താമസമാക്കിയിട്ടുള്ള 22 കുടുംബക്കാർക്ക് അടിയന്തരമായി പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ; അതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ?

കയറാടി വില്ലേജിൽ ശ്രീ. ഉസ്സനാർ റാവുത്തർ എന്നവരിൽനിന്നും അന്യകൈവശത്തോടുകൂടി ഏറ്റെടുത്ത മിച്ചഭൂമിയിൽ കുടിയായ്മ തെളിയിക്കാൻ കഴിയാത്ത 22 കുടുംബങ്ങളെ ഒഴിപ്പിക്കുന്നത് പ്രായോഗികമല്ലെന്നും ടി ഭൂമി പതിച്ചുനൽകുന്നതിന് കേരള ഭൂപരിഷ്കരണ നിയമം, 1963 പ്രകാരം ഫോറം 16 പരസ്യപ്പെടുത്തി നിലവിലെ കൈവശക്കാരെ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുത്ത് പുറമെ നിന്നുള്ളവർക്ക് വിതരണം ചെയ്യുന്നത് ടി കേസ്സിൽ പ്രായോഗികമല്ലാത്തതും, അതിനാൽ ടി ഭൂമി കൈവശക്കാർക്കുതന്നെ പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.

പ്രസ്തുത മിച്ചഭൂമി കേസ്സിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡിൽനിന്നും ഉണ്ടായിട്ടുള്ള ഉത്തരവുകളിൽ വ്യത്യാസമുള്ളതായി ഫയലിൽ പരാമർശിച്ച് കാണുന്നതിനാലും കൂടിയായ്മ തെളിയിക്കുന്ന രേഖകൾ സമർപ്പിച്ച വ്യക്തികൾക്ക് വിട്ടുകൊടുത്ത ഭൂമിയെ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുള്ളതിനാലും ടി മിച്ചഭൂമി കേസ്സിലെ അവസാനമായി ഏറ്റെടുക്കാൻ ഉത്തരവായ ഭൂമി സംബന്ധിച്ചുമുള്ള ഒരു വിശദമായ റിപ്പോർട്ട് താലൂക്ക് ലാൻഡ് ബോർഡിൽനിന്നും ലഭ്യമാക്കിയതിൽ, SM 375/78 നമ്പർ മിച്ചഭൂമി കേസ് റെക്കോർഡുകൾ CRP(LR) 121/2013 നമ്പർ കേസ്സിന്റെ ആവശ്യത്തിലേക്കായി 13-11-2014-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലേക്ക് കൈമാറിയിട്ടുള്ളതും നിലവിൽ ടി റിവിഷൻ പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പെൻഡിങ്ങുള്ളതും ടി കേസ് റെക്കോർഡുകൾ തിരികെ ലഭ്യമായാൽ മാത്രമെ, ടി.എൽ.ബി. ഉത്തരവുകളിൽ ഉണ്ടായിട്ടുള്ള വ്യത്യാസം പരിശോധിച്ച് ടി വിഷയത്തിൽ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ നൽകിയ പട്ടയം

323 (3550) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാരിന്റെ കാലയളവിൽ തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് പട്ടയം നൽകിയെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

നിലവിലെ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ തൃശ്ശൂർ ജില്ലയിൽ നൽകിയ പട്ടയങ്ങളുടെ എണ്ണം താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.

താലൂക്ക്	വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
കുന്നംകുളം	2535
തൃശ്ശൂർ	12870
ചാവക്കാട്	2993
തലപ്പിള്ളി	4050
ചാലക്കുടി	5204
കൊടുങ്ങല്ലൂർ	2324
മുകുന്ദപുരം	3241
ആകെ	33217

എറണാകുളം മണ്ഡലത്തിൽ വിതരണം ചെയ്യാനുള്ള പട്ടയങ്ങൾ

324 (3551) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ എറണാകുളം, ചേരാനെല്ലൂർ എന്നീ 2 വില്ലേജുകളിലായാണ് ഷൺമുഖപുരം കോളനി സ്ഥിതി ചെയ്യുന്നത്. എറണാകുളം വില്ലേജ് സർവെ നമ്പർ 843-ൽപ്പെട്ട കായൽ പുറമ്പോക്ക് വസ്തുവിൽ 17 കുടുംബങ്ങളും ചേരാനെല്ലൂർ വില്ലേജ് സർവെ നമ്പർ 985-ൽപ്പെട്ട പുഴപുറമ്പോക്ക് ഭൂമിയിൽ 46 കുടുംബങ്ങളും താമസിച്ചുവരുന്നു. അതിൽ എറണാകുളം വില്ലേജിൽപ്പെട്ട ഭൂമി കൊച്ചിൻ പോർട്ടിന്റെ പരിധിയിലുള്ള കായൽ പുറമ്പോക്കായതിനാൽ കൊച്ചിൻ പോർട്ടിന്റെ NOC ആവശ്യപ്പെട്ടിരുന്നെങ്കിലും അത് നിരസിച്ച് മറുപടി ലഭിച്ചിട്ടുള്ളതുമാണ്.

എന്നാൽ, പ്രസ്തുത ഭൂമി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതാണോ അതോ സർക്കാർ ഭൂമിയാണോയെന്ന് വ്യക്തമാക്കാത്ത സാഹചര്യത്തിൽ ടി ഭൂമി അളന്നുതിട്ടപ്പെടുത്തി ആരുടെ ഉടമസ്ഥതയിലുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താലൂക്കുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ, എറണാകുളം ചേരാനെല്ലൂർ വില്ലേജുകളിൽപ്പെട്ട പ്രസ്തുത ഭൂമി കായൽ/പുഴ ആയതിനാലും പ്രസ്തുത പുറമ്പോക്കുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിൽ വരുന്നതിനാലും ഭൂമി ഡീവെസ്റ്റ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊച്ചിൻ കോർപ്പറേഷൻ അധികൃതർക്ക് കണയന്നൂർ തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതുമാണ്.

(ബി) എറണാകുളം മണ്ഡലത്തിൽ എറണാകുളം വില്ലേജിലുൾപ്പെടുന്ന 24 മുറി നഗർ (പാരഡൈസ് നഗർ) പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) എറണാകുളം മണ്ഡലത്തിൽ ഇളംകുളം വില്ലേജിലുൾപ്പെടുന്ന ദർശന നഗർ പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കണയന്നൂർ താലൂക്കിലെ എളംകുളം വില്ലേജിൽ സർവെ നം. 1038-ൽപ്പെട്ട ഭൂമി വില്ലേജ് രേഖകളിൽ പുഴ പുറമ്പോക്കായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ

വിഷയം സംസ്ഥാന പട്ടയ ഡാഷ് ബോർഡിലുൾപ്പെടുത്തി തുടർനടപടി സ്വീകരിച്ചുവരുന്നു. പതിവിനാസ്പദമായ ഭൂമി പുഴ പുറമ്പോക്കിൽ ഉൾപ്പെട്ടതായതിനാൽ കൊച്ചിൻ കോർപ്പറേഷനിൽ (ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ) നിക്ഷിപ്തമായ പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊച്ചിൻ കോർപ്പറേഷൻ അധികൃതർക്ക് കണയന്നൂർ തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടയവിതരണം

325 (3552) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പട്ടയങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ 3583 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്.

രവീന്ദ്രൻ പട്ടയങ്ങൾ റദ്ദ് ചെയ്ത് പുതിയ പട്ടയം ലഭിക്കുന്നതിന് നടപടി

326 (3553) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ ആകെ എത്ര രവീന്ദ്രൻ പട്ടയങ്ങൾ റദ്ദ് ചെയ്തിരുന്നുവെന്നും ഇതിൽ പുതിയ പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്ര അപേക്ഷകർക്ക് പുതിയ പട്ടയം നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ദേവികുളം താലൂക്കിൽ 546 രവീന്ദ്രൻ പട്ടയങ്ങളിൽനിന്ന് 542 എണ്ണം റദ്ദ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പുതിയ പട്ടയങ്ങൾ ലഭിക്കുന്നതിന് ആകെ 305 അപേക്ഷകളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. റദ്ദാക്കിയ രവീന്ദ്രൻ പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

രണ്ടാം ഘട്ടത്തിൽ 72 കേസുകളിൽ പതിവിനുള്ള റെക്കോർഡുകൾ തയ്യാറാക്കി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ലിസ്റ്റ് മേൽ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇടുക്കി ജില്ലയിൽ, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൈവശ ഭൂമിക്ക് പട്ടയം നൽകുന്നത് സ്റ്റേ ചെയ്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 10-01-2024-ലെ WP(C) 1801/2010 നമ്പർ ഇടക്കാല ഉത്തരവ് നിലവിലുള്ളതിനാൽ പട്ടയം അനുവദിക്കുന്നതിനുള്ള തുടർനടപടി തടസ്സപ്പെട്ടിട്ടുള്ളതാണ്. ടി കേസുകളുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	**വില്ലേജ്**	**ജില്ലാ കളക്ടറുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള കേസുകളുടെ എണ്ണം**
1	വട്ടവട	1
2	കാന്തല്ലൂർ	5
3	കുഞ്ചിത്തണ്ണി	64
4	വെള്ളത്തൂവൽ	2
	ആകെ	72

(ബി) കണ്ണൻ ദേവൻ ഹിൽസ് വില്ലേജുകളിൽ പ്രസ്തുത അപേക്ഷ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; തടസ്സങ്ങൾ പരിഹരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷ സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ റദ്ദാക്കപ്പെട്ട രവീന്ദ്രൻ പട്ടയങ്ങൾക്കുപകരം പുതിയ പട്ടയം അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടില്ല. റദ്ദാക്കപ്പെട്ട പട്ടയങ്ങൾ അനുവദിച്ചിരുന്നത് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ്. ടി വില്ലേജിൽ 1960-ലെ ഭൂമി പതിവ് നിയമത്തിലെ പൊതുവ്യവസ്ഥകൾക്ക് പ്രാബല്യമില്ലെന്നും 1971-ലെ കെ.ഡി.എച്ച്. ആക്ടിന് അനുസൃതമായി രൂപീകരിച്ച ചട്ടങ്ങൾ പ്രകാരമാണ് പതിച്ച് നൽകേണ്ടതെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C) 24614/2006 നമ്പർ കേസ്സിലെ 15-03-2013-ലെ വിധിന്യായപ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ വിഷയത്തിൽ ഫയൽ ചെയ്ത RP.546/2013 നമ്പർ റിവ്യൂ പെറ്റീഷനും കോടതി നിരസിച്ചിട്ടുള്ളതാണ്. കൈവശ ഭൂമിക്ക് പട്ടയം നൽകാൻ KDH ചട്ടത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ, 01-08-1971-നുമുമ്പ് ഭൂമി കൈവശംവച്ച് വരുന്ന കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഭൂമി പതിച്ചുകിട്ടുന്നതിലേക്കായി KDH ചട്ടം ഭേദഗതി ചെയ്യുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പയ്യന്നൂർ മണ്ഡലതല പട്ടയ അസംബ്ലി

327 (3554) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് പരിധിയിൽ കഴിഞ്ഞ രണ്ട് മണ്ഡലതല പട്ടയ അസംബ്ലിയിൽ പട്ടയം ലഭിക്കാത്ത എത്ര പേരുടെ വിഷയമാണ് ഉയർന്ന് വന്നിരുന്നതെന്ന് വ്യക്തമാക്കാമോ;

അവയിൽ താലൂക്ക്, ജില്ലാ തലത്തിൽ എത്ര പേരുടെ വിഷയങ്ങൾ പരിഹരിച്ച് പട്ടയം വിതരണം ചെയ്തുവെന്ന് വില്ലേജ് തിരിച്ച് കണക്ക് അറിയിക്കാമോ?

പയ്യന്നൂർ താലൂക്ക് പരിധിയിൽ രണ്ട് മണ്ഡലതല പട്ടയ അസംബ്ലികളിലായി പട്ടയം ലഭിക്കാത്ത 184 പേരുടെ വിഷയമാണ് ഉയർന്നുവന്നത്. അവയിൽ 106 അപേക്ഷകരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

(ബി) എത്ര പേരുടെ വിഷയം പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ ഇതുവരെയായി എത്രയെണ്ണം പരിഹരിച്ചു; ബാക്കിയുള്ളവ എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ നടന്ന പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന 78 പേരുടെ വിഷയങ്ങൾ 11 കേസ്സുകളായി പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 9 കേസ്സുകൾ പരിഹരിച്ച് 61 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. പയ്യന്നൂർ താലൂക്കിൽ ചെറുതാഴം വില്ലേജിൽ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട കുടുംബങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ട ഭൂമിയിലെ പട്ടികജാതിയിലുൾപ്പെടാത്ത 6 കൈവശക്കാരിൽ ശ്രീ. മുഹമ്മദ് സാലി ഒഴികെയുള്ള 5 പേർക്കും (കുടുംബാംഗങ്ങൾക്ക്) സർക്കാരിൽനിന്നും മിച്ചഭൂമി പതിച്ച് കിട്ടിയിട്ടുള്ളതിനാൽ പ്രസ്തുത 5 പേരെയും പ്രസ്തുത കൈയേറ്റ ഭൂമിയിൽനിന്നും ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകുകയും ഇതുപ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കുവാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് സർക്കാർ നിർദേശം നൽകിയിട്ടുള്ളതുമാണ്. പയ്യന്നൂർ താലൂക്കിൽ രാമന്തളി വില്ലേജിൽ അനുവദിച്ച പട്ടയത്തിന്റെ പകർപ്പ് ലഭിക്കുന്നതിനുള്ള 11 പേരുടെ അപേക്ഷയിന്മേൽ ജില്ലാ കളക്ടറേറ്റിൽനിന്നും ടീം രൂപീകരിച്ച് പരിശോധന നടത്തിയിരുന്നുവെങ്കിലും പട്ടയ ഫയലുകൾ ലഭ്യമാകാതെ വന്നതിനാൽ പകർപ്പുകൾ അനുവദിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

കോതമംഗലം താലൂക്കിലെ അർഹരായ കൈവശക്കാർക്ക് പട്ടയം

328 (3555) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ പട്ടയ നടപടികളുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ജണ്ടയ്ക്ക് വെളിയിലുള്ള കൈവശഭൂമിയ്ക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കടവൂർ വില്ലേജിൽ സർവെ നം. 1047/1-ൽപ്പെട്ട 65 പേർക്ക് പട്ടയം നൽകിയിട്ടുള്ളതും കുട്ടമ്പുഴ, നേര്യമംഗലം വില്ലേജുകളിലായി ആയിരത്തോളം അപേക്ഷകളിൽ ഭൂമി സർവെ ചെയ്ത് സ്കെച്ച് തയ്യാറാക്കിയിരുന്നതും അതിൽ 372 അപേക്ഷകൾ പ്രകാരമുള്ള ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 600-ഓളം അപേക്ഷകളിൽ പതിവ് റെക്കോർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾ നടന്നുവരവെ പ്രസ്തുത ഭൂമി വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണെന്ന് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ്

ഓഫീസർ കോതമംഗലം സ്പെഷ്യൽ തഹസിൽദാരെ കത്ത് മുഖേന അറിയിക്കുകയുണ്ടായി. പ്രസ്തുത കത്തിൽ, കോതമംഗലം ഡിവിഷനിൽ 01-01-1977-നുമുമ്പ് വനഭൂമി കൈയേറിയവർക്ക് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 160 ഹെക്ടർ വനഭൂമിക്ക് 1993-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം നല്കിയിട്ടുള്ളതാണെന്നും ജണ്ടയ്ക്ക് പുറത്തുകിടക്കുന്നതും വില്ലേജ് റെക്കോർഡുകൾ പ്രകാരം തരിശ്/പുറമ്പോക്ക് എന്ന് ചേർത്തിട്ടുള്ളതുമായ ഭൂമി 1964-ലെ പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകുന്നതിന് സംയുക്ത പരിശോധന ആവശ്യമാണെന്നും വനഭൂമിയായി 1895, 1902, 1907, 1917 എന്നീ വർഷങ്ങളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രസ്തുത ഭൂമി ഡിസ്-റിസർവ് ചെയ്തിട്ടില്ലായെങ്കിൽ ടി ഭൂമി റിസർവ് ഭൂമിയായി മാത്രം തുടരുന്നതായും റവന്യൂ രേഖകളിൽ മാറ്റം വരുത്തിയതുകൊണ്ട് വനഭൂമി അല്ലാതാകുന്നില്ലെന്നും വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുനല്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കല്ലേലിമേട്, മണികണ്ഠൻചാൽ എന്നീ പ്രദേശങ്ങളിൽ റിസർവ് സ്റ്റാറ്റസിലുള്ള കുടിയേറ്റ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് ഒന്നുകിൽ Dis-reserve ചെയ്തിട്ടുണ്ടായിരിക്കുകയോ അല്ലെങ്കിൽ സംയുക്ത പരിശോധന നടത്തിയതിന്റെ ലിസ്റ്റ് കേന്ദ്രസർക്കാർ അംഗീകരിക്കുകയോ ചെയ്യേണ്ടതാണെന്നും അപ്രകാരമെങ്കിൽ Dis-reserve ചെയ്തതിന്റെയോ ജോയിന്റ് വെരിഫിക്കേഷൻ നടത്തി കേന്ദ്ര സർക്കാർ അംഗീകരിച്ചതിന്റെയോ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും വനം വകുപ്പിന്റെ അനുമതിക്ക് വിധേയമായി നടപടി സ്വീകരിക്കേണ്ടതാണെന്നും വനം വകുപ്പിൽനിന്നും എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഹിൽമെന്റ് സെറ്റിൽമെന്റുകൾക്കായി അഗ്രി-ഹോറസ്റ്റ് വകുപ്പുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതും

വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതും റവന്യൂ രേഖകളിൽ പുറമ്പോക്ക്/തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ കൈവശ ഭൂമി പതിച്ച് കൊടുക്കുന്നതിനായി പുറപ്പെടുവിച്ച G.O(MS)2020/2020/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിവ് നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ എതിർപ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) താലൂക്കിലെ അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോയെന്ന് വ്യക്തമാക്കാമോ?

താലൂക്കിലെ അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുന്നതാണ്.

കുണ്ടറ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

329 (3556) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലം പരിധിയിലുള്ള എത്ര പേർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡല പരിധിയിൽ 70 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

നെടുമ്പന- 33

പേരയം- 14

പെരിനാട്- 15

കുണ്ടറ- 5

കൊറ്റങ്കര- 2

ഇളമ്പള്ളൂർ- 1

(ബി) പട്ടയവിതരണത്തിന് അർഹരായതും വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമായ എത്ര അപേക്ഷകരാണുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡല പരിധിയിൽ പട്ടയത്തിന് അർഹരായതും വിതരണത്തിന് നടപടി സ്വീകരിച്ചുവരുന്നതുമായ 6 അപേക്ഷകളാണുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

നെടുമ്പന- 2

ഇളമ്പള്ളൂർ- 1

തൃക്കോവിൽവട്ടം- 2

പേരയം- 1.

പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം

330 (3557) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി വടക്ക് വില്ലേജിലെ കീച്ചൻപാറ, തീക്കോയി വില്ലേജിലെ മംഗളഗിരി 30 ഏക്കർ, പൂഞ്ഞാർ നടുഭാഗം വില്ലേജിലെ വഴിക്കടവ് തുടങ്ങിയ

പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

മുണ്ടക്കയം പഞ്ചായത്തിൽപ്പെട്ട എരുമേലി വടക്ക് വില്ലേജിൽ കീച്ചൻപാറ പ്രദേശത്ത് ബ്ലോക്ക് 26-ൽ റീ-സർവെ നമ്പർ 400-ൽ ഉൾപ്പെട്ട 01.6500 ഹെക്ടർ തോട് പുറമ്പോക്ക് പതിച്ചുനൽകുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമറിയിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ ഭൂമി പതിച്ചുനൽകുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. പട്ടയം അനുവദിക്കുന്നതിന്റെ തുടർനടപടികളുമായി ബന്ധപ്പെട്ട് വസ്തുവിന്റെ സാക്ഷ്യപ്പെടുത്തിയ റീ-സർവെ റെക്കോർഡുകൾ, പട്ടയം അനുവദിക്കുന്നതിനുള്ള അർഹത സംബന്ധിച്ച് ഓരോ കൈവശവും തിരിച്ചുള്ള വ്യക്തമായ ശിപാർശ എന്നിവ സമർപ്പിക്കുവാൻ തഹസിൽദാർക്ക് നിർദേശം നൽകിയിരുന്നു. ആകെ 46 അപേക്ഷകരിൽ 4 അപേക്ഷകർ തോടിനോട് വളരെ ചേർന്ന് താമസിച്ച് വരുന്നതിനാൽ ടി 4 കുടുംബങ്ങളെ ഒഴിവാക്കി ബാക്കി 42 കുടുംബങ്ങൾക്ക് സർവെ നടപടി പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ട തീക്കോയി വില്ലേജിലെ (മംഗളഗിരി 30 ഏക്കർ) ബ്ലോക്ക് 65-ൽ വിവിധ റീ-സർവെ നമ്പറുകളിൽപ്പെട്ട ഭൂമിക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയത്തിനായി തണ്ടപ്പേർ നമ്പർ 1050-ൽ പാറയ്ക്കൽ മണാളരു നാരായണൻ ഗോവിന്ദൻ, പുതിയാത്ത് ഗോവിന്ദപ്പിള്ള ഗോപാലപിള്ള ജന്മിയായുള്ളതുമായ നിരവധി അപേക്ഷകൾ തഹസിൽദാരുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും ഫോം ഡി പരസ്യപ്പെടുത്തിയിരുന്നതും ഫോം ഇ, അപേക്ഷകർക്കും ജന്മിക്കും നൽകി വിചാരണകൾ

നടത്തിയിരുന്നതുമാണ്. വിചാരണാവേളയിൽ ജന്മിയുടെ അവകാശിയായ ശ്രീ. പി. ഡി. സുനിൽബാബു ഹാജരായിരുന്നു. ടി വസ്തുക്കളുടെ ജന്മം/പാട്ടം സംബന്ധിച്ച് പാറയ്ക്കൽ മണാളരു നാരായണൻ ഗോവിന്ദൻ, പുതിയാത്ത് ഗോവിന്ദപ്പിള്ള ഗോപാലപിള്ള എന്നീ ജന്മികളുടെ അനന്തരാവകാശികളും തീക്കോയി എസ്റ്റേറ്റും തമ്മിൽ പാലാ സബ് കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന OS-117/2006 നമ്പർ കേസിൽ 05-08-2022-ൽ തീക്കോയി എസ്റ്റേറ്റിന് അനുകൂലമായി വിധിയുണ്ടായിട്ടുള്ളതുമാണെന്നും ടി വിധിക്കെതിരെ നിലവിലെ പട്ടയ അപേക്ഷാ സ്ഥലം ഉൾപ്പെടെയുള്ള ഭൂമി സംബന്ധിച്ച് കോട്ടയം ജില്ലാ കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതായും നിലവിലുള്ള AS-74/2022, 77/2022, 78/2022 എന്നീ കേസ്സുകൾ പെൻഡിങ്ങിലാണെന്നും 27-06-2025-ൽ ശ്രീ. പി. ഡി. സുനിൽബാബു അറിയിച്ചിട്ടുള്ളതുമാണ്. ഇ-കോർട്ട് സ്റ്റാറ്റസ് പരിശോധിച്ചതിൽ ടി കേസിൽ 14-11-2025-ൽ വിചാരണ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നതും അതിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ടി പട്ടയ അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുവാനാവുകയുള്ളൂ.

പൂഞ്ഞാർ നടുഭാഗം വില്ലേജിലെ ബ്ലോക്ക് 63-ലെ വിവിധ സർവെ നമ്പരുകളിലെ മിച്ചഭൂമിയിൽ പട്ടയം നൽകുന്നത് സംബന്ധിച്ച് പ്രാഥമിക ഘട്ടത്തിലെ 32 പേരെ അർഹരായി പരിഗണിച്ച് പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നതും അതിൽ 5 പേരൊഴികെ ബാക്കിയെല്ലാവർക്കും പട്ടയം നല്കിയിരുന്നതുമാണ്. ടി അഞ്ചുപേർക്ക് സർവെ നമ്പരിലുള്ള പിശകുമൂലം പട്ടയവിതരണം മുടങ്ങിപ്പോയിട്ടുള്ളതും ടി പിശക് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. രണ്ടാംഘട്ടം ലിസ്റ്റിലുൾപ്പെട്ട ആളുകളുടെ കൈവശഭൂമി വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ചാർജ് ഓഫീസർ

പരിശോധിച്ചിട്ടുള്ളതും 11 പേർക്ക് അർഹതയുള്ളതായും 13 കേസ്സുകൾ പരിഗണിക്കേണ്ടതില്ലെന്നും ടി 11 പേർക്ക് മറ്റ് സ്ഥലങ്ങളുള്ളതായി അറിവ് ലഭിച്ചതിൽ അതുസംബന്ധിച്ച റിപ്പോർട്ടിനായി വില്ലേജുകളിലേക്ക് കത്ത് നല്കിയിരിക്കുന്നതും അർഹത പരിശോധിച്ചുവരുന്നതും ടി നടപടി പൂർത്തിയാകുന്നമുറയ്ക്ക് മിച്ചഭൂമി പട്ടയവിതരണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നും മീനച്ചിൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മഞ്ചേശ്വരം താലൂക്കിലെ പട്ടയ വിതരണം

331 (3558) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം താലൂക്കിൽ 286 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത താലൂക്കിൽ എൽ.എ. കമ്മിറ്റി തീരുമാനമായിട്ടും വിതരണം ചെയ്യാത്ത പട്ടയങ്ങൾ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പട്ടയ വിതരണം വൈകുന്നതിന് കാരണം എന്താണെന്ന് വിശദമാക്കുമോ?

എൽ.എ. കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം ആവശ്യമായ കേസ്സുകളിൽ ഭൂപതിവ് ചട്ടം 12 പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമായശേഷം സർവെ നടപടി പൂർത്തീകരിച്ച് പട്ടയങ്ങൾ തയ്യാറാക്കി എത്രയും പെട്ടെന്ന് വിതരണം ചെയ്യും.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അത്തൂർ മണ്ഡലത്തിലെ പട്ടയ വിതരണം

332 (3559) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തൂർ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

അത്തൂർ മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) നിലവിൽ പട്ടയത്തിന് എത്ര അപേക്ഷകൾ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ആയതിന് സ്വീകരിച്ച നടപടികളും പഞ്ചായത്തടിസ്ഥാനത്തിൽ പേര് സഹിതം വിശദമാക്കാമോ?

നിലവിൽ പട്ടയ നടപടി തുടർന്നുവരുന്ന 32 LT അപേക്ഷകളും 32 LA അപേക്ഷകളും ബാക്കിയുണ്ട്. അതിന്റെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടയ വിതരണ ഫയലുകളുടെ പുരോഗതി

333 (3560) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം റോഡ് പുറമ്പോക്ക്, പാറ പുറമ്പോക്ക് ഭൂമിയിൽ പട്ടയം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കുന്നതിനായി അപേക്ഷിച്ച റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള ആർ.ഇ.2/186/2025-എൽ.എസ്.ജി.ഡി., ആർ.ഇ.2/187/2025-എൽ.എസ്.ജി.ഡി., ആർ.ഇ.2/188/2025-എൽ.എസ്.ജി.ഡി., ആർ.ഇ.2/189/2025-എൽ.എസ്.ജി.ഡി., ആർ.ഇ.2/190/2025-എൽ.എസ്.ജി.ഡി., ആർ.ഇ.2/192/2025-എൽ.എസ്.ജി.ഡി. എന്നീ നമ്പർ ഫയലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലുകൾ തീർപ്പാക്കി ഭൂരഹിതരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം 'വഴി പുറമ്പോക്ക്' ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ (ആർ.ഇ.) വകുപ്പിൽനിന്നും ലഭ്യമായ പ്രസ്തുത ഫയലുകളിൽ ടി ഭൂമികൾ സർക്കാരിലേക്ക് പുനർ നിക്ഷിപ്തം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് എതിർപ്പില്ല എന്ന വിവരം അറിയിച്ചുകൊണ്ട് ഫയലുകൾ മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കുതന്നെ ബന്ധപ്പെട്ട പതിവധികാരി പട്ടയം നൽകാൻ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടാമ്പി മണ്ഡലത്തിലെ പട്ടയ വിതരണം

334 (3561) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പട്ടാമ്പി മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന വിവരം വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ പട്ടാമ്പി മണ്ഡലത്തിൽ 2747 പട്ടയങ്ങൾ നൽകിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത കാലയളവിൽ വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ വിവരം വർഷം, വില്ലേജ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പട്ടാമ്പി മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കാലയളവിൽ പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് 4327 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം ലഭിക്കാൻ നടപടി

335 (3562) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി നിവാസികളിലെ അർഹരായവർക്ക് പട്ടയം ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താഴെക്കോട് വില്ലേജിലെ റീ-സർവെ നമ്പർ 91-ൽ 18.12 ഏക്കറും 99-ൽ 7.72 ഏക്കറും ആകെ 25.84 ഏക്കർ ഭൂമി റിസർവ്ഡ് ഫോറസ്റ്റ് 1972-ലെ G.O.(Ms)No.407/72/Agri (Forest Special) ഉത്തരവ് അനുസരിച്ച് റവന്യൂ വകുപ്പിന് കൈമാറി കിട്ടിയതും ടി ഭൂമി 1981-ൽ 243 പേർക്ക് കേരള അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് 1970 പ്രകാരം പതിച്ചുനൽകിയതുമാണ്. ഇതിൽ അനർഹമായി പട്ടയം ലഭിച്ചവരുടെ പട്ടയം റദ്ദ് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ 190 പേരുടെ പട്ടയങ്ങൾ റദ്ദ് ചെയ്തത് VFL(Vested Forest Land Assignment Act) പ്രകാരമാണ്. അത് Arable Forest Land Assignment Rules 1970 റൂൾ 16 പ്രകാരമായിരുന്നു റദ്ദ് ചെയ്യേണ്ടിയിരുന്നത്. പ്രസ്തുത റൂൾ പ്രകാരം ടി പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിനും അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനും 03-09-2025-ലെ സർക്കാർ ഉത്തരവ്(കൈ)നമ്പർ 267/2025/RD പ്രകാരം ഉത്തരവായിട്ടുള്ളതും അതുപ്രകാരമുള്ള പട്ടയ വിതരണ നടപടി പുരോഗമിച്ചുവരുന്നതുമാണ്.

മംഗലശ്ശേരി നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

- 03-09-2025-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 267/2025/RD പ്രകാരം പട്ടയം അനുവദിക്കുന്നതിന്/റദ്ദ് ചെയ്യുന്നതിന്, 1970-ലെ അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് 16 പ്രകാരം ഭൂമി പതിച്ചുകിട്ടിയവരെ മുഴുവൻ നേരിൽ കേട്ടശേഷം വ്യവസ്ഥകൾ ലംഘിച്ചവരുടെ/അനർഹരുടെ പട്ടയം റദ്ദ് ചെയ്യേണ്ടതുണ്ട് (ടി 190 പേർ ഉൾപ്പെടെ). ടി കക്ഷികൾക്ക് Arable Forest Land Assignment Rules 1970 മാനദണ്ഡപ്രകാരം പട്ടയങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

- 1970-ലെ അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് 9 പ്രകാരം ഭൂമി പതിച്ചുനൽകുന്നതിന് സർക്കാർ ഭൂമിയുടെ സ്ഥാനവും വ്യാപ്തിയും കണക്കാക്കിക്കൊണ്ട് ഒരു പട്ടിക തയ്യാറാക്കേണ്ടതുണ്ട്. സർക്കാർ പതിച്ചുനൽകിയതിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നവരിൽനിന്നും അത് ഒഴിപ്പിക്കണം. അതുപ്രകാരം നടപടി കൈക്കൊള്ളുന്നതിന് ടി ഭൂമി വനം വകുപ്പിന്റെയും ജില്ലാ സർവെ സൂപ്രണ്ടിന്റെയും റവന്യൂ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സർവെ ചെയ്യേണ്ടതുണ്ട്.
- അർഹരായവർക്ക് പുതിയ പട്ടയം അനുവദിക്കേണ്ടതുണ്ട്. മുമ്പ് ഭൂമി പതിച്ചുകിട്ടിയവരെ നേരിൽ കേൾക്കുന്നതിനും അത് Arable Forest Land Assignment Rules 1970 മാനദണ്ഡപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതിനും കോഴിക്കോട് തഹസിൽദാരെ ചുമതലപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് പട്ടയവിതരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

രണ്ടുമാസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നുള്ള വിവരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പട്ടയ വിതരണം

336 (3563) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചങ്ങനാശ്ശേരി താലൂക്കിലെ 94 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. പട്ടയം അനുവദിച്ച കുടുംബങ്ങളുടെ വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്/മുനിസിപ്പാലിറ്റി	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി	34
വാഴപ്പള്ളി പഞ്ചായത്ത്	8
കുറിച്ചി	10
മാടപ്പള്ളി	7
പായിപ്പാട്	5
തൃക്കൊടിത്താനം	30

(ബി) നിലവിൽ എത്ര പട്ടയ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അഞ്ച് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 330 പട്ടയ അപേക്ഷകൾ നിലവിൽ തീർപ്പ് കൽപ്പിക്കാനുള്ളതാണ്. വിവിധ വകുപ്പുകളിൽ (PWD റോഡ്സ്, നാഷണൽ ഹൈവേ അതോറിറ്റി, ജിയോളജി വകുപ്പ്, പഞ്ചായത്ത്) നിന്നും NOC ലഭിക്കുന്നതിലുണ്ടായ കാലതാമസംമൂലം പട്ടയം വിതരണം ചെയ്യാനായിട്ടില്ല. ഏകദേശം 150 അപേക്ഷകൾ PWD റോഡ് പുറമ്പോക്കായതിനാൽ അവയ്ക്ക് NOC ലഭിക്കില്ലെന്ന കാരണത്താലും പട്ടയം നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതാണ്. NOC ലഭിച്ച കുറിച്ചി വില്ലേജ് എണ്ണയ്ക്കാച്ചിറ

കുളം പുറമ്പോക്ക്, പുലികുഴികുളം പുറമ്പോക്ക് കുളം/തോട് പുറമ്പോക്കുകളിൽ ഉൾപ്പെടുന്നവയുടെ ഇനം സർക്കാർ പുറമ്പോക്കിലേക്ക് മാറ്റുന്ന നടപടി സ്വീകരിച്ചുവരുന്നതാണ്. കുറിച്ചി വില്ലേജ് എണ്ണയ്ക്കാച്ചിറ കുളം പുറമ്പോക്ക്, പുലികുഴികുളം പുറമ്പോക്ക് എന്നിവിടങ്ങളിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അനുമതിക്കായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് 19-08-2025-ൽ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും റിപ്പോർട്ടിൽ ചില വിഷയങ്ങളിൽ ജില്ലാ കളക്ടറോട് വീണ്ടും ലാൻഡ് റവന്യൂ കമ്മീഷണർ സ്പഷ്ടീകരണം തേടിയിരിക്കുകയാണ്. സ്പഷ്ടീകരണം ലഭ്യമാക്കി റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ NOC ലഭിച്ച കൈവശങ്ങളുടെ സർവെ നടപടി പുരോഗമിച്ചുവരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം

337 (3564) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്ന സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് ഒരു സബ് കമ്മിറ്റിയെ രൂപീകരിച്ച് 09-04-2024-ലെ സ.ഉ.(ആർ.ടി.)നം.1109/2024/ആർ.ഡി. പ്രകാരം ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ്

ലഭ്യമാക്കാമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

09-04-2024-ലെ സ.ഉ.(സാധാ)നം.1109/2024/റവന്യൂ പ്രകാരം രൂപീകരിച്ച കമ്മിറ്റിയിൽ റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനും റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറി കൺവീനറും 5 മെമ്പർമാരും ഉൾപ്പെടുന്ന 7 അംഗ സബ് കമ്മിറ്റിയാണ്. ടി കമ്മിറ്റിയിൽ ധനകാര്യ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥൻ (ജെ.എസ്./എ.എസ്.) എന്നവരെ മെമ്പറായി ഉൾപ്പെടുത്തിയാണ് രൂപീകരിച്ചത്. തുടർന്ന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ നോമിനേറ്റ് ചെയ്ത് നൽകുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തുവാൻ കഴിയില്ലെന്ന വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെ ടെക്നിക്കൽ എക്സാമിനർ (സിവിൽ) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ മെമ്പറായി നിശ്ചയിച്ചും മറ്റ് വകുപ്പുകളിൽനിന്നും നോമിനേറ്റ് ചെയ്യപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തിയും 11-08-2024-ലെ സ.ഉ.(സാധാ)നം.1885/2024/റവന്യൂ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സബ് കമ്മിറ്റി പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

ഇതേത്തുടർന്ന് 28-11-2024-ൽ കമ്മിറ്റി യോഗം ചേരുകയും പാലങ്ങളുടെ ഡിസൈൻ കൺസൾട്ടന്റായ മെ. ഇന്റഗ്രൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശമുള്ള ഡിസൈനും അനുബന്ധരേഖകളും സംബന്ധിച്ചുള്ള വിവരങ്ങൾ പത്തനംതിട്ട നിർമ്മിതി കേന്ദ്രത്തിൽ ലഭ്യമാണെങ്കിൽ അത് ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ

തീരുമാനിച്ചിരുന്നു. എന്നാൽ പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിൽനിന്നും ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ നിലവിൽ ഓർമ്മക്കുറിപ്പ് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി കമ്മിറ്റി അതുപരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

അനധികൃതമായി നികത്തിയ വയൽ/തണ്ണീർത്തടം പൂർവസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ

338 (3565) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ (കോഴിക്കോട് ജില്ല) ചേമഞ്ചേരി വില്ലേജ് പരിധിയിൽ വയൽ/തണ്ണീർത്തടം നികത്തുന്നതിനെതിരെ 2024 ജനുവരി മുതൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്കിലെ ചേമഞ്ചേരി വില്ലേജ് പരിധിയിൽ വയൽ/തണ്ണീർത്തടം നികത്തുന്നതിനെതിരെ 2024 ജനുവരി മുതൽ നാളിതുവരെ 3 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരാതികളിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) വയൽ/തണ്ണീർത്തടം നികത്തലിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയ ഏതെങ്കിലും കേസ്സുകളിൽ അതിനുശേഷവും ഏതെങ്കിലും തരത്തിലുള്ള നികത്തൽ/നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അത്തരത്തിലുള്ള നികത്തൽ/നിർമ്മാണ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനധികൃതമായി നികത്തിയ വയൽ/തണ്ണീർത്തടം പൂർവസ്ഥിതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ അനധികൃതമായി നെൽവയൽ നികത്തുന്നത് നിരോധിച്ചിട്ടുണ്ട്. തണ്ണീർത്തടം നികത്തുന്നത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ടി വ്യവസ്ഥകളിൽ ലംഘനം നടന്നതായി ബോധ്യപ്പെട്ടാൽ നിയമത്തിലെ വകുപ്പ് 13 പ്രകാരം ജില്ലാകളക്ടർക്ക് നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ടി നിയമത്തിൽ വ്യവസ്ഥയുള്ളതാണ്.

കൂടാതെ, അനധികൃതമായി പരിവർത്തനപ്പെടുത്തിയ നിലം പൂർവസ്ഥിതിയിലാക്കുന്നതിനുള്ള റിവോൾവിങ് ഫണ്ടായി നൂറ്റി അമ്പത് ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കൊണ്ട് 06-06-2025-ലെ സ.ഉ. (സാധാ)നം.1371/2025/RD പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാകളക്ടർമാർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ടി ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതാണ്.

ഭൂമി തരം മാറ്റുന്നതിനുള്ള നടപടി

339 (3566) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ നാളിതുവരെ തീർപ്പാക്കാനുണ്ടെന്ന് വർഷം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

ഭൂമി തരം മാറ്റുന്നതിനായി നാളിതുവരെ തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഭൂമി നെൽവയലാണോ തണ്ണീർതടമാണോ എന്ന് തീരുമാനിക്കുന്നത് അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെയോ/സെറ്റിൽമെന്റ് രജിസ്റ്ററിന്റെയോ അടിസ്ഥാനത്തിലല്ലായെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭൂമി നെൽവയലാണോ തണ്ണീർത്തടമാണോ എന്ന് തീരുമാനിക്കുന്നത് അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെയോ/സെറ്റിൽമെന്റ് രജിസ്റ്ററിന്റെയോ അടിസ്ഥാനത്തിലല്ലായെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോയെന്നത് ശ്രദ്ധയിൽപ്പെട്ടില്ല.

(സി) മുൻകാല പ്രാബല്യത്തോടെ തരംമാറ്റൽ ഫീസ് ഈടാക്കുന്നത് കോടതി തടഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭൂമി തരം മാറ്റൽ ഫീസ് ഇനത്തിൽ 2024-25-ലും 2025-26-ൽ നാളിതുവരെയും എത്ര കോടി രൂപ ഈടാക്കി; വിശദാംശം നൽകുമോ?

ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തരം മാറ്റവുമായി ബന്ധപ്പെട്ട് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ 2024-25 സാമ്പത്തിക വർഷത്തിൽ ജനുവരി വരെ 279,57,70,265/- രൂപയും തുടർന്ന് നാളിതുവരെ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ STSB അക്കൗണ്ടിൽ 295,20,94,566/- രൂപയും വരവ് വന്നിട്ടുള്ളതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ കേസ്സുകളിലായി ബഹുമാനപ്പെട്ട ഹൈക്കോടതി നിരവധി വിധിന്യായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഏത് കേസിന്മേലുള്ള വിധിയെന്ന് ചോദ്യത്തിൽ വ്യക്തമാക്കിയിട്ടില്ല.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

340 (3567) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(എ) വകുപ്പ് എന്താണെന്ന് വ്യക്തമാക്കാമോ?

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(A) വകുപ്പ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ, അപ്രകാരമുള്ള ഭൂമി, വീട് വയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ വിനിയോഗിക്കുവാൻ ആഗ്രഹിക്കുന്നപക്ഷം അയാൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, അനുമതിക്കായി അപേക്ഷ നൽകേണ്ടതാണെന്ന് പ്രസ്തുത വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്നുള്ള 2 മുതൽ 13 വരെ ഉപവകുപ്പുകളിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 1967-ലെ ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഭൂമി കൃഷി ആവശ്യത്തിനും വിളമാറ്റത്തിനുമായി പരിവർത്തനം ചെയ്യാൻ ആർക്കാണ് അധികാരം?

1967-ലെ ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഭൂമി കൃഷി ആവശ്യത്തിനും വിളമാറ്റത്തിനുമായി പരിവർത്തനം ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാകളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരാണ്.

(സി) 2017-നുശേഷം പരിവർത്തനപ്പെടുത്താൻ നൽകിയ അപേക്ഷകളിൽ ആർക്കാണ് തീരുമാനമെടുക്കുവാനുള്ള അധികാരമെന്ന് വ്യക്തമാക്കാമോ?

2017-നുശേഷം പരിവർത്തനപ്പെടുത്താൻ നൽകിയ അപേക്ഷകളിൽ തീരുമാനമെടുക്കുവാനുള്ള അധികാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും സബ് കളക്ടർമാർക്കും നിയോഗിക്കപ്പെട്ട ഡെപ്യൂട്ടി കളക്ടർമാർക്കുമാണ് നൽകിയിരിക്കുന്നത്.

അരുർ മണ്ഡലത്തിലെ ഭൂമി തരംമാറ്റ അപേക്ഷകൾ

341 (3568) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുർ മണ്ഡലത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചെന്നും അതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുർ മണ്ഡലത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ആകെ 10308 അപേക്ഷകൾ ലഭിക്കുകയും അതിൽ 7426 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. ഇനി തീർപ്പാക്കുന്നതിനായി 2882 അപേക്ഷകൾ

നിലവിലുണ്ട്. അത് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

വയനാട് –തലശ്ശേരി ബൈപാസ്സിന് ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പൂർത്തീകരണം

342 (3569) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-തലശ്ശേരി ബൈപാസ് റോഡ് (ഒത്തിയോട്ടു മുതൽ നരിക്കോട്ടുംചാൽ റേഷൻകട വരെ) നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടും പ്രസ്തുത നടപടി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) നാദാപുരം നിയോജകമണ്ഡലത്തിലെ വയനാട് റോഡ് മുതൽ തലശ്ശേരി ബൈപാസ് റോഡ് വരെയുള്ള നിർമ്മാണത്തിനായി 1.1845 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി 29-09-2025-ലെ സ.ഉ.(സാധാ)നമ്പർ 2257/2025/ആർ.ഡി. പ്രകാരം നൽകിയിട്ടുണ്ട്. അതിൽ അർഥന സമർപ്പിക്കുന്നതിലേക്കായി കായക്കൊടി വില്ലേജ് ഓഫീസിൽനിന്നും എൽ.എ. പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ അടങ്കൽ പകർപ്പ്, നികുതി രസീത് എന്നിവ ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

343 (3570) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിശ്ചയിച്ച സമയക്രമം പ്രകാരം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽ വില്യാപ്പള്ളി, നടക്കുതാഴ, പാലയാട്, മണിയൂർ വില്ലേജുകളിൽപ്പെട്ട 3.485 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർഥനാധികാരി ലഭ്യമാക്കിയ പുതിയ അർഥനയുടെ അടിസ്ഥാനത്തിൽ 18-08-2025-ലെ G.O(Rt)No. 1933/2025/റവ. പ്രകാരം അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും RFCTLARR Act, 2013 സെക്ഷൻ 4(1) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് Kerala Voluntary Health Services, Mullankuzhy Collectorate P.O, Kottayam എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 20-08-2025-ലെ 3014 നമ്പർ കേരള (അസാധാരണം) ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) നോട്ടിഫിക്കേഷൻ എന്നത്തേക്ക് പുറപ്പെടുവിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്ന് മാസമാണ് കാലാവധി. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച് അത് വിലയിരുത്തി വിദഗ്ധ സമിതി ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുപ്പുമായി മുന്നോട്ടുപോകുന്നതിനുള്ള സമുചിത

സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതും തുടർന്ന് 11(1) വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുന്നതുമാണ്.

പേരാമ്പ്ര മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ

344 (3571) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ അകലാപ്പുഴ പാലം, നടേരിക്കടവ് പാലം, കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡ് എന്നീ പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ അകലാപ്പുഴ പാലം, നടേരിക്കടവ് പാലം, കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡ് എന്നീ പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

അകലാപ്പുഴ പാലം നിർമ്മാണം

അകലാപ്പുഴ പാലം നിർമ്മാണം ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ഭാഗമായ സർവെ ആൻഡ് ലാൻഡ് ബൗണ്ടറീസ് ആക്ട് 1961 പ്രകാരമുള്ള 6(1) വിജ്ഞാപനം 10-08-2025-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ചിൽ പരാമർശിച്ചത് പ്രകാരമുള്ള കല്ലുകൾ ഭൂമിയിൽ സ്ഥാപിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അവ സ്ഥാപിച്ച് കല്ലുകളിൽ നമ്പർ രേഖപ്പെടുത്തി ക്രോസ് അളവുകളും മാർക്ക് ചെയ്ത് അറിയിക്കണമെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അർഥനാധികാരിക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ സംയുക്ത പരിശോധന നടത്തുന്നതാണ്.

നടേരിക്കടവ് പാലം നിർമ്മാണം

നടേരിക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും സർവെ സബ്ഡിവിഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില അംഗീകരിച്ചിട്ടുള്ളതുമാണ്. കീഴരിയൂർ വില്ലേജ് നടുവത്തൂർ ദേശത്ത് ഉൾപ്പെട്ട ഭൂമിയുടെ കൃഴിക്കൂർ ചമയങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുള്ളതും അത് വിലനിർണ്ണയത്തിനായി ബന്ധപ്പെട്ട കാര്യാലയങ്ങളിലേക്ക് കൈമാറുന്ന നടപടി സ്വീകരിച്ചുവരികയുമാണ്. ബാക്കിയുള്ള ഭാഗമായ വിയ്യൂർ വില്ലേജ് വിയ്യൂർ ദേശത്തെ ഭൂമിയിൽ കൈവശക്കാർ കൃത്യമായ അതിരടയാളങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അപ്പോർഷൻമെന്റ് ജോലികൾ പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ ആ ഭാഗത്തെ കൃഴിക്കൂർ ചമയങ്ങളുടെ വിവരശേഖരണം നടത്താൻ സാധിക്കുകയുള്ളൂ. അത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊല്ലം നെല്യാടി മേപ്പയ്യൂർ റോഡ് നിർമ്മാണം

കൊല്ലം നെല്യാടി മേപ്പയ്യൂർ റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ 11(1) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എൽ.എ. സബ്ഡിവിഷൻ നടപടികളും ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

മേൽ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾക്കനുസരിച്ചാണ് നടപ്പാക്കിവരുന്നത്. ടി ആക്ടനുസരിച്ചുള്ള വിജ്ഞാപനങ്ങൾ, സർവെ, ഫണ്ടിന്റെ ലഭ്യത, അവാർഡ്, ഹിയറിങ്, നിയമപരമായ അംഗീകാരങ്ങൾ എന്നീ നിയമപരമായ പ്രവൃത്തികളെ ആശ്രയിച്ച് മാത്രമേ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മേൽ പ്രകാരമുള്ള കാര്യങ്ങൾ പൂർത്തീകരിച്ചുകൊണ്ട് എൽ.എ.ആർ.ആർ. ആക്ട് 2013 അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതാണ്.

തോട്ടം ഭൂമി കൈയേറ്റങ്ങൾ

345 (3572) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം ഭൂമി ഉൾപ്പെടെയുള്ളവയിലെ കൈയേറ്റങ്ങൾ തടയുന്നതിനും കൈയേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് തിരുവിതാംകൂർ, കൊച്ചി, മലബാർ ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും തദ്ദേശിയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും ഗ്രാന്റായും നൽകിയ ഭൂമിയും സ്വകാര്യ പാട്ടഭൂമിയും അനധികൃതമായി കൈവശം വച്ചിരിക്കുന്ന M/s ഹാരിസൺസ് മലയാളം ലിമിറ്റഡും ടി കമ്പനിയിൽനിന്ന് ഭൂമി നേടിയവർക്കുമെതിരെ 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ അത്തരം കൈവശക്കാർക്കെതിരെ സ്വീകരിച്ച

നടപടി ചോദ്യം ചെയ്തുകൊണ്ട് M/s ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും ഫയൽ ചെയ്ത WP(C)33122/2014 & Ors കേസ്സുകളിൽ 11-4-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമിയിലെ കൈയേറ്റം ഒഴുപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർക്ക് പരാതിക്കാരായ കമ്പനികളുടെ പക്കലുള്ള ഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിക്കുന്നതിനുള്ള "ജൂറിസ്ഡിക്ഷൻ" ഇല്ലായെന്ന് നിരീക്ഷിച്ചുകൊണ്ട് ഭൂസംരക്ഷണ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയും ഉടമസ്ഥത സംബന്ധിച്ച തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്യാവുന്നതാണെന്നും വിധിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളിയതിനെ തുടർന്ന് സംസ്ഥാനത്ത് M/s ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ച് കിട്ടുന്നതിനായി അത്തരം ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽവരുന്ന സിവിൽ കോടതികളിൽ സർക്കാരിനുവേണ്ടി കേസ്സുകൾ ഫയൽ

ചെയ്യുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06-06-2019-ലെ സ.ഉ. (കൈ)172/2019/റവ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

M/s ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളുടെയും വ്യക്തികളുടെയും പക്കലുള്ള 76764 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി കോട്ടയം, പത്തനംതിട്ട, കൊല്ലം, ഇടുക്കി, തിരുവനന്തപുരം, വയനാട് എന്നീ ജില്ലകളിലായി 37 സിവിൽ കേസ്സുകൾ 06-06-2019-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും അത്തരം കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

സർക്കാരിന്റെ അധീനതയിലുള്ള സംസ്ഥാനത്തെ തോട്ടഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ കൈയേറ്റം സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കൈയേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ(ഭേദഗതി) നിയമപ്രകാരം കൈയേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൈയേറ്റ കേസ്സുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കൈയേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം

ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കൈയേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കൈയേറ്റം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കൈയേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കൈയേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കൈയേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ ഇത്തരത്തിൽ എത്ര ഹെക്ടർ തോട്ടഭൂമി പിടിച്ചെടുത്തു; ഇനി പിടിച്ചെടുക്കാനുള്ളവയുടെ കണക്ക് എന്നിവ ലഭ്യമാക്കുമോ?

തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ തോട്ടഭൂമി കൈയേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയനാട് ജില്ലയിൽ വൈത്തിരി താലൂക്ക് പരിധിയിൽ മുട്ടിൽ നോർത്ത് വില്ലജിലെ ബ്ലോക്ക് 13 റി.സ.നമ്പർ 43/1 മുതൽ 43/9 വരെയും റി.സ.നമ്പർ 713/3-ലും ഉൾപ്പെടുവരുന്ന 24.4040 ഹെക്ടർഭൂമി ദേവി പ്രസാദ് മുതൽപേർ അനധികൃതമായി കൈയേറി കൈവശം വച്ചുവരികയും 24-12-2018-ന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സർക്കാരിലേക്ക് തിരികെ പിടിച്ചിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള WP(c)731/2019 നമ്പർ കേസിലെ ഉത്തരവിനെതിരെ WA 2227/2019 നമ്പറായി സർക്കാർ അപ്പീൽ ഫയൽ ചെയ്തിരുന്നതും മേൽ ഉത്തരവ് കക്ഷികൾക്ക് അനുകൂലമായി വിധിയായതിനെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ

അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. സുൽത്താൻ ബത്തേരി, മാനന്തവാടി താലൂക്കുകളിൽ തോട്ടം ഭൂമി കൈയേറ്റങ്ങൾ കണ്ടെത്തിയിട്ടില്ല.

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ തോട്ടം ഭൂമി കൈയേറിയവർക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതും പ്രസ്തുത നടപടികൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സിന്മേൽ വിചാരണ തുടരുന്ന സാഹചര്യത്തിൽ നടപടികൾ നിർത്തിവച്ചിട്ടുള്ളതാണ്.

പാലക്കാട് ജില്ലയിൽ വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചുവരുന്നതും പാട്ടക്കരാർ ലംഘനം നടത്തിയതുമായ വേണ്ടുനാട് കോവിലകം 12 എസ്റ്റേറ്റുകളും (4299.20 ഏക്കർ) വനം വകുപ്പ് ലീസിന് നൽകിയ 21 എസ്റ്റേറ്റുകളും (8 എണ്ണം വനം വകുപ്പ് നേരിട്ട് നടപടി സ്വീകരിച്ചുവരുന്നതും 13 എണ്ണം (2603.97 ഏക്കർ) റവന്യൂ വകുപ്പ് മുഖേന സംയുക്ത നടപടി സ്വീകരിച്ചുവരുന്നതും) അടക്കം 33 എസ്റ്റേറ്റുകളാണ് സർക്കാരിലേക്ക് ഏറ്റെടുക്കേണ്ടത്.

ലാൻഡ് അക്വിസിഷൻ

346 (3573) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ വയനാട് റോഡ് മുതൽ തലശ്ശേരി ബൈപാസ് റോഡ് വരെയുള്ള (ഒത്തിയോട്ടു മുതൽ നരിക്കുട്ടുംചാൽ റേഷൻ കട വരെ) റോഡ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടും ആയത് പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ലാൻഡ് അക്വിസിഷൻ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) നാദാപുരം നിയോജകമണ്ഡലത്തിലെ വയനാട് റോഡ് മുതൽ തലശ്ശേരി ബൈപാസ് റോഡ് വരെയുള്ള നിർമ്മാണത്തിനായി 1.1845 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി 29-09-2025 ലെ സ.ഉ.(സാധാ) നമ്പർ.2257/2025/ആർ.ഡി. പ്രകാരം നൽകിയിട്ടുണ്ട്. അതിൽ അർഥന സമർപ്പിക്കുന്നതിലേക്കായി കായക്കൊടി വില്ലേജ് ഓഫീസിൽനിന്നും എൽ.എ. പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ അടങ്കൽ പകർപ്പ്, നികുതി രസീത് എന്നിവ ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

പാനൂർ താലൂക്ക് ആശുപത്രിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി

347 (3574) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ താലൂക്ക് ആശുപത്രിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ?

പാനൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റി.സ.നമ്പർ 128/1, 128/2 എ, 128/2 ബി എന്നിവയിൽപ്പെട്ട 78.70 ആർസ് ഭൂമി ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 4(1) പ്രകാരം സാമൂഹ്യ ആഘാതപഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 28-09-2020-ന് പുറപ്പെടുവിച്ചു. 19-10-2020-ന് സാമൂഹ്യ ആഘാതപഠന റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി വിലയിരുത്തൽ നടത്തി

06-11-2020-ന് വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിനുശേഷം വകുപ്പ് 8(2) പ്രകാരമുള്ള സമുചിത സർക്കാർ തീരുമാനം 11-11-2020-ന് ഉത്തരവാകുകയും തുടർന്ന് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 19-11-2020-ന് പുറപ്പെടുവിക്കുകയും 29-01-2021-ന് കമ്പോള വില നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഭൂവുടമയായ ശ്രീ. നൊച്ചിക്കാട്ട് മുസ്തഫ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 242/2021 നമ്പർ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി തൽസ്ഥിതി തുടരുന്നതിന് ഉത്തരവായതിനാൽ ലാൻഡ് അക്വിസിഷൻ നടപടികൾ മുന്നോട്ടുപോയിരുന്നില്ല. 14-03-2025-ന് ശ്രീ. നൊച്ചിക്കാട്ട് മുസ്തഫ ഫയൽ ചെയ്ത WP(C) 242/2021 നമ്പർ കേസ് തള്ളി കോടതി ഉത്തരവാകുകയും എന്നാൽ 14-03-2025-ലെ ഉത്തരവിനെതിരെ ശ്രീ. നൊച്ചിക്കാട്ട് മുസ്തഫ WA 1076/2025 അപ്പീൽ നൽകിയിരുന്നു. ഈ അപ്പീൽ കേസും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് തള്ളി ഉത്തരവായിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികൾ നിയമപരമായും പ്രക്രിയാപരമായും ശരിയാണെന്നും സിംഗിൾ ബഞ്ചിന്റെ വിധിയിൽ ഇടപെടേണ്ട സാഹചര്യമില്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. കോടതി ഉത്തരവ് ലഭിച്ചതിനുശേഷം ഈ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 10,17,17,848/-രൂപയുടെ (പത്ത് കോടി പതിനേഴ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) DVS (വിശദ വിലവിവര പട്ടിക) 04-08-2025-ന് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുണ്ട്. അതിനെ തുടർന്ന് ഭൂവുടമസ്ഥന് നൽകേണ്ട നഷ്ടപരിഹാര തുക അവാർഡ് തീയതി 30-11-2025 ആയി കണക്കാക്കി അതുവരെയുള്ള പലിശ ഉൾപ്പെടെ 10,86,92,866/- രൂപ നിക്ഷേപിക്കുന്നതിന് അർഥനാധികാരിയായ ജില്ലാ

മെഡിക്കൽ ഓഫീസറോട് (ആരോഗ്യം) ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ തലശ്ശേരി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

ഭൂവുടമസ്ഥന് നൽകേണ്ട നഷ്ടപരിഹാര തുക അർഥനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ലാൻഡ് അക്വിസിഷൻ ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് വകുപ്പ് 19(1) പ്രകാരമുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുന്നതും തുടർന്ന് ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013-ലെ വകുപ്പ് 21(1) അറിയിപ്പ് നൽകിയശേഷം രേഖകൾ പരിശോധിച്ച് അവാർഡ് പാസ്സാക്കാൻ സാധിക്കുന്നതുമാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി

348 (3575) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണം, മാർമല ചെറുകിട ജലവൈദ്യുത പദ്ധതി, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതി, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ, ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണം, ഇടക്കുന്നം മിനി

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 19(1) പ്രഖ്യാപനം 25-07-2025-ൽ പ്രസിദ്ധീകരിച്ചു. 27 അവാർഡുകളും അംഗീകരിച്ചിട്ടുള്ളതും Ways And Means System (WAMS) ക്ലിയറൻസ് ആവശ്യമില്ലാത്ത കേസ്സുകളിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുള്ളതും ബാക്കിയുള്ളവ WAMS clearance ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്ത് അർഥനാധികാരിക്ക് കൈമാറുന്നതുമാണ്.

പിണ്ണാക്കനാട് 33 കെ.വി. സബ് സ്റ്റേഷൻ

പിണ്ണാക്കനാട് 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 08-09-2025-ൽ പ്രസിദ്ധീകരിച്ചു. സർവെ അതിരടയാള നിയമപ്രകാരമുള്ള 6(1) വിജ്ഞാപനം പുറപ്പെടുവിച്ചു. സർവെ ജോലികൾ നടന്നുവരുന്നു.

ഈരാറ്റുപേട്ട വാഗമൺ റോഡ്

സാമൂഹ്യപ്രത്യാഘാത പഠനം പൂർത്തീകരിച്ച് പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ യോഗം 28-02-2024-ന് നിശ്ചയിച്ചിരുന്നുവെങ്കിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ KIIFB-യുടെ നിർദ്ദേശം ലഭിക്കുന്നതുവരെ "ഡെഫർ" ചെയ്യണമെന്ന് റിക്വിസിഷൻ അതോറിറ്റിയായ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)-ന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയുടെ യോഗം മാറ്റിവച്ചിരിക്കുകയാണ്.

ഇടക്കുന്നം റോഡ് പദ്ധതി

ഇടക്കുന്നം റോഡ് പദ്ധതിയുടെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്(BVR), വിശദ വിലനിർണ്ണയ പത്രിക (DVS) എന്നിവ അംഗീകരിച്ചിട്ടുള്ളതാണ്. അർഥനാധികാരിക്ക് ഫണ്ടിനുള്ള അപേക്ഷ നൽകിയെങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. അർഥനാധികാരിയായ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രസിഡന്റിൽനിന്നും ഫണ്ട് ലഭിച്ചാലുടൻ 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വസ്തുവിന്റെ തരംമാറ്റ അപേക്ഷ

349 (3576) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമമനുസരിച്ച് വസ്തുവിന്റെ തരംമാറ്റം സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ എത്ര അപേക്ഷകളാണ് നിലവിലുള്ളത്?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരംമാറ്റത്തിനായി തിരുവനന്തപുരം ജില്ലയിൽ 11821 അപേക്ഷകൾ പെൻഡിങ്ങിലുണ്ട് (03-10-2025-ലെ കണക്കുകൾ പ്രകാരം).

(ബി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്ക് അയിരൂപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 12, സർവെ നമ്പർ 502/8, 502/9 ആർ.ആർ. 80 ചതുരശ്ര സെന്റീമീറ്റർ വിസ്തീർണ്ണമുള്ള ശ്രീമതി അജിതകുമാരി, ചിത്തിര, ഗുരുദേവപുരം, തുണ്ടത്തിൽ പി.ഒ.-യുടെ തരംമാറ്റത്തിനുള്ള 24/2025/162504 നമ്പർ അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഈ അപേക്ഷയിന്മേൽ എന്നത്തേക്ക് തരം മാറ്റം ചെയ്ത് നൽകാൻ കഴിയുമെന്നും ഈ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

(ബി&സി) തിരുവനന്തപുരം താലൂക്കിൽ അയിരൂപ്പാറ വില്ലേജിൽ ബ്ലോക്ക് 12-ൽ സർവെ 502/8, 502/9 എന്നിവയിൽപ്പെട്ട 6.05 ആർ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ശ്രീമതി അജിത കുമാരി, ചിത്തിര, ഗുരുദേവപുരം തുണ്ടത്തിൽ എന്ന കക്ഷി സമർപ്പിച്ച 24/2025/162504 നമ്പർ അപേക്ഷ തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ (ഡി.എം)-ന്റെ 03-10-2025-ലെ നടപടിക്രമം പ്രകാരം സ്വഭാവ വ്യതിയാനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ

350 (3577) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭൂമി തരം മാറ്റുന്നതിന് എത്ര അപേക്ഷകളുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ ഭൂമി തരം മാറ്റുന്നതിന് സമർപ്പിച്ച പെൻഡിങ് അപേക്ഷകളുടെ വിവരം താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	താലൂക്ക്	അപേക്ഷകളുടെ എണ്ണം
1	കോഴിക്കോട്	12,303
2	താമരശ്ശേരി	793
3	വടകര	2,145
4	കൊയിലാണ്ടി	3,215

ആകെ	18,456

* 06-10-2025 പ്രകാരമുള്ള കണക്ക്

(ബി) ഇതിൽ വീട് വയ്ക്കുന്നതിനുവേണ്ടി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷയുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, 2018 പ്രകാരം തരം മാറ്റം അപേക്ഷകൾ റെലിസ് പോർട്ടൽ മുഖേന ഓൺലൈൻ വഴിയാണ് ലഭ്യമാകുന്നത്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ, ഭവന നിർമ്മാണത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ വേർതിരിച്ച് ലഭ്യമാക്കുവാൻ റെലിസ് പോർട്ടലിൽ സാങ്കേതിക സംവിധാനം നിലവിലില്ലാത്തതിനാൽ ഭവന നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ഭവന നിർമ്മാണ ആവശ്യത്തിലേക്കായുള്ള തരംമാറ്റം അപേക്ഷകൾ ലഭിക്കുന്ന അവസരങ്ങളിൽ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് മുൻഗണന അനുവദിച്ചുവരുന്നതാണ്.

(സി) ലൈഫ് പദ്ധതിയിലല്ലാതെ വീട് വയ്ക്കുന്നതിനായി ഭൂമി തരംമാറ്റുന്നതിന് എന്തെങ്കിലും പരിഗണന നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ലൈഫ് പദ്ധതിയിലല്ലാതെ അനുകമ്പാർഹമായ മറ്റു സാഹചര്യങ്ങളിൽ വീട് നിർമ്മിക്കുന്നതിനായുള്ള തരംമാറ്റം അപേക്ഷകൾക്ക് മുൻഗണന നൽകിവരുന്നു. ഇത്തരം അപേക്ഷകളിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് നിജസ്ഥിതി ബോധ്യപ്പെടുന്നപക്ഷം

മുൻഗണനാ കമ്മിറ്റി ചേർന്ന് മുൻഗണന അനുവദിച്ചുവരുന്നതും അദാലത്തുകൾ നടത്തി അപേക്ഷകളിൽ തീർപ്പുകൽപ്പിച്ച് വരുന്നതുമാണ്.

പട്ടികജാതി കുടുംബങ്ങളെ റവന്യൂ ഭൂമിയിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന നടപടി

351 (3578) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന ഇരപ്പിൽ ഉന്നതിയിലെ പട്ടികജാതി കുടുംബങ്ങളെ വാസയോഗ്യമായ സമീപത്തെ റവന്യൂ ഭൂമിയിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള അപേക്ഷ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന ഇരപ്പിൽ ഉന്നതിയിലെ പട്ടികജാതി കുടുംബങ്ങളുടെ വീടുകൾ അപകടാവസ്ഥയിലായതിനാൽ ടി സ്ഥലം വാസയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പട്ടതിന്റെ അടിസ്ഥാനത്തിൽ ടി കുടുംബങ്ങളെ സ്ഥിരമായി മാറ്റി പാർപ്പിക്കുന്നതിന്റെ ഭാഗമായി ഇവരുടെ പേര്, മേൽവിലാസം തുടങ്ങിയ വിശദാംശങ്ങളും ഇവർക്ക് മറ്റെവിടെയും വാസയോഗ്യമായ ഭൂമിയില്ല എന്നുള്ള സത്യവാങ്മൂലവും സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുളത്തുമ്മൽ വില്ലേജിലെ റവന്യൂ പുറമ്പോക്ക് ഭൂമി

352 (3579) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുളത്തുമ്മൽ വില്ലേജിന്റെ പരിധിയിലുള്ള റവന്യൂ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങളും ഭൂമിയിൽ കൈയേറ്റമുണ്ടെങ്കിൽ അതുസംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് 8, 9 എന്നിവയിലായി 17 ഹെക്ടർ 56 ആർ. റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതാണ്. അതിൽ ബ്ലോക്ക് 8 റീ-സർവെ 238/7-ൽ 05.60 ആർ ഭൂമിയിൽ കൈയേറ്റമുള്ളതും അത് ഒഴിപ്പിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവരുന്നതുമാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിൽ 33 കെ. വി. സബ്സ്റ്റേഷൻ

353 (3580) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭൂമി കെ.എസ്.ഇ.ബി.എൽ.-ന് പാട്ടത്തിന് നൽകുന്നതിന് ധനകാര്യ വകുപ്പ് യോജിപ്പ് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികളായ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവ പൂർത്തിയാകുന്നതോടെ വൈദ്യുതി ആവശ്യകതയിൽ ഉണ്ടാകുന്ന വർധനവ് നിറവേറ്റുന്നതിനായി വിഭാവന ചെയ്തിട്ടുള്ള 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ, പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ വെളപ്പായ വില്ലേജിൽ മെഡിക്കൽ കോളേജ് പരിസരത്ത് റീ-സർവെ നമ്പർ 3/1-ൽ ഉൾപ്പെടുന്ന 0.0809 ഹെക്ടർ ഭൂമി, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി ക്യാമ്പസിനുള്ളിൽ 33 കെ.വി. സബ്സ്റ്റേഷൻ, സെക്ഷൻ ഓഫീസ്, ഇ.വി. ചാർജിങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1,02,516/-രൂപ വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകിക്കൊണ്ട് 05-10-2025-ലെ സ.ഉ.(കൈ) നം. 292/2025/റവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

സർക്കാർ ഭൂമിയുടെ പാട്ടുക പുതുക്കാൻ നടപടി

354 (3581) ശ്രീ. പി. കെ. ബഷീർ
ഡോ. എം. കെ. മുനീർ
ശ്രീ. എ. കെ. എം. അഷ്റഫ്
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽനിന്നും സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കുന്നതിനും സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞു കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും സ്ഥാപനങ്ങൾ തുക ഒടുക്കുവരുത്താത്ത പക്ഷം കക്ഷിക്കെതിരെ 1968-ലെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

കൂടാതെ, പാട്ടം റദ്ദ് ചെയ്ത 1958-ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കുടിശ്ശികയായ ലീസ് തുകയുടെ നിശ്ചിത ശതമാനം ഒടുക്കി കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ആംനെസ്റ്റി പദ്ധതി ഏർപ്പെടുത്തുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

(സി) പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പുതുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സർക്കാർ ഭൂമിയിലെ പാട്ടവ്യവസ്ഥകളും പാട്ടനിരക്കുകളും പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ലീസ് നയരൂപീകരണം അന്തിമഘട്ടത്തിലാണ്. എന്ന് മുതലാണെന്ന് നിശ്ചയിച്ചിട്ടില്ല.

ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

355 (3582) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞ് കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ അത് ഈടാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്കുവരുത്താത്ത പക്ഷം കക്ഷിക്കെതിരെ 1968-ലെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ പാട്ടം റദ്ദ് ചെയ്ത് 1957-ലെ കേരള ഭൂസംരക്ഷണ നിയമവും അതിലെ ചട്ടങ്ങളും പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച എത്ര ഹെക്ടർ ഭൂമിയും നാളിതുവരെ പിടിച്ചെടുത്തു; ഇനി എത്ര പിടിച്ചെടുക്കാനുണ്ട്; വിശദമാക്കാമോ?

ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ 2.737 ഹെക്ടർ ഭൂമി നിലവിൽ തിരിച്ചെടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 0.2605 ഹെക്ടർ, കൊല്ലം ജില്ലയിലെ 94.സെന്റ്, ഇടുക്കി

ജില്ലയിലെ 6.31 സെന്റ്, തൃശ്ശൂർ ജില്ലയിലെ 24 സെന്റ്, മലപ്പുറം ജില്ലയിലെ 1.6148 ഹെക്ടർ എന്നിങ്ങനെ ഭൂമി തിരിച്ചെടുക്കാനുണ്ട്.

മണ്ണാർക്കാട് റവന്യൂ ടവർ നിർമ്മാണം

356 (3583) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് റവന്യൂ ടവർ നിർമ്മാണത്തിന് 2018-ൽ സമർപ്പിച്ച എസ്റ്റിമേറ്റിൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റവന്യൂ ടവറിന്റെ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മണ്ണാർക്കാട് റവന്യൂ ടവർ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് അടങ്ങുന്ന പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ലാത്തതിനാൽ അത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വിഷയം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

കാസർഗോഡ് ജില്ലയിലെ കുഡ്ലു വില്ലേജ് ഓഫീസ് കെട്ടിടം

357 (3584) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കുഡ്ലു വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്ത് രണ്ടുവർഷം കഴിഞ്ഞിട്ടും കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് താലൂക്കിലെ മൊഗ്രാൽ പുത്തൂർ, മധൂർ എന്നീ രണ്ട് ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്നതാണ് കുഡ്ലു ഗ്രൂപ്പ് വില്ലേജ്. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ എരിയാലിൽ പ്രവർത്തിക്കുന്ന കുഡ്ലു വില്ലേജ് ഓഫീസിന്റെ പ്രവർത്തനം ഉളിയത്തടുക്കയിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റിയാൽ മധൂർ പഞ്ചായത്തിലെ ഒരേ വാർഡിൽതന്നെ രണ്ട് വില്ലേജ് ഓഫീസുകൾ (മധൂർ, കുഡ്ല) ഉണ്ടാകുകയും മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് ഇല്ലാതെ വരികയും ചെയ്യുന്ന സാഹചര്യമുണ്ടാകുമെന്നുമുള്ള ആശങ്കകൾ ഉയർന്നതിനെത്തുടർന്നാണ് പ്രസ്തുത വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തത്. പ്രസ്തുത ആശങ്കകൾ ദൂരീകരിച്ച് പുതിയ വില്ലേജ് ഓഫീസ് കെട്ടിടം പ്രവർത്തനക്ഷമമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

നെന്മാറ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് കെട്ടിടം

358 (3585) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളുടെ സ്മാർട്ട് കെട്ടിടമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര സ്മാർട്ട് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്; ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കും; വിശദമാക്കുമോ?

(എ&ബി) നെന്മാറ മണ്ഡലത്തിൽ തിരുവാഴിയാട്, അയിലൂർ, കൊല്ലങ്കോട്-1, നെന്മാറ, വല്ലങ്ങി, നെല്ലിയാമ്പതി, എലവഞ്ചേരി, വടവന്നൂർ എന്നീ 8 വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ളതും അതിൽ തിരുവാഴിയാട്, അയിലൂർ, കൊല്ലങ്കോട്-1, നെന്മാറ, വല്ലങ്ങി എന്നീ 5 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. നിർമ്മാണം പുരോഗമിച്ചുവരുന്ന എലവഞ്ചേരി വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം 31-03-2026-നകവും നെല്ലിയാമ്പതി വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം 30-11-2025-നകവും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വടവന്നൂർ വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

എറണാകുളം മണ്ഡലത്തിലെ റവന്യൂ ഓഫീസുകളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ

359 (3586) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എറണാകുളം വില്ലേജ് ഓഫീസിന്റെ നിർമ്മാണ നവീകരണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

എറണാകുളം വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ സ്കീം 2023-24 സാമ്പത്തിക വർഷത്തെ പദ്ധയിലുൾപ്പെടുത്തി 50

ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണ ഏജൻസിയായി തിരഞ്ഞെടുത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) എയർ ഇന്ത്യയിൽനിന്ന് ഏറ്റെടുത്ത കെട്ടിടത്തിലേക്ക് കണയന്നൂർ താലൂക്ക് ഓഫീസ് മാറ്റുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിർദിഷ്ട കണയന്നൂർ താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ നവീകരണത്തിനായി 1,23,60,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടി പുരോഗമിച്ചുവരികയുമാണ്.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പള്ളിക്കൽ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കാൻ നടപടി

360 (3587) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ വില്ലേജിനെ സ്മാർട്ട് വില്ലേജാക്കി മാറ്റുന്നതിനായി നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ വില്ലേജിന് സ്മാർട്ട് വില്ലേജ് നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും നിർവഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ തിരഞ്ഞെടുത്തിട്ടുള്ളതും നിർദിഷ്ട സൈറ്റിൽ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന് വില്ലേജ് ഓഫീസിന് 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നവീകരണം പൂർത്തിയാക്കിയിട്ടുള്ളതാണ്. കൂടാതെ, പള്ളിക്കൽ വില്ലേജ് ഓഫീസിനെ (കൊണ്ടോട്ടി താലൂക്ക്) സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതും അരിയല്ലൂർ വില്ലേജ് ഓഫീസിനായി (തിരുരങ്ങാടി താലൂക്ക്) 2025-26 സാമ്പത്തിക വർഷത്തിൽ നവീകരണത്തിനായുള്ള ഭരണാനുമതി നൽകിയതിൻപ്രകാരം അതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നതുമാണ്.

കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്ക് ഓഫീസുകളിലെ ഒഴിവുകൾ

361 (3588) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര താലൂക്ക് ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കാമോ; നിലവിലെ തസ്തികകളുടെ എണ്ണം ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളുടെ എണ്ണവും എത്ര കാലമായി ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും തസ്തികയും താലൂക്ക് ഓഫീസും തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, ഹോസ്ദുർഗ് എന്നീ നാല് താലൂക്ക് ഓഫീസുകളാണുള്ളത്.

കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്കുകളിൽ നിലവിലുള്ള തസ്തികകളുടെ ഓഫീസ് തിരിച്ചുള്ള എണ്ണം, ഒഴിവുള്ള തസ്തികകളുടെ എണ്ണം, എത്രകാലമായി ടി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നുമുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) താലൂക്ക് ഓഫീസുകളിൽനിന്ന് ജനങ്ങൾക്ക് കൃത്യമായ സമയത്ത് സേവനം ലഭ്യമാക്കാത്തത് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുകൊണ്ടാണോ; വ്യക്തമാക്കാമോ?

നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകിക്കൊണ്ട് ജനങ്ങൾക്ക് സമയബന്ധിതമായ സേവനം ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) തീർപ്പാക്കാത്ത ഫയലുകൾ എത്രയുണ്ടെന്നും ഏതെല്ലാം ഫയലുകളാണ് ഇവയെന്നും എത്ര കാലമായി തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്കുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ഫയലുകളുടെ എണ്ണം, വിഷയം, കാലപ്പഴക്കം എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഇ) അനന്തരാവകാശ സർട്ടിഫിക്കറ്റിനായുള്ള (ലീഗൽ ഹയർഷിപ് സർട്ടിഫിക്കറ്റ്) എത്ര ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നുവെന്ന് താലൂക്ക് തിരിച്ച് പ്രത്യേകം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്കുകളിലെ തീർപ്പാക്കുവാനുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

മലപ്പുറം ജില്ലയിലെ സർവെയർമാരുടെയും ഡ്രാഫ്റ്റ്സ്മാൻമാരുടെയും ഒഴിവുകൾ

362 (3589) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർവെയർമാരുടെയും ഡ്രാഫ്ട്സ്മാൻമാരുടെയും ഗണ്യമായ കുറവുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ജില്ലയിലുള്ളതായ പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ?

നിലവിൽ മലപ്പുറം ജില്ലയിൽ സർവെയർ തസ്തികയിൽ 54 ഒഴിവുകളും ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ 3 ഒഴിവുകളുമുണ്ട്.

(ബി) സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും നൽകുമ്പോൾ പ്രസ്തുത ജില്ലയിൽതന്നെ ഒഴിവുണ്ടായിരിക്കെ മറ്റ് ജില്ലകളിലേക്ക് നിയമനം നൽകുന്നതായും മറ്റ് ജില്ലകളിൽനിന്ന് പ്രസ്തുത ജില്ലയിലേക്ക് നിയമനം ലഭിക്കുന്നവർ ദീർഘ അവധിയിൽ പ്രവേശിക്കുന്നതുമൂലം പ്രസ്തുത ജില്ലയിലെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

04-08-2021-ന് കാലാവധി പൂർത്തിയായ രണ്ടാംതരം സർവെയർ തസ്തികയിലെ റാങ്ക് ലിസ്റ്റിനുശേഷം നാളിതുവരെ പുതിയ ലിസ്റ്റ് നിലവിൽ വരാത്തതിനാൽ വകുപ്പിൽ നിലവിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവുകളിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ വകുപ്പിൽ പുരോഗമിക്കുന്ന ഡിജിറ്റൽ റീ-സർവെ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും പരിചയ സമ്പന്നരായ ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണ്. അപ്രകാരം സ്ഥാനക്കയറ്റ വേളയിൽ ജീവനക്കാരെ മാറ്റി നിയമിക്കാറുണ്ട്. ജീവനക്കാർക്ക് അർഹതപ്പെട്ട അവധികൾ മാത്രമാണ് അനുവദിക്കുന്നത്. അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിൽക്കുന്ന ജീവനക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാറുണ്ട്.

2017-നുശേഷം രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ പി.എസ്.സി. നിയമനം നടന്നിട്ടില്ലാത്തതിനാൽ വകുപ്പിൽ നിലവിലുള്ള ഡ്രാഫ്റ്റ്സ്മാന്മാരുടെ ഒഴിവുകളിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. പുതിയ റാങ്ക് പട്ടിക നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിര നിയമനം നടത്തുന്നതാണ്.

(സി) എങ്കിൽ അവ പരിഹരിച്ച് മലപ്പുറം ജില്ലയിൽ സർവെയർമാരുടെയും ഡ്രാഫ്റ്റ്സ്മാൻമാരുടെയും ഒഴിവുകൾ നികത്തുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ജില്ലകളിൽ നിലവിലുള്ള രണ്ടാംതരം സർവെയർമാരുടെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാംതരം സർവെയർമാരുടെയും ഡ്രാഫ്റ്റ്സ്മാൻമാരുടെയും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്.

പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിലെ ജീവനക്കാരുടെ ഒഴിവുകൾ

363 (3590) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ സ്ഥിരം ജൂനിയർ സൂപ്രണ്ട്, ക്ലർക്കുമാർ എന്നിവരുടെ ഒഴിവ് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിൽ സ്ഥിരം ജൂനിയർ സൂപ്രണ്ട് തസ്തികയില്ല. ടി ഓഫീസിൽ നിലവിൽ ക്ലാർക്കുമാരുടെ ഒഴിവുകൾ ഇല്ലാത്തതാണ്.

(ബി) പെരിന്തൽമണ്ണ, നിലമ്പൂർ, കൊണ്ടോട്ടി, ഏറനാട് താലൂക്കുകൾ ഉൾക്കൊള്ളുന്ന ഈ ഓഫീസിൽ ജീവനക്കാരില്ലാത്തത് ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിൽ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ജീവനക്കാരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ ഓഫീസിലെ ഒഴിവുള്ള തസ്തികയിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിൽ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ ഒഴിവുകൾ ഇല്ല.

വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ജീവനക്കാരുടെ ചുമതലകൾ

364 (3591) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് (വി.എഫ്.എ.) തസ്തികയിലെ ജീവനക്കാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ലാൻഡ് റവന്യൂ മാന്വൽ വാല്യം VI-ലെ 2-ാം അധ്യായത്തിലെ ഖണ്ഡിക 18 പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർ നിർവഹിക്കേണ്ട കടമകൾ ചുവടെ ചേർക്കുന്നു.

1. വില്ലേജിൽ പിരിയുന്ന തുകകൾ സർക്കാർ ഖജനാവിൽ ഒടുക്കുന്നതിന് വില്ലേജ് ഓഫീസറെ സഹായിക്കുക.
2. നികുതിദായകരുടെയോ കുടിശ്ശികക്കാരുടെയോ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റെല്ലാവിധ നോട്ടീസുകളും യഥാവിധി നടത്തുക.
3. നികുതിദായകരിൽനിന്നും നികുതിയിനത്തിലുള്ള തുകകൾ ഓൺലൈനായോ അല്ലാതെയോ സ്വീകരിച്ച് രസീത് നൽകുകയും വിവരം ബന്ധപ്പെട്ട അക്കൗണ്ടിലോ ലഡ്ജറിലോ ചേർക്കുകയും ചെയ്യുക.
4. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഫീൽഡ് ജോലികൾ ഉൾപ്പെടെയുള്ള മറ്റെല്ലാ ഔദ്യോഗിക ജോലികളും നിർവഹിക്കുക.

(ബി) പ്രസ്തുത ജീവനക്കാർക്ക് കൂടുതൽ ചുമതലകൾ നൽകുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാലാകാലങ്ങളിൽ റവന്യൂ വകുപ്പിലെ സേവനത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ duties and responsibilities പുനർനിർവചിക്കുന്നതിനായി ഫീൽഡ് ഓഫീസ് തലം മുതൽ കമ്മീഷണർ ഓഫീസ് തലം വരെയുള്ള വിവിധ കേഡറുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു വർക്ക്ഷോപ്പ് നടത്തി കരട് സമർപ്പിക്കുവാൻ 10-07-2024-ലെ G.O.(Rt)No.1627/2024/RD പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിനെ (ILDM) ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് 30-09-2024-ന് ശില്പശാല നടത്തുകയും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ഉൾപ്പെടെ Duties and Responsibilities പുനർനിർവചിക്കുന്നതിനായി റിപ്പോർട്ട് തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയുമുണ്ടായി. കമ്മീഷണർ ലഭ്യമാക്കിയ പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാതെ പ്രസ്തുത തസ്തിക അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

വി.എഫ്.എ. തസ്തിക ക്ലറിക്കൽ തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നത് നിലവിൽ പരിഗണനയിലില്ല.

റവന്യൂ ജീവനക്കാരുടെ ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ

365 (3592) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ജീവനക്കാർക്ക് എല്ലാ വർഷവും നടത്തിയിരുന്ന ക്രിമിനൽ ജൂഡീഷ്യൽ പരീക്ഷ രണ്ട് വർഷമായി മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) 2023-നുശേഷം പ്രസ്തുത പരീക്ഷയ്ക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വർഷാവർഷം നടത്തിയിരുന്ന പ്രസ്തുത പരീക്ഷ മുടങ്ങുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. ലാൻഡ് റവന്യൂ വകുപ്പിൽ തഹസിൽദാർ തസ്തികയുടെ വിശേഷാൽ ചട്ടം കേരള ഗസറ്റ് (അസാധാരണം) വാല്യം XXV നമ്പർ 400 16-06-1980-ൽ പ്രസിദ്ധീകരിച്ചിരുന്നതും അതിൽ ഖണ്ഡിക (6) ആയി പരാമർശിച്ചിരിക്കുന്ന യോഗ്യത (a)-ൽ " holds a degree in law of a recognised University or has passed the Criminal Judicial Test; and ....." എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ടി വിശേഷാൽ ചട്ടത്തിൽ പ്രതിപാദിക്കുന്ന Criminal Judicial Test-ന്റെ സിലബസ് നിലവിൽ Part I-ൽ Indian Penal Code (Paper I and II), Part II-ൽ Code of Criminal Procedure, 1973 (Act 2 of 1974) (Paper III and IV), Part III-ൽ Medical Jurisprudence (Paper V) Indian Evidence Act (Paper VI) എന്നീ പരീക്ഷകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

01-07-2024-ന് രാജ്യത്ത് നിലവിൽവന്ന ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക സുരക്ഷാസംഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നീ നിയമങ്ങൾക്ക് അനുസൃതമായി Criminal Judicial Test-ന്റെ സിലബസിൽ Indian Penal Code, Code of Criminal

Procedure, 1973 (Act 2 of 1974), Indian Evidence Act എന്നിവയ്ക്ക് പകരം യഥാക്രമം Bharatiya Nyaya Sanhita, Bharatiya Nagarik Suraksha Sanhita, Bharatiya Sakshya Adhiniyam എന്നിവ ഉൾപ്പെടുത്തി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. വിശേഷാൽ ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ അതിന് കാലദൈർഘ്യം എടുക്കുമെന്നതിനാൽ നിലവിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച് ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റിന്റെ സിലബസ് പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഇത് പരിഹരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

01-07-2024-ന് രാജ്യത്ത് നിലവിൽവന്ന ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നീ നിയമങ്ങൾക്ക് അനുസൃതമായി Criminal Judicial Test-ന്റെ സിലബസിൽ Indian Penal Code, Code of Criminal Procedure, 1973 (Act 2 of 1974), Indian Evidence Act എന്നിവയ്ക്ക് പകരം യഥാക്രമം Bharatiya Nyaya Sanhita, Bharatiya Nagarik Suraksha Sanhita, Bharatiya Sakshya Adhiniyam എന്നിവ ഉൾപ്പെടുത്തി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യേണ്ടതുണ്ട്. വിശേഷാൽ ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ അതിന് കാലദൈർഘ്യം എടുക്കുമെന്നതിനാൽ നിലവിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ച് ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റിന്റെ സിലബസ് പരിഷ്കരിക്കുന്ന സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഇ) പരീക്ഷ മുടങ്ങിയതിനാൽ യോഗ്യത നേടാനാവാതെ സ്ഥാനക്കയറ്റം ലഭിക്കാതെ വിരമിച്ചവർക്കും സ്ഥാനക്കയറ്റത്തിന് പരിഗണിക്കാത്തവർക്കും ഉണ്ടായിട്ടുള്ള നഷ്ടം എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

നിലവിൽ 2019 കാലയളവിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെയാണ് തഹസിൽദാർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളതും തഹസിൽദാർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിവരുന്നതും. ടി കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് 2022 വരെ പഴയ സിലബസ് പ്രകാരമുള്ള ക്രിമിനൽ ജൂഡീഷ്യൽ പരീക്ഷ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയിട്ടുണ്ട്. അതിനാൽതന്നെ പരീക്ഷ നടത്താത്തതിനെ തുടർന്ന് യഥാസമയം യോഗ്യത നേടാൻ കഴിയാതെ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നഷ്ടമായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടില്ല.

റെഡ് സോണുകളിലെ നിർമ്മാണങ്ങൾ

366 (3593) ശ്രീ. മോൻസ് ജോസഫ്
ശ്രീ. പി. ജെ. ജോസഫ്
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ ദുരന്തനിവാരണ നിയമപ്രകാരം ഇടുക്കിയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് റെഡ് സോണുകൾ നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ?

2010-ൽ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ ഉരുൾപൊട്ടൽ സാധ്യതാ മാപ്പിൽ ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുടെ തീവ്രതയനുസരിച്ച് റെഡ്, ഓറഞ്ച് സോണുകളായി തിരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 27-06-2023-ലെ WPC 1801/2010 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മൂന്നാർ, വെള്ളത്തൂവൽ, പള്ളിവാസൽ, ദേവികുളം, ചിന്നക്കനാൽ, ബൈസൺവാലി, ശാന്തൻപാറ, ഉടുമ്പൻചോല, മാങ്കുളം, മറയൂർ, ഇടമലക്കുടി, കാന്തല്ലൂർ, വട്ടവട എന്നീ 13 പഞ്ചായത്തുകളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടി നിയന്ത്രണങ്ങൾ പ്രകാരം ടി 13 പഞ്ചായത്തുകളിലെ റെഡ് സോണിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ 150 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുവാൻ അനുമതിയുള്ളതും വാണിജ്യ കെട്ടിടങ്ങൾക്ക് അനുമതിയില്ലാത്തതുമാണ്.

(ബി) റെഡ് സോണുകളിലെ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഭൂപതിവ് നിയമത്തോടൊപ്പം മറ്റ് ഏത് നിയമം ഭേദഗതി ചെയ്യേണ്ടിവരും; വ്യക്തമാക്കാമോ?

റെഡ് സോണുകളിലെ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന വിഷയം റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നില്ല.

(സി) ഇടുക്കിയിൽ റെഡ് സോണുകളായി പ്രഖ്യാപിച്ച പ്രദേശങ്ങൾ എങ്ങനെയാണ് തിരിച്ചറിഞ്ഞത്; വിശദമാക്കാമോ?

2010-ൽ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ ഉരുൾപൊട്ടൽ സാധ്യത മാപ്പിൽ ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളെ

ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുടെ തീവ്രതയനുസരിച്ച് റെഡ്, ഓറഞ്ച് സോണുകളായി തിരിച്ചിട്ടുണ്ട്. ഇതിന്റെ മാപ്പ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. നിലവിൽ ഇടുക്കി ജില്ലയിലെ റെഡ് സോണുകൾ ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ (GSI) 2022-ലെ ലാൻഡ്സ്ലൈഡ് സസെപ്റ്റബിലിറ്റി മാപ്പ് അടിസ്ഥാനമാക്കി തിരിച്ചറിഞ്ഞുവരുന്നു.

(ഡി) റെഡ് സോണുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ നിവാസികളും സ്ഥാപനങ്ങളും നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്താണ്; വിശദമാക്കാമോ?

റെഡ് സോൺ പ്രദേശങ്ങളിൽ ജില്ലയിലെ 13 പഞ്ചായത്തുകളിൽ മാത്രമാണ് നിയന്ത്രണങ്ങളുള്ളത്. ഇവിടങ്ങളിൽ വാസഗൃഹങ്ങൾ നിർമ്മിക്കാമെങ്കിലും വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കില്ല എന്നത് മാത്രമാണ് പ്രധാന ബുദ്ധിമുട്ട്. 45 ഡിഗ്രിയിലധികം ചരിവുള്ളതും ചെങ്കുത്തായതുമായ പ്രദേശങ്ങളാണ് കൂടുതലായും റെഡ് സോണിൽ ഉൾപ്പെട്ടുവരുന്നത് എന്നതിനാൽ ഇത്തരം പ്രദേശങ്ങൾ കെട്ടിട നിർമ്മാണത്തിനും മറ്റും അനുയോജ്യമല്ലാത്തതും ഇത്തരം പ്രദേശങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് സുരക്ഷിതമല്ലാത്തതുമാണ്.

ജാതി സർട്ടിഫിക്കറ്റ്

367 (3594) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ

ലഭ്യമാക്കാമോ?

ലാൻഡ് റവന്യൂ മാന്വൽ വാല്യം VI-ലെ അധ്യായം 21-ലെ ഖണ്ഡിക 239 മുതൽ 244 വരെ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പരാമർശിച്ചിരിക്കുന്നു. ലാൻഡ് റവന്യൂ മാന്വലിന്റെ പ്രസക്തഭാഗം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ദേവികുളം താലൂക്കിലെ തോട്ടം മേഖലയിലുള്ളവർ തമിഴ് ഭാഷ സംസാരിക്കുന്നുവെന്ന കാരണത്താൽ അവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ താമസിക്കുന്നവർ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 1950-നുമുമ്പ് കേരളത്തിലുണ്ടായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്ന് സർക്കാർ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കുടിയേറുകയും ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്ത പട്ടികജാതി/പട്ടികഗോത്രവർഗത്തിൽപ്പെട്ടവർക്ക് സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 12-02-1986-ലെ സ.ഉ.(കൈ)നം.10/1986/SCSTDD ഉത്തരവ് പ്രകാരമാണ്. 1950-ലെ പ്രസിഡൻഷ്യൽ ഓർഡർ വിജ്ഞാപനത്തിന് മുൻപ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലേക്ക് സ്ഥിരമായി കുടിയേറിപാർത്തവരും അവർ അവകാശപ്പെടുന്ന ജാതി രണ്ട് സംസ്ഥാനത്തിലേയും നിലവിലുള്ള പട്ടികജാതി/പട്ടികവർഗ പട്ടികകളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും മാത്രമേ "കുടിയേറിയ സംസ്ഥാനത്ത്" പട്ടികജാതി/പട്ടികവർഗ പദവി, സാക്ഷ്യപത്രം, മറ്റാനുകൂല്യങ്ങൾ എന്നിവ ലഭ്യമാകുകയുള്ളൂ. അത് തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷകൻ ഹാജരാക്കേണ്ടതുണ്ട്.

കൂടാതെ, പിന്നാക്ക വിഭാഗങ്ങൾക്കും സമാനമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് 08-03-2019-ലെ സ.ഉ.(സാധാ)നം. 28/2019/പി.വി.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലും ഏതൊക്കെ രേഖകൾ ഹാജരാക്കണമെന്ന് പരാമർശിച്ചിട്ടില്ല. എന്നാൽ സാക്ഷ്യപത്രം അനുവദിക്കുന്ന ഉദ്യോഗസ്ഥന് മുമ്പാകെ വസ്തുതകൾ ബോധ്യപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

മേൽപറഞ്ഞ സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഡി) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ 1950-ൽ താമസിച്ചിരുന്ന ആളുകളുടെ വിശദാംശം എഴുതി സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

എഴുതി സൂക്ഷിച്ചിട്ടില്ല.

മൃട്ടേഷൻ നടപടി

368 (3595) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ നിയമാനുസൃത അവകാശികൾക്ക് വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ കൈമാറുന്നതിനുള്ള മ്യൂട്ടേഷൻ നടപടികളുടെ പൂർത്തീകരണത്തിന്, അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ നിർബന്ധമായും സത്യവാങ്മൂലം സമർപ്പിക്കണം എന്നുള്ള കേരള ഹൈക്കോടതിയുടെ 14-11-2024-ലെ ഉത്തരവ് (ബാബു ആർ. vs സ്റ്റേറ്റ് ഓഫ് കേരള) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സത്യവാങ്മൂലത്തിന്റെ മാതൃക റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സത്യവാങ്മൂലത്തിന്റെ മാതൃക പുറപ്പെടുവിക്കുന്നതിലേക്കായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14-11-2024-ലെ ഉത്തരവ് (ബാബു ആർ Vs സ്റ്റേറ്റ് ഓഫ് കേരള) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ അവകാശികൾക്ക് കൈമാറുന്നതിനുള്ള മ്യൂട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട്, അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ സത്യവാങ്മൂലം സമർപ്പിക്കണമെന്ന് പ്രസ്തുത വിധിന്യായത്തിൽ കോടതി നിർദേശിക്കുന്നുണ്ടെങ്കിലും സത്യവാങ്മൂലത്തിന്റെ മാതൃക പുറപ്പെടുവിക്കണമെന്ന് നിർദേശിച്ചിട്ടില്ല.

(സി) പ്രസ്തുത സത്യവാങ്മൂലത്തിന്റെ മാതൃക റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ സമാന സാഹചര്യങ്ങളിൽ നിലവിലുള്ള മ്യൂട്ടേഷൻ നടപടികളുടെ പൂർത്തീകരണത്തിനുവേണ്ടി

റവന്യൂ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും കോടതി ഉത്തരവുകളുടെയും അവകാശികൾ സമർപ്പിക്കുന്ന സത്യാവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ പോക്കുവരവ് നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ഹൈക്കോടതിയുടെ നിർദേശപ്രകാരം, വിൽപത്രം വഴിയുള്ള ട്രാൻസ്ഫർ ഓഫ് രജിസ്ട്രി (പോക്കുവരവ്) സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തി പോക്കുവരവ് ചട്ടങ്ങൾ, 1966 ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ മണ്ഡലത്തിലെ ഭൂമി തരംമാറ്റൽ പ്രക്രിയ

369 (3596) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയയ്ക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

ചാവക്കാട് താലൂക്കിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 14 വില്ലേജുകൾ ഉൾപ്പെട്ടുവരുന്നു. പ്രസ്തുത മണ്ഡലത്തിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തരംമാറ്റ അപേക്ഷകളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തരംമാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ജില്ലയിൽ വിവിധ അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. ജില്ലയിൽ 03-10-2025-ൽ നടത്തിയ അദാലത്തിൽ തൃശ്ശൂർ സബ് കളക്ടറുടെ അധികാര പരിധിയിലുള്ള ചാവക്കാട് താലൂക്കിൽ 25 സെന്റിൽ താഴെയുള്ള ഫാറം 6 അപേക്ഷകളിൽ എൺപത്തിയാറ് ശതമാനം അപേക്ഷകൾ തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) സബ് കളക്ടറെ കൂടാതെ ഡെപ്യൂട്ടി കളക്ടർമാരെക്കൂടി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ 51 ഡെപ്യൂട്ടി കളക്ടർമാരെക്കൂടി നിയോഗിച്ചുകൊണ്ട് 27-06-2024-ലെ സ.ഉ.(അച്ചടി)നം.140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി)നം.142/2024/RD എന്നിവ പ്രകാരം ഉത്തരവായിരുന്നു. ഇതിനെത്തുടർന്ന് ഭൂമി തരംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകളും ഓഫ്‌ലൈൻ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മങ്കട മണ്ഡലത്തിലെ തരിശുഭൂമി

370 (3597) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പഞ്ചായത്തുകളിലെ തരിശുഭൂമി എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ അവയുടെ വിവരം ലഭ്യമാക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം അനുബന്ധമായി+ ചേർക്കുന്നു. ഇത് തരിശുഭൂമിയും കൂടിയതാണ്. ഇതിൽ തരിശുഭൂമി സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ കൈവശം തരിശുഭൂമിയുണ്ടോ; എങ്കിൽ വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

മങ്കട മണ്ഡലത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിൽ തരിശ് ഭൂമിയില്ല.

മലപ്പുറം ജില്ലയിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

371 (3598) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ആക്കാൻ തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാർഷിക പദ്ധതി പ്രകാരം പൊന്മള, ഊരകം, കോട്ടയ്ക്കൽ, പെരുമ്പടപ്പ്, ചീക്കോട്, തിരുരങ്ങാടി, മേലാറ്റൂർ, വലമ്പൂർ, വളവന്നൂർ, എടയൂർ, തുപ്പങ്ങോട്, പോരൂർ, ചെറിയമുണ്ടം, പള്ളിക്കൽ, പെരുമണ്ണ, പറപ്പൂർ, കുറ്റിപ്പുറം, പയ്യനാട്, എ.ആർ. നഗർ, തെന്നല, പൊന്മുണ്ടം, വെളിയങ്കോട്, കുഴിമണ്ണ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരുവാരകുണ്ട്, ആനക്കയം, വണ്ടൂർ, മുതുവല്ലൂർ, അങ്ങാടിപ്പുറം, വെട്ടത്തൂർ, കല്പകഞ്ചേരി, ആലങ്കോട് എന്നീ വില്ലേജ് ഓഫീസുകളെയുമാണ് സ്മാർട്ട് ആക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ വില്ലേജിനെ സ്മാർട്ട് വില്ലേജായി തിരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവൃത്തി തുടങ്ങുന്നതിന്റെ കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കുവാൻ ഭരണാനുമതി നൽകിയിട്ടുള്ളതും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലുമാണ്.

പ്രീമൃട്ടേഷൻ സ്കെച്ച്

372 (3599) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പോർട്ടൽ വഴി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റ് സർവെ സംബന്ധമായ ആവശ്യങ്ങൾക്കും ഡിജിറ്റൽ സർവെ പ്രകാരമുള്ള പ്രീമൃട്ടേഷൻ സ്കെച്ച് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂ സേവനങ്ങൾ എന്റെ ഭൂമി പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിൽ വസ്തു കൈമാറ്റം (രജിസ്ട്രേഷൻ) ചെയ്യുന്നതിന് DPMS (ഡിജിറ്റൽ പ്രീമൃട്ടേഷൻ സ്കെച്ച്), തണ്ടപ്പേര് സർട്ടിഫിക്കറ്റ് ഇവ നിർബന്ധമാണ്. എന്റെ ഭൂമി പോർട്ടൽ മുഖാന്തരം ടി ജോലി സമയബന്ധിതമായി

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് DPMS (ഡിജിറ്റൽ പ്രീമ്യൂട്ടേഷൻ സ്കെച്ച്) ഉപയോഗിക്കുന്നുണ്ട്.

(ബി) പ്രീമ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിന് ടോറൻസ് സമ്പ്രദായത്തിന്റെ മാതൃകയിൽ ലൈസൻസ്ഡ് സർവെയർമാർക്ക് കൂടി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പ്രസ്തുത വിഷയത്തിൽ സർവെ വകുപ്പിലെ സർവെയർമാരുടെ സേവനമാണ് പ്രയോജനപ്പെടുത്തി വരുന്നത്.

മട്ടന്നൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവെ നടപടികൾ

373 (3600) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഡിജിറ്റൽ സർവെ പദ്ധതിയുടെ നിലവിലുള്ള പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

(എ&ബി) ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട് മട്ടന്നൂർ മണ്ഡലത്തിലെ കീഴല്ലൂർ വില്ലേജിനെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും കല്ല്യാട് വില്ലേജിനെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തി സർവെ നടപടികൾ പുരോഗമിച്ചുവരികയാണ്.

കീഴല്ലൂർ വില്ലേജിന്റെ സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കല്ല്യാട് വില്ലേജിൽ 55.38 ശതമാനം ഫീൽഡ് ജോലികളും പൂർത്തിയായിട്ടുണ്ട്.

വഴിക്കടവ് വില്ലേജിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

374 (3601) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് വില്ലേജിൽ പതിറ്റാണ്ടുകളായി കരം അടച്ചുവരുന്നവരുടെ വീടും ഭൂമിയും വനഭൂമിയായി കണക്കാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർവെ അതിരടയാള നിയമം 1961 നിഷ്കർഷിക്കുന്ന രീതിയിൽ സ്വകാര്യ ഭൂമികൾ നിലവിലെ കൈവശാതിർത്തി പ്രകാരവും സർക്കാർ ഭൂമികൾ നിലവിൽ ലഭ്യമായ സർവെ സ്കെച്ചുകൾ പ്രകാരവും പുനർനിർണ്ണയം നടത്തിയാണ് ഡിജിറ്റൽ സർവെ നടന്നുകൊണ്ടിരിക്കുന്നത്.

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വഴിക്കടവ് വില്ലേജിൽ 17 ശതമാനം ഫീൽഡ് ജോലികൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. തുടർ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വനഭൂമിയുമായി ബന്ധപ്പെട്ട ഭൂമികളിൽ സർവെ പൂർത്തീകരിച്ചശേഷം വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

ഡിജിറ്റൽ സർവെ

375 (3602) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഡിജിറ്റൽ സർവെ പൂർത്തിയായ ജില്ലകൾ ഏതൊക്കെയാണെന്നും ബാക്കിയുള്ള ജില്ലകളിൽ ഡിജിറ്റൽ സർവെ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും മൂന്ന് ഘട്ടങ്ങളിലായി 639 വില്ലേജുകളുടെ സർവെ നടപടികളാണ് നടന്നുവരുന്നത്. മറ്റ് വില്ലേജുകളെ പദ്ധതിയുടെ വരും ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 60.98 ലാൻഡ് പാർസലുകളിലായി 8.33 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ ഡിജിറ്റലായി ഇതിനകം അളന്നിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകൾ ഏതൊക്കെയാണെന്നും ബാക്കിയുള്ളവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം-1, നെല്ലായ വില്ലേജുകളെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും ഷൊർണ്ണൂർ-1 വില്ലേജിനെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തി സർവെ

നടപടി പുരോഗമിക്കുന്നു. ഷൊർണ്ണൂർ മണ്ഡലത്തിലെ മറ്റ് വില്ലേജുകളെ പദ്ധതിയുടെ വരും ഘട്ടങ്ങളിൽ ഉൾപ്പെടുത്തി 4 വർഷംകൊണ്ട് സർവെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

നാദാപുരം മണ്ഡലത്തിലെ ഡിജിറ്റൽ സർവെ

376 (3603) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റെക്കോർഡുകൾ നാലുവർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയുമായി ബന്ധപ്പെട്ട് നാദാപുരം മണ്ഡലത്തിലെ ചെക്കിയാട്, നാദാപുരം, ഇരുണേരി, വളയം എന്നീ വില്ലേജുകളെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും വാണിമേൽ, കാവിലുംപാറ എന്നീ വില്ലേജുകളെ രണ്ടാം ഘട്ടത്തിലും തിനൂർ, മരുതോങ്കര എന്നീ വില്ലേജുകളെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ എല്ലാ വില്ലേജുകളുടെയും സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും രണ്ടാം ഘട്ടത്തിലെ വാണിമേൽ (86.81 ശതമാനം), കാവിലുംപാറ (9.61 ശതമാനം) വില്ലേജുകളുടെ ഫീൽഡ് ജോലികളും പൂർത്തിയായിട്ടുണ്ട്. മൂന്നാം ഘട്ടത്തിലെ തിനൂർ, മരുതോങ്കര എന്നീ വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ സർവെ പൂർത്തീകരിച്ചവയുടെ വിവരങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ എന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ സർവെ പൂർത്തീകരിച്ച എല്ലാ വില്ലേജുകളുടെയും സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2), 13 പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ ഉടൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി ജില്ലയിലെ റീ-സർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മുഖാന്തരം സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും ആയത് എന്ന് പ്രസിദ്ധീകരിക്കുമെന്നും വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ ആകെയുള്ള 12 വില്ലേജുകളിൽ 8 വില്ലേജുകളെ ആദ്യ മൂന്ന് ഘട്ടങ്ങളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 4 വില്ലേജുകളെ തുടർ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി 4 വർഷക്കാലയളവിനുള്ളിൽ സർവെ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മലപ്പുറം ജില്ലയിലെ ഡിജിറ്റൽ സർവെയുടെ പുരോഗതികൾ

377 (3604) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഡിജിറ്റൽ സർവെയുടെ പുരോഗതികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ മൂന്ന് ഘട്ടങ്ങളിലുമായി ഇതിനകം എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തിയായി; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ ഡിജിറ്റൽ സർവെയിൽ നിലവിലെ മൂന്ന് ഘട്ടങ്ങളിലായി ഉൾപ്പെടുത്തിയ വില്ലേജുകളുടെ പുരോഗതി വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) സർവെ പൂർത്തീകരിച്ച വില്ലേജുകളിലെ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; അവ എന്നത്തേയ്ക്ക് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

സർവെ പൂർത്തീകരിച്ച വില്ലേജുകളിലെ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികളുടെ ഭാഗമായ സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2), 13 എന്നീ നോട്ടിഫിക്കേഷനുകൾ ഉടൻ പ്രസിദ്ധപ്പെടുത്തുന്നതിന് റെക്കോർഡുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലയിലെ റീ-സർവെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മുഖേന ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. 13 നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചശേഷം രേഖകൾ റവന്യൂ ഭരണത്തിന് കൈമാറും.

റീ-സർവെയിലെ അപാകതകൾ പരിഹരിക്കാൻ നടപടി

378 (3605) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവെ നടപടികൾ പൂർത്തീകരിക്കപ്പെട്ട വില്ലേജുകളിൽ റെക്കോർഡുകളുടെ അപാകതകളും നടപടികളുടെ പോരായ്മകളുംമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരമ്പരാഗത രീതിയിലുള്ള റീ-സർവെ നടന്ന വില്ലേജുകളിൽ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറാനുണ്ടായ കാലതാമസം നിരവധി അപാകതയും പോരായ്മകളും ഉണ്ടാക്കുന്നതിന് കാരണമായിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിന് ജനങ്ങൾ റീ-സർവെ അദാലത്തുകളിൽ നൽകുന്ന അപേക്ഷകൾ വർഷങ്ങളായി കെട്ടിക്കിടക്കുകയും സർവെയർമാർ നടപടിക്രമങ്ങൾ പാലിക്കാതെ ഇവ പരിശോധിക്കുന്നതായും ഇത് പരിഹരിക്കുന്നതിന് കാലതാമസം വരുന്നതായും മുൻഗണനാക്രമം പാലിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

അപേക്ഷകളുടെ ആധിക്യംമൂലം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം നേരിടുന്ന എൽ.ആർ.എം. ഫയലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ ബന്ധപ്പെട്ട ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനനുസരിച്ച് സർവെയും ഭൂരേഖയും വകുപ്പിൽനിന്നും നിയോഗിച്ചുവരുന്നു.

ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ, നിലവിലുള്ള LRM പരാതികൾ, ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അപേക്ഷകൾ മുൻഗണന പ്രകാരമല്ലാതെയും പ്രത്യേക താൽപര്യത്തോടെയും കൈകാര്യം ചെയ്തതിന്റെ ഫലമായി ഏതെങ്കിലും സർവെയർമാർക്കെതിരെയോ തഹസിൽദാർമാർക്കെതിരെയോ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

അപേക്ഷകൾ മുൻഗണന പ്രകാരമല്ലാതെയും താൽപര്യത്തോടെയും കൈകാര്യം ചെയ്തതായി കണ്ടെത്തിയ ചില സർവെയർമാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. എന്നാൽ

എല്ലാ സർവെയർമാരെയും ഈ ഗണത്തിൽപ്പെടുത്താനാകില്ല. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) ഈ വിഷയത്തിൽ സർവെയർമാർക്കും റവന്യൂ ഉദ്യോഗസ്ഥർക്കും എതിരെ പരാതികൾ ഓൺലൈനായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർവെ ഉദ്യോഗസ്ഥർക്കെതിരെയും റവന്യൂ ഉദ്യോഗസ്ഥർക്കെതിരെയും പരാതികൾ ഓൺലൈനായി നൽകാനുള്ള സാഹചര്യം നിലവിലുണ്ട്. റവന്യൂ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ 'പരാതി' എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നൽകേണ്ടത്.

മണലൂർ മണ്ഡലത്തിലെ ഡിജിറ്റൽ റീ-സർവെ നടപടികൾ

379 (3606) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഡിജിറ്റൽ റീ-സർവെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീ-സർവെ നടപടികൾ പൂർത്തീകരിച്ചു; വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിലെ കാരമുക്ക്, മനക്കൊടി എന്നീ വില്ലേജുകളെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും ബ്രഹ്മകുളം വില്ലേജിനെ രണ്ടാം ഘട്ടത്തിലും എളവള്ളി, തൈക്കാട് എന്നീ വില്ലേജുകളെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലെ എല്ലാ വില്ലേജുകളുടെയും സർവെ അതിരടയാള നിയമം അനുസരിച്ചുള്ള സെക്ഷൻ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള തുടർ നടപടികൾ നടന്നുവരുന്നു.

മൂന്നാം ഘട്ടത്തിലെ എളവള്ളി, തൈക്കാട് വില്ലേജുകളുടെ പ്രാരംഭ ഘട്ട ജോലികളും നടന്നുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ള വില്ലേജുകളിലെ ഡിജിറ്റൽ റീ-സർവെയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിലെ 22 വില്ലേജുകളിൽ 5 വില്ലേജുകളെ പദ്ധതിയുടെ ആദ്യ മൂന്ന് ഘട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 17 വില്ലേജുകളെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടപടികൾ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഡി) റീ-സർവെയ്ക്കുശേഷം രേഖകളിൽനിന്നും വ്യത്യാസമായി മിച്ചമുള്ളതോ കുറവുള്ളതോ ആയി വരുന്ന ഭൂമിയിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഡിജിറ്റൽ സർവെ രേഖകളിൽ സ്ഥലം കുറഞ്ഞവർക്കും കൂടിയവർക്കും കൈവശത്തിനനുസരിച്ച് കരം ഒടുക്കി നൽകുന്നതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അതിർത്തി തർക്കങ്ങളുടെയും മറ്റും ഭാഗമായി ഭൂമി കുറവുള്ളവർക്ക് പ്രസ്തുത ഭൂമിയോട് ചേർന്നുള്ള അധിക ഭൂമിയുള്ളവരിൽനിന്നും ക്രമീകരിക്കുന്നതിന് നടപടികളെടുക്കുമോ; വിശദമാക്കുമോ?

ഡിജിറ്റൽ സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂവുടമയെ സർവെ റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഉടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റെക്കോർഡുകൾ എല്ലാ ഭൂവുടമസ്ഥരെക്കൊണ്ട് പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

ടി നടപടികളിലൂടെ ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ കഴിയുന്നതാണ്.

എക്സികൂട്ടീവ് ഉത്തരവിലൂടെ പൂർണ്ണ അവകാശം ഭൂമിയിൽ ലഭിക്കുന്നത് സംബന്ധിച്ച്

380 (3607) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണം നടന്ന സംസ്ഥാനത്ത് ഇപ്പോഴും പൂർണ്ണ അവകാശം ഭൂമിയിൽ ലഭിച്ചിട്ടില്ലെന്നിരിക്കെ കാണം, കുഴിക്കാണം, പാട്ടം തുടങ്ങി ജന്മവകാശം കിട്ടാതെ പട്ടയം ലഭിക്കുന്നതിന് ആയിരക്കണക്കിന് അപേക്ഷകൾ ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

01-04-1964-നുമുമ്പ് ജന്മി കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശംവച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രൈബ്യൂണലുകളാണ്. ഇതിനായി ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകൾ, സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ, ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവിടങ്ങളിലായി അൻപതിനായിരത്തോളം കേസ്സുകളാണ് ഇനിയും തീർപ്പാക്കാനായി ശേഷിക്കുന്നത്. കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തിവരുന്നു. കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽനിന്നും പരിശീലനവും നൽകിവരുന്നു. ഈ വർഷം ഏകദേശം മുപ്പതിനായിരത്തോളം അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളത്. ബാക്കി നിലനിൽക്കുന്ന അപേക്ഷകൾ 2026 ജനുവരി മാസം 31-നുള്ളിൽ തീർപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ചുവരുന്നു.

(ബി) ഇല്ലാത്ത ജന്മിയെ തേടുന്ന ഇത്തരം നടപടിക്രമങ്ങൾ ഒഴിവാക്കി ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

1963-ലെ കേരള ഭൂപരിഷ്കരണനിയമം നിലനിൽക്കുന്ന സാഹചര്യത്തിൽ അതിൽ ഭേദഗതി വരുത്താതെ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മറികടക്കുന്നത് നിയമപരമായി നിലനിൽക്കുന്നതല്ല.

ഭൂപതിവ് ചട്ടങ്ങൾ ലളിതവും സുതാര്യവുമാക്കാൻ നടപടി

381 (3608) ശ്രീ. ഇ. കെ. വിജയൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീമതി സി. കെ. ആശ
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റം ഉൾപ്പെടെയുള്ള വിവിധ ദൗത്യങ്ങൾ നടപ്പിലാക്കുന്ന റവന്യൂ വകുപ്പിന്റെ ഓഫീസുകളിൽ ഭൂപതിവ് നിയമത്തിലെ ചട്ടഭേദഗതികളുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇതുസംബന്ധമായ ചട്ടങ്ങൾ ഔദ്യോഗികമായി പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ആവശ്യമായി വേണ്ടിവരുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

(ബി) കൃഷിക്കും താമസത്തിനുമായി അനുവദിച്ച പട്ടയ ഭൂമിയിലെ വീട് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോ; വിശദീകരിക്കുമോ?

കൃഷിക്കും താമസത്തിനുമായിട്ടാണ് പട്ടയം അനുവദിച്ചിട്ടുള്ളതെങ്കിൽ അത്തരം ഭൂമിയിലെ വീട് നിർമ്മാണം വ്യവസ്ഥ ലംഘനമല്ലാത്തതിനാൽ ക്രമീകരിക്കേണ്ടതില്ല.

(സി) ഇപ്പോൾ നടപ്പിലാക്കുന്ന ഭൂപതിവ് ചട്ടഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പുതിയതായി ഉത്ഭവിക്കുന്നതുമായ വിനിയോഗങ്ങൾ ക്രമപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പട്ടയത്തിൽ പ്രത്യേക ഉദ്ദേശ്യം രേഖപ്പെടുത്തിയ ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പുതുക്കിയ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

ചട്ടങ്ങൾ വിജ്ഞാപനത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്.

ഭവന നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ

382 (3609) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുരുങ്ങിയ കാലയളവിനുള്ളിൽ ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കുന്നതിന് നൂതന സാങ്കേതികവിദ്യകൾ അവലംബിക്കുന്ന അംഗീകൃത ഏജൻസികൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. 3D പ്രിന്റിങ് ടെക്നോളജി, പ്രീ-ഫാബ് കൺസ്ട്രക്ഷൻ എന്നിവ പ്രാവർത്തികമാക്കി കുറഞ്ഞ കാലയളവിൽ ഗുണമേന്മയോടുകൂടിയ വീടുകൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം സംസ്ഥാന നിർമ്മിതി

കേന്ദ്രത്തിന്റെ ക്യാമ്പസിനുള്ളിൽ ഒരു മാതൃകാ കെട്ടിടം ഒരുക്കിയിട്ടുണ്ട്. ഇതേ മാതൃകയിൽ വീടുകൾ നിർമ്മിക്കുന്നതിന് പദ്ധതികളാവിഷ്കരിച്ചുവരുന്നു.

(ബി) പ്രീകാസ്റ്റ് നിർമ്മാണരീതികൾ വഴി ചുരുങ്ങിയ ചെലവിൽ സുരക്ഷിതമായി വീടുകൾ നിർമ്മിക്കാൻ ഇത്തരം ഏജൻസികൾ വഴി സാധിക്കുമോ; വിശദമാക്കാമോ?

പ്രീകാസ്റ്റ് നിർമ്മാണ രീതികളായ Sandwich Sheet Pre-Fab Construction, Pre-Fab 3D Printing എന്നീ രീതികളിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തിവരുന്നു. ഉൽപാദന യൂണിറ്റുകൾ വഴി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ വിവിധ ഭാഗങ്ങൾ വേണ്ടുന്ന സ്ഥലത്ത് എത്തിച്ച് കൂട്ടിയോജിപ്പിച്ച് വീടുകൾ പണികഴിപ്പിക്കുന്ന രീതി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇത്തരം നിർമ്മാണ രീതികൾ അവലംബിക്കുന്നതിലൂടെ വീട് നിർമ്മാണത്തിനായി സമ്പാദ്യം മുഴുവൻ ചെലവാക്കേണ്ടിവരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താൻ സാധിക്കുമോ; വിശദമാക്കാമോ?

പ്രത്യേക മേഖലകൾക്കായി വീടുകളുടെ മോഡുലാർ ഡിസൈൻ പ്രാവർത്തികമാക്കുകയാണെങ്കിൽ ഒരേ രീതിയിലും വലുപ്പത്തിലുമുള്ള കെട്ടിടങ്ങളുടെ ഒരോ ഭാഗങ്ങളും പ്രീകാസ്റ്റ് നിർമ്മാണവിദ്യയിലൂടെ ഉൽപാദന കേന്ദ്രങ്ങളിൽ കാസ്റ്റ് ചെയ്ത് വേഗത്തിലും കാര്യക്ഷമതയോടുകൂടിയും ചെലവ് കുറച്ചും നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയും. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ Cost Effective & Environment Friendly (CEEF) സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾ സാധാരണ കെട്ടിടങ്ങളെ അപേക്ഷിച്ച് 15-30 ശതമാനംവരെ ചെലവ് ചുരുക്കി നിർമ്മിക്കുവാനായി സാധിക്കും.

മറൈൻ എക്കോ സിറ്റി പദ്ധതി

383 (3610) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മറൈൻ ഡ്രൈവിൽ കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിന്റെ കീഴിൽ നടപ്പാക്കുന്ന മറൈൻ എക്കോ സിറ്റി പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണ്; അറിയിക്കാമോ?

മറൈൻ എക്കോ സിറ്റി പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിലേക്കാവശ്യമായ Statutory Clearances നേടുന്നതിനായി നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. അതിൽ CRZ, GRIHA, Pollution Control Board COE, Air Port NOC, Environmental Clearance, Fire NOC എന്നിവ ലഭിച്ചിട്ടുണ്ട്. Building Permit ലഭ്യമാക്കുന്നതിനുള്ള നടപടികളും Wildlife Clearance-മായി ബന്ധപ്പെട്ട തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

മറൈൻ എക്കോസിറ്റി ഫേസ്-1 നിർമ്മാണത്തിനായുള്ള EPC ടെൻഡർ ക്ഷണിക്കുകയും അതിന്റെ ഇവാല്യുവേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ ലഭിച്ചതിനുശേഷം L1 bidder ആയ M/s. DEE VEE Projects Limited-ന് വർക്ക് ഓർഡർ ഇഷ്യൂ ചെയ്യുന്നതും RERA Registration ലഭിക്കുന്നയുടൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

(ബി) പദ്ധതിയുടെ ആദ്യഘട്ടം (ഫേസ് എ) നിർവഹിക്കാൻ എൻ.ബി.സി.സി. (നാഷണൽ ബിൽഡിങ്സ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (ഇൻഡ്യ) ലിമിറ്റഡ്) മുഖേന ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്ന് വിശദമാക്കാമോ?

ഉണ്ട്. പദ്ധതിക്ക് ആകെ 3394 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) മറൈൻ എക്കോ സിറ്റിയുടെ നിലവിലെ രൂപരേഖ എന്താണെന്ന് വിശദമാക്കാമോ?

മറൈൻ എക്കോ സിറ്റി പദ്ധതിയിൽ റസിഡൻഷ്യലും കൊമേർഷ്യലുമായ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 17.9 ഏക്കർ വിസ്തീർണ്ണമുള്ള പദ്ധതി പ്രദേശത്തെ മൂന്നായി വിഭജിച്ച്, ആദ്യഘട്ടം 3.16 ഏക്കറിലും രണ്ടാമത്തേത് 2.6 ഏക്കറിലും മൂന്നാമത്തേത് 12.14 ഏക്കറിലുമായാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഘട്ടം ഒന്നിൽ കൊമേർഷ്യലും റസിഡൻഷ്യലും അടങ്ങിയ 28 നിലകളുള്ള കെട്ടിട സമുച്ചയവും ഘട്ടം രണ്ടിൽ 8 നിലകളായിട്ടുള്ള ഹോട്ടൽ/കൺവെൻഷൻ സെന്ററും മൂന്നാം ഘട്ടത്തിൽ 30 നിലകളുള്ള ആറ് റസിഡൻഷ്യൽ ടവറുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയായാൽ കൊച്ചിയുടെ നഗര വികസനത്തിനും തൊഴിൽ സാധ്യതകൾക്കും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

കൊച്ചി നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള ഭവന നിർമ്മാണ ബോർഡിന്റെ 17.9 ഏക്കർ ഭൂമിയിലാണ് മറൈൻ എക്കോ സിറ്റി പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. പദ്ധതിയിൽ

ഹോട്ടൽ/കൺവെൻഷൻ സെന്റർ ഉൾപ്പെട്ടിട്ടുള്ളതിനാൽ വിവിധതരം സാമൂഹിക-സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് പര്യാപ്തമാകും. പദ്ധതിയിലൂടെ 1112 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനാൽ കൊച്ചിയുടെ മധ്യവർഗ വിഭാഗത്തിന്റെ പാർപ്പിട ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് സഹായകമാകും. ഇതൊരു ബൃഹത് പദ്ധതിയായതിനാൽ ഇതിന്റെ നിർമ്മാണഘട്ടത്തിലും തുടർന്നും ഒട്ടേറെ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കപ്പെടുന്നതാണെന്നും വിലയിരുത്തിയിട്ടുണ്ട്.

കേരള ബിൽഡിങ് ടാക്സ് പോർട്ടൽ തകരാർ

384 (3611) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിങ് ടാക്സ് പോർട്ടൽ തകരാറിലായത് കാരണം ജനങ്ങൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 മുതൽ സി-ഡിറ്റ് വികസിപ്പിച്ച കേരള ബിൽഡിങ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം മൊഡ്യൂൾ കാലഹരണപ്പെട്ടിട്ടുള്ളതിനാൽ ആവശ്യമായ മാറ്റങ്ങൾ അടിയന്തരമായി വരുത്തി പുതിയ മൊഡ്യൂൾ സ്റ്റേറ്റ് ഡാറ്റ സെന്ററിൽ 30-07-2025-ന് ഹോസ്റ്റ് ചെയ്തിട്ടുള്ളതും റവന്യൂ വകുപ്പിലെ കെ.ബി.റ്റി.-യുമായി ബന്ധപ്പെട്ട എല്ലാ റവന്യൂ ഉദ്യോഗസ്ഥർക്കും ട്രെയിനിങ് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ഉദ്യോഗസ്ഥർ അഭിമുഖീകരിക്കുന്ന പോർട്ടൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത സോഫ്റ്റ്വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ താലൂക്കുകളിൽ ടി പോർട്ടൽ മുഖേന കെട്ടിട നികുതി നിർണ്ണയം നടത്തിവരുന്നുണ്ട്. കൂടാതെ വിവിധ ഓഫീസുകളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാങ്കേതിക തകരാറുകൾ ഓരോന്നായി പരിഹരിച്ച് വരുന്നുണ്ട്.

(സി) ഇത്തരത്തിൽ സോഫ്റ്റ്വെയർ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നപക്ഷം അടിയന്തരമായി അവ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

സ്റ്റേറ്റ് ഐ.ടി. സെല്ലും സി-ഡിറ്റും ചേർന്ന് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലെയും കെട്ടിട നികുതിയുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുമായി വെബ് മീറ്റിങ്ങ് മുഖേന interaction നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം താലൂക്കുകളുമായുള്ള അവലോകനം പൂർത്തീകരിക്കുകയും അവർ അഭിമുഖീകരിക്കുന്ന പോർട്ടൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ചുവരികയും ചെയ്യുന്നുണ്ട്.

ഹരിപ്പാട് റവന്യൂ ടവർ

385 (3612) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് റവന്യൂ ടവറിന്റെ നിയന്ത്രണാധികാരം ആലപ്പുഴ ജില്ലാ കളക്ടർക്ക് കൈമാറാത്തതിന്റെ കാരണം എന്താണെന്നും ഇതുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സം എന്താണെന്നും അറിയിക്കാമോ?

ഹരിപ്പാട് റവന്യൂ ടവർ നിർമ്മാണം പൂർത്തിയാക്കിയ വകയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ചെലവായ തുക പൂർണ്ണമായും ലഭിക്കാത്തത് കാരണമാണ് ഭൂമി രേഖാമൂലം റവന്യൂ വകുപ്പിന് കൈമാറുവാൻ സാധിക്കാത്തത്. പ്രസ്തുത തുക ബോർഡിന് ലഭ്യമാക്കുന്നതിന് നിലവിൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത ടവറിന്റെ പരിസരത്ത് സെപ്ടിക് ടാങ്ക് ചോർന്നൊലിക്കുന്നതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ടവറിലെ ലിഫ്റ്റുകളുടെ എ.എം.സി. പുതുക്കുന്നതിനും ടവന്യൂ ടവർ കോമ്പൗണ്ടിലെ തെരുവുനായ ശല്യം പരിഹരിക്കുന്നതിനും എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഹരിപ്പാട് റവന്യൂ ടവറിലെ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിലെ അപാകതമൂലം പലപ്പോഴായി ലീക്കേജ് ഉണ്ടായിട്ടുണ്ട്. റോട്ടറി ക്ലബ്, മണ്ണാറശ്ശാല ക്ഷേത്ര ട്രസ്റ്റ് എന്നിവരുടെ സഹായത്തോടെ രണ്ട് തവണ വൃത്തിയാക്കിയിട്ടുണ്ട്. സെപ്ടിക് ടാങ്ക് മാലിന്യ പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിനായി ഹരിപ്പാട് മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റവന്യൂ ടവർ കോമ്പൗണ്ടിൽ പുതിയ STP പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്.

ലിഫ്റ്റിന്റെ എ.എം.സി. പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച 50,000/- രൂപ വിനിയോഗിച്ച് ഒരു ലിഫ്റ്റ് നന്നാക്കുകയും അത് പ്രവർത്തിച്ചുവരുന്നുമുണ്ട്. തെരുവുനായ ശല്യം പരിഹരിക്കുന്നതിന് മുനിസിപ്പാലിറ്റി മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടവറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇതിന്റെ നിയന്ത്രണാധികാരം അടിയന്തരമായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹരിപ്പാട് റവന്യൂ ടവർ ഉൾപ്പെടുന്ന ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിനായി സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ലഭിക്കേണ്ട ബാക്കി തുക ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്.

മലപ്പുറത്ത് വർക്കിങ് വിമൻസ് ഹോസ്റ്റൽ

386 (3613) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഈ സാമ്പത്തിക വർഷത്തെ വർക്കിങ് വിമൻസ് ഹോസ്റ്റൽ പ്രോജക്ട് പ്രൊപ്പോസലിൽ മലപ്പുറം ജില്ലയെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാശം നൽകുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് മലപ്പുറം സിവിൽ സ്റ്റേഷനിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി അനുയോജ്യമാണോ; കണ്ണൂർ മട്ടന്നൂർ മാതൃകയിൽ ഹൗസിങ് ബോർഡിന് ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജനസാന്ദ്രതയുള്ളതും കൂടുതൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്നതുമായ ജില്ലാ ആസ്ഥാനത്ത് വർക്കിങ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ഉൾപ്പെടുത്തിയിട്ടില്ല. വർക്കിങ് വിമൻസ് ഹോസ്റ്റൽ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നിലവിലെ മിഷൻ ശക്തി മാർഗരേഖ പ്രകാരം 2022-23 സാമ്പത്തിക വർഷം മുതൽ പുതിയ വർക്കിങ് വിമൻസ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഫണ്ട് ലഭ്യമാകുന്നപക്ഷം പരിഗണിക്കാവുന്നതാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭവന നിർമ്മാണ വകുപ്പ് പദ്ധതികൾ

387 (3614) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21, 2021-25 കാലഘട്ടത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ യഥാക്രമം 2016-21, 2021-25 കാലഘട്ടങ്ങളിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ഇ.ഡബ്ല്യു.എസ്./എൽ.ഐ.ജി. ഭവന പദ്ധതി- പട്ടുവം, കണ്ണൂർ (2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതി)

കണ്ണൂർ ജില്ലയിലെ പട്ടുവത്ത്, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിക്കായി ബോർഡിന് ലഭ്യമാക്കിയ ഭൂമിയിൽ ഉൾപ്പെട്ട സ്ഥലത്ത് ഭൂ-ഭവനരഹിതരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 2 കിടക്കകളുള്ള 36 യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിട്ടുള്ളതാണ്. അടുക്കള,

കുളിമുറി എന്നിവിടങ്ങളിൽനിന്നുള്ള മാലിന്യങ്ങളുടെ സംസ്കരണത്തിനായി ശുചിത്വ മിഷൻ, പഞ്ചായത്ത് എന്നിവയുമായി സഹകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

2. ആശ്വാസ് വാടക വീട് പദ്ധതി- കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് പരിയാരം (2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതി)

കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസിക്കാവുന്ന വിധത്തിൽ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, 106 പേർക്ക് താമസ സൗകര്യമൊരുക്കുന്ന മൂന്നുനില കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം

388 (3615) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29-10-2021-ലെ സ.ഉ.(കൈ)നം. 5/2021/ഡി.എം.ഡി. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ സ്ഥലത്തുനിന്നും മാറ്റി പാർപ്പിക്കേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളിൽ 15 കുടുംബങ്ങൾക്ക് വിവിധ സംഘടനകളുടെയും ഗ്രാമപഞ്ചായത്തിൽനിന്നുമുള്ള ധനസഹായവും ഉപയോഗിച്ച് വാസയോഗ്യമായ ഭൂമിയും വീടും ലഭ്യമായിട്ടുള്ളതാണ്. ബാക്കിയുള്ള 95 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമിയില്ലാത്തതാണ്. മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളിൽ 17 പേർ ഭൂമി ആവശ്യമില്ലെന്ന് സത്യവാങ്മൂലം വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. രണ്ട് താലൂക്കിലുമുള്ള ബാക്കി കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും ടി കുടുംബങ്ങൾക്ക് വാസയോഗ്യമായ വേറെ വസ്തു നിലവിലുണ്ടോയെന്നുമുള്ള അന്വേഷണം നടത്തിവരുന്നു.

മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം

389 (3616) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ശ്രീ. ലിന്റോ ജോസഫ്
ശ്രീ. എം. രാജഗോപാലൻ
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്ക് 7 സെന്റ് ഭൂമിയിൽ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

2025 ഒക്ടോബർ 03 വരെയുള്ള വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ആകെ വീടുകളുടെ എണ്ണം - 410

- ഒരു വീടിന്റെ വിസ്തീർണ്ണം - 1000 ചതുരശ്ര അടി
- 276 വീടുകളുടെ അടിത്തറയ്ക്കുള്ള മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.
- 190 വീടുകളുടെ അടിത്തറയ്ക്കുള്ള പ്ലെയിൻ സിമന്റ് കോൺക്രീറ്റ് പൂർത്തിയായി.
- 153 വീടുകളുടെ ഫൂട്ടിങ് റീ-ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് പൂർത്തിയായി.
- 88 വീടുകളുടെ റീ-ഇൻഫോഴ്സ്ഡ് സിമന്റ് സ്റ്റമ്പ് കോളം പൂർത്തിയായി.
- 10 വീടുകളുടെ കംപ്ലീറ്റ് റീ-ഇൻഫോഴ്സ്ഡ് കോളം പൂർത്തിയായി.
- 7 വീടുകളുടെ റൂഫ് റീ-ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് സ്ലാബ് പൂർത്തിയായി.
- 4 വീടുകളുടെ ബ്ലോക്ക് വർക്ക് പൂർത്തിയായി.
- റോഡ് പണിയുടെ ഫോർമേഷൻ കട്ടിങ് ആരംഭിച്ചു.

(ബി) പ്രസ്തുത പദ്ധതിയിൽ ദുരന്തബാധിത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

DM ACT പ്രകാരം എൽസ്റ്റൺ എസ്റ്റേറ്റിൽ 64.4705 ഹെക്ടർ ഭൂമി ടൗൺഷിപ്പിനുവേണ്ടി സർക്കാർ ഏറ്റെടുക്കുകയും 7 സെന്റ് വീതമുള്ള പ്ലോട്ടുകളായി തിരിക്കുകയും വീടുകളുടെ പണി പുരോഗമിച്ചുവരികയുമാണ്. ഈ ഭൂമി നിലവിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടില്ല. വീടുകളുടെ പണി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന മുറയ്ക്ക് കേരളാ മുനിസിപ്പൽ ലാൻഡ് അസൈൻമെന്റ് ആക്ട് 1995 പ്രകാരം പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പുനരധിവാസ കുടുംബങ്ങൾക്ക് കുടിവെള്ളം, വൈദ്യുതി, റോഡ്, ശുചിത്വ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

കുടിവെള്ള വിതരണം, വൈദ്യുതി, റോഡുകൾ, മലിനജല സംസ്കരണം, ഖരമാലിന്യ സംസ്കരണം എന്നിവ ടൗൺഷിപ് പ്രോജക്ടിന്റെ അവിഭാജ്യഘടകമാണ്. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ഈ സേവനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സംയോജിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും EPC കരാറുകാരനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും ഇതിനകംതന്നെ യോജിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരന്തനിവാരണ പദ്ധതി

390 (3617) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തും വെള്ളപ്പൊക്ക ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തും വെള്ളപ്പൊക്ക ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചതും

നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വയനാട്ടിലെ ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ്

391 (3618) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പിൽ വീട് നൽകുന്നതിന് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് അടക്കമുള്ള അനർഹർ കടന്നുകൂടിയതായി സർക്കാർ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പിൽ വീട് നൽകുന്നതിന് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള അനർഹർ കടന്നുകൂടിയതായി കണ്ടെത്തിയിട്ടില്ല.

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് സർക്കാർ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ?

മൂന്ന് ഫെയ്സുകളിലായി പുനരധിവാസ ലിസ്റ്റ് തയ്യാറാക്കുന്നതിനായി താഴെ ചേർക്കുന്ന സർക്കാർ ഉത്തരവുകളും നിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

1. 26-11-2024-ലെ സ.ഉ.(സാധാ) നം. 866/2024/ഡി. എം.ഡി.

2. 04-01-2025-ലെ സ.ഉ.(സാധാ)നം. 10/2025/ഡി.എം.ഡി.

3. 28-02-2025-ലെ സ.ഉ.(കൈ)നം. 3/2025/ഡി. എം.ഡി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. 01-08-2025-ലെ സ.ഉ.(കൈ)നം. 14/2025/ഡി. എം.ഡി.

5. ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 04-02-2025-ലെ No.DMA2/41/2025-DMD നമ്പർ കത്ത്.

ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത മേൽ ഉത്തരവുകളുടെകൂടി അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തിരിച്ചു. ദുരന്തഭൂമിയിൽ ഉൾപ്പെട്ടതും പൂർണ്ണമായി തകർന്ന വീടുകളുടെ ഉടമസ്ഥന്മാരെയാണ് ഫേസ് ഒന്നായി ഉൾപ്പെടുത്തിയത്. ഡോ. ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള ഭൗമശാസ്ത്ര സംഘം നോ-ഗോ-സോൺ ആയി കണ്ടെത്തിയിട്ടുള്ള സ്ഥാനത്ത് ഉൾപ്പെട്ടിട്ടുള്ള വീടുകൾ (തകർന്നിട്ടില്ലെങ്കിലും ആ മേഖലയിലേക്ക് പോകാൻ കഴിയാത്ത സാഹചര്യത്തിൽ) ഫേസ് രണ്ട് ആയും നോ-ഗോ-സോണിൽ ഉൾപ്പെട്ടതല്ലെങ്കിലും അതിനോട് ചേർന്ന് 50 മീറ്ററിനുള്ളിൽ ഉൾപ്പെടുന്ന ഒറ്റപ്പെട്ട വീടുകൾ 2B ആയുമാണ് ഗുണഭോക്തൃ പട്ടികയ്ക്കായി പരിഗണിച്ചത്. ഓരോ ഗണത്തിലുംപ്പെട്ട ഗുണഭോക്താക്കളെ റവന്യൂ-തദ്ദേശ വകുപ്പുകൾ ആദ്യം പ്രത്യേകമായി പട്ടിക തയ്യാറാക്കി ഇരുവകുപ്പുകളും സംയോജിപ്പിച്ച് പൊതു പട്ടിക തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി (DDMA) പരിശോധിച്ച് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രസിദ്ധീകരിക്കപ്പെട്ട ലിസ്റ്റിന്റെ പകർപ്പ് പഞ്ചായത്ത്, റവന്യൂ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും നിശ്ചിത സമയത്ത് ആക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്തു. ലഭിച്ച ആക്ഷേപങ്ങളിൽ സബ് കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം നേരിട്ട് പരിശോധിച്ച് അന്തിമ പട്ടിക DDMA മുമ്പാകെ സമർപ്പിച്ച്, DDMA തീരുമാനപ്രകാരം പട്ടിക പ്രസിദ്ധീകരിച്ചു. മൂന്ന് ഫേസുകളിലും ഇതേ നിലവാരത്തിലാണ് പട്ടിക പ്രസിദ്ധീകരിച്ചത്. ഇതെല്ലാം ചേർന്ന് 402

പേരാണ് പട്ടികയിൽ ഉൾപ്പെട്ടത്. ഇതിനുപുറമെ സർക്കാരിലേക്ക് ലഭിച്ച പരാതികളിൽ DDMA ശിപാർശ ചെയ്ത 49 എണ്ണം കൂടി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ഏതൊക്കെ ഉദ്യോഗസ്ഥരാണ് ചുമതല വഹിച്ചതെന്ന് പേരും തസ്തികയും സഹിതം വിശദീകരിക്കാമോ?

1. സബ് കളക്ടർ മാനന്തവാടി - ശ്രീ. മിസാൽ സാഗർ, ഐ.എ.എസ്.

2. സ്പെഷ്യൽ ഓഫീസർ മുണ്ടക്കൈ ചൂരൽമല പുനരധിവാസം- ഡോ. അരുൺ. ജെ.ഒ., ഐ.എ.എസ്.

3. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ ശ്രീമതി ഡി.ആർ. മേഘശ്രീ, ഐ.എ.എസ്.

<u>അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി താഴെ പറയുന്നവർ</u>:

4. ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ–ശ്രീമതി ഗീത, ഐ.എ.എസ്.

5. റവന്യൂ ഡിപ്പാർട്ട്മെന്റ്, അഡീഷണൽ സെക്രട്ടറി - ശ്രീ. ഗോപകുമാർ ആർ. എൽ.

6. ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ് അണ്ടർ സെക്രട്ടറി - ശ്രീമതി പൂജലാൽ കെ.എ.എസ്.

(ഡി) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് കൈക്കൂലി വാങ്ങിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വ്യക്തമാക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതായി കണ്ടെത്തിയിട്ടില്ല.

സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ

392 (3619) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ 2021 മുതൽ 2025 വരെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ എന്തൊക്കെയാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ 2021 മുതൽ 2025 വരെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

ഫ്ലഡ് പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

393 (3620) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പുമുഖേന ഫ്ലഡ് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരുന്നതെന്നും അവയിൽ പൂർത്തീകരിച്ചത് ഏതൊക്കെയെന്നും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നുമുള്ളതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന ഫ്ലഡ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയിരിക്കുന്ന പ്രവൃത്തികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവയിൽ പൂർത്തികരിച്ചത്, ആരംഭിക്കാത്ത പ്രവൃത്തികൾ എന്നതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**1983-ലെ കേരള അപ്പാർട്ട്മെന്റ് ഓണർഷിപ് ആക്ട്
പ്രകാരമുള്ള രജിസ്ട്രേഷൻ**

394 (3621) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983-ലെ കേരള അപ്പാർട്ട്മെന്റ് ഓണർഷിപ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന്റെ നടപടിക്രമം വിശദമാക്കാമോ?

കേരള അപ്പാർട്ട്മെന്റ് ഓണർഷിപ് ആക്ട് 1983-ന്റെ പരിധിയിൽ വസ്തുവകകൾ ഉൾപ്പെടുത്തുന്നതിനായി ടി ആക്ടിന്റെ 5(2) വകുപ്പുപ്രകാരം അപ്പാർട്ട്മെന്റ് ഉടമസ്ഥൻ/ഉടമസ്ഥർ ഓരോരുത്തരും ഒപ്പിട്ട നിശ്ചിത ഫോറത്തിലുള്ള ഡിക്ലറേഷൻ (Form-A), അപ്പാർട്ട്മെന്റ് ഡീഡ് (Form-B) എന്നിവ ഫ്ലോർ പ്ലാൻ സഹിതം ടി ആക്ടിന്റെ 13(1) വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. അപ്പാർട്ട്മെന്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ അധികാര പരിധിയുള്ള സബ് രജിസ്ട്രാർ ടി ആക്ടിലെ വകുപ്പ് 13(1) പ്രകാരമുള്ള രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

(ബി) ഇതിനായുള്ള ചട്ടങ്ങൾ രൂപികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

15-03-1994-ലെ S.R.O. No. 308/1994 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള G.O.(Ms.)N0.3/94/Hsg. നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരം കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് റൂൾസ്, 1994 രൂപീകരിച്ചിട്ടുള്ളതാണ്.

(സി) 2024 മുതൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അവരുടെ പേരുവിവരം സഹിതം ലഭ്യമാക്കുമോ; ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടും രജിസ്ട്രേഷൻ നടത്താത്തവരുടെ പേരും അതിനുള്ള കാരണവും വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ഡി) ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തണമെന്ന കോടതി നിർദ്ദേശത്തെത്തുടർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചവരുടെ പേരുവിവരം ലഭ്യമാക്കുമോ?

ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തണമെന്ന കോടതി നിർദ്ദേശത്തെത്തുടർന്ന് രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന
ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ

395 (3622) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ വിശദമാക്കാമോ?

സ്വകാര്യ വ്യക്തികൾ സർക്കാരിന് സ്വമേധയാ നൽകുന്ന ദാനാധാരങ്ങൾക്ക് SRO No.248/65 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 04-06-1965-ലെ G.O.(Ms)No.510/1965/RD, പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയിട്ടുണ്ട്.

സ്വകാര്യ ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി സർക്കാരിന്റെ പേരിൽ വാങ്ങുമ്പോൾ 1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 3(1)-ന് ചുവടെയുള്ള പ്രൊവൈസോ (1) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും സർക്കാരിന്റ പേരിൽ വാങ്ങുന്ന വിലയാധാരങ്ങൾക്ക് SRO No.755/2015 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 17-11-2015-ലെ G.O.(P)No.201/2015/TD പ്രകാരം രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിയിട്ടുള്ളതാണ്.

കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ പേർക്ക് ലഭ്യമാകുന്ന ദാനാധാരങ്ങൾക്ക് SRO No.249/2018 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 24-04-2018-ലെ G.O.(P)No.64/2018/TD പ്രകാരം രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ തീറായി വാങ്ങുന്ന ഭൂമിയുടെയും സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവരുടെ പേർക്ക് സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടെയും രജിസ്ട്രേഷന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും യഥാക്രമം S.R.O. No.84/2020, S.R.O.No.86/2020 ആയി ഗസറ്റിൽ

പ്രസിദ്ധീകരിച്ചിട്ടുള്ള 30-01-2020-ലെ G.O.(P)No.09/2020/TD, G.O.(P)No.10/2020/TD എന്നീ ഉത്തരവുകൾ പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്.

ടി ഉത്തരവുകൾ പ്രകാരമുള്ള ഇളവ് ലഭ്യമാകുന്നതിനായി അത് ബന്ധപ്പെട്ട ആധാരത്തിൽ ചേർത്ത് രജിസ്ട്രേഷനായി ഹാജരാക്കേണ്ടതാണ്.

അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ഭൂമി രജിസ്ട്രേഷൻ

396 (3623) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി ട്രൈബൽ താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 1819, 1275 എന്നീ സർവെ നമ്പരുകളിൽ നിലവിൽ ആരുടെയെല്ലാം പേരിൽ എത്ര ഏക്കർ ഭൂമി വീതം രജിസ്ട്രേഷൻ ചെയ്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അട്ടപ്പാടി ട്രൈബൽ താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 1275 സർവെ നമ്പറിൽ 126 ആധാരങ്ങളും 1819 സർവെ നമ്പറിൽ 530 ആധാരങ്ങളും അഗളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

അട്ടപ്പാടി ട്രൈബൽ താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 1819, 1275 എന്നീ സർവെ നമ്പരുകളിൽ നിലവിൽ ആരുടെയെല്ലാം പേരിൽ എത്ര ഏക്കർ ഭൂമി വീതം രജിസ്ട്രേഷൻ ചെയ്ത് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുന്നതിലേക്കുവേണ്ടി 1990 മുതൽ 03-10-2025 വരെയുള്ള കുടിക്കിട സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള
സ്ഥലം അനുവദിക്കാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

397 (3624) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ്, കോട്ടക്കൽ സബ് ട്രഷറി, കോട്ടക്കൽ നഗരസഭ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശവും പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകളുടെ പകർപ്പും ലഭ്യമാക്കുമോ?

കോട്ടക്കൽ സബ് ട്രഷറി നിർമ്മാണത്തിനായി കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസ് വക ഭൂമിയിൽനിന്നും 5 സെന്റ് ഭൂമി വിട്ടുനൽകുന്നതിന് ഉത്തരവായതിൻപ്രകാരം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറ്റിപ്പുറം വില്ലേജ് ഓഫീസിന് സ്ഥലം വിട്ടുനൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ 150 വർഷം പഴക്കമുള്ള കെട്ടിടം ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്നതിനാൽ അത് വിട്ടുനൽകുന്നതിന് ആർക്കിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കോട്ടക്കൽ നഗരസഭയ്ക്ക് കെട്ടിട നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(ബി) ഭൂമി കൈമാറ്റം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കുമോ; ഫയലുകൾ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്നും സ്ഥലം

കൈമാറുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

കോട്ടക്കൽ സബ് രജിസ്ട്രാർ ഓഫീസിന്റെ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

കുറ്റിപ്പുറം വില്ലേജ് ഓഫീസ് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് ആർക്കിയോളജി വകുപ്പിൽനിന്നും മറുപടി ലഭ്യമാകേണ്ടതുണ്ട്. ടി മറുപടിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആർക്കിയോളജി വകുപ്പിൽനിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്നതിനനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഭൂമിയുടെ ന്യായവില വർധന

398 (3625) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് ഭൂമിയുടെ ന്യായവില വർധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും എത്ര രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത്, നിലവിലുണ്ടായിരുന്ന ഫെയർവാല്യുവിൽ 01-04-2022 മുതൽ 10 ശതമാനം വർധനവും (അതുപ്രകാരം 01-04-2010 മുതൽ പ്രാബല്യത്തിൽ വന്നിരുന്ന

അടിസ്ഥാന ഫെയർവാല്യുവിന്റെ 220 ശതമാനം), അപ്രകാരമുള്ള ഫെയർവാല്യുവിൽ 01-04-2023 മുതൽ 20 ശതമാനം വർധനവും (അതുപ്രകാരം 01-04-2010 മുതൽ പ്രാബല്യത്തിൽ വന്നിരുന്ന അടിസ്ഥാന ഫെയർവാല്യുവിന്റെ 264 ശതമാനം) വരുത്തിയിട്ടുണ്ട്.

മുൻ വർഷത്തെ അപേക്ഷിച്ച്, 2022-23 സാമ്പത്തിക വർഷം ആധാരങ്ങളുടെ എണ്ണത്തിലും വരുമാനത്തിലുമുണ്ടായ വർധനവ് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

	2021-22	2022-23	വർധനവ്
ആധാരങ്ങളുടെ എണ്ണം	9,26,487	10,36,863	1,10,376
സ്റ്റാമ്പ് ഡ്യൂട്ടി (കോടി രൂപയിൽ)	3246.81	4138.57	891.76
രജി. ഫീസ് (കോടി രൂപയിൽ)	1185.07	1523.54	338.47
ആകെ (കോടി രൂപയിൽ)	4431.89	5662.12	1230.23

എന്നാൽ ഫെയർവാല്യുവിൽ 01-04-2023 മുതൽ 20 ശതമാനം വർധനവുണ്ടായിട്ടും 2023-24-ൽ, 2022-23 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ആധാരങ്ങളുടെ എണ്ണത്തിലും വരുമാനത്തിലും കുറവാണ് ഉണ്ടായിട്ടുള്ളത്. അത് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

	2022-23	2023-24	കുറവ്
ആധാരങ്ങളുടെ എണ്ണം	10,36,863	886065	150798
സ്റ്റാമ്പ് ഡ്യൂട്ടി (കോടി രൂപയിൽ)	4138.57	3819.86	318.71
രജി. ഫീസ് (കോടി രൂപയിൽ)	1523.54	1399.49	124.05
ആകെ (കോടി രൂപയിൽ)	5662.12	5219.34	442.78

ഫെയർവാല്യൂ വർധനവിലൂടെ മാത്രമായി എത്ര രൂപ അധികവരുമാനം ലഭിച്ചുവെന്നത് വകുപ്പ് തലത്തിൽ കണക്കാക്കിയിട്ടില്ല.

ഇ-സ്റ്റാമ്പ് പദ്ധതി

399 (3626) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുദ്രപ്പത്രങ്ങൾ ഓൺലൈനായി മാത്രം ലഭ്യമാക്കുന്ന രീതി (ഇ-സ്റ്റാമ്പ്) നിലവിൽവന്നശേഷം സെർവറിലും നെറ്റ് കണക്ഷനിലുമുള്ള തകരാറുകൾ കാരണം ആവശ്യക്കാർക്ക് യഥാസമയം മുദ്രപ്പത്രങ്ങൾ ലഭിക്കുന്നില്ലെന്ന പരാതികൾ വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് രണ്ട് തരത്തിലാണ് ഇ-സ്റ്റാമ്പിങ് പോർട്ടൽ വഴി ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നത്.

1. ആധാരങ്ങളുടെ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കും (Registration purpose)

2. രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കും (Non Registration purpose).

നിലവിൽ ആധാരത്തിന്റെ രജിസ്ട്രേഷന് ആവശ്യമായ എല്ലാ ഡിനോമിനേഷനുകളിലുള്ള മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സോഫ്റ്റ്വെയർ മുഖേന ഇ-സ്റ്റാമ്പിങ് പോർട്ടൽ വഴിയാണ് ലഭ്യമാക്കുന്നത്. വകുപ്പിന്റെ PEARL സോഫ്റ്റ്വെയർ മുഖേനയുള്ള ഇ-സ്റ്റാമ്പ് ലഭ്യതയ്ക്ക് യാതൊരു തടസ്സവും റിപ്പോർട്ട് ചെയ്തിട്ടില്ല.

ഇ-സ്റ്റാമ്പ് പോർട്ടലിൽനിന്നും മുദ്രപ്പത്രം ജനറേറ്റ് ചെയ്തെടുക്കുമ്പോൾ ട്രഷറി വകുപ്പിന്റെ സെർവറിന്റെ വേഗതക്കുറവ് കാരണം കാലതാമസവും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതുമായുള്ള പരാതികൾ തുടർച്ചയായി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി NIC-യിലെ മുതിർന്ന ഉദ്യോഗസ്ഥരും ട്രഷറി ഉദ്യോഗസ്ഥരുമായിചേർന്ന് വെണ്ടർ ഓഫീസുകളിൽ നേരിട്ടെത്തി അവർ പിന്തുടരുന്ന നടപടിക്രമങ്ങൾ പരിശോധിച്ച് മാറ്റങ്ങൾ വിശദീകരിക്കുകയും മതിയായ നെറ്റ്വർക്ക് കണക്ഷൻ ലഭ്യമായ കമ്പ്യൂട്ടർ ഉപയോഗിച്ച് വെണ്ടർ ലോഗിനിൽനിന്നും 30 സെക്കന്റുകൾക്കുള്ളിൽ തന്നെ ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്തെടുത്ത് കാലതാമസം അനുഭവപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്.

വിവിധ മൊബൈൽ സേവനദാതാക്കൾ വഴി SMS ലഭ്യമാക്കുന്ന സേവനങ്ങളിൽ വരുന്ന താമസവും ഇ-സ്റ്റാമ്പ് ഡൗൺലോഡ് ചെയ്യുന്നതിൽ കാലതാമസം സൃഷ്ടിക്കുന്നതായി തുടർച്ചയായ പരാതികൾ ഉയർന്ന സാഹചര്യത്തിൽ, മുദ്രപ്പത്രങ്ങൾ പ്രിന്റ് എടുക്കുന്നതിന് മുമ്പായി ആദ്യകക്ഷി സമർപ്പിച്ചിരിക്കുന്ന മൊബൈൽ നമ്പരിലേക്ക് Mobile OTP വഴി നൽകിയിരുന്ന സ്ഥിരീകരണം താൽക്കാലികമായി ഒഴിവാക്കി നൽകുകയും പകരം ഇ-സ്റ്റാമ്പ് പോർട്ടലിൽനിന്ന് തന്നെ ലഭ്യമാക്കുന്ന പാസ്സ്വേർഡ് ഉപയോഗിച്ച് മുദ്രപ്പത്രത്തിന്റെ പ്രിന്റ് ലഭ്യമാക്കി തുടങ്ങുകയും ചെയ്തതിലൂടെ ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നിലവിൽ സാധിച്ചിട്ടുണ്ട്.

ഇ-സ്റ്റാമ്പ് ലഭിക്കുന്നതിനുള്ള തുക സർക്കാരിലേക്ക് ഓൺലൈനായി തന്നെ അടവാക്കേണ്ടതുള്ളതിനാൽ ബാങ്ക് അക്കൗണ്ടിൽനിന്നും തുക കൈമാറ്റം

ചെയ്യപ്പെടുന്നതിനായി ബാങ്കുകൾ ലഭ്യമാക്കുന്ന വിവിധ പേയ്മെന്റ് ഗേറ്റ്വേകളിൽ വരുന്ന തകരാറുകളും ഇ-സ്റ്റാമ്പ് വിതരണത്തെ ചിലപ്പോഴൊക്കെ ബാധിക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കൂടാതെ ഇ-സ്റ്റാമ്പ് ആപ്ലിക്കേഷൻ വഴി ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നതിനായി വെണ്ടർമാർ ഉപയോഗിക്കുന്ന വിവിധ നെറ്റ്വർക്കുകളുടെ വേഗതക്കുറവും സേവനത്തെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുള്ളതിനാൽ അത് പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ എല്ലാ വെണ്ടർമാർക്കും നൽകിയിട്ടുമുണ്ട്. എന്നാൽ 2021 മെയ് മാസത്തിൽ സ്ഥാപിച്ച പുതിയ ട്രഷറി സെർവറിന് ഒരു തരത്തിലുള്ള പ്രശ്നങ്ങളും ഇതുവരെയും ഉണ്ടായിട്ടില്ലാത്തതുമാണ്.

നിലവിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ സാങ്കേതിക പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിച്ച് ഇ-സ്റ്റാമ്പ് പോർട്ടൽ ഉപയോഗിച്ച് അംഗീകൃത സ്റ്റാമ്പ് വെണ്ടർമാർ മുഖേന പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ ഇതര മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ട എല്ലാവിധ നടപടികളും ട്രഷറി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നിലവിൽ പുതിയ വെണ്ടർ ലൈസൻസുകൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; മുദ്രപ്പത്രങ്ങൾ യഥേഷ്ടം വാങ്ങുന്നതിനാവശ്യമായ വെണ്ടർമാർ ഓരോ സബ് രജിസ്ട്രാർ പരിധിയിലും നിലവിലുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പുതിയ വെണ്ടർ ലൈസൻസുകൾ നിലവിൽ അനുവദിച്ച് നൽകുന്നില്ല. സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് നടപ്പിലാക്കുന്ന സാഹചര്യത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താൽക്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി

നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും 16-01-2016-ലെ കത്ത് നമ്പർ 752/ഇ 3/2015/നി.വ. പ്രകാരം നിർദേശിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് മുദ്രപ്പത്രങ്ങൾ യഥേഷ്ടം ലഭ്യമാക്കുന്നതിനാവശ്യമായ എണ്ണം വെണ്ടർമാർ കേരളത്തിൽ നിലവിലുണ്ട്.

(സി) ആധാർ അധിഷ്ഠിത ഒ.ടി.പി. വെരിഫിക്കേഷൻ മുഖാന്തരം നിരവധി സേവനങ്ങൾ അനുവദിച്ചുവരുന്ന കാലഘട്ടത്തിൽ പൊതുജനങ്ങൾക്ക് ഓൺലൈൻ പേയ്മെന്റിലൂടെ ഇ-മുദ്രപ്പത്രങ്ങൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ; നിലവിൽ നേരിടുന്ന മുദ്രപ്പത്ര ക്ഷാമം മറികടക്കാൻ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്താമോ?

1960-ലെ കേരളാ മുദ്രപ്പത്ര നിർമ്മാണവും വില്പനയും ചട്ടം 35(1) പ്രകാരം ജില്ലാ കളക്ടർ, ജില്ലാ രജിസ്ട്രാർ ജനറൽ, ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായ ജില്ലാ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കുന്ന വെണ്ടർമാർക്കും എക്സ്-ഒഫിഷ്യോ വെണ്ടർമാർക്കുമാണ് സംസ്ഥാനത്ത് ഭൗതിക മുദ്രപ്പത്രങ്ങൾ വില്പന നടത്തുവാൻ അനുവാദമുള്ളത്. പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ ഇ-സ്റ്റാമ്പുകളുടെ വില്പനയും ഇത്തരം സ്റ്റാമ്പ് വെണ്ടർമാർ മുഖേനയാണ് നടത്തിവരുന്നത്.

ഒരു ലക്ഷം രൂപവരെ മുഖവിലയുള്ള നോൺ ജുഡീഷ്യൽ ഇ-സ്റ്റാമ്പ് 01-04-2023 മുതൽ കേരളത്തിലുള്ള അംഗീകൃത സ്റ്റാമ്പ് വെണ്ടർമാർ മുഖേന വില്പന നടത്തണമെന്ന് 09-02-2023-ലെ G.O.(Ms)No.10/2023/Taxes പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

പൊതുജനങ്ങൾക്ക് ഓൺലൈൻ പേയ്മെന്റിലൂടെ ഇ-മുദ്രപ്പത്രങ്ങൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന സൗകര്യം ഏർപ്പെടുത്തുന്നതിന് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠനം

400 (3627) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.3) വകുപ്പ് 2023-ൽ രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠന റിപ്പോർട്ടിന്മേലുള്ള ശിപാർശകളിൽ നാളിതുവരെ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്; ശിപാർശകൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.3) വകുപ്പ് 2023-ൽ നടത്തിയ പഠന റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന ശിപാർശകളിൽ താഴെപ്പറയുന്നവ നടപ്പിലാക്കിയിട്ടുണ്ട്.

(1) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. പ്രകാരമാണ് വകുപ്പിൽ സ്ഥലംമാറ്റ നടപടികൾ നടത്തിവരുന്നത്.

(2) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന്റെ നേതൃത്വത്തിൽ ആഭ്യന്തര വിജിലൻസ് സംവിധാനം വകുപ്പിൽ നിലവിലുണ്ട്. മേഖലാ ഡി.ഐ.ജി.-മാർക്കും ആഭ്യന്തര വിജിലൻസ് ചുമതല നൽകിയിട്ടുണ്ട്.

(3) 25-02-2025-ലെ സ.ഉ.(സാധാ)നം. 173/2025/TAXES പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ സബ് രജിസ്ട്രാർ ഓഫീസ് കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(4) സംസ്ഥാനത്ത് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും 01-04-2023 മുതൽ ഇ-സ്റ്റാമ്പിങ് നടപ്പിൽവരുത്തുകയും ഇ-സ്റ്റാമ്പിങ് നടപ്പിൽ വരുത്തുന്നതിന് തയ്യാറാക്കിയ ഇ-സ്റ്റാമ്പിങ് പോർട്ടൽ ഉപയോഗത്തിന് പ്രവർത്തനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് രജിസ്ട്രേഷൻ ആവശ്യങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജ്യൂഡീഷ്യൽ മുദ്രപ്പത്രങ്ങളും അംഗീകൃത സ്റ്റാമ്പ് വെണ്ടർമാർ മുഖേന ജനറേറ്റ് ചെയ്തുവരുന്നു. കൂടാതെ രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജ്യൂഡീഷ്യൽ മുദ്രപ്പത്രങ്ങളും ടഷറി ഡയറക്ടർ സമർപ്പിച്ച ബ്ലാക്ക് & വൈറ്റ് ഫോർമാറ്റിൽ, ഇ-സ്റ്റാമ്പിങ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് വെണ്ടർമാർ മുഖേന വില്പന നടത്തിവരുന്നു.

(5) Ease of Doing Business (EoDB) പദ്ധതിയുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് C-DIT-ന്റെ സാങ്കേതിക സഹായത്തോടെ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

(6) വകുപ്പിന്റെ ആവശ്യങ്ങൾക്കായി കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് കൃത്യമായ മാനദണ്ഡം പാലിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയ ലെഗസി റെക്കോർഡുകളുടെ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സൂക്ഷിപ്പുള്ള 1998 മുതലുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

(7) കേരളത്തിലെ സൊസൈറ്റി രജിസ്ട്രേഷൻ ഒരു ആക്ടിന് കീഴിൽ കൊണ്ടുവരുന്നതിലേക്കായി പതിനഞ്ചാം കേരളാ നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 2025-ലെ കേരളാ സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പാസ്സാക്കിയിട്ടുണ്ട്.

മറ്റ് ശിപാർശകൾ തുടർനടപടി സ്വീകരിക്കുന്നതിനായി പരിശോധിച്ചുവരുന്നു.

കുളത്തുപ്പുഴയിൽ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം

401 (3628) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2016-2017 സാമ്പത്തിക വർഷത്തിൽ 3,05,000/-രൂപ (മൂന്നു ലക്ഷത്തി അയ്യായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 4,17,000/-രൂപയും (നാല് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) ബജറ്റിൽ വകയിരുത്തിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ബജറ്റ് വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

26 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ള കുളത്തുപ്പുഴ സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2016-2017 സാമ്പത്തിക വർഷത്തിൽ 3,05,000/-രൂപ വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 4,17,000/- രൂപയും ബജറ്റിൽ

വകയിരുത്തിയിരുന്നു. കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി ഭൂമിയും ലഭ്യമായിട്ടില്ല.

നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ അൺഇന്ററപ്റ്റബിൾ പവർ സപ്ലൈ (UPS) സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിന്

402 (3629) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മുടങ്ങുന്ന അവസരങ്ങളിൽ നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ രജിസ്ട്രേഷൻ നടപടികൾ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

UPS ബാറ്ററികൾ കേടായതിനാൽ, വൈദ്യുതി മുടങ്ങുന്ന അവസരങ്ങളിൽ നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ രജിസ്ട്രേഷൻ നടപടി തടസ്സപ്പെടുന്ന വിവരം കോഴിക്കോട് ജില്ലാ രജിസ്ട്രാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ അൺഇന്ററപ്റ്റബിൾ പവർ സപ്ലൈ (യു.പി.എസ്.) സിസ്റ്റം പ്രവർത്തിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

UPS ബാറ്ററികൾ കേടായതിനാൽ വൈദ്യുതി മുടങ്ങുന്ന അവസരങ്ങളിൽ നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ രജിസ്ട്രേഷൻ നടപടി തടസ്സപ്പെടുന്ന വിവരം കോഴിക്കോട് ജില്ലാ രജിസ്ട്രാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യു.പി.എസ്./ബാറ്ററികൾ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അതനുസരിച്ച് പുതിയ യു.പി.എസ്./ബാറ്ററികൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടി പുരോഗമിച്ചുവരുന്നു. നടപടി പൂർത്തിയാകുന്ന മുറയ്ക്ക് നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിൽ പുതിയ യു.പി.എസ്./ബാറ്ററികൾ അനുവദിക്കുന്നതാണ്.

രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിങ് കോംപ്ലക്സ്

403 (3630) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലത്ത് കുത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ച രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിങ് കോംപ്ലക്സ് നിലവിൽ എവിടെയാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിങ് കോംപ്ലക്സ് പ്രവർത്തിക്കുന്നില്ല. കുത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ചിരുന്ന ട്രെയിനിങ് കോംപ്ലക്സ് തിരുവനന്തപുരം, നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിനായി എത്ര തുകയാണ് ബജറ്റിൽ അനുവദിച്ചത്; ആയതിൽ എത്ര തുക കുത്താട്ടുകുളത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2015-16 ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. 2015-16 വർഷത്തെ നിർമ്മാണപ്രവർത്തനങ്ങൾ 2030-03-001-88 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 2 കോടി രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ടി പ്രവൃത്തിക്ക്

ഭരണാനുമതി നൽകുകയുണ്ടായി. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പ്രിലിമിനറി ഡ്രോയിങ് തയാറാക്കിയ വകയിൽ 25,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനം കുത്താട്ടുകുളത്തുനിന്നും മാറ്റി സ്ഥാപിക്കാൻ ശിപാർശ നൽകിയത് ഏത് ഉദ്യോഗസ്ഥനാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത തീരുമാനം രൂപീകരിക്കുവാൻ രജിസ്ട്രേഷൻ ഐ.ജി.-യുടെ നിർദേശമുണ്ടായിരുന്നോ; വിശദമാക്കാമോ?

(സി&ഡി) പ്രസ്തുത സ്ഥാപനം കുത്താട്ടുകുളത്തുനിന്നും മാറ്റി സ്ഥാപിക്കുന്നതിന് രജിസ്ട്രേഷൻ ഐ.ജി.-യുടെ നിർദേശമുണ്ടായിരുന്നു. കുത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ച രജിസ്ട്രേഷൻ വകുപ്പിന്റെ ടെയിനിങ് കോംപ്ലക്സ് നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അന്നത്തെ ഫിനാൻസ് ഓഫീസറുടെ ശിപാർശ പ്രകാരമാണ് രജിസ്ട്രേഷൻ ഐ.ജി. നിർദേശം നൽകിയിട്ടുള്ളത്.

(ഇ) പ്രസ്തുത സ്ഥാപനം മാറ്റി സ്ഥാപിച്ച സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനോടകം പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്; എന്തെല്ലാം ടെയിനിങ് നടപടികളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ഇല്ല.

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നേമം രജിസ്ട്രേഷൻ കോംപ്ലക്സിൽ മറ്റ് ഓഫീസുകളോടൊപ്പമാണ് ടെയിനിങ് സെന്ററിന്റെ നിർമ്മാണം നടന്നുവരുന്നത്.

കോംപ്ലക്സിന്റെ ആകെ ഭരണാനുമതി തുക 20.88 കോടി രൂപയാണ്. അതിനാൽ ടെയിനിങ് സെന്ററിന്റെ നിർമ്മാണത്തിന് മാത്രമായി ചെലവായ തുകയുടെ വിശദാംശങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശങ്ങൾ

404 (3631) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ വകുപ്പിൽനിന്നും സംസ്ഥാന സർക്കാരിന്റെ നാലാം നൂറ് ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് ജില്ലാതല എക്സിബിഷനുകളിൽ ഭരണനേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന വീഡിയോ തയ്യാറാക്കുന്നതിനായി ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും ടി ഇനത്തിൽ 59,000/- (അൻപത്തി ഒൻപതിനായിരം) രൂപയുടെ ബിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി തുക അനുവദിച്ച് നൽകിയിട്ടില്ല.

കൂടാതെ, 2023-ൽ സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി വകുപ്പിലെ പത്ത് ഓഫീസുകളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാനപ്പെട്ട റെയിൽവെ സ്റ്റേഷനുകളിൽ ഡിജിറ്റൽ പരസ്യം സർക്കാർ അംഗീകൃത നിരക്കിൽ Play Ads Advertisement Spaces Pvt. Ltd Ernakulam എന്ന സ്ഥാപനം മുഖേന നൽകിയിട്ടുണ്ട്. ടി പരസ്യത്തിന് കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് 3,14,666/-രൂപ (മൂന്ന് ലക്ഷത്തി പതിനാലായിരത്തി അറുനൂറ്റി അറുപത്തി ആറ് രൂപ) ചെലവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

പരസ്യ ഇനത്തിൽ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് ആകെ 3,14,666/- (മൂന്ന് ലക്ഷത്തി പതിനാലായിരത്തി അറുനൂറ്റി അറുപത്തി ആറ്) രൂപ ചെലവഴിച്ചിട്ടുണ്ട്.

കയ്യമംഗലം മണ്ഡലത്തിലെ അതിപുരാതന കിണർ സംരക്ഷിക്കാൻ നടപടി

405 (3632) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ അഞ്ചാംപരത്തിയിൽ ദേശത്ത് അതിപുരാതന കാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് കരുതപ്പെടുന്ന കിണർ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കിണർ

ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

കയ്യമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം വില്ലേജിലെ അഞ്ചാംപരത്തിയിൽ കണ്ടെത്തിയ വളയക്കിണർ പുരാവസ്തു വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടുള്ളതാണ്. പ്രസ്തുത കിണർ വകുപ്പ് പഠനാർഥം ഡോക്യുമെന്റ് ചെയ്തിട്ടുള്ളതുമാണ്. ടി സ്മാരകം സ്ഥലമുടമ നല്ല രീതിയിൽ സംരക്ഷിച്ചുവരുന്നുണ്ട് എന്നതിനാൽ സംരക്ഷിത സ്മാരകമായി വിജ്ഞാപനം ചെയ്യുന്നതിന് പുരാവസ്തു വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല.

എറണാകുളം മണ്ഡലത്തിലെ ജൂത സെമിത്തേരിയുടെ സംരക്ഷണം

406 (3633) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം മണ്ഡലത്തിലെ ജൂത സെമിത്തേരി സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള എറണാകുളം ജൂത സെമിത്തേരിയിൽ 2014-ൽ കാട് നീക്കി വൃത്തിയാക്കുകയും മാലിന്യം നീക്കംചെയ്ത് വകുപ്പിന്റെ ബോർഡ് സ്ഥാപിക്കുകയും അടിയന്തര സംരക്ഷണ പ്രവൃത്തികൾ ചെയ്യുകയുമുണ്ടായി. 2016-ലും ജൂത സെമിത്തേരിയിലെ കാട് നീക്കി വൃത്തിയാക്കുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സെമിത്തേരിയിലെ സംരക്ഷണ പ്രവൃത്തികളും സംരക്ഷണവേലി നിർമ്മിക്കുന്ന പ്രവൃത്തികളും ചെയ്തിട്ടുണ്ട്. ജൂത

സെമിത്തേരിയുടെ സൗന്ദര്യവൽക്കരണം സംബന്ധിച്ച് ജൂത സമൂഹവുമായി പുരാവസ്തു വകുപ്പ് ചർച്ചകൾ നടത്തിയിട്ടുള്ളതാണെങ്കിലും പദ്ധതി അന്തിമരൂപത്തിൽ അംഗീകരിക്കപ്പെട്ടിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 3322-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

അനുബന്ധം-III

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.ബി. രാജേഷ്) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

1. 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുത്തി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മൂന്ന് വർഷം കൂടുമ്പോഴാണ്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി സംയുക്ത ട്രേഡ് യൂണിയൻ 2022 ജൂലൈ മാസം ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം ലേബർ കമ്മിറ്റിയിൽ ചർച്ചകൾക്കുശേഷമാണ് പ്ലാന്റേഷന് വേതനം പുതുക്കി നിശ്ചയിക്കുന്നത്. ലേബർ കമ്മിറ്റി മീറ്റിങ് വിളിച്ച് കൂട്ടുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

2. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടിലേയും 1969-ലെ പ്ലാന്റേഷൻ ലേബർ റൂൾസിലേയും ചട്ടങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനുവേണ്ടി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ നിർദ്ദേശങ്ങൾ നൽകാറുണ്ട്. നിർദ്ദേശങ്ങൾ ലംഘിക്കുന്ന തോട്ടം ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

3. തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുക എന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് പ്രാഥമിക സർവേ നടത്തുകയുണ്ടായി. റിട്ടയർ ചെയ്തവരെ സംബന്ധിച്ച് സ്ഥലമോ വീടോ ഇല്ലാത്തവരായി 4303 പേരും സ്ഥലമുണ്ടായിട്ടും വീട് ഇല്ലാത്തവരായി 1045 പേരും നിലവിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ച് സ്ഥലമുണ്ടായിട്ടും വീട് ഇല്ലാത്തവരായി 4715 പേരും സ്ഥലമോ വീടോ ഇല്ലാത്തവരായി 22359 പേരും ഉൾപ്പെടെ 32452 ഗുണഭോക്താക്കളെ കണ്ടെത്തുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് ഭവനം ഫൗണ്ടേഷന് കൈമാറുകയും സർക്കാരിന്റെ ലൈഫ് മിഷന് ലിസ്റ്റിനൊപ്പം അംഗീകാരം പ്രത്യേക ലിസ്റ്റായി പരിഗണിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഭൂമി കണ്ടെത്താൻ കഴിയാത്തതാണ് തോട്ടം മേഖലയിലെ ഭവന പദ്ധതിക്ക് വിഘാതമായി നിൽക്കുന്നത്. ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് തോട്ടം ഉടമകളുമായി ചർച്ചകൾ നടത്തിവരുന്നു.

മൂന്നാർ മേഖലയിൽ ജോലിചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് 4 ലക്ഷം രൂപ വീതം ചെലവഴിച്ച് 400 ച: അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ കുറ്റിയാർവാലി പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൈമാറിയിട്ടുള്ളതാണ്.

കുളത്തുപ്പുഴയിലെ തിങ്കൾകരിക്കം വില്ലേജിൽ ആർ.പി.എൽ.-ന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് കുളത്തുപ്പുഴ എസ്റ്റേറ്റിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ

ലിമിറ്റഡിനുവേണ്ടി ഭവനം പ്രോജക്ട് - ഓൺ യുവർ ഓൺ ഹൗസിങ് സ്കീം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഘട്ടം 1 ആയി 40 ഭവനങ്ങളുടെ നിർമ്മാണം M/s. കോസ്റ്റ്ഫോർഡിനെ ഏല്പിക്കുകയും ചെയ്തു. ഇരട്ട ഭവന മാതൃകയിൽ 6 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വീടുകളോട് ചേർന്നുള്ള ഭൂമി തയ്യാറാക്കൽ ജോലികളും പൂർത്തീകരിച്ച് ആർ.പി.എൽ.-ന് കൈമാറിയിട്ടുണ്ട്.

4. തോട്ടം മേഖലയിലെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ബഹു. റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശപ്രകാരം സർക്കാർ സമഗ്രമായ ഒരു തോട്ടം നയം രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മാനേജ്മെന്റുകൾ തോട്ടം തൊഴിലാളികൾക്കുവേണ്ടി ഇടുക്കിയിൽ 3 ഗ്രൂപ്പ് ഹോസ്പിറ്റൽ, 42 ഗാർഡൻ ഹോസ്പിറ്റൽ, 22 ഡിസ്പെൻസറി, വയനാട് ജില്ലയിൽ 2 ഗ്രൂപ്പ് ഹോസ്പിറ്റൽ, 4 ഗാർഡൻ ഹോസ്പിറ്റൽ 11 ഡിസ്പെൻസറി എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ തോട്ടം മേഖലയിൽക്കൂടി ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാർ സോഷ്യൽ സെക്യൂരിറ്റി കോഡ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്.

******